വിജ്ഞാനദീപിക

രണ്ടാംഭാഗം.

ഗ്രന്ഥകർത്താ,

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വിജ്ഞാനദീപിക

(രണ്ടാംഭാഗം)

ഗ്രന്ഥകർത്താ,

റാവുസാഹിബ് ഉള്ളൂർ എസ്. പരമേശ്വരയ്യർ.

പ്രകാശകൻ,

ഗ്രന്ഥകാരൻ.

(കാപ്പി ൩൦൦).

വി. വി. പ്രെസ്സ് (ബ്രാഞ്ച്)

തിരുവനന്തപുരം.

1108.

(ഗ്രന്ഥകൎത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിൎമ്മിതമാകുന്നു)

Digitized By Kerala Sahitya Akademi

വിഷയാനുക്രമണിക.

	വിഷയം.	പുറം.
1.	അഗ്നിപുരാണവും സാഹിത്യശാസ്ത്രവും	1— 8
2.	ചില കാവ്യമർമ്മങ്ങൾ	9— 21
3.	കവിസങ്കേതങ്ങൾ	22 — 25
4.	കാവ്യസ്തേയം	26— 38
5.	സാഹിത്യദൂഷണം	39— 51
6.	സാഹിത്യരസികത	52— 57
7.	ഭാരവിയും ഭാരതധർമ്മവും	58— 66
8.	സായണാചാര്യർ	67— 8
9.	ബാലഭാരതം	84— 9
10.	ഭാരതചമ്പു	98 —11
11.	മഹാകവി നീലകണ്ഠദീക്ഷിതർ	117—17
12.	തിരുവിതാംകൂർ മഹാരാജകുടുംബം	176—18
13.	മാനച്ചനും വിക്രമനും	185—18
14.	ഉദ്രാംബാരാജ്ഞി	190—19
15.	ഗംഗാദേവി	198—20
16.	രഘുനാഥനായ്ക്കനും രാമഭദ്രാംബയും	209—21
17.	മങ്കമ്മാൾ	218—2
18.	പൈയ്യൂർ മഹർഷി	222—2
19.	പ്രാചീനാര്യാവർത്തത്തിലെ വിദ്യാഭ്യാസം	225—23
20.	ധർമ്മമീമാംസ	232—24
21.	ഹിന്ദുക്കളും ബുദ്ധനും	242—25

Digitized By Kerala Sahitya Akademi

വിജ്ഞാനദീപിക.

രണ്ടാംഭാഗം.

൧. അഗ്നിപുരാണവും സാഹിത്യശാസ്ത്രവും.

പുരാണം എന്ന പദത്തിനു പഴയതു് എന്നു് അർത്ഥമാകുന്നു. പുരാണങ്ങൾ വൈദികസാഹിത്യത്തിന്റെ ഒരു ശാഖയായിരുന്നു എന്നു് അഥർവ്വവേദത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ടു്. വേദവ്യാസമഹർഷി തന്റെ ശിഷ്യന്മാരെ പുരാണം അഭ്യസിപ്പിച്ചുവന്നതായി മഹാഭാരതത്തിൽ ഉപന്യസിച്ചിട്ടുള്ളതിനു പുറമെ, വനപർവ്വത്തിൽ.

"വായുപ്രോക്തമനുസ്മൃത്യ പുരാണമൃഷിസംസ്തുതം"

എന്ന പദ്യാർദ്ധത്തിൽ വായുപുരാണത്തിന്റെ കഥ ഊന്നു പറഞ്ഞിട്ടുമുണ്ടു്. ഇങ്ങനെയാണെങ്കിലും ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന അഷ്ടാദശപുരാണങ്ങളോ വായുപുരാണംതന്നെയോ മഹാഭാരതകാലത്തിൽ ഉണ്ടായിരുന്നു എന്നു് ഊഹിക്കുന്നതു സാഹസമായിരിക്കും. വായുപുരാണത്തിൽ ഇന്നു നമുക്കു ലഭിച്ചിട്ടുള്ള മഹാഭാരതത്തെപ്പററി നിർദ്ദേശിച്ചിട്ടുള്ള സ്ഥിതിക്കു് ആ ഗ്രന്ഥം ആ മാതിരിയിൽ മഹാഭാരതകാലത്തു് ഉണ്ടായിരുന്നിരിക്കുവാനിടയില്ല. ഈ പുരാണങ്ങളെല്ലാം വേദവ്യാസമഹർഷിയുടെ കൃതികളാണെന്നു പറയുന്നതിനും അടിസ്ഥാനമില്ല. ഓരോ കാലത്തു് ഓരോ മഹർഷിമാർ പല കഥകളും ക്രോഡീകരിച്ചു് ഈ വക ഗ്രന്ഥങ്ങൾ നിർമ്മിച്ചു എന്നു് അനുമാനിക്കുന്നതാണു് യുക്തിയുക്തമായിട്ടുള്ളതു്. മഹാഭാഷ്യകാലത്തിൽ മഹാവിഷ്ണുവിന്റെയും ശ്രീപരമേശ്വരന്റെയും പ്രതിമാരാധനം ആര്യാവർത്തത്തിൽ രൂഢമൂലമാകാതിരുന്നതിനാൽ പതഞ്ജലി ജീവിച്ചിരുന്ന ക്രി: മു. രണ്ടാംശതവർഷത്തിനിപ്പുറമാണു് ഈ ഗ്രന്ഥങ്ങളുടെ ആവിർഭാവമെന്നു തീർച്ചപ്പെടുത്താം. ദണ്ഡി, ഭാമഹൻ മുതലായ പ്രാചീനസാഹിത്യാചാര്യന്മാരുടെ കാലമായ ക്രി. പി. ഏഴു് എട്ടു ഈ ശതവർഷങ്ങൾക്കുമുമ്പാണു് ഇവയുടെ നിർമ്മിതി എന്നു സ്ഥാപിക്കുന്നതിലും വലിയ അസാംഗത്യമില്ല. അഷ്ടാദശപുരാണങ്ങൾ താഴെ കാണുന്ന ക്രമമനുസരിച്ചു് ഉത്ഭവിച്ചതായാണു് അനുമാനിക്കേണ്ടിയിരിക്കുന്നതു (1) ബ്രാഹ്മം; (2) പാത്മം; (3) വിഷ്ണു; (4) വായു;

Digitized By Kerala Sahitya Akademi

(5) ഭാഗവതം; (6) നാരദീയം; (7) മാർക്കണ്ഡേയം; (8) അഗ്നി; (9) ഭവിഷ്യം; (10) ബ്രഹ്മവൈവർത്തം; (11) ലിംഗം; (12) വാരാഹം; (13) സ്കാന്ദം; (14) വാമനം; (15) കൂർമ്മം; (16) മാത്സ്യം; (17) ഗാരുഡം; (18) ബ്രഹ്മാണ്ഡം.

ഇവയിൽ അഗ്നിപുരാണത്തിന സ്പഷ്ടമായുള്ള ഒരു വിശേഷം വ്യാകരണസംബന്ധമായും സാഹിത്യസംബന്ധമായും അനേകം പ്രമേയങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു എന്നുള്ളതാണ്. "സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച വംശോമന്വന്തരാണി ച വംശാനുചരിതം ചേതി പുരാണം പഞ്ചലക്ഷണം" എന്നു വായുപുരാണത്തിൽ പുരാണത്തിന് അഞ്ചു ലക്ഷണങ്ങൾ പറയുന്നുണ്ടെങ്കിലും ഈ അഞ്ചു പ്രമേയങ്ങൾ ഒഴികെ ബാക്കിയൊന്നും അതിൽ വിവരിച്ചു കൂടെന്നു യാതൊരു വിധിയുമില്ല; എന്നുമാത്രമല്ല, വായുപുരാണത്തിൽതന്നെ നാട്യവിദ്യയെപ്പററി പല രഹസ്യങ്ങളും പ്രസ്താവിച്ചുകാണുന്നുമുണ്ട്. അഗ്നിപുരാണത്തിലും പഞ്ചലക്ഷണങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ടെങ്കിലും അതിന്റെ നിർമ്മാതാവു വിദ്യയെ പരയെന്നും അപരയെന്നും രണ്ടുശാഖയായി ഭാഗിച്ചു രണ്ടിന്റെയും വിവരണത്തിനായ്കൂടി ഉദ്യമിക്കുന്നു. പരാവിദ്യ ആദ്ധ്യാത്മികവും അപരാവിദ്യ ലൌകികവുമാണ്. അപരവിദ്യയിൽ ഋഗ്യജുസ്സാമാഥർവവേദങ്ങളും, ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിസ്സ്, ഛന്ദസ്സ് ഈ ആറു വേദാംഗങ്ങളും, അഭിധാനം, മീമാംസ, ധർമ്മം, പുരാണം, ന്യായം, വൈദ്യകം, ഗാന്ധർവം, ധനുർവേദം, അർത്ഥശാസ്ത്രം എന്നിവയുമുൾപ്പെടും. പരവിദ്യ സാക്ഷാൽ ബ്രഹ്മവിദ്യ (വേദാന്തം) തന്നെയെന്നു പറയേണ്ടതില്ലല്ലോ. ഈ രണ്ടുവകവിദ്യകളേയും പററി പ്രതിപാദിക്കേണ്ടിവന്നതിനാൽ ആഗ്നേയപുരാണകാരനു പഞ്ചലക്ഷണങ്ങളെ നാമമാത്രമായി നിർദ്ദേശിച്ചുകൊണ്ട് അന്യവിഷയങ്ങളിൽ പ്രവേശിക്കേണ്ടിവന്നു. അതിനാൽ ആ ഗ്രന്ഥത്തിന്റെ മുക്കാൽ അംശത്തിലധികവും പഞ്ചലക്ഷണങ്ങളിൽ പെടാത്ത പ്രമേയങ്ങൾകൊണ്ടുതന്നെയാണ് നിറഞ്ഞിട്ടുള്ളതു്.

മുന്നൂററിമുപ്പത്താറാമദ്ധ്യായത്തിൽ അഗ്നിഭഗവാൻ ധന്വന്തരിയോട് "കാവ്യസ്യ നാടകാദേശ്ച അലങ്കാരാൻ വദാമ്യഹം" എന്നുള്ള പീഠികയോടുകൂടി കാവ്യലക്ഷണങ്ങൾ വിവരിക്കുവാനാരംഭിക്കുന്നു.

"നരത്വം ദുർല്ലഭം ലോകേ; വിദ്യാ തത്രച ദുർല്ലഭാ;
കവിത്വം ദുർല്ലഭം തത്ര; ശക്തിസ്തത്രച ദുർല്ലഭാ;
വ്യുൽപത്തിർദ്ദുർല്ലഭാ തത്ര: വിവേകസ്തത്ര ദുർല്ലഭഃ"

എന്ന ഭാഗത്തിൽനിന്ന് ഏതെങ്കിലും ഒരു വിദ്യ സമ്പാദിക്കുന്നതു് എത്ര പ്രയാസമാണെന്നും, അതിൽതന്നെ കവിത്വം ലഭിക്കുന്നതിന് എത്ര ബുദ്ധിമുട്ടുണ്ടെന്നും വ്യക്തമാകുന്നു. കവികളിൽതന്നെ വാസനക്കാരേയും അവരുടെ ഇടയിൽ പഠിത്തമുള്ളവരേയും അവരിൽ വൈചിത്ര്യബോധമുള്ളവരേയും കണ്ടുകിട്ടാൻ വളരെ ഞെരുക്കമുണ്ടെന്നുംകൂടി ഇതിൽനിന്നു നാം ഗ്രഹിക്കുന്നു. വ്യക്തമായി അഭിമതമായ അർത്ഥത്തെ ബോധിപ്പിക്കുന്ന പദസമൂഹം (ഇഷ്ടാർത്ഥവ്യവച്ഛിന്നാ പദാവലീ) വാക്യമെന്നു സമഷ്ടിയായി പറയാം.

"കാവ്യം സ്ഫുടദലങ്കാരം ഗുണവദ്ദോഷവർജ്ജിതം"

Digitized By Kerala Sahitya Akademi

ഒരു കാവ്യമായാൽ അതു ഗുണത്തോടുകൂടിയതും ദോഷമില്ലാത്തതുമായിരിക്കണം. എന്നുമാത്രമല്ല, അതിൽ അലങ്കാരവും സ്ഫുടമായുണ്ടായിരിക്കണം ഈ നിർവ്വചനത്തിന്റെ സാധുത്വത്തെ സംബന്ധിച്ച് അനന്തരകാലികന്മാരായ ആചാര്യന്മാൎക്കുള്ള ഭിന്നാഭിപ്രായങ്ങളെ അപ്രകൃതമാകയാൽ ഇവിടെ വിവരിക്കുന്നില്ല. ഗദ്യം, പദ്യം, മിശ്രം, ഇങ്ങനെ കാവ്യം മൂന്നുവിധം. ഗദ്യത്തിൽതന്നെ ചൂൎണ്ണകം, ഉൽക്കലിക, വൃത്തഗന്ധി ഇങ്ങനെ മൂന്നുവകഭേദങ്ങളുണ്ട്. ചൂൎണ്ണകത്തിൽ സമാസം കുറഞ്ഞും ഉൽക്കലികയിൽ കൂടിയുമിരിക്കും; വൃത്തഗന്ധി ആദ്യത്തെ നോക്കിന് വൃത്തത്തോടുകൂടിയതായി തോന്നിപ്പോകുന്ന ഒരുവകഗദ്യമാണ്

ഗദ്യകാവ്യങ്ങൾ അഞ്ചുവിധം:—ആഖ്യായിക, കഥ, ഖണ്ഡകഥ, പരികഥ, കഥാനിക, ഇങ്ങനെ.

"കർത്തൃവംശപ്രശംസാ സ്യാദ്യത്ര ഗദ്യേന വിസ്തരാൽ
കന്യാഹരണസംഗ്രാമവിപ്രലംഭവിപത്തയഃ
ഭവന്തി യത്ര ദീപ്താശ്ച രീതിവൃത്തിപ്രവൃത്തയഃ
ഉച്ഛ്വാസൈശ്ച പരിച്ഛേദോ യത്ര യാ ചൂൎണ്ണികോത്തരാ
വക്ത്രം വാപരവക്ത്രം വാ യത്ര സാഖ്യായികാ സ്മൃതാ."

ആഖ്യായികയിൽനിന്ന് ഈഷദ്വ്യത്യാസം കഥയ്ക്കുണ്ട്. അതിന്റെ ആരംഭത്തിൽ ഒരു ശ്ലോകമുണ്ടായിരിക്കണം. കഥയും ആഖ്യായികയും കൂടിച്ചേരുമ്പോൾ പരികഥയായി.

ഇങ്ങനെ പല സംഗതികൾ പ്രസ്താവിച്ചതിനുമേൽ കവി പദ്യകാവ്യലക്ഷണം നിർവ്വചിക്കുന്നു. നാലു പാദമുള്ളതു പദ്യം. അതു വൃത്തം, ജാതി എന്നു രണ്ടുവിധം. വൃത്തം അക്ഷരസംഖ്യകൊണ്ടു നിൎണ്ണയിക്കത്തക്കത്; മാത്രകളെക്കൊണ്ടു ഗണിക്കേണ്ടതു ജാതി. വൃത്തം സമം, അൎദ്ധസമം, വിഷമമെന്നു മൂന്നുവിധം. വൃത്തജ്ഞാനം കവികൾക്കു വളരെ ആവശ്യകമാണ്;

"സാ വിദ്യാ നൌസ്തിതീർഷൂണാം ഗഭീരം കാവ്യസാഗരം."

കാവ്യമാകുന്ന സമുദ്രം തരണംചെയ്യുന്നവൎക്കു കപ്പൽ ആ ജ്ഞാനം തന്നെ. മഹാകാവ്യത്തിന് അഗ്നിപുരാണത്തിൽ കാണുന്ന ലക്ഷണം താഴെ എഴുതുന്നതാണു്.

"സർഗ്ഗബന്ധോ മഹാകാവ്യമാരബ്ധം സംസ്കൃതേന യൽ;
താദാത്മ്യമജഹത്തത്ര തത്സമം നാതിദുഷ്യതി.
ഇതിഹാസകഥോദ്ഭൂതമിതരദ്വാ സദാശ്രയം
മന്ത്രദൂതപ്രയാണാജിനിയതം നാതിവിസ്തരം

... ...

നഗരാൎണ്ണവശൈലൎത്തുചന്ദ്രാൎക്കാശ്രമപാദപൈഃ
ഉദ്യാനസലിലക്രീഡാമധുപാനരതോത്സവൈഃ
ദൂതീവചനവിന്യാസൈരസതീചരിതാദ്ഭുതൈഃ
തമസാ മരുതാ ന്യൈൎവ്വിഭാവൈരതിനിർഭരൈഃ
സർവ്വവൃത്തിപ്രവൃത്തഞ്ച സർവ്വഭാവപ്രഭാവിതം

Digitized By Kerala Sahitya Akademi

സർവ്വരീതിരസൈഃ പുഷ്ടം പുഷ്ടം ഗുണവിഭൂഷണൈഃ
അത ഏവ മഹാകാവ്യം; തൽകർത്താ ച മഹാകവിഃ.”

വാഗ്വൈദഗ്ദ്ധ്യമാണ് കാവ്യത്തിൽ പ്രധാനമെങ്കിലും അതിന്റെ ജീവൻ രസംതന്നെയാണ്.

മുന്നൂററിമുപ്പത്തേഴാമത്തെ അദ്ധ്യായത്തിൽ കവി നാടകലക്ഷണങ്ങൾ നിരൂപണം ചെയ്യുന്നു. നാടകം ഇരുപത്തേഴ മാതിരിയുണ്ട്. അവ നാടകം, പ്രകരണം, ഡിമം, ഈഹാമൃഗം, സമവകാരം, പ്രഹസനം, വ്യായോഗം, ഭാണം, വീഥി, ത്രോടകം, നാടിക, സട്ടകം, ശില്പകം, കർണ്ണം, ഏകാഹം, ദുർമ്മല്ലിക, പ്രസ്ഥാനം, ഭാണിക, ഭാണി, ഗോഷ്ഠി, ഹല്ലീശകം, കാവ്യം, ശ്രീഗദിതം, നാട്യരാസകം, രാസകം, ഉല്ലാപ്യകം, പ്രേംഖകം, ഇച്ചൊന്നവയാണ്. രൂപകങ്ങൾക്കും ഉപരൂപകങ്ങൾക്കും തമ്മിൽ അഗ്നിപുരാണകാരൻ ഭേദം കല്പിച്ചിട്ടില്ലെങ്കിലും രൂപകങ്ങളുടെ പേർ പറഞ്ഞതിനുമേലാണ് ഉപരൂപകങ്ങളുടെ പേർ പറഞ്ഞിരിക്കുന്നത്. ആഖ്യാനത്തിലും ചില വ്യത്യാസങ്ങൾ കാണുന്നില്ലെന്നില്ല. നാന്ദീമുഖത്തിൽ ദേവതാനമസ്കാരം, ഗുരുസ്തുതി, ഗോബ്രാഹ്മണനൃപാദികൾക്ക് ആശീർവാദം ഇവ അടങ്ങിയിരിക്കും. നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിച്ചു കവിയുടെ ഗുരുക്കന്മാർ, വംശം, പൌരുഷം ഇവയേയും കാവ്യത്തിന്റെ സംബന്ധാർത്ഥത്തേയും വിവരിക്കും. നടിയോ വിദൂഷകനോ പാരിപാർശ്വികനോ സൂത്രധാരനുമായി സംഭാഷണംചെയ്യും. ഇത്യാദി പല നിയമങ്ങളേയും പ്രതിപാദിച്ചും പഞ്ചസന്ധികളേയും മററും വിവരിച്ചും ഈ അദ്ധ്യായം സമാപിപ്പിക്കുന്നു.

മുന്നൂററിമുപ്പത്തെട്ടാം അദ്ധ്യായം ശൃംഗാരാദിരസനിരൂപണമാണ്. രസമെന്നാലെന്തെന്നുള്ളതിനു പുരാണകാരന്റെ ഉത്തരം താഴെ കാണുന്നതാണ്.

“അക്ഷരം പരമം ബ്രഹ്മ സനാതനമജം വിഭും
വേദാന്തേഷു വദന്ത്യേകം ചൈതന്യം ജ്യോതിരൈശ്വരം;
ആനന്ദസ്സഹജസ്തസ്യ വ്യജ്യതേ സ കദാചന;
വ്യക്തിസ്സാ തസ്യ ചൈതന്യചമൽകാരരസാഹ്വയാ.”

ബ്രഹ്മാനന്ദത്തിന്റെ പ്രകാരാന്തരംതന്നെയാണ് ചമൽകാരരസം. ഏകദേശം ഈ തത്വം തന്നെയാകുന്നു വിശ്വനാഥനും സാഹിത്യദർപ്പണത്തിൽ,

“സത്വോദ്രേകാദഖണ്ഡസ്വപ്രകാശാനന്ദചിന്മയഃ
വേദ്യാന്തരസ്പർശശൂന്യോ ബ്രഹ്മാസ്വാദസഹോദരഃ
ലോകോത്തരചമൽകാരപ്രാണഃ കൈശ്ചിൽ പ്രമാതൃഭിഃ
സ്വാകാരവദഭിന്നത്വേനായമാസ്വാദ്യതേ രസഃ.”

എന്ന പദ്യങ്ങളിൽ പ്രതിബിംബിപ്പിക്കുന്നത്. ബ്രഹ്മത്തിന്റെ ആദ്യത്തെ വികാരം അഹങ്കാരം. അതിൽനിന്ന് അഭിമാനവും അതിൽനിന്നു രതിയും ജനിക്കും. രതി പരിപോഷത്തെ പ്രാപിക്കുമ്പോൾ ശൃംഗാരരസമായി പരിണമിക്കുന്നു. രാഗത്തിൽനിന്നു ശൃംഗാരമെങ്ങനെയോ അതുപോലെ ക്രോധത്തിൽനിന്നു രൌദ്രവും ഉത്സാഹത്തിൽനിന്നു വീരവും ഉദ്വേഗ(സങ്കോചം)

Digitized By Kerala Sahitya Akademi

ത്തിൽനിന്ന ബീഭത്സവും ജനിക്കുന്നു. ശൃംഗാരത്തിൽനിന്ന ഹാസ്യവും രൌദ്രത്തിൽനിന്ന കരുണവും വീരത്തിൽനിന്ന് അല്ഭുതവും ബീഭത്സത്തിൽനിന്ന ഭയാനകവും ജനിക്കുന്നതാകയാൽ പ്രകൃത്യാ രസങ്ങൾ നാലേയുള്ളു എന്ന ഗ്രന്ഥകാരൻ സ്ഥാപിക്കുന്നു. മാനംകൂടാതെയുള്ള ശ്രീ എങ്ങനെയോ അതുപോലെ രസമില്ലാതെയുള്ള വാക്ക ശോഭിക്കുന്നില്ല.

"ലക്ഷ്മീരിവ വിനാ ത്യാഗാന്ന വാണീ ഭാതി നീരസാ."

കവിയെ അനുസരിച്ചു തന്നെയാണ് കാവ്യമിരിക്കുന്നത്.

"അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതിഃ
യഥാസ്മൈ രോചതേ വിശ്വം തഥേദം പരിവർത്തതേ.
ശൃംഗാരീ ചേൽ കവിഃ കാവ്യേ ജാതം രസമയം ജഗൽ;
സചേൽ കവിർവീതരാഗോ നീരസം വ്യക്തമേവതൽ."

ഇതുകഴിഞ്ഞു കവി വിഭാവാനുഭാവവ്യഭിചാരികളെ വിവരിച്ചു തദനന്തരം നായകലക്ഷണങ്ങളെ നിരൂപണം ചെയ്യുന്നു.

മുന്നൂററിമുപ്പത്തൊൻപതാമദ്ധ്യായം രീതിനിരൂപണമാണ്. രീതി നാലുവിധം:—പാഞ്ചാലി, ഗൌഡി, വൈദർഭി, ലാടി. അനന്തരം വൃത്തി; അതും നാലുവിധം; ഭാരതി, ആരഭടി, കൈശികി, സാത്വതി.

അടുത്ത അദ്ധ്യായം നൃത്യത്തിലുള്ള അംഗകർമ്മങ്ങളുടെ നിരൂപണമാണ്. ലീല, വിലാസം, വിച്ഛിത്തി, വിഭ്രമം, കിലകിഞ്ചിതം, മോട്ടായിതം, കുട്ടമിതം, ബിംബോകം, ലളിതം, വികൃതം, ക്രീഡിതം, കേളി ഇങ്ങനെ അംഗകർമ്മം പന്ത്രണ്ടുവിധം. ശിരസ്സുകൊണ്ടു പതിമൂന്നും, പുരികംകൊണ്ട് ഏഴും, കണ്ണുകൊണ്ടു മൂന്നും, കൃഷ്ണമിഴികൊണ്ട് ഒമ്പതും, മൂക്കുകൊണ്ട് ആറും, ശ്വാസംകൊണ്ട് ഒമ്പതും, ചുണ്ടുകൊണ്ടു ആറും, താടികൊണ്ട് ഏഴും, മുഖംകൊണ്ട് ആറും, കഴുത്തുകൊണ്ട് ഒമ്പതും, വിരിഞ്ഞ കൈകൊണ്ട് ഇരുപത്തിനാലും, പ്രവിയ കൈകൊണ്ടു പതിമൂന്നും, മാറിടംകൊണ്ട് അഞ്ചും, വയറുകൊണ്ടു മൂന്നും, പാർശ്വംകൊണ്ട് അഞ്ചും, മുട്ടുകൊണ്ട് അഞ്ചും, പാദംകൊണ്ട് അനവധിയും കർമ്മങ്ങൾ ചെയ്യേണ്ടതുണ്ടെന്നു കവി പറയുന്നു.

അടുത്ത അദ്ധ്യായം അഭിനയാദിനിരൂപണം. ഈ അദ്ധ്യായത്തിൽ രസഭേദങ്ങളെപ്പററിയും പ്രതിപാദിക്കുന്നുണ്ട്. പിന്നെ അലങ്കാരപ്രകരണമായി.

"കാവ്യശോഭാകരാൻ ധർമ്മാനലങ്കാരാൻ പ്രചക്ഷതേ
അലങ്കരിഷ്ണവസ്തേ ച ശബ്ദാർത്ഥമുഭയം ത്രിധാ"

വ്യുൽപത്ത്യാദികൊണ്ടു ശബ്ദത്തെ അലങ്കരിക്കുന്നതു ശബ്ദാലങ്കാരം. അതു ഛായ, മുദ്ര, ഉക്തി, യുക്തി, ഗുംഫനം, വാകോവാക്യം, അനുപ്രാസം, ചിത്രം, ദുഷ്കരം ഇങ്ങനെ ഒൻപതുവിധം. മറെറാരാൾ സംസാരിക്കുന്നതിന്റെ ഛായ പിടിച്ചു പറയുന്നതു ഛായോക്തി. അതു ലോകോക്തി, ഛേകോക്തി, അർഭകോക്തി, മത്തോക്തി ഇങ്ങനെ നാലുവിധം. ഛേകന്മാർ എന്നാൽ വിദഗ്ദ്ധന്മാർ. വൈദഗ്ദ്ധ്യമെന്നതു കലകളിൽ നിഷ്ണാതമായ ബുദ്ധി. അവ്യുൽപന്നോക്തിയെയാണ് അർഭകോക്തി എന്നു പറയുന്നത്.

Digitized By Kerala Sahitya Akademi

അക്ഷരം തേഞ്ഞുമാഞ്ഞും ആസ്ലിലമായുമുള്ളതു മത്തോക്തി (കള്ളുകുടിയന്റെ വാക്ക്). അഭിപ്രായവിശേഷംകൊണ്ടു കവി തന്റെ ശക്തിയെ പ്രകടപ്പിക്കുമ്പോൾ മുദ്രോക്തിയായി. ഇതിൽ ശയ്യയുമടങ്ങുമെന്നാണ് അഗ്നിപുരാണകാരന്റെ മതം. ഇങ്ങനെയുള്ള വിവരണങ്ങൾക്കുമേൽ ഗ്രന്ഥകർത്താവു മുന്നൂററിനാല്പത്തിരണ്ടാമധ്യായത്തിൽ അനുപ്രാസഭേദങ്ങളെ വിവരിക്കുന്നു.

വൃത്ത്യനുപ്രാസം അഞ്ചുവിധം:—മധുരം, ലളിതം, പ്രൌഢം, ഭദ്രം, പരുഷം. യമകവും അനുപ്രാസത്തിൽതന്നെ ഉൾപ്പെടുന്നു.

"ഗോഷ്ഠ്യാം കുതൂഹലാദ്യാ വാഗ് ബന്ധശ്ചിത്രമുച്യതേ"

ഈ ചിത്രം ഏഴു വിധം:—പ്രശ്നം, പ്രഹേളിക, ഗുപ്തം, ച്യുതം, ദത്തം, ച്യുതദത്തം, സമസ്യ. ബന്ധങ്ങൾ ചിത്രത്തിലല്ല ദുഷ്കരത്തിലാണുൾപ്പെടുന്നതെന്ന് ഇവിടെ പ്രത്യേകം വക്തവ്യമാണ്. ദുഷ്കരത്തെപ്പററിയുള്ള ഗ്രന്ഥകാരമതം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"ദുഃഖേന കൃതമത്യർത്ഥം കവിസാമർത്ഥ്യസൂചകം
ദുഷ്കരം നീരസത്വേപി വിദഗ്ദ്ധാനാം മഹോത്സവഃ"

വാസ്തവംതന്നെ. നീരസമായാലും പത്മാദിബന്ധങ്ങൾ വിദഗ്ദ്ധന്മാർക്കു മഹോത്സവമായിത്തന്നെ പരിണമിക്കും. പക്ഷേ അഭിജ്ഞന്മാർ ചിത്രകാവ്യത്തെ കാവ്യഗന്ധമായി മാത്രമേ കരുതുന്നുള്ളു. നിയമംകൊണ്ടും, വികല്പംകൊണ്ടും, ബന്ധംകൊണ്ടും ദുഷ്കരം മൂന്നു വിധത്തിൽ വരും. ആവശ്യമുള്ള ദിക്കിൽ പ്രതിജ്ഞ അനുസരിച്ചു വർണ്ണങ്ങൾ വിനിവേശിപ്പിക്കുന്നതു നിയമം. അനുലോമപ്രതിലോമസാമ്യംതന്നെ വികല്പം.

"അനേകധാ വൃത്തവർണ്ണവിന്യാസൈഃ ശില്പകല്പനാ
തത്തൽപ്രസിദ്ധവസ്തൂനാം ബന്ധ ഇത്യഭിധീയതേ."

പിന്നീടു ഗോമൂത്രികാസർവതോഭദ്രാദിബന്ധങ്ങളുടെ സ്വരൂപത്തെ കവി കൂലങ്കഷമായി നിരൂപണം ചെയ്യുന്നു. പല ബന്ധങ്ങളേയും വിവരിച്ച് ഒടുവിൽ—

"ഏതേ ബന്ധാസ്തഥാ ചാന്യേപ്യേവം ജ്ഞേയാസ്സ്വയം ബുധൈഃ."

എന്നു വായനക്കാരുടെ ഊഹത്തിനായി ബാക്കി ഭാഗം വിട്ടുകൊടുത്തു മുന്നൂററിനാല്പത്തിമൂന്നാമധ്യായത്തിൽ അർത്ഥാലങ്കാരപ്രകരണത്തിൽ പ്രവേശിക്കുന്നു.

"അലങ്കരണമർത്ഥാനാമർത്ഥാലങ്കാര ഇഷ്യതേ
തം വിനാ ശബ്ദസൌന്ദര്യമപി നാസ്തി മനോഹരം.
അർത്ഥാലങ്കാരരഹിതാ വിധവേവ സരസ്വതീ."

അർത്ഥാലങ്കാരമില്ലാത്ത കവിത വിധവപോലെ ഹൃദയാഭോഗകാരിണിയാകുന്നു.

ഇത്യാദി പീഠികയോടുകൂടി ഉപമാദ്യലങ്കാരങ്ങളെ സ്ഥൂലമായി വിവരിച്ചതിനുമേൽ ശബ്ദാർത്ഥത്തിൽ ഒന്നുപോലെ വിനിവേശിക്കുന്ന ചില അലങ്കാരങ്ങളേപ്പററി കവി അടുത്ത അദ്ധ്യായത്തിൽ പ്രസ്താവിക്കുന്നു.

Digitized By Kerala Sahitya Akademi

ഈ അലങ്കാരങ്ങളുടെ സ്വഭാവം താഴെ കാണുന്ന മാതിരിയിലാണ്

"ശബ്ദാർത്ഥയോരലങ്കാരോ ദ്വാവലങ്കുരുതേ സമം
ഏകത്ര നിഹിതോ ഹാരഃ സ്തനം ഗ്രീവാമിവ സ്ത്രിയഃ"

ഒരു സ്ഥലത്തണിയുന്ന മുത്തുമാല എങ്ങനെ ഒരു സുന്ദരിയുടെ സ്തനത്തിനും കണ്ഠത്തിനും ഒന്നുപോലെ ഭൂഷണമായിത്തീരുന്നുവോ അങ്ങനെ ഈ അലങ്കാരങ്ങളും ശബ്ദത്തേയും അർത്ഥത്തേയും ഒന്നുപോലെ അലങ്കരിക്കുന്നു. ഇവ പ്രശസ്തി, കാന്തി, ഔചിത്യം, സംക്ഷേപം, യാവദർത്ഥത, അഭിവ്യക്തി ഇങ്ങനെ ആറുവിധം.

മുന്നൂററിനാല്പത്തഞ്ചാമദ്ധ്യായം കാവ്യഗുണങ്ങളുടേയും മുന്നൂററിനാല്പത്താറാമദ്ധ്യായം കാവ്യദോഷങ്ങളുടേയും നിരൂപണത്തിനായി വിനിയോഗിക്കുന്നു.

"അലംകൃതമപി പ്രീത്യൈ ന കാവ്യം നിർഗ്ഗുണം ഭവേൽ;
വപുഷ്യലളിതേ സ്ത്രീണാം ഹാരോ ഭാരായതേ പരം;
യഃ കാവ്യേ മഹതീം ഛായാമനുഗൃഹ്ണാത്യസൌ ഗുണഃ.

കാവ്യത്തിനു ശോഭയെ നൽകുന്നതു ഗുണം. അതില്ലെങ്കിൽ അലങ്കാരംകൊണ്ടും പ്രയോജനമില്ല. വിരൂപമായ ശരീരത്തിൽ ഹാരം അണിഞ്ഞതുകൊണ്ടെന്തു ഭംഗിയാണ് ഉണ്ടാകുവാൻ പോകുന്നത്? ശബ്ദാർത്ഥഗുണാദികളെ പ്രതിപാദിച്ചതിനുമേൽ ഗ്രന്ഥകാരൻ ദോഷപ്രകരണത്തിലേക്കു കടക്കുന്നു

"ഉദ്വേഗജനകോ ദോഷഃ സഭ്യാനാം സ ച സപ്തധാ
വക്തൃവാചകവാച്യാനാമേകദ്വിത്രിനിയോഗതഃ".

സഹൃദയന്മാക്ക് ഉദ്വേഗത്തെ ഉണ്ടാക്കുന്നതു ദോഷം; അത് ഏഴു വിധം. വക്താവു കവിതന്നെ. കവികൾക്കു ദോഷം പലവിധത്തിൽ വരാം. സന്ദിഹാനൻ (സംശയാത്മാവ്), അവിനീതൻ, അജ്ഞൻ, ജ്ഞാതാവ്, ഇങ്ങനെയുള്ള കവികളെക്കൊണ്ടു നാലുവിധത്തിൽ ദോഷം വരാവുന്നതാണെന്നു കവി പറയുന്നു.

ഇങ്ങനെ പതിനൊന്നദ്ധ്യായങ്ങളിൽ ഒരു കുട്ടിത്തം സാഹിത്യദപ്പണം അഗ്നിപുരാണകർത്താവു നമുക്കു സമ്പാദിച്ചുതന്നിട്ടുണ്ട്. അതിനു മുമ്പു ഛന്ദശ്ശാസ്ത്രത്തേയും അതുകഴിഞ്ഞു് അഭിധാനം, ഏകാക്ഷരം, വ്യാകരണം, കോശം മുതലായ വിഷയങ്ങളേയും ലളിതമായ രീതിയിൽ പ്രതിപാദിക്കുന്നതു കൌതുകകരമായിരിക്കുന്നു.

"ഉപദേശഇത്സംലന്തം ഭവേദജദനനാസികം
ആദിരന്ത്യേന സഹിതാ ഗ്രഹ്യമാണോപ്യന്ത്യേനേതാ സഹൈവ തു."

എന്നും മററും പാണിനിസൂത്രങ്ങളെ കാരികകളാക്കി രചിച്ചുകൊണ്ടുപോയിരിക്കുന്ന വ്യാകരണാദ്ധ്യായങ്ങൾ വായിച്ചുനോക്കുവാൻ പ്രത്യേകം രസമുണ്ട്. ആകപ്പാടെ അഗ്നിപുരാണം സംസ്കൃതസാഹിത്യത്തിന്റെ ഒരു അമൂല്യമായ മൂലധനമാണെന്നു പറയുന്നതിൽ പക്ഷാന്തരത്തിന് അകവാ

Digitized By Kerala Sahitya Akademi

ശമുണ്ടാകുന്നതല്ല. അനന്തരകാലികന്മാരായ ദണ്ഡി, ഭാമഹൻ, വാമനൻ, ആനന്ദവർദ്ധനൻ, മമ്മടഭട്ടൻ, വിശ്വനാഥകവിരാജൻ, ജഗന്നാഥപണ്ഡിതൻ മുതലായ സാഹിത്യാചാൎയ്യന്മാർ എല്ലാം ഓരോ വിധത്തിൽ മാന്യന്മാരാണെങ്കിലും അവരുടെ സൂക്തികൾ ഈ സാഹിത്യശാസ്ത്രമാൎഗ്ഗദർശിയുടെ "വാഗമൃതക്രൂപനിപാനലക്ഷ്മി"യെ മാത്രമാണ് ഭരിക്കുന്നതെന്നുള്ളതു സഹൃദയന്മാരാൽ സൎവ്വദാ സ്മരണീയമാണ്. ഭോജരാജാവു സരസ്വതീകണ്ഠാഭരണത്തിൽ ഈ പുരാണകാരനെ പ്രത്യേകിച്ച് അനുജീവിക്കുന്നുമുണ്ട്.

1092 മേടം ഭാഷാപോഷിണി.

...നേകധാ വൃത്തവർണ്ണവിന്യാസൈഃ ശില്പക...
ത്തൽപ്ര...

Digitized By Kerala Sahitya Akademi

൨. ചില കാൎയ്യമൎമ്മങ്ങൾ.

സാഹിത്യകലയുടെ ചില മൂലതത്വങ്ങളെപ്പററി കുറഞ്ഞൊന്നു് ഉപന്യസിക്കുവാനാണു് ഞാൻ ഈ അവസരത്തിൽ ഉദ്ദേശിക്കുന്നതു്. സുഖദുഃഖമോഹാത്മികയാകുന്നു ലോകത്തിൽ ബ്രഹ്മസൃഷ്ടി. സുഖം സത്വസംബന്ധിയും ദുഃഖം രജസ്സംബന്ധിയും മോഹം തമസ്സംബന്ധിയുമാകുന്നു. ഒരു നായിക എങ്ങനെ തന്റെ നായകനു സുഖത്തെ പ്രദാനം ചെയ്യുന്നുവോ അതുപോലെ സപത്നിക്കു ദുഃഖത്തേയും, തന്നെ ലഭിക്കാത്ത കാമുകനു മോഹത്തേയും, പ്രദാനം ചെയ്യുന്നതു് ബ്രഹ്മസൃഷ്ടിയുടെ നൈസൎഗ്ഗികമായ ഈ വൈലക്ഷണ്യത്താലാണു്. എന്നാൽ കവിതയാകട്ടെ ഹ്ലാദൈകമയിയാകുന്നു; അതിൽ ദുഃഖമോഹങ്ങൾക്കു പ്രവേശമേയില്ല. കരുണരസവും ആസ്വാദ്യതാദശയിൽ ആനന്ദമാത്രഘനമാണെന്നുള്ളതു് അനുഭവൈകവേദ്യമാണല്ലോ. "നിയതികൃതനിയമരഹിതാം" ഇത്യാദി പദ്യത്തിൽ മമ്മടഭട്ടാചാൎയ്യർ ഭാരതി ബ്രഹ്മാവിനെ ജയിക്കുന്നതായി ഉല്ലേഖനം ചെയ്യുന്നതിനുള്ള കാരണങ്ങളിൽ ഒന്നു് ഇതാകുന്നു. ആദ്യത്തിൽ സുഖദുഃഖമോഹം മിശ്രണംചെയ്തു സത്വരജസ്തമോമയമായി ഈ മനുഷ്യലോകം തന്റെ പ്രാണനാഥൻ സൃഷ്ടിച്ചു കുറേക്കാലം കഴിഞ്ഞപ്പോൾ അതിൽകിടന്നുഴലുന്ന സ്ത്രീകളുടേയും പുരുഷന്മാരുടേയും ക്ലേശത്തെ തന്നാൽ കഴിയുന്നവിധത്തിൽ ലഘൂകരിക്കണമെന്നു കരുണാശീതളസ്വാന്തയായ സരസ്വതിക്കു തോന്നുകയും അതിന്റെ ഫലമായി ആ ദേവി വാല്മീകിയുടെ രസനാരംഗത്തെ പ്രാപിച്ചു നൎത്തനമാരംഭിക്കുകയും അപ്പോൾ നിഷാദവിദ്ധാണ്ഡജദൎശനോത്ഥമായ ആ മഹൎഷിയുടെ ശോകം ശ്ലോകരൂപേണ പ്രകടീഭവിക്കുകയും ചെയ്തതായി പ്രാചീനാലങ്കാരികന്മാർ പ്രസ്താവിക്കുന്നതിൽ വളരെ അൎത്ഥമുണ്ടു്. സപ്തൎഷികളുടെ അനുഗ്രഹം ലഭിക്കുന്നതിനു മുമ്പു ജന്തുഹിംസാപരമായ നിഷാദവൃത്തിയിൽ ജീവിച്ചിരുന്ന വാല്മീകിമഹൎഷിയുടെ രാമായണമെന്ന പ്രസിദ്ധമായ ആ ആദികാവ്യംനിമിത്തമാണു് ദുഃഖഭൂയിഷ്ഠമായ ഈ ലോകം ഒരുവിധം സുഖവാസയോഗ്യമായിത്തീൎന്നതു്.

"ശബ്ദാൎത്ഥയോൎയ്യഥാവൽ സഹഭാവേന വിദ്യതേ സാ സാഹിത്യവിദ്യാ" എന്ന നിൎവ്വചനപ്രകാരം ശബ്ദാൎത്ഥങ്ങളുടെ യോഗ്യവിധത്തിലുള്ള സമ്പൎക്കമാകുന്നു സാഹിത്യം എന്നു സിദ്ധിക്കുന്നു. അതാകുന്നു സാഹിത്യദേവതയ്ക്കു ശബ്ദാൎത്ഥങ്ങൾ ശരീരമെന്നു പറയുന്നതിന്റെ താല്പൎയ്യം. ആ ദേവതയ്ക്കു രസം ആത്മാവും, ഗുണങ്ങൾ ശൌൎയ്യാദികളും, ദോഷങ്ങൾ കാണത്വം മുതലായവയും, രീതി അവയവസംസ്ഥാനവിശേഷവും, അലങ്കാരങ്ങൾ ഹാരകുണ്ഡലാദികളുമാകുന്നു. ശബ്ദാൎത്ഥങ്ങളിൽ മേന്മ ശബ്ദത്തിനു തന്നെയാകുന്നു എന്നു പറയേണ്ടിയിരിക്കുന്നു. അൎത്ഥം ഏറെക്കുറെ പലൎക്കും തോന്നും. അതു ഹൃദയംഗമമായ വാക്കിൽ രൂപവൽക്കരിക്കുവാനാണു് അവരിൽ മിക്കവൎക്കും കഴിയാത്തതു്. ഈ വസ്തുത നീലകണ്ഠദീക്ഷിതർ,

"വിവക്ഷിതാൎത്ഥപ്രതിപാദകം യേ
വിന്യാസഭേദം ന വിദുഃ പദാനാം;

Digitized By Kerala Sahitya Akademi

ദുഃഖാവഹോ/ത്ഥഃ സ്ഫുരിതോപി തേഷാം
ദൌർഭാഗ്യഭാജാമിവ പുത്രലാഭഃ."

എന്ന പദ്യത്തിൽ സമഞ്ജസമായി വൎണ്ണിച്ചിട്ടുണ്ട്.

"വാഗൎത്ഥാവിവ സംപൃക്തൌ
വാഗൎത്ഥപ്രതിപത്തയേ
ജഗതഃ പിതരൌ വന്ദേ
പാൎവ്വതീപരമേശ്വരൌ."

എന്ന പദ്യത്തിൽ കാളിദാസനും,

"നാലംബതേ ദൈഷ്ടികതാം
ന നിഷീദതി പൌരുഷേ
ശബ്ദാൎത്ഥൌ സൽകവിരിവ
ദ്വയം വിദ്വാനപേക്ഷതേ."

എന്ന പദ്യത്തിൽ മാഘനും ശബ്ദത്തിന്റെ അൎത്ഥസഹിതത്വത്തെ അംഗീകരിക്കുന്നു.

"തയാ കവിതയാ കിം സ്യാൽ
തയാ വനിതയാപി കിം
പദവിന്യാസമാത്രേണ
യയാ നാപഹൃതം മനഃ?"

ഇത്യാദി പദ്യങ്ങളിൽ ഇതരകവികളും ഈ തത്വത്തെത്തന്നെ സ്മരിക്കുന്നു. ആപാതമധുരമായിരുന്നാലേ സാഹിത്യത്തിനു ശ്രോതാക്കളെ വശീകരിക്കുന്നതിനുള്ള ശക്തി കാണുകയുള്ളൂ. അതു് ആലോചനാമൃതമാണോ അല്ലയോ എന്ന് അവർ പരീക്ഷിക്കുന്നതു പിന്നീടുമാത്രമാണ്. രമണീയാൎത്ഥപ്രതിപാദകമായ ശബ്ദമാകുന്ന സാഹിത്യമെന്നു ചുരുക്കത്തിൽ പറയാം. ഇതു് ഒരു സാമാന്യനിൎവചനം മാത്രമാണെന്നുള്ളതു നമുക്ക് ഈ അവസരത്തിൽ വിസ്മരിക്കാവുന്നതല്ല. ഒരു കവിത നിൎദ്ദോഷമായിരുന്നാൽ മാത്രം പോരാ ഗുണവത്തുംകൂടിയായിരിക്കണം; എങ്കിലേ അതിനു ജനങ്ങളെ രസിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

"നിൎദ്ദോഷാപ്യഗുണാ വാണീ
ന വിദ്വജ്ജനരഞ്ജിനീ;
പതിവ്രതാപ്യരൂപാ സ്ത്രീ
പരിണേതുൎന രോചതേ."

എന്നു ഗംഗാദേവി മധുരാവിജയത്തിൽ നിൎദ്ദേശിച്ചിട്ടുള്ളതു് എത്രയോ പരമാൎത്ഥമാകുന്നു. ഇതുതന്നെയാണു് പ്രശസ്തപണ്ഡിതനായിരുന്ന കൈക്കുളങ്ങര രാമവാരിയർ

"ഭാഷാസൂക്തിനിബന്ധനാനി ബഹവഃ
കുൎവ്വന്തി നാമാധുനാ
ദോഷം കിഞ്ചന തേഷു നാവകലയേ
ജാനാമി നോവാ ഗുണാൻ."

Digitized By Kerala Sahitya Akademi

എന്ന തന്റെ കാലത്തിൽ ആവിർഭവിച്ച ഭാഷാകവിതകളെ ആപഹസിച്ചതിന്റെയും കാരണം. ശ്രുതിസ്മൃതികൾ നിർദ്ദോഷങ്ങളെന്നു മാത്രമല്ല പരമപാവനങ്ങളുമാകുന്നു; എങ്കിലും അവ കാവ്യങ്ങളെപ്പോലെ നമ്മുടെ ഹൃദയങ്ങളെ ആവർജ്ജിക്കാത്തതിനുള്ള ഹേതു എന്തെന്നു നാം അറിഞ്ഞിരിക്കേണ്ടതാണ്.

"ശബ്ദപ്രധാനം വേദാഖ്യം
പ്രഭുസമ്മിതമുച്യതേ
ഈഷൽപാഠാന്യഥാപാഠേ
പ്രത്യവായസ്യ ദർശനാൽ.

ഇതിഹാസാദികം ശാസ്ത്രം
മിത്രസമ്മിതമുച്യതേ
അസ്യാർത്ഥവാദരൂപത്വാൽ
കഥ്യതേഽർത്ഥ പ്രധാനതാ.

ധ്വനിപ്രധാനം കാവ്യന്തു
കാന്താസമ്മിതമീരിതം
ശബ്ദാർത്ഥൌ ഗുണതാം നീത്വാ
വ്യഞ്ജനപ്രഭവം യതഃ"

ഇതിൽനിന്നു ധർമ്മാധർമ്മങ്ങളെ ശബ്ദപ്രധാനമായ വേദം ഒരു പ്രഭുവിനെപ്പോലെ അനുശാസിക്കുന്നു എന്നും അർത്ഥപ്രധാനമായ ഇതിഹാസം ഒരു സുഹൃത്തിനെപ്പോലെ ഉപദേശിക്കുന്നു എന്നും ധ്വനിപ്രധാനമായ കവിത മാത്രമാണ് ആ വിഷയത്തിൽ ഒരു കാന്തയെപ്പോലെ പ്രവർത്തിക്കുന്നതെന്നും കാണാവുന്നതാകുന്നു. രാജാവിനെപ്പോലെ ശാസിക്കുകയോ ബന്ധുവിനെപ്പോലെ ഉപദേശിക്കുകയോ ചെയ്താൽ ആരാണിക്കാലത്തു കേൾക്കുന്നത്?

"ന്യായ്യാദർത്ഥാദപി കിമധികം
ലബ്ധമുന്മാർഗ്ഗവൃത്ത്യാ?
വൈധാദന്നാദപി കിമധികം
പഥ്യദന്യേഷു ഭോജ്യം?
ദാസ്യാലാഭാദപി ഭവതി കഃ
പണ്യകാന്താസു ലാഭഃ?
പ്രായോ നേതി ശ്രുതിവിഷയതാ
വിശ്വമാധുര്യഹേതുഃ"

എന്നു നീലകണ്ഠദീക്ഷിതർ ശാന്തിവിലാസത്തിൽ മർമ്മസ്പൃക്കായി ഉപഹസിച്ചിരിക്കുന്ന വിധത്തിൽ ഈ കലിയുഗത്തിൽ ഏതു പാടില്ലെന്ന് അധികാരസ്ഥാനങ്ങളിൽനിന്ന് ആജ്ഞാപിക്കുന്നുവോ അതിലാണ് ജനങ്ങൾക്ക് അഭിരുചി. അതിനാൽ ഹൃദയാവർജ്ജകമല്ലാത്ത രീതിയിലുള്ള ധർമ്മാനുശാസനം ഇക്കാലത്തു സഫലീഭവിക്കുന്നില്ല.

"രാമോ ദശരഥാജ്ജാതഃ
പ്രാപ്തവിദ്യസ്തു കൌശികാൽ

Digitized By Kerala Sahitya Akademi

മിഥിലായാം ധനുർഭങ്ക്ത്വാ
മൈഥിലീം പരിണീതവാൻ."

ഇത്യാദി ജലപ്രായമായുള്ള വ്യാഖ്യാനമാകുന്ന ഇതിഹാസത്തിലെ ശൈലി. ഇത്തരത്തിൽ ഉള്ള സുഹൃൽസമ്മിതമായ ശുഷ്കോപദേശവും രസകരമല്ല.

"യത്ര ഭാർയ്യാഗിരോ വേദാ-
യത്ര ധർമ്മാർത്ഥസാധകഃ
യത്ര സ്വപ്രതിഭാ മാനം
തസ്മൈ ശ്രീകവയേ നമഃ."

എന്നു നീലകണ്ഠദീക്ഷിതർ തന്റെ വാക്കുശരങ്ങൾക്കു ലക്ഷ്യമാക്കുന്ന ഈ യുഗത്തിൽ ഭാർയ്യാഗിരുകൾക്കുള്ള ആകർഷണശക്തി പ്രത്യേകമൊന്നുതന്നെയാണ്. അതുകൊണ്ടാകുന്നു ഇക്കാലത്തു കാർയ്യക്ഷമമായ ഉപദേശം കാന്താസമ്മിതമായിരിക്കണമെന്നു വരുന്നത്.

സാഹിത്യത്തെ അപേക്ഷിച്ചു സംഗീതത്തിനുള്ള അപകർഷം അർത്ഥത്തെ ആശ്രയിച്ചുള്ളതാണ്.

"കർണ്ണം ഗതശ്ശുഷ്യതി കർണ്ണ ഏവ
സംഗീതകം സൈകതവാരിരീത്യാ;
ആനന്ദയത്യന്തരനുപ്രവിശ്യ
സൂക്തിഃ കവേരേവ സുധാസഗന്ധാ."

എന്നാണല്ലോ അഭിയുക്തവചനം. മണലിൽ ചെന്നു ചേരുന്ന വെള്ളം പോലെ സംഗീതം ചെവിയിൽ കയറിയാൽ അവിടെത്തന്നെ വററിപ്പോകുന്നു; അകത്തു കടന്ന് ആനന്ദിപ്പിക്കുന്നത് അമൃതതുല്യമായ കവിസൂക്തി മാത്രമാകുന്നു. ഈ തത്വത്തെ വ്യക്തമാക്കുന്ന ഒരു കഥ കേട്ടിട്ടുണ്ട്. ഒരു ഭാഗവതർ ഒരു രാജാവിന്റെ സദസ്സിൽ സദിർനടത്തി. ഓരോ പാട്ട് അവസാനിച്ചപ്പോഴും രാജാവ് "ഭാഗവതർക്കു പട്ടു കൊടുക്കട്ടെ; മുടുക്കു കൊടുക്കട്ടെ; വീരശൃംഖല കൊടുക്കട്ടെ." എന്നരുളിച്ചെയ്തുകൊണ്ടിരുന്നു. സദിരവസാനിച്ചു ഭാഗവതർ മടങ്ങാറായിട്ടും അദ്ദേഹത്തിന്റെ കൈയിൽ ആ സമ്മാനങ്ങളിൽ ഒന്നുംതന്നെ വന്നുചേർന്നില്ല. അയാൾ ഏററവും വ്യസനത്തോടുകൂടി രാജസേവകന്മാരോടു "തമ്പുരാൻ എനിക്കു തരുവാൻ കല്പിച്ച സമ്മാനങ്ങളൊന്നും വന്നുചേർന്നില്ലല്ലോ" എന്ന് ആവലാതിപ്പെട്ടു അതിനു സേവകന്മാർ ചിരിച്ചുകൊണ്ട് "വല്ലതും തരത്തക്കവണ്ണം സ്ഥായിയായി നിങ്ങൾ ഇവിടെ എന്തു ചെയ്തു? നിങ്ങളുടെ പാട്ടുപോലെ തിരുമനസ്സിലെ കല്പനയും അരുളിച്ചെയ്ത മാത്രത്തിൽ അന്തരീക്ഷത്തിൽ ലയിച്ചുപോയി." എന്നുത്തരം പറഞ്ഞു. ഭാഗവതർ ഒരു സമ്മാനത്തിനും അർഹനല്ലെന്ന് എനിക്കഭിപ്രായമില്ല; അദ്ദേഹത്തിനു വല്ലതും കിട്ടിയുമിരിക്കും. സംഗീതത്തിനും സാഹിത്യത്തിനും തമ്മിലുള്ള താരതമ്യം വെളിപ്പെടുത്തുന്നതിനുവേണ്ടി മാത്രമാണ് ഞാൻ ഇത്രയും പ്രസ്താവിച്ചത്.

ഉത്തമമായ സാഹിത്യത്തിൽ യഥാശ്രുതമായ അർത്ഥത്തിന്റെ അനുസന്ധാനം കഴിഞ്ഞാൽ അതിനു പുറമേ വേറെയും ആസ്വാദ്യമായ അർത്ഥവിശേഷമുണ്ടായിരിക്കും. അതിനെയാണ് വ്യംഗ്യമെന്നു പറയുന്നത്;

Digitized By Kerala Sahitya Akademi

അതിലത്രെ സഹൃദയൻ രമിക്കുന്നതു്. അതുതന്നെയാണ് ആനന്ദവർദ്ധ നാചാര്യർ

"പ്രതീയമാനം പുനരന്യദേവ
വസ്ത്വസ്തി വാണീഷു മഹാകവീനാം
യത്തത്പ്രസിദ്ധാവയവാതിരിക്തം
വിഭാതി ലാവണ്യമിവാംഗനാസു."

എന്ന സുപ്രസിദ്ധമായ പദ്യത്തിൽ വർണ്ണനം ചെയ്യുന്നതു്.

"മുഖ്യാ മഹാകവിഗിരാ-
മലംകൃതിഭൃതാമപി
പ്രതീയമാനച്ഛായൈഷാ
ഭൂഷാ ലജ്ജേവ യോഷിതാം."

എന്നും വ്യംഗ്യഭംഗിയെ ആലങ്കാരികന്മാർ ഉല്ലേഖനം ചെയ്തിട്ടുണ്ടു്. രസത്തിനു് അംഗഭൂതമാകുന്ന ഈ വ്യഞ്ജനാവ്യാപാരം. ലോകത്തിൽ അപൂർവം ചിലർ,

"നിർവാസനാസ്തു രംഗാന്ത-
വേശ്മകുഡ്യാശ്മസന്നിഭാഃ."

എന്ന നിർവചനാനുരോധേന രംഗത്തിലെ ഇഷ്ടികകളിൽനിന്നു ഭിന്നന്മാരല്ലാതെ അത്ര അരസികന്മാരായി ജീവിക്കുന്നുണ്ടാകാം. അവരെയൊഴിച്ചു മററുള്ളവരെയെല്ലാം സാഹിത്യവിദ്യയ്ക്കു് ഒരുപ്രകാരത്തിലല്ലെങ്കിൽ മററൊരുപ്രകാരത്തിൽ രസിപ്പിക്കുവാൻ കഴിയും. എന്നാൽ അവരിൽ ഏതാനും ചിലൎക്കു മാത്രമേ കാവ്യാനുശീലനാഭ്യാസംകൊണ്ടു മനോമുകുരം വിശദീഭവിക്കുന്നതിനും തന്നിമിത്തം അവിടെ വർണ്ണനീയമായ വസ്തു തന്മയീഭവിക്കുന്നതിനും ഉള്ള യോഗ്യത കാണുന്നുള്ളു. അവരാകുന്നു സഹൃദയന്മാർ എന്ന പദത്താൽ വ്യവഹരിക്കപ്പെടുന്നവർ.

"യോഽർത്ഥോ ഹൃദയസംവാദീ
തസ്യ ഭാവോ രസോദ്ഭവഃ;
ശരീരം വ്യാപ്യതേ തേന
ശുഷ്കം കാഷ്ഠമിവാഗ്നിനാ.

തൽ പ്രേക്ഷ്യം പശ്യതാം ശ്രാവ്യം
സമ്യഗ്ഭാവയതാം ഹൃദി
അലൌകികരസാസ്വാദോ
രസ ഇത്യഭിധീയതേ."

വ്യംഗ്യകാവ്യത്തിന്റെ അർത്ഥത്തെ സഹൃദയൻ ഹൃദയത്തിൽ ഭാവനം ചെയ്യുമ്പോൾ അവനു് അസാമാന്യമായ ഒരാനന്ദം ജനിക്കുകയും അതു് ഉണങ്ങിയ വിറകിൽ തീ എന്നപോലെ ശരീരം മുഴുവൻ വ്യാപിക്കുകയും ചെയ്യുന്നു. "അങ്ങേയ്ക്കൊരു പുത്രനുണ്ടായി" എന്നോ മററോ ഒരാൾ നമ്മോടു പറഞ്ഞാൽ നമുക്കു് ഒരുമാതിരി ആനന്ദമുണ്ടാകുന്നുണ്ടു്; അതു കേവലം ലൌകികാനന്ദമാകുന്നു. വിഭാവാനുഭാവാദികളുടെ അനുസന്ധാനത്താ

Digitized By Kerala Sahitya Akademi

ഭുണ്ടാകുന്ന രസാസ്വാദത്തിൽനിന്നു ജനിക്കുന്ന ആനന്ദം ഇതിൽനിന്നു എത്രയോ വിഭിന്നവും ഉൽകൃഷ്ടവുമാണു്.

"സത്വോദ്രേകാദഖണ്ഡസ്വ-
പ്രകാശാനന്ദചിന്മയഃ
വേദ്യാന്തരസ്പർശശൂന്യോ
ബ്രഹ്മാസ്വാദസഹോദരഃ

ലോകോത്തരചമൽകാര-
പ്രാണഃ കൈശ്ചിൽ പ്രമാതൃഭിഃ
സ്വാകാരവദഭിന്നത്വേ-
നായമാസ്വാദ്യതേ രസഃ."

എന്നു വിശ്വനാഥകവിരാജൻ സഹൃദയന്റെ രസാസ്വാദത്തെപ്പററി വർണ്ണിച്ചിട്ടുള്ളതിൽനിന്നു തന്നെത്താൻ മറക്കുമാറുള്ള ഈ ആനന്ദം സാക്ഷാൽ ബ്രഹ്മാനന്ദത്തിനു സദൃശമാണെന്നു കാണാം. രസാഭിവ്യഞ്ജകമല്ലെങ്കിൽ രചനയ്ക്കു കാവ്യത്വമില്ല എന്ന് ഇതിൽനിന്നു സിദ്ധിക്കുന്നുണ്ടല്ലോ.

"നീരസോ ഹി നിബന്ധോ യ-
സ്സോപശബ്ദോ മഹാൻ കവേഃ."

എന്നാണ്ടേ ധ്വനികാരന്റെ മതം. ഒരു പ്രബന്ധം നീരസമാകരുതെന്നു മാത്രമല്ല അതിൽ ഒരു പദംപോലും സഹൃദയോദ്വേജകമായി പ്രയോഗിക്കയുമരുതു്. ആചാര്യദണ്ഡി കാവ്യാദർശത്തിൽ,

"സർവഥാ പദമപ്യേകം
ന നിഗാദ്യമവദ്യവൽ;
വിലക്ഷ്മണാ ഹി കാവ്യേന
ദുസ്സുതേനേവ നിന്ദ്യതേ.

നാകവിത്വമധർമ്മായ
വ്യാധയേ ദണ്ഡനായ ച
കുകവിത്വം പുനസ്സാക്ഷാ-
ന്മൃതിമാഹുർമ്മനീഷിണഃ."

എന്നും മററും ഈ തത്വത്തെ പരാമർശിച്ചു പലതും ഉപന്യസിച്ചിട്ടുണ്ടു്. ഒരുത്തൻ ഒരു കവിയല്ലെങ്കിൽ അതുകൊണ്ടു് അവന്നു് അധർമ്മമോ വ്യാധിയോ ദണ്ഡനമോ സംഭവിക്കുന്നതല്ല, എന്നാൽ ദുഷ്കവിത്വമാകുന്നു വിദ്വാന്റെ മരണം. അതുപോലെതന്നെ ഒരുത്തന്നു് ഒരു പദമെങ്കിലും വ്യങ്ഗ്യഭംങ്ഗിയിൽ പ്രയോഗിക്കുവാൻ കഴിയുമെങ്കിൽ അവനെ കവിശബ്ദം യോജിക്കുകതന്നെ ചെയ്യും. "ഏകശ്ശബ്ദസ്സമ്യക് ജ്ഞാതഃ സുഷ്ഠു പ്രയുക്തസ്സ്വർഗ്ഗേ ലോകേ കാമധുഗ് ഭവതി" എന്ന പതഞ്ജലിഭഗവാന്റെ മതത്തെ അനന്തരകാലങ്ങളിൽ,

"ഏകാവയവസംസ്ഥേന
ഭൂഷണേനൈവ കാമിനീ

Digitized By Kerala Sahitya Akademi

പദവ്യങ്ഗ്യേന സുകവേ-
ർദ്ധ്വനിനാ ഭാതി ഭാരതീ."

എന്നു ധ്വനികാരനും,

"ഉൽപതന്ത്യുജവദ്യോമ
കേചിൽ പ്രാപ്തപദത്രയാഃ."

എന്നു യശസ്തിലകചമ്പൂകാരനും ഏററുപാടീട്ടുണ്ട്.

രസങ്ങളുടെ സംഖ്യ പല ആചാര്യന്മാരുടെ ദൃഷ്ടിയിൽ ഭിന്നമായി രിക്കുന്നു. "ശൃങ്ഗാരവീരകരുണാത്ഭുതഹാസ്യഭയാനകാഃ ബീഭത്സരൌദ്രൌ ച രസാഃ" എന്നിങ്ങനെ പ്രധാനങ്ങളായ അഷ്ടരസങ്ങളോടുകൂടി ശാന്തത്തെ ചേർത്തു നവരസങ്ങളേയാകുന്നു ഭാരതീയർ സാമാന്യേന അങ്ഗീകരിക്കുന്നതു്.

"നിർവ്വേദസ്ഥായികഃ കാവ്യേ
ശാന്തോപി നവമോ രസഃ"

എന്നു രാജചൂഡാമണിദീക്ഷിതർ കാവ്യദർപ്പണത്തിൽ സ്ഥാപിക്കുന്നു. പുത്രാദിവിഷയത്തിലുള്ള രതിഭാവത്തെ വത്സലമെന്ന പത്താമത്തെ രസമായി സ്വീകരിക്കുന്ന ആചാര്യന്മാരുമുണ്ടു്. ഭോജരാജാവു്

"ശൃങ്ഗാരവീരകരുണാത്ഭുതഹാസ്യരൌദ്ര-
ബീഭത്സവത്സലഭയാനകശാന്തനാമ്നഃ
ആമ്നാസിഷുർദ്ദശ രസാൻ സുധിയോ; വയന്തു
ശൃങ്ഗാരമേവ രസനാദ്രസമാമനാമഃ."

എന്ന പദ്യത്തിൽ സകലരസങ്ങളും ശൃങ്ഗാരത്തിൽ അന്തർഭവിക്കുന്നതായി സിദ്ധാന്തിക്കുന്നു. വാസ്തവത്തിൽ ചമൽകാരം എന്നു പറയുന്ന രസാസ്വാദത്തിൽനിന്നുണ്ടാകുന്ന ആനന്ദം ഹൃദയത്തിൽ നാലുവിധത്തിൽ പ്രവർത്തിക്കുന്നുണ്ടു്.

"വികാസവിസ്തരക്ഷോഭ-
വിക്ഷേപൈസ്സ ചതുർവ്വിധഃ,
വികാസഃ കുസുമസ്യേവ
പാദപസ്യേവ വിസ്തരഃ
ക്ഷോഭോബ്ധേരിവ വിക്ഷേപോ
മാരുതസ്യേവ ചേതസഃ."

എന്ന വിദ്യാധരവചനപ്രകാരം ഹൃദയം കുസുമംപോലെ വികസിക്കുമ്പോൾ രസം ശൃങ്ഗാരമായും വൃക്ഷംപോലെ വിസ്തൃതിയെ പ്രാപിക്കുമ്പോൾ വീരമായും സമുദ്രംപോലെ ക്ഷോഭിക്കുമ്പോൾ രൌദ്രമായും കാററുപോലെ വിക്ഷിപ്തമാകുമ്പോൾ ബീഭത്സമായും പരിണമിക്കുന്നു. ഈ നാലു രസങ്ങൾക്കും യഥാക്രമം പ്രതിദ്വന്ദ്വികളായാണു് ഹാസ്യവും അത്ഭുതവും കരുണവും ഭയാനകവും നിലകൊള്ളുന്നതു്. ശൃങ്ഗാരഹാസ്യകരുണങ്ങൾ പ്രായേണ കാമപ്രധാനവും വീരഭയാനകങ്ങൾ ധർമ്മപ്രധാനവും ബീഭത്സ

Digitized By Kerala Sahitya Akademi

ശാന്തങ്ങൾ മോക്ഷപ്രധാനവുമാണെന്നത്രേ ആലങ്കാരികമതം. അത്ഭുതം പ്രത്യേകമൊരു പുരുഷാർത്ഥത്തെ അഭിവ്യഞ്ജിക്കുന്നില്ല.

വാച്യത്തെ അതിശയിക്കുന്ന അർത്ഥം പ്രതീയമാനമായി കാണുന്നുവെങ്കിൽ മാത്രമേ ഒരു കാവ്യം ധ്വനികോടിയിൽ ഗണിക്കുന്നതിന് അർഹമാകുന്നുള്ളു. വിരുദ്ധങ്ങളോ അവിരുദ്ധങ്ങളോ ആയ അന്യഭാവങ്ങളെക്കൊണ്ടു യാതൊരു വിച്ഛിത്തിയേയും പ്രാപിക്കാതെ ആ ഭാവങ്ങളെയെല്ലാം ആത്മസാൽകരിക്കുന്നതാകുന്ന സ്ഥായിഭാവം. ഇതു് സ്ഥിരമായി സഹൃദയന്റെ ഹൃദയത്തിൽ സ്ഥിതിചെയ്യുകയും പ്രവൃദ്ധമാകുമ്പോൾ രസമായി പരിണമിക്കുകയും ചെയ്യുന്നു.

"വിരുദ്ധൈരവിരുദ്ധൈർവ്വാ
ഭാവൈർവ്വിച്ഛിദ്യതേന യഃ;
ആത്മഭാവം നയത്യന്യാൻ
സ സ്ഥായീ ലവണാകരഃ.

സ്ഥിരം ചിത്തേവതിഷ്ഠന്തേ;
സംബധ്യന്തേനുബന്ധിഭിഃ;
രസത്വം പ്രതിപദ്യന്തേ
പ്രവൃദ്ധാഃ, സ്ഥായിനസ്തു തേ.

എന്ന നിർവ്വചനം നോക്കുക. ഭാവങ്ങൾക്കു രസങ്ങളുടെ വിഷയത്തിലുള്ള പരതന്ത്രതയെ വേദാന്തദേശികർ യാദവാഭ്യുദയമഹാകാവ്യത്തിൽ,

"തദ്ധാകമിവ താപാർത്താ-
സ്തമിന്ദ്രമിവ നിർജ്ജരാഃ
ഭാവാ ഇവ രസം ഭവ്യാഃ
പാർത്ഥിവാഃ പര്യുപാസത.

എന്ന പദ്യത്തിൽ പ്രൌഢമായി ഉല്ലേഖനം ചെയ്തിട്ടുണ്ടു്.

ഇതിൽനിന്നെല്ലാം സാഹിത്യത്തിൽ അലങ്കാരത്തിനുള്ള സ്ഥാനം എത്ര തുച്ഛമാണെന്നു വെളിവാകുന്നുണ്ടല്ലോ.

"യുവതേരിവ രൂപമംഗ! കാവ്യം
സ്വദതേ ശുദ്ധഗുണം; തദപ്യതീവ
വിഹിതപ്രണയം നിരന്തരാഭി-
സ്സദലങ്കാരവികല്പകല്പനാഭിഃ;

യദി ഭവതി വചശ്ച്യുതം ഗുണേഭ്യോ
വപുരിവ യൌവനവന്ധ്യമംഗനായാഃ
അപി ജനദയിതാനി ദുർഭഗത്വം
നിയതമലങ്കരണാനി സംശ്രയന്തേ."

ഈ പദ്യങ്ങളിൽ വാമനൻ ആ സ്ഥാനത്തെ വേണ്ടവിധത്തിൽ വിവരിച്ചിട്ടുണ്ടു്. ശുദ്ധഗുണയായ യുവതിയെപ്പോലെ അലങ്കാരമില്ലെങ്കിലും കവിത രമണീയമായിത്തന്നെയിരിക്കും.

Digitized By Kerala Sahitya Akademi

"തത്ര സേകഹൃതലോചനാഞ്ജനൈ-
ർദ്ധൌതരാഗപരിപാടലാധരൈഃ
അംഗനാസ്തമധികം വ്യലോഭയ-
ന്നർപ്പിതപ്രകൃതികാന്തിഭിർമ്മുഖൈഃ."

എന്ന കാളിദാസർ സ്ത്രീകളുടെ നൈസർഗ്ഗികമായ സൌന്ദര്യത്തിൻെറ പാരമ്യത്തെ വർണ്ണിക്കുന്നതു കവിതയ്ക്കും സംബന്ധിക്കുന്നതാണ്. "സ്വാഭാവികാൽ കൃത്രിമമന്യദോഷഃ" എന്ന ശ്രീഹർഷവാക്യവും അർത്ഥവത്തു തന്നെ. നേരെ മറിച്ചു ശവശരീരത്തിൽ ചാർത്തുന്ന ആഭരണങ്ങൾപോലെ ഗുണഹീനയായ കവിതയിൽ ചേർക്കുന്ന അലങ്കാരങ്ങൾ അതിൻെറ വൈരൂപ്യത്തെയാകുന്ന ഭാവിപ്പിക്കുന്നത്.

"അന്യോന്യസംസൃഷ്ടവിശേഷരമ്യാ-
പ്യലംകൃതിഃ പ്രത്യുത ശോചനീയാ
നിർവ്യംഗസാരേ കവിസൂക്തിബന്ധേ
നിഷ്ക്രാന്തജീവേ വപുഷീവ ദത്താ."

എന്ന പദ്യത്തിൽ നീലകണ്ഠദീക്ഷിതരും ഈ ആശയത്തെത്തന്നെ ആവിഷ്കരിക്കുന്നു. "അനലംകൃതീ പുനഃ ക്വാപി" എന്നും

"ഉപകുർവ്വന്തി തം സന്തം
യേംഗദ്വാരേണ ജാതുചിൽ
ഹാരാദിവദലങ്കാരാ-
സ്തേനുപ്രാസോപമാദയഃ."

എന്നും സ്വാഭിപ്രായത്തെ പ്രകടീകരിക്കുന്ന മമ്മടഭട്ടാചാര്യർ കാവ്യത്തിനു രസമുണ്ടെങ്കിൽ അതിനെ അലങ്കാരങ്ങൾ ചിലപ്പോൾ ഉപകരിക്കുന്നു എന്നുമാത്രം സമ്മതിക്കുന്നു.

'ദോഷഹാനം ഗുണാദാനം
കർത്തവ്യം നിയമാൽ കൃതൌ;
കാമചാരഃ പുനഃ പ്രോക്തോ-
ലങ്കാരസ്തു മനീഷിഭിഃ.'

എന്നു ഭട്ടഗോപാലനും സിദ്ധാന്തിക്കുന്നു. അതുകൊണ്ടാണ് "യഃ കൌമാരഹരസ്സ ഏവ ഹി വരഃ" ഇത്യാദി സംസ്കൃതപദ്യങ്ങളിലും "മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും" ഇത്യാദി ഭാഷാപദ്യങ്ങളിലും നാം കാവ്യത്വം കാണുന്നത്.

സ്വഭാവോക്തി അലങ്കാരമാണെന്നുള്ളതിനു സംശയമില്ല. "കാട്ടുപോത്തുകൾ വിഷാണഘട്ടിതസരോജലേഷു വിഹരിക്കയാം" ഇത്യാദി ശാകുന്തളപദ്യം അതിനൊരു മൂർദ്ധാഭിഷിക്തോദാഹരണവും തന്നെ. എന്നാൽ ഗ്രാമ്യോക്തി ഇതിൽനിന്ന് എത്രയോ ഭിന്നമാകുന്നു.

"ഛിഹസ്തം ച ഭിന്നകർണ്ണം ച
ഭിന്നേത്രം തേകനാസികം
ഗുരുർദ്ദൈവം ശിരഃ പായാൽ
സ........വൃഷണോദരം."

Digitized By Kerala Sahitya Akademi

എന്ന പദ്യത്തിൽ മല്ലിനാഥൻ സ്വഭാവോക്ത്യാഭാസത്തെ ഹൃദ്യമായധിക്ഷേപിച്ചിരിക്കുന്നു.

"കന്യേ! കാമയമാനം മാം
ന ത്വം കാമയസേ കഥം?
ഇതി ഗ്രാമ്യോയമർത്ഥാത്മാ
വൈരസ്യായ പ്രകല്പതേ".

എന്ന് ഈമാതിരികാവ്യങ്ങളെ ആചാര്യദണ്ഡിയും വിഡംബനം ചെയ്തിട്ടുണ്ട്. പ്രസ്തുത ഈ ശ്ലോകത്തിലെ ആശയത്തെ എങ്ങനെയാകുന്നു വിശദീകരിക്കേണ്ടതെന്ന്

"കാമം കന്ദർപ്പചണ്ഡാലോ
മയി വാമാക്ഷി! നിർദ്ദയഃ;
ത്വയി നിർമ്മത്സരോ ദിഷ്ട്യേ-
ത്യഗ്രാമ്യോർത്ഥോ രസാവഹഃ."

എന്ന പദ്യത്തിൽ അദ്ദേഹംതന്നെ ഉപദേശിച്ചിട്ടുണ്ട്. ഇതു "പ്രകൃതിയെ പകർത്തുക"യല്ലെന്നും വക്രോക്തിയാണെന്നും പറഞ്ഞു നെററിചുളിക്കുന്ന വിമർശകമ്മന്യന്മാരോട് "വക്രോക്തിഃ കാവ്യജീവിതം." എന്നുകൂടി പറയേണ്ട ആവശ്യവുമുണ്ട്.

അഗ്രാമ്യതപോലെതന്നെ കവികൾ നിഷ്കർഷിക്കേണ്ട ഒരു വിഷയമാകുന്നു ഔചിത്യം.

"അനൌചിത്യാദൃതേ നാന്യ-
ദ്രസഭങ്ഗസ്യ കാരണം
പ്രസിദ്ധൌചിത്യബന്ധസ്തു
രസസ്യോപനിഷൽ പരാ."

എന്ന് ആനന്ദവർദ്ധനാചാര്യർ ഉപദേശിക്കുന്നു.

"പദാനി ഭവ്യാന്യപി കാവ്യരീതി-
മസ്ഥാനദത്താനി ന ശോഭയന്തേ;
നാസാഗ്രലഗ്നേന ഭവേന്മുഖശ്രീ-
സ്താടങ്കബിംബേന കിമങ്ഗനായാഃ?"

എന്നു നീലകണ്ഠദീക്ഷിതരും ചോദിക്കുന്നുണ്ട്.

ഇങ്ങനെ നോക്കുകയാണെങ്കിൽ സ്വയംപ്രകാശാനുഭവാത്മകമായ സൽകാവ്യം നിർമ്മിക്കുവാൻ വളരെ പ്രയാസമുണ്ട് എന്നുകാണാം. വെറുതേയല്ല "ദ്വിത്രാ ഏവ കവയഃ ദ്വിത്രാണ്യേവ കാവ്യാനി." എന്നു പ്രാചീനാചാര്യന്മാർ ഈ വിഷയത്തിൽ അവരുടെ അനൌദാര്യം പ്രകാശനം ചെയ്തിട്ടുള്ളത്. ഭാരതവർഷത്തിലെ രണ്ടു പ്രധാനകവികൾ കവിതാദ്ധ്വാവിൻെറ മാർഗ്ഗദർശികളായ വാല്മീകിയും വ്യാസനുംതന്നെയാണ്.

"വസുധാശ്രോത്രജേ തസ്മിൻ
വ്യാസേ ച ഹൃദയായിതേ

Digitized By Kerala Sahitya Akademi

നാന്യേഷ്വപി കവയഃ കാമം
ബഭ്രുവുരനാചതുരപാഃ."

എന്നത്രെ വേദാന്തികളുടെ മതം.

"ഭവതു ധർമ്മോ ധർമ്മോ വാ
സത്യം വാ യദി വാഽനൃതം;
ത്വയാ യൽ സംശ്രുതം മഹ്യം
തസ്യ നാസ്തി വ്യതിക്രമഃ."

എന്ന കൈകേയിയെക്കൊണ്ടു ദശരഥനോടും

"തദസ്ത്യജ്യം നൃസിംഹാനാ-
മാഹവേഷ്വപനിവർത്തിനാം
യാ ഗതിർഗ്ഗുരുണാ പ്രോക്താ
പുരാ രാമേണ താം സ്മര."

എന്ന കർണ്ണനെക്കൊണ്ടു ശല്യരോടും പറയിച്ച ആ മഹാത്മാക്കളുടെ ദൂരാന്വയായികൾ മാത്രമാകുന്ന അനന്തരകാലീനന്മാരായ സൂരികൾ. മൂന്നാമതൊരു കവിയുടെ പേർ പറയണമെങ്കിൽ കാളിദാസരുണ്ട്. നാലാമതൊരു കവി ആ കിടയിൽ ഉണ്ടായിട്ടില്ലെന്ന സധൈര്യം പറയാം.

"കവയഃ കാളിദാസാദ്യാഃ;
കവയോ വയമപ്യമീ;
പർവ്വതേ പരമാണൗ ച
പദാർത്ഥത്വം വ്യവസ്ഥിതം."

എന്നപദ്യം തന്റെ നില എന്തെന്നു നല്ലപോലെ ധരിച്ചിരുന്ന ഭവഭൂതിതന്നെ ഉച്ചരിച്ചതാണ്. എന്നാൽ ഇതിൽനിന്ന രണ്ടാംകിടയിൽ കവികൾ നമ്മുടെ ജന്മദേശത്തെ അലങ്കരിച്ചിട്ടില്ലെന്നു സിദ്ധിക്കുന്നില്ല.

"ഭൂമൗ സ്ഥിതാ രമണ! നാഥ! മനോഹരേതി
സംബോധനൈർയമധിരോപിതവത്യസി ദ്യാം
സ്വർഗ്ഗം ഗതാ കഥമിവ ക്ഷിപസി ത്വമേണ-
ശാബാക്ഷി! തം ധരണിധൂളിഷു മാമിദാനീം?"

എന്ന പദ്യത്തിൽ ജഗന്നാഥപണ്ഡിതരും

"സാധാരണേ സ്മരജയേ നിടിലാക്ഷിസാധ്യേ
ഭാഗീ ഹരോ ഹരതു നാമ യശസ്സമഗ്രം;
വാമാംഘ്രിമാത്രകലിതേ ജനനി! ത്വദീയേ
കാ വാ കഥാ യശസി കാലജയേ പുരാരേഃ?"

എന്ന പദ്യത്തിൽ നീലകണ്ഠദീക്ഷിതരുംമററും അവരുടെ കവിത്വം പൂർണ്ണമായി പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ അവരുടെ നിലയൊന്നു വേറെ. കവിയശഃപ്രാർത്ഥികൾ പിൻതുടരേണ്ടതു വാല്മീകിവ്യാസാദികളുടെ കാലടിപ്പാട്ടുകളെത്തന്നെയാണ്.

Digitized By Kerala Sahitya Akademi

കവിതാബീജങ്ങളെപ്പററി ഏതാനാം ചില വാക്കുകൾകൂടി ഉച്ചരിച്ചുകൊണ്ട് എന്റെ ഈ ദീർഘമായ വാചാപ്രസംഗത്തെ ഉപസംഹരിച്ചുകൊള്ളാം. ശക്തി, നൈപുണ്യം, അഭ്യാസം ഈ മൂന്നുമാകുന്നു കാവ്യോൽപാദനത്തിനു കാരണങ്ങൾ. അക്ലിഷ്ടപദപദാർത്ഥസ്മരണഹേതുവും കവിതത്തിനു മൂലകാരണവുമായ ബുദ്ധിവിശേഷമാകുന്നു ശക്തി. ഇതിനെത്തന്നെയാകുന്നു പ്രതിഭ എന്നും പറയുന്നതു്.

"സ്മൃതിർവ്യതീതവിഷയാ;
മതിരാഗാമിഗോചരാ;
ബുദ്ധിസ്താൽകാലികീ പ്രോക്താ;
പ്രജ്ഞാ ത്രൈകാലികീ മതാ;
പ്രജ്ഞാം നവനവോന്മേഷ-
ശാലിനീം പ്രതിഭാം വിദുഃ."
"ദ്വേ വർത്മനീ ഗിരാം ദേവ്യാ-
ശ്ശാസ്ത്രം ച കവിവർത്മ ച;
പ്രജ്ഞോപജ്ഞം തയോരാദ്യം
പ്രതിഭോദ്ഭവമന്തിമം."

എന്ന ആചാര്യവചനങ്ങളിൽനിന്നു ത്രികാലജ്ഞാനത്തെ പ്രദാനം ചെയ്യുന്ന ബുദ്ധിവിശേഷം പ്രജ്ഞയെന്നും അതു ശാസ്ത്രകാരന് ആവശ്യകമെന്നും നവനവോന്മേഷശാലിനിയായ ബുദ്ധി പ്രതിഭയെന്നും അതു കവിക്കു് ഒഴിച്ചുകൂടാത്തതെന്നും സിദ്ധിക്കുന്നു. പ്രതിഭ ദൈവദത്തവും പൂർവ്വജന്മവാസനയുടെ ഫലവുമാകുന്നു. അതില്ലെങ്കിൽ രചന തന്നെ അസാദ്ധ്യമാണ്; അഥവാ സാദ്ധ്യമായാലും അപഹാസത്തിൽ കലാശിക്കുകതന്നെ ചെയ്യും. "വൃത്തത്തിലെ ചൊല്ലുകിറതെല്ലാം" കാവ്യമാകുന്നതല്ലല്ലോ. രസോൽപത്ത്യനുകൂലമായ രചനയില്ലാതെ കാവ്യത്വമില്ല. രസോൽപത്തി പ്രതിഭയെത്തന്നെ ആശ്രയിക്കുന്നു. എന്നാൽ ജന്മനാ പ്രതിഭയില്ലാത്തവനും ഇഷ്ടദേവതാരാധനത്താൽ അതു ലഭിക്കാമെന്നാകുന്നു ഭാരതീയാചാര്യന്മാരുടെ മതം. കാളിദാസമൂകാദികളുടെ വിഷയത്തിൽ ആ മതം ശരിയെന്നു സ്പഷ്ടമായിട്ടുമുണ്ട്. നൈപുണ്യം അല്ലെങ്കിൽ വ്യുൽപത്തി ലോകപരിചയം കൊണ്ടും ശാസ്ത്രപരിചയം കൊണ്ടും സിദ്ധിക്കേണ്ടതാണ്.

"ന സ ശബ്ദോ ന തദ്വാച്യം
ന സാ വിദ്യാ ന സാ കലാ
ജായതേ യന്ന കാവ്യാങ്ഗ-
മഹോ ഭാരോ മഹാൻ കവേഃ."

എന്ന പദ്യത്തിൽനിന്നു കവിക്കു നൈപുണ്യത്തിന്റെ ആവശ്യകത എത്രമാത്രമുണ്ടെന്നു വെളിവാകുന്നുണ്ട്. ശാസ്ത്രപദത്തിൽ സകലകലകളും ഉൾപ്പെടും. ഇങ്ങനെ അതാതു വസ്തുക്കൾ നിരീക്ഷണംചെയ്തും ഗ്രന്ഥങ്ങൾ പഠിച്ചുമുണ്ടാകുന്ന സംസ്കാരവിശേഷമാകുന്നു വ്യുൽപത്തി. അഭ്യാസമാകട്ടെ കാവ്യകാരന്മാരുടേയും കാവ്യനിരൂപകന്മാരുടേയും ഉപദേശത്തിൽനിന്നു ജനിക്കേണ്ടതും സ്വയമായുള്ള കാവ്യവിചാരം കൊണ്ടും കാവ്യനിർമ്മിതികൊണ്ടും നിരന്തരമായി പ്രവൃദ്ധങ്ങളാകേണ്ടതുമായ മറെറാരുതരം സംസ്കാരമാക

Digitized By Kerala Sahitya Akademi

ന്നു. ശക്തി ദോഷതിരസ്കാരത്തിനും അഭ്യാസം ഗുണോപാദാനത്തിനും പ്രയോജകീഭവിക്കുന്നു. പരിപൂർണ്ണമായ രസാഭിവ്യഞ്ജനത്തിന് ആവ്യുൽപന്നനായ ഒരു കവി ഒരിക്കലും സമർത്ഥനാകുന്നില്ല.

"കവിത്വം ജായതേ ശക്ത്യാ വർദ്ധതേഭ്യാസയോഗതഃ
അസ്യ ചാരുത്വനിഷ്പത്തൗ വ്യുൽപത്തിസ്തു ഗരീയസീ."

എന്നാകുന്നു ആലങ്കാരികസിദ്ധാന്തം.

പാശ്ചാത്യനിരൂപകന്മാർ ഭാരതീയകവിത അതിശയോക്തിപ്രധാനമെന്ന് അപഹസിക്കുന്നു. ആഗ്രാമ്യോക്തിക്ക് അതിശയോക്തിയെ ഒരു ഉപകരണമായി മാത്രമേ പൌരസ്ത്യർ അംഗീകരിക്കുന്നുള്ളു.

"സർവ്വം സർവ്വേണ സാരൂപ്യം
നാസ്തി ഭാവസ്യ കസ്യചിൽ;
യഥോപപത്തി കൃതിഭി-
രുപമാസു പ്രയുജ്യതേ.

അഖണ്ഡമണ്ഡലഃ ക്വേന്ദുഃ?
ക്വ കാന്താനനമദ്യുതി?
യൽകിഞ്ചിൽ കാന്തിസാമാന്യാ-
ച്ഛശിനൈവോപമീയതേ."

എന്ന ആചാര്യദണ്ഡിയുടെ വാക്യം ഇക്കൂട്ടരുടെ മുഖമുദ്രണത്തിനു ധാരാളം പര്യാപ്തമാകുന്നതാണ്.

ഇന്നിവിടെ കൂടിയിരിക്കുന്ന യുവകവികൾക്ക് എന്റെ ഈ പ്രസംഗം ഏതെങ്കിലും വിധത്തിൽ പ്രയോജകീഭവിക്കുമെങ്കിൽ അതിനാൽ ഞാൻ ചരിതാർത്ഥനായി. കവികൾ ആസ്തികന്മാരായിരിക്കണം. ഏതെങ്കിലും ഒരിഷ്ടദേവതയെ ഉപാസിക്കണം. പൂർവ്വജന്മവാസനയെ ഉദ്ദീപിപ്പിക്കയും ചെയ്യണം. പ്രകൃതിയുടെ പ്രഭാവത്തേയും സൌന്ദര്യത്തേയും പര്യവേക്ഷണം ചെയ്യണം; വിവിധഗ്രന്ഥങ്ങൾ സംസൂക്ഷിച്ചു പഠിക്കണം; മഹാകവികളേയും ഉത്തമസാഹിത്യാചാര്യന്മാരേയും ഗുരുക്കളായി വരിച്ചു അവരുടെ ഉപദേശാനുരോധേന കാവ്യാനുസന്ധാനവും കാവ്യനിർമ്മിതിയും ചെയ്യണം. സർവ്വോപരി നിസ്തന്ദ്രതയ്ക്കും ഭൂതദയയ്ക്കും വിളനിലങ്ങളായി വിളങ്ങണം. ഇങ്ങനെയായാലല്ലാതെ കവിതാസാമ്രാജ്യത്തിൽ ഗണനീയമായ സ്ഥാനത്തിന് അവർ ഒരിക്കലും അവകാശികളാകുന്നതല്ല. പരിശ്രമശീലംകൊണ്ടു കൈവരാത്തതു യാതൊന്നുമില്ല.

"ന വിദ്യതേ യദ്യപി പൂർവ്വവാസനാ ഗുണാനുബന്ധിപ്രതിഭാനമദ്ഭുതം
ശ്രുതേന യത്നേന ച വാഗുപാസിതാ ധ്രുവം കരോത്യേവ! കമപ്യനുഗ്രഹം."

എന്ന പദ്യത്തിൽ ആചാര്യദണ്ഡി നമുക്കു സാന്ത്വനം ആകട്ടും പ്രോത്സാഹജനകമായിരിക്കേണ്ടതാണ്.

ഇടപ്പള്ളിയിൽ കേരളീയസാഹിത്യപരിഷത്തിന്റെ പ്രഥമയോഗത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം.

Digitized By Kerala Sahitya Akademi

വ്യാധി, മാനഭംഗം, ശത്രുക്കരം, കുഗ്രാമവാസം, അസൽസ്വാമിസേവനം, കന്യാബഹുത്വം, വാർദ്ധക്യം, പരഗൃഹവാസം മുതലായവ ദുഃഖഹേതുക്കളമാണ്. സമുദ്രം, രാജാവ്, ധമ്മാധർമ്മങ്ങൾ, സജ്ജനങ്ങളുടെ മനസ്സ് ഇത്യാദി സ്ഥിരങ്ങളും സ്ത്രീ, രാജപ്രസാദം, സ്വപ്നം, ദുർജ്ജനം ഇത്യാദി അസ്ഥിരങ്ങളുമാകുന്നു. ശനി, ജ്ഞാനി, സ്ത്രീ, ആന, പോത്ത് ഇത്യാദി മന്ദസഞ്ചാരികളത്രെ. കാക്ക, ചെന്നായ, പോത്ത്, ഒട്ടകം, കഴുത ഇവ ക്രൂരമായി ഗണിയ്ക്കും. വിഷ്ണു ഗരുഡൻ, യമൻ ഇവക്കും മഹാന്മാരുടെ പ്രതിജ്ഞയ്ക്കും ബലമുണ്ട്. ശ്രീകൃഷ്ണൻ, നകുലൻ, നളകൂബരൻ, മന്മഥൻ ഇവർ സുന്ദരന്മാരാണ്. മന്മഥതാപം, ശത്രുപ്രതാപം ദുർവ്വാക്ക്, തപസ്സ് ഇവ ദുസ്സഹങ്ങളാണ്. നല്ല വാക്ക്, കാന്താധരം, നിലാവ് ഇവയ്ക്കു മാധുര്യമുണ്ട്.

ഇങ്ങനെ പറകയാണെങ്കിൽ കവിസങ്കേതങ്ങൾ അനവധിയുണ്ട്. പ്രാചീനസാഹിത്യാചാര്യന്മാരായ മമ്മടഭട്ടപ്രഭൃതികളുടെ കാലത്തിൽ ചക്രവാകവും മററും ധാരാളമുണ്ടായിരുന്നു എന്നല്ല നാം ധരിക്കേണ്ടത്. അവർ പൂർവ്വകവിസങ്കേതങ്ങളെ യഥോചിതം പരിഗണനം ചെയ്തു് അദ്ധ്യേതാക്കൾക്കു പഠനസൌകര്യത്തെ വർദ്ധിപ്പിച്ചു എന്നേ അവരുടെ ഗ്രന്ഥങ്ങളിൽനിന്നു നമുക്കനുമാനിക്കുവാൻ ന്യായം കാണുന്നുള്ളു. കവിസങ്കേതങ്ങളെ ഉല്ലംഘിക്കുമ്പോൾ ഖ്യാതവിരുദ്ധത എന്ന ദോഷത്തിനു കാവ്യം അധീനമായി ഭവിക്കുന്നു. ഇതു് അപ്രയുക്തതയിൽനിന്നു ഭിന്നമാണ്. കവിസങ്കേതങ്ങളെയുംമററും നാതിസംക്ഷേപവിസ്തരമായും ഏററവും സരസകോമളമായ സമ്പ്രദായത്തിലും പ്രതിപാദിക്കുന്ന ഒരു വിശിഷ്ടസാഹിത്യഗ്രന്ഥം സംസ്കൃതത്തിലുണ്ടെങ്കിൽ അതു ശ്രീകൃഷ്ണകവിയുടെ മന്ദാരമരന്ദചമ്പുവാണ്. ഈ ഗ്രന്ഥം മാധുര്യരഞ്ജിനി എന്ന വ്യാഖ്യാനത്തോടുകൂടി കാവ്യമാലാപ്രവർത്തകന്മാർ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. അതിശേഷം കാഠിന്യമില്ലാത്തതിനാൽ ഇതു ലോകവ്യുൽപത്തിയുള്ള കേരളീയർക്കെല്ലാം പരാപേക്ഷകൂടാതെ വായിച്ചു മനസ്സിലാക്കാവുന്നതാണ്. ഛന്ദശ്ശാസ്ത്രത്തിൻേറയും സാഹിത്യശാസ്ത്രത്തിൻേറയും മമ്മങ്ങൾ ഒട്ടുമിക്കവാറും ഈ ഗ്രന്ഥത്തിൽനിന്നു ഗ്രഹിക്കാൻ സൌകര്യമുണ്ട്.

മലയാളത്തിൽ ഈ വിഷയത്തിൽ മാർഗ്ഗദർശകമായി "കവിതാഭരണം" എന്നൊരു പുസ്തകം കടത്തനാട്ട് ഉദയവർമ്മ ഇളയതമ്പുരാൻ എഴുതി കവനോദയം മാസികയിൽ പ്രസിദ്ധം ചെയ്തിരുന്നു. ഈ പുസ്തകം ഇപ്പോൾ വിലയ്ക്കു കിട്ടുമോ എന്നു സംശയമാണ്. കവനോദയത്തിലെ പ്രസിദ്ധമായ ചന്ദ്രോത്സവാദിഗ്രന്ഥങ്ങളെപ്പോലെ ഇതും ഇപ്പോൾ അലഭ്യമായിട്ടുണ്ടെന്നാണ് തോന്നുന്നതു്. വാസനയുള്ള കവികളിലാരെങ്കിലും മന്ദാരമന്ദം ഭാഷപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്.

പൂർവ്വകവിസങ്കേതങ്ങളെ മുഴുവൻ മുറുകെപ്പിടിക്കണമെന്നും പൂർവ്വാചാര്യന്മാർ വെട്ടിത്തെളിച്ചിട്ടുള്ള വഴിയിൽനിന്ന് ഒരടി അങ്ങോട്ടോ ഇങ്ങോട്ടോ മാറി നടന്നുപോകരുതെന്നുമല്ല ഞാൻ സിദ്ധാന്തിക്കുന്നതു്. ഈ മാതിരി കാര്യങ്ങളിൽ എൻെറ നില ഒരു മദ്ധ്യസ്ഥൻേറതാണെന്ന് ഉമാകേരളം

Digitized By Kerala Sahitya Akademi

വായിച്ചിട്ടുള്ളവർ അറിയാം. അതിൽ ചില പൂർവികസങ്കേതങ്ങൾ ത്യജിക്കയും ചില നൂതനസങ്കേതങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്തായാലും പ്രാചീനസാഹിത്യാചാര്യന്മാരുടെ നിയമങ്ങൾ മുഴുവൻ നാമറിഞ്ഞിരിക്കേണ്ടതു് ആവശ്യകവും ആ നിയമങ്ങളെ ഇന്നത്തെ പരിഷ്കാരസ്ഥിതിക്കു യോജിക്കുന്നിടത്തോളം അനുവർത്തിക്കേണ്ടതു് ആശാസ്യവുമാണെന്നാണു് എന്റെ അഭിപ്രായം. സൂര്യകാന്തക്കല്ലും ചക്രവാകവും നാം കാണുന്നില്ലെന്നുവച്ചു് അവയ്ക്കു കവിതയിൽ പ്രവേശം അനുവദിക്കരുതെന്നു സിദ്ധാന്തിക്കുന്നതു കഠിനമാണ്. ആ കണക്കിനു കല്പവൃക്ഷവും കാമധേനുവും മാത്രമല്ല, സ്വർഗ്ഗവും നരകവും മാത്രമല്ല, ദൈവംതന്നെയും വർണ്ണ്യസാമ്രാജ്യത്തിൽനിന്നു ബഹിഷ്കൃതമായിത്തീരുമല്ലോ. പാശ്ചാത്യകവികൾക്കു ഫിനിക്സ് പക്ഷിയെ ഇന്നും വർണ്ണിക്കാമെങ്കിൽ നമുക്കു നമ്മുടെ പാവപ്പെട്ട ചക്രവാകപക്ഷിയെ മാത്രം എന്തിനുപേക്ഷിക്കണം? ചക്രവാകസൂര്യകാന്തങ്ങൾ ഉപലക്ഷണമാണ്. മറ്റു വർണ്ണ്യാവർണ്ണ്യങ്ങളേയും ഈ ന്യായംതന്നെ ഏറെക്കുറെ സംബന്ധിക്കുമെന്നുള്ളതിനു സംശയമില്ല. നാം വാല്മീകിയുടേയും കാളിദാസരുടേയും, ചെറുശ്ശേരിയുടേയും, എഴുത്തച്ഛന്റേയും സന്താനങ്ങളാണ്. ഇവരെ ഭാരതവർഷത്തിൽനിന്നു ബഹിഷ്കരിക്കുവാൻ പത്തോ നൂറോ ആയിരമോ ഷേക്സ്പീയറും മിൽട്ടണും ഒത്തുചേന്നാലും സാധിക്കുന്നതല്ല. മലയാളി എത്ര വേഷം മാററിയാലും ഭാരതീയനായിത്തന്നെയിരിക്കും. ധാരയാകയില്ല.

1091 ധനു. ഭാഷാപോഷിണി.

Digitized By Kerala Sahitya Akademi

൪. കാവ്യസ്തേയം

ശബ്ദാൎത്ഥചൌൎയ്യം കവികളുടെ മേൽ പണ്ടേക്കു പണ്ടേ സഹൃദയന്മാർ ആരോപിക്കുന്ന ഒരു അപരാധമാണ്.

"കവിരപഹരതിച്ഛായാം
പദമേകം പാദമേകമൎദ്ധം വാ,
സകലനിബന്ധനഹൎത്രേ
സാഹസകൎത്രേ നമസ്തുഭ്യം."

എന്ന പദ്യം സുപ്രസിദ്ധമാണല്ലോ. ക്ഷേമേന്ദ്രനും അദ്ദേഹത്തിന്റെ കവികണ്ഠാഭരണത്തിൽ

"ഛായോപജീവീ,പദകോപജീവീ,
പാദോപജീവീ,സകലോപജീവീ"

എന്നു കവിയശഃപ്രാൎത്ഥികളെ നാലുമാതിരിക്കാരായി തരംതിരിച്ച്

"ഭവേദഥ പ്രാപ്തകവിത്വജീവീ
സ്വോന്മേഷതോ വാ ഭുവനൈകജീവ്യഃ."

എന്നുപന്യസിച്ച് അവനവന്റെ ഉന്മേഷംകൊണ്ട് ഒരു കവിക്കു യഥാകാലം ലോകം മുഴുവൻ തന്നെക്കൊണ്ട് ഉപജീവിക്കേണ്ട നിലയിലെത്താൻ കഴിയുമെന്നു സമൎത്ഥിച്ചിരിക്കുന്നു. കവിത്വത്തിനുള്ള സാമഗ്രികൾ, ശക്തി അല്ലെങ്കിൽ പ്രതിഭ, നൈപുണ്യം അല്ലെങ്കിൽ വ്യുൽപത്തി, അഭ്യാസം അല്ലെങ്കിൽ പരിശീലനം ഇങ്ങനെ മൂന്നാണ്. ലളിതകോമളങ്ങളും പ്രൌഢഗംഭീരങ്ങളുമായ പദങ്ങളെ സന്ദൎഭാനുഗുണമായി വിന്യസിക്കുന്നതിനും, നവനവങ്ങളായ ഉല്ലേഖങ്ങളെ ഔചിത്യയുക്തമായി ചിത്രണം ചെയ്യുന്നതിനുമുള്ള പ്രകൃതിദത്തമായ ബുദ്ധിവിശേഷമാണ് പ്രതിഭ. ശബ്ദധൎമ്മാൎത്ഥകാമാദിശാസ്ത്രങ്ങളിലുള്ള ദൃഢമായ പാണ്ഡിത്യവും പ്രതിപത്തിയുമാണ് വ്യുൽപത്തി. ഗുരൂപദേശമനുസരിച്ചുള്ള കാവ്യരചനാപരിചയത്തെയത്രേ അഭ്യാസമെന്നു പറയുന്നത്. പ്രതിഭകൂടാതെ എത്ര വ്യുൽപത്തിയും അഭ്യാസവും ഉണ്ടായാലും ഒരുവനിൽനിന്നു കവിത പ്രസരിക്കുന്നതല്ലെന്നും അഥവാ പ്രസരിച്ചാലും അതു് ഉപഹസനീയമായിരിക്കുകയേ ഉള്ളു എന്നും മമ്മടഭട്ടാചാൎയ്യർ കാവ്യപ്രകാശത്തിൽ പ്രസ്താവിച്ചിരിക്കുന്നു. വേദങ്ങൾക്കു വ്യാസഭഗവാനെപ്പോലെയാണ് വേദാംഗങ്ങളിൽ ഒന്നായ വ്യാകരണത്തിനു ഭട്ടോജിദീക്ഷിതർ. വിവിധശാസ്ത്രഗ്രന്ഥപ്രണേതാവായ ആ മഹാനുഭാവന്റെ വ്യുൽപത്തി പരിമിതമാണെന്നു് ആരും പറകയില്ല. സിദ്ധാന്തകൌമുദിയുടെ ഉത്തരാൎദ്ധത്തിന്റെ ആരംഭത്തിൽ ആദ്ദേഹം ഒട്ടു വളരെ ബുദ്ധിമുട്ടി എഴുതിച്ചേൎത്തിട്ടുള്ള ശ്ലോകം താഴെ കാണുന്നതാണ്:—

Digitized By Kerala Sahitya Akademi

ശ്രൌത്രാഹന്തിചണൈർഗ്ഗുണൈ്യ-
മ്മഹഷിഭിരർഹദ്ദിവം
തോഷ്ടൃയമാനോപൃഗ്ഗുണോ
വിഭ്ൎവിജയതേതരാം."

ഇതിൽ എന്തുകാവ്യത്വമാണുള്ളത്? വൈയാകരണത്വപ്രകടനത്താലാണ് ഇവിടെ കവിത്വത്തിനു ലോപം വന്നതെന്ന് ആരെങ്കിലും സംശയിക്കുന്നുണ്ടെങ്കിൽ ആ സംശയത്തെ ഛേദിക്കുവാൻ അനർഘരാഘവത്തിലെ ദീർഘപദ്യങ്ങളിൽ പലതും പര്യാപ്തമാണ്. ഇതു തന്നെയാണ് ക്ഷേമേന്ദ്രനും,

"യസ്തു പ്രകൃത്യാശ്മസമാനഏവ
കഷ്ടേനവാ വ്യാകരണേന നഷ്ടഃ
തർക്കേണ ദഗ്ധോനലധൂമിനാ വാ-
പ്യവിദ്ധകർണ്ണഃ സുകവിപ്രബന്ധൈഃ

ന തസ്യ വക്തൃത്വസമുദ്ഭവഃ സ്യാൽ
ശിക്ഷാവിശേഷൈരപി സുപ്രയുക്തൈഃ;
ന ഗർദ്ദഭോ ഗായതി ശിക്ഷിതോപി,
സന്ദർശിതം പശ്യതി നാർക്കമന്ധഃ."

എന്ന പദ്യങ്ങളാൽ ഉപദേശിക്കുന്നത്. കരിങ്കല്ലുപോലെ കക്കശമായ മനസ്സോടുകൂടിയവനും, സൽക്കവികളുടെ കൃതികൾ വായിക്കാൻ താൽപര്യമില്ലാത്തവനും, എത്ര നല്ല ഗുരൂപദേശം ലഭിച്ചാലും, ഒരിക്കലും കവിയാകുന്നതല്ല. കഴുതയെ പാട്ടു പഠിപ്പിച്ചാൽ അത് എന്നു ഭാഗവതരാകാനാണ്? കുരുടനുണ്ടോ സൂര്യബിംബത്തെ ചൂണ്ടിക്കാണിച്ചാലും അതു കാണുവാൻ പോകുന്നു? ഇല്ല; ഒരിക്കലും ഇല്ല. പ്രതിഭാശാലികളല്ലാത്ത കവിയശഃകാംക്ഷികളുടെ നിഷ്ഫലമായ ആ ദുർവ്യവസായത്തെ മഹാകവി നീലകണ്ഠദീക്ഷിതർ നീലകണ്ഠവിജയചമ്പുവിൽ എങ്ങനെ അപഹസിക്കുന്നു എന്നു നോക്കുക.

"യസ്സംരംഭഃ കൃതിവിരചനേ
 ദുഷ്കവീനാമഭേദ്യോ,
യച്ചൈകാന്ത്യം തദുചിതപദാ-
 ന്വേഷണേ ചിത്തവൃത്തേഃ;
ലഭ്യം തച്ചേദപി കവിതാ-
 മന്തതഃ സ്ത്രീണ്യഹാനി
സ്യാദേവം കിം സരസകവിതാ-
 രാജ്യദുർഭിക്ഷയോഗഃ?"

ദുഷ്കവികൾക്കു ഗ്രന്ഥനിർമ്മാണത്തിലുള്ള അഭേദ്യമായ ആ സംരംഭവും ഉചിതപദാന്വേഷണത്തിലുള്ള ആ ഏകാഗ്രതയും സൽക്കവികൾക്കു മൂ

Digitized By Kerala Sahitya Akademi

ന്നദിവസത്തേയ്ക്കുണ്ടായാൽ സരസകവിതയാകുന്ന രാജ്യത്തിൽ ഒരിക്കലും ദുർഭിക്ഷമുണ്ടാകുമോ? ഇല്ല. പക്ഷെ, വാസനയുടെ കണികപോലുമില്ലാത്ത കവിപദകാംക്ഷികളെ സദാ പരിശ്രമിക്കുന്നവരായും അതിപ്രതിഭാശാലികളായ യഥാർത്ഥകവികളെ വെറും അമാന്തക്കൊടിമരങ്ങളായുമാണല്ലോ നാം ലോകത്തിൽ കണ്ടുവരാറുള്ളത്. "എല്ലാംതികഞ്ഞിട്ടൊരുവസ്തുപോലും തണ്ടാർമകൻ ഹന്ത ചമച്ചതുണ്ടോ?" എന്നേ നമുക്ക് ഈ വിഷയത്തിൽ പ്രശ്നംചെയ്തു സമാധാനംനേടുവാൻ നിവൃത്തിയുള്ളു.

ഇങ്ങനെ ത്രിവിധസാമഗ്രികളും കൈവശത്തിലായ ഒരാൾ കാവ്യനിർമ്മിതിക്ക് ഉദ്യമിക്കുമ്പോൾ അവിടെ നടക്കുന്നതെന്താണെന്ന ക്ഷേമേന്ദ്രൻ താഴെ ഉദ്ധരിക്കുന്ന പദ്യത്തിൽ നമ്മെ പഠിപ്പിക്കുന്നു.

"സുകവിരതിശയാർത്ഥീ വാക് ചമൽക്കാരലോഭാ-
ദഭിസരതി മനോജ്ഞേ വസ്തുശബ്ദാർത്ഥസാർത്ഥേ;
ഭ്രമര ഇവ വസന്തേ പുഷ്പകാന്തേ വനാന്തേ
നവകുസുമവിശേഷാമോദമാസ്വാദലോലഃ".

വാസ്തവത്തിൽ ഒരുകവി ആ സന്ദർഭത്തിൽ ചെയ്യുന്നത് വസ്തു, ശബ്ദം, അർത്ഥം ഇവയുടെ സമൂഹത്തിൽ, വണ്ടു വസന്തകാലത്തിൽ നാനാ പുഷ്പങ്ങളെക്കൊണ്ടു മനോഹരമായ ഒരു ഉദ്യാനത്തിൽ എങ്ങനെയോ, അതുപോലെ കടന്നു യഥേച്ഛം അഭിസരിക്കുകയാകുന്നു. കഴിയുന്നതും അയാളുടെ താൽപര്യം തന്റെ വസ്തുവും ശബ്ദവും അർത്ഥവും അഭിജ്ഞാനശാകുന്തളത്തിലെ ഒന്നാമങ്കത്തിൽ ദുഷ്ഷന്തമഹാരാജാവു സന്ദർശിക്കുന്ന ശകുന്തളയെപ്പോലെ

"അനാവേധോൽകീർണ്ണം മണി, തളി-
രലൂനം കരരുഹൈഃ,-
രനാഘ്രാതംപുഷ്പം, പുതുമധു-
വനാസ്വാദിതരസം."

എന്നമട്ടിൽ ഇരിക്കണമെന്തന്നെയായിരിക്കും. പക്ഷെ എത്ര കവികളുടേയും കാവ്യങ്ങളുടേയും കാലം കഴിഞ്ഞു? എത്ര പൂർവ്വസൂരികളുടെ സൂക്തികൾ തന്റെ ഹൃദയത്തിൽ ലയിച്ചുകിടക്കുന്നു? എത്ര യശഃകായന്മാരായ മഹാന്മാരുടെ കാലടിപ്പാടുകളേയാണ് തനിക്കു പിൻതുടരേണ്ടിയിരിക്കുന്നത്? എത്ര ലബ്ധപ്രതിഷ്ഠങ്ങളായ കവിസങ്കേതങ്ങളേയാണ് തനിക്ക് ആദരിക്കുവാനുള്ളത്? കരയ്ക്കും വള്ളത്തിനും പോകുവാൻ സമ്മതിക്കാത്ത ഒരുതരം കാവ്യപരീക്ഷകന്മാരെപ്പററി നീലകണ്ഠദീക്ഷിതർ ശിവലീലാർണ്ണവത്തിൽ താഴെക്കാണുന്നവിധത്തിൽ പരിഹസിച്ചിരിക്കുന്നു.

അചുംബിതോല്ലേഖപദപ്രവൃത്താ-
നസംപ്രദായേന കവീൻ ക്ഷിപന്തി;
പഥാ പ്രവൃത്താൻ പ്രഹതേന മൂഢാഃ
പശ്യന്ത്യവജ്ഞാമുകളീകൃതാക്ഷാഃ."

Digitized By Kerala Sahitya Akademi

അചുംബിതമായ ഒരു ഉല്ലേഖം പ്രയോഗിച്ചാൽ അതു കവിസമ്പ്രദായത്തിനു ബാഹ്യമാണെന്നുപറഞ്ഞ് അപവദിക്കുന്ന മൂർഖന്മാർതന്നെ പ്രാചീനന്മാർ വെട്ടിത്തെളിച്ചിട്ടുള്ള പന്ഥാവിൽക്കൂടി പ്രയാണംചെയ്താൽ ആ സഞ്ചാരത്തിൽ നവ്യത്വമൊന്നുമില്ലെന്ന് അപഹസിച്ചുകളയുന്നു. അതുകൊണ്ടൊന്നും കവികൾ ഭയപ്പെട്ടുവാനില്ലെന്നും അയാളുടെ സാമ്രാജ്യം എത്രയോ വിപുലമാണെന്നും ആനന്ദവർദ്ധനാചാര്യർ സിദ്ധാന്തരൂപേണ പ്രവചനംചെയ്തു നമ്മെ ആശ്വസിപ്പിക്കുന്നില്ലെന്നില്ല.

"വാചസ്പതിസഹസ്രാണാം
സഹസ്രൈരപി യത്നതഃ
നിബദ്ധാപി ക്ഷയം നൈതി
പ്രകൃതിർജ്ജഗതാമിവ."

എന്ന ധ്വന്യാലോകപദ്യം അശേഷം അതിശയോക്തിദുഷ്ടമല്ല. എത്രയെത്ര മഹാകവികളുടെ കാലം കഴിഞ്ഞാലും കവികളുടെ പ്രപഞ്ചത്തിനു ജഗത്തുകളുടേതിനെന്നപോലെതന്നെ യാതൊരുകുറവും വന്നിട്ടില്ല; വരികയുമില്ല. മനുഷ്യസാധാരണമായ ഗതാനുഗതികത്വംകൊണ്ടും ഒരേ ശബ്ദാർത്ഥപരമ്പരയിൽതന്നെ പൂർവ്വഗാമികളുടേയും അനന്തരകാലികന്മാരുടേയും കണ്ണും കരളും ചെന്നു ചേരുന്നതുകൊണ്ടും മനസ്സറിയാതെ ചിലപ്പോളെല്ലാം പൈതാമഹസ്വത്തു സ്വായത്തമായി തീർന്നുപോകുന്നു എന്നേയുള്ളു.

കാളിദാസനെക്കാൾ സുഗൃഹീതനാമാവായ ഒരു മഹാകവി ഭാരതവർഷത്തെ അദ്യാപി സ്വജന്മത്താൽ ധന്യമാക്കിത്തീർത്തിട്ടില്ലെന്നുള്ളതു സർവ്വസമ്മതമാണ്. അദ്ദേഹത്തിന്റെ ആ തൂലിക എന്തൊരു ദിവ്യതൂലികയാണീശ്വര!

സർവ്വസ്തരതു ദുർഗ്ഗാണി;
സർവ്വോഭദ്രാണി പശ്യതു;
സർവ്വഃ കാമമവാപ്നോതു;
സർവ്വസ്സർവ്വത്ര നന്ദതു."

എന്ന വിക്രമോർവ്വശീയത്തിലെ ഭരതവാക്യപദ്യത്തെക്കാൾ ഭാരതീയരായ നമുക്ക് അഭിമാനജനകവും ആശ്വാസപ്രദവുമായ ഒരാദർശം മററെന്തുവേണം? അങ്ങനേയുള്ള ആ കാളിദാസൻതന്നെ ആദികവിയായ വാല്മീകിമഹർഷിയോടും അനന്തരജാതന്മാരായ ഭാസഘോഷാദികവികളോടും എത്രമാത്രം കടപ്പെട്ടിരുന്നു എന്നുള്ളതിനു കണക്കില്ല. മേഘസന്ദേശത്തിലെ ചിട്ടമുഴുവൻ രാമായണത്തിലെ ഹനുമൽസന്ദേശത്തിന്റേയും രഘുവംശത്തിലെ പുഷ്പകവിമാനത്തിൽവച്ചുള്ള സീതാരാഘവസല്ലാപം മുഴുവൻ രാമായണം യുദ്ധകാണ്ഡം 126-ാംസർഗ്ഗത്തിന്റേയും അനുകരണമാണെന്നു പറയേണ്ടതില്ലല്ലോ. ഈ രണ്ടാമതായിപറഞ്ഞ അനുകരണഭ്രമം ഭവഭൂതി മുരാരി മുതലായ മഹാകവികളെക്കൂടി ബാധിച്ചുകാണുന്നു. സ്വയംവരവർണ്ണനയുണ്ടെങ്കിൽ അതു രഘുവംശത്തിലേതുപോലെതന്നെ വേണമെന്നും സ്വയംവരാന

Digitized By Kerala Sahitya Akademi

ന്തരം തിരിയെ നാട്ടിലേക്കു പോകുമ്പോൾ നായികയോടു നായകൻ, സീതാദേവിയോടു പുഷ്പകവിമാനത്തിൽ വച്ചു് ശ്രീരാമനെങ്ങനെയോ, അതുപോലെ സല്ലപിക്കണമെന്നും കവികൾക്കു് അലംഘനീയമായ ഏതോ ഒരുശാസനമുള്ളതുപോലെ തോന്നിപ്പോകും. അതുപോകട്ടെ. മനസ്സറിയാതെ തന്നെ വന്നുപോയിട്ടുള്ളതായി വിചാരിക്കാവുന്ന പദസാമ്യത്തിന് ഏതാനുമുദാഹരണങ്ങൾ താഴെ ചേൎത്തുകൊള്ളുന്നു.

I (a) "ഉദ്ധരേദാത്മനാത്മാനം
നാത്മാനമവസാദയേൽ."

വ്യാസഭഗവാൻ — ഭഗവൽഗീത.

(b) "ഉദ്ധരേദാത്മനാത്മാനം
മഗ്നം സംസാരവാരിധൌ."

ശങ്കരഭഗവൽപാദർ — വിവേകചൂഡാമണി.

II (a) "പ്രാചേതസോ മുനിവൃഷാ
പ്രഥമഃ കവീനാം"

ഭവഭൂതി — മഹാവീരചരിതം.

(b) "പ്രാചേതസഃ പ്രവചസാം
പ്രഥമഃ കവീനാം."

ഭോജരാജാവു് രാമായണചമ്പു.

III (a) "പരഗുണപരമാണൂൻ
പൎവ്വതീകൃത്യ നിത്യം
നിജഹൃദി വികസന്തഃ
സന്തി സന്തഃ കിയന്തഃ."

ഭൎത്തൃഹരി — നീതിശതകം.

(b) "അപി മുദമുപയാന്തോ
വാഗ്വിലാസൈഃ സ്വകീയൈഃ
പരഭണിതിഷു തോഷം
യാന്തി സന്തഃ കിയന്തഃ."

ജയദേവൻ — പ്രസന്നരാഘവം.

IV (a) "അനേന സാൎദ്ധം സരയൂവനാന്തേ
ക്രുജന്മരാളീമുഖരേ വിഹൃത്യ"

ബില്ഹണൻ — വിക്രമാങ്കദേവചരിതം.

(b) അനേനസാ ഭൂപതിനാ നികാമ-
മനേന സാകം സരയൂജലാന്തേ"

മഴമംഗലംനമ്പൂരി — ഭാഷാനൈഷധചമ്പു.

Digitized By Kerala Sahitya Akademi

V (a) "കിഞ്ചായമാലക്ഷ്യതേ
കാലഃ കോകിലകാകളീകളകളാ-
രംഭപ്രിയംഭാവുകഃ."

രാമഭദ്രദീക്ഷിതർ — ശൃംഗാരതിലകം ഭാണം

(b)" പികാ-
ശ്രേണിമഞ്ജുളകാകളീകളകളഃ
കാലഃ സമുജ്ജൃംഭതെ."

·അശ്വതിതിരുനാൾ തമ്പുരാൻ—ശൃംഗാരസുധാകരംഭാണം.

VI (a) "ധാരാഭിർദ്ദാനവാരാം ക്ഷിതിതലമഖിലം
പങ്കിലം നിർമ്മമാണഃ
കുർവാണോ ബൃംഹിതേന പ്രളയജലധര-
ധ്വാനധിക്കാരമാരാൽ"

ശേഷകൃഷ്ണപണ്ഡിതർ — കംസവധം നാടകം.

(b) തൽപ്രസ്ഥാനാന്തരുദ്യൽപ്രളയജലധര-
ധ്വാനധിക്കാരധീരോ
നൃത്യൽക്ഷീരോദനീരോ ജഗതി വിജയതേ
ദുന്ദുഭിധ്വാനനാദഃ."

ജഗന്നാഥപണ്ഡിതർ—പ്രാണാഭരണം.

VII (a)സദ്യോയയുസ്തസ്യ വിപത്തികാലേ;
ജലാശയാനാം പ്രകൃതിഃ കിലൈഷാ."

സുകുമാരകവി—ശ്രീകൃഷ്ണവിലാസം.

(b) "തമബ്ബ്രവീൽ സങ്കുചിതാംബുജാലഃ
സന്മാർഗ്ഗഭാജാം പ്രകൃതിഃ കിലൈഷാ."

കോട്ടയത്തുതമ്പുരാൻ—കിർമ്മീരവധം കഥകളി.

ഇനി ആശയങ്ങളുടെ ഐക്യരൂപത്തിനും സാധർമ്മ്യത്തിനും ഏതാനും ചില ഉദാഹരണങ്ങൾ കാണിക്കാം.

I (a) "യഃ സ്വാത്മമുക്ത്യൈ ന യതേത മൂഢധീഃ
സ ആത്മഹാ സ്വം വിനിഹന്ത്യസൽഗ്രഹാൽ."

ശങ്കരഭഗവൽപാദർ—വിവേകചൂഡാമണി

(b) "പ്രീതിസ്ത്വയി ത്രിജഗദാത്മനി കസ്യ നാസ്തി
സ്വാത്മദ്രുഹോ ന ഖലു സന്തി ജനാസ്ത്രിലോക്യാം."

നീലകണ്ഠദീക്ഷിതർ — ആനന്ദസാഗരസ്തവം.

Digitized By Kerala Sahitya Akademi

II (a) "ബോദ്ധാരോ മത്സരഗ്രസ്താഃ;
പ്രഭവഃ സ്മയദൂഷിതാഃ;"

ഭർതൃഹരി—നീതിശതകം.

(b) "വിദ്വാംസോ വസുധാതലേ പരഗുണ-
ശ്ലാഘാസു വാചംയമാ-
ഭൂപാലാഃ കമലാവിലാസമദിരോ-
ന്മീലന്മദാഘൂർണ്ണിതാഃ."

ജഗന്നാഥപണ്ഡിതർ—പ്രാണാഭരണം.

III (a) "പത്മാകരം ദിനകരോ വികചം കരോതി;
ചന്ദ്രോ വികാസയതി കൈരവചക്രവാളം;
നാഭ്യർത്ഥിതോ ജലധരോപി ജലം ദദാതി;
സന്തഃ സ്വയം പരഹിതേ വിഹിതാഭിയോഗാഃ"

ഭർതൃഹരി—നീതിശതകം.

(b) "യദിന്ദോരന്വേതി
വ്യസനമുദയം വാരിധിരപാ-
മുപാധിസ്തത്രായം
ജയതി ജനികർത്തുഃ പ്രകൃതിതാ;
അയം കഃ സംബന്ധോ
യദനുഹരതേ തസ്യ കുമുദം?
വിശുദ്ധാഃ ശുദ്ധാനാം
ധ്രുവമനഭിസന്ധിപ്രണയിനഃ."

മുരാരി—അനർഘരാഘവം.

IV (a) "തമുഷിം മനുഷ്യലോക-
പ്രവേശവിശ്രാമശാഖിനം വാചാം
സുരലോകാദവതാര-
പ്രാന്തരഖേദച്ഛിദം വന്ദേ."

മുരാരി—അനർഘരാഘവം.

(b) "ഝടിതി ജഗതീമാഗച്ഛന്ത്യാഃ
പിതാമഹവിഷ്ടപാ-
ന്മഹതി പഥി യോ ദേവ്യാ-
വാചശ്ശ്രമസ്സമജായത;
അപികഥമസൌ മുഞ്ചേദേനാം
ന ചേദവഗാഹതേ
രഘുവരഗുണഗ്രാമശ്ലാഘാ-
സുധാമയദീർഘികാം"?

ജയദേവൻ—പ്രസന്നരാഘവം.

Digitized By Kerala Sahitya Akademi

V (a) "ആബദ്ധകൃത്രിമസടാജടിലാംസഭിത്തി-
രാരോപിതോ മൃഗപതേഃ പദവീം യദി ശ്വാ
മത്തേഭകുംഭതടപാടനലമ്പടസ്യ
നാദം കരിഷ്യതി കഥം ഹരിണാധിപസ്യ?"

ഭർതൃഹരി—നീതിശതകം.

(b) "ദൃഷ്ടസാരംഗയൂഥോപി
ദംഷ്ട്റാനഖരവാനപി
ഭ്രുത്ഭൽകടകസംസ്ഥോപി
സാരമേയോ ന സിംഹതി."

വേദാന്തദേശികർ—സുഭാഷിതനീവി.

ഇതെല്ലാംപോകട്ടേ.

"ഭവന്തി നമ്രാസ്തരവഃ ഫലോൽഗമൈ-
ർന്നവാംബുഭിർദ്ദൂരവിലംബിനോ ഘനാഃ;
അനുദ്ധതാസ്സൽപുരുഷാസ്സമൃദ്ധിഭി-
സ്സ്വഭാവഏവൈഷ പരോപകാരിണാം."

എന്നപദ്യം കാളിദാസരുടെ ശാകുന്തളത്തിലും ഭർതൃഹരിയുടെ നീതിശതകത്തിലും കാണുന്നത് ഗ്രന്ഥമെഴുത്തുകാരുടെ "കരകൃതമപരാധ"മായിരിക്കാമെന്നു വിചാരിച്ചു സമാധാനപ്പെടാം. കാളിദാസരാണല്ലോ ഇവരിൽ പ്രാചീനൻ. കവിതാകാമിനിയുടെ സാക്ഷാൽപഞ്ചബാണനായ ഭട്ടബാണനെ ക്ഷേമേന്ദ്രൻ സർവോപജീവിതപത്തിന് ഒരു ദൃഷ്ടാന്തമാക്കി കാദംബരിയിലെ ആ നിസർഗ്ഗരമ്യമായ

"കടു കണന്തോ മലദായകാഃ ഖലാ-
സ്തുദന്ത്യലം ബന്ധനശൃംഖലാ ഇവ;
മനസ്തു സാധുധ്വനിഭിഃ പദേ പദേ
ഹരന്തി സന്തോ മണിനൂപുരാ ഇവ."

എന്ന പദ്യം ഉച്ചരിച്ച് അതു് ആര്യഭട്ടന്റെ

"ശബ്ദൈർന്നിസർഗ്ഗകടുഭിർമ്മലിനസ്വഭാവാഃ
ശ്രോത്രം ഖലാ നിഗഡവൽ പരിതസ്തുദന്തി;
ശ്രുത്യൈരലുപ്തപദബന്ധതയാതിമഞ്ജു-
മഞ്ജീരവത്തു സുജനാ ജനയന്തി മോദം."

എന്നപദ്യത്തിന്റെ വെറും പകപ്പാണെന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നതിൽ നിന്നു സരസ്വതീദേവിയുടെ ആ ദിവ്യലോകത്തിൽ സഞ്ചരിക്കുന്നതിന് ഏതു സർവാഭിസാരസമ്പന്നനും ഭയം ജനിക്കാവുന്നതാണു്.

"ബാണോച്ഛിഷ്ടം ജഗൽസർവം" എന്നു വെറുതേയല്ല ആപ്തന്മാർ രേഖപ്പെടുത്തീട്ടുള്ളതു്. ആ മഹാകവി ആസ്വദിച്ചിട്ടില്ലാത്ത ശബ്ദാർത്ഥങ്ങൾ ഇല്ലതന്നെ. അങ്ങനെയുള്ള ഒരു മഹാത്മാവിന് ആര്യഭട്ടന്റെ ശ്ലോ

Digitized By Kerala Sahitya Akademi

കത്തിലെ ഒരു കല്പന മോഷ്ടിക്കേണ്ട ആവശ്യം വല്ലതുമുണ്ടോ? ഭുവനോപജീവ്യനായി ഇന്നും എന്നും ജീവിക്കുന്ന ആ അവതാരപുരുഷനും സകലോപജീവി എന്നൊരപരാധം നിനച്ചിരിയാതെ വന്നുചേൻവല്ലൊ. കവികണ്ഠാഭരണത്തിൻെറ ഉദയകാലത്തിൽ ഭട്ടബാണൻ ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം നിശ്ചയമായും തന്നിൽ കാവ്യസ്തേയം ആരോപിക്കുന്ന ആ ഘട്ടം ഒന്നു വായിച്ചു രസിക്കുമായിരുന്നു

മേൽകാണിച്ച ശബ്ദാത്ഥൈകരൂപ്യസാധർമ്മ്യങ്ങളൊന്നും കല്പിച്ചുകൂട്ടി രണ്ടാമതായുദ്ധരിച്ചിട്ടുള്ള പദ്യങ്ങളുടെ നിർമ്മാതാക്കളിൽനിന്നു ജനിച്ചിട്ടുള്ളവയെല്ലെന്നു നമുക്കു ശപഥംചെയ്യാൻകഴിയും. ആദിശങ്കരാചാര്യർക്ക്— ഗീതാഭാഷ്യകാരനായ ആ പുണ്യപുരുഷനു—ഗീതയിലെ ഒരുപദ്യാദ്ധം സ്വായത്തമാക്കേണ്ട ആവശ്യമുണ്ടോ?

"കിം സേവ്യതേ സുമനസാം മനസാപി ഗന്ധഃ
കസ്തൂരികാജനനശക്തിഭൃജാ മൃഗേണ?"

എന്ന് അഹങ്കാരപൂവം ചോദിച്ചുകൊണ്ടു പൂവികകൃതികളിൽനിന്ന് ഒര് ഒററപ്പദ്യംപോലും സ്വീകരിക്കാതെ താൻതന്നെ സന്ദഭോചിതങ്ങളായ ഉദാഹരണശ്ലോകങ്ങൾ വാരിക്കോരിച്ചൊരിഞ്ഞു് അതിപ്രൌഢമായ രസഗംഗാധരം നിർമ്മിച്ച ജഗന്നാഥപണ്ഡിതർക്കു ഭർതൃഹരിയെക്കൊണ്ടുവേണമോ ഉപജീവിക്കുവാൻ? ഇതുപോലെ ഉപരി സ്മരിച്ച മഹാകവികളിൽ ഓരോരുത്തരെപ്പററിയും പറയാവുന്നതാണ്.

ഈ മാതിരിയിലുള്ള സന്ദഭങ്ങളിൽ കവികളാലെന്താണ് കരണീയമായുള്ളതു്? ആനന്ദവദ്ധനാചാര്യർ താഴെക്കാണുന്നവിധത്തിൽ കവികളെ അനുശാസിക്കയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

"സംവാദാസ്തു ഭവന്ത്യേവ
ബാഹുല്യേന സുമേധസാം;
നൈകരൂപതയാ സവേ
തേ മന്തവ്യാ വിപശ്ചിതാ;
സംവാദോപ്യന്യസാദൃശ്യം;
തൽപുനഃ പ്രതിബിംബനം
ആലേഖ്യാകാരവത്തുല്യ-
ദേഹിവച്ച ശരീരിണാം;
തത്ര പൂവമനന്യാത്മ;
തുച്ഛാത്മ തദനന്തരം;
തൃതീയം തു പ്രസിദ്ധാത്മ;
നാന്യസാമ്യം ത്യജേൽ കവിഃ;
തത്വസ്യാന്യസ്യ സദ്ഭാവേ
പൂവസ്ഥിത്യനുയായ്യപി
വസ്തു ഭാതിതരാം തന്വ്യാഃ
ശശിച്ഛായമിവാനനം."

Digitized By Kerala Sahitya Akademi

ഒരുകവിക്കു മററുകവികളുടെ ശബ്ദാൎത്ഥങ്ങളുമായി സാദൃശ്യം സംഭവിക്കുകതന്നെചെയ്യും. അതു മൂന്നുവിധത്തിൽ—വെറും പ്രതിബിംബംപോലെയോ, അല്ലെങ്കിൽ ചിത്രരൂപംപോലെയൊ അഥവാ മറെറാരു ദേഹിപോലെയോ—വരാം. അവയിൽ മൂന്നാമത്തേതു് ഉൽകൃഷ്ടവത്തും ആദ്യത്തേതുരണ്ടും നിസ്സാരവുമാണ്. ഒരു ജീവിയെപ്പോലെയെന്നു് ഒരു നോക്കിനുതോന്നുമെങ്കിലും മറെറാരു ജീവിതന്നെയെന്നു് അടുത്തനിമിഷത്തിൽ അനുമാനിക്കാവുന്ന അനന്തരകാലകവിതയ്ക്കേ അതിൻെറ ആദൎശമായ പൂൎവ്വകാലകവിതയിൽനിന്നു സാരാംശത്തിൽ ഭിന്നത്വമുള്ളൂ. അതിനാൽ അതിനുമാത്രമേ സഹൃദയഹൃദയാവൎജ്ജനത്തിനു പൎയ്യാപ്തതയുമുള്ളൂ. ആ വിധത്തിൽ ഹൃദയാവൎജ്ജകമല്ലാത്ത അനുകരണത്തിന് ഒരു് ഉദാഹരണം താഴെ ഉദ്ധരിക്കാം.

"സഞ്ചാരിണീ ദീപശിഖേവ രാത്രൌ
യം യം വ്യതീയായ പതിംവരാ സാ
നരേന്ദ്രമാൎഗ്ഗാട്ട ഇവ പ്രപേദേ
വിവൎണ്ണഭാവം സ സ ഭൂമിപാലഃ."

കാളിദാസൻ—രഘുവംശം.

"അതീത്യ സായം യമരാളകേശീ
ജഗാമ ഭൂപം ശശിനഃ പ്രഭേവ
സ സ പ്രപേദേ മുകുളീകൃതശ്രീഃ
പ്രാതഃ കുമുദ്വാനിവ ദീനഭാവം."

വാമനഭട്ടബാണൻ—നളോദയംകാവ്യം.

ഇതെന്തൊരു നിൎജ്ജീവമായ പ്രതിബിംബനമാണ്! സജീവമായ സംവാദത്തിന് ഒരു ഉദാഹരണം താഴെക്കാണിക്കാം.

"ദുൎജ്ജനഃ പരിഹൎത്തവ്യോ
വിദ്യയാലംകൃതോപി സൻ;
മണിനാ ഭൂഷിതഃ സൎപ്പഃ
കിമസൌ ന ഭയങ്കരഃ?"

ഭൎത്തൃഹരി—നീതിശതകം.

"അവിനയഭുവാമജ്ഞാനാനാം
ശമായ ഭവന്നപി
പ്രകൃതികുടിലാദ്വിദ്യാഭ്യാസഃ
ഖലത്വവിവൃദ്ധയേ;
ഫണിഭയഭൃതാമസ്തുച്ഛേദ-
ക്ഷമസ്തമസാമസൌ
വിഷധരഫണാരത്നാ-
ലോകേ ഭയന്തു ഭൃശായതേ."

മുരാരി—അനൎഘരാഘവം.

Digitized By Kerala Sahitya Akademi

തിരിയിൽനിന്നുകൊളുത്തിയ പന്തംപോലെ ഭട്ടമുരാരി മൂലകവിയുടെ ആശയത്തിന് എങ്ങനെ ഭേദംവരുത്തി മോടിപിടിപ്പിച്ചിരിക്കുന്നു എന്നു കാൺക.

പിന്നെയും ആനന്ദവർദ്ധനാചാര്യർ ആ തത്വത്തെത്തന്നെ ഒന്നുകൂടി വിശദമാക്കി ഉപദേശിക്കുന്നു.

"യദപി തദപി രമ്യം
യത്ര ലോകസ്യ കിഞ്ചിൽ
സ്ഫുരിതമിദമിതീയം
ബുദ്ധിരഭ്യുജ്ജിഹീതേ
അനുഗതമപിപൂർവ്വ-
ച്ഛായയാ വസ്തു താദൃക്
സുകവിരുപനിബധ്നൻ
നിന്ദ്യതാം നോപയാതി

പ്രത്യായന്താം വാചോ നിമിത-
വിവിധാർത്ഥാമൃതരസാ;
ന വാദഃ കർത്തവ്യഃ കവിഭി-
രനവദ്യേ സ്വവിഷയേ;
പരസ്വാദാനേച്ഛാ-
വിരതമനസോ വസ്തു സുകവേഃ
സരസ്വത്യൈവൈഷാ
ഘടയതി യഥേഷ്ടം ഭഗവതീ."

പൂർവ്വച്ഛായയുടെ പ്രസംഗമുണ്ടായാലും നൂതനമായ ചമൽക്കാരമുള്ളതായി ഭാവുകന്മാരുടെ ബുദ്ധിയിൽപ്പെട്ടുന്ന കവിതയ്ക്കു നിന്ദ്യത്വമില്ല. പരസ്വത്തു കൈക്കലാക്കണമെന്നുള്ള ദുഷ്ടവിചാരത്തോടുകൂടാത്ത സൽക്കവിയുടെ കാവ്യവസ്തു സാക്ഷാൽ സരസ്വതീദേവിതന്നെ വേണ്ടമാതിരിയിൽ ഘടിപ്പിച്ചുകൊള്ളും.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു കാവ്യചോരന്മാർ എന്ന് ഒരുകൂട്ടർ കവിവേഷംകെട്ടി അരങ്ങത്തിറങ്ങാറില്ലെന്നും അവർ മുന്നുദ്ധരിച്ച ആനന്ദവർദ്ധനാദിസാഹിത്യാചാര്യന്മാരുടെ വചസ്സുകൾ ആശ്വാസജനകമാകുമെന്നും അശേഷം അർത്ഥമാകുന്നില്ല. കാവ്യചോരന്മാർ എല്ലാക്കാലത്തും എല്ലാരാജ്യത്തിലുമുണ്ടാകും. അങ്ങനെയുള്ളവരിൽനിന്നു കവികളെ രക്ഷിക്കുന്നതിനുവേണ്ടിയാണ് ബില്ഹണൻ വിക്രമാങ്കദേവചരിതത്തിന്റെ പ്രാരംഭത്തിൽ,

"സാഹിത്യപാഥോനിധിമന്ഥനോത്ഥം
കർണ്ണാമൃതം രക്ഷത ഹേ കവീന്ദ്രാഃ;
യത്തസ്യ ദൈത്യാ ഇവ ലുണ്ഠനായ
കാവ്യാർത്ഥചോരാഃ പ്രഗുണീഭവന്തി.

Digitized By Kerala Sahitya Akademi

ഗൃഹ്ണന്തു സർവ്വേ യദി വാ യഥേഷ്ടം;
നാസ്തി ക്ഷതിഃ കാപി കവീശ്വരാണാം;
രത്നേഷു ലുപ്തേഷു ബഹുഷ്വമർത്ത്യൈ-
രദ്യാപി രത്നാകര ഏവ സിന്ധുഃ."

എന്ന് ഉപന്യസിച്ചിട്ടുള്ളത്. സാക്ഷാൽ ചോരകവിയിൽനിന്നുതന്നെ ഈ ചൌര്യോപാലംഭം നിർഗ്ഗമിച്ചതു സമുചിതമായിരിക്കുന്നു. അപ്പയ്യദീക്ഷിതർ കുവലയാനന്ദത്തിൽ ആക്ഷേപാലങ്കാരത്തിന് ഉദാഹരണമായി സ്വീകരിച്ചിട്ടുള്ള ഈ പദ്യങ്ങളിൽനിന്നു ബില്ഹണന്നു കാവ്യചോരന്മാരെപ്പററി ദൃഷ്ടമാത്രത്തിൽ എത്രഭയവും ഉത്തരക്ഷണത്തിൽ എത്ര അവജ്ഞയുമുണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നതാണ്. പ്രസന്നരാഘവത്തിൽ ജയദേവരും

"സുലളിതപദന്യാസമുദാരവൃത്താം
കൃതിമഥവാ യുവതിം പരസ്യ ഹൃത്വാ
തടമപി പരമർണ്ണവസ്യ ഗത്വാ
വദ കതരസ്സുഖഭാജനം ജനസ്സ്യാൽ?"

എന്നു ചോദിക്കുന്നു. അന്യന്റെ കൃതിയേയൊ യുവതിയേയൊ മോഷ്ടിച്ചുകൊണ്ടു സമുദ്രത്തിന്റെ മറുകരയിൽതന്നെ പോയാലും ഒരു സുഖം കിട്ടുകയില്ലതന്നെ. ധാവകനെക്കൊണ്ടു രചിപ്പിച്ചു തന്റേതാക്കി പ്രസിദ്ധപ്പെടുത്തിയ രത്നാവല്യാദിരൂപകങ്ങളെ സംബന്ധിച്ചു ഭാരതചക്രവർത്തിയായിരുന്ന ശ്രീഹർഷന്നു ഇന്നും യഥാർത്ഥമായ കർത്തൃത്വം സിദ്ധിച്ചിട്ടില്ല; പിന്നെവേണ്ടേ സാധാരണന്മാരുടെ കഥ ആലോചിക്കുവാൻ?

"പരകാവ്യഗ്രഹോപി സ്യാൽ
സമസ്യായാം ഗുണഃ കവേഃ;
അർത്ഥം തദർത്ഥാനുഗതം
നവം ഹി രചയത്യസൌ."

എന്നു വാഗ്ഭടാചാര്യർ പറഞ്ഞിട്ടുള്ളതിൽനിന്നു സമസ്യയല്ലാതെ മറെറാന്നും അന്യന്റെ വകയാണെങ്കിൽ മനസ്സറിഞ്ഞുകൊണ്ടു കവി സ്വായത്തമാക്കരുത് എന്നു നമുക്കു ഗ്രഹിക്കാം. ചുരുക്കത്തിൽ ആനന്ദവർദ്ധനാചാര്യർ ഉപദേശിക്കുന്നതുപോലെ കവികൾ "പരസ്വാദാനേച്ഛാവിരതമനസ്സുകളായി" മാത്രം കാവ്യനിർമ്മിതിക്കു ഉദ്യമിക്കുകയാണെങ്കിൽ ബാക്കിയെല്ലാം നേരേയായിക്കൊള്ളും.

"ചെറുതു ചെറുതു വാക്കാണിച്ചു സംജ്ഞാന്തരാരം
മധുമധുരമുദാരം പ്രാക്തനം പദ്യജാലം
നിജവിരചിതമെന്നും ചൊല്ലി നിർല്ലജ്ജമന്യാ-
നൊളിവിലപഹസിക്കും പണ്ഡിതന്മാർ"

ചന്ദ്രോത്സവകാലത്തിലെന്നപോലെ ഇപ്പോഴുമുണ്ട്. അവർക്ക് ഒരു ദൂരനമസ്കാരം നാമും ചെയ്യേണ്ടതായിത്തന്നെയാണിരിക്കുന്നത്. ശങ്കരാചാര്യ

Digitized By Kerala Sahitya Akademi

രുടെ ശിരഃപാദാദികേശസ്തവത്തിലെ ഒരു പദ്യം ഞാൻ ഇപ്പോൾ പേരു കുറിക്കുവാൻ ഉദ്ദേശിക്കാത്ത ഒരു സഹൃദയമ്മന്യൻ തന്റേതാണെന്നു പറഞ്ഞുകൊണ്ടു പരേതനായ മഹാകവിചക്രവൎത്തി കേരളകാളിദാസൻ തിരുമേനികൂടിയുണ്ടായിരുന്ന ഒരു സദസ്സിൽവച്ചു ചൊല്ലി ആ പദ്യം എങ്ങനെ ഇരിക്കുന്നു എന്നു ചോദിക്കയുണ്ടായി. "അല്ലെങ്കിലും ശങ്കരാചാൎയ്യരെ എനിക്കു പണ്ടേതന്നെ ബഹുമാനമാണ്" എന്നുമാത്രം വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചു. പലൎക്കും കാൎയ്യം മനസ്സിലായില്ല; ശ്ലോകംചൊല്ലിയ വിദ്വാന്റെ മുഖം വിവൎണ്ണവുമായി. ഈ മാതിരി കുകവികൾക്കു തുല്യന്മാരായി നീലകണ്ഠദീക്ഷിതർ ശിവലീലാൎണ്ണവത്തിൽ വൎണ്ണിക്കുന്ന ഒരുകൂട്ടം നിരൂപകപ്രമാണികളെ മാത്രമേ ഞാൻ കാണുന്നുള്ളു.

"പ്രാചീനപദ്യഭ്രമതഃ പ്രവൃത്താഃ
സ്തോതും ഖലാഃ പ്രേക്ഷ്യ കവിം പുരസ്താൽ
യേനാന്യഥാകൎത്തുമിദം യതന്തേ
ക്ലേശേന തേഷാം ഹി സ ഏവ ദണ്ഡഃ."

പ്രാചീനനാണ് കവിയെന്നു തെററിദ്ധരിച്ചുകൊണ്ടു കാവ്യത്തെ സ്തുതിക്കുക; സമക്ഷത്തു കവിയെക്കണ്ടുപോയി കാൎയ്യം മനസ്സിലായിക്കഴിഞ്ഞാൽ ആ കാവ്യത്തെ ഉടനേതന്നെ ദൂഷിക്കുക; ഈ സമ്പ്രദായക്കാരായ കുറേ പരീക്ഷകകീടങ്ങൾ പണ്ടുണ്ടായിരുന്നതിന്റെ ഫലമായിട്ടാണ് ഭാരതവൎഷത്തിലെ സാഹിത്യചരിത്രം സമഗ്രമായി ഗ്രഹിക്കുവാൻ ഇന്നും നമുക്കു സാധിക്കാതെയിരിക്കുന്നതു്. "പുരാണമിത്യേവ ന സാധുസൎവം" ഇത്യാദി കാളിദാസപദ്യവും ഇവരെ ഉദ്ദേശിച്ചുള്ളതാണ്. ഇക്കൂട്ടരേയും ഒന്നു മടക്കിത്തൊഴുതുകൊണ്ട് ഈ ഉപന്യാസത്തെ സമാപിപ്പിച്ചുകൊള്ളട്ടെ.

൧൦൮൯ ചിങ്ങം

ആത്മപോഷിണി.

Digitized By Kerala Sahitya Akademi

൫. സാഹിത്യഭൂഷണം.

'സാഹിത്യഭൂഷണം' എന്ന ഈ അലങ്കാരഗ്രന്ഥത്തിന്റെ പ്രണേതാവു മഹാവിദ്വാനായ ബ്രഹ്മശ്രീ പുനശ്ശേരി നമ്പി നീലകണ്ഠശർമ്മാവിന്റെ ശിഷ്യനും, അനതീതയൌവനനെങ്കിലും, ഭാഷാഭിമാനികളുടെ ഹൃദയവേദികളിൽ ഇതിനുമുൻപുതന്നെ ലബ്ധപ്രതിഷ്ഠനുമായ സാഹിത്യശിരോമണി കുട്ടികൃഷ്ണമാരാരാകുന്നു. മാരാർ ഒരു കുശാഗ്രബുദ്ധിയായ സഹൃദയൻ, ഒരു സ്വതന്ത്രഗാമിയായ ആലങ്കാരികൻ, ഒരു ഉൽപതിഷ്ണുവായ കാവ്യപരീക്ഷകൻ, ഒരു ഊർജ്ജസ്വിയായ സാഹിത്യകാരൻ ഇങ്ങനെ പല നിലകളിൽ കേരളീയക്കു സുപരിചിതനാണു്. സാഹിത്യശാസ്ത്രത്തിന്റെ വിവിധമുഖങ്ങളെ വിശദീകരിച്ചു വിജ്ഞാനപ്രദങ്ങളായ അനേകം ഉപന്യാസങ്ങൾ ഇദ്ദേഹം മലയാളമാസികകളിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ഉത്സാഹിയും ഉത്തിഷ്ഠമാനനുമായ ഈ യുവാവു് എന്റെ സ്നേഹബഹുമാനങ്ങളെ എല്ലാപ്രകാരത്തിലും ആവർജ്ജിക്കുന്നു. മഹാകവി വള്ളത്തോളുമായുള്ള നിരന്തരസഹവാസത്തിൽനിന്നു ലഭിച്ചിട്ടുള്ള മനസ്സംസ്കാരം പണ്ഡിതനായ ഇദ്ദേഹത്തെ ഈ വിധത്തിലുള്ള ഒരു ഗ്രന്ഥം നിർമ്മിക്കുന്നതിനു പൂർവ്വാധികം അധികാരിയാക്കിത്തീർത്തിട്ടുണ്ടു്.

സാഹിത്യശാസ്ത്രപ്രതിപാദകങ്ങളായ ഗ്രന്ഥങ്ങൾ ഭാഷയിൽ ഏററവും വിരളമാണു്. പഴയകാലത്തെ ലീലാതിലകംകഴിഞ്ഞാൽ പിന്നെനമുക്കു് ഈ വിഷയത്തിൽ ലഭിച്ചിട്ടുള്ള പുസ്തകങ്ങൾ സർവ്വതന്ത്രസ്വതന്ത്രനായിരുന്ന പ്രൊഫെസർ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാന്റെ ഭാഷാഭൂഷണവും, വടക്കുംകൂർ രാജരാജവർമ്മരാജാവു് അവർകളുടെ സാഹിതീസർവ്വസ്വവും മാത്രമാണു്. ഇരുവനാട്ടു നാരായണൻനമ്പിയാരുടെ ഉദയാലങ്കാരം, കവിസാർവ്വഭൌമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ അർത്ഥാലങ്കാരം, ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരോടിയുടെ ഭാഷാദർപ്പണം ഇവ അപൂർണ്ണങ്ങളാകുന്നു. മമ്മടഭട്ടന്റെ കാവ്യപ്രകാശവും, വിശ്വനാഥകവിരാജന്റെ സാഹിത്യദർപ്പണവും ഭാഷയിൽ വിവർത്തനം ചെയ്തുകണ്ടാൽ കൊള്ളാമെന്നുള്ള എന്റെ മോഹം ഞാൻ ചില സ്നേഹിതന്മാരെ ഓരോ അവസരത്തിൽ ധരിപ്പിച്ചിരുന്നു. കൈരളിയുടെ ഭാഗ്യദോഷത്താൽ അവരാരും ആ മോഹം സാധിപ്പിക്കുകയുണ്ടായില്ല. ഈ അവസരത്തിൽ സാഹിത്യഭൂഷണംപോലെയുള്ള ഒരു സ്വതന്ത്രസാഹിത്യഗ്രന്ഥത്തിന്റെ ആവിർഭാവം സർവ്വഥാ സമുചിതമായിരിക്കുന്നു.

സാഹിത്യഭൂഷണത്തിൽ ശ്രീമാൻ മാരാർ ആദ്യമായി സാഹിത്യശാസ്ത്രങ്ങളുടെ ആഭ്യന്തരചരിത്രം പീഠികാരൂപത്തിൽ സംഗ്രഹിച്ചിരിക്കുന്നു. പിന്നീടു് അദ്ദേഹം (൧) അർത്ഥാലങ്കാരപ്രകരണം (൨) ശബ്ദാലങ്കാരപ്രകരണം (൩) ദോഷപ്രകരണം (൪) ഗുണപ്രകരണം (൫) ശബ്ദാർത്ഥപ്രകരണം (൬) ധ്വനിപ്രകരണം (൭) ഗുണീഭൂതവ്യംഗ്യപ്രകരണം

Digitized By Kerala Sahitya Akademi

എന്നിങ്ങനെ ഏഴു പ്രകരണങ്ങളിലായി സാഹിത്യശാസ്ത്രത്തിന്റെ വിവി
കോടികളെ പരാമർശിച്ചു ചില ചർച്ചകൾ ചെയ്യുകയും പ്രൊഫെസർ ത
രാന്റെ ഭാഷാഭൂഷണത്തിലും സംസ്കൃതസാഹിത്യാചാര്യന്മാരുടെ പല
ബന്ധങ്ങളിലും കാണുന്ന ഏതാനും സിദ്ധാന്തങ്ങളിൽ തനിക്കു തോന്നീട്ടു
വിപ്രതിപത്തിയെ ഉപപാദിക്കുകയുംചെയ്യുന്നു. ഈനിലയ്ക്കു നോക്കുമ്പോ
സാഹിത്യഭൂഷണം സാഹിത്യദർപ്പണമോ പ്രതാപരുദ്രീയമോപോലെ സ
ഗ്രമായ ഒരു സാഹിത്യശാസ്ത്രഗ്രന്ഥമെന്നു പറവാൻ പാടുള്ളതല്ല. പ്രണേ
താവിന്റെ വിവക്ഷയും അത്തരത്തിലൊന്നാണെന്നു തോന്നുന്നില്ല. വ്യക
വിവേകം, രസഗംഗാധരം, ഇത്യാദികൃതികളിലെന്നപോലെ പരമതഖണ
നത്തിനും സ്വമതസ്ഥാപനത്തിനുമുള്ള സംരംഭമാണ് പ്രസ്തുതഗ്രന്ഥത്തി
ഐദംപര്യേണ പരിസ്ഫുരിക്കുന്നത്. ഈ പ്രസ്ഥാനത്തിലുള്ള ഗ്രന
ങ്ങൾ ഭാഷാസാഹിത്യത്തിന്റെ അഭിവൃദ്ധിക്ക് ഏററവും ആവശ്യകമാണ
ന്നുള്ള പക്ഷക്കാരനാണ് ഞാൻ; അതിനാൽ എന്നെപ്പോലെയുള്ളവ
ഈ കൃതിയുടെ ആവിർഭാവം ആനന്ദപ്രദമായല്ലാതെ ഭവിക്കുവാൻ മാർഗ്ഗമി

അലങ്കാരശാസ്ത്രമാകുന്ന ആ "കരകാണാത്തൊരു കടലിൽ" സ്വച്ഛ
വിഹാരംചെയ്യുന്ന മാരാരുടെ ഭാഷ്യശൈലിയിലുള്ള ഈ ഗ്രന്ഥത്തിനു മറെ
രുഭാഷ്യം നിർമ്മിക്കുക എന്നുള്ളതല്ലല്ലോ ആമുഖോപന്യാസകാരന്റെ ധർമ്മ
അതിനാൽ അത്തരത്തിലുള്ള ഒര് അനവസരവ്യവസായത്തിനു—അത് ഠ
നിക്ക് എത്രതന്നെ അഭിമതമാണെങ്കിലും ഞാൻ ഒരുമ്പെടുന്നില്ല.

പീഠികയിൽ സംസ്കൃതസാഹിത്യാചാര്യന്മാരിൽ ചിലരെപ്പററി
ത്രമേ—അവരെപ്പററിയും ഏതാനും ചില സംഗതികൾ മാത്രമേ—പ്രസ്ത
വിച്ചുകാണുന്നുള്ളു. ൧൪൭ വശമുള്ള ഒരു പുസ്തകത്തിൽ ൩൨ വശം
പ്പോൾതന്നെ ഈ ആവശ്യത്തിലേക്കായി വ്യയംചെയ്യേണ്ടിവന്നിരിക്കു
സ്ഥിതിക്ക് ഇതിലധികം പീഠിക ദീർഘിപ്പിച്ചാലും സമഞ്ജസമാകുമെ
തോന്നുന്നില്ല. സംസ്കൃതസാഹിത്യശാസ്ത്രചരിത്രത്തെപ്പററി വേണ്ടവിധത്തി
എന്തെങ്കിലും ഉപന്യസിക്കണമെങ്കിൽ അതു പ്രത്യേകം ഒരു പുസ്തകത്തി
തന്നെ വേണ്ടിവരും: അത്രയ്ക്കുണ്ട് ആ വിഷയത്തിന്റെ വ്യാപ്തി.

ഭരതമുനിയുടെ നാട്യശാസ്ത്രംതന്നെയാകുന്നു ഇതുവരെയും നമുക
കാണ്മാൻ കഴിഞ്ഞിട്ടുള്ള സംസ്കൃതസാഹിത്യലക്ഷണഗ്രന്ഥങ്ങളിൽ പ്രാചീ
തമമായിട്ടുള്ളത്. യാസ്കന്റെ നിരുക്തത്തിൽ കർമ്മോപമ, ഭൂതോപമ,
പോപമ, സിദ്ധോപമ, ലുപ്തോപമ, എന്നിവയെപ്പററി വ്യക്തമായി പ്ര
പാദിച്ചുകാണുന്നതുകൊണ്ടു പുരാതനാര്യന്മാർക്ക് അർത്ഥാലങ്കാരങ്ങളെപ്പറ
യുള്ള ജ്ഞാനം വൈദികകാലത്തിൽതന്നെ അങ്കുരിച്ചിരുന്നതായി ഊഹിക്ക
ണ്ടിയിരിക്കുന്നു. "അഥാത ഉപമാ; യദതൽ തൽസദൃശമിതി ഗാർഗ്ഗ്യഃ." എ
ന്ന വാക്യത്തിൽ യാസ്കൻ പ്രാചീനവൈയാകരണനായ ഗാർഗ്ഗ്യനെ സ്മ
ക്കുന്നു. 'അത്രാദ്യേ രസവിചാരമുഖേ' എന്നു പറഞ്ഞുകൊണ്ടു ഭരതമുനിപോ
ലും രണ്ടു പ്രാചീനാര്യാപദ്യങ്ങൾ ഉദ്ധരിക്കുന്നതിൽനിന്നുംമററും അദ്ദേഹ
ത്തിനുമുൻപുതന്നെ ആലങ്കാരികന്മാർ ജീവിച്ചിരുന്നുവെന്ന് അനുമാനിക്കാം
"ഏതച്ച രസാദിതാൽപര്യേണ കാവ്യനിബന്ധനം ഭരതാദാവപി സു

Digitized By Kerala Sahitya Akademi

സിദ്ധം" എന്ന ആനന്ദവർദ്ധനാചാര്യരും 'ചിരന്തനൈർഭരതമുനിപ്രഭൃതിഭിഃ' എന്ന് അഭിനവഗുപ്തപാദാചാര്യരും പ്രസ്താവിക്കുന്നതിൽനിന്നു ഭരതമുനിക്കു സാഹിത്യാചാര്യന്മാരുടെ ഇടയിലുള്ള 'പ്രണവഃ ഛന്ദസാമിവ' എന്നുതന്നെ പറയാവുന്ന സ്ഥാനം വ്യക്തമാകുന്നുണ്ട്.

നന്ദികേശ്വരൻ, കോഹലൻ, കാശ്യപൻ, വരരുചി, മേധാവി മുതലായ പല പ്രാചീനാലങ്കാരികന്മാരുടേയും കൃതികൾ നമുക്കു ലഭിച്ചിട്ടില്ല. ലോല്ലടൻ, ശങ്കുകൻ മുതലായ അനന്തരകാലികന്മാരെപ്പററിയും നമുക്കു പറയത്തക്ക ജ്ഞാനമില്ല. മാതൃഗുപ്താചാര്യർ നാട്യശാസ്ത്രത്തെ അധികരിച്ചു വിസ്തൃതമായ ഒരു ലക്ഷണഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതിൻെറ നാമധേയംപോലും നാം അറിയുന്നില്ല. ഭട്ടോൽഭടൻെറ ഭാമഹവിവരണം, ഭട്ടനായകൻെറ ഹൃദയദർപ്പണം മുതലായ പ്രമാണഗ്രന്ഥങ്ങൾ ഇനിയും കണ്ടുകിട്ടീട്ടില്ല. അഭിനവഗുപ്തൻെറ അഭിനവഭാരതി, ഭോജരാജാവിൻെറ ശൃംഗാരപ്രകാശം * ഈ രണ്ടു മഹാഗ്രന്ഥങ്ങളുടെ കൈയെഴുത്തുപ്രതികൾ കിട്ടീട്ടുണ്ടെങ്കിലും അവ ഇനിയും മുദ്രിതങ്ങളായിട്ടില്ല. ഇക്കൂട്ടത്തിൽ തിരുവിതാംകൂർ കാർത്തികതിരുനാൾ മഹാരാജാവിൻെറ ബാലരാമഭരതത്തേയും ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. ശൃംഗാരപ്രകാശത്തോളം വൈപുല്യമുള്ള ഒരു സാഹിത്യശാസ്ത്രഗ്രന്ഥം സംസ്കൃതത്തിൽ ഇല്ല.

ആനന്ദവർദ്ധനനെ അപേക്ഷിച്ചു ഭോജരാജാവു പ്രാക്തനനായിരുന്നു എന്നുള്ള മാരാരുടെ മതം അംഗീകാര്യമല്ല. വിദ്യാധരാദിസാഹിത്യാചാര്യന്മാർ ഏകാവലിയിലും മററും 'രാജാവ്' എന്നപദംകൊണ്ടുമാത്രം നിർദ്ദേശിക്കുന്ന സരസ്വതീകണ്ഠാഭരണത്തിൻേറയും, ശൃംഗാരപ്രകാശത്തിൻേറയും, നിർമ്മാതാവു ക്രി. പി. ൧൦൧൦ മുതൽ ൧൦൫൦ വരെ രാജ്യഭാരംചെയ്തിരുന്നതായി ചരിത്രം ഘോഷിക്കുന്ന ധാരാപതിയായ—'മുക്താഃ കേളിവിസൂത്രഹാരഗളിതൈഃ' ഇത്യാദിപദ്യത്തിൽ "ഭോജനൃപതേസ്തത്ത്യാഗലീലായിതം" എന്നു മമ്മടഭട്ടാചാര്യരാൽ പ്രശംസിക്കപ്പെട്ട ആ സാക്ഷാൽ ഭോജരാജാവുതന്നെയാണ്. ധ്വനികാരൻെറ ആറോളം കാരികകൾ സരസ്വതീകണ്ഠാഭരണത്തിൽ ഉദ്ധരിച്ചുകാണുന്നുണ്ട്. ഭോജൻ ഇന്നു അദൃഷ്ടമായ ഏതോ ഒരു പ്രമാണഗ്രന്ഥത്തെ മുൻനിറുത്തിയാണ് ഗുണദോഷാദികളെ വിഭജനംചെയ്തിട്ടുള്ളത്. ആ ഗ്രന്ഥംതന്നെയായിരുന്നു അഗ്നിപുരാണത്തിലേ അലങ്കാരാധ്യായകാരനും അവലംബം. ധ്വന്യാലോകത്തിലെ കാരികകളുടെ കർത്താവു വൃത്തികാരനായ ആനന്ദവർദ്ധനനല്ലെന്ന് അഭിനവഗുപ്തൻ വ്യക്തമായി ഉപന്യസിച്ചിട്ടുണ്ട്. ആ സംഗതി പീഠികയിൽ പ്രത്യേകം പ്രസ്താവിക്കേണ്ടതായിരുന്നു. അഭിനവഗുപ്തൻ ക്രി. പി. പതിനൊന്നാം ശതകത്തിൻെറ ആരംഭത്തിലത്രേ ജീവിച്ചിരുന്നത് "കാവ്യസ്യാത്മാ ധ്വനിരിതി ബുധൈര്യഃ സമാമ്നാതപൂർവ്വം" ഇത്യാദി കാരികയ്ക്കു ആനന്ദവർദ്ധനൻ "പരമ്പരയാ യഃസമാഖ്യാതം" എന്നും അഭിനവഗുപ്തൻ "അവിച്ഛിന്നേന പ്രവാഹേന തൈരേതദുക്തം, വിനാപി വിശിഷ്ടപുസ്തകേഷു വിവേചനാൽ." എന്നും വൃത്തിയും വ്യാഖ്യാനവും രചിച്ചിട്ടുള്ളതിനുപുറമേ ധ്വനികാരൻതന്നെ

* ഇതിൽ ഒരു ചെറിയ ഭാഗം മൈസൂറിൽനിന്നു പിന്നീടു മുദ്രിതമായിരിക്കുന്നു.

Digitized By Kerala Sahitya Akademi

"അസ്ഫുടസ്ഫുരിതം കാവ്യ-
തത്ത്വമേതദ്യഥോദിതം
അശക്നുവദ്ഭിർവ്യാകർത്തും
രീതയസ്സമ്പ്രവർത്തിതാഃ."

എന്നു പ്രസ്താവിച്ചിട്ടുള്ളതിൽനിന്ന് ധ്വനിക്കാരൻ ഒരു നവീനമതത്തിൻെറ ഉപജ്ഞാതാവാണെന്ന് അദ്ദേഹത്തിനോ വ്യാഖ്യാതാക്കൾക്കോ മുക്തകണ്ഠമായി ഘോഷിക്കണമെന്ന താൽപര്യമില്ലായിരുന്നു എന്നുകാണാം. എന്നാൽ ക്രി. പി. ഒൻപതാംശതകത്തിൻെറ അവസാനത്തിൽ ജീവിച്ചിരുന്ന അഭിധാവൃത്തിമാതൃകാകാരനായ മുകുളഭട്ടൻ ധ്വനികാരൻെറ പുതിയ പ്രസ്ഥാനത്തെ അധികരിച്ച് "ധ്വനേസ്സഹൃദയൈർന്നവീനതയോന്മേഷിതസ്യ വിദ്യത ഇതി ദിശമുന്മൂലയിതുമേവ മേത്രോക്തം. ഏതച്ചവിദ്വദ്ഭിഃ കശാഗ്രീയയാ ബുദ്ധ്യാ നിരൂപണീയം." എന്നു പറയുന്നതിൽനിന്ന് അക്കാലത്ത് ആ പ്രസ്ഥാനം സാഹിത്യക്ഷേത്രത്തിൽ രൂഢമൂലമായി കഴിഞ്ഞിരുന്നില്ല എന്ന് അനുമാനിക്കാവുന്നതാണ്. ധ്വനികാരൻെറ നാമധേയംതന്നെ ഇപ്പോൾ അവിജ്ഞാതമായിരിക്കുന്നു. പണ്ഡിതസാർവഭൗമനായ അഭിനവഗുപ്താചാര്യരുടെ ലോചനനിർമ്മിതിയോടുകൂടിയാണ് ധ്വന്യാലോകത്തിൻെറ പ്രശസ്തിക്കു പ്രതിഷ്ഠ ലഭിച്ചത്. "വിഭവാനുഭാവവ്യഭിചാരിസംയോഗാദ്രസനിഷ്പത്തിഃ." എന്ന അതിപ്രാചീനമായ ഭരതസൂത്രത്തിൽ അടങ്ങീട്ടുള്ള സാഹിത്യതത്വം എല്ലാ സാഹിത്യാചാര്യന്മാർക്കും ഏറെക്കുറെ സമ്മതമാണ്. രസനിഷ്പത്തിയുടെ സ്വരൂപത്തെപ്പററി നിരൂപണം ചെയ്യുമ്പോളാകുന്നു അവർതമ്മിൽ അഭിപ്രായവ്യത്യാസം ജനിക്കുന്നത്. വിഭാവം കാരണവും രസം ഉൽപാദ്യവുമാണെന്നു ഭട്ടലോല്ലടനും വിഭാവം അനുമാപകവും രസം അനുമാപ്യവുമാണെന്നു ശങ്കുകനും സ്ഥാപിക്കുവാൻ നോക്കി. ധ്വനികാരൻ ഇതുകൊണ്ടൊന്നും തൃപ്തനായില്ല. കാവ്യത്തിൻെറ ആത്മാവു വാമനാദിപൂർവ്വസൂരികൾ പ്രസ്താവിച്ചിട്ടുള്ളതുപോലെ രീതിയും മററുമല്ലെന്നും മഹാകവിവാക്യത്തിൽ പ്രതീയമാനമായി കാണുന്ന ധ്വനിയാണെന്നും അദ്ദേഹം സൂക്ഷ്മദൃഷ്ടികൊണ്ടു കണ്ടുപിടിച്ചു. ഭട്ടനായകൻ രസം ഭോജ്യവും സഹൃദയൻ ഭോജകനുമാണെന്നും മഹാകവിവാക്യത്തിനു ഭോജകത്വമെന്നൊരു വ്യാപാരമുണ്ടെന്നും വാദിച്ചു. "ഭോഗീകരണവ്യാപാരശ്ച കാവ്യാത്മകരസവിഷയോ ധ്വന്യാത്മൈവ." എന്നും "രസധ്വനിസ്തു തേനൈവാത്മതയാംഗീകൃതഃ." എന്നുംമററും ഉപപാദിച്ചു. അഭിനവഗുപ്തപാദൻ മുഖ്യാംശങ്ങളിൽ ഭട്ടനായകൻെറ മതം ധ്വനികാരന്റേതിൽനിന്നു ഭിന്നമല്ലെന്നു വിശദീകരിച്ചു. ക്രി: പി. പതിനൊന്നാംശതകത്തിൻെറ അവസാനത്തിൽ ജീവിച്ചിരുന്ന മഹിമഭട്ടൻ എല്ലാപ്രകാരത്തിലുമുള്ള ധ്വനിയും അനുമിതിയിൽ അന്തർഭവിച്ചതാണെന്നു തർക്കിക്കുകയും "അനുമാനസ്യ ച തദപേക്ഷയാ മഹാവിഷയത്വാൽ." എന്നുംമററും അതിനു പല യുക്തികൾ ചൂണ്ടിക്കാണിക്കുകയും ചെയ്തു എങ്കിലും

"പ്രാണഭൂതധ്വനേർവ്യക്തി-
രിതി സൈവ വിവേചിതാ
യത്രാന്യത്തത്ര വിമതിഃ
പ്രായോ നാസ്തീത്യുപേക്ഷിതം."

Digitized By Kerala Sahitya Akademi

"'കാവ്യസ്യാത്മനി രസാദിരൂപേ ന കസ്യചിദ്വിമതിഃ." ഇത്യാദി വാക്യങ്ങൾകൊണ്ടു "രസാദയോ ഹി ദ്വയോരപി തയോഃ(കാവ്യനാടകയോഃ)ജീവഭൂതാഃ." എന്ന് ആനന്ദവർദ്ധനൻ ഒളിവായും 'രസ ഏവ വസ്തുത ആത്മാ; വാസ്തവാലങ്കാരധ്വനീ സർവഥാ രസം പ്രതി പര്യവസ്യതഃ.'' എന്ന് അഭിനവഗുപ്തൻ തെളിവായും സമ്മതിക്കുന്ന രസത്തിന്റെ പാരമ്യത്തിൽ തനിക്കും വിപ്രതിപത്തിയില്ലെന്നു സൂചിപ്പിച്ചു. ഈ നിലയിൽ ഭോജരാജാവു ഭരതന്റെ രസനിഷ്പത്തിയെ മാത്രമേ കാര്യമായി കരുതിയുള്ളു.

'നിർദ്ദോഷം ഗുണവൽകാവ്യമലങ്കാരൈരലംകൃതം
രസാന്വിതം കവിഃ കുർവൻ കീർത്തിം പ്രീതിഞ്ച വിന്ദതി.'

'നവോർത്ഥഃ സൂക്തിരഗ്രാമ്യാ ശ്രവ്യോ ബന്ധഃ സ്ഫുടാ ശ്രുതിഃ
അലൌകികാർത്ഥയുക്തിശ്ച രസമാഹർത്തുമർഹതെ.'

'വക്രോക്തിശ്ച രസോക്തിശ്ച സ്വഭാവോക്തിശ്ച വാങ്മയീ;
സർവാനുഗ്രാഹിണീം താസു രസോക്തിം പ്രതിജാനതെ.'

ഇത്യാദിപദ്യങ്ങളിൽനിന്ന് അദ്ദേഹത്തിന്റെ ചാച്ച് ഈ വിഷയത്തിൽ കേവലം ഉപരിപ്ലവമായിരുന്നു എന്നു കാണാം. രസത്തിന്റെ നിഷ്പത്തി ഏതുവഴിക്കെങ്കിലുമാകട്ടെ; 'രസാന്വിതം' അതായതു രസത്തോടു നിത്യസംബന്ധമുള്ളത് ആയിരിക്കണം ഉത്തമകാവ്യം എന്നുമാത്രമേ അദ്ദേഹം നിഷ്കർഷിച്ചുള്ളു. മംഖുകന്റെ അലങ്കാരസർവസ്വവ്യാഖ്യയിൽ വിശിഷ്ടങ്ങളായുള്ള ശബ്ദാർത്ഥങ്ങളാകുന്ന കാവ്യം എന്നും ആ വൈശിഷ്ട്യം അലങ്കാരരൂപേണയോ, ഗുണരൂപേണയോ, ധർമ്മമുഖമായും, ഭണിതിവൈചിത്ര്യരൂപേണയോ, ഭോഗകൃത്ത്വരൂപേണയോ, വ്യാപാരമുഖമായും, വ്യംഗ്യമുഖമായും ഇങ്ങനെ അഞ്ചുപ്രകാരത്തിൽ വരാമെന്നും അവയിൽ ആദ്യത്തെ മതം ഉൽഭടാദികളും രണ്ടാമത്തേതു വാമനനും മൂന്നാമത്തേതു വക്രോക്തിജീവിതകാരനും നാലാമത്തേതു ഭട്ടനായകനും അഞ്ചാമത്തേത് ആനന്ദവർദ്ധനനും അംഗീകരിച്ചിട്ടുള്ളതാണെന്നും വ്യവച്ഛേദിച്ചുകാണുന്നു. ഭോജരാജാവ് ഈ പ്രസ്ഥാനങ്ങളിൽ ഒന്നിലും പെടുന്നില്ല; അവ്യവസ്ഥിതമായ ഒരു പദവിയിലാണ് അദ്ദേഹം നില്ക്കുന്നത്. എന്നാൽ അതുകൊണ്ടുമാത്രം ധ്വനികാരനെക്കാൾ അദ്ദേഹം പ്രാക്തനനാകണമെന്നില്ല.

വാമനന്റെ കാന്തിഗുണവും ധ്വനികാരന്റെ മതവും തമ്മിലുള്ള സംബന്ധം വിദൂരസ്ഥമാണ്. ദീപ്തരസത്വമാകുന്നു കാന്തി; ശൃംഗാരാദിരസങ്ങൾ യാതൊരു കാവ്യത്തിൽ ദീപ്തങ്ങളോ അതു കാന്തിമത്തായ കാവ്യം. ദീപ്തത എന്നാൽ വിഭാവാനുഭാവവ്യഭിചാരികളുടെ അഭിവ്യക്തിയാണെന്നു പറയുന്നതു കാവ്യാലങ്കാരസൂത്രവ്യാഖ്യാതാവായ കാമധേനുകാരനാണ്. അദ്ദേഹം ക്രി. പി. പതിനാലാംശതകത്തിനു മേലാണ് ജീവിച്ചിരുന്നതു് "സമഗ്രഗുണാ വൈദർഭീ." എന്നു വൈദർഭീരീതിയെ പ്രശംസിച്ച്

'സതി വക്തരി സത്യർത്ഥേ സതി ശബ്ദാനുശാസനേ
അസ്തി തന്ന വിനാ യേന പരിസ്രവതി വാങ്മധു.'

Digitized By Kerala Sahitya Akademi

ഇത്യാദി പ്രാകതനപദ്യങ്ങളം അതിന്റെ ഉൽകഷത്തിന് ഉദാഹരണമായി ഉദ്ധരിക്കുന്ന വാമനൻ "ഓജഃകാന്തിമതീ ഗൌഡീയാ." എന്നു ഗൌഡീരീതിക്കു നിർവ്വചനം ചെയ്തിരിക്കുന്നതിൽനിന്നു വ്യഞ്ജനാവ്യാപാരത്തെയല്ല ദീപ്തിപദഗ്രഹണംകൊണ്ടു് അദ്ദേഹം കാന്തിഗുണത്തെ നിരൂപണം ചെയ്യുന്ന അവസരത്തിൽ നിർദ്ദേശിക്കുന്നതെന്നു് ഊഹിക്കാം. കുന്തകന്റെ വക്രോക്തിജീവിതത്തിൽ നാലു് ഉന്മേഷങ്ങളേയുള്ളൂ.

അൎത്ഥാലങ്കാരപ്രകരണത്തിൽ ഗ്രന്ഥകാരൻ ഉപമേയോപമ സംഭാവ്യോക്തിയാണെന്നു സമ്മതിക്കുന്ന സ്ഥിതിക്കു് അനന്വയത്തെ അതിശയോക്തികോടിയിൽ പരിഗണിക്കണമെന്നു സിദ്ധാന്തിക്കുന്നതിന്റെ ഉപപത്തി വ്യക്തമാകുന്നില്ല. കാവ്യാലങ്കാരടിപ്പണിയിൽ നാമിസാധു "നനു യദ്യത്ര സ്യാത്രാന്മാഭാവസ്തൽകഥമൌപമ്യലക്ഷണമുപമാലക്ഷണം വാ ഘടതേ നൈഷ ദോഷഃ; യതോനന്യസമത്ഥം ലക്ഷണം വസ്തുനസ്സമ്യക് സ്വരൂപപ്രതിപാദനം വസ്ത്വന്തരാഭിധാനം വിനാ ന ഘടതേ; തദഭിധാനേ ചാനന്വയത്വം ദുർഘടമിതി കൃതൈകമേവ വസ്തൂപമാനോപമേതയാപി ഭിദ്യതേ അതഃ സാമാന്യബാഹ്യലക്ഷണമുപമാലക്ഷണഞ്ചാസ്തി." എന്നു രുദ്രടൻ അനന്വയത്തെ സാമ്യോക്ത്യലംകാരങ്ങളുടെ കൂട്ടത്തിൽ പഠിച്ചിരിക്കുന്നതിന്റെ രഹസ്യം സമഞ്ജസമായി വിശദീകരിച്ചിരിക്കുന്നതു് ഈ അവസരത്തിൽ സ്മരണീയമാകുന്നു. അനന്വയം അതിശയോക്തിയാണെങ്കിൽ ഉപമയും അതിശയോക്തിയാകുവാനെന്താണു് വിരോധം?

'അഖണ്ഡമണ്ഡലഃ കേന്ദുഃ? ക്വ കാന്താമുഖമദ്യുതിഃ?
യൽകിഞ്ചിൽ കാന്തിസാമാന്യാച് ഛശിനൈവോപമീയതേ.'

എന്നു് ആചാര്യദണ്ഡിയും ഭാമഹനും ഘോഷിക്കുന്നില്ലേ? അനന്വയംതന്നെ അന്വയപ്രതിബന്ധിയാകയാലും അന്വയം സാദൃശ്യോത്ഥമാകയാലും പര്യ്യാജ്യതേന എങ്കിലും സാദൃശ്യവിജ്ഞാനത്തിനു പ്രവേശം നൽകാതെ ഈ അലങ്കാരത്തിന് ആത്മലാഭമില്ലെന്നുമാത്രമെങ്കിലും സമ്മതിച്ചേ മതിയാകൂ.

അതിശയോക്തി എല്ലാ അലങ്കാരങ്ങളേയും സ്പർശിക്കുമെന്നാണു് ചില ആലങ്കാരികന്മാരുടെ മതം.

'തത്രാതിശയോക്തിര്യമലങ്കാരമധിതിഷ്ഠതി കവിപ്രതിഭാവശാൽ തസ്യ ചാരുത്വാതിശയയോഗഃ; അന്യസ്യ ത്വലങ്കാരമാത്രതൈവേതി സർവ്വാലങ്കാരശരീരസ്വീകരണയോഗ്യത്വേനാഭേദോപചാരാൽ സൈവ സർവ്വാലങ്കാരരൂപാ.' എന്നു് ആനന്ദവൎദ്ധനൻ.

"ഇത്യേവമാദിരുദിതാ ഗുണാതിശയയോഗതഃ
സർവ്വൈവാതിശയോക്തിസ്തു തർക്കയേത്താം യഥാഗമം;
സൈഷാ സർവ്വൈവ വക്രോക്തിരനയാർത്ഥോ വിഭാവ്യതേ;
യത്നോസ്യാം കവിനാ കാര്യ്യഃ; കോലങ്കാരസ്തയാ വിനാ?"

എന്നു് അതിനു വളരെ മുമ്പുതന്നെ ഭാമഹനും പ്രസ്താവിക്കുന്നുണ്ടു്. സ്വഭാവോക്തിക്കു് അലങ്കാരപംക്തിയിൽ സ്ഥാനമില്ലെന്നുള്ള മാരാരുടെ മതം ഭാ

Digitized By Kerala Sahitya Akademi

മഹനേയും കന്തകനേയും പിൻതുടൻന്നുള്ളതാണ്. വാസ്തവോക്തിക്ക് ആദ്യമായി പ്രാധാന്യം നൽകിയത് ആചാര്യദണ്ഡിയാകുന്നു.

"നാനാവസ്ഥം പദാർത്ഥാനാം രൂപം സാക്ഷാദ്വിവൃണ്വതി
സ്വഭാവോക്തിശ്ച ജാതിശ്ചേത്യാദ്യാ സാലങ്കൃതിര്യഥാ... '
ജാതിക്രിയാഗുണദ്രവ്യസ്വഭാവാഖ്യാനമീദൃശം
ശാസ്ത്രേഷ്വസ്യൈവ സാമ്രാജ്യം കാവ്യേഷ്വപ്യേതദീപ്സിതം."

ഈ പദ്യങ്ങളിൽ ആ ആചാര്യൻ സ്വഭാവോക്തി ആദ്യമായുള്ള അലങ്കാരമാണെന്നും അതിനു കാവ്യത്തിലും പ്രസക്തിയുണ്ടെന്നും സ്ഥാപിക്കുന്നു. ഇതു സാധാരണമായ വാസ്തവോക്തി മാത്രമല്ലെന്ന് അദ്ദേഹം തന്നെ ഉദാഹരിച്ചിരിക്കുന്നു.

കേളകപ്വണിതഗർഭേണ കണ്ഠേനാഘൂർണ്ണിതേക്ഷണഃ
പാരാവതഃ പരിക്ഷിപ്യ രിരംസുശ്ചുംബതി പ്രിയാം.'

'കണ്ഠേകാളഃ കരസ്ഥേന കപാലേനേന്ദുശേഖരഃ
ജടാഭിഃ സ്നിഗ്ദ്ധതാമ്രാഭിരാവിരാസീദ്വൃഷധ്വജഃ.'

ഇത്യാദി പദ്യങ്ങളെ

"ദീർഘപുച്ഛശ്ചതുഷ്പാദഃ കകുദ്മാല്ലംബകംബളഃ
ഗോരപത്യം ബലീവർദസ്തൃണമത്തി മുഖേന സഃ."

എന്ന പദ്യത്തിൽനിന്നു വ്യാവർത്തിക്കുവാൻ ഏതു സഹൃദയനും കഴിവുള്ളതാണു്. വിവേചനപുരസ്സരമല്ലാതെ വ്യാമിശ്രമായ വസ്തുതത്ത്വകഥനമല്ല വാസ്തവോക്തി.

ദണ്ഡിക്കുതന്നെ അതിശയോക്തിയെപ്പററി വലിയ കാര്യമായിരുന്നു എന്നുള്ളതിന്

"അലങ്കാരാന്തരാണാമപ്യേകമാഹുഃ പരായണം
വാഗീശമഹിമാമുക്താമിമാതിശയാന്വിതാം;
കസ്യാപ്യതിശയസ്യോക്തിരിത്യന്വർത്ഥവിചാരണാൽ
പ്രായേണാമീ അലങ്കാരാ ഭിന്നാ നാതിശയോക്തിതഃ."

ഇത്യാദി പദ്യങ്ങൾ ജ്ഞാപകങ്ങളാണ്. പക്ഷേ, പ്രായേണഗ്രഹണത്താൽ ഈ ആചാര്യൻ സ്വഭാവോക്തിയെ പരിരക്ഷിക്കുന്നുണ്ട്. ഈ പ്രായേണ ഗ്രഹണം 'താം വിനാ പ്രായേണാലങ്കാരതായോഗാൽ.' എന്ന വാക്യത്തിൽ മമ്മടഭട്ടനും അനുഷ്ഠിച്ചു കാണുന്നുണ്ട്. അതിശയോക്തിക്കു തുല്യമായ ഒന്നല്ല സ്വഭാവോക്തിയെങ്കിലും അതും അലങ്കാരമല്ലെന്നു പറവാൻ നിവൃത്തിയില്ല. 'ഭാവങ്ങൾ' എന്ന പുസ്തകത്തിൽനിന്നു മാരാർ ഉദ്ധരിച്ചിരിക്കുന്ന ഖണ്ഡിക സാധാരണസ്വഭാവവർണ്ണനമാണ്; അവിടെ അലങ്കാരത്വപ്രസക്തിയില്ല.

Digitized By Kerala Sahitya Akademi

'ഗാഹന്താം മഹിഷാ നിപാനസലിലം
ശൃംഗൈർമുഹുസ്താഡിതം'

ഇത്യാദി ശാകുന്തളപദ്യത്തിലും മററും കാണുന്ന സ്വഭാവോക്തി അസാധാരണമാകുന്നു. അതു ലോകസിദ്ധമാണെങ്കിലും കവി പ്രതിഭയാൽ മാത്രം അറിയത്തക്കതാകയാൽ അലൌകികമായി—അ യത്തു ലോകാതിക്രാന്തഗോചരമായി—തോന്നുന്നു എന്നു നാഗേശഭട്ടമ ശയൻ ഉപന്യസിക്കുന്നു. ആനന്ദവർദ്ധനൻ അതിശയോക്തിനിഷ്യ ന്ദം വർണ്ണിക്കുന്ന കവിപ്രതിഭോൽപന്നമായ ചാരുതാതിശയയോഗം ന ഭാവോക്തിയിലുമുണ്ട്. സ്വഭാവോക്തി അലങ്കാരമല്ലെങ്കിൽ ഗുണമ മോ? ഗുണമാണെങ്കിൽ ഏതു ഗുണം? അതു വൈദർഭീരീതിയിൽ മാ ത്രമേ കാണുകയുള്ളുവോ, അതോ ഗൌഡിയിലും കാണുമോ? അചലസ്ഥി തികൾ എന്നു മമ്മടഭട്ടൻ പ്രശംസിക്കുന്ന ഗുണങ്ങൾക്കു കാവ്യാത്മാവുമാ യുള്ള സംബന്ധം നിത്യമല്ലയോ? 'ഉപകുർവ്വന്തി തം സന്തമംഗദ്വാരേണ ജാ ചിൽ ഹാരാദിവദലങ്കാരാഃ.' എന്ന നിർവ്വചനമനുസരിച്ചു നോക്കുമ്പോൾ അ ലങ്കാരമദ്ധ്യത്തിൽ ഒരു സ്ഥാനത്തിനല്ലയോ സ്വഭാവോക്തിക്കു കൂടുതൽ അ ർഹതയുള്ളതു്? ഈ വക സംഗതികൾ പ്രകൃതത്തിൽ പര്യാലോചനയ്ക്കു വിഷയീഭവിക്കേണ്ടതാണു്

ദോഷപ്രകരണത്തിൽ വേണീസംഹാരത്തിലെ സുപ്രസിദ്ധമായ

"ചത്വാരോ വയമൃത്വിജസ്സ ഭഗവാൻ കർമ്മോപദേഷ്ടാ ഹരിഃ;
സംഗ്രാമാധ്വരദീക്ഷിതോ നരപതിഃ; പത്നീ ഗൃഹീതവ്രതാ;
കൌരവ്യാഃ പശവഃ; പ്രിയാപരിഭവക്ലേശോപശാന്തിഃ ഫലം;
രാജന്യോപനിമന്ത്രണായ രസതി സ്ഫീതം യശോദുന്ദുഭിഃ."

എന്ന പദ്യത്തിനു കിളിമാനൂർ രാമവർമ്മകോയിത്തമ്പുരാൻ രചിച്ചിട്ടുള്ള ഭാഷാ ജ്ജിമയാണു് പ്രൊഫെസർ കോയിത്തമ്പുരാൻ അനുചിതാർത്ഥത്തിനു് ഉ ദാഹരണമായി ഉദ്ധരിച്ചു് "ഇവിടെ യുദ്ധത്തെ അദ്ധ്വരമാക്കാനുള്ള സന്ദ ർഭത്തിൽ വീരന്മാരായ കൌരവന്മാരെ പശുക്കളാക്കിയതു് അനുചിതം; പ ശബ്ദം ഭീരുത്വത്തെ ദ്യോതിപ്പിക്കുന്നു; എതിർക്കുന്നവരെ അല്ലാതെ ഭീരു ക്കളെ വധിക്കുന്നതു വീരധർമ്മമല്ല; 'മാലേയം' എന്ന കൌരവവിശേഷണം ഉ ള്ളതാണൌചിത്യത്തെ പ്രബലപ്പെടുത്തുകയും ചെയ്യുന്നു.' എന്നു് ഉപന്യസി ച്ചിരിക്കുന്നതു്. മാരാർ 'മാലേയം' എന്നതു മൂലത്തിലില്ലെന്നും 'പ്രിയാപരി ഭവക്ലേശോപശാന്തിഃ ഫലം.' എന്ന ഭാഗം തർജ്ജിമയിൽ വിട്ടുകളഞ്ഞതി ലാണു് ഭാഷാന്തരം ഇത്ര വികൃതമായതെന്നും പ്രസ്താവിക്കുന്നതിൽ ഞാൻ പൂ ർണ്ണമായി യോജിക്കുന്നു. വാസ്തവത്തിൽ ഈ ശ്ലോകത്തിൽ യാതൊരു ദോ ഷവും സഹൃദയവേദ്യമല്ല. മമ്മടഭട്ടൻ ഇതു് അഭവന്മതയോഗത്തിനു് ഉ ദാഹരണമായി മാത്രമേ സ്വീകരിക്കുന്നുള്ളു. 'അത്ര അധ്വരശബ്ദസ്സമാസേ ഗുണീഭൂത ഇതി ന തദർത്ഥഃ സർവ്വൈഃ സംയുജ്യതേ' എന്നേ അദ്ദേഹത്തിനു് ഇ തിൽ ആക്ഷേപമുള്ളു. ഭീമസേനൻ കൌരവ്യരെ പശുക്കളെന്നു പറ ഞ്ഞതും മററും ഭാരതയുദ്ധം ഒരു യജ്ഞതുല്യമായ കർമ്മമാണെന്നു വരുത്താ ൻ വേണ്ടിയാണെന്നുകൂടി ഈ പദ്യത്തിന്റെ രസം വീരമാണെന്നു വാദിക്കുന്ന വർക്കു വേണമെങ്കിൽ പറയാം.

Digitized By Kerala Sahitya Akademi

"ദിവാകരാദ്രക്ഷതി യോ ഗുഹാസു ലീനം ദിവാഭീതമിവാന്ധകാരം
ക്ഷുദ്രേപി നൂനം ശരണം പ്രപന്നേ മമത്വമുച്ചൈശ്ശിരസാം സതീവ."

എന്ന കുമാരസംഭവപദ്യത്തിൽ വിശ്വനാഥകവിരാജൻ, ഹേമചന്ദ്രസൂരി മുതലായി പലരും ദോഷോൽഭാവനം ചെയ്തിട്ടുണ്ട്. അനൗചിത്യസമർത്ഥനം എന്ന കുററമാണ് അവർ ഇതിൽ കണ്ടുപിടിക്കുവാൻ നോക്കുന്നത്. വാസ്തവത്തിൽ ക്ഷോദക്ഷമമായ ഈ പദ്യത്തിൽ യാതൊര് അസ്വാരസ്യവും എത്രമേൽ അനുസന്ധാനം ചെയ്താലും ജനിക്കുന്നതല്ല. അരുണഗിരിനാഥൻ ഈ ശ്ലോകം വ്യാഖ്യാനിക്കുമ്പോൾ മേൽപറഞ്ഞ ആക്ഷേപം അനൗചിത്യമാണെന്നും "യതഃ പരിത്രാണം വക്തും പ്രകൃതം; തത്ര ഹേതുത്വേന കേവലം ഭീതിരസം ഭാവിനി സംഭാവ്യതേ; പരിത്രാണഞ്ച നാസംഭവി; തദപി നാമ ബാധകനിവാരണം; ബാധകശ്ചാത്ര തമസോക്കാലോകഃ; സ ചാപ്യവധീയതേസ്യ പാതാളകുക്ഷിഗർഭാദിർഗ്ഗുഹാദിരിതി." എന്നു സമഞ്ജസമായി കവിവാക്യത്തിന്റെ ഔചിത്യം വിശദീകരിച്ചിട്ടുണ്ടെന്നും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

കുന്തകൻ

'അലങ്കാരസ്യ കവയോ യത്രാലങ്കരണാന്തരം
അസന്തുഷ്ടാ നിബധ്നന്തി ഹാരാദേർമണിബന്ധവൽ.'

എന്ന ശ്ലോകത്തിൽ സൂചിപ്പിക്കുന്ന സാഹിത്യരഹസ്യവും ഈ ഘട്ടത്തിൽ ഓർമ്മിക്കത്തക്കതാണ്. ആശ്രിതസംരക്ഷണമാണ് ഇവിടെ വക്തവ്യം; അതിന് ഉത്തരാർദ്ധത്തിലെ അർത്ഥാന്തരന്യാസം സർവ്വഥാ പോഷകമായിരിക്കുന്നു. "കഃ കഃ കുത്ര ന ഘുർഘുരായിതഘുരീ ഘോരോ ഘുരേൽ സൂകരഃ?" ഇത്യാദി പദ്യത്തിൽ പതൽപ്രകർഷമെന്ന കാവ്യദോഷം ഉൽഭാവനം ചെയ്ത മമ്മടഭട്ടാദികളെ അഭിനന്ദിക്കുവാൻ പ്രയാസമുണ്ട്. കാവ്യപ്രദീപത്തിൽ ഗോവിന്ദഠക്കരന 'രസാനുഗുണതയാ തൽപാദോപി ന ദോഷഃ' എന്ന വാർത്തികംപോലെ ഒരു വിമർശം ഈ ഭാഗം വ്യാഖ്യാനിക്കുമ്പോൾ ചേർത്തുകാണുന്നതിൽ നിന്ന് അദ്ദേഹത്തിനു തന്നെ മമ്മടന്റെ ദോഷോൽഭാവനം അനഭിമതമായിരുന്നു എന്നൂഹിക്കാവുന്നതാണ്.

'രാമമന്മഥശരേണ താഡിതാ ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ ജീവിതേശവസതിം ജഗാമ സാ.'

എന്ന രഘുവംശപദ്യത്തിലെ പ്രകൃതമായ ബീഭത്സരസത്തിനു വിരുദ്ധമായ ശൃംഗാരരസത്തിന്റെ വ്യക്തിക്ക് എന്തെല്ലാം ഉപപത്തി നാം കണ്ടുപിടിച്ചാലും ആ ശ്ലോകം വിമർദ്ദഹൃദ്യമാണെന്നു തോന്നുന്നില്ല. യാഥാർത്ഥ്യം നോക്കുകയാണെങ്കിൽ ശ്ലേഷത്തിൽ ലവലേശം ഭ്രമമില്ലാത്ത കാളിദാസനുപോലും ഇവിടെ സ്വല്പമൊരു ധർമ്മഭ്രംശം വന്നുപോകുകയും തിന്നമിത്തം അദ്ദേഹം 'ജീവിതേശൻ' കാണിച്ചുകൊടുത്ത കാന്താരത്തിൽ ചംക്രമണം ചെയ്യുന്നതിന് ഇടവരികയും ചെയ്തു എന്നാണ് എന്റെ വിനീതമായ അഭിപ്രായം.

Digitized By Kerala Sahitya Akademi

മമ്മടഭട്ടനും അദ്ദേഹത്തിന്റെ സഹപ്രവൎത്തകനായ അല്ലടനും ഒരു മാതിരി ദോഷൈകദൃക്കുകളായിരുന്നു എന്നുള്ളതിനു സംശയമില്ല. കുമാരസംഭവത്തിൽ ദേവേന്ദ്രൻ മന്മഥനെ ശ്രീപരമേശ്വരനോടു യുദ്ധത്തിനായി പറഞ്ഞയയ്ക്കുന്ന ഘട്ടത്തിലെ ഓജഃപ്രധാനമായ ഒരു പദ്യത്തിലും മമ്മടൻ ദോഷം കണ്ടുപിടിക്കാതെ വിട്ടിട്ടില്ല.

"തൽ ഗച്ഛ സിദ്ധ്യൈ കുരു ദേവകാൎയ്യ-
മൎത്ഥോയമൎത്ഥാന്തരലഭ്യ ഏവ;
അപേക്ഷതേ പ്രത്യയമംഗലബ്ധ്യൈ
ബീജാങ്കുരഃ പ്രാഗുദയാദിവാംഭഃ.'

എന്ന ആ പദ്യത്തിൽ 'ദ്ധ്യൈ' 'ബ്ധ്യൈ'—ഈ വൎണ്ണങ്ങൾ കടുക്കളെന്നാണ് ആചാൎയ്യന്റെ ആക്ഷേപം. അതെ, അവ കടുക്കൾതന്നെ പക്ഷേ പ്രയോജനരഹിതമല്ല അവയുടെ പ്രയോഗം. കാവ്യപ്രകാശത്തിലെ ദോഷോൽഭാവനങ്ങൾ മാരാക്കു മുൻപും പലക്കും അരോചകമായിത്തോന്നീട്ടുണ്ട്. അമരുകശതകത്തിലെ

'ലീലാതാമരസാഹതോന്യവനിതാനിശ്ശങ്കദഷ്ടാധരഃ
പ്രേയാൻ കേസരദൂഷിതേക്ഷണ ഇവ വ്യാമീല്യ നേത്രേ സ്ഥിതഃ
കാന്താ കട്മളിതാനനേന ദധതീ വായും സ്ഥിതാ തത്ര സാ
ഭ്രാന്ത്യാ ധൂൎത്തതയാ തദാ നതിമൃതേ തേനാനിശം ചുംബിതാ.'

എന്ന പദ്യത്തിൽ 'അത്ര വായുശബ്ദോ വ്രീഡാദിവ്യഞ്ജകഃ' എന്നൊരാക്ഷേപം ആചാൎയ്യൻ പുറപ്പെടുവിച്ചതിനു അമരുകവ്യാഖ്യാതാവായ അൎജ്ജുനവൎമ്മാവു 'കിന്തു ഗൂഢൈകമയീവരലബ്ധപ്രസാദൌ കാവ്യപ്രകാശകാരൌ പ്രായേണ ദോഷദൃഷ്ടീ; യേനൈവംവിധേഷ്വപി പരമാൎത്ഥസഹൃദയാനന്ദപദേഷു രസകവിസന്ദൎഭേഷു ദോഷമേവ സാക്ഷാദകുരുതാം.' എന്നു തന്റെ വൈരസ്യത്തെ പ്രദൎശിപ്പിച്ചിട്ടുള്ളതു നോക്കുക. പക്ഷേ 'ദധതീ വായും' എന്ന പ്രയോഗത്തിനു പ്രകൃതപദ്യത്തിൽ ആചാൎയ്യൻ കാണുന്ന ആക്ഷേപം സഹൃദയവേദ്യമെന്നാണ് എനിക്കു തോന്നുന്നത്.

ഭരതാദികൾ അംഗീകരിച്ചുവന്ന ദശഗുണങ്ങളെ ധ്വനികാരൻ പ്രസാദം, മാധുൎയ്യം, ഓജസ്സ്, എന്നു മൂന്നാക്കിച്ചുരുക്കിയതു ശരിയല്ലെന്നുള്ള പക്ഷക്കാരനാണ് മാരാർ. ദശഗുണങ്ങളെ ഗതാനുഗതികന്യായേന സ്വീകരിച്ച ഭാമഹൻപോലും ഒരു സന്ദൎഭത്തിൽ താൻ ത്രിഗുണതൃഷ്ണനാണെന്നു സൂചിപ്പിക്കുന്നുണ്ട്. 'രീതിരാത്മാ കാവ്യസ്യ; വിശിഷ്ടപദരചനാ രീതിഃ; വിശേഷോ ഗുണാത്മാ.' ഈ മൂന്നു സൂത്രങ്ങളിൽനിന്നു ഗുണങ്ങൾക്കു എത്ര പ്രധാനമായ ഒരു സ്ഥാനമാണ് വാമനൻ കല്പിച്ചിട്ടുള്ളതെന്നു കാണാം. അദ്ദേഹത്തിനു ശബ്ദഗുണങ്ങളും അൎത്ഥഗുണങ്ങളും പ്രത്യേകം പപ്പത്തായി; ഭോജപ്രഭൃതികൾക്ക് അതുകൊണ്ടും തൃപ്തി വന്നില്ല. ധ്വന്യധ്വനീനന്മാക്കു ഗുണം ഒരു വലിയ കാൎയ്യമല്ല. അതുകൊണ്ടാണ് ധ്വനികാരൻ

'തമൎത്ഥമവലംബന്തേ യേംഗിനം തേ ഗുണാഃ സ്മൃതാഃ.'

എന്ന് ഉപന്യസിച്ചിട്ടു മാധുൎയ്യം, ഓജസ്സ്, പ്രസാദം ഈ മൂന്നു ഗു

Digitized By Kerala Sahitya Akademi

ണങ്ങളെ മാത്രം ഗ്രഹിക്കുന്നതു്. മാധുര്യം ഹൃദയദ്രുതിയേയും, ഓജസ്സ് ഹൃദയവിസ്തൃതിയേയും, പ്രസാദം ഹൃദയവികാസത്തേയും ജനിപ്പിക്കുന്നു. ഈ മൂന്നു വ്യാപാരങ്ങളിൽ ഒന്നിനല്ലാതെ ഗുണം അധികാരിയല്ലെന്നുള്ള ഭട്ടനായകന്റെ മതത്തേയാകുന്നു ധ്വനികാരൻ അനുസരിക്കുന്നതു്. എന്തുകൊണ്ടു ദശഗുണങ്ങൾ സ്വീകാര്യങ്ങളല്ലെന്നും ത്രിഗുണങ്ങൾ മാത്രമേ അംഗീകരിക്കേണ്ട ആവശ്യമുള്ളു എന്നും മമ്മടഭട്ടൻ വിശദമായി ഉപന്യസിച്ചിട്ടുണ്ടു്.

'മാധുര്യൌജഃപ്രസാദാഖ്യാ–സ്ത്രയസ്തേ ന പുനർദശ.'

എന്നു് ഈ വിഷയത്തിൽ അദ്ദേഹം ഖണ്ഡിതമായിത്തന്നെയാണു് സ്വാഭിപ്രായം സ്ഥാപിച്ചിരിക്കുന്നതു്.

'കേചിദന്തർഭവന്ത്യേഷു; ദോഷത്യാഗാൽ പരേ ശ്രിതാഃ;
അന്യേ ഭജന്തി ദോഷത്വം; കുത്രചിന്ന തയോർദശ.'

എന്നും മറ്റും അദ്ദേഹം അതിനുള്ള കാരണങ്ങളേയും ഉപപാദിക്കുന്നുണ്ടു്. നാഗേശഭട്ടൻ ഉദ്യോതത്തിൽ 'യതസ്സാമാജികാനാം നവരസജന്യാസ്തിസ്രോവസ്ഥാഃ; ദ്രുതിർവിസ്താരോ വികാസശ്ചേതി; തത്ര ശൃംഗാരകരുണശാന്തേഭ്യോ ദ്രുതിശ്ചിത്തസ്യ; വീരരൌദ്രബീഭത്സേഭ്യോ വിസ്താരസ്തസ്യ; ഹാസ്യാത്ഭുതഭയാനകേഭ്യോ വികാസഇതി." എന്നു് ഈ തത്വം പ്രപഞ്ചനം ചെയ്തിരിക്കുന്നതു വിസ്മരണീയമല്ല. ദശഗുണങ്ങളെക്കൊണ്ടു വാമനപ്രഭൃതികൾ പല സാഹിത്യമർമ്മങ്ങളേയും സ്പർശിച്ചിരിക്കാം; അതിലധികം സാഹിത്യമർമ്മങ്ങളെ തന്റെ ഇരുപത്തിനാലു ഗുണങ്ങളെക്കൊണ്ടു ഭോജരാജാവും സ്പർശിച്ചിരിക്കാം. അതിൽനിന്നൊന്നും 'ന പുനർദ്ദശ' എന്ന മമ്മടമതം അബദ്ധമെന്നു വരുന്നില്ല.

'ഗുണീഭൂതവ്യങ്ഗ്യം' എന്നൊരു കാവ്യവിഭാഗം ആവശ്യമില്ലെന്നും മറ്റാക്കു പക്ഷമുണ്ടു്.

'അർത്ഥഃ സഹൃദയശ്ലാഘ്യഃ കാവ്യാത്മാ യോ വ്യവസ്ഥിതഃ
വാച്യപ്രതീയമാനാഖ്യൌ തസ്യ ഭേദാവുഭൌ സ്മൃതൌ.'

എന്ന ധ്വനികാരമതം അങ്ഗീകാര്യമാണെങ്കിൽ 'ഗുണീഭൂതവ്യങ്ഗ്യം' ഉണ്ടെന്നു സമ്മതിക്കുകയേ തരമുള്ളു. നേരേമറിച്ചു വ്യഞ്ജനാവ്യാപാരമെന്നൊന്നില്ലെന്നു വാദിക്കുന്നവക്കു് ഇങ്ങനെയൊരു വിഭാഗം ആവശ്യമില്ലായിരിക്കാം. ധ്വനികാരൻ

"പ്രധാനഗുണഭാവാഭ്യാം വ്യംഗ്യസ്യൈവം വ്യവസ്ഥിതേ
കാവ്യേ ഉഭേ, തതോന്യദ്യത്തച്ചിത്രമഭിധീയതേ."

എന്ന പദ്യത്തിൽ ചിത്രകാവ്യത്തേയും കാവ്യത്വേന പരിഗണിക്കുന്നുണ്ടു്. എന്നാൽ ആനന്ദവർദ്ധനനു് അതു് അത്ര സമ്മതമല്ലെന്നു 'യതോ സദ്രസഭാവാദിതാൽപര്യരഹിതം വ്യംഗ്യാർത്ഥവിശേഷപ്രകാശനശക്തിശൂന്യം ച കാവ്യം കേവലവാച്യവാചകവൈചിത്ര്യമാത്രാശ്രയേണോപനിബദ്ധമാലേഖ്യപ്രഖ്യം യദാഭാസതേ തച്ചിത്രം; ന തന്മുഖ്യം കാവ്യം; കാവ്യാനുകാരോഹ്യ

Digitized By Kerala Sahitya Akademi

സൌ.' എന്നു സ്വാഭിപ്രായപ്രകടനം ചെയ്തിരിക്കുന്നതിൽനിന്നു കാണാം. ബ്ദചിത്രം വാച്യചിത്രമവ്യംഗ്യമാപരം സ്മൃതം' എന്ന കാരികയിൽ ഇ തന്നെത്തന്നെ മമ്മടഭട്ടനും അംഗീകരിക്കുന്നു. വിശ്വനാഥനാകട്ടെ 'കാ ധ്വനിർഗ്ഗുണീഭൂതവ്യംഗ്യം ചേതി ദ്വിധാ മതം' എന്ന കാരികയിലും 'ഭേ ത്തൃതീയം കാവ്യഭേദമിച്ഛന്തി......തന്ന; യദിഹ അവ്യംഗ്യത്വേന വ്യംഗ്യ വസ്തുദാ തസ്യ കാവ്യത്വമിതിചേൽ തസ്യ കാവ്യത്വമപിനാസ്തീതി പ്ര വോക്തം. ഈഷദ്വ്യംഗ്യത്വമിതിചേൽ കിന്നാമേഷദ്വ്യംഗ്യത്വം? അ സ്വാദ്യവ്യംഗ്യത്വം വാ? ആദ്യേ പ്രാചീനഭേദയോരേവാന്തഃപാതഃ; ദ്വിതീ ത്വകാവ്യത്വം.' എന്ന വാക്യങ്ങളിലും കാവ്യം ധ്വനി, ഗുണീഭൂതവ്യംഗ്യം ങ്ങനെ രണ്ടുമാതിരിയേ ഉള്ളു എന്നു സ്ഥാപിച്ചിരിക്കുന്നു. ഗുണീഭൂതവ്യം ചിത്രംപോലെ തിരസ്കാര്യമല്ല എന്നുള്ളതു നിസ്സംശയമാണ്;അതിനു ധ്വ കാവ്യത്തിന്റെ അദ്ധ്യാസനഭാക്കാകുവാനുള്ള യോഗ്യതയുമില്ല. സകല ഹൃദയസംവേദനസാക്ഷികമാകുന്ന സഹജമായി അവയ്ക്കുതമ്മിലുള്ള വ്യ സം. 'അനുഭവ ഏവ സാക്ഷീ' എന്നു ഗോവിന്ദഠക്കുരൻ പ്രദീപത്തിൽ ത്വം മുക്തകണ്ഠമായി ഘോഷിക്കുന്നുണ്ട്. സാഹിത്യഭൂഷണത്തിൽ ; രിച്ചിട്ടുള്ള 'കുന്തളാവലി വിയത്തു' ഇത്യാദിപദ്യം ആനന്ദവദ്ധനൻ ആ കത്തിൽ ഉദ്ധരിച്ച

'ദുരാരാധാ രാധാ സുഭഗ! തദനേനാപി മൃജത-
സ്തവൈതൽ പ്രാണേശാജഘനവസനേനാശ്രു പതിതം;
കഠോരം സ്ത്രീചേതസ്തദലമുപചാരൈർവിരമ ഹേ
ക്രിയാൽ കല്യാണം വോ ഹരിരനുനയേഷ്വേവമുദിതഃ.'

എന്ന പദ്യത്തിനു തുല്യമാണ്- ഈമാതിരി സന്ദർഭങ്ങളിൽ ധ്വനികാര

'പ്രകാരോയം ഗുണീഭൂതവ്യംഗ്യോപി ധ്വനിരൂപതാം
ധത്തേ രസാദിതാൽപര്യപര്യാലോചനയാ പുനഃ.'

എന്നുപന്യസിച്ചു തന്റെ സാർവ്വോൽകൃഷ്ടമായ സാഹിത്യമാർമ്മികതയെ ശദീകരിച്ചിരിക്കുന്നു. ആ കാരികയെ ആനന്ദവദ്ധനൻ 'ഗുണീഭൂതവ്യംഗ്യേ പി കാവ്യപ്രകാരേ രസഭാവാദിതാൽപര്യപര്യാലോചനേന പുനർ നിരേവ സമ്പദ്യതേ.' എന്നു വ്യാഖ്യാനിക്കുന്നു. ആകെക്കൂട്ടിനോക്കുമ്പോൾ ണീഭൂതവ്യംഗ്യം അനാവശ്യകമാണെന്നുള്ള മതം നിലനിറുത്തിക്കൊള്ളുവ ക്ലേശമുണ്ട്. ഉച്ചനീചത്വങ്ങൾ ലോകത്തിലെന്നപോലെ സാഹിത്യ ലും സ്ഫുരിക്കുകതന്നെ ചെയ്യുന്നു.

ഇനി ഒരുസംഗതി എനിക്കു പറവാനുള്ളതു പൂവാചാര്യന്മാരെപ്പ പ്രസ്താവിക്കുമ്പോൾ സ്വല്പംകൂടി ചിന്തിതിവേണമെന്നുള്ളതാണ്. 'ഇന് ത്തേതാണ് വലിയതെററ്' എന്ന് രസ-ാംവശത്തിൽ ധ്വനികാരനേയും ലോകകാരനേയുംപററി വിമർശിക്കുമ്പോൾ മാരാർ പറയുന്നു. ഇവര ണ്? 'ഏതന്മതമേവാസ്മാഭിരുപജീവിതം വേദിതവ്യം' എന്നു സ്വതന്ത്ര തന്ത്രനായ ഹേമചന്ദ്രാചാര്യൻ ആരെ ശരണീകരിക്കുന്നുവോ, മഹാത്മാ അലങ്കാരശാസ്ത്രജീവാതുവുമായ ആ അഭിനവഗുപ്തപാദാചാര്യന്റെ ആ ര്യന്റെ ആചാര്യന്മാർ; പരമതദോഷോൽഘാടനപാടവപ്രകടനത്തിൽ

Digitized By Kerala Sahitya Akademi

ഥമസ്ഥാനത്തിന്ന് അവകാശിയായ പണ്ഡിതരാജൻപോലും 'നഹ്യാഭാസരൂപഏവ നിഷേധ ആക്ഷേപ ഇത്യസ്തി വേദസ്യാജ്ഞാ; നാപി പ്രാചാമാചാര്യാണാം; നാപി യുക്തിഃ; യേന ധ്വനികാരോക്തമുപേക്ഷ്യ തദ്ദൃക്തം ശ്രദ്ധീമഹി; പ്രത്യുത വൈപരീത്യമേവോചിതം.' ഇത്യാദിവാക്യസന്ദർഭത്തിൽ

'ധ്വനികൃതാമാലങ്കാരികസരണിവ്യവസ്ഥാപകത്വാൽ.'

അതായത് ധ്വനികാരനാകുന്ന ആലങ്കാരികസരണിയുടെ വ്യവസ്ഥാപകൻ എന്നല്ലയോ ഭക്തിപൂർവ്വം സംവദിച്ചിട്ടുള്ളത്? ഇതു മാരാരും സമ്മതിക്കുന്ന ഒരു സംഗതി തന്നെയെന്ന് അദ്ദേഹത്തിന്റെ പുസ്തകത്തിൽനിന്നും ധാരാളം വെളിവാകുന്നുണ്ട്. ആ സ്ഥിതിക്കു തെറ്റെന്നോ മതാന്തരമെന്നോ ആ ഭാഗത്തിൽ വക്തവ്യം എന്നുള്ളതു ചിന്താവിഷയമാണ്.

പ്രൊഫെസർ കോയിത്തമ്പുരാൻ സംസ്കൃതാനഭിജ്ഞന്മാരായ വിദ്യാർത്ഥികൾക്ക് അലങ്കാരശാസ്ത്രത്തിന്റെ പ്രാഥമികപാഠമായി തീരണമെന്നുള്ള ഏകോദ്ദേശ്യത്തോടുകൂടി ഉദ്ദേശം ൩൦ കൊല്ലങ്ങൾക്കു മുമ്പ് എഴുതിയ ഒരു കൃതിയാണു ഭാഷാഭൂഷണം. ശാസ്ത്രീയദൃഷ്ട്യാ ഉള്ള ഒരു വിചിന്ത്യക്ക് അതു വിഷയീഭവിക്കുന്നതല്ലെന്ന് അവിടുന്നുതന്നെ എന്നോടു പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ,

'അനിർല്ലോഡിതകാര്യസ്യ വാഗ്ജാലം വാഗ്മിനോ വൃഥാ;
നിമിത്താദപരാദ്ധേഷോർദ്ധാനുഷ്കസ്യേവ വല്ഗിതം.'

എന്നുകൂടി ശ്രീമാൻ മാരാർ ഓർമ്മിക്കേണ്ടതാണ്. വാസ്തവത്തിൽ എന്റെ സ്നേഹിതൻ ഭാഷാഭൂഷണത്തിന്റെ ഖണ്ഡനമെന്ന നിലയിലല്ല സാഹിത്യഭൂഷണം നിർമ്മിച്ചിരിക്കുന്നതെന്നത്രേ എന്റെ വിശ്വാസം. ഭാഷാഭൂഷണത്തെ മുൻനിറുത്തിക്കൊണ്ടു സാഹിത്യശാസ്ത്രം സംബന്ധിച്ചു തനിക്കു സ്വതന്ത്രമായി ഉപന്യസിക്കേണ്ടിയിരുന്ന ഏതാനും ചില അഭിപ്രായങ്ങൾ അദ്ദേഹം സാഹിത്യഭൂഷണദ്വാരാ ആവിഷ്കരിച്ചു എന്നേ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

വിജ്ഞേയങ്ങളും വിചാരക്ഷമങ്ങളുമായ അംശങ്ങൾ അനേകം അടങ്ങീട്ടുള്ള ഒരു വിശിഷ്ടഗ്രന്ഥമാണ് സാഹിത്യഭൂഷണം. അതിൽ കാണുന്ന ചില അഭിപ്രായങ്ങളുടെ സാധുത്വമാണ് എനിക്കുള്ള ഇടുങ്ങിയ പരിധിയിൽ നിന്നുകൊണ്ടു ഞാൻ പരിശോധിച്ചിട്ടുള്ളത്. എന്റെ അഭിപ്രായങ്ങൾക്ക് അദ്ദേഹത്തിനും ആദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക് എനിക്കും ഇനിയും പല സമാധാനങ്ങളും പറവാൻ കാണും. ഈ വാദമുഖങ്ങൾ ഇന്നലെയോ മിനിഞ്ഞാന്നോ ഉത്ഭവിച്ചതല്ല; നാളെയോ മറ്റേന്നാളോകൊണ്ട് അവസാനിക്കുന്നതുമല്ല.

വിദ്വാനും വ്യവസായിയുമായ ഗ്രന്ഥകാരനു സാഹിത്യസാമ്രാജ്യത്തിൽ മേൽക്കുമേൽ വിജയത്തേയും വിഖ്യാതിയേയും ആശംസിച്ചുകൊണ്ടു സാഹിത്യഭൂഷണത്തിനു ഞാൻ സൌഹാർദ്ദമസൃണമായ സ്വരത്തിൽ സ്വാഗതം പറഞ്ഞുകൊള്ളുന്നു.

സാഹിത്യഭൂഷണത്തിന്റെ അവതാരിക.

Digitized By Kerala Sahitya Akademi

കൾക്കുപോലും നായികയുടെ കടാക്ഷമന്ദസ്മിതാദികൾപോലെ ക്ഷണനേരം കൊണ്ടു മനുഷ്യനു സ്വർഗ്ഗീയസുഖത്തെ പ്രദാനം ചെയ്യുവാൻ കഴിയും. വ്യങ്ഗ്യഭംഗികൊണ്ടുണ്ടാകുന്ന വിമർദ്ദഹൃദ്യത "കരകാണാതൊരു കടലിനു സമമായി" അതിനങ്ങേപ്പുറം വേറേ കിടക്കുന്നുമുണ്ട്. ആനന്ദലുബ്ധനായി ആദർശധനനായി ജീവിക്കുന്ന മനുഷ്യനു സാമാന്യേന സാഹിത്യത്തിൽ അഭിരുചി സ്വയമേവ സംഭവിക്കുന്നു. നിർവ്വാസനന്മാരായി, രങ്ഗസ്ഥലത്തിലെ തൂണുകളേയും ചുവരുകളേയുംപോലെ നിർവ്വികാരന്മാരായി, വാൽമീകിയാലോ വ്യാസനാലോ കൂടിയും ഹൃദയത്തിനു വിസ്താരമോ വികാസമോ ക്ഷോഭമോ വിക്ഷേപമോ വരുത്തുവാൻ സാധിക്കാത്തവരായി, മനുഷ്യാകൃതിയിൽ എല്ലാക്കാലത്തും അവിടവിടെ ചില മാംസപിണ്ഡങ്ങളെ കാണാവുന്നതാണ്. ബ്രഹ്മാവു പാറയ്ക്കായി കരു പിടിച്ച മണ്ണിനു സ്ഥാനഭ്രംശം വന്ന് ഇരുകാലിമൃഗങ്ങളായി ജനിച്ചവരാണ് ഇവർ. ഇവരുടെ ജീവിതത്തിൽ ഈർഷ്യ തോന്നുന്നവർ ഇല്ല. ശബ്ദാഭിധാനമായ ജ്യോതിസ്സിന്റെ അസന്നിധാനത്തിൽ ത്രൈലോക്യവും അന്ധതാമിസ്രമായിപ്പോകും എന്നുള്ള ആചാര്യദണ്ഡിയുടെ മതത്തെ സശിരഃകമ്പം ശ്ലാഘിക്കുന്നവരാകുന്നു ഭൂരിപക്ഷം ജനങ്ങളും. നിർമ്മലമായ പ്രതിഭാനത്തോടുകൂടിയതാകുന്നു സഹൃദയന്റെ ഹൃദയം. അഥവാ സൽക്കാവ്യങ്ങളുടെ നിരന്തരമായ പരിശീലനവും അനുസന്ധാനവും നിമിത്തം അച്ഛസ്ഫടികസങ്കാശമായി ശോഭിക്കുന്ന ആരുടെ ഹൃദയദർപ്പണത്തിൽ വർണ്ണനീയമായ വസ്തുവിനു തന്മയത്വത്തോടുകൂടി പ്രതിഫലിക്കുവാൻ സാധിക്കുമോ അവനത്രേ സഹൃദയബിരുദത്തെ അർഹിക്കുന്നതു് എന്നും പറയാം. ഇതിൽനിന്നു മസ്തിഷ്കശുദ്ധിയേക്കാൾ അധികം മനഃശുദ്ധിയാണ് ഒരു സാഹിത്യരസികനു് ആവശ്യമെന്നു സിദ്ധിക്കുന്നുണ്ടല്ലോ. ഒരുവൻ തനിക്കു ബന്ധുവോ സ്നേഹിതനോ ആണെങ്കിൽ അവന്റെ നിസർഗ്ഗനിർഗ്ഗുണമായ കാവ്യത്തെ സഗുണമെന്നു സമർത്ഥിച്ച്, കുഞ്ചുളീസന്നഹനോന്നതമായ ആ ലംബസ്തനംകൊണ്ടു് ആർ മോദത്തെ പ്രാപിക്കുന്നുവോ; മറ്റൊരുവൻ തനിക്ക് അപരിചിതനോ ശത്രുവോ ആണെങ്കിൽ അവന്റെ ഗുണങ്ങളെ ഗ്രഹിക്കുന്നില്ലെങ്കിൽ വേണ്ട; ദോഷങ്ങളെ ഗ്രഹിക്കുന്നുവെങ്കിൽ ഗ്രഹിച്ചുകൊള്ളട്ടെ; ഗുണങ്ങളെ ദോഷങ്ങളാക്കിത്തീർത്തു, ചന്ദ്രപ്രകാശത്തെ തന്റെ കാലുഷ്യധൂമംകൊണ്ടു മറച്ച് ആർ ചാരിതാർത്ഥമ്മന്യനാകുന്നുവോ; ഈ രണ്ടു കൂട്ടരും തികച്ചും സഹൃദയരല്ല; ആ മനഃസ്ഥിതി മാറുന്നതുവരെ ഒരിക്കലും ആകുന്നതുമല്ല. കവിയില്ലാഞ്ഞാൽ സഹൃദയനും സഹൃദയനില്ലാഞ്ഞാൽ കവിക്കും ഉപജീവിക്കാവുന്നതല്ല. "സരസ്വത്യാസ്തത്വം കവിസഹൃദയാഖ്യം വിജയതേ."എന്നു കവികളേയും സഹൃദയന്മാരേയും കൂട്ടിച്ചേർത്തു് ഏകമൂർത്തിരൂപത്തിൽ പൂർവ്വസൂരികൾ ധ്യാനിക്കുന്നുണ്ട്. കവിക്കും രചനാവസ്ഥയിലല്ല ചർവ്വണാവസ്ഥയിലാകുന്നു രസാസ്വാദം. താങ്കൾ നിർമ്മിക്കുന്ന ഓരോ കൃതിയും ഉത്തമകവികൾ അപ്പൊഴപ്പോൾ പ്രത്യങ്ഗമായും ഒടുവിൽ സമഗ്രമായും ഭാവുകന്മാരുടെ നിലയിൽ നിന്നുകൊണ്ട് അനേകാവൃത്തി വായിച്ച് ആസ്വദിച്ചു സംതൃപ്തി നേടിയതിനു മേലല്ലാതെ പ്രസിദ്ധീകരിക്കുന്നതല്ല. അന്യസൂക്തികളുടെ പരിശീലനം ഏതു കവിക്കും അത്യന്താപേക്ഷിതമാകുന്നു. അമന്ത്രശീലനായ രാജാവിനേയും അനപരപ്രബന്ധദർശിയായ കവിയേയും അപാഠരുചിയായ വന്ദിയേയും ബാലരാമാ

Digitized By Kerala Sahitya Akademi

യണത്തിൽ രാജശേഖരമഹാകവി ഒരേ വരിയിൽ നിറുത്തി അപഹസിക്കുന്നു.

"രസോ വൈ സഃ; രസം ഹ്യേവായം ലബ്ധ്വാഽനന്ദീഭവതി." അതായത് മനുഷ്യൻ ആനന്ദരൂപമായ ബ്രഹ്മത്തെ ലഭിച്ചു താൻ ആ ബ്രഹ്മമാകുന്നു എന്ന ജ്ഞാനത്തെ പ്രാപിച്ച് അപരിച്ഛിന്നവും നിരതിശയവുമായ സുഖത്തെ അനുഭവിക്കുന്നു എന്നിങ്ങനെ ശ്രുതി ബ്രഹ്മാനന്ദസ്വരൂപത്തെ നിർദ്ദേശിക്കുന്നു. രസാത്മകമായ കാവ്യത്തിന്റെ ധർമ്മവും ഇതുതന്നെയാകുന്നു. അഖണ്ഡസ്വപ്രകാശാനന്ദചിന്മയവും വേദ്യാന്തരസ്പർശശൂന്യവും ലോകോത്തരചമൽക്കാരപ്രാണവുമാണെന്നു വിശ്വനാഥകവിരാജൻ വർണ്ണിക്കുന്ന ഈ രസത്തെ കാമമോഹാദിബീജഭൂതങ്ങളായ രജസ്തമസ്സുകളാൽ അസ്പൃഷ്ടമായ സാത്വികമനോധർമ്മത്തിന്റെ ആവിർഭാവം നിമിത്തം ഏതാനും ചില ഉത്തമാധികാരികൾ (അവരത്രേ സാക്ഷാൽ സാഹിത്യരസികന്മാർ) വഴിപോലെ ആസ്വദിക്കുന്നു. കാവ്യാലാപങ്ങളും ഗീതങ്ങളും ശബ്ദമൂർത്തിയായ മഹാവിഷ്ണുവിന്റെ അംശങ്ങളെന്നു വിഷ്ണുപുരാണം ഘോഷിക്കുന്നു. വ്യക്തിവിശിഷ്ടവും വിഭാവാദികളോടു സമ്മിളിതവും ആയ സ്ഥായിഭാവം രസപ്രതീതികാലംവരെ അനുസന്ധാനക്ഷമമായി പരിലസിക്കുന്നു. രസാസ്വാദനസമയത്തിലാകട്ടെ സഹൃദയൻ സമാധിനിഷ്ഠനായ യോഗിയെപ്പോലെ സർവത്തെയും വിസ്മരിക്കുകയത്രേ ചെയ്യുന്നത്.

കാവ്യാലാപങ്ങളെ വർജ്ജിക്കണം എന്നു സ്മൃതികാരന്മാർ ഉപദേശിക്കാറുണ്ട്.

"കൃഷിവാണിജ്യസേവാദൌ
കാവ്യതർക്കാദികേഷു ച
വിക്ഷിപ്യതേ പ്രകൃത്യാ ധീ-
സ്തൈസ്തത്വസ്മൃത്യസംഭവാൽ."

എന്ന പഞ്ചദശിപദ്യത്തിൽ മഹാകവിയായ വിദ്യാരണ്യസ്വാമികൾ കൃഷിവാണിജ്യാദികളിലെന്നതുപോലെ കാവ്യം തർക്കശാസ്ത്രം മുതലായവയിലുള്ള വ്യവസായവും തത്വവിസ്മൃതിക്കും തന്നിമിത്തം ബുദ്ധിവിക്ഷേപത്തിനും കാരണമായിത്തീരുമെന്ന് ഉപന്യസിക്കുന്നു. ഈ ഉപാലംഭം "നഹിനിന്ദാന്യായേന" അതായത് വർണ്ണ്യവസ്തുവിന്റെ പാരമ്യത്തെ പ്രതിഷ്ഠാപനം ചെയ്യുവാനുള്ള സംരംഭത്തിൽ തൽസദൃശങ്ങളായ ഇതരവസ്തുക്കളുടെ അപകർഷത്തെ സൂചിപ്പിക്കുക എന്നുള്ള ലൌകികസമ്പ്രദായത്തെ അംഗീകരിച്ച് ആ മഹാനുഭാവൻ ചെയ്തതായി വിചാരിക്കാനേ മാർഗ്ഗം കാണുന്നുള്ളു.

രാമായണാദിമഹാഗ്രന്ഥങ്ങളുടെ ശ്രവണത്താൽ എത്ര പാമരന്മാർ ലോകത്തിൽ പ്രാണായാമത്തിന്റെ പ്രഥമപാഠംപോലും പഠിക്കാതെ ജീവന്മുക്തരായിത്തീർന്നിരിക്കുന്നു! മോക്ഷസാധനസാമഗ്രിയിൽ ഭക്തിയാകുന്നു ഏററവും വലുതെന്നുള്ള ആപ്തവാക്യം മിഥ്യയല്ലെങ്കിൽ—ഭക്തിമാർഗ്ഗദർശകന്മാരായ പരമജ്യോതിസ്സുകൾ മഹാകവികളുടെ സൂക്തിരത്നങ്ങളാണെന്നുള്ളതിനെപ്പററി വിവാദമില്ലെങ്കിൽ—കവിധർമ്മത്തെയും വണിഗ്വൃത്തിയേയും ഏകസൂത്രത്തിൽ ഗ്രഥിക്കുന്നതു സമഞ്ജസം അല്ലതന്നെ. "കാവ്യാലാപാംശ്ച വർജ്ജയേൽ." എന്ന വാക്യം ലോകോത്തരഗുണോത്തരനായ നായകനെപ്പററി പ്ര

Digitized By Kerala Sahitya Akademi

തിപാദിക്കുന്ന കാവ്യങ്ങളെ സംബന്ധിക്കുന്നതല്ലെന്ന് അച്യുതരായർ ഒരവസരത്തിൽ ഉപന്യസിച്ചിട്ടുണ്ട്. എന്നാൽ ജഗന്നാഥപണ്ഡിതർ ഭാമിനീവിലാസത്തിൽ "ഗുരുമദ്ധ്യഗതാ മയാ നതാംഗീ" ഇത്യാദി പദ്യങ്ങളിൽ തൻെറ യവനിയായ പ്രേയസിയെപ്പററി ചെയ്തിട്ടുള്ള വൎണ്ണന എങ്ങനെ ഉത്തമകാവ്യമാകുമെന്നു ശങ്കിക്കുകയും അതു് അദ്ദേഹത്തിനുള്ള ഗംഗാപ്രസാദംനിമിത്തമാണ് എന്നു സമാധാനപ്പെടുകയും ചെയ്യുന്നു. വാസ്തവത്തിൽ ഈ ഗംഗാദേവി എല്ലാ സൽക്കവികൾക്കും സരസ്വതീരൂപത്തിൽ വരദയായി സമ്മുഖത്തിൽ സന്നിധാനം ചെയ്യുന്നുണ്ട്. ഈ സരസ്വതിയുടെ പ്രസാദംനിമിത്തം ഏതുവിഷയത്തെപ്പററി അവർ കവനംചെയ്താലും അതിനെ ലോകോത്തരഗുണോത്തരമാക്കി വൎണ്ണിക്കുവാൻ അവൎക്കു കഴിയുന്നതുമാണ്.

> "ഫലമിദമേവഹി വിദുഷാം
> ശ്രുതിപദവാക്യപ്രമാണശാസ്ത്രേഭ്യഃ;
> യൽ സംസ്കാരോ വാചാം;
> വാചസ്തു സുചാരുകാവ്യഫലാഃ."

എന്ന പദ്യത്തിൽ രുദ്രടാചാൎയ്യർ ശാസ്ത്രപാഠത്തിൻെറ പരമപ്രയോജനം കാവ്യനിൎമ്മിതിയാണെന്നു സമർത്ഥിച്ചിരിക്കുന്നത് ഈ അവസരത്തിൽ സ്മരണീയമാകുന്നു.

യശസ്സ്, അർത്ഥസംപാദനം, ശാസ്ത്രജ്ഞാനം, അശുഭക്ഷയം, ആനന്ദലബ്ധി, സദുപദേശഗ്രഹണം, ഇങ്ങനെ പലേ പ്രയോജനങ്ങൾ കാവ്യനിൎമ്മിതിക്കും കാവ്യപരിശീലനത്തിനും ആലങ്കാരികന്മാർ നിർദ്ദേശിക്കുന്നുണ്ടെങ്കിലും അവയിൽ ആനന്ദലാഭംതന്നെയാകുന്നു സർവ്വപ്രധാനം എന്നുള്ളതിനു സംശയമില്ല. യശസ്സ് കവിയെപ്പോലെ സഹൃദയനു സിദ്ധിക്കുന്നില്ല; കവിക്കുതന്നെ പലപ്പോഴും "കാലോഹ്യയം നിരവധിർവിപുലാ ച പൃഥ്വീ." എന്നു സമാശ്വസിക്കേണ്ടതായി വന്നേക്കാം. ധനസമ്പാദനത്തിനുള്ള ഉത്തമമാൎഗ്ഗം സാഹിതീവ്യവസായമല്ല. കവിക്കും സഹൃദയനും അർത്ഥലാഭം അനൈകാന്തികം, അതായതു് അനിയതം, ആണെന്നു ഹേമചന്ദ്രൻ കാവ്യാനുശാസനത്തിൽ ഖണ്ഡിതമായി സ്ഥാപിച്ചു് അവരോട്

> "ഉപശമഫലാദ്വിദ്യാബീജാത്, ഫലം ധനമിച്ഛതേ;
> ഭവതി വിഫലോ യദ്യായസ്സ്,തത്ര കിമത്ഭുതം?
> ന നിയതഫലാഃ കൎത്തുർഭാവാഃ ഫലാന്തരമീശതേ;
> ജനയതി ഖലു വ്രീഹേർബീജം ന ജാതു യവാങ്കുരം."

അതായതു് "ഈ വിദ്യയിൽനിന്നു് ഉപശാന്തിനേടാം; ധനം നേടുവാൻ സാധിക്കുന്നതല്ല; വ്രീഹിയുടെ വിത്തു പാകിയാൽ യവം മുളയ്ക്കുന്നതല്ല." എന്നു സമാധാനപ്പെട്ടുകൊള്ളുവാൻ അനുശാസിക്കുന്നു. വ്യവഹാരജ്ഞാനത്തിനും ദുരിതക്ഷരിക്കും മററും ഇതിനെക്കാൾ സുഗമങ്ങളായ പദ്ധതികൾ പലതുമുണ്ട്. സദുപദേശം ഇത്തരത്തിലല്ലെങ്കിലും മറെറാരുപ്രകാരത്തിലെങ്കിലും അന്യത്ര ലഭ്യമാണ്. അതാകുന്നു അഭിനവഗുപ്തപാദർ "തഥാപി പ്രീതിരേവപ്രധാനം." എന്നും മമ്മടഭട്ടൻ "ആനന്ദം സകലപ്രയോജനമൌലിഭൂതം." എന്നും വൎണ്ണിക്കുന്നതിനും ഹേമചന്ദ്രൻ കാവ്യപ്രയോജനങ്ങ

Digitized By Kerala Sahitya Akademi

ളിൽ ആനന്ദത്തെ ആദ്യമായി അംഗുലിനിർദ്ദേശം ചെയ്യുന്നതിനും ഇടവന്നതു്. നിങ്ങൾക്കു് ആനന്ദം വേണമോ? കവിത വായിക്കുവിൻ! ധനം വേണമോ? നാളികേരം നട്ടുവിൻ! ഇങ്ങനെ ഞാൻ പറയുന്നതിൽനിന്നു സാഹിത്യകാരൻ അവൻെറ സൂക്തികൾക്കു യാതൊരു മൂല്യവും ആവശ്യപ്പെടരുതെന്നു സിദ്ധമാകുന്നില്ല. അവനും 'സോദരൻ' ആണെന്നുള്ളതു സോദരന്മാരെ, നിങ്ങൾ മറന്നുപോകരുതു്.

"കവിതയെഴുതുക, കവിത വായിക്കുക, കവിതയായി ജീവിക്കുക." എന്നു റൂപ്പെട്ട് ബ്രൂക്കു് എന്ന ആംഗ്ലേയകവി ഒരു സന്ദർഭത്തിൽ പ്രസ്താവിക്കുന്നു. കവിതയെഴുതുവാൻ എല്ലാവരും ശ്രമിക്കണമെന്നില്ല; കവിതയായി ജീവിക്കുവാൻ എല്ലാവരും ശ്രമിക്കുകതന്നെ വേണം. എങ്ങനെയാകുന്നു കവിതയായി ജീവിക്കേണ്ടതു്? സ്നേഹമസൃണമായ ഹൃദയം; സൂനൃതമായ വാക്കു്; അഹിംസാപരമായ പ്രവൃത്തി; ആദർശോന്മുഖമായ ഉദ്യമം; ഇവയോടുകൂടിയുള്ള ജീവിതത്തെയാകുന്നു കാവ്യജീവിതം എന്നു പറയുന്നതു്. കാവ്യജീവിതം നയിക്കുന്നതിനു കാവ്യപരിശീലനം ഏററവും ആവശ്യകമാണ്. ബ്രഹ്മസാക്ഷാൽക്കാരം വേണമെങ്കിൽ അതിനുള്ള പ്രവൃത്തിനിശ്രേണിയുടെ പ്രഥമസോപാനങ്ങളായ യമനിയമങ്ങളിലെന്നപോലെ ചരമസോപാനങ്ങളായ ധ്യാനസമാധികളിലും സഹൃദയത്വം സർവ്വോപരി പ്രയോജനപ്പെടും. ചുരുക്കത്തിൽ,

"കനകം കാമിനീം ചാപി
കോവിദഃ കോ ന കാമയേൽ?
അലം കാവ്യാമൃതാസ്വാദൈ-
രാനന്ദൈകരസസ്യ മേ."

എന്നു് ഇന്നല്ലെങ്കിൽ നാളെ ഏതു സഹൃദയനും ഏററുപറയത്തക്കവിധത്തിൽ ആകുന്നു ധനാദ്യാനന്ദങ്ങളെ അപേക്ഷിച്ചു കാവ്യാനന്ദത്തിനുള്ള മഹിമാതിശയം.

1104 — സാഹിത്യരസികൻ.

Digitized By Kerala Sahitya Akademi

൭. ഭാരവിയും ഭാരതധൎമ്മവും.

ഗൈൎവ്വാണീദേവിയുടെ നിരതിശയമായ അലങ്കാരത്തിനു നിദാനീഭൂതങ്ങളായ പഞ്ചമഹാകാവ്യസീമന്തരത്നങ്ങളിൽ ഒന്നാണല്ലോ കിരാതാൎജ്ജുനീയം. ആ അനൎഘമായ കാവ്യതല്ലജത്തിന്റെ പ്രണേതാവും മാഘാദിമഹാകവികൾക്കു മാൎഗ്ഗദർശകനുമായ ഭാരവികവിചക്രവൎത്തി ക്രി. പി. ഏഴാം ശതവൎഷത്തിന്റെ ആരംഭംമുതൽക്കുതന്നെ "യേനായോജനവേശ്മ സ്ഥിരമൎത്ഥവിധൌ വിവേകിനാ ജിനവേശ്മ" ഇത്യാദി പദ്യങ്ങളിൽ കാളിദാസക്കു തുല്യനായ വശ്യവാക്കായി സഹൃദയന്മാരാൽ ആരാധിക്കപ്പെട്ടുപോരുന്ന ഒരു മഹാനുഭാവനാകുന്നു. ഇദ്ദേഹത്തെപ്പററി സംസ്കൃതാഭിജ്ഞരല്ലാത്ത കേരളീയൎക്കു് എന്തെങ്കിലും അറിവാൻ ഇടവന്നിട്ടുണ്ടെങ്കിൽ അതു സാഹിത്യസാമ്രാജ്യത്തിൽ കിരാതാൎജ്ജുനീയത്തിന്റെ മഹിമയെ സ്വല്പം ആലപിച്ച സൎവ്വതന്ത്രസ്വതന്ത്രനായിരുന്ന പ്രൊഫെസ്സർ രാജരാജവൎമ്മകോയിത്തമ്പുരാൻ പ്രാസംഗികമായി ചെയ്തിട്ടുള്ള ഒരു അപൂൎണ്ണപ്രസ്താവനയിൽനിന്നു മാത്രമാണു്. കാൎയ്യജ്ഞാനവും കൎത്തവ്യബോധവുമില്ലാത്ത ഒരു ശാഖാചംക്രമണചതുരനായ ചപലനാണു് ഭാരവിയെന്നും, അദ്ദേഹത്തിന്റെ മഹാകാവ്യം ആദ്യന്തം അനൗചിത്യത്തിനുള്ള ഉദാഹരണങ്ങളെക്കൊണ്ടു് അസുന്ദരമാണെന്നും പ്രൊഫെസ്സർ തമ്പുരാന്റെ ആശയരഹസ്യമെന്തെന്നറിവാൻ തക്ക മനഃസംസ്കാരം സിദ്ധിച്ചിട്ടില്ലാത്ത പലരും സൎവ്വജ്ഞംമന്യതയഭിനയിച്ചു ജല്പിക്കുന്നതു ഞാൻതന്നെ കേട്ടു ചെവി പൊത്തീട്ടുണ്ടു്. പാശ്ചാത്യദൃഷ്ട്യാ അനുചിതമെന്നു തോന്നുന്ന പല വൎണ്ണനങ്ങൾക്കും "ദ്രഷ്ടോപി ശൈലസ്സ മുഹൂൎമ്മുരാരേഃ" ഇത്യാദി പദ്യങ്ങളിൽനിന്നു മാഘമഹാകവിയും മററും പരിപൂൎണ്ണമായ സമാധാനം കണ്ടുവച്ചിരുന്നു എന്നു മൎമ്മജ്ഞന്മാൎക്കു മനസ്സിലാകുവാൻ പ്രയാസമില്ല. അതെന്തെങ്കിലുമാകട്ടെ. ഈ ഭാരതഭൂമിയുടെ പ്രശസ്തിക്കു് എന്തെല്ലാം പരമധൎമ്മങ്ങളുടെ അനുഷ്ഠാനമോ കാരണമായി പരിണമിച്ചിട്ടുള്ളതു്, അവയെ, കവികുലകൂടസ്ഥന്മാരായ വാല്മീകിമഹൎഷിയേയും വ്യാസഭഗവാനേയും കഴിച്ചാൽ, ഭാരവിയെപ്പോലെ അത്ര ഹൃദയാവൎജ്ജകവും സംശയച്ഛേദകവുമായ രീതിയിൽ ആൎക്കും ഉൽഘോഷിക്കുവാൻ സാധിച്ചിട്ടില്ല. രാജ്യമീമാംസയുടെ സകലഗ്രന്ഥതത്വങ്ങളേയും കരബദരംപോലെ കണ്ടറിഞ്ഞു് അവയെ ലോകാനുഗ്രഹത്തിനായി പുളകോൽഗമകാരികളായ വചസ്സുകളിൽ ചിത്രണംചെയ്തു പാമരന്മാൎക്കുപോലും സ്പഷ്ടദൃഷ്ടമാകുവാനും ആ കവിമൂൎദ്ധന്യനല്ലാതെ ആൎക്കും കഴിഞ്ഞിട്ടില്ല. കിരാതാൎജ്ജുനീയത്തിലെ 'ത്രിസൎഗ്ഗി' എന്നു പറയുന്ന ആദ്യത്തെ മൂന്നു സൎഗ്ഗങ്ങൾ ഗുരുമുഖത്തിൽനിന്നു ബാല്യത്തിൽ അഭ്യസിക്കാത്ത ഒരൊററ രാജകുമാരൻപോലും ഭാരതഖണ്ഡത്തിൽ ആധുനികകാലംവരെ ജീവിച്ചിരുന്നിട്ടില്ല. ഇപ്പോൾ സംസ്കൃതാഭ്യസനംതന്നെ ലുപ്തപ്രായമായിത്തീൎന്നിരിക്കുന്ന സ്ഥിതിക്കു് ഈ നിയമത്തിനു് ഒരുവക നീക്കുപോക്കു വന്നുപോയിട്ടുണ്ടെങ്കിൽ അതു് ആശ്ചൎയ്യവുമല്ല. പ്രായോഗികമായ ധൎമ്മപദ്ധതിയെ ഭാരതീയൎക്കു പരമകാരുണികനായ ആ മഹാകവി ത്രിസൎഗ്ഗിയിലെന്നപോലെ ഇന്ദ്രാൎജ്ജുനസംവാദരൂപമാ

Digitized By Kerala Sahitya Akademi

പതിനൊന്നാംസർഗ്ഗത്തിലും കിരാതാർജ്ജുനസംവാദരൂപമായ പതിമ്മൂന്നും പതിനാലും സർഗ്ഗങ്ങളിലും സമഗ്രമായും സമഞ്ജസമായും ഉപദേശിക്കുന്നുണ്ട്. ഈ ലേഖനത്തിൽ ഞാൻ ഭാരവിയെ ഒരു കവിസാർവ്വഭൌമന്റെ നിലവിട്ട് ഒരു തത്വോപദേഷ്ടാവിന്റെ നിലയിൽ ദിങ്മാത്രമായി ഒന്നു വിചിന്തനം ചെയ്യണമെന്നുദ്ദേശിക്കുന്നതിനാൽ എന്റെ സ്മൃതിപഥത്തെ ഐദംപര്യേണ പ്രവേശിക്കുന്നതു മേൽ സൂചിപ്പിച്ച ആറു സർഗ്ഗങ്ങളുമാണ്.

ഒന്നാംസർഗ്ഗത്തിൽ സുയോധനന്റെ രാജ്യഭാരമെങ്ങനെയിരിക്കുന്നു എന്നു തിരക്കിയറിഞ്ഞു വരുവാൻ ധർമ്മപുത്രരാൽ നിയുക്തനായ വനചരൻ തിരിയെ വന്ന് എന്തെല്ലാം സംഗതികളാണു് ആ മഹാത്മാവിനെ ഗ്രഹിപ്പിക്കുന്നത് എന്ന് ആദ്യമായി നമുക്കു പര്യാലോചിക്കാം. തന്റെ ശത്രുവിനെ ഒരു ഉത്തമപുരുഷന്റെ രൂപത്തിലാണ് ആ ചാരൻ ധർമ്മപുത്രരുടെ മുൻപിൽ പ്രകാശിപ്പിക്കുന്നത്. "അല്ലയോ മഹാരാജാവേ! ചാരചക്ഷുസ്സുകളായ പ്രഭുക്കന്മാർ ക്രിയകളിൽ നിയുക്തരായ അനുജീവികളാൽ ഒരിക്കലും വഞ്ചനീയരല്ല. അതിനാൽ അവിടത്തെ ചാരനായ അടിയൻ അറിയിക്കുന്നതു സാധുവായാലും അസാധുവായാലും അവിടത്തെ ക്ഷമയെ അർഹിക്കുന്നു. ഹിതവും മനോഹരവുമായ വാക്കു ലോകത്തിൽ ദുർല്ലഭമാണല്ലോ." എന്നുള്ള പീഠികയോടുകൂടി അയാൾ തന്റെ വൃത്താന്തത്തെ നിവേദിക്കുവാൻ ആരംഭിക്കുന്നു. "സുയോധനൻ പ്രകൃത്യാ കുടിലനാണെങ്കിലും അവിടത്തെ ചതിച്ച് രാജ്യം കൈക്കലാക്കിയിരിക്കുന്നതിനാൽ അവിടത്തേക്കാൾ ഗുണവാനായിത്തീരുവാൻ ഉദ്യമിക്കുന്നു. അനാര്യന്മാരുമായുള്ള സഖ്യത്തെക്കാൾ മഹാത്മാക്കളുമായുള്ള വിരോധമാണ് നല്ലതെന്നുള്ളതിന് ഇതല്ലേ ദൃഷ്ടാന്തം? നിസ്തന്ദ്രനായ അദ്ദേഹം കാമാദിഷഡ്വർഗ്ഗത്തെ ജയിച്ചു പൌരുഷംകൊണ്ടു നയത്തെ സമ്പാദിക്കുന്നു. അനലസനായി അനുജീവികളെ സഖാക്കളെപ്പോലെയും സഖാക്കളെ ബന്ധുക്കളെപ്പോലെയും ബന്ധുക്കളെ യജമാനന്മാരെപ്പോലെയും താൻ ഗണിക്കുന്ന നിലയിൽ പെരുമാറുന്നു. ദാനത്തോടുകൂടാതെയുള്ള സാമമോ സൽക്കാരത്തോടുകൂടാതെയുള്ള ദാനമോ ഗുണാദരത്തോടുകൂടാതെയുള്ള സൽക്കാരമോ അദ്ദേഹത്തിൽ കാണുന്നില്ല. ധനത്തിൽ ആഗ്രഹംകൊണ്ടോ കോപത്തിന്റെ ആവേശംകൊണ്ടോ അല്ല സ്വധർമ്മമെന്നുള്ള കാരണത്താൽ മാത്രമാണ് അദ്ദേഹം ഗുരൂപദിഷ്ടമായ ദണ്ഡംകൊണ്ട് അധർമ്മത്തെ ഹനിക്കുന്നത്; ആ ദണ്ഡത്തിനു ശത്രുവെന്നോ പുത്രനെന്നോ ഉള്ള ഭേദവുമില്ല. അനുജീവികൾ തനിക്കുവേണ്ടി എന്തെങ്കിലും ഒരു കർമ്മം ചെയ്താൽ അദ്ദേഹം അവരിൽ സമർപ്പിക്കുന്ന സമ്പത്തുകളാണ് തനിക്ക് അവരുടെ നേർക്കുള്ള കൃതജ്ഞതയെ പ്രഖ്യാപനം ചെയ്യുന്നത്. ദേവമാതൃകങ്ങളായുള്ള ക്ഷേത്രങ്ങൾ അദ്ദേഹത്തിന്റെ നിരന്തരമായുള്ള കുല്യാദിനിർമ്മാണത്താൽ നാമാവശേഷമായിത്തീരുകനിമിത്തം അകൃഷ്ടപച്യങ്ങളോ എന്നു തോന്നുമാറുള്ള സമ്പത്തുകൾ കൃഷീവലന്മാൎക്ക് അനായാസേന അധീനമായിത്തീരുന്നു. അദ്ദേഹത്തിന്റെ ദയാദാക്ഷിണ്യാദിഗുണങ്ങൾ നിമിത്തം ഭൂമിക്കു തന്നെത്താൻ മുലപ്പാൽ ചുരന്നു വേണ്ട അർത്ഥങ്ങളെയെല്ലാം ആ മാതാവ് ധാരാളമായി പ്രദാനം ചെയ്യുന്നു." ഇങ്ങനെ ദുര്യോധനന്റെ ഓരോ ഗുണത്തേയും ഭാവഗർഭമായി പ്രശം

Digitized By Kerala Sahitya Akademi

നിതന്മാരുടെ സമ്പത്തുകൾ ആപാദനങ്ങളാണല്ലോ." ഇത്യാദി നീതിശാസ്ത്രരഹസ്യങ്ങളെ ഉൽബോധനംചെയ്ത് ആ മഹാനുഭാവൻ കോപപരീതനസനായ തന്റെ അനുജനെ ഒരു ദുഷ്ടഗജത്തെ എന്നപോലെ ഉപസന്നംചെയ്ത് അടക്കുന്ന ആ ഭാഗം എത്ര മനോഹരമാണെന്ന പറഞ്ഞറിക്കാവുന്നതല്ല. മൂന്നാംസർഗ്ഗത്തിൽ വേദവ്യാസന്റെ ഉപദേശങ്ങളിലും അനേകം തത്വങ്ങൾ അടങ്ങീട്ടുണ്ട്.

പതിമ്മൂന്നും പതിന്നാലും സർഗ്ഗങ്ങളിൽ കിരാതവേഷനായ സാക്ഷാൽ ശ്രീപരമേശ്വരനും തപസ്വിയായ അർജ്ജുനനും തമ്മിലുള്ള സംവാദത്തിൽ നിന്നും നമുക്ക് അനേകം ലൌകികരഹസ്യങ്ങൾ ഗ്രഹിക്കുവാനുണ്ട്. നമ്മുടെ ആട്ടക്കഥയെഴുത്തുകാരെപ്പോലെ "വാടാ പോരിനു പാടച്ചരഖേടാ" എന്ന പറഞ്ഞുകൊണ്ടല്ല ലീലാകിരാതൻ വാഗ്വാദത്തിന് ആരംഭിക്കുന്നതു പ്രതിപക്ഷബഹുമാനം എങ്ങനെയിരിക്കണമെന്ന ശരിയായി പഠിക്കണമെങ്കിൽ കിരാതാർജ്ജുനീയംതന്നെ വായിക്കണം. വിശിഷ്ടഗുണമില്ലാത്ത ഒരു പദത്തുവും ആ ഗ്രന്ഥത്തിലില്ല. സാന്ത്വപൂർവ്വവും പ്രിയയുക്തിഹേതുകവുമാണ് കിരാതന്റെ വാക്ക്. "അല്ലയോ മഹാത്മാവേ! അങ്ങയുടെ ശാന്തത വിനീതമായ മനസ്സിനേയും ബ്രഹ്മതേജസ്സോടുകൂടിയ തപസ്സ് സമ്പ്രദായശുദ്ധമായ ശാസ്ത്രശ്രവണത്തേയും ദേവന്മാൎക്കു തുല്യമായ ആകൃതി വിമലമായ കുലത്തേയും വിളിച്ചുപറയുന്നു." എന്നുള്ള അവതാരികയോടുകൂടിയാണ് അവിടുന്ന തന്റെ പ്രസംഗം ആരംഭിക്കുന്നത്. അർജ്ജുനന്റെ ഗുണഗണങ്ങളെ വൎണ്ണിച്ചതിന്റെ ശേഷം "അങ്ങനെയെല്ലാമുള്ള അങ്ങു വരാഹത്തെ കൊന്ന് അങ്ങയെ രക്ഷിച്ച എന്റെ സ്വാമിയുടെ ബാണത്തെ അപഹരിച്ചതു നന്നായില്ല. ഉത്തമന്മാരായ രാജാക്കന്മാർ സനാതനമായ സദാചാരത്തെ സദാ സ്മരിക്കുന്നു. അങ്ങേപ്പോലെയുള്ളവർ അതു വിട്ടു നടക്കുകയാണെങ്കിൽ ആരാണ് ആ മാൎഗ്ഗത്തിൽ ഇനിമേൽ സഞ്ചരിക്കുന്നത്? യോഗശക്തികൊണ്ടു ജനനമരണങ്ങളെ ജയിച്ച മഹൎഷിമാർപോലും സൌശില്യത്തെ ശീലിക്കുന്നതു മഹത്തായ അനൎത്ഥത്തിനു ഹേതുഭൂതമായ ആചാരത്തിൽ നിന്ന നിവൃത്തി നേടിക്കൊള്ളണമെന്ന ബാലന്മാരെപ്പോലും ഉപദേശിക്കുന്നതിനാണ്. മുനിചാപലംകൊണ്ട് അങ്ങ് എന്റെ സ്വാമിയുടെ പരിഗ്രഹമായ ഈ മൃഗത്തെ അഭിഹനിച്ച അപരാധം അദ്ദേഹം ക്ഷമിച്ചിരിക്കുന്നു. പ്രമാദവാന്മാരുടെ ദോഷത്തെ അവരുടെ അജ്ഞത ആവരണംചെയ്യുന്നുണ്ടല്ലോ. മഹാനായ എന്റെ സ്വാമിക്കു ശരം തിരിയെക്കൊടുത്ത് അദ്ദേഹവുമായി സഖ്യം വരിച്ചാൽ അങ്ങേക്കു സകലാഭ്യുദയങ്ങളും സിദ്ധിക്കും." എന്നും മററും ഗൌരവം ഒട്ടും വിടാതെയും ശ്രോതാവിനെ മുഷിപ്പിക്കാതെയും കാൎയ്യം ഗ്രഹിപ്പിക്കുന്ന കിരാതരുദ്രന്റെ വാക്കുകൾ കേട്ട് അർജ്ജുനൻ പ്രശാന്തഗംഭീരമായിത്തന്നെ ഉത്തരം പറയുന്നു.

"വിവിക്തവൎണ്ണാഭരണാ സുഖശ്രുതിഃ
പ്രസാദയന്തീ ഹൃദയാന്യപി ദ്വിഷാം
പ്രവൎത്തതേ നാകൃതപുണ്യകൎമ്മണാം
പ്രസന്നഗംഭീരപദാ സരസ്വതീ."

Digitized By Kerala Sahitya Akademi

എന്ന പ്രസിദ്ധപദ്യം കൊണ്ടു തുടങ്ങുന്ന അദ്ദേഹത്തിന്റെ ആ മറു പടിയുടെ രസികത്വം അന്ത്യാദ്ഭുതമാണ്. താൻ വേദവ്യാസവചനത്തെ പ്രമാണീകരിച്ചാണ് മൃഗത്തെ കടന്നുപോകാൻ സമ്മതിക്കാത്തതെന്നും, കിരാതന്റെ സ്വാമിയോടു യാതൊന്നും യാചിച്ചുവാങ്ങുവാൻ നിശ്ചയിച്ചിട്ടില്ലെന്നും മററും അദ്ദേഹം സമർത്ഥിക്കുന്നത് എത്ര ഉപപത്തിയോടുകൂടിയെന്നു മനസ്സിലാക്കണമെങ്കിൽ മൂലശ്ലോകങ്ങൾതന്നെ വായിക്കണം. ഗുണത്തെ അപവദിച്ചും ദോഷത്തെ ആരോപണം ചെയ്തും സാധുജനങ്ങളെ അതിമാത്രം ആക്രമിച്ച് അവരുടെ ഹൃദയങ്ങളെ ദുഷ്ടന്മാരുടെ വക ഖഡ്ഗങ്ങൾ രണ്ടായി പിളക്കുന്നതും മററും ഭാരവിയുടെ പ്രതിഭയ്ക്കല്ലാതെ നിരീക്ഷിക്കുവാൻ സാധിച്ചിട്ടില്ല

ഇന്ദ്രകീലപർവ്വതത്തിൽ തപസ്സുചെയ്യുന്ന തന്റെ പുത്രന്റെ വ്രതത്തെ ഭഞ്ജിക്കുവാൻ ദേവേന്ദ്രൻ അപ്സരസ്ത്രീകളെ അയച്ചു. അവർ പഠിച്ച പണി പതിനെട്ടും നോക്കീട്ടും പ്രയോജനമൊന്നുമുണ്ടായില്ല. "അല്ലയോ രാജകുമാര! ഞങ്ങളോടുകൂടി രമിക്കുവാൻ അങ്ങേയ്ക്കു മനസ്സില്ലാത്തതെന്താണ്? തപസ്സു പിന്നീടും തുടൎന്നുകൊണ്ടു പോകത്തക്കതാണ്. അനുരാഗവതികളായും അനുരൂപകളായുമുള്ള യുവതികളെ ഉപഭോഗത്തിനു ലഭിക്കുക എന്നുള്ളതു് അത്രതന്നെ എളുപ്പമല്ലല്ലോ. ഈ ഹൃദയകാഠിന്യത്തെ അങ്ങു ത്യജിക്കണം. ഒരു വാക്കു ഞങ്ങളോടു സംസാരിച്ചാൽ മതി. അങ്ങൊരു മുനിയല്ലേ? മുനികളുടെ മനസ്സു കരുണാർദ്രമല്ലേ? ഭാഗ്യഹീനന്മാരല്ലേ കൈയിൽകിട്ടിയതിനെ കളഞ്ഞുകളിക്കുന്നതു്?" എന്നും മററുമുള്ള അവരുടെ അനുനയവചസ്സുകൾ ആകമാനം വിഫലങ്ങളായി. അവർ ദീനസ്വരത്തിൽ മുറയിട്ടു, ലജ്ജവിട്ടുള്ള ഗോഷ്ഠികൾ ഒട്ടനേകം കാട്ടി; കണ്ണുനീർപൊഴിച്ചു; കോപിച്ചു. "ഇയതിഹ്യബലാജനസ്യ ഭൂമിഃ" ഇത്രയല്ലേ ഉള്ളൂ അവരുടെ കൈയിലുള്ള വിദ്യകൾ? ഇതിലൊന്നും അൎജ്ജുനന്റെ മനസ്സ് ഇളകിയില്ല.

പരിഭ്രമത്തോടുകൂടി ദേവേന്ദ്രൻതന്നെ ഒരു വയസ്സനായ മഹർഷിയുടെ വേഷത്തിൽ പുത്രന്റെ ആശ്രമത്തെ പ്രാപിച്ച് അദ്ദേഹത്തെ ഉദ്ദേശസിദ്ധിയിൽനിന്നു വിരമിപ്പിക്കുവാൻ പല ഉപായങ്ങളും പ്രയോഗിക്കുന്നു. ഭാരതീയർ പ്രവൃത്തിപദ്ധതിയിൽ പരാങ്മുഖരാണെന്നുള്ള ഒരപവാദം പണ്ടുപണ്ടേയുള്ളതാണ്. അവരുടെ പ്രമാണഗ്രന്ഥങ്ങളൊന്നുംതന്നെ ഈ മനോഭാവത്തിന് അവരെ പ്രേരിപ്പിക്കുന്നില്ല. 'നിയതം കുരു കർമ്മ ത്വം' ഇത്യാദി ഗീതാവാക്യങ്ങളിൽ അടങ്ങീട്ടുള്ള തത്വങ്ങളെ യഥാവിധി അനുസരിച്ചു പ്രവർത്തിക്കാത്തതുകൊണ്ടാണ് നമുക്ക് ഇന്നത്തെ അധഃപതനം വന്നുചേൎന്നിട്ടുള്ളതെന്നും ആരുംതന്നെ ഔർദ്ധ്വദേഹികമായ അപവൎഗ്ഗത്തെ മാത്രം പുരസ്കരിച്ചു മുനിവൃത്തികളായി യാവജ്ജീവം ലോകയാത്ര ചെയ്യണമെന്നു നമ്മുടെ മതഗ്രന്ഥങ്ങൾ അനുശാസിക്കുന്നില്ലെന്നും നാം ധരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ശരദംബുധരച്ഛായകളായ യൌവനശ്രീകൾ ചലാചലകളാണെന്നും ആപാതരമ്യങ്ങളായ വിഷയങ്ങൾ പൎയ്യന്തപരിതാപികളാണെന്നും സതതാപത്തുകളായ ശരീരികൾക്ക് അന്തകൻ പ്രതിരോദ്ധാവായി നില്ക്കുന്നുണ്ടെന്നും അതിനാൽ മോക്ഷത്തെ തന്നെയാണ് യോ

Digitized By Kerala Sahitya Akademi

ഗ്ര്യന്മാർ കാംക്ഷിക്കുന്നതും കാംക്ഷിക്കേണ്ടതുമെന്നും കാമക്രോധങ്ങൾ ത്യാജ്യങ്ങളാണെന്നും മററും അച്ഛൻ ഉപദേശിക്കുന്നതുകേട്ടു മകനെന്തുപറയുന്നു എന്നു നോക്കുവിൻ "അല്ലയോ മഹർഷേ! എൻെറ ഈ ഉദ്യമത്തിൻെറ പൌർവ്വാപര്യം ഗ്രഹിക്കാതെയാണല്ലോ അവിടുന്ന് എന്നോടു ധർമ്മോപദേശം ചെയ്യുന്നത്. സാക്ഷാൽ ബൃഹസ്പതിയായാലും അവിജ്ഞാതപ്രബന്ധനാണെങ്കിൽ അദ്ദേഹത്തിൻെറ വാക്കു നയദ്രോഹിയുടെ ഉദ്യോഗംപോലെ വൈഫല്യത്തെത്തന്നെ പ്രാപിക്കും." എന്നുള്ള മുഖവുരയോടുകൂടി താൻ തപസ്സുചെയ്യുന്നത് എന്തുദ്ദേശത്തോടുകൂടിയാണെന്ന് ആ ക്ഷത്രിയവീരൻ ശ്രോതാവിനെ വ്യക്തമായി മനസ്സിലാക്കുന്നു. ഭാരതീയരുടെ പൌരുഷം, മനസ്ഥിതം, ആത്മാഭിമാനം ഇവയെന്തൊന്നു സൂക്ഷ്മമായി ഗ്രഹിക്കണമെങ്കിൽ ആ പദ്യങ്ങൾതന്നെ പഠിച്ചു ചർവ്വണംചെയ്യണം. "ശത്രുക്കളുടെ സമുച്ഛേദംകൊണ്ടു വംശലക്ഷ്മിയെ ഉദ്ധരിക്കാതെയിരിക്കുന്നിടത്തോളം കാലം എനിക്കു മോക്ഷംതന്നെ സിദ്ധിച്ചാലും അതിനെ ഞാൻ ജയശ്രീക്കു പ്രതിബന്ധമായി ഗണിക്കും. ഗാർഹസ്ഥ്യം കഴിയുന്നതിനു മുൻപ് എങ്ങനെയാണ് ധർമ്മവിരോധിനിയായ മുനിവൃത്തിയെ ഞാൻ അംഗീകരിക്കേണ്ടത്? പൂർവ്വന്മാർ അനുക്രമമായല്ലേ ആശ്രമങ്ങളെ നിശ്ചയിച്ചിട്ടുള്ളത്? അതിനു വ്യതിക്രമം പാടില്ലല്ലോ." ഇത്യാദിവാക്യങ്ങളാൽ ആ മാതൃകാപുരുഷൻ പിതാവിൻെറ ആശിസ്സുകളെ സ്വായത്തമാക്കുന്നു. അവസരോചിതമല്ലാത്ത അപവർഗ്ഗാകാംക്ഷ ആത്മഘാതതുല്യമാണെന്ന് അർജ്ജുനൻെറ ധർമ്മോപന്യാസത്തിൽനിന്നു ഗ്രഹിക്കാം. രോമാഞ്ചകഞ്ചുകിതനായല്ലാതെ യാതൊരു ഭാരതീയനും ഈ ഉപന്യാസം വായിക്കുവാൻ കഴിയുന്നതുമല്ല.

ഒരു രാജ്യതന്ത്രജ്ഞൻേറയും ദേശാഭിമാനിയുടേയും നയകോവിദൻേറയും ഉത്സാഹശീലൻേറയും പൌരുഷധനൻേറയും നിലയിൽ ജീവിതം നയിച്ചു മാതൃഭൂമിക്കു കീർത്തി വർദ്ധിപ്പിക്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരുവനും കിരാതാർജ്ജുനീയത്തിൻെറ നിത്യപാരായണം പര്യാപ്തമായ പ്രയോജനത്തെ പ്രദാനം ചെയ്യുമെന്നുള്ളതിനു സംശയമില്ല.

"ഘനപോത്രവിദീർണ്ണസാലമൂലോ
നിബിഡസ്കന്ധനികാഷരുഗ്ണവപ്രഃ
അയമേകചരോഭിവർത്തതേ മാം
സമരായേവ സമാജ്ജുഹൂഷമാണഃ."

ഇത്യാദി പദ്യങ്ങളിലെ ശബ്ദഭംഗിയും

"കൃതോർമ്മിരേഖം ശിഥിലത്വമായതാ
ശനൈശ്ശനൈശ്ശാന്തരയേണ വാരിണാ
നിരീക്ഷ്യ രേമേ സ സമുദ്രയോഷിതാം
തരംഗിതക്ഷൗമവിപാണ്ഡു സൈകതം."

ഇത്യാദി പദ്യങ്ങളിലെ അർത്ഥചമൽക്കാരവുമാലോചിച്ചാൽ,

"സ്തുവന്തി ഗുർവീമഭിധേയസമ്പദം
വിശുദ്ധിമുക്തേരപരേ വിപശ്ചിതഃ

Digitized By Kerala Sahitya Akademi

ഇതി സ്ഥിതായാം പ്രതിപൂരുഷം രുചൗ
സുദുർല്ലഭാസ്സുവ്മനോരമാ ഗിരഃ"

എന്ന പദ്യത്തിൽനിന്നു ദ്യോതിക്കുന്ന പ്രകാരം ലോകത്തിൻെറ ഭിന്നരുചിത്വത്തിൽ ഭയപ്പെടുന്ന ആ മഹാകവി ഉക്തിവിശുദ്ധിയിലും അഭിധേയസമ്പത്തിലും ഒന്നുപോലെ ദൃഷ്ടിവച്ചിരുന്നതായി കാണാം. എന്നാൽ ഒരു മഹാകവിയെക്കാൾ അധികമായി ഞാൻ ഒരു ലോകാചാര്യൻ എന്ന നിലയിലാണ് ആ മഹാനുഭാവനെ ആരാധിക്കുന്നതു്. ഭുവനപരിഭവത്തിനു ശക്തമായ ഗുരുഗണത്തിന് അർജ്ജുനൻെറ മനസ്സിനെ വിഷയോന്മുഖമാക്കുവാൻ സാധിച്ചില്ല എന്നുപന്യസിക്കേണ്ടിവരുന്ന അവസരത്തിലും അദ്ദേഹത്തിനു ലഭിക്കുന്ന ഉദാഹരണം രാജ്യമീമാംസയിൽ നിന്നാണ്. "ബലവത്താണെങ്കിലും പരസ്പരശത്രുത്വമുള്ള സൈന്യം ശത്രുവിജയത്തിനു പര്യാപ്തമാകുന്നതല്ലല്ലോ." എന്നാണ് അദ്ദേഹം അവിടെ ദൃഷ്ടാന്തരൂപമായി പ്രസംഗിക്കുന്നതു്.

"പ്രസാദരമ്യമോജസ്വി ഗരീയോ ലാഘവാന്വിതം
സാകാംക്ഷമനുപസ്കാരം വിഷ്വഗ്ഗതിനിരാകുലം
ന്യായനിർണ്ണീതസാരത്വാന്നിരപേക്ഷമിവാഗമേ
അപ്രകമ്പ്യതയാന്യേഷാമാമ്നായവചനോപമം
അലംഘ്യത്വാജ്ജനൈരന്യൈഃ ക്ഷുഭിതോദന്വദൂർജ്ജിതം
ഔദാര്യാദർത്ഥസമ്പത്തേഃ ശാന്തം ചിത്തമൃഷേരിവ."

എന്ന ദേവേന്ദ്രൻെറ വാക്കിനെപ്പററിയുള്ള അർജ്ജുനൻെറ പ്രശംസ കിരാതാർജ്ജുനീയത്തിനു പൊതുവേ സംബന്ധിപ്പിക്കാവുന്നതാണ്.

"സ്ഫുടതാ നപദൈരപാകൃതാ;
ന ച ന സ്വീകൃതമർത്ഥഗൌരവം;
രചിതാ പൃഥഗർത്ഥതാ ഗിരാം;
ന ച സാമർത്ഥ്യമപോഹിതം ക്വചിൽ;
ഉപപത്തിരുദാഹൃതാ ബലാ-
ദനുമാനേന ന ചാഗമഃ ക്ഷതഃ."

ഇത്യാദിപദ്യങ്ങളിൽ വാക്യഗുംഭനരഹസ്യങ്ങളെന്തെന്നു ലോകത്തെ ഗ്രഹിപ്പിച്ചിട്ടുള്ള ആ പരമഗുരുവിൻെറ കാവ്യത്തിലെ പദ്യങ്ങൾ മുക്തകങ്ങളായി മാത്രമേ ശോഭിക്കൂ എന്നു പറയുന്നതു മുഴുവൻ പരമാർത്ഥമല്ല. കാളിദാസക്ക് അർത്ഥാന്തരന്യാസത്തിൽ പാരമ്യത്തെ പ്രതിഷ്ഠാപനം ചെയ്തുന്നവർ "ഈദൃശീ ഭവിതവ്യതാ" "പ്രകർഷതന്ത്രാ ഹി രണേ ജയശ്രീഃ" "വദതി ഹി സംവൃതിരേവ കാമിതാനി" മുതലായ ഭാരവിയുടെ പ്രയോഗങ്ങളുടെ സ്വാദുത്വം പരിശോധിച്ചിട്ടുള്ളവരാണോ എന്നു സംശയമാണ്. ഈ മഹാകവിയുടെ എത്ര വാക്യങ്ങളാണ് അനന്തരകാലങ്ങളിൽ പഴഞ്ചൊല്ലുകളായി ഭാരതഖണ്ഡമൊട്ടുക്കു പ്രചരിച്ചിട്ടുള്ളതു് എന്നുള്ളതിനു കണക്കില്ല.

ൻ

Digitized By Kerala Sahitya Akademi

വിവിധങ്ങളായ വിധിവൈപരീത്യങ്ങൾക്കു വശംവദയായി വിഷമിച്ചും വിഷാദിച്ചും വലയുന്ന ഭാരതമാതാവിന്റെ ആധുനികസന്താനങ്ങൾക്കു മാർഗ്ഗദർശകമായ ഒരു ജ്യോതിസ്സ് സാഹിത്യനഭോമണ്ഡലത്തിൽ സമുല്ലസിക്കുന്നുണ്ടെങ്കിൽ അതു കിരാതാർജ്ജുനീയംതന്നെയാണ്. ആ ഒരു മഹാകാവ്യത്തിന്റെ പരിശീലനം അവരെ പ്രാപ്യസ്ഥാനത്തേക്കു നയിച്ചുകൊള്ളും. അന്യരാജ്യക്കാർ ഭാരതീയരെ കൊള്ളരുതാത്തവരെന്നു പുച്ഛിക്കുമ്പോൾ

"ആക്ഷിപ്യമാണം രിപുഭിഃ പ്രമാദാ-ന്നാഗൈരിവാലൂനസടം മൃഗേന്ദ്രം
ത്വാം ധൂരിയം യോഗ്യതയാധിരൂഢാ ദീപ്ത്യാ ദിനശ്രീരിവ തിഗ്മരശ്മിം.
കരോതി യോ/ശേഷജനാതിരിക്താം സംഭാവനാമർത്ഥവതീം ക്രിയാഭിഃ
സംസൽസുജാതേ പുരുഷാധികാരേ ന പൂരണീ തം സമുപൈതി സംഖ്യാ."

ഇത്യാദി പദ്യങ്ങളുടെ ആശയം അവരെ ഓരോരുത്തരെയും കൃത്യോന്മുഖരാക്കി ചരിതാർത്ഥതയെ നേടിക്കൊള്ളും. പ്രത്യേകിച്ചും പതിനൊന്നാം സർഗ്ഗത്തിലെ അനുഷ്ടുപ്പുവൃത്തത്തിലുള്ള ഇന്ദ്രാർജ്ജുനസംവാദത്തിന്റെ ആത്മവീര്യം അനിതരസാധാരണമാണ്. പാഞ്ചാലിയുടെ വാക്യത്തെപ്പററി ഭീമസേനൻ പറയുന്നതുപോലെ പരിണാമസുഖമായും ഗരീയസ്സായും ക്ഷതൌജസ്സുകൾക്കു ഭയങ്കരമായുമുള്ള ആ സർഗ്ഗത്തിൽ സ്വല്പമാണെങ്കിലും അതിവീര്യവത്തായിട്ടുള്ള ഭേഷജത്തിൽ എന്നതുപോലെ വളരെവളരെ ഗുണം കാണുന്നുണ്ട്.

"കൃതം പുരുഷശബ്ദേന ജാതിമാത്രാവലംബിനാ;
അംഗീകൃതഗുണൈഃ ശ്ലാഘ്യസ്സവിസ്മയമുദാഹൃതഃ."

ഇത്യാദിപദ്യങ്ങൾ മുദ്രാവാക്യങ്ങളായി സ്വീകരിക്കുന്ന ഏതു മനുഷ്യനാണ് ഉദ്ഗതി ഹസ്തസ്ഥിതമല്ലാത്തത്! മഹാകവിസാർവ്വഭൌമനായ ഭാരവിയെ ഞാൻ വീണ്ടും വീണ്ടും സാഷ്ടാംഗമായി നമസ്കരിക്കുന്നു.

Digitized By Kerala Sahitya Akademi

വ്വ. ന. ാായണാചാര്യർ.

വേദഭാഷ്യകാരനായ സായണാചാര്യരെപ്പററി എൻെറ മാന്യസ്നേഹിതനായ ശ്രീമാൻ കെ. വി. എം. എഴുതിയ ഉപന്യാസം വായിച്ചപ്പോൾ ആ മഹാനുഭാവനെ സംബന്ധിച്ചുള്ള ചില പുതിയ വിവരങ്ങൾകൂടി മംഗളോദയവായനക്കാരെ ഗ്രഹിപ്പിച്ചാൽ കൊള്ളാമെന്ന് എനിക്കു തോന്നി. ഈ വിവരങ്ങളിൽ ചിലതെല്ലാം മൈസൂർരാജ്യത്തിലെ പുരാണവസ്തുസംരക്ഷകനായ റാവുബഹദൂർ ആർ. നരസിംഹാചാര്യർ എം. എ. ആദ്യമായി കണ്ടുപിടിച്ചിട്ടുള്ളതാണ്.

സായണാചാര്യരുടെ പിതാവു മായണനും മാതാവു ശ്രീമതിയും ആയിരുന്നു. "മായണൻ" എന്നതു "മായണ്ണാ" എന്ന ആന്ധ്രപദത്തിൻെറ സംസ്കൃതരൂപമാണ്. "മായണ്ണാ" "മാതണ്ണാ" എന്നതിൻെറ രൂപഭേദവും "മാതണ്ണാ" എന്ന പദത്തിനു പൂജ്യനായ മാധവൻ എന്നൎത്ഥവുമാകുന്നു. ശ്രീമതീമാധവന്മാൎക്കു മൂന്നു പുത്രന്മാരും ഒരു പുത്രിയുമുണ്ടായിരുന്നു. പുത്രന്മാരിൽ ജ്യേഷ്ഠൻ മാധവാചാര്യരും രണ്ടാമൻ സായണാചാര്യരും മൂന്നാമൻ ഭോഗനാഥനുമായിരുന്നു. സഹോദരിയുടെ പേർ "സിംഗളെ" എന്നത്രെ. ഈ വസ്തുതകൾ മാധവാചാര്യരുടെ പരാശരമാധവീയത്തിലേ,

"ശ്രീമതി യസ്യ ജനനീ സുകീൎത്തിൎമ്മായണഃ പിതാ"

ഇത്യാദി പദ്യത്തിൽനിന്നു മാത്രമല്ല, സായണാചാര്യരുടെ അലങ്കാരസുധാനിധിയിലേ:

"മഹേന്ദ്രവന്മാനനീയോ മന്ത്രീ മായണസായണഃ"

"മന്ത്രണേഷു കൃതചാരമണ്ഡലസ്സായണോ ജയതി മായണാത്മജഃ"
"ഇതിശ്രീമൽ ബുക്കരാജപ്രഥമ ദേശികമാധവാചാര്യാനുജന്മനഃ ശ്രീമൽ സംഗമരാജസകലരാജ്യധുരന്ധരസ്യ സകലവിദ്യാനിദാനഭൂതസ്യ ഭോഗനാഥാഗ്രജന്മനഃ ശ്രീമൽസായണാചാര്യസ്യ കൃതൌ"

എന്നും സുഭാഷിതസുധാനിധിയിലേ,

"ഭാരദ്വാജാന്വയഭുവാ തേന സായണമന്ത്രിണാ
വ്യരച്യത വിശിഷ്ടാൎത്ഥസുഭാഷിതസുധാനിധിഃ"

"ഇതി ശ്രീകമ്പരാജമഹാപ്രധാനഭരദ്വാജവംശമൌക്തികമായണരത്നാകരസുധാകരമാധവകല്പതരുസഹോദരസായണാചാര്യവിരചിതേ" എന്നും, പ്രായശ്ചിത്തസുധാനിധിയിലേ (സംഗമൻെറ)

Digitized By Kerala Sahitya Akademi

"തസ്യ മന്ത്രിശിരോരത്ന-
മസ്തി മായണസായണഃ."

"തേന മായണപുത്രേണ
സായണേന മനീഷിണാ
ഗ്രന്ഥഃ കൎമ്മവിപാകാഖ്യഃ
ക്രിയതേ കരുണാവതി."

"ഇതി മാധവഭോഗനാഥസഹോദരസ്യ മായണനന്ദനസ്യ സായണാചാൎയ്യസ്യ കൃതൌ" എന്നും, യജ്ഞതന്ത്രസുധാനിധിയിലേ

"തസ്യാ (സംഗമന്റെ) ഭ്രദനായഗുരു-
സ്തത്വസിദ്ധാന്തദൎശകഃ
സൎവ്വജ്ഞസ്സായണാചാൎയ്യോ
മായണാൎയ്യതനൂദ്ഭവഃ

ഉപേന്ദ്രസ്യേവ യസ്യാസീ-
ദിന്ദ്രസ്സുമനസാം പ്രിയഃ
മഹാക്രതുനാമാഹൎത്താ
മാധവാൎയ്യസഹോദരഃ."

എന്നും, ധാതുവൃത്തിയിലേ

"അസ്തി ശ്രീസംഗമക്ഷ്മാപഃ പൃഥ്വീതലപുരന്ദരഃ
തസ്യ മന്ത്രിശിരോരത്നമസ്തി മായണസായണഃ
തേന മായണപുത്രേണ സായണേന മനീഷിണാ
ആഖ്യയാ മാധവീയേയം ധാതുവൃത്തിൎവ്വിരച്യതേ."

എന്നും ഉള്ള ഭാഗങ്ങളിൽ നിന്നും വിശദമാകുന്നു. സിംഗളേയുടെ പുത്രനായ ലക്ഷ്മീധരൻ പ്രഥമദേവരായമഹാരാജാവിന്റെ മന്ത്രിയായിരുന്നു.

സായണാചാൎയ്യർ വിജയനഗരത്തിലെ നാലു രാജാക്കന്മാൎക്കു മന്ത്രിയായിരുന്നതായി അദ്ദേഹത്തിന്റെ കൃതികളിൽനിന്നു കാണുന്നു. ഇവർ കമ്പണനും, ദ്വിതീയസംഗമനും, പ്രഥമബുക്കനും, ദ്വിതീയഹരിഹരനുമാണ്. ഈ രാജാക്കന്മാരുടെ വംശാവലി താഴെ ചേൎത്തുകൊള്ളുന്നു.

പ്രഥമസംഗമൻ

പ്രഥമഹരിഹരൻ | കമ്പണൻ | പ്രഥമബുക്കൻ | മാരപ്പൻ | മുദ്ധപ്പൻ

(കമ്പണൻ →) ദ്വിതീയസംഗമൻ | (പ്രഥമബുക്കൻ →) ദ്വിതീയഹരിഹരൻ

(ദ്വിതീയഹരിഹരൻ →) ദ്വിതീയബുക്കൻ | പ്രഥമദേവരായൻ

സുഭാഷിതസുധാനിധിയിൽ കമ്പണരാജന്റെ മഹാപ്രധാനനെന്നും,

Digitized By Kerala Sahitya Akademi

പ്രായശ്ചിത്തസുധാനിധി, യജ്ഞതന്ത്രസുധാനിധി, ധാതുവൃത്തി ഇവയിൽ ദ്വിതീയസംഗമന്റെ മന്ത്രിയെന്നും, അലങ്കാരസുധാനിധിയിൽ ബുക്കരാജന്റെ പ്രഥമഗുരുവായ മാധവാചാര്യരുടെ അനുജനെന്നും സംഗമരാജന്റെ സകലരാജ്യധുരന്ധരനെന്നും, വേദാർത്ഥപ്രകാശിക (വേദഭാഷ്യം) യിൽ ബുക്കമഹാരാജാവിന്റെ സാമ്രാജ്യധുരന്ധരനെന്നും ശതപഥതൈത്തിരീയാദിബ്രാഹ്മണഭാഷ്യങ്ങളിൽ ഹരിഹരമഹാരാജാവിന്റെ മന്ത്രിയെന്നുംസായണൻ തന്നെപ്പററി പ്രസ്താവിക്കുന്നു. പ്രഥമഹരിഹരമഹാരാജാവു ക്രി. പി. ൧൩൪൩-ൽ മരിച്ചു എന്നും ൧൩൪൪ മുതൽ ൧൩൫൫ വരെ കമ്പണൻ രാജ്യഭാരം ചെയ്തു എന്നും അതിൽപിന്നീട് അദ്ദേഹത്തിന്റെ സീമന്തപുത്രനായ ദ്വിതീയസംഗമൻ രാജാവായി എന്നും ഉടൻതന്നെ അദ്ദേഹത്തെ ജയിച്ചു പ്രഥമബുക്കൻ രാജ്യഭാരമാരംഭിച്ചു എന്നും പ്രഥമബുക്കൻ ൧൩൭൯-ൽ മരിച്ചതിനുമേൽ ദ്വിതീയഹരിഹരൻ രാജാവായി എന്നും ആ, ഹരിഹരന്റെ രാജ്യഭാരം ൧൩൯൯-ൽ അവസാനിച്ചു എന്നും വിജയനഗരചരിത്രകാരനായ സ്യൂവൽസായിപ്പ് അനുമാനിക്കുന്നു. ഈ അനുമാനങ്ങൾക്കുള്ള അടിസ്ഥാനം ബലഹീനമാണ്. ശൃംഗേരിയിലെ ഒരു ശാസനത്തിൽ നിന്നു പ്രഥമഹരിഹരൻ ക്രി. പി. ൧൩൪൬-ൽ ജീവിച്ചിരുന്നതായും അദ്ദേഹവും തന്റെ നാലു സഹോദരന്മാരും ഒന്നുചേന്നു ഭാരതീതീർത്ഥൻ എന്ന ഗുരുവിനു ഭൂമിദാനം ചെയ്തതായും കാണുന്നു.

ഈ സഹോദരന്മാർ വിജയനഗരമഹാരാജ്യത്തെ അവരുടെ പൊതുസ്വത്തായി ഗണിച്ചുവന്നു എന്നുള്ളതിനു പല ലക്ഷ്യങ്ങളുമുണ്ട്. തലസ്ഥാനത്തിലിരുന്നു മൂത്തസഹോദരൻ രാജ്യഭാരംചെയ്യുകയും പ്രാന്തപ്രദേശങ്ങളുടെ ആധിപത്യം ഇതരസഹോദരന്മാർ സ്വീകരിക്കുകയും ആണ് ഉണ്ടായതു്. ക്രി. പി. ൧൩൪൭-ൽ മററൊരു സഹോദരനായ മാരപ്പന്റെ വകയായി ഒരു ശാസനം കാണുന്നുണ്ട്.

അതിൽ:—

"കല്ലാസനാന്മാരപഭൂമിപാല-
സ്സംപ്രാപ്യ രാജ്യം ദിശി പശ്ചിമായാം
ഗോമന്തശൈലേ വരചന്ദ്രഗുപ്തൗ
സ്ഥിത്വാ സുഖം സമ്യഗപാലയൽ പ്രജാഃ"

എന്നു പ്രസ്താവിച്ചിരിക്കുന്നു. ഇതുപോലെ ഒരു ഖണ്ഡമണ്ഡലാധിപത്യം മാത്രമല്ലയോ കമ്പണനുണ്ടായിരുന്നതു എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സായണൻ കമ്പണന്റെ മന്ത്രിയായിരുന്നു. സുഭാഷിതസുധാനിധിയിൽ പൂർവ്വപശ്ചിമസമുദ്രാധീശനെന്നും, ധാതുവൃത്തിയിൽ പൂർവ്വദക്ഷിണപശ്ചിമസമുദ്രാധീശ്വരനെന്നും സായണൻ കമ്പണനെ പ്രശംസിച്ചിട്ടുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അതു ഭാഗവതം ഷഷ്ഠസ്കന്ധത്തിൽ യമധർമ്മരാജാവിനോടു ദൂതന്മാർ—

"കിന്തു ശാസ്തൃബഹുത്വേ സ്യാൽ
ബഹൂനാമിഹ കർമ്മിണാം?
ശാസ്തൃത്വമുപചാരോ ഹി
മഹാമണ്ഡലവർത്തിനാം."

Digitized By Kerala Sahitya Akademi

എന്നു പറഞ്ഞമാതിരിയില്ലല്ലതെന്നൂഹിപ്പാനാണ് അധികം ന്യായം കാണുന്നതു്. ഇതിനിടയിൽ കമ്പണൻ സേതുവരെ ദിഗ്വിജയം ചെയ്തു എന്നുള്ളവസ്തുത ഞാൻ വിസ്മരിക്കുന്നില്ല. അഥവാ ദ്വിതീയസംഗമന്റെ ഒരു ശാസനത്തിൽ —

"തസ്മാദുദഭവൻ പഞ്ച
തനയാ ശൌര്യശാലിനഃ
കല്പാവനിരുഹാഃ പൂർവ്വ-
കലശാംബുനിധേരിവ.

ആദൌ ഹരിഹരക്ഷ്മാഭൃ-
ദഥ കമ്പമഹീപതിഃ
തതോ ബുക്കമഹീപാല-
സ്തസ്മാന്മാരപമുദ്ഘപൌ.

തത്ര രാജാ ഹരിഹരോ
ധരണീമശിഷച്ചിരം
സുത്രാമസദൃശോ യേന
സുരത്രാണഃ* പരാജിതഃ

തസ്യാനുജശ്ചിരമശാൽ
ധാത്രീം കമ്പണഭൂപതിഃ
യഥാർത്ഥമഭജന്നാമ
യസ്യ കമ്പയിതുർദ്വിഷാം.

ജയന്ത ഇവ ജംഭാരേഃ
പ്രദ്യുമ്ന ഇവ ശാർങ്ഗിണഃ
തനയസ്സമഭൂദ്ധീര-
സ്തസ്യ സംഗമഭൂധരഃ."

എന്നു പറഞ്ഞിട്ടുള്ളതുപോലെ കമ്പണൻ രാജാവായി രാജ്യപരിപാലനംചെയ്തു എന്നു വിചാരിച്ചാൽ കൂടിയും അന്നും അദ്ദേഹത്തിന്റെ പ്രതിനിധിയായി വാസ്തവത്തിൽ പ്രജാരക്ഷ ചെയ്തുകൊണ്ടിരുന്നതു് വീരബുക്കനാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

ഹരിഹരന്റെ മരണാനന്തരം ബുക്കൻതന്നെ രാജ്യഭാരമാരംഭിച്ചതായിട്ടാണ് പോർത്തുഗീസുചരിത്രകാരന്മാർ പറയുന്നതു്. ഈ സ്ഥിതിക്കു ദ്വിതീയസംഗമൻ ഒരിക്കലും വിജയനഗരസാമ്രാജ്യത്തിന്റെ ആധിപത്യം സ്വീകരിച്ചു എന്നൂഹിക്കുവാൻ മാർഗ്ഗം കാണുന്നില്ല. അച്ഛന്റെ മരണാനന്തരം അദ്ദേഹത്തിന്റെ വകയായ പ്രാന്തപ്രദേശങ്ങൾക്കു മകൻ അധിപതിയായി എന്നു മാത്രമേ എനിക്കു തോന്നുന്നുള്ളു. സുഭാഷിതസുധാനിധി കമ്പണന്റെ കാലത്താണ് നിർമ്മിച്ചതു്. സംഗമന്റെ ശൈശവത്തിൽതന്നെ കമ്പണൻ മരിച്ചുവെന്നും അക്കാലത്തു സംഗമന്റെ പ്രതിനിധിയായി രാജ്യഭാരം ചെയ്തതു സായണൻതന്നെയായിരുന്നുവെന്നും അലങ്കാരസുധാനിധിയിലെ താഴെ കാണുന്ന ഭാഗങ്ങളിൽ നിന്നൂഹിക്കാവുന്നതാണ്.

* സുരത്രാണൻ=സുൽത്താൻ.

Digitized By Kerala Sahitya Akademi

"സംഗമേന്ദ്രനരേന്ദ്ര! ത്വ-
യ്യകൃതാസ്യപരിഗ്രഹേ
വിധായോർവീധുരമേഗാൽ
സ്വാരാജ്യം കമ്പണഃ കഥം?"

"സായണസചിവായത്തം
സംഗമരാജസ്യ പശ്യ രാജ്യമിദം."

"ശൌര്യോച്ഛൃംഖലസംഗമേശ്വരമഹാ-
സാമ്രാജ്യസമ്പാദന-
പ്രോദ്യൽസായണമന്ത്രിവയ്യരഭസ-
ക്ഷുണ്ണക്ഷമാസമ്പദാം
ഗ്രൂഢം കാനനഗഹ്വരേഷു ചരതാ-
മസ്മാകമത്യുന്നതൈ-
രേഭിഃ കിം ഘനഗർജ്ജിതൈർമ്മദനതൈഃ
കിം വാ സഹൈഹൈർഹയൈഃ?"

സംഗമന്റെ വിദ്യോപദേഷ്ടാവും സായണൻ തന്നെയായിരുന്നു എന്നുള്ളതിനു യജ്ഞതന്ത്രസുധാനിധിയിലേ

"തസ്യാഭ്രദനപ്വയഗുരു-
സ്തത്വസിദ്ധാന്തദർശകഃ"

ഇത്യാദി പദ്യം മാത്രമല്ല, അലങ്കാരസുധാനിധിയിലേ

"ബാല്യേപി പ്രതിബോധയന്ന്യവഹിതം
ശ്രീസംഗമക്ഷ്മാപതിം
ബോധൈകാസ്പദസായണാര്യഭഗവ-
ദ്വ്യാസാവതാരഃ......"

"ആന്വീക്ഷിക്യാമധികവിഹൃതൌ
ഹർഷശോകവ്യുദാസേ
മാർഗ്ഗോല്ലേഖം വിദധതി നൃണാം
മാനവേ ധർമ്മശാസ്ത്രേ
സമ്യക് ശിക്ഷാം സചിവഗമിതഃ
ശൈശവേ സായണാര്യ!
പ്രൌഢിം ഗാഢാം പ്രകടയതി തേ
സംഗമേന്ദ്രഃ പ്രയോഗേ."

ഇത്യാദിപദ്യങ്ങളും ലക്ഷ്യങ്ങളാണ്. സംഗമൻ രാജ്യഭാരം ആരംഭിച്ചപ്പോൾ സായണൻ അദ്ദേഹത്തിന്റെ മന്ത്രിയായി. ബുക്കൻ സാമ്രാജ്യാധിപതിയായിരുന്ന കാലത്തുതന്നെ സംഗമനു ഖണ്ഡമണ്ഡലാധിപത്യമുണ്ടായിരുന്നു എന്ന് അലങ്കാരസുധാനിധിയിൽനിന്നു കാണാവുന്നതാണ്. സായണൻ പേനകൊണ്ടെന്നപോലെ സേനകൊണ്ടും യശസ്സു നേടിയിരുന്നു. മദ്ധ്യകാലങ്ങളിൽ പ്രസിദ്ധന്മാരായ അനേകം ബ്രാഹ്മണസേനാനികൾ ഉണ്ടായിരുന്നതിൽ നമ്മുടെ ഈ പണ്ഡിതസാർവ്വഭൌമൻ ഒട്ടും അപ്രധാനനല്ലായിരു

Digitized By Kerala Sahitya Akademi

ന്നു. ഈ തത്വത്തെ അലങ്കാരസുധാനിധിയിലുള്ള താഴെക്കാണുന്ന പങ്ങൾ തെളിയിക്കുന്നു.

"അമും ശമിതശാത്രവസ്ഥിരഭുജാവലേപോദയം
സമീക്ഷ്യ യുധി സായണം സമധികോ ഭവേദപിസ്മയഃ
നഖാഗ്രഹതവൈരിണോ നരഹരേർഹരസ്യാഥവാ
നവാംബുജദളോല്ലസന്നയനമാത്രദഗ്ധദ്വിഷഃ."

"ജഗദ്വീരസ്യ ജാഗർത്തി
കൃപാണസ്സായണപ്രഭോഃ
കിമിത്യേതേ വൃഥാടോപാ
ഗർജ്ജന്തി പരിപന്ഥിനഃ."

"ആകർണ്ണ്യ യാത്രാപടഹപ്രണാദാ-
നപോഢനിദ്രൈസ്തവ സായണാര്യ!
അരണ്യസിംഹൈരഭിഭൂപതീനാ-
മാഹന്യതേ ചിത്രഗതോപി ഹസ്തീ."

"സമരേ സപത്നസൈന്യം
സായണ! തവ ബിംബിതം വഹൻ ഖഡ്ഗം
ക്രീഡതി കൈടഭരിപുരിവ
ബിഭ്രൽക്രോഡേ ജഗത്ത്രയം ജലധൌ."

ഇതുകൂടാതെ ചോളരാജാവായ വീരചമ്പനെ സായണൻ യുദ്ധത്തിൽ ജയിച്ചു എന്നും ആ ഗ്രന്ഥത്തിൽ പറഞ്ഞുകാണുന്നുണ്ട്.

"ദിഷ്ട്യാ ദൌഷ്ടികഭാവസംഭൃതമഹാ
സമ്പദ്വിശേഷോദയം
ജിത്വാ ചമ്പനരേന്ദ്രമൂർജ്ജിതയശാഃ
പ്രത്യാഗതഃ സായണഃ"

എന്ന ഭാഗം നോക്കുക. അലങ്കാരസുധാനിധിയിൽ ഭാമഹൻ, ഉദ്ഭടൻ, കുന്തകൻ, ഭട്ടനായകൻ, വാമനൻ, രുദ്രടൻ, ആനന്ദവർദ്ധനൻ, അഭിനവഗുപ്തപാദൻ, ഭോജൻ, മഹിമഭട്ടൻ മുതലായ പല പ്രാചീനാലങ്കാരികന്മാരുടെ മതങ്ങളെപ്പററി പ്രസ്താവിക്കുന്നുണ്ട്.

സംഗമരാജാവിൻെറ പ്രധാനമന്ത്രിയായിരുന്നകാലത്തു തന്നെയാണ് സുപ്രസിദ്ധമായ ധാതുവൃത്തി നിർമ്മിച്ചത്. അതിൽ കവി തൻെറ വീര്യം, വദാന്യത മുതലായ സൽഗുണങ്ങളെ താഴെക്കാണുന്ന വിധത്തിൽ വർണ്ണിച്ചിരിക്കുന്നു.

"തസ്യ മന്ത്രിശിരോരത്ന-
മസ്തി മായണസായണഃ
യഃ ഖ്യാതിം രത്നഗർഭേതി
യഥാർത്ഥയതി പാർത്ഥിവീം."

Digitized By Kerala Sahitya Akademi

നിത്യോന്മീലിതദാനവാരിരധികം നിർദ്ധൂതപങ്കോദയോ
ദൂരാപാസ്തഹരീശലംഘനവിധിർഗ്ഗപ്രസംഗോത്ഥിതഃ
ക്ഷ്മാഭൃൽക്ഷോഭകൃതിക്ഷമഃ ക്ഷണികയൻ ദോഷാകരോൽഘോഷണാ-
മാനന്ദായ ചകാസ്തി യസ്ത്രിജഗതാമാശ്ചര്യരത്നാകരഃ.

യൽകീർത്തേ ജാഹ്നവിസ്ഫൂർത്തെ
കീർത്ത്യാ വിജിഷതാമപി
കളിന്ദനന്ദിനികാന്ത-
സ്സഖ്യമേവ പ്രപദ്യതേ.

യേന നിർമ്മീയതേ നിത്യം
ധനൈരായോധനൈരപി
ശ്രേയസേ യശസേ ദാനം
വിദുഷാം വിദ്വിഷാമപി.

ന ധ്യാനം ന വ്രതം നാർച്ചാ
ന സമാധിർന്ന വാ ജപഃ
മന്ത്രസിദ്ധം ബലം യസ്യ;
മതിരേവ മഹീയസീ.

സുധാതുവൃത്തിർവ്വിഹിതാ ബുധാനാം
ശ്രീവത്സചിഹ്നേന കൃതേ ഹി നാകേ
സുധാതുവൃത്തിർവ്വിഹിതാ ബുധാനാം
ശ്രീകണ്ഠിനാര്യേണ കലാവപീഹ."

ബുക്കമഹാരാജാവിന്റെ കാലത്തു് അദ്ദേഹത്തിന്റെ നിദേശമനുസരിച്ചാണ് പുരുഷാർത്ഥസുധാനിധിയും വേദാർത്ഥപ്രകാശികയും നിർമ്മിച്ചതു്. താഴെക്കാണുന്ന ഭാഗം പുരുഷാർത്ഥസുധാനിധിയിലുള്ളതാണ്. അതിൽ നിന്നു ബുക്കൻ ആ വിധത്തിലൊരു ഗ്രന്ഥനിർമ്മാണത്തിനു സായണന്റെ ജ്യേഷ്ഠസഹോദരനായ മാധവാചാര്യരോടാവശ്യപ്പെട്ടതായും, മാധവാചാര്യരുടെ ഉപദേശപ്രകാരം സായണനെക്കൊണ്ടു് ആ കൃത്യം നിർവ്വഹിച്ചതായും, വെളിവാകുന്നു.

ഇന്ദ്രസ്യാംഗിരസോ നളസ്യ സുമതി-
    ശ്ശൈബ്യസ്യ മേധാതിഥി-
ർദ്ധൗമ്യോ ധർമ്മസുതസ്യ വൈന്യനൃപതേ-
    സ്സ്വൗജാ നിമേർഗ്ഗൗതമഃ
പ്രത്യഗ്ദൃഷ്ടിരരുന്ധതീസഹചരോ
    രാമസ്യ പുണ്യാത്മനോ
യദ്വത്തസ്യ (ബുക്കനെ) വിഭോരഭൂൽ കുലഗുരു-
    ർമ്മന്ത്രീ യഥാ മാധവഃ.

തം സർവ്വവിദ്യാനിലയം
തദാവിൽ ബുക്കഭൂപതിം

Digitized By Kerala Sahitya Akademi

സൽകഥാകൌതുകീ പശ്ചാ-
ദപൃച്ഛദ്രാജശേഖരഃ

'ശ്രുതാനി ത്വന്മുഖാദേവ
ശാസ്ത്രാണി വിവിധാനി ച
പുരാണോപപുരാണാനി
ഭാരതം ച മഹാമതേ!

സർവ്വാണ്യേതാനി വിപ്രേന്ദ്ര!
ഗഹനാന്യല്പമേധസാം
ജ്ഞാതും കഥചിന്നാശക്യന്തേ
പുരുഷാർത്ഥാർത്ഥിനാമപി.

തസ്മാദാഖ്യാനരൂപാണി
സുഖോപായാനി സുവ്രത!
പുരുഷാർത്ഥോപയോഗീനി
വ്യാസഖ്യാക്യാനി മേ വദ."

തസ്യ തദ്വചനം ശ്രുത്വാ
യുക്താർത്ഥം ബുക്കഭൂപതേഃ
പ്രശസ്യ തം മുദാ യുക്തോ
മാധവഃ പ്രത്യഭാഷത.

'ശൃണു ത്വം ഭവ്യയാ ബുദ്ധ്യാ
വാചം മേ പുരുഷാർത്ഥദാം
അയം ഹി കൃതിനാമാദ്യ-
സ്സായണാര്യോ മമാനുജഃ.

പുരാണോപപുരാണേഷു
പുരുഷാർത്ഥോപയോഗിനീഃ
ഉപദിഷ്ടാ മയാ രാജൻ
കഥാസ്തേ കഥയിഷ്യതി.

ഇതി പ്രസാദ്യ രാജാനം
സായണ സ്മിതമുദൈക്ഷത;
സായണാര്യോഗ്രജേനോക്തഃ
പ്രാഹ ബുക്കമഹീപതിം.''

വേദാർത്ഥപ്രകാശികയുടെ ആവിർഭാവവും ഈ വിധത്തിൽ തന്നേയാണ്.

"യസ്യ നിശ്വസിതം വേദം
യോവേദേഭ്യോഖിലം ജഗൽ
നിർമ്മമേ തമഹം വന്ദേ
വിദ്യാതീർത്ഥമഹേശ്വരം.

Digitized By Kerala Sahitya Akademi

തൽകടാക്ഷേണ തദ്രൂപം
ദധദ് ബുക്കമഹീപതിം
ആദിശന്മാധവാചാര്യം
വേദാർത്ഥസ്യ പ്രകാശനേ.

യേ പൂർവോത്തരമീമാംസേ
തേ വ്യാഖ്യായാതിസംഗ്രഹാൽ
കൃപാലുർമ്മാധവാചാര്യോ
വേദാർത്ഥം വക്തുമുദ്യതഃ.

സ ചാഹ നൃപതിം 'രാജൻ!
സായണാര്യോ മമാനുജഃ
സർവം വേത്ത്യേഷ; വേദാനാം
വ്യാഖ്യാതൃത്വേ നിയുജ്യതാം.'

ഇത്യുക്തോ മാധവാര്യേണ
വീരബുക്കമഹീപതിഃ
അന്വശാൽ സായണാചാര്യം
വേദാർത്ഥസ്യ പ്രകാശനേ.

ആധ്വര്യവസ്യ യജ്ഞേഷു
പ്രാധാന്യാദ്വ്യാകൃതഃ പുരാ;
യജുർവ്വേദോഽഥ പൌത്രാർത്ഥ-
മൃഗ്വേദോ വ്യാകരിഷ്യതി."

മേൽകാണിച്ച പദ്യങ്ങളിൽനിന്നു മാധവാചാര്യരുടെ നിർദ്ദേശമനുസരിച്ചാണ് സായണൻ ഋഗ്വേദഭാഷ്യം നിർമ്മിച്ചതെന്നും അതിനു മുമ്പുതന്നെ യജുർവ്വേദഭാഷ്യം നിർമ്മിച്ചിരുന്നു എന്നും വെളിവാകുന്നുണ്ട്. സാമവേദഭാഷ്യവും അഥർവ്വവേദഭാഷ്യവും പിന്നീടാണുണ്ടാക്കിയത്. അന്നു സായണാചാര്യർ ലോകാനുഗ്രഹാർത്ഥം ഇങ്ങനെ ഒരു സദ്വ്യവസായത്തിൽ ഏർപ്പെട്ടിരുന്നില്ലെങ്കിൽ ഇന്ന് ഋഗ്വേദത്തിന്റെ അർത്ഥം ആക്കും ഗ്രഹിക്കുന്നതിനു സംഗതിവരുന്നതല്ലായിരുന്നു. ഈ മഹാനുഭാവൻ തന്നെപ്പററി ഭഗവദ്വ്യാസാവതാരൻ എന്നു പ്രശംസിച്ചിരിക്കുന്നതിൽ എന്താണത്ഭുതം? വിജയനഗരസാമ്രാജ്യസ്ഥാപനത്തിൽനിന്നു ഭാരതഭൂമിക്കു സിദ്ധിച്ചിട്ടുള്ള അനവധി ഗുണങ്ങളിൽ പ്രാഥമ്യത്തെ വഹിക്കുന്നത് ഈ വേദഭാഷ്യപ്രകാശനം തന്നെയാണെന്നാണ് എനിക്കു തോന്നിട്ടുള്ളത്

വേദഭാഷ്യത്തെ മാധവീയവേദാർത്ഥപ്രകാശമെന്നും, ധാതുവൃത്തിയെ മാധവീയധാതുവൃത്തിയെന്നും പറഞ്ഞുവരുന്നതിന്റെ രഹസ്യമെന്തെന്നാണ് ഇനി പരിശോധിക്കേണ്ടത്.

"തേന മായണപുത്രേണ
സായണേന മനീഷിണാ
ആഖ്യയാ മാധവീയേയം
ധാതുവൃത്തിർവ്വിരച്യതേ"

Digitized By Kerala Sahitya Akademi

എന്നുംമററും പറയുന്നതിന് എന്തെങ്കിലും തക്കതായ കാരണമുണ്ടായിരിക്കണം. ജ്യേഷ്ഠന്റെ പേരിലുള്ള ഭക്തിനിമിത്തമാണ് സായണൻ ഇങ്ങനെ ചെയ്തതെന്നു ചില പണ്ഡിതന്മാർ അനുമാനിക്കുന്നുണ്ട്. സായണനു ജ്യേഷ്ഠന്റെ പേരിൽ അളവററ ഭക്തിയുണ്ടായിരുന്നു എന്നുള്ളതു നിസ്സംശയംതന്നെ. അലങ്കാരസുധാനിധിയിൽ

"അനന്തഭോഗസംസക്തോ
ദ്വിജപുംഗവസേവിതഃ
സചിവഃ സർവ്വലോകാനാം
ത്രാതാ ജയതി മാധവഃ."

എന്നൊരു ശ്ലോകം കാണുന്നു. ഇതിൽ കവി ജ്യേഷ്ഠനെ വിഷ്ണുവിൽനിന്ന് അഭിന്നനായി വർണ്ണിക്കുന്നു. "സുമനസാം പ്രിയഃ" "മഹാക്രതൂനാമാഹർത്താ" "മാധവകല്പതരുഃ" മുതലായുള്ള പ്രശംസകളും നോക്കുക. എന്നാൽ ഇതുകൊണ്ടുമാത്രമാണ് മാധവീയപദം ധാതുവൃത്തിപ്രഭൃതികളായ കൃതികളോടു സംഘടിപ്പിക്കുവാനിടവന്നത് എന്നു പറയുന്നതു ശരിയല്ല. മാധവാചാര്യരുടെ നിദേശമനുസരിച്ചു നിർമ്മിച്ച കൃതികളെ മാത്രമേ കവി ആ പദംകൊണ്ടു നിർദ്ദേശിക്കുന്നുള്ളു. പുരുഷാർത്ഥസുധാനിധി മാധവീയമാണ്; അലങ്കാരസുധാനിധിയും മററും മാധവീയമല്ല. ധാതുവൃത്തിയിൽതന്നെ രണ്ടുഭാഗമുണ്ട്. ധാതുപാഠത്തിൽ പഠിച്ചിട്ടുള്ള ധാതുക്കളുടെ വൃത്തി മാത്രമേ ആദ്യഭാഗത്തിലുള്ളു. ദ്വിതീയഭാഗത്തിന്റെ ആരംഭത്തിൽ ഗ്രന്ഥകാരൻ

"ധാതുപാഠേ നിവിഷ്ടാനാം
ധാതൂനാം യഃ പുരാ വ്യധാൽ
വിവൃതിം മാധവീയാഖ്യാം
ഭാഷ്യജ്ഞഹൃദയംഗമാം

തേന മായണപുത്രേണ
വ്യാഖ്യാ കാപി വിരച്യതേ
ധാതൂനാം പ്രത്യയാന്താനാം
ഗണസൂത്രജുഷാമപി."

എന്നും, അവസാനത്തിൽ "ഇതി സായണേന വിരചിതേയം പ്രത്യയാന്താനാം ധാതുവൃത്തിസ്സമാപ്താ." എന്നും പ്രസ്താവിക്കുന്നു. ദ്വിതീയഭാഗത്തിന്റെ മദ്ധ്യത്തിൽ "ചുരാദയോ മാധവീയായാം ധാതുവൃത്തൌ വ്യാഖ്യാതാഃ" എന്നു പറഞ്ഞുകാണുന്നു; ഇവയിൽനിന്നു നാം ധരിക്കേണ്ടതു പ്രഥമഭാഗത്തിനു മാത്രമേ മാധവീയമെന്നു നാമധേയമുള്ളു എന്നാണ്. ദ്വിതീയഭാഗം സായണൻ സ്വമേധയാ നിർമ്മിക്കുകനിമിത്തം അതിന് ആ നാമം സിദ്ധിച്ചില്ല. ഈ തത്വം മനസ്സിലാക്കുവാൻ ഇടവരായ്കനിമിത്തം മാധവനും സായണനും ഒരാൾതന്നെയാണ് എന്നു സമീപകാലംവരെ പണ്ഡിതന്മാർ വിശ്വസിച്ചിരുന്നു. ഇതാണ് മേല്പുത്തൂർ ഭട്ടതിരി ധാതുകാവ്യത്തിൽ

"ഉദാഹൃതം പാണിനിസൂത്രമണ്ഡലം
പ്രാഗ്വാസുദേവേന തദൂർദ്ധ്വതോ പരഃ

Digitized By Kerala Sahitya Akademi

ഉദാഹരത്യദ്ദ്യ വൃകോദരോദിതാൻ
ധാതൂൻ ക്രമേണൈവ ഹി മാധവാശ്രയാൽ."

എന്നും, വിശാഖംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ട്

"മാധവമുഖ്യാ ഋതവോ;
മാധവമുഖ്യാശ്ച വേദഭാഷ്യകൃതഃ;
മാധവമുഖ്യാ ഋഭവോ;
മാധവമുഖ്യാശ്ച രാജ്യഭാരഭൃതഃ"

എന്നും ഉപന്യസിക്കുന്നതിനു കാരണം മാധവനും സായണനും രണ്ടുപേരാണെന്ന് ഇനി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

മേൽ വിവരിച്ച കൃതികൾ കൂടാതെ സായണാചാര്യർ ആയുർവേദസുധാനിധി എന്നൊരു വൈദ്യഗ്രന്ഥംകൂടി നിർമ്മിച്ചിട്ടുണ്ട്. ഇതിനെപ്പററി അലങ്കാരസുധാനിധിയിൽ

"ആയുർവേദസുധാനിധിവ്യസനിഭിഃ
ശ്രീസായണാര്യോദിതം
ഭൈഷജ്യം"

എന്നു പറഞ്ഞിരിക്കുന്നു.

മാധവാചാര്യർക്കു മൂന്നു ഗുരുക്കന്മാരുണ്ടായിരുന്നു എന്നു പരാശരമാധവീയത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

"സോയം പ്രാപ്യ വിവേകതീർത്ഥപദവീ-
മാമ്നായതീർത്ഥേ പരം
മജ്ജൻ മജ്ജനതീർത്ഥസംഗിനി പുനഃ
സദ്ഭക്തിതീർത്ഥേ പരം
ലബ്ധാമാകലയൻ പ്രഭാവലഹരീം
ശ്രീഭാരതീതീർത്ഥതോ
വിദ്യാതീർത്ഥമുപാശ്രയൻ ഹൃദി ഭജേ
ശ്രീകണ്ഠമവ്യാഹതം"

വിദ്യാതീർത്ഥൻ, ഭാരതീതീർത്ഥൻ, ശ്രീകണ്ഠൻ എന്നീ ഗുരുക്കന്മാരിൽ വിദ്യാതീർത്ഥനും ശ്രീകണ്ഠനും സായണന്റെ ഗുരുക്കന്മാർ കൂടി ആയിരുന്നു എന്നു കാണുന്നു. പ്രധാനഗുരു വിദ്യാതീർത്ഥൻ തന്നെ ആയിരുന്നു എന്നുള്ളതു വേദഭാഷ്യത്തിന്റെ ഉപോൽഘാതത്തിലുള്ള 'യസ്യ നിശ്വസിതം' ഇത്യാദി പദ്യത്തിൽനിന്നു വെളിവാകും. ആ ഗുരുവിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ ഒരു പ്രതിമ വിദ്യാശങ്കരനാമധേയത്തിൽ മാധവാചാര്യർ ശൃംഗേരിയിൽ സ്ഥാപിക്കുകയും, ആ പ്രതിമയ്ക്കു ക്രി-പി. ൧൩൫൬, ൧൩൮൦ ഈ വർഷങ്ങളിൽ വിജയനഗരമഹാരാജാക്കന്മാർ ചില ദാനങ്ങൾ ചെയ്കയും ചെയ്തിട്ടുണ്ട്. വീരബുക്കമഹാരാജാവും വിദ്യാതീർത്ഥനെ ബഹുമാനിച്ചിരുന്നു എന്ന്

Digitized By Kerala Sahitya Akademi

"ക്ഷോണീം സാഗരമേഖലാം സ കലയൻ
ഭ്രൂക്ഷേപമാത്രേ സ്ഥിതാം
വിദ്യാതീർത്ഥമുനേഃ കൃപാംബുധിശശി
ഭോഗാവതാരോഭവൽ."

ഇത്യാദി ശാസനപദ്യത്തിൽനിന്നും വെളിവാകുന്നതാണ്.

വിദ്യാതീർത്ഥൻ പരമഹംസപരിവ്രാജകാചാര്യനായ പരമാത്മതീർത്ഥന്റെ ശിഷ്യനും രുദ്രപ്രശ്നഭാഷ്യത്തിന്റെ കർത്താവുമായിരുന്നു. അദ്ദേഹത്തെ മാധവാചാര്യർ അനുഭൂതിപ്രകാശികയിൽ

"അന്തഃ പ്രവിഷ്ടശ്ശാസ്തേതി യോന്തര്യാമിശ്രുതീരിതഃ
സോസ്മാൻ മുഖ്യഗുരുഃ പാതു വിദ്യാതീർത്ഥമഹേശ്വരഃ."

എന്നു സ്തുതിക്കുന്നു. ഭാരതീതീർത്ഥനെപ്പററി ജൈമിനീയന്യായമാലാവിസ്തരത്തിൽ മാധവൻ

"സ ഭാഷ്യാൽ ഭാരതീതീർത്ഥ-
യതീന്ദ്രചതുരാനനാൽ
കൃപാമവ്യാഹതാം ലബ്ധ്വാ
പരാർദ്ധ്യപ്രതിമോഭവൽ."

എന്നെഴുതിയിരിക്കുന്നു. ശ്രീകണ്ഠനു ശ്രീകണ്ഠനാഥനെന്നും പേരുണ്ടായിരുന്നു. അദ്ദേഹത്തെ പ്രശംസിച്ചു ഭോഗനാഥൻ മഹാഗണപതിസ്തവത്തിൽ

"മന്ദാരശ്ച തരുഃ പരേപി തരവോ
മേരുശ്ച ശൈലഃ പരേ-
പ്യാശൈലാഃ കമലാഗൃഹസ്ഥശയനം
ചാബ്ധിഃ പരേ പ്യബ്ധയഃ
ശ്രീകണ്ഠശ്ച ഗുരുഃ പരേപി ഗുരവോ
ലോകത്രയേപ്യദ്ഭുതം
ഭക്താധിന! ഭവാംശ്ച ദൈവതമഹോ
സർവേപ്യമീ ദേവതാഃ".

എന്നു ശ്ലോകം നിർമ്മിച്ചിട്ടുള്ളതായിക്കാണുന്നു. ദ്വിതീയസംഗമന്റെ ബിദരകണ്ഡം ദാനശാസനത്തിനു കാരണഭൂതനും ഈ ശ്രീകണ്ഠനാഥൻതന്നെയാണ്

"ഇത്ഥം സർവ്വഗുണോപരഞ്ജനകലാ-
മിദ്ധസ്ഥിധാമീയുഷ-
സ്തസ്യ ക്ഷോണിപതേരപാരയശസ-
സ്തത്രോപദേശക്രിയാം
കർത്തും കാമപിവാസനാമുപനയൻ
കാരുണ്യവാരാന്നിധിഃ
ശ്രീമാൻ സന്നിധിമാദധൽ പശുപതിഃ
ശ്രീകണ്ഠനാഥാത്മനാ."

Digitized By Kerala Sahitya Akademi

യൽപദാനതിമാത്രേണ
യതീനാം മുക്തിരന്തികേ
ക്രിയതേ തപസാ കിന്തു
കേവലം കായശോഷണം?

കൈവല്യപദവിദ്വാര-
കവാടോൽഘാടകർമ്മണി!
കടാക്ഷാ കുഞ്ചികാ യസ്യ
കാംക്ഷതാം തത്ര നിർവൃതിം."

ഇത്യാദി പദ്യങ്ങളിൽ സംഗമന് അദ്ദേഹത്തിന്റെ പേരിലുള്ള ഭക്തിപാരവശ്യം അനുമിക്കാവുന്നതാണ്.

സായണനു മൂന്നു പുത്രന്മാരുണ്ടായിരുന്നു. അവരുടെ പേർ കമ്പണൻ, മായണൻ, ശിംഗണൻ ഇങ്ങനെയാണ്. കമ്പണൻ ഒരു ഗായകനും, മായണൻ കവിയും ശിംഗണൻ വേദജ്ഞനുമായിരുന്നു എന്ന് അലങ്കാരസുധാനിധിയിലുള്ള താഴെ കാണുന്ന ശ്ലോകത്തിൽനിന്നു സ്പഷ്ടമാകും.

"തത്സംവ്യഞ്ജയ കമ്പണ! വ്യസനിന-
സ്സംഗീതശാസ്ത്രേ തവ
പ്രൌഢിം; മായണ! ഗദ്യപദ്യരചനാ
പാണ്ഡിത്യമുൻമുദ്രയ;
ശിക്ഷാം ദർശയ ശിംഗണ! ക്രമജടാ-
ചച്ച്വാസു വേദേഷ്വിതി
സ്വാൻ പുത്രാനുപലാളയൻ ഗൃഹഗത-
സ്സമ്മോദതേ സായണഃ."

മൂത്തപുത്രന്റെ പേർ തന്റെ സ്വാമിയായ കമ്പണന്റേതുതന്നെയായിരുന്നു. രണ്ടാമത്തെ പുത്രനായ മായണൻ അഥവാ മാധവനാണ് സുപ്രസിദ്ധമായ സർവ്വദർശനസംഗ്രഹത്തിന്റെ പ്രണേതാവ്. ഈ ഗ്രന്ഥം മാധവാചാര്യരുടെ കൃതിയായിരിക്കുമെന്നുള്ള ഊഹം അസംബന്ധമാണ്. ശാങ്കരദർശനം സായണാചാര്യർതന്നെ രചിച്ചു. അതിനെ തുടന്ന് അദ്ദേഹത്തിന്റെ പുത്രനായ മാധവൻ സർവ്വദർശനസംഗ്രഹവും രചിച്ചു. അതിനാലാണ് ആ ഗ്രന്ഥത്തിൽ പാതഞ്ജലദർശനത്തെപ്പററിയുള്ള വിവരണം കഴിഞ്ഞയുടൻ "ഇതഃപരം സർവ്വദർശനശിരോമണിഭൂതം ശാങ്കരദർശനമന്യത്ര നിരൂപിതമിത്യത്രോപേക്ഷിതം." എന്നു പറഞ്ഞുകാണുന്നത്.

"ശ്രീമത്സായണദുഗ്ദ്ധാബ്ധി-
കൌസ്തുഭേന മഹൌജസാ
ക്രിയതേ മാധവാര്യേണ
സർവ്വദർശനസംഗ്രഹഃ."

എന്ന പദ്യവും ഈ അനുമാനത്തെത്തന്നെ സഹായിക്കുന്നു. ഈ മാധവന്റെ ഗുരുതന്നെ സർവ്വജ്ഞവിഷ്ണുഭട്ടോപാദ്ധ്യായനെന്ന മറെറാരു പണ്ഡിതനായിരുന്നു എന്നുള്ളത്,

Digitized By Kerala Sahitya Akademi

"പാരംഗതാ സകലദർശനസാഗരാണാ-
മാത്മോചിതാർത്ഥചരിതാർത്ഥിതസർവ്വലോകം
ശ്രീശാർങ്ഗപാണിതനയം നിഖിലാഗമജ്ഞം
സർവ്വജ്ഞവിഷ്ണുഗുരുമന്വഹമാശ്രയേഹം."

എന്ന പദ്യത്തിൽനിന്നു വെളിവാകുന്നു.

ഇനി സായണാചാൎയ്യരുടെ സഹോദരന്മാരെപ്പററിക്കൂടി സ്വല്പം ഉപന്യസിക്കാം. സായണാചാൎയ്യർ ഒരു യോദ്ധാവായിരുന്നു എങ്കിലും മാധവാചാൎയ്യർ ആയുധവിദ്യയിൽ നിപുണനായിരുന്നു എന്നുള്ളതിനു യാതൊരു ലക്ഷ്യവുമില്ല. പ്രഥമബുക്കനു മാധവൻ എന്ന പേരിൽ ജഗദേകവീരനായും മഹാപണ്ഡിതനായും മററൊരു മന്ത്രികൂടി ഉണ്ടായിരുന്നു. സാക്ഷാൽ മാധവാചാൎയ്യർ ഭാരദ്വാജഗോത്രജനും ബോധായനസൂത്രാവലംബിയും യജുർവേദിയുമായിരുന്നുവല്ലോ. മററെ മാധവമന്ത്രി ആംഗിരസഗോത്രജനും ചാമുണ്ഡഭട്ടന്റേയും മാചാംബികയുടേയും പുത്രനും കാശീവിലാസക്രിയാശക്തി എന്ന ശൈവസന്ന്യാസിയുടെ ശിഷ്യനുമായിരുന്നു ഇദ്ദേഹം ഗോകൎണ്ണത്തിൽവച്ചു തുരുഷ്കരെ യുദ്ധത്തിൽ ജയിച്ചതായി കാണുന്നു. ഈ മാധവമന്ത്രിയാണു് സൂതസംഹിതയ്ക്കു താൽപൎയ്യദീപിക എന്ന വ്യാഖ്യാനം നിൎമ്മിച്ചതു്. നമുക്കു മാധവാചാൎയ്യരുടെ ജീവചരിത്രമാണല്ലോ പ്രസ്തുയമാനമായിട്ടുള്ളതു്. മാധവാചാൎയ്യർ തൊണ്ണൂറാമത്തെ വയസ്സിൽ ക്രി. പി. ൧൩൮൬-ൽ ദേഹവിയോഗംചെയ്തു. അദ്ദേഹം ൮൫ വയസ്സു കഴിഞ്ഞതിനുമേലാണു് ദേവ്യപരാധസ്തോത്രമെഴുതിയതെന്നു താഴെക്കാണുന്ന പദ്യത്തിൽനിന്നു ഗ്രഹിക്കാവുന്നതാണു്.

"പരിത്യക്താ ദേവാ വിവിധപരിസേവാകുലതയാ
മയാ പഞ്ചാശീതേരധികമപനീതേ തു വയസി
ഇദാനീം ചേന്മാതസ്തവ യദി കൃപാ നാപി ഭവിതാ
നിരാലംബോ ലംബോദരജനനി! കം യാമി ശരണം?"

ഈ മാധവാചാൎയ്യരാണു് മഹാപ്രസിദ്ധനായ വിദ്യാരണ്യസ്വാമികൾ; അല്ലാതെ സായണാചാൎയ്യരല്ല. ഇതിനു പല ലക്ഷ്യങ്ങളുണ്ടു്. നൃസിംഹമന്ത്രി തിഥിപ്രദീപികയിൽ

"വിദ്യാരണ്യയതീന്ദ്രാദ്യൈ-
ൎന്നിൎണ്ണീതഃ കാലനിൎണ്ണയഃ."

എന്നു പറഞ്ഞിരിക്കുന്നു. കാലനിൎണ്ണയകൎത്താവു മാധവാചാൎയ്യരാണെന്നുള്ളതു പ്രസിദ്ധമാണല്ലോ. രംഗനാഥൻ വ്യാസസൂത്രവൃത്തിയിൽ

"വിദ്യാരണ്യകൃതൈഃ ശ്ലോകൈർ
നൃസിംഹാശ്രമസൂരിഭിഃ
സംദൃബ്ധാ വ്യാസസൂത്രാണാം
വൃത്തിർഭാഷ്യാനുസാരിണീ."

എന്നു പറഞ്ഞിരിക്കുന്നു. വൈയാസികന്യായമാലാവിസ്തരം മാധവാചാൎയ്യരുടെ കൃതിയാണല്ലോ. പഞ്ചദശീപ്രകരണം ഭാരതതീർത്ഥനും മാധവാചാ

Digitized By Kerala Sahitya Akademi

യ്യരുംകൂടി നിർമ്മിച്ചതെന്നാണ് ഐതിഹ്യം. ആ ഗ്രന്ഥത്തിൻെറ വ്യാഖ്യാതാവായ രാമകൃഷ്ണൻ

"നത്വാ ശ്രീഭാരതീതീർത്ഥ-
വിദ്യാരണ്യമുനീശ്വരൌ
മയാദ്വൈതവിവേകസ്യ
ക്രിയതേ പദയോജനാ."

എന്നു പറയുന്നു. ഭാരതീതീർത്ഥൻ മാധവൻെറ ഗുരുവാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ക്രി. പി. ൧൩൭൭-ൽ തന്നെ മാധവാചാര്യരെ ഒരു സന്ന്യാസിയുടെനിലയിൽ നാം ശിലാശാസനങ്ങളിൽ രേഖപ്പെടുത്തിക്കാണുന്നു.

ഋഗ്വേദഭാഷ്യം സായണാചാര്യർ നിർമ്മിച്ചതായി മുമ്പു പറഞ്ഞുവെങ്കിലും അതിൽ മററനേകം പണ്ഡിതന്മാർക്കും പങ്കുണ്ടായിരുന്നതായി വിചാരിക്കുവാൻ ന്യായം കാണുന്നുണ്ട്; അതു് ഒരു വിദ്വാനെക്കൊണ്ടു മാത്രം നിർവ്വഹിക്കത്തക്ക പണിയായി തോന്നുന്നുമില്ല. ക്രി പി. ൧൩൮൬-ൽ ദ്വിതീയഹരിഹരൻെറ ഒരു ശാസനത്തിൽനിന്നു നാരായണവാജപേയയാജി, നരഹരിസോമയാജി, പാണ്ഡരിദീക്ഷിതർ ഈ മൂന്നു പണ്ഡിതന്മാരും വേദഭാഷ്യനിർമ്മാണത്തിൽ സായണനെ സഹായിച്ചിട്ടുള്ളതായി കാണുന്നു. മാധവാചാര്യർതന്നെ വേദഭാഷ്യധാതുവൃത്തിപ്രഭൃതിഗ്രന്ഥങ്ങളിൽ ഭാഗഭാക്കായിരുന്നതായി അഹോബലപണ്ഡിതനെന്ന ആന്ധ്രകവിയുടെ

"വേദാനാം ഭാഷ്യകർത്താ വിവൃതമുനിവചാഃ,
ധാതുവൃത്തേർവ്വിധാതാ
പ്രോദ്യദ്വിദ്യാനഗര്യാം ഹരിഹരനൃപതേ-
സ്സാർവഭൌമത്വദായീ
വാണീ നീലാഹിവേണീ സരസിജനിലയാ
കിങ്കരീതി പ്രസിദ്ധാ
വിദ്യാരണ്യോഗ്രഗണ്യോഽഭവദഖിലഗുരു-
ശ്ശങ്കരോ വീതശങ്കഃ."

എന്ന പദ്യത്തിൽനിന്നു പക്ഷേ ഊഹിക്കാം. എന്നാൽ ഇവിടെ കർത്തൃവിധാതൃപദങ്ങൾ ണിജർത്ഥത്തിൽ മാത്രം ഗ്രഹിക്കേണ്ടതാണെന്നാണ് എനിക്കു തോന്നുന്നതു്. അതുപോലെതന്നെ ധാതുവൃത്തിയിൽ,

"യജ്ഞനാരായണാര്യേണ
പ്രക്രിയേയം പ്രപഞ്ചിതാ
അസ്യാ നിശ്ശേഷതഃ സന്തു
ബോദ്ധാരോ ഭാഷ്യപാരഗാഃ.

അഥാപി ശിഷ്യബോധായ
പ്രക്രിയേയം പ്രപഞ്ചിതാ
യജ്ഞനാരായണാര്യേണ
ബുദ്ധ്യന്താം ഭാഷ്യപാരഗാഃ."

Digitized By Kerala Sahitya Akademi

എന്നുംമററും കാണുന്നതിൽനിന്നു യജ്ഞനാരായണനെന്നൊരു പണ്ഡിതൻ സായണനെ ആ ഗ്രന്ഥരചനയിൽ സഹായിച്ചിരിക്കണമെന്നു വരുന്നു. യജ്ഞനാരായണനെന്നതുതന്നെ സായണൻെറ നാമാന്തരമെന്നൂഹിക്കുന്ന പണ്ഡിതന്മാരുമുണ്ട്.

ഭോഗനാഥനും ഒരു മഹാവിശിഷ്ടനായ കവിയായിരുന്നു. ബിദരകണ്ഡം ശാസനത്തിൽ അദ്ദേഹം തന്നെ ഭാതിയസംഗമൻെറ നർമ്മസചിവനെന്നു പറഞ്ഞിരിക്കുന്നു.

"ഇതി ഭോഗനാഥസുധിയാ
സംഗമഭൂപാലനർമ്മസചിവേന"

എന്ന ഭാഗം നോക്കുക. ഇതു അലങ്കാരസുധാനിധിയിലുള്ള താഴെക്കാണുന്ന ശ്ലോകങ്ങളിൽനിന്നും അനുമിക്കാവുന്നതാണ്.

"അന്യോന്യപ്രണയാപരാധനിഭൃത-
വ്യാപാരദീനാത്മനോർ-
ദ്ദേവീസംഗമയോഃ പരാങ്മുഖതയാ-
പ്യേകാസനേ തസ്ഥുഷോഃ
മദ്ധ്യേ സായണമന്ത്രിണാ ന ഭണിതം
ശ്രീഭോഗനാഥേന വാ
നോക്തം നർമ്മസഖീജനേന ച തദ-
പ്യന്യോന്യമുദ്വീക്ഷിതം.

ഭൃത്യസ്സംഗമേന്ദ്രസ്യ
ഭോഗനാഥസ്യ വാ കവേഃ
വാരണം വാരണോ വാഥ
ദ്വാരി പ്രവിശതാം ഹി യേ."

അലങ്കാരസുധാനിധിയിൽനിന്നു ഭോഗനാഥൻ രാമോല്ലാസം ത്രിപുരവിജയം ഉദാഹരണമാല, മഹാഗണപതിസ്തവം, ശൃംഗാരമഞ്ജരി, ഗൌരീനാഥാഷ്ടകം എന്നിങ്ങനെ ആറു ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളതായിക്കാണുന്നു. ഒരു ഘട്ടത്തിൽ സായണൻ "തേഷാമുദാഹരണാനി ഭോഗനാഥകാവ്യേഷു ദ്രഷ്ടവ്യാനി" എന്നു പറഞ്ഞിരിക്കുന്നു. സായണപ്രശസ്തിയായി ഈ ഉപന്യാസത്തിൽ അലങ്കാരസുധാനിധിയിൽനിന്നുദ്ധരിച്ചിരിക്കുന്ന പദ്യങ്ങൾ എല്ലാം ഉദാഹരണമാലയിൽ ഉള്ളതാണ്. ഉദാഹരണമാല മുഴുവൻ സായണപ്രശസ്തിപരമായ ഒരു കൃതിയാണെന്നു കാണുന്നു. "മന്ദാരശ്ച തരുഃ" ഇത്യാദി പദ്യം മഹാഗണപതിസ്തവത്തിലുള്ളതാണെന്നു പറഞ്ഞുവല്ലോ. ഇതരഗ്രന്ഥങ്ങളിൽനിന്നു കൂടി മാതൃകയ്ക്കായി ശ്ലോകങ്ങൾ ഉദ്ധരിച്ചുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

"ശിശിരേഷു ശിലാതലേഷു രാമ-
സ്തരുമൂലേഷു തലോദരീം ദരീഷു
സരസീഷു ച വിശ്രമയ്യ മുഗ്ദ്ധാം
പഥി പാഷാണിനി താം ശനൈരനൈഷിൽ."

രാമോല്ലാസം

"ഉപയ്യധോരചിതമയശ്ച രാജതം
തയോർദ്വയോഃ കനകമയം ച മദ്ധ്യതഃ
പുരത്രയം ദഹനവിധേഃ പുരോപ്യഗാൽ
സധൂമതാം സദഹനതാം സഭസ്മതാം."

ത്രിപുരവിജയം.

"ഈഷന്മൃഷ്ടകുരംഗനാഭിതിലകൈ-
ർദ്ധാംബുഘർമ്മോദയൈ-
വ്വ്യക്തീഭൂതരദക്ഷതവ്യതികരൈ-
വ്വ്യാകീർണ്ണചൂർണ്ണാളകൈഃ
ശാമ്യൽകണ്ഡലതാണ്ഡവൈവ്വശമുഖീ-
വക്ത്രൈസ്തദാ വ്രീളിതൈ-
രംഭോവിഭ്രമദപ്പണൈന്നിജഗദേ
സംഭോഗലീലാശ്രമഃ."

ശൃംഗാരമഞ്ജരി.

കഷ്ടായ പ്രസവായ ശാസ്ത്രപദവീ-
ശിഷ്ടായ കാംക്ഷാനല-
പ്ലുഷ്ടായ പ്രഥമാനമത്സരഗുണാ-
വിഷ്ടായ ദുഷ്ടാത്മനേ
രുഷ്ടായ പ്രതിഷിദ്ധകാര്യ്യഘടനാ-
തുഷ്ടായ സൃഷ്ടാഗസേ
ഗൌരീനാഥ! ഗുണാധിനാഥ! ജനക!
പ്രീണാതു മഹ്യം ഭവാൻ.

ഗൗരീനാഥാഷ്ടകം.

ഇങ്ങനെയുള്ള മൂന്നു പണ്ഡിതശിരോമണികളുടെ പിതാവാവാൻ യോഗമുണ്ടായ മായണൻതന്നെ മഹാഭാഗ്യവാൻ! സായണന്റെ ജനനം ഏതുവർഷത്തിലെന്നു ക്ലപ്തപ്പെട്ടിട്ടില്ല. ആ മഹാപുരുഷൻ ക്രി: പി ഹനവ്വ-ൽ ദേഹവിയോഗം ചെയ്തു. സായണാചാര്യ്യരുടെ യശസ്തംഭം ലോകാവസാനംവരെ അഭംഗുരമായി നിലനില്ക്കുന്നതാണ്.

ഹന്റ തുലാം.

Digitized By Kerala Sahitya Akademi

൯. ബാലഭാരതം

പാവനമായ ഈ ആൎഷഭൂമിയിൽ നിൎഗ്ഗളമായ വിജ്ഞാനത്തിനു നിരതിശയമായ ആനന്ദത്തിനും പ്രയോജകീഭവിക്കുന്ന ഗ്രന്ഥതല്ലജങ്ങ ലോകാനുജിഘൃക്ഷുക്കളായ നമ്മുടെ പൂൎവ്വന്മാർ പരസ്സഹസ്രം നിൎമ്മിച്ചിട്ടുണ്ടെങ്കിലും അവയിൽ അഞ്ചാമത്തെ വേദം എന്നു പ്രസിദ്ധമായ ശ്രീമഹാഭാരതത്തിനുള്ള നിലയും വിലയും ഒന്നു വേറേതന്നെയാണ്.

"ധൎമ്മേ ചാൎത്ഥേ ച കാമേ ച മോക്ഷേ ച ഭരതൎഷഭ!
യദിഹാസ്തി തദന്യത്ര; യന്നേഹാസ്തി ന തൽ ക്വചിൽ."

എന്ന് ഈ മഹാഗ്രന്ഥത്തിന്റെ ഉപക്രമത്തിൽ പൂജ്യപാദനായ വ്യാസഭഗവാൻ വിജ്ഞാപനം ചെയ്യുന്നതു കേവലം ഭൂതാൎത്ഥമാണെന്ന് ഏതു സഹൃദയനാണ് ധരിക്കുവാൻ കഴിയാത്തത്!

"ദന്തോലൂഖലിഭിഃ ശിലോഞ്ഛിഭിരിദം
കന്ദാശനൈഃ ഫേനപൈഃ
പൎണ്ണപ്രാശനിഭിൎമ്മിതാംബുകബളൈഃ
കാലേ ച പക്വാശിഭിഃ
നീവാരപ്രസൃതിംപചൈശ്ച മുനിഭി-
ൎയ്യദാ ത്രയീധ്യായിഭിഃ
സേവ്യം ഭവ്യമനോഭിരൎത്ഥപതിഭി-
സ്തദ്വൈ മഹാഭാരതം."

എന്നുംമററും രാജശേഖരാദിമഹാകവികൾ ഈ ഇതിഹാസരത്നത്തിന്റെ മഹിമയെ പലേ പ്രകാരത്തിൽ പ്രശംസിച്ചിട്ടുണ്ട്. മഹാഭാരതം ഒരാവൃത്തി വായിക്കുവാൻ സാധിക്കാത്തവന്റെ മനുഷ്യജന്മം വന്ധ്യമെന്നുതന്നെ പറയാം.

അഗാധമായ ഈ അമൃതക്രൂപത്തിന് അനന്തരകാലങ്ങളിൽ അനേകം ഗ്രന്ഥങ്ങൾ നിപാനരീതിയിൽ ആവിൎഭവിച്ചിട്ടുണ്ട്. അവയിൽ ക്ഷേമേന്ദ്രന്റെ ഭാരതമഞ്ജരി, അനന്തകവിയുടെ ഭാരതചമ്പു, പ്രസ്തൂയമാനമായ അഗസ്ത്യഭട്ടന്റെ ബാലഭാരതം ഈ മൂന്നു സാഹിത്യമണികളും സചേതസ്സുകളുടെ ശ്ലാഘയ്ക്കു സൎവ്വോപരി പാത്രീഭവിക്കുന്നു. ക്ഷേമേന്ദ്രൻ ക്രി. പി. പതിനൊന്നാംശതകത്തിൽ ഭോജരാജാവിന്റെ സമകാലികനായി കാശ്മീരത്തിൽ ജീവിച്ചിരുന്നു. അനന്തകവി ക്രി. പി. പതിനാറാം ശതകത്തിൽ അപ്പയ്യദീക്ഷിതരുടെ സമകാലികനായി ചോളദേശത്തെ അലങ്കരിച്ചിരുന്നു. അഗസ്ത്യഭട്ടൻ ഒരു ആന്ധ്രമഹാകവിയും അദ്ദേഹം ജീവിച്ചിരുന്നതു ക്രി. പി. പതിന്നാലാംശതകത്തിന്റെ ആരംഭത്തിലുമാണെന്നു 'സദ്ഗുരുമാസിക' മൂന്നാംപുസ്തകം പത്താം ലക്കത്തിൽ ഞാൻ സവിസ്തരം ഉപപാദിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ക്രി. പി പതിനാലാംശതകത്തിന്റെ ഉത്തരാൎദ്ധത്തിൽ ദക്ഷിണാപഥത്തെ പ്രസാധനംചെയ്തിരുന്ന ഒരു് ഉത്തമകവയിത്രിയും വിജയനഗരരാജകുമാരനായ വീരകമ്പണന്റെ പ്രാണപ്രേയസിയുമായ ഗങ്ഗാദേവി തന്റെ മധുരാവിജയകാവ്യത്തിൽ പൂൎവ്വസൂരികളുടെ മാഹാത്മ്യത്തെ ഉപശ്ലോകനം ചെയ്യുന്ന സന്ദൎഭത്തിൽ വാല്മീകി, വേദവ്യാസൻ, കാളിദാസൻ, ഭട്ടബാണൻ, ഭാരവി, ആചാൎയ്യദണ്ഡി ഈ കവികളെ സ്മരിക്കുകയും തദനന്തരം തനിക്കു സ്വല്പകാലം മുമ്പു മാത്രം ജീവിച്ചിരുന്നവരും കുറേക്കൂടി ബന്ധമുള്ളവരുമായ കൎണ്ണാമൃതകവി, തിക്കയൻ, അഗസ്ത്യൻ, ഗങ്ഗാധരൻ, വിശ്വനാഥൻ ഈ കവികളെ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ പ്രശംസിക്കുകയും ചെയ്യുന്നു.

> “മന്ദാരമഞ്ജരീസ്യന്ദിമകരന്ദരസാഞ്ചിതഃ
> കസ്യ നാഹ്ലാദനായാലം കൎണ്ണാമൃതകവേൎഗ്ഗിരഃ?
>
> തിക്കയസ്യ കവേസ്സൂക്തിഃ കൌമുദീവ കലാനിധേഃ
> സതൃഷ്ണൈഃ കവിഭിസ്സ്വൈരം ചകോരൈരിവ സേവ്യതേ.
>
> ചതുസ്സപ്തതികാവ്യോക്തിവ്യക്തവൈദുഷ്യസമ്പദേ
> അഗസ്ത്യായ ജഗത്യസ്മിൻ സ്പൃഹയേൽ കോ ന കോവിദഃ?
>
> സ്തുമസ്തമപരം വ്യാസം ഗങ്ഗാധരമഹാകവിം
> നാടകച്ഛത്മനാ ദൃഷ്ടാം യശ്ചക്രേ ഭാരതീം കഥാം.
>
> ചിരം സ വിജയീഭൂയാദ്വിശ്വനാഥകവീശ്വരഃ
> യസ്യ പ്രസാദാൽ സാൎവ്വജ്ഞ്യം ലഭതേ മാദൃശോപ്യപി.”

ഇവരിൽ കൎണ്ണാമൃതകവി “കൃഷ്ണലീലാശുകമുനി” എന്ന നാമാന്തരത്താൽ സുപ്രസിദ്ധനായ വില്വമങ്ഗലത്തുസ്വാമിയാർതന്നെ. ക്രി. പി. പതിനാലാംശതകത്തിൽ ജീവിച്ചിരുന്ന ശാൎങ്ഗധരൻ അദ്ദേഹത്തിന്റെ ‘പദ്ധതി’യിൽ കൃഷ്ണകൎണ്ണാമൃതത്തിൽനിന്നു് ‘പരമിമമുപദേശം’, ‘നവനീലമേഘരുചിരഃ പരഃ പുമാൻ’ ‘അൎദ്ധോന്മീലിതലോചനസ്യ പിബതഃ’ ‘കൃഷ്ണ! ത്വം നവയൌവനോസി’’ ഈ പദ്യങ്ങൾ ഉദ്ധരിച്ചു് “ഏതേ വില്വമങ്ഗലശ്രീചരണാനാം” എന്നു ഭക്തിബഹുമാനപൂൎവ്വം അവയുടെ നിൎമ്മാതാവിനെ സ്മരിച്ചിരിക്കുന്നതിൽനിന്നു് അതിനുമുമ്പുതന്നെ സ്വാമിയാരുടെ പ്രശസ്തി ഭാരതവൎഷം മുഴുവൻ വ്യാപിച്ചുകഴിഞ്ഞിരുന്നതായി അനുമാനിക്കാം. വില്വമങ്ഗലത്തിന്റെ ജീവിതകാലം ഏകദേശം ക്രി. പി. പന്ത്രണ്ടാംശതകത്തിന്റെ ഒടുവിലായിരിക്കണമെന്നു ഞാൻ നിൎണ്ണയിച്ചിട്ടുണ്ടു്. തിക്കയൻ ‘തിക്കണ്ണസോമയാജി’ എന്ന പ്രസിദ്ധനായ ആന്ധ്രകവിയാകുന്നു. അദ്ദേഹം ക്രി. പി. പതിമ്മൂന്നാംശതകത്തിന്റെ ഉത്തരാൎദ്ധത്തിൽ ‘മനുമസിദ്ധി’ എന്ന ആന്ധ്രചോളരാജാവിന്റെ ആസ്ഥാനസദസ്സിനെ അലങ്കരിച്ചിരുന്നു.

അഗസ്ത്യകവി ൭൪ കാവ്യങ്ങളുടെ പ്രണേതാവാണെന്നു ഗങ്ഗാദേവി പറയുന്നുണ്ടെങ്കിലും അവയിൽ ബാലഭാരതമഹാകാവ്യമൊഴികെ മറെറാന്നും ഇപ്പോൾ ലഭ്യമല്ല. “പ്രതാപരുദ്രയശോഭൂഷണം” എന്ന പ്രസിദ്ധമായ അ

Digitized By Kerala Sahitya Akademi

ലങ്കാരഗ്രന്ഥത്തിൻെറ നിമ്മാതാവ് ഈ അഗസ്ത്യനായിരിക്കണമെ ചില പണ്ഡിതന്മാർ, അതിലെ

"ഔന്നത്യം യദി വർണ്ണ്യതേ,ശിഖരിണഃ
ക്രുദ്ധ്യന്തി നീചൈഃകൃതാ,
ഗാംഭീര്യം യദി കീർത്ത്യതേ, ജലധയഃ
ക്ഷുഭ്യന്തി ഗാധീകൃതാഃ;
തത്ത്വാം വർണ്ണയിതും ബിഭേമി; യദി വാ
ജാതോസ്മ്യഗസ്ത്യഃ സ്ഥിത-
സ്ത്വൽപാർശ്വേ ഗുണരത്നരോഹണഗിരേ!
ശ്രീവീരരുദ്രപ്രഭോ!"

എന്ന പദ്യത്തിൽകാണുന്ന "ജാതോസ്മ്യഗസ്ത്യഃ"എന്ന പ്രയോഗത്തിൽ ന്ന് അനുമാനിക്കുന്നു. രാജാവാകുന്ന രോഹണപർവ്വതത്തിൻെറ പാർശ്വത്തിൽ സ്ഥിതിചെയ്യുന്നതിനാൽ കവി തന്നെ അഗസ്ത്യനെന്ന് ഉല്ലേഖം ചെയ്തുകൊണ്ട്, തദനുരോധേന താൻ പർവ്വതങ്ങളുടെ ക്രോധത്തേയും സമുദ്രങ്ങളുടെ ക്ഷോഭത്തേയും വകവെയ്ക്കുകയില്ലെന്നു പറയുന്നതിൽനിന്നു കവിയുടെ നാമധേയം അഗസ്ത്യനെന്നു സിദ്ധിക്കുന്നില്ല. ക്രി. പി. പതിനഞ്ചാംശതകത്തിൻെറ ആരംഭത്തിൽ ജീവിച്ചിരുന്ന മല്ലിനാഥപുത്രൻ കുമാരസ്വാമിയും പ്രതാപരുദ്രീയകർത്താവിനെ "തത്ര ഭവാൻ വിദ്യാനാഥനാമാ മഹാകവിഃ" എന്നേ നിർദ്ദേശിക്കുന്നുള്ളു. വിദ്യാനാഥൻെറ യഥാർത്ഥനാമധേയം അഗസ്ത്യനെന്നായിരുന്നു എങ്കിൽ അദ്ദേഹംതന്നെ ആ വസ്തുത അത്ര ദൂരം ഗ്രഹനംചെയ്യുന്നതിനോ കുമാരസ്വാമി ആ വിവരം അറിയാതെയിരിക്കുന്നതിനോ ഇടയില്ല. "ഔന്നത്യം യദി വർണ്ണ്യതെ" എന്ന പദ്യത്തിലെ അഗസ്ത്യപദം മാത്രം ഗ്രഹിച്ചുകൊണ്ട് ഈ വിഷയത്തിൽ ചെയ്യുന്ന അഭ്യൂഹം വിചാരചാരുവല്ലെന്നു മാത്രമേ ഞാൻ വാദിക്കുന്നുള്ളു. *

ഈ സംഗതി എങ്ങനെയിരുന്നാലും അഗസ്ത്യഭട്ടൻ ഒരു ആന്ധ്രകവിയും വിദ്യാനാഥനാൽ വർണ്ണിതനായ പ്രതാപരുദ്രൻെറ സദസ്യന്മാരിൽ മുഖ്യനും ആയിരുന്നു എന്നു സ്ഥാപിക്കുന്നതിനു വേറെ പ്രമാണങ്ങളുണ്ട്. വീരരുദ്രനെന്ന അപരാഭിധാനത്താൽ വിശ്രുതനായ ഈ പ്രതാപരുദ്രമഹാരാജാവു ക്രി. പി. ൧൨൯൫ മുതൽ ൧൩൨൩ വരെ ഏകശിലാ (ഓരങ്കൽ=വാറങ്കൽ) നഗരത്തെ രാജധാനിയാക്കി കാകതീയവംശത്തിന്നലങ്കാരമായും, കവിമയൂരങ്ങൾക്കു കാളമേഘമായും, ആന്ധ്രരാജ്യം പരിപാലനം ചെയ്തിരുന്നതു ചരിത്രപ്രസിദ്ധമാണല്ലോ. ഗംഗാധരകവിയുടെ അനന്തരകാലികനെന്ന നിലയിൽ ഗംഗാദേവി സ്മരിക്കുന്ന വിശ്വനാഥകവി, താൻ പ്രതാപരുദ്രൻെറ സഭാസദനായിരുന്നു എന്നും, തൻെറ മാതുലനും ഒരു മ

---

* വറസ്സുവത്തിൽ രോഹണപർവ്വതത്തിൻെറ പാർശ്വത്തിൽ ഒരു അഗസ്ത്യാശ്രമമുണ്ടായിരുന്നു. "ശ്രീരോഹണാശ്രമാഗസ്ത്യസേവാർത്ഥം തത്ര സംസ്ഥിതഃ" എന്നു അമരചന്ദ്രസൂരി.

Digitized By Kerala Sahitya Akademi

ഹാകവിയുമായിരുന്ന അഗസ്ത്യനിൽനിന്നാണ് തനിക്കു വിദ്യാലാഭം ഉണ്ടായത് എന്നും സൌഗന്ധികാഹരണവ്യായോഗത്തിൽ പ്രകടമായി പ്രസ്താവിക്കുന്നു.

"സൂത്രധാരഃ —

വിശ്വനാഥ ഇതി ഖ്യാതഃ കവിരസ്തി,യദുക്തയഃ
അകാഞ്ചനമരത്നം വാ വിഭൂഷാം കർണ്ണഭൂഷണം.

അഥവാ –

വാചസ്തസ്യ കവേരുദാരമധുരാ
ഇത്യത്ര ചിത്രം കിമു
പ്രഖ്യാതസ്സ കലാസു ദിക്ഷു ഗുണിഷു
ശ്രേയാനഗസ്ത്യസ്സുധീഃ
വേധശ്ചന്ദ്രമുഖീകരാങ്ഗുലിദലാ-
സങ്ഗകണദ്വല്ലകീ-
വാചോയുക്തിസഖോക്തിദർശിതസുധാ–
ജന്മാ സ യന്മാതുലഃ."

എന്ന ഭാഗം നോക്കുക. വിശ്വനാഥന്റെ കനിഷ്ഠസഹോദരനായ നരസിംഹൻ തന്റെ കാദംബരീനാടകത്തിൽ ഗംഗാധരകവിയാണ് അവരുടെ പിതാവ് എന്നു പറയുന്നുണ്ട്.

ക്രി. പി. പതിനാറാംശതകത്തിന്റെ ആരംഭത്തിൽ വിജയനഗരസാമ്രാജ്യം പാലിച്ചിരുന്ന കൃഷ്ണദേവമഹാരായർ സകലകലാഭോജരാജൻ എന്ന ബിരുദത്താൽ പ്രശോഭിതനും, ജാംബവതീകല്യാണം മുതലായ അനേകം ഗ്രന്ഥങ്ങളുടെ പ്രണേതാവുമായിരുന്നു. അദ്ദേഹത്തിന്റെ പ്രധാനസേനാധിപതിയായിരുന്ന സാലപതിമ്മയ്യൻ ബാലഭാരതകാവ്യത്തിനു "മനോഹരാ"എന്നൊരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. ആ വ്യാഖ്യാനത്തിൽ ഓരോ സർഗ്ഗത്തിന്റേയും അവസാനത്തിൽ "ഇതി ശ്രീമദ്രാജാധിരാജപരമേശ്വരകർണ്ണാടേശ്വരശ്രീകൃഷ്ണരായശിരഃപ്രധാന സകലാഗമപാരാവാരപാരീണഃ സാലപതിമ്മയദണ്ഡനാഥ വിരചിതായാം ബാലഭാരതവ്യാഖ്യായാം മനോഹരായാം" എന്നൊരു കുറിപ്പു കാണുന്നുണ്ട്. കൃഷ്ണദേവമഹാരായരുടെ കാലത്തിൽ ബാലഭാരതത്തിനു തെലുങ്കുദേശത്തിൽ പ്രചുരമായ പ്രചാരമുണ്ടായിരുന്നു എന്നു സാലപതിമ്മയ്യന്റെ ഈ സാഹിത്യവ്യവസായത്തിൽനിന്നു വ്യക്തമാകുന്നുണ്ട്.

ക്രി. പി. പതിനാറാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ചോളദേശത്തെ അലങ്കരിച്ചിരുന്ന സർവതന്ത്രസ്വതന്ത്രനും സുഗൃഹീതനാമാവുമായ അപ്പയ്യദീക്ഷിതർ അദ്ദേഹത്തിന്റെ "ചിത്രമീമാംസ" എന്ന അലങ്കാരഗ്രന്ഥത്തിൽ ബാലഭാരതം രണ്ടാംസർഗ്ഗത്തിലെ സത്യവതീഭീഷ്മസംവാദഘട്ടത്തിൽനിന്ന്

"ഗതേ തവ ഭ്രാതരി വത്സ! പഞ്ചതാം
ചിരായ നശ്ചാന്ദ്രമസം കുലം മഹൽ

Digitized By Kerala Sahitya Akademi

അദൃഷ്ടസന്താനതയാ ന ശോഭതേ
ഫലേച്ഛനം പ്രാങ്മഥനാദിവോദധേഃ."

എന്ന പദ്യം ഉപമാപ്രകരണത്തിൽ ഉദാഹരിക്കുന്നു. സുപ്രസിദ്ധമഹാകവി കളുടെ സൂക്തികളല്ലാതെ ഉദാഹരണത്തിനായി സ്വീകരിക്കുന്നതു് ആലങ്കാരികന്മാരുടെ ശൈലിയല്ല. അതിനാൽ അപ്പയ്യദീക്ഷിതരുടെ കാലമായപ്പോഴേയ്ക്കും അഗസ്ത്യഭട്ടന്റെ കവിയശസ്സു ശാശ്വതപ്രതിഷ്ഠയെ പ്രാപിച്ചുകഴിഞ്ഞിരിക്കണമെന്നുള്ളതിനു സന്ദേഹമില്ല.

കേരളത്തെ സംബന്ധിച്ചു ചച്ചചെയ്യുകയാണെങ്കിൽ ബാലഭാരതത്തിനു ജനനമാത്രയിൽതന്നെ കേരളീയരുടെ അഭിനന്ദനം സിദ്ധിച്ചു എന്നു് ഊഹിക്കുവാൻ ന്യായമുണ്ടു്. ഏതായാലും ക്രി. പി. പതിനഞ്ചാംശതകത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന പുനംനമ്പൂരി ഈ ഗ്രന്ഥത്തോടു് അത്യന്തം കടപ്പെട്ടിരുന്നു എന്നുള്ളതിനു് അദ്ദേഹത്തിന്റെ ഭാരതചമ്പുവിലെ ഓരോപദ്യവും സാക്ഷ്യം വഹിക്കുന്നുണ്ടു്. ഭാരതചമ്പു ബാലഭാരതത്തിന്റെ ഒരു ഏകദേശഭാഷാവിവത്തനമെന്നു പറഞ്ഞാൽക്കൂടിയും അതു് അതിശയോക്തിയാകുന്നതല്ല. ഉദാഹരണത്തിനു് ആ ചമ്പുവിന്റെ നാലാംഭാഗമായി പ്രസിദ്ധപ്പെടുത്തീട്ടുള്ള കീചകവധംതന്നെ പരിശോധിക്കാം.

"അകാലേ സൂദ കിമിദമേധഃസേ തരുരുച്ഛ്രിതഃ;
ന ഭജ്യതാമയം; സവേ ഛായാമസ്യ വയം ശ്രിതാഃ;
ദാരുണാകൃതിനാ സിദ്ധിഃ കാപി നിവ്വർത്ത്യതാം ത്വയാ;
കമ്മ സർവാവിരോധേന കവ്വൻ കുശലമശ്നുതേ."

ഇങ്ങനെ ചില പദ്യങ്ങൾ ഈ മഹാകാവ്യത്തിൽനിന്നു് അതേനിലയിൽ തന്നെ പുനം ഉദ്ധരിച്ചുചേക്കുന്നു.

അന്യത്ര

"തൂഷ്ണീം ഭവസി സുഭ്രൂ ത്വം; ക്രുദ്ധാ കിം മേ വിളംബനാൽ?
അഥവാ ഹതപാദസ്യ പ്രഹാരഃ സ്മൃതിഗോചരഃ;
യദ്യേവം, താഡയ സ്വൈരം യാവൽ കോപസ്യ വിപ്ലവഃ;
നൂപുരോദ്ഘാതനക്ലേശരഹിതേനാംഘ്രിണാമുനാ"

ഇത്യാദിശ്ലോകങ്ങളുടെ സാരം ഗ്രഹിച്ചു്

"സുധാസഖീ വാക് പ്രസൃതാ ന കസ്മാ-
ദതീവരുഷ്ടാ കിമു മദ്വിളംബാൽ?
ഗതാഥവാ ചേൽ പ്രഹൃതിം ഹതാങ്ഘ്രേഃ
സ്മൃതിം മുഹുസ്താഡയ മാം പദാഭ്യാം."

ഇങ്ങനെ വേറെ സംസ്കൃതപദ്യങ്ങൾ നിമ്മിക്കുന്നു. അഗസ്ത്യഭട്ടന്റെ ആശയങ്ങൾ മണിപ്രവാളപദ്യങ്ങളിൽ ആവിഷ്കരിക്കുക എന്നുള്ളതു പുനം അദ്ദേഹത്തിന്റെ അന്തസ്സുതമായ ഒരു കൃത്യമായി കരുതിയിരുന്നതുപോലെ കാണുന്നുണ്ടു്.

Digitized By Kerala Sahitya Akademi

(൧) സ ത്വാം സ്മേരമുഖോവാദീദയി മുഗ്ദ്ധേ! ജടാസുരാൽ
അധികഃ കിം ത്വദാമർശീ; വിഘ്നോഭ്രന്മൽക്രുധോ നൃപഃ."

അഗസ്ത്യൻ.

"സ്മയമാനമുഖസ്സതാമവാദീ-
ദയി മുഗ്ദ്ധേ! ശൃണു നിൻകചാഭിമർശീ
അയമദ്യ ശഠോ ജടാസുരേന്ദ്രാ-
ന്നിയതം ദാരുണനല്ല ഖേദിയാതെ.

ത്വയി തത്ര സദസ്യുപാഗതായാം
ദയിതേ! രുക്ഷരുഷാ വിമാനിതായാം
മയി വിക്രമിതും തുനിഞ്ഞനേരം
നയവാൻ ഭൂപതിരേവ വിഘ്നമാസീൽ."

പുനം.

(൨) "മാം ത്വം യാ കാചന സ്ത്രീതി ന മന്യേഥാ സ്മരാതുരഃ;
രംഭാസ്പർശസുഖം യായാ മദീയോരുനിപീഡനാൽ."

(അഗസ്ത്യൻ)

"യാകാചനസ്ത്രീതിമുഹൂത്തമിമ്മാം
നീ കല്പിയായ്കൊന്നിഹ തീൎത്തുചൊല്ലാം;
ഏകം മദീയോരുനിപീഡമോൎത്താ-
ലേകാന്തരംഭാനുഭവപ്രദായി."

പുനം.

(൩) "പതയഃ പഞ്ച മേ സന്തി ഗന്ധർവ്വാ ഗൂഢചാരിണഃ
തദ്ഗുപ്താം മാം സ്പൃശേൽ കോ വാ പഞ്ചാസ്യാമിവപന്നഗീം?"

അഗസ്ത്യൻ.

"ഉർവ്വരേന്ദ്രദയിതേ നിഗൂഢപതയസ്തു
പഞ്ച മമ സന്തി ഗ-
ന്ധർവ്വവീരരവരാലജസ്രമതികൌതുകേന
പരിപാലിതാ
ഗർവ്വിതഃ സ്പൃശതി കോപി പഞ്ചമുഖ-
പന്നഗീമിവ ന മാം ബലാൽ;
സർവ്വമേതദുപകർണ്ണ്യ വിസ്മിതമനാ ബഭൂവ
നൃപഗേഹിനീ."

പുനം.

(൪) "കദാചിൽ കീചകഃ കൃഷ്ണാം സുദേഷ്ണാസത്മനി സ്ഥിതാം
ദൃഷ്ട്വാ യയൌ സ്മരേഷൂണാം കൃതസംഗമ്യ ച ലക്ഷതാം."

അഗസ്ത്യൻ.

"ഇത്ഥം മേവുന്നകാലത്തൊരുദിവസമകാണ്ഡേ
സുദേഷ്ണാലയസ്ഥാം
കൃഷ്ണാം ദൃഷ്ട്വാ ബലീ കീചകനവനിപതി-
സ്യാലതാഗർവ്വിതാത്മാ

Digitized By Kerala Sahitya Akademi

പൊൽത്താർബാണാശുഗാനാമപി പിതൃപദവീപാം-
ശത്തിനും ലക്ഷ്യതാം പൂ-
ണ്ടത്യന്തം പ്രസ്ഖലന്ത്യാ ഗളിതധൃതി ഗിരാ
വിക്ലബാം വാചമൂചേ.''

ഇതുപോലെ മററു ഭാഗങ്ങളിലും ഭാരതചമ്പൂകത്താവ് അഗസ്ത്യന്റെ ഛ യോപജീവിയെന്നു കാണിക്കുവാൻ ധാരാളം ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കാവുന്നതാണ്.

മേൽപുത്തൂർ നാരായണഭട്ടതിരിയും അദ്ദേഹത്തിന്റെ പലേ പ്രബന്ധങ്ങൾക്കും ബാലഭാരതകാരനെ ഉപജീവ്യനായി കരുതിയിരുന്നു എന്നു തെളിയിക്കുവാൻ പ്രയാസമില്ല. ദൂതവാക്യം പ്രബന്ധത്തിൽ

''പ്രോത്സാഹിതാ ദൂതഫലൈർഭ്രമദ്ഭിഃ
പ്രത്യാശമുദ്ഗീർണ്ണനിദേശതോയൈഃ
ഉച്ചേലുരുർവീപതയസ്സമാപ്തും
സരിൽപ്രവാഹാ ഇവ വാരിരാശിം''.

''പാർത്ഥസ്യ വിജ്ഞായ ചരൈഃ പ്രവൃത്തിം
വിസൃജ്യ രാജന്യഗണായ ദൂതാൻ
അർത്ഥീ സ്വയം ദ്വാരവതീമഗച്ഛൽ
സുയോധനസ്സോപി സുതോ മഘോനഃ.''

''ശ്രുത്വാ തയോരാഗമനസ്യ ഹേതും
കാര്യം സമം കർത്തുമിയേഷ ശൌരിഃ
ഭർത്തുഃ കുരൂണാം പ്രഥമാഗതസ്യ
ദൃഷ്ടസ്യ ച പ്രാക് പുരുഹൂതസൂനോഃ.''

എന്നിങ്ങനെ ആ ഗ്രന്ഥത്തിൽ ഉപജാതിവൃത്തത്തിൽ കാണുന്ന പല പദ്യങ്ങളും ഭട്ടതിരിപ്പാട് ബാലഭാരതം പന്ത്രണ്ടാം സർഗ്ഗത്തിൽനിന്ന് ഉദ്ധരിച്ച് ചേർത്തിട്ടുള്ളതാണ്-

ദൂതവാക്യത്തിന്റെ അവസാനത്തിൽ കാണുന്ന

''അഥ രഥവരമശൈബ്യസൈന്യമുഖ്യൈശ്ചതുർഭി-
ർധൃതധുരമധിരൂഢഃ ക്ഷത്തുരാലംബ്യ ഹസ്തം
അഖിലമനുഗതം തദ്രാജകം വാരയിത്വാ
പരിമിതപരിവാരഃ പാണ്ഡവാൻ പ്രതസ്ഥേ.''

എന്ന പദ്യംപോലും ആ സർഗ്ഗത്തിലെ അവസാനശ്ലോകമാണ്.

സന്ദർഭാനുഗുണമായി തന്റെ പ്രബന്ധങ്ങളിൽ അന്യകവികളുടെ കൃതികളിൽനിന്നു പദ്യങ്ങൾ ഉദ്ധരിക്കുക എന്നുള്ളതു ഭട്ടതിരിപ്പാട് പലനാത്തെ അനുകരിച്ചു സ്വീകരിച്ചുപോന്നിരുന്ന ഒരു ശൈലിയാകുന്നു. അത് ആ മഹാകവിമൂർദ്ധന്യന് ഒരു ക്ഷതിയാണെന്ന് ആരും തെററിദ്ധരിക്കയില്ലല്ലോ.

Digitized By Kerala Sahitya Akademi

അനന്തഭട്ടകവിയും അഗസ്ത്യന് അധമർണ്ണനാണെന്ന് അനേകം അവസരങ്ങളിൽ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

"നവനാഗലതാദ്രുമോപഗൂഢ-
ക്രമുകാരണ്യവതോ വിലംഘ്യ ചോളാൻ
മണലൂരപുരം സുതോ മഘോനഃ
പ്രയയൌ പാണ്ഡ്യപതേർഭുജേന ഗുപ്താം."

എന്ന ബാലഭാരതപദ്യത്തിലെ ആശയത്തെ അനന്തഭട്ടൻ,

''ഏലാലവങ്ഗതരുപിപ്പലികാപടീര-
താംബൂലികാക്രമുകദമ്പതിഭാവരമ്യാം
ഉദ്യാനഭൂമിമുപഗമ്യ തയാ സ പാർത്ഥഃ
സഖ്യൻ പിതുഃ പദമമന്യത ബല്ബജേഭ്യഃ."

എന്നു പ്രപഞ്ചനം ചെയ്തിരിക്കുന്നതു നോക്കുക.

ഇങ്ങനെ അനന്തരകാലങ്ങളിൽ ജീവിച്ചിരുന്ന മഹാകവികൾക്കു പ്രായേണ ഒരു സന്ദർഭത്തിലല്ലെങ്കിൽ മറെറാന്നിൽ മാർഗ്ഗദർശകമായി സമുല്ലസിച്ചുപോന്ന ഒരു ദിവ്യജ്യോതിസ്സാണ് ബാലഭാരതം. ഇരുപതു സർഗ്ഗത്തിൽ രചിക്കപ്പെട്ടിട്ടുള്ള ഈ മഹാകാവ്യത്തിൽ കവി, മാഘനൈഷധാദിഗ്രന്ഥകാരന്മാരെപ്പോലെ "നഗരാർണ്ണവശൈലർത്തുചന്ദ്രാർക്കോദയവർണ്ണന" ങ്ങൾക്കും മററുമായി സമയവ്യയംചെയ്തു തന്റെ വ്യവസായം വൃഥാസ്ഥൂലമാക്കുന്നില്ല. പാശ്ചാത്യപരിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ എത്തീട്ടുള്ള ഏതു ആധുനികനും സശിരഃകമ്പം ശ്ലാഘിക്കത്തക്ക നിലയിലാകുന്നു ബാലഭാരതത്തിന്റെ രചനാഗതി.

ബാലഭാരതം എന്ന പേരിൽ ആദ്യമായി ഉണ്ടായ ഗ്രന്ഥം ക്രി. പി. ൻപതാംശതകത്തിൽ ജീവിച്ചിരുന്ന രാജശേഖരകവിയുടെ ഒരു നാടകമാകുന്നു. ഈ നാടകത്തിനു പ്രചണ്ഡപാണ്ഡവമെന്നും പേരുണ്ട്. ഇതു മുഴുവനാക്കുവാൻ ഗ്രന്ഥകാരനു സാധിച്ചില്ല. പാഞ്ചാലീസ്വയംവരവും ദ്യൂതക്രീഡയും മാത്രമേ ഇതുപര്യന്തം നമുക്കു ലഭിച്ചിട്ടുള്ള രണ്ട് അങ്കങ്ങളിൽ കവി വർണ്ണിക്കുന്നുള്ളു. ക്രി. പി. പതിമ്മൂന്നാംശതകത്തിൽ ഗുജ്ജരദേശാധിപതിയായ വിശാലദേവന്റെ സദസ്യനായി അമരചന്ദ്രസൂരി എന്നൊരു ജൈനപണ്ഡിതൻ ജീവിച്ചിരുന്നു. അദ്ദേഹം വേണീകൃപാണനെന്ന ബിരുദത്താൽ പ്രശസ്തനാണ്. ഈ ബിരുദം ആ കാവ്യത്തിൽ ആദിപർവ്വം ൧൧-ാം സർഗ്ഗത്തിലുള്ള

"ദധിമഥനവിലോലലോലദൃഗ്വേണിദംഭാ-
ദയമദയമനങ്ഗോ വിശ്വവിശൈ്വകജേതാ
ഭവപരിഭവകോപത്യക്തബാണഃ കൃപാണ-
ശ്രമമിവ ദിവസാദൌ വ്യക്തശക്തിർവ്യനക്തി."

എന്ന പദ്യം നിർമ്മിക്കുകനിമിത്തമത്രേ കവിക്ക് ലഭിച്ചതു്.

Digitized By Kerala Sahitya Akademi

ആദിപർവ്വം പന്ത്രണ്ടുസർഗ്ഗം, സഭാപർവ്വം അഞ്ചുസർഗ്ഗം, വനപർവ്വം നാലുസർഗ്ഗം, വിരാടപർവ്വം നാലുസർഗ്ഗം, ഇങ്ങനെ ഓരോ പർവ്വത്തിനും സർഗ്ഗവിഭാഗമുള്ള മറെറാരു ബൃഹദിതിഹാസഗ്രന്ഥമാകുന്നു ഈ ജൈനഭാരതം. ചന്ദ്രവർണ്ണനത്തിൽ ആരംഭിക്കുന്ന ഈ കാവ്യം അഗസ്ത്യകവിക്ക് അജ്ഞാതമായിരുന്നില്ല. അമരചന്ദ്രൻെറ ബാലഭാരതം അഗസ്ത്യഭട്ടൻെറ കൃതിയെ അപേക്ഷിച്ചു സഹൃദയദൃഷ്ടിയിൽ അപകൃഷ്ടം തന്നെ.

വ്യുൽപിത്സുക്കളായ വിദ്യാൎത്ഥികളുടെ ആവശ്യത്തെ പുരസ്കരിച്ചു രചിച്ചിട്ടുള്ള ദാക്ഷിണാത്യബാലഭാരതം പ്രസന്നപ്രൌഢസരസമായ ഒരു മഹാകാവ്യമാകുന്നു. ശബ്ദസൌന്ദൎയ്യവും, അർത്ഥചമൽക്കാരവും അഹമഹമികയാ മത്സരിച്ചു തള്ളിക്കയറുന്ന പദ്യങ്ങളാൽ ഈ ഗ്രന്ഥം ആമൂലാഗ്രം അലംകൃതമെന്നുതന്നെ പറയാം. "ക്രമാഗതം ശ്രുതിസുഖം ശബ്ദമർത്ഥമുദീരയേൽ." എന്ന ഭാമഹാചാൎയ്യൻെറ ഉപദേശം അഗസ്ത്യഭട്ടൻ നല്ലപോലെ ഗ്രഹിച്ചിരുന്നു. ഏതാനും ചില പദ്യങ്ങൾ മാതൃക കാണിക്കുവാൻ ഉദ്ധരിക്കാം.

പാണ്ഡുവിൻെറ മരണം.

'സമീരണോത്ഥാ നവചൂതരേണവോ
വസന്തലക്ഷ്മീപടവാസപാംസവഃ
പ്രപേദിരേ മന്മഥമന്ത്രവാദിനോ
വിയോഗിസമ്മോഹനചൂർണ്ണമുഷ്ടിതാം.

* * *

അഥാനിലൈർദക്ഷിണദിങ്മുഖാഗതൈഃ
കൃതാന്തദൂതൈരിവ കൃഷ്ടമാനസഃ
മഹീപതിർമ്മാധവലബ്ധയൌവനം
സ മദ്രപുത്രീസഹിതോ യയൗ വനം.

* * *

സുഖേന പാണ്ഡുസ്സുരതാന്തജന്മനാ
പരാസുഭാവേന ച മീലിതേക്ഷണഃ
പ്രസൂനതല്പേ നിപപാത തൽക്ഷണം
പൃഷൽകശയ്യാസദൃശേ മനോഭുവഃ' [സൎഗ്ഗം ൨

ഇന്ദ്രപ്രസ്ഥം.

"രാജന്നിതഃ പശ്യ പുരീ ശുഭേയം
തഡിദ്ദയോരർഗ്ഗളയാഭിഗുപ്താ
ധ്വജാഗ്രഹസ്തൈസ്സുരരാജധാനീം
നിരസ്യതീവോപരി വൎത്തമാനാം.

Digitized By Kerala Sahitya Akademi

ക്രീഡാസരസ്തീരഹരിന്മണീനാ-
മിന്ദീവരാഭാം ഗമിതാനി ഭാസാ
ആഘ്രായ ജാനാത്യളിപങ്ക്തിരസ്യാ-
മംഭോജസൌഗന്ധികകൈരവാണി.

വിലാസിനീലോചനഭ്രൂഷിതാനി
നീലാശ്മവാതായനമണ്ഡലാനി
അത്രാനുകുർവ്വന്തി വിവൃത്തമീനാ-
ന്യാവർത്തബിംബാനി കളിന്ദജായാഃ

അസ്യാഃ പതാകാപടമാരുതേന
പ്രാസാദശൃംഗേഷു ഹൃതാധ്വഖേദാഃ
ഭവന്തി നാനാമണിരശ്മിയോഗാ-
ദനേകവർണ്ണാ ഹരിദശ്വവാഹാഃ.

നിശാസു ഹർമ്മ്യാഗ്രവിഹാരഭാജ-
സ്സ്രൈഷ്യാ മൃഗാക്ഷ്യോ വദനേന്ദുസമ്യാൽ
അസ്യാം സുധാംശോരപരാങ്ഗഭാഗേ
കുർവ്വന്തി കസ്തൂരികയാ കളങ്കം.

രോഷായിതൈരത്രമണിപ്രദീപൈ-
ന്നിർഭത്സിതാ ഗർഭഗൃഹേഷു ഭാസാ
തമിസ്രലേഖാ ഇവ ജാലകേഭ്യോ-
നിര്യാന്തി കാളാഗുരുധൂമലേഖാഃ.

നിശാസു ചന്ദ്രാതപചച്ഛിതാസു
നിഷ്യന്ദമാനാംബുഝളജ്ഝളാനി
സന്താനി ശീതാംശുശിലാമയാനി
ധാരാഗൃഹാന്യത്ര വിഡംബയന്തി.

യദൃച്ഛയാ കേളിഗൃഹേഷു ശ്രദ്ധാൻ
ബിംബൈഃ പരീതാൻ മണിഭിത്തിലഗ്നൈഃ
ചിരാൽ പ്രിയാനത്ര ഗവേഷയന്ത്യോ-
ജാനന്തി സംസ്പർശസുഖേന നാര്യഃ.

ക്രീഡാവനാന്താന്മരുദേത്യ മന്ദം
ഗവാക്ഷരന്ധ്രേണ ഗൃഹം പ്രവിഷ്ടഃ
അസ്യാം രതാന്തേ സുദൃശാം തനോതി
സ്വേദാംബുമുക്താമണിജാലചൌര്യം.

Digitized By Kerala Sahitya Akademi

പയോമുചഃ കേതുദുകൂലകല്പാഃ
സൌത്രാമണീനാം പ്രഭയാ മണീനാം
ആരഞ്ജിതാഃ പ്രാവൃഷിജാ ഇവാസ്യാം
ഹർമ്മ്യേഷു കുർവ്വന്തി മയൂരഹർഷം' [സർഗ്ഗം ൫

മയൂരസന്ദേശത്തിലെ 'മാരക്രീഡാമഹലഹളയിൽ' ഇത്യാദി പദ്യത്തിനു 'ക്രീഡാവനാന്താൽ' ഇത്യാദി ബാലഭാരതപദ്യത്തിനും തമ്മിൽ കാണുന്ന അത്യത്ഭുതമായ ആശയസാമ്യം ഞാൻ ഒരിക്കൽ എന്റെ സാഹിത്യാചാർയ്യനായ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ദിവ്യസന്നിധിയിൽ ഉണർത്തിക്കുകയും അവിടുന്ന് ആ ബാലഭാരതപദ്യം അതിനുമുമ്പു കേട്ടിരുന്നില്ലെന്ന് അരുളിച്ചെയ്കയും ചെയ്ത സംഗതി ഇവിടെ പ്രസ്താവിക്കുന്നത് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു

അക്ഷമണ്ഡപത്തിൽ ഭീമസേനന്റെ കോപം.

"ഗർജ്ജൻ പ്രിയാനികൃതിമാരുത ഘട്ടനേന
ഭീമാംബുദഃ ക്ഷരിതഘർമ്മപയഃകണൌഘഃ
രാജന്യവംശവനദാഹനദാനഭൃതം
ക്രോധം കൃശാനുമിവ വൈദ്യുതമാബഭാര.

ക്രൂരേക്ഷണാന്തികനിവാസഭുവാ ഭിയേവ
ദൂരം ഭ്രുവോർയ്യുഗളമുന്നതമുദ്വഹന്തീ
ആലക്ഷ്യത ഭ്രുകുടിരസ്യ ലലാടസീമ്നി
ക്രോധാത്മകസ്യ നവധൂമശിഖേവ വഹ്നേഃ.

പുഷ്യദ്ഭിരേവ നിചിതം പുളകപ്രരോഹൈ-
രുദ്ദാമകമ്പമഖിലം വപുരാവഹന്ത്യാ
ആലിംഗിതോപ്യനിലസൂനുരമർഷലക്ഷ്മ്യാ
പാഞ്ചാലരാജദുഹിതുഃ പ്രമദം വിതേനേ.

പ്രത്യുപ്തവജ്രശകലാംശുഭരാപദേശാ-
ദാഗാമിസംഗരവിഹാരമുദാഹരന്തീം
അർച്ചന്നിവായമരുണാബ്ജനിഭൈരപാംഗൈ-
രാദായ സംസദി ഗദാം ഭ്രമയൻ ബഭാഷേ." [സർഗ്ഗം ൧.

അംബയെ കൈക്കൊള്ളണമെന്നു പറയുന്ന തന്റെ ഗുരുവായ പരശുരാമനോടു ഭീഷ്മർ.

"തമബ്രവം ക്രുദ്ധമുദീർണ്ണമന്യു-
ന്ന വന്ധകീം സത്മനി വാസയേയം;
ന ത്വാം സഹേ ധർമ്മവിരുദ്ധവാച-
മുന്മാർഗ്ഗവർത്തീ ഗുരുരപ്യമാന്യഃ.

Digitized By Kerala Sahitya Akademi

ഉദ്വൃത്തശാസീ നനു പൌരരോഷം;
ത്വാം യോധയിഷ്യാമി; ഗൃഹാണ ശസ്ത്രം;
ന ബ്രഹ്മഹത്യാ ച; ന ചായശോ മേ;
മൃതേ ഹതേപി ത്വയി യോദ്ധരി സ്യാൽ."

[സർഗ്ഗം ൧൩.

ഇനിയും ഇത്തരം പുളകോദ്ഗമകാരികളായ പല ഭാഗങ്ങളും ഉദ്ധരിക്കുവാനുണ്ട്. വിസ്തരഭയത്താൽ വിരമിക്കുന്നു. ആകെക്കൂടി നോക്കുമ്പോൾ ബാലഭാരതം ഭാരതീയക്ക് അമൂല്യമായ ഒരു സാഹിത്യശേവധിയാണെന്നുള്ളതിനു സംശയമില്ല. ശ്രീകൃഷ്ണവിലാസത്തിലെ ഏതാനും സർഗ്ഗങ്ങൾക്കു ഇലത്തൂർ രാമസ്വാമിശാസ്ത്രികളെപ്പോലെ ബാലഭാരതത്തിന്റെ ഏതാനും സർഗ്ഗങ്ങൾക്കു അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. വിശാഖംതിരുനാൾ മഹാരാജാവു തിരുമനസ്സിലേയ്ക്കു ഈ രണ്ടു കാവ്യങ്ങളും ഏററവും രുചിച്ചിരുന്നു. ക്രി. പി. പതിനാറാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ദക്ഷിണതിരുവിതാംകൂർ ആക്രമിച്ച (Vitthala) വിട്ഠലന്റെ സഹോദരൻ ചിന്നതിമ്മന്റെ സദസ്യനായ കോണേരി കവി ബാലഭാരതത്തെ അനുകരിച്ചു ബാലഭാഗവതം എന്നൊരു ആന്ധ്രകാവ്യം നിർമ്മിച്ചിട്ടുണ്ട്.

ഇതു ഗുണഭൂയിഷ്ഠവും യശസ്സുരഭിലവുമായ ഒരു മഹാകാവ്യം ഇനിയും ആരും മുദ്രാപണംചെയ്യാതെ കിടക്കുന്നതു വിധവൈപരീത്യത്താലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഞാൻ ബി.എ. പരീക്ഷ ജയിച്ചയിടയ്ക്കു ഈ കാവ്യം എട്ടു സർഗ്ഗത്തോളം തർജ്ജിമ ചെയ്കയുണ്ടായി. നന്നായില്ലെന്നു തോന്നുകയാൽ അന്നു പ്രസിദ്ധപ്പെടുത്തിയില്ല. ആ തർജ്ജിമയുടെ കൈയെഴുത്തുപ്രതി ഇപ്പോൾ കാണുന്നില്ല. ഞാൻ സർവ്വാത്മനാ സ്നേഹബഹുമാനങ്ങളോടുകൂടി സദാ സ്മരിക്കുകയും തരം കിട്ടുമ്പോളെല്ലാം പാരായണം ചെയ്കയും ചെയ്യുന്ന സംസ്കൃതഗ്രന്ഥങ്ങളിൽ ഒന്നാണ് ബാലഭാരതം എന്നു ഇനി പ്രത്യേകം പ്രപഞ്ചനം ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

ബാലഭാരതത്തിന്റെ സമഗ്രമായ ഒരു ഭാഷാനുവാദമാണ് എന്റെ സ്നേഹിതൻ ശ്രീമാൻ പി. കെ. നാരായണശാസ്ത്രികൾ കൈരളീദേവിയുടെ പാദമൂലങ്ങളിൽ ഇപ്പോൾ സമർപ്പിക്കുന്നതു്. മാരുതിവിജയം, സൌന്ദര്യലഹരീഭാഷാവ്യാഖ്യാനം, മയൂരശതകം ഭാഷാവ്യാഖ്യാനം, മുതലായ ഗ്രന്ഥങ്ങളുടെ പ്രണേതാവും ആലപ്പുഴ സനാതനധർമ്മവിദ്യാശാലയിലെ മലയാളപണ്ഡിതനും സനാതനധർമ്മമാസികയുടെ ഒരു പ്രധാനലേഖകനുമായ ശാസ്ത്രികൾ ഭാഷാബന്ധുക്കൾക്കു കേവലം അപരിചിതനെന്നു ഞാൻ വിചാരിക്കുന്നില്ല. ഉദ്ദേശം ൬൫൦ പദ്യങ്ങളുള്ളതും ലോകോത്തരഗുണോത്തരവുമായ ഒരു മഹാകാവ്യം മൂലത്തിന്റെ ഓജസ്സോടും പ്രസാദത്തോടും കൂടി—യാതൊരു കുറവുംകൂടാതെ—ഭാഷയിൽ വിവർത്തനംചെയ്തു കാണണമെന്നു ആഗ്രഹിക്കുന്നവർ അത്യാഗ്രഹികളാണു. ശാസ്ത്രികളുടെ തർജ്ജിമയിൽ അനേകം ശ്ലോകങ്ങൾ നിർദ്ദോഷങ്ങളായിട്ടുണ്ട്.

Digitized By Kerala Sahitya Akademi

"രാമാമണീനയനമാലയലങ്കരിക്കും
നീലാശ്മനിർമ്മിതഗവാക്ഷഗണം മഹീശ!
തുള്ളുന്ന മീനനിരയാന്ന കളിന്ദജയ്ക്കു-
ള്ളാവർത്തരാജിയുടെ സാമ്യമിയന്നിടുന്നു."

"കുംഭീന്ദ്രർതൻമുഖപടഭ്രമമേകി വീര-
യോധക്കെഴും യവനികാഭ വഹിച്ചു പാരം
ഹസ്താഗ്രദീപരുചിയാൽ ചിലെടത്തൊതുങ്ങി-
പ്പൂത്തൻതമിസ്രതതി പോക്കളമാന്നിതപ്പോൾ."

ഇത്യാദി പദ്യങ്ങൾ കവി ഒരു വാസനക്കാരനാണെന്നു വിളിച്ചുപറയുന്നുണ്ട്. പക്ഷെ "കവിത്വം ജായതേ ശക്ത്യാ വർദ്ധതേഭ്യാസയോഗതഃ" എന്നുണ്ടല്ലോ. ഭാഷാകവിതയിൽ ശാസ്ത്രികൾക്കു പറയത്തക്ക അഭ്യാസം സിദ്ധിച്ചിട്ടുള്ളതായി തോന്നുന്നില്ല. തന്നിമിത്തം പരിഹരിക്കാവുന്ന പല കുറവും കുറവും തർജ്ജിമയിൽ അവിടവിടെ കടന്നുകൂടീട്ടുണ്ടെന്നുള്ള വസ്തുത മറയ്ക്കണമെന്ന് എനിക്ക് ഉദ്ദേശമില്ല. ഉത്തരാർദ്ധം ലഘുവിൽ അവസാനിപ്പിക്കുക, തണയുക, അഴക മുതലായ ദ്രാവിഡപദങ്ങളും ശൈലികളും പ്രയോഗിക്കുക, ഇത്തരത്തിലുള്ള അഭംഗികൾ അടുത്ത പതിപ്പിൽ നിഷ്കർഷിച്ചു നിഷ്കാസിക്കേണ്ടതുണ്ട്. അനവധാനത നിമിത്തമോ, അലംഭാവംമൂലമോ

"സൂനാമരാതിക്ഷിതിഭൃൽപശൂനാം
ഘോരാമനീകക്ഷിതിമാസസാദ." എന്നതിന്

"അരാതിഭൂപാലർ മരിച്ചു ഘോര-
തരാജിഭൂഭാഗമണഞ്ഞു ഖിന്നൻ." എന്നും,

"പൂർണ്ണപ്രതിജ്ഞസ്സ ത്രതീ ചിരായ
മരുത്സുതഃ കച്ചിദുപൈതി സാമ്യം
നിർവ്യൂഢകാര്യേണ വിചക്ഷണേന
സാംയാത്രികേണാർണ്ണവപാരഗേണ?" എന്നതിന്

"ചിരാൽ സ്വസത്യം നിറവേററി ഭീമൻ
ഭാരം വഹിച്ചർണ്ണവപാരമെത്തി
കരുത്തനാം പോതവണിക്കിനോടു
പൊരുത്ത സാമ്യംകലരുന്നതുണ്ടോ?"

എന്നുമുള്ള തർജ്ജിമകൾ കേവലം അപര്യാപ്തമായിപ്പോയിരിക്കുന്നു.

"സൂതാത്മജം സുതസുഹൃൽസഹിതം സമകൈ
ശാതൈശ്ശരൈഃ ശകലയിഷ്യതി ഗാണ്ഡിവോ മേ."

എന്ന് ആഗസ്ത്യകവി ഗർജ്ജിക്കുമ്പോൾ,

Digitized By Kerala Sahitya Akademi

"രാധേയനെസ്സുതസുഹൃത്തുകളൊത്തുപോരി-
ലെൻഗാണ്ഡീവം കണകളാൽ പൊടിയാക്കുമുഗ്രം."

എന്നതിൽനിന്ന വളരെ മെച്ചമായിട്ടൊന്നും ഒരു ഭാഷാനുവാദകന് ആ ഗർജ്ജിതം പ്രതിധ്വനിപ്പിക്കുവാൻ കഴിയുന്നതല്ല. ആ വിഷയത്തിൽ ശാസ്ത്രികളെ ആരും അപവദിക്കുകയുമില്ല. സ്വല്പം കൂടി മനസ്സിരുത്തുകയും ഭാഷാകവിതയിൽ പരിശീലനംചെയ്കയും ചെയ്തതിന്മേൽ ഈ തർജ്ജിമ കൈയേററിരുന്നാൽ ഇതിൽ എത്രയോ അധികം ഭങ്ഗിയായി ഈ കൃത്യം ശാസ്ത്രികൾക്കു നിർവ്വഹിക്കാമായിരുന്നു.

ഇത്രയും ഉപന്യസിച്ചതിൽനിന്നു ശാസ്ത്രികളുടെ അഭിനന്ദനീയമായ ഈ സദ്വ്യവസായത്തെ ഞാൻ വേണ്ടവിധത്തിൽ ആദരിക്കുന്നില്ലെന്ന് ആക്കും തോന്നിപ്പോകരുത്. ബാലഭാരതത്തിന്റെ ഒരു ഭാഷാനുവാദം ഇപ്പോഴെങ്കിലും കൈരളിയ്ക്കു ലബ്ധമായത് ഒരു വലിയ അനുഗ്രഹമാണ്. അതിനു കാരണഭൂതനായ ശാസ്ത്രികളെ എത്രതന്നെ അനുമോദിച്ചാലും അത് ഒട്ടും അധികമായെന്നു വരുന്നതല്ല. മൂലഗ്രന്ഥത്തിന്റെ ഗുണപൌഷ്കല്യം ഒട്ടൊക്കെ സംസ്കൃതാനഭിജ്ഞന്മാരായ കേരളീയൎക്ക് ഈ തർജ്ജിമയിൽനിന്നു മനസ്സിലാക്കുവാൻ കഴിയും. അഥവാ 'സദപസ്തുപുരുഷബഹുമാനാൽ' എന്നല്ലേ കാളിദാസൻകൂടിയും വിക്രമോർവ്വശീയത്തിൽ പറയുന്നത്? മഹാഭാരതം ഇതിവൃത്തം; പുനവും മേല്പത്തൂരും ആശ്രയിച്ച അഗസ്ത്യഭട്ടന്റെ വാഗ്ഗുംഭം; അങ്ങിങ്ങു ഭാഷാവിഷയകമായി ചില ന്യൂനതകൾ ഉണ്ടെങ്കിൽ ഇരുന്നുകൊള്ളട്ടെ; വല്ലപ്പോഴും കൊണ്ടേക്കാവുന്ന ഒരു മുള്ളിനെപ്പേടിച്ച് പനിനീർ പൂവിറുക്കുവാൻ മടിക്കുന്ന യുവാക്കന്മാരുണ്ടെങ്കിൽ അവരോട് ഏതു രസികനാണ് അനുകൂലത തോന്നാറുന്നത്! ഭാഷാബാലഭാരതം, ശാസ്ത്രി ഇപ്പോൾ പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന നിലയ്ക്കു തന്നെ വായനക്കാരെ ആനന്ദസാഗരത്തിൽ ആറാടിക്കുന്നതിനു ധാരാളം പര്യാപ്തമാകുന്നു. തെളിഞ്ഞ പണ്ഡിതനും, തികഞ്ഞ വ്യവസായിയുമായ എന്റെ സ്നേഹിതനിൽനിന്ന് കൈരളി ഇനിയും പല സാഹിത്യോപഹാരങ്ങളേയും ന്യായമായി പ്രതീക്ഷിക്കുന്നു. (ഫ്രഹർ.

Digitized By Kerala Sahitya Akademi

൧൦. ഭാരതചമ്പു.

കുറേക്കാലം മുമ്പു് ഞാൻ എന്റെ ഒരു മാന്യസുഹൃത്തായ ശ്രീമാൻ ചുനക്കര കൃഷ്ണവാരിയരോട്ട് സംസ്കൃതസാഹിത്യസാമ്രാജ്യത്തിൽ ഒരു് ഉൽകൃഷ്ടപദവിയെ അലങ്കരിക്കുന്ന "ചമ്പൂഭാരതം" മലയാളത്തിൽ തർജ്ജിമ ചെയ്യണമെന്നു് ഉപദേശിക്കുകയും അദ്ദേഹം ആ ശ്രമസാദ്ധ്യമായ കൃത്യം ഉടൻതന്നെ നിർവ്വഹിച്ചു തന്റെ ഭാഷാന്തരകൃതി "കവനകൌമുദിയിൽ" ഖണ്ഡശഃ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ തർജ്ജിമയ്ക്കു് ഞാൻ ഒരവതാരിക എഴുതാമെന്നു് ഏററിരുന്നതു കാര്യാന്തരവ്യഗ്രതയാൽ ഇതുവരെയും ചെയ്യാത്തതാണു് ഇതിന്റെ പുസ്തകാകൃതിയിലുള്ള പ്രകാശനത്തിനു പ്രതിബന്ധമായി തീൎന്നതു്. അപരിഹാൎയ്യമായിട്ടെങ്കിലും എനിക്കു് ഈ സംഗതിയിൽ നേരിട്ട താമസത്തിനു ഞാൻ പുസ്തകകൎത്താവിനോടും ഭാഷാബന്ധുക്കളോടും ആദ്യമായി ക്ഷമായാചനം ചെയ്തുകൊള്ളുന്നു.

കൃഷ്ണവാരിയർ അവർകൾ തൎജ്ജിമചെയ്തിരിക്കുന്ന കൃതി 'ചമ്പൂ' എന്ന ഇനത്തിൽ ഉൾപ്പെട്ട ഒരു കാവ്യമാണു്. ദൃശ്യമെന്നും ശ്രാവ്യമെന്നും കാവ്യം രണ്ടുതരത്തിലുള്ളതിൽ ശ്രാവ്യകാവ്യം പദ്യമയമായും ഗദ്യമയമായും പദ്യഗദ്യോഭയമയമായും മൂന്നുവിധത്തിലുണ്ടാകാവുന്നതും അവയിൽ പദ്യഗദ്യസമ്മിശ്രമായുള്ള കാവ്യത്തെ "ചമ്പൂ" എന്നു വ്യവഹരിച്ചുവരുന്നതുമാകുന്നു.

"ഗദ്യാനുബന്ധരസമിശ്രിതപദ്യസൂക്തിർ-
ഹൃദ്യാ ഹി വാദ്യകലയാ കലിതേവ ഗീതി."

എന്നു ഭോജരാജാവു രാമായണചമ്പുവിൽ ഉപന്യസിച്ചിട്ടുള്ള തത്വത്തെത്തന്നെ പ്രകാരാന്തരേണ വേങ്കടാദ്ധ്വരി "വിശ്വഗുണാദർശ"ത്തിൽ

"പദ്യം യദ്യപി വിദ്യതേ ബഹു സതാം
ഹൃദ്യം ന ഗദ്യം ഹി തൽ
ഗദ്യം ച പ്രതിഭാദ്യതേ ന വിജഹൽ-
പദ്യം ബുധാസ്വാദ്യതാം;
ആദത്തേ ഹി തയോഃ പ്രയോഗ ഉഭയോ-
രാമോദഭൂമോദയം
സംഗഃ കസ്യ ഹി ന സ്വദേത മനസേ
മാദ്ധ്വീകമൃദ്വീകയോഃ"

എന്ന പദ്യത്തിൽ വിവരിക്കുന്നു.

ചമ്പൂപ്രബന്ധങ്ങൾക്കു് ഇതരദേശങ്ങളെ അപേക്ഷിച്ചു സംസ്കൃതത്തിലും ഭാഷയിലും പ്രചാരം അധികമായുള്ള കേരളത്തിൽ ഈ ജാതിയിലുള്ള കൃതികളുടെ ഗുണവിശേഷത്തെപ്പററി അധികമൊന്നും പ്രസ്താവിക്കേണ്ട ആവശ്യം കാണുന്നില്ല.

Digitized By Kerala Sahitya Akademi

"ഉദാത്തനായകോപേതാ
ഗുണവദ്വൃത്തമുക്തകാ
ചമ്പൂശ്ച ഹാരയഷ്ടിശ്ച
കേന ന ധ്രിയതേ ഹൃദി?"

എന്ന ചമ്പൂകാവ്യങ്ങളുടെ മാൎഗ്ഗദൎശികളിൽ ഒരാളായി ഗണിക്കേണ്ട ത്രിവിക്രമഭട്ടൻ "നളചമ്പു"വിൽ ചോദിക്കുന്ന ചോദ്യത്തിന് ആ മാതിരി കാവ്യവും ഹാരവും എല്ലാവരും ഹൃദയത്തിൽ ധരിക്കുന്നതാണെന്നേ സഹൃദയന്മാൎക്കു മറുപടി പറവാൻ നിവൃത്തിയുള്ളൂ.

ത്രിവിക്രമഭട്ടൻ "ബൃഹൽകഥാ"കാരനായ ഗുണാഢ്യനെ സ്മരിക്കുന്നതോടുകൂടി അദ്ദേഹത്തിൻെറ നളചമ്പുവിലെ

"പൎവ്വതഭേദപവിത്രം
ജൈത്രം നരകസ്യ ബഹുമതം ഗഹനം."

ഇത്യാദി പയോഷ്ണീജലത്തെ വൎണ്ണിച്ചുള്ള പദ്യം ഭോജരാജാവു സരസ്വതീകണ്ഠാഭരണത്തിൽ ഏകാവല്യലങ്കാരത്തിന് ഉദാഹരണമായി സ്വീകരിക്കുന്നതിനാൽ ത്രിവിക്രമഭട്ടൻെറ ജീവിതകാലം ക്രി. പി. എട്ടാമതോ ഒമ്പതാമതോ ശതവൎഷത്തിലാണെന്ന് അനുമാനിക്കാവുന്നതാണ്. ഇതും ഭോജരാജാവിൻെറ സുപ്രസിദ്ധമായ രാമായണചമ്പുവും ഉണ്ടായി വളരെക്കാലത്തിനിപ്പുറമാണ് ഭാരതചമ്പുവിൻെറ ആവിൎഭാവം.

ഈ കാവ്യത്തിൻെറ പ്രണേതാവായ അനന്തഭട്ടമഹാകവി ഏതു കാലത്തു ജീവിച്ചിരുന്നുവെന്നോ, ഏതു ദേശത്തേ അലങ്കരിച്ചിരുന്നുവെന്നോ കാണിക്കുന്നതിനു വിശദമായ രേഖകൾ ഒന്നുമില്ല. ക്രി. പി. പതിനേഴാം ശതവൎഷത്തിൽ ജീവിച്ചിരുന്ന കോഴിക്കോട്ടു മാനവേദരാജാവു തൻെറ പൂൎവ്വഭാരതചമ്പു അനന്തഭട്ടൻെറ പേരിലുള്ള ആദരാതിശയത്താൽ നിൎമ്മിച്ചതാണെന്നുള്ളതിന് ആ ചമ്പുവിലേ

"സ്വസ്രീയോസ്യ ഖലു ക്ഷമാവലരിപോഃ
  ശ്രീമാനവേദാഭിധഃ
സുശ്രാവ്യം ചരിതം സുധാകരകല-
  ക്ഷോണീഭൃവാം പാവനം
റിഭൽസ്വൎഗ്ഗതചമ്പൂഭാരതനിബ-
  ന്ധസ്യാദ്ഭുതാൎത്ഥാവലീ-
സിന്ധോഃ പൂൎവ്വതയാദ്യ വൎണ്ണയതി; തൽ
  സന്തോ റഭന്താം മുദം"

എന്ന പദ്യം സാക്ഷി നില്ക്കുന്നു. പാണ്ഡുവിൻെറ രാജ്യഭാരം മുതൽ ഭാരതയുദ്ധാനന്തരം യുധിഷ്ഠിരൻെറ പട്ടാഭിഷേകം വരെയുള്ള ഇതിവൃത്തത്തെ അധികരിച്ചു പന്ത്രണ്ടു സ്തബകങ്ങളിൽ അനന്തഭട്ടൻ ചമ്പൂഭാരതം നിൎമ്മിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

"ശ്രീമാൻ സീമാതിഗാമിപ്രസൃമരമഹിമാ-
ചന്ദ്രമാസ്സാന്ദ്രമോദം
സേവ്യൈർമാസപാദ്യമാനസ്സകലസുരഗണൈ-
രോഹിണീപ്രാണനാഥഃ
നേത്രാദത്രേഃ പുരാഭൂൽ പ്രഭവ ഉരുഭുജാം
വിക്രമാക്രാന്തവിശ്വ-
ക്ഷോണീചക്രാന്തരാണാം ഭരതകുലഭുവാം
ഭൂഭുജാം മാനഭാജാം."

എന്ന പദ്യത്തിൽ ചന്ദ്രോൽപത്തി തുടങ്ങി,

"ഏവം ദേവോപമേഷു ത്രിഷു സപദി കുമാ-
രേഷു ജാതേഷു തേഷു
വ്യാസാൽ സാ വാസവീ സോപിച സുരതടിനീ-
നന്ദനസ്തേച ദേവ്യൗ
നാനന്ദാമാസുരാസൂദിതഹൃദയരുജഃ
പൂർണ്ണകാമാഃ കിമുക്തൈ-
ർഭൂയോഭിർമ്മോദഭാരോ നിഖിലദിവിഷദാം
മേദുരഃ പ്രാദുരാസീൽ."

എന്ന പദ്യത്തിൽ ധൃതരാഷ്ട്രപാണ്ഡുവിദുരന്മാരുടെ ജനനം വരേയുള്ള പൂർവ്വഭാരതകഥയെ മാനവേദരാജാവും പന്ത്രണ്ടു സ്തബകങ്ങൾകൊണ്ട് അവസാനിപ്പിച്ചിരിക്കുന്നു. "ദിഗന്തരലബ്ധകീർത്തി"യെന്നു തന്നെത്താൻ സംഭാവനം ചെയ്ത അനന്തകവികുഞ്ജരനു കേരളദേശത്തിൻെറ രത്നോപഹാരമായി മാനവേദചമ്പുവിനെ ഗണിക്കേണ്ടതാണ്. മാനവേദരാജാവിനേക്കാൾ അനന്തഭട്ടൻ പ്രാചീനനാണെന്നുള്ളതിന് ഇതിലധികം ലക്ഷ്യം ആവശ്യമില്ലല്ലോ.

ഭാരതഖണ്ഡത്തിൽ പീരങ്കിയും വെടിയുണ്ടയും ആദ്യമായി ഉപയോഗിച്ചതു ക്രി. പി. ൧൫൨൬-ാം വർഷത്തിൽ ബാബരപാദഷാ നടത്തിയ പാനിപ്പട്ട് ഒന്നാംയുദ്ധത്തിലാണെന്നു ചിലർ പറയുന്നു. ഭാരതചമ്പുവിൽ മൂന്നാം സ്തബകത്തിൽ വർഷാവർണ്ണനയിൽ,

"കാളാംബുദാളിനളികാൽ ക്ഷണദീപ്തിവർത്ത്യാ
സന്ധുക്ഷിതാൽ സപദി സന്ധ്യനിനിസ്സരന്തീഃ
വർഷാശ്മസീസഗുളികാനികരൈഃ കഠോരൈ-
ർഹന്താഭിഹന്തിമവധീൽ ഘനകാലയോധഃ."

എന്ന പദ്യം കാണുന്നതിൽനിന്നു പാനിപ്പട്ടിലെ ഒന്നാം യുദ്ധത്തിനുശേഷമാണ് ആ ഗ്രന്ഥത്തിൻെറ നിർമ്മിതിയെന്ന് ഊഹിക്കാം.

പക്ഷേ പാശ്ചാത്യരീതിയിലുള്ള പീരങ്കികളുംമററും പോർട്ടുഗീസുകാരുടെ വരവോടുകൂടി ഇൻഡ്യയിൽ കടന്നുകൂടിയതിനു മുൻപുതന്നെ പലമാതി

Digitized By Kerala Sahitya Akademi

രി തോക്കുകൾ ഈ രാജ്യത്തിലുണ്ടായിരുന്നതിനാൽ ഈ ഊഹത്തിന്നു വലി യ ബലം കല്പിക്കുവാൻ പാടുള്ളതല്ല. അനന്തഭട്ടൻ സർവ്വതന്ത്രസ്വതന്ത്ര നായ അപ്പയ്യദീക്ഷിതരുടെ സമകാലികനാണെന്നും ഐതിഹ്യമുണ്ട്. ഏതായാലും ഉദ്ദേശമായി ക്രി. പി. പതിനാറാംശതവർഷത്തിലാണ് അന ന്തഭട്ടന്റെ ജീവിതകാലമെന്നു പറയാമെന്നു തോന്നുന്നു.

"കൃഷ്ണപ്പസ്ഥിതം രവിളുവാ കൃതഹസ്തതാളം
ദുശ്ശാസ്സനേന ധുരി ദൂഷിതസന്ധിലക്ഷം"

എന്നു ഭാരതചമ്പു അഷ്ടമസ്തബകത്തിലും

"രാധാസുതേ ഹസതി കല്പിതഹസ്തതാളേ
ദുശ്ശാസ്സനേന ദൃശി സൂചിതസന്ധിദോഷഃ"

എന്നു മേല്പുത്തൂർ നാരായണഭട്ടതിരിയുടെ "ദൂതവാക്യ" പ്രബന്ധത്തിലും കാ ണുന്ന ശ്ലോകാർദ്ധസാമ്യം ആകസ്മികമല്ലെങ്കിൽ അന്യഗ്രന്ഥങ്ങളിൽനിന്ന് ആവശ്യംപോലെ നല്ല പദ്യങ്ങൾ ഉദ്ധരിക്കുവാൻ യാതൊരു വൈമനസ്യവു മില്ലാതിരുന്ന ഭട്ടതിരി ഭാരതചമ്പു വായിച്ചിരുന്നിരിക്കണമെന്ന് ഊഹിക്കേ ണ്ടിയിരിക്കുന്നു. അനന്തഭട്ടനും മുരാരിയും സമകാലികന്മാരായിരുന്നു എന്നു ള്ള ഐതിഹ്യത്തെ ഞാൻ പ്രമാണത്വേന അംഗീകരിക്കുന്നില്ല.

അനന്തഭട്ടൻ ഒരു ദാക്ഷിണാത്യനാണെന്നു ഞാൻ അദ്ദേഹത്തിന്റെ കവിതാശൈലിയിൽനിന്നു മാത്രമല്ല അനുമിക്കുന്നത്. അർജ്ജുനന്റെ തീ ർത്ഥയാത്രാഘട്ടത്തിൽ

"ധൃത്വാ ഫലേഷു സലിലാനി കവേരജായാഃ
സാമ്യം പരീക്ഷിതുമിവാഭ്രസരിൽഗ്ഗുണൌഘൈഃ
അഭ്രംലിഹൈർന്നിബിഡിതാം തടനാരികേളൈ-
രാലോക്യ ചോളവസുധാമയമഭ്യനന്ദൽ."

"കാലേന സംഗതതമാഃ കടുതാമവേത്യ
സ്വർഗ്ഗൌകസാമപി സുധാരസനിസ്പൃഹാണാം
അഭ്രംലിഹഃ ഫലവതസ്തടനാരികേളാൻ
സഹ്യാത്മജാസലിലവൈവധികാനമംസ്ത."

ഇത്യാദി പദ്യങ്ങളിൽനിന്നു കവിക്കു ചോളദേശത്തോടുള്ള പ്രതിപ ത്തിയും അവിടത്തെ കേരവൃക്ഷങ്ങളെപ്പററിയുള്ള സൂക്ഷ്മജ്ഞാനവും വ്യഞ്ജി ക്കുന്നതോടുകൂടി താൻ ഒരു ചോളദേശജനാണെന്നു കവി നമ്മെ ഉൽബോ ധനം ചെയ്യുന്നതായിക്കൂടിയും സങ്കല്പിക്കാവുന്നതാണ്. പോരാത്തതിന്നു ദ്രാവിഡബ്രാഹ്മണരുടെ ചില ലോകോക്തികളും ഭാരതചമ്പുവിൽ അവിട വിടെയായി സ്ഥലംപിടിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

"സ്വയമപി ന വിബുധ്യതേ സുതോയം;
സുമതിജനസ്യ ശൃണോതി നാപി വാചം;
കുരുകുലകുശലാങ്കുരാഭിവൃദ്ധ്യൈ
ഗ്ഗുണഗണവാരിനിധേ! ഗതിസ്ത്വമേവ."

എന്നും

"അധാഭിമന്യുദ്ധൃതഭൂരിമന്യുർ-
ദ്രൌണിം തദീഷ്വാസ്ഥിതകാന്തിലക്ഷ്യാൽ
ബാല്യേ നിപീതാനപി പിഷ്ടസാരാ-
നശ്രൈസ്സുരൈരുദ്വമയാഞ്ചകാര."

എന്നുംമററുമുള്ള പദ്യങ്ങൾ ഇതിന് ഉദാഹരണമാണ്.

ഹൃദയദ്രവീകരണമെന്നും ചിത്തചമൽക്കരണമെന്നും കവിധർമ്മത്തെ രണ്ടു മാർഗ്ഗമായി വേർതിരിക്കുകയാണെങ്കിൽ ചിത്തചമൽക്കരണമാണ് അനന്തഭട്ടൻ പ്രധാനമായി സ്വീകരിച്ചിരിക്കുന്ന മാർഗ്ഗമെന്നു പറയാം. ഈ രണ്ടുമാർഗ്ഗങ്ങളിൽ ഒന്നു മറെറാന്നിനെക്കാൾ മേലേയാണെന്നു സാഹിത്യമർമ്മജ്ഞന്മാർക്കു സമ്മതിക്കുവാൻ പ്രയാസമുണ്ട്. രസാത്മകമായ വാക്യമാണ് കാവ്യം. ആ രസത്തിന്റെ ആസ്വാദനസ്വരൂപമെന്തെന്നു വിശ്വനാഥകവിരാജൻ "സാഹിത്യദർപ്പണ"ത്തിൽ—

"സത്വോദ്രേകാദഖണ്ഡസ്വ-
പ്രകാശാനന്ദചിന്മയഃ;
വേദ്യാന്തരസ്പർശശൂന്യോ
ബ്രഹ്മാസ്വാദസഹോദരഃ

ലോകോത്തരചമൽക്കാര-
പ്രാണഃ കൈശ്ചിൽ പ്രമാതൃഭിഃ
സ്വാകാരവദഭിന്നത്വേ-
നായമാസ്വാദ്യതേ രസഃ.

എന്നീ പദ്യങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. രസം ലോകോത്തരചമൽക്കാരപ്രാണമാണ്; അഥവാ രസത്തിന്റെ സാരം അത്യുൽകൃഷ്ടമായ ചമൽക്കാരമാണ്. ചമൽക്കാരം ചിത്തവിസ്താരരൂപമാകുന്നു. ഏതൊരു കവിയുടെ വാക്കുകേൾക്കുമ്പോൾ നമ്മുടെ മനസ്സു വികസിക്കുന്നുവോ ആ വാക്കുകൾക്കു ചമൽക്കരണശക്തിയുണ്ട്. ആ ചിത്തവിസ്തൃതിയെത്തന്നെയാണ് വിസ്മയമെന്നു പറയുന്നത്. ഈ വിസ്മയം ശൃംഗാരാദികളായ സർവരസങ്ങളിലും സംക്രമിച്ചിരിക്കും. അപ്പോൾമാത്രമേ ആ രസങ്ങൾക്കു രസത്വം സിദ്ധിക്കുകയുള്ളു. വെറും വിസ്മയം രസമാകയില്ലതാനും. "ഗൌശ്ചലതി" എന്നുപറഞ്ഞാൽ അതിൽ യാതൊരു ചിത്തവിസ്തൃതിക്കും മാർഗ്ഗമില്ലാത്തതിനാൽ ആ വാക്യത്തിനു കാവ്യത്വമില്ല. "കാന്താനനം കാനനവദ്വിഭാതി" എന്നു പറയുമ്പോൾ ഒരുമാതിരി വിസ്മയംതോന്നുന്നുണ്ടെ

Digitized By Kerala Sahitya Akademi

ങ്കിലും അതു ചിത്തവിസ്തൃതിരൂപമല്ലാത്തതും അതിന്റ ശൃംഗാരരസം പോയിട്ട് അത്ഭുതരസത്തിൽപോലും പൎയ്യവസാനിക്കുവാൻ കെല്പില്ലാത്തതുമാണ്. എന്നാൽ ഈ ഉപമാനത്തിനെതന്നെ പ്രകൃതോപയോഗിത്വം വരുമെങ്കിൽ അവിടെ ചമൽക്കാരത്തിന്ന സന്ദർഭവുമുണ്ട്.

"അവിവേകികചവദാന്ധ്യം
ഹന്ത നാമ ജഗത്ത്രയം;
ശ്രുതിപ്രണയിനോരശ്ലേഷാ-
രയുക്തം ജനമാരണം."

എന്ന പദ്യത്തിന്റെ ജീവൻ ശ്ലേഷത്തെ ആശ്രയിച്ചിരിക്കുന്നുവെന്നു വച്ച അതിന്റെ ചമൽക്കാരത്തിന്ന വല്ല ഹാനിയുമുണ്ടോ? ചമൽക്കാരത്തിന്റെ പ്രകാരാന്തരം തന്നെയാണ് ദ്രവീകരണം. അതു കാളിദാസൻ സ്വീകരിച്ച രീതിയിൽ രചിക്കുന്ന കവിതകളിലേ കാണുകയുള്ളു എന്നുപറയുന്നതിന്ന് അൎത്ഥമില്ല. കാളിദാസൻതന്നെ ഒരു രീതിയല്ല സ്വീകരിച്ചിട്ടുള്ളത്.

"ഗുൎവ്വൎത്ഥമൎത്ഥീ ശ്രുതപാരദൃശ്വാ
രഘോസ്സകാശാദനവാപ്യ കാമം
ഗതോ വദാന്യാന്തരമിത്യയം മേ
മാഭൂൽ പരിവാദനവാവതാരഃ."

ഇത്യാദി ആഹാൎയ്യഭംഗിയെ അപേക്ഷിക്കാത്ത സ്വയംപ്രകാശമാനങ്ങളായ പദ്യജ്യോതിസ്സുകൾ ചില ദിക്കിൽ;

"സഞ്ചാരിണീ ദീപശിഖേവ രാത്രൌ
യം യം വ്യതീയായ പതിംവരാ സാ;
നരേന്ദ്രമാൎഗ്ഗാട്ട ഇവ പ്രപേദേ
വിവൎണ്ണഭാവം സസ ഭൂമിപാലഃ."

ഇത്യാദി ഔചിത്യപൂൎവ്വകമായ അലങ്കാരപ്രയോഗംകൊണ്ടു സഹൃദയന്മാരെ ആനന്ദപരവശന്മാരാക്കുന്ന ഭാവനാതല്ലജങ്ങൾ മറ്റു ചില ദിക്കിൽ;

"തസ്യാഃ ഖുരന്യാസപവിത്രപാംസു-
മപാംസുലാനാം ധുരി കീൎത്തനീയാ
മാൎഗ്ഗം മനുഷ്യേശ്വരധൎമ്മപത്നി
ശ്രുതേരിവാൎത്ഥം സ്മൃതിരന്വഗച്ഛൽ."

ഇത്യാദി പാശ്ചാത്യപരിഷ്കാരികൾക്കു രുചിക്കാത്ത പ്രൌഢോക്തിനിബന്ധനകൾ വേറെ ചില ദിക്കിൽ;

"അനാവിഷ്കൃതദാനരാജി-
രന്തൎമ്മദാവസ്ഥ ഇവ ദ്വിപേന്ദ്രഃ."
"അംഗാരശേഷസ്യ ഹുതാശനസ്യ
പൂൎവ്വോത്ഥിതോ ധൂമ ഇവാവിരാസീൽ."

Digitized By Kerala Sahitya Akademi

ഇത്യാദി അലങ്കാരത്തിനുവേണ്ടിമാത്രം പ്രയോഗിക്കപ്പെടുന്ന അക്ഷരങ്ങൾനിമിത്തം ഉള്ളിൽതട്ടുവാൻ വൈഷമ്യംതോന്നുന്ന ദൂരോല്ലേഖങ്ങളും ഇനിയും ചില ദിക്കിൽ;

"അഥ പ്രദോഷേ ദോഷജ്ഞഃ
സംവേശായ വിശാം പതിം
സൂനുസ്സൂനൃതവാക് സ്രഷ്ടു-
ർവ്വിസസർജ്ജോർജ്ജിതശ്രിയം."

ഇത്യാദി വിടവടയ്ക്കാൻവേണ്ടി മാത്രമുള്ള സാധാരണപദ്യങ്ങൾ അവിടവിടെയായി ഏതാനും ചില ദിക്കിൽ; ഇങ്ങനെ നോക്കിയാൽ കാളിദാസമഹാകവിയുടെ കാവ്യശൈലിയും ഉച്ചാവചമാണെന്നുള്ളതിനു സംശയമില്ല. മഹാകവികളുടെ കാവ്യശൈലികൾ ആ വിധത്തിലല്ലാതെയിരിക്കുവാൻ ന്യായവുമില്ല. സഭംഗശ്ലേഷപൂർണ്ണമായി തന്റെ ഗ്രന്ഥമെഴുതി തീർക്കുന്നതിനു ബദ്ധകങ്കണനായി പുറപ്പെട്ട ത്രിവിക്രമഭട്ടനുതന്നെയും അതു സാദ്ധ്യമായില്ലെന്നു നളചമ്പു വായിച്ചിട്ടുള്ളവരോടു പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല.

"പ്രസന്നാഃ കാന്തിഹാരിണ്യോ
നാനാശ്ലേഷവിചക്ഷണാഃ
ഭവന്തി കസ്യചിൽ പുണ്യൈ-
ർമ്മുഖേ വാചോ ഗൃഹേ സ്ത്രിയഃ."

"കിംകവേസ്തേന കാവ്യേന
കിം കാണ്ഡേന ധനുഷ്മതഃ
പരസ്യ ഹൃദയേ ലഗ്നം
ന ഘൂർണ്ണയതി യച്ഛിരഃ?"

ഇത്യാദി പ്രഥമോച്ഛ്വാസത്തിലും;

"ഹർഷാദുൽപുളകം വികാസി രഭസാ-
ദുത്താനിതം കൌതുകാ-
ച്ഛൃംഗാരാദലസം ഭയാത്തരളദൃങ്-
നമ്രം ച ലജ്ജാഭരാൽ
തസ്യാസ്തന്നളസംഗമേ മൃഗദൃശോ
ദൃശ്യേത ഭൂയോപി കിം
കിഞ്ചിൽ കാഞ്ചനഗൌരഗണ്ഡഗളിത-
സ്വേദാംബുരമ്യം മുഖം?"

"നാപസരതി ന ചക്ഷുഷോ മൃഗാക്ഷീ:
രജനിരിയം ച ന യാതി; നൈതി നിദ്രാ;
പ്രഹരതി മദനോപി; ദുഃഖിതാനാം
ബത! ബഹുശോഭിമുഖീഭവന്ത്യപായാഃ."

Digitized By Kerala Sahitya Akademi

ഇത്യാദി സപ്തമോച്ഛ്വാസത്തിലും ഉള്ള പദ്യങ്ങൾക്കു തമ്മിൽ എത്രമാത്രം അന്തരം കാണുന്നു?

"വാചഃ കാഠിന്യമായാന്തി
ഭങ്ഗശ്ലേഷവിശേഷതഃ
നോദ്വേഗസ്തത്ര കർത്തവ്യോ
യസ്മാന്നൈകോ രസഃ കവേഃ."

ഇത്യാദി പീഠികയോടുകൂടി ആരംഭിക്കുന്ന കവി കുറേ കഴിയുമ്പോൾ തന്റെ പ്രതിജ്ഞയെ ദൂരത്തു കെട്ടിവച്ചുംവച്ചു പ്രസാദമസൃണമായ കാവ്യപാഠത്തിൽ പ്രവേശിക്കുന്നു. ഭോജരാജാവിനും ഒന്നിലധികം ശൈലിയുണ്ട്.

"വനഭുവി തനുമാത്രത്രാണമാജ്ഞാപിതം മേ;
സകലഭുവനഭാരഃ സ്ഥാപിതോ വത്സമൂർദ്ധ്നി;
തദിഹ സുകരതായാമാവയോസ്തർക്കിതായാം
മയി പതതി ഗരിയാനംബ! തേ പക്ഷപാതഃ."

എന്ന പദ്യത്തിലെ ശൈലി ഒന്നും

"സംക്രാന്തവർണ്ണാന്തരഗാഥിസൂനോഃ
സമ്പൎക്കപുണ്യാദിവ രാമഭദ്രഃ
ക്ഷാത്രക്രമാൽ പിപ്പലദണ്ഡയോഗ്യഃ
പലാശദണ്ഡാദ്ദൃതപാണിരാസീൽ."

എന്ന പദ്യത്തിലെ ശൈലി മറ്റൊന്നുമാണ്.

ഈ പീഠികയിൽനിന്നു നാം മനസ്സിലാക്കുവാനുള്ളതു കവിയുടെ പരമധൎമ്മം ചിത്തചമൽക്കരണമാണെന്നും, ആ ചമൽക്കരണം പരിപൂർണ്ണാവസ്ഥയേ പ്രാപിക്കുമ്പോൾ ദ്രവീകരണരൂപമാകുമെന്നും, ആ ഉദ്ദേശസിദ്ധിക്കു കവി ഇന്ന മാൎഗ്ഗം സ്വീകരിക്കണമെന്നു നിർബന്ധമില്ലെന്നും, അലങ്കാരാപേക്ഷ കൂടാതെ ഹൃദയദ്രവീകരണം അസാദ്ധ്യമാണെന്നു പറഞ്ഞാൽ അതു് അസംബന്ധമാകുന്നതുപോലെ തന്നെ കവിവാക്യത്തിൽ ശബ്ദശ്ലേഷസ്പൎശമുണ്ടായിപ്പോയെങ്കിൽ അതിനു ദ്രവീകരണശക്തിയുണ്ടാകുന്നതല്ലെന്നു വാദിക്കുന്നതു് അയുക്തമാണെന്നുമാകുന്നു.

ഇനി നമുക്ക് അനന്തഭട്ടന്റെ കവനസമ്പ്രദായത്തെ ഒന്നു സൂക്ഷ്മദൃഷ്ടിയോടുകൂടി പരിശോധിക്കാം.

അനന്തഭട്ടന്റെ ഉല്ലേഖപാടവം അസാധാരണമാകുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രായേണ പൂൎവ്വകവികളാൽ അക്ഷുണ്ണമാണ്. പ്രാചീനമഹാകവികളെ അദ്ദേഹം ശരണീകരിക്കുന്നില്ലെന്നു ഞാൻ ശപഥം ചെയ്യുന്നില്ല. എന്നാൽ ആ ശരണീകരണത്തിന് ഒരു പ്രകാരഭേദമുണ്ട്. അദ്ദേഹത്തിന്റെ മനോധൎമ്മത്തിന് അവയെ നവീകരിച്ചു പ്രാണപ്രതിഷ്ഠ ചെയ്യുന്നതിനുള്ള ശക്തി പ്രത്യേകമായി കാണുന്നു. ശ്രീഹൎഷന്റെ കല്പനാകാഠിന്യം അനന്തഭട്ടന് ഇല്ല. ചിത്തവിസ്തൃതി വരുത്താത്ത പദ്യങ്ങൾ ഭാ

Digitized By Kerala Sahitya Akademi

രതചമ്പുവിലെ പന്ത്രണ്ടു സ്തബകങ്ങളിലുംകൂടി പന്ത്രണ്ടുതന്നെ വരുമോ എന്ന സംശയമാണ്. എന്നാൽ ആ വിസ്തൃതിക്കു കവി സ്വീകരിക്കുന്ന മാർഗ്ഗം ഒന്നല്ല; പലതാണ്. "നൈകോ രസഃ കവേഃ" എന്ന ത്രിവിക്രമവാക്യത്തിന്റെ തത്വം അദ്ദേഹം നല്ലപോലെ ധരിച്ചിട്ടുണ്ട്. ചിലപ്പോൾ സ്വഭാവോക്തികൊണ്ടു മാത്രം കാൎയ്യം നേടും. യുദ്ധത്തിനു പുറപ്പെടുവാൻ ഗോപന്മാർ പ്രാൎത്ഥിച്ചപ്പോൾ ഉത്തരന്റെ അവസ്ഥ വൎണ്ണിക്കുന്നതു നോക്കാം.

"ഉക്തോയമിത്ഥം പുരതോ വധൂനാ-
മുല്ലാസയൻ ശ്മശ്രുലവാൻ നഖാഗ്രൈഃ
കിഞ്ചിന്മണിസ്തംഭവിയോജിതാങ്ഗോ
ഗിരം ദധേന്തഃപുരമാത്രധീരഃ."

വിശേഷിച്ചൊരലങ്കാരം കൂടാതേയും, എന്നാൽ പറയേണ്ടതു പറയേണ്ട മാതിരിയിലും ഔചിത്യത്തോടുകൂടിയും ഉള്ളിൽ തട്ടത്തക്ക വിധത്തിലും വേണ്ട ദിക്കിൽ ഫലിതമസൃണമായും, പറഞ്ഞു കവിധൎമ്മമൎമ്മജ്ഞന്മാരെ രസിപ്പിക്കുന്നതിന് ഈ മഹാകവിക്കുള്ള സാമൎത്ഥ്യം അത്ഭുതമാണ് ഉദാഹരണത്തിന് അൎജ്ജുനന്റെ ഉലൂപികാസമാഗമമോ, കൎണ്ണനും ആദിത്യനും തമ്മിലുള്ള സംഭാഷണമോ, ഉത്തരന്റെ യുദ്ധയാത്രയോ യഥേഷ്ടം ഗ്രഹിക്കാവുന്നതാണ്.

"അങ്ഗാങ്ഗസങ്ഗാസഹനൈ തപത്താ-
വന്യോന്യമേവാഭിമുഖാ യുവാനഃ
വാചാപി കേചിന്മനസാപി കേചി-
ദ്ദൃശാപി കേചിദ്ദൃഢമാലിലിങ്ഗുഃ."

ഇതിലധികം ഭംഗിയായി ഗ്രീഷ്മൎത്തുവിന്റെ കാഠിന്യത്തെ എങ്ങനെയാണ് വൎണ്ണിക്കുന്നതു്?

"ഭ്രാതാധുനാസൌ ന വിസൃജ്യതേ ചേൽ
തഥാത്ര സന്നഹ്യതു ഗാണ്ഡിവോ മേ;
യഥാ മഹേന്ദ്രഃ പരിഗൃഹ്യ വീണാം
സ്വബാഹുകീൎത്തിം സ്വയമേവ ഗായേൽ."

ഗന്ധൎവ്വവംശത്തിന്റെ മൂലച്ഛേദത്തിനു താൻ സന്നദ്ധനാണെന്ന് അൎജ്ജുനനെക്കൊണ്ടു് ഇതിലധികം ഭംഗ്യന്തരേണ പറയിക്കുവാൻ ഏതു കവിക്കു കഴിയും?

"ദേശേ ജരാസന്ധമുഖൈൎവ്വൈരുന്ധൻ
വനേപി കിൎമ്മീരഹിഡിംബമുഖ്യൈഃ
ഗൃഹേ നിവാസേപി ച സൂതപുത്രൈഃ;
കദാനു സ്ഥിതാസ്തേ കലഹം വിനാന്യൈഃ?"

ദുൎയ്യോധനനെക്കൊണ്ടു പാണ്ഡവന്മാരെ ഇതിലധികം ഭംഗിയായി ശകാരിക്കുവാൻ പ്രയാസമല്ലേ? തന്റെ കവചകുണ്ഡലങ്ങൾ, കപടാതിഥി

Digitized By Kerala Sahitya Akademi

യായി അവ യാചിക്കുവാൻ പോകുന്ന ദേവേന്ദ്രനു കൊടുത്തുപോകുന്നതെന്ന് ഉപദേശിക്കുന്ന ആദിത്യനോടു കർണ്ണൻ പറയുന്നതു്:—

"വാഞ്ഛാമനാപ്തേന വനീപകേന
സഹാസരോ ദാതൃജനസ്യ യാന്തി
തദദ്യ ശക്രാർച്ചനയാ ധൃതാസോ-
ർഭാവീ വധോ മേ പരമോ ഹി ലാഭഃ."

"യൽഗോഷ്ഠീപ്രതിഹാരഭൂതലശിലാ
ചിന്താമണിഃ കല്പകാ–
യസ്യാരാമവൃതിദ്രുമാശ്ച സുരഭിഃ
സാ ഹോമധേനുഃ പുനഃ
താദൃഗ്യാചതി ചേദുപേത്യ മഘവാ
സംപൂജ്യ തൽകാമനാം
ത്രൈലോക്യസ്ഥവദാന്യസംസദുപരി
സ്യാമേഷ മേ നിശ്ചയഃ."

എന്നാണ്. കർണ്ണന്റെ ദാനവീര്യം ഇതിലധികം ശക്തിയോടുകൂടി ആർക്കു വർണ്ണിക്കുവാൻ സാധിക്കും? ഉത്തരൻ ബൃഹന്നളയോടു തന്നെക്കൊണ്ടു യുദ്ധത്തിനു മതിയാകുകയില്ലെന്നും, തന്നെ തിരിയെ വിരാടനഗരത്തിൽ കൊണ്ടു ചെന്നാക്കണമെന്നും പറയുന്ന ഘട്ടത്തിൽ താഴെ ഉദ്ധരിക്കുന്ന ഹൃദയംഗമങ്ങളായ പദ്യങ്ങളുണ്ടു്.

"മാതുസ്മുഖം മമ പുരഃ പുര ഏവതിഷ്ഠ-
ത്യുൽക്കണ്ഠിതസ്യ നയ തത്സവിധം കൃപാലോ!
യാവന്തി സന്തി മമ കോശഗൃഹേ സവിത്രീ
താവദ്ഭിരേവ കനകൈരഭിഷേക്ഷ്യതി ത്വാം."

"ചിത്രേ യുദ്ധം വിലോക്യാഹം
ചാപലാദേത്യ വഞ്ചിതഃ
തത്രാസദ്ഭിരിഹോദ്യദ്ഭിഃ
ക്ഷോഭലാഹേഷിതബൃംഹിതൈഃ."

"യഥാഹം ഭൂതലം ത്യക്ത്വാ
രഥമാരുഹ്യമുച്ഛ്റിതം
തഥാ ഹൃദന്തരം മുക്ത്വാ
കണ്ഠം പ്രാണോധിരോഹതി."

കഷ്ടം!

"അകർത്തുകാണ്യദ്യ വശേ കുരൂണാം
പാണ്ഡുസ്നുഷായാ വസനാനി സന്തി."

എന്നു ചൂണ്ടിക്കാണിച്ചു് ആ വിശിഷ്ടവസ്ത്രങ്ങളെ തങ്ങൾക്കായി ഹരി

Digitized By Kerala Sahitya Akademi

ക്കണമെന്ന് അപേക്ഷിച്ച് ആ വസ്തുക്കളുടെ വിലയായി ആശിസ്സ മുൻകൂട്ടിക്കൊടുത്ത അന്തഃപുരസ്ത്രീകളുടെ ആശ എവിടെ? ഗേഹേശൂരനായ ഉത്തരൻെറ യുദ്ധഭീതി എവിടെ? ഈ ഭാഗം അനന്തഭട്ടൻ വർണ്ണിക്കുന്ന രീതി അന്ന്യാദൃശമായിരിക്കുന്നു എന്നു വീണ്ടുംവീണ്ടും തലകുലുക്കി ശ്ലാഘിക്കേണ്ടിയിരിക്കുന്നു. ധൃതരാഷ്ട്രർ ദുര്യോധനൻെറ ദുർബ്ബുദ്ധിയെപ്പററി ശ്രീകൃഷ്ണനോടു പരിതപിച്ചു പറയുന്നതു താഴെ കാണുന്നപ്രകാരത്തിലാണ്.

"മധുമഥന! നിമീലിതാ മുനീന്ദ്രേ
മമ ജനനീ ഖലു പുത്രവത്സലാ സാ,
മുഖമഹമനവേക്ഷ്യ മൂർഖസൂനോ-
മ്മുദമധികാമധുനാ യഥാ ദധാമി."

തൻെറ ജാത്യന്ധത തനിക്ക് ഈ സംഗതിയിൽ ഒരനുഗ്രഹമായാണ് പരിണമിച്ചതെന്നു ധൃതരാഷ്ട്രരെക്കൊണ്ടു പറയിക്കുന്നതിനെക്കാൾ എങ്ങനെയാണ് ആ വൃദ്ധനു തൻെറ പുത്രൻെറ നേക്കുള്ള വൈരസ്യത്തെ പ്രകടീകരിക്കുന്നത്?

അനന്തഭട്ടാദിമഹാകവികൾ ആശയസ്വാതന്ത്ര്യത്തെ കാംക്ഷിക്കുമ്പോൾ അവക്ക് ഉൽപ്രേക്ഷാദ്വാരേണയാണല്ലോ അതിനുള്ള സൌകര്യം അധികമായി സിദ്ധിക്കുന്നത്. അനന്തഭട്ടൻെറ ഉൽപ്രേക്ഷകൾക്കുള്ള സ്വാരസ്യം അനുഭവൈകവേദ്യമാണെന്നേ പറയുവാൻ പാടുള്ളു. ബകൻ യമുനാതടത്തിൽ താമസിക്കുന്നതിനെ കവി വർണ്ണിക്കുന്നതു് എങ്ങനെയെന്നു നോക്കുക:—

"അയി! കിം ബ്രവീമി പരിപാകമംഹസാ-
മതിഭീഷണോ ബക ഇതി ക്ഷപാചരഃ
സ്വസുരാദരാൽ സ്വയമിഹാഗതോ യമോ
യമുനാവനാന്തമവലംബ്യ വർത്തതേ."

അർജ്ജുനൻെറ തീർത്ഥയാത്രയിൽ കിഴക്കൻദിക്കിൽനിന്നുമാത്രം ഒരു കന്യകയെ പാണിഗ്രഹണം ചെയ്യാതെയിരുന്നതിനു കവി കണ്ടുപിടിക്കുന്ന കാരണം അതിലധികം വിശേഷമാണ്.

"നിജനഗരനിരീതോ വാസവിർദ്ദിക്ഷു സർവ്വാ-
സ്വപി പരിണയഹേതൌ കാപി! യാത്രാമുഹൂർത്തേ
ജനകപരിഗൃഹീതാ സാ ദിഗിത്യേവ തസ്യാം
കഥമപി ന സ ജാതാം കന്യകാം പര്യണൈഷീൽ."

രാജസൂയത്തിൽ അഗ്രപൂജയ്ക്കു സഹദേവൻ ശ്രീകൃഷ്ണനെ വരിച്ചപ്പോൾ ശിശുപാലനുണ്ടായ ക്രോധത്തെ കവി വർണ്ണിക്കുന്നതു്:—

"താവൽ പ്രകോപാൽ തരളാധരസ്യ
പ്രതിക്ഷിതീശാനഭയങ്കരസ്യ
വേദീഭവം തത്ര വിഹായ വഹ്നി-
ശ്ചേദീശിതുശ്ചിത്തമിവാവിവേശ."

Digitized By Kerala Sahitya Akademi

എന്നാണു്. ദ്വാരകയിൽ ശ്രീകൃഷ്ണന്റെ ശിരോഭാഗത്താൽ ദുര്യോധന ചെന്നിരുന്നതിനു കവി സങ്കല്പിക്കുന്ന ഉദ്ദേശം വളരെ കൗതുകാവഹമായിരിക്കുന്നു.

"യസ്യാധിമൌലിസവിധം പ്രഥമം സമേത്യ
തിഷ്ഠൻ കുരുദ്വഹസുതോ യുധി സാഹ്യമർത്ഥീ
രേജേ്ത്ഃപരീക്ഷിതുമിവോൽസുകതാം ദധാന-
സ്തൽകന്ധരേ നിജശിരസ്യപി വക്രിമാണം."

നല്ല ഒരു ഉൽപ്രേക്ഷയ്ക്കു് ഉദാഹരണമായി പാഞ്ചാലീവസ്ത്രാപഹരണഘട്ടത്തിൽ കാണുന്ന

"തസ്യാസ്സഭായാം ഹ്രിയമാണവസ്ത്രാൽ
നവ്യാന്നിതംബാൽ സഹസാവിരാസിൽ
കംസാരികാരുണ്യപയഃപയോധേഃ
കല്ലോലമാലേവ ദുകൂലപങ്ക്തിഃ."

എന്ന പദ്യത്തേയും സ്വീകരിക്കാം.

"സൽസ്വാർത്ഥനാംഫലമദൌഹൃദമേവ സൂതേ."
"ഫലതി കുചിന്ന ഫലതി കുചിൽ ക്രിയാ."
"പ്രവിധാതുരേഷ നഹി ദോഷശീകരഃ."

ഇത്യാദികളായ അർത്ഥാന്തരന്യാസങ്ങളും;

"ശർവ്വാശുശുക്ഷണീകുരേ മനോജശിഖിനോ
ധൂമേ നഭോരണ്യഭൃ-
ജംബൂശാഖിനി പേചകാണ്ഡജദൃശാ-
മാലോകസിദ്ധാഞ്ജനേ
ചേലേ കാലഹലായുധസ്യ തമസാ-
മുജ്ജൃംഭണേ"

ഇത്യാദിരൂപകങ്ങളും

"പിതാമഹിസ്സോപി പൃഷൽക്കതല്പേ
വപുന്നിജം മാധവമന്തരംഗേ
തവൈവ ഹസ്തേ മമ കാര്യ്യസിദ്ധിം
കൃത്വാ ഹി ധാമ സ്വമിയേഷ ഗന്തും."

ഇത്യാദി മററലങ്കാരങ്ങളും തുലോം ഹൃദയാവർജ്ജകങ്ങളായിരിക്കുന്നു. ശ്ലേഷത്തിന്റെ സഹായംകൊണ്ടു കവി പല വലിയ കാര്യങ്ങളും സാധിക്കുന്നുണ്ടു്.

"സിന്ധുജാതകലശീഭുവോസ്തയോഃ
സ്നിഗ്ദ്ധഭാവമവലോക്യ താദൃശം
യത്ര പൌരനികരഃ സമാചരൽ
ചിത്രപൂരജഠരേ നിമജ്ജനം."

Digitized By Kerala Sahitya Akademi

എന്ന പദ്യത്തിൽ ഭീഷ്മൎക്കും ദ്രോണാചാൎയ്യൎക്കും തമ്മിലുള്ള മൈത്രിയെ കവി വൎണ്ണിക്കുന്നതു് എത്ര അത്ഭുതമായിരിക്കുന്നു! കൎണ്ണന്റെ മരണത്തെ കവി വൎണ്ണിക്കുന്നതു താഴെ ഉദ്ധരിക്കുന്ന പദ്യത്തിലാണു്.

"സൎവ്വേഷു മാൎഗ്ഗണഗണേഷു ബഹുപ്രദത്വാൽ
ഖൎവ്വേതരാദ്ഭുതിരിയം ഖമണേഃ കുമാരഃ
പാൎത്ഥസ്യ മാൎഗ്ഗണഗണം പതിതം ശരീരേ
സാൎത്ഥം വ്യധാദഭിമതം സ വിതീൎയ്യ ജീവം."

കേവലം വൎണ്ണമാത്രേണ ആലോചനാമൃതമല്ലാത്ത രീതിയിൽ കവി കാണിക്കുന്ന ചെപ്പടിവിദ്യ അദ്ദേഹത്തെപ്പററി നമുക്കുള്ള ബഹുമാനത്തെ വൎദ്ധിപ്പിക്കുന്നുണ്ടെങ്കിലും, നമ്മുടെ മനസ്സിനു വിസ്തൃതിനൽകുവാൻ പൎയ്യാപ്തമാകുന്നില്ല. അക്കൂട്ടത്തിൽ പെട്ടവയാണു് —

"അനാത്ഥതാ മാലിനി! തേഭിധായാഃ
കുതോ ന ജാഗൎത്ത്യധുനാ കുചേഷു?
തസ്യാഃ പ്രതീപോദിതവൎണ്ണപംക്തേ-
രത്ഥോദവാലങ്കരണം ഹ്യമീഷു."

"ശബരതജ്ജുഷോ വരസ്യ പുംസഃ
ശശിഖണ്ഡാന്ത ശകാരസംവിധാനം
ഭജതി സ്മ തദാ ശിഖണ്ഡഭാവം
ഭഗവന്മസ്തകഭൂഷണം യദേഷഃ."

ഇത്യാദി പദ്യങ്ങൾ. ഈ മാതിരി പദ്യങ്ങൾ ചിലർ ചൊല്ലിക്കേട്ടു് ഇവ പോലെയാണു് ഭാരതചമ്പൂവിലെ പദ്യങ്ങളെല്ലാമെന്നു് അനുമാനിച്ചു് ആ മഹാകൃതിയെ പുച്ഛിക്കുന്ന ചില പ്രാജ്ഞമ്മന്യന്മാരെ ഞാനറിയും. അവരേയും ഒന്നു നേൎവ്വഴിക്കു തെളിച്ചുവിടാനാണു് മുൻകാണുന്ന ഒട്ടുവളരെ അകൃത്രിമസൌന്ദൎയ്യം തുളുമ്പുന്ന പദ്യരത്നങ്ങൾ ഞാൻ ഉദ്ധരിച്ചതു്. ഭാരതചമ്പുവിനു പല ന്യൂനതകളുമുണ്ടെന്നു് എനിക്കു നല്ലപോലെ അറിയാം. ഉപരി നിൎദ്ദേശിച്ച വൎണ്ണേന്ദ്രജാലഭ്രമം അതിലൊന്നാണു്. അസ്ഥാനത്തിലുള്ള ശ്ലേഷസംരംഭവും അപൂൎവ്വമായിക്കാണും. പ്രാസത്തിനുവേണ്ടി ചിലദിക്കിൽ അനുചിതമായ പദപ്രയോഗവുമില്ലെന്നില്ല.

"യശഃപ്രരോഹൈൎയ്യമുനാസഖീസഖൈഃ" എന്ന പ്രയോഗത്തിനു സുഖംപോരായ്കയുണ്ടു്. പാണ്ഡുവിനു കുറെ ദുൎയ്യശസ്സുകൂടിയുണ്ടെന്നു ധ്വനിപ്പിക്കുവാൻ കവിക്കുദ്ദേശമില്ലെങ്കിൽ ഗംഗയ്ക്കു യമുനാസഖി എന്ന പൎയ്യായം അസ്ഥാനപ്രയുക്തമാണു്. അതുപോലെതന്നെ "ഖൎവ്വേതരാദ്ഭുതിരയം ഖമണേഃ കുമാരഃ" എന്നപാദത്തിൽ 'ഖമണി' പദത്തിനു പകരം 'ദ്യുമണി' പദം പ്രയോഗിച്ചാൽ ഒട്ടും പോരായ്കയില്ലായിരുന്നു. ഇങ്ങനെ ചില കുറവും കുറവും തിരഞ്ഞുനോക്കിയാൽ കിട്ടുമെങ്കിലും ഭാരതചമ്പുവിലെ പന്ത്രണ്ടു സ്തംബകങ്ങളും ക്രൂലങ്കഷമായി വായിക്കുന്ന ഏതൊരു സഹൃദയനും ആ

Digitized By Kerala Sahitya Akademi

വിശിഷ്ടഗ്രന്ഥത്തിൻെറ പ്രണേതാവിൻെറ പ്രതിഭയ്ക്കു നമോവാകം പറയാതേയും,

"ഉന്മീലദാംബുജകദംബകസൌരഭീണാ-
മുന്നൃത്യദീശമുകുടീതടിനീസഖീനാം
അത്യന്തവൈരിയശസാമമൃതോർമ്മിളാനാം
വാചാമനന്തസുകവേർവ്വസ്യൈവ മൂല്യം."

എന്ന് അദ്ദേഹം തന്നെപ്പററി ചെയ്യുന്ന പ്രശംസ അധികമല്ലെന്നു സമ്മതിക്കാതേയും പുസ്തകം മടക്കിവയ്ക്കുകയില്ല. പലദിക്കിലും ആദ്യം കിട്ടുന്ന അർത്ഥംകൊണ്ടു തൃപ്തിപ്പെടാതെ പിന്നെയും തിരഞ്ഞാൽ തിരയുംതോറുമർത്ഥം നേടാം. ഇപ്പറഞ്ഞതിനു രാജ്യാഭിഷേകാനന്തരം ധർമ്മപുത്രർ സൌധത്തിൽ ചെന്നപ്പോൾ അവിടെ ഉദ്യാനത്തിൽ കേൾക്കപ്പെട്ടുകൊണ്ടിരുന്ന ശുകവാക്യം ദൃഷ്ടാന്തമാകുന്നു.

"ക്ഷോണീം കോശഗൃഹാണി ഗോധനവതീം
ഘോടാൻ രഥാൻ കുഞ്ജരാ-
നന്യാം സമ്പദമപ്യദാൽ പണമിഷാ-
ദസ്മാകമീശാ യയഃ
താദൃക്ഷഃ ശകുനേഃ കരോ വിജയതാ-
മിത്യാലപന്തിശ്ശുകീ-
രുദ്യാനേ സ നിശമ്യ ധർമ്മതനയോ
മന്ദം ജഹാസാനുജൈഃ."

എന്ന ഈ പദ്യത്തിൽ കവിഹൃദയം ധർമ്മപുത്രർ മേലാൽ ദ്യൂതത്തിനു പോകരുതെന്നാണ്. "ശകുനേഃ കരഃ" എന്നു പറഞ്ഞതുകൊണ്ടു (ശകുനി=പക്ഷി) തങ്ങളുടെ കൂട്ടത്തിലൊരാളാണ് ഇത്രയും വരുത്തിയതെന്നുകൂടി ധ്വനിപ്പിക്കണമെന്നു കവിക്കു താൽപര്യമുള്ളതായി കാണാം. ഇതൊന്നും രാമചന്ദ്രബുധേന്ദ്രൻ അദ്ദേഹത്തിൻെറ വ്യാഖ്യാനത്തിൽ വിസ്തരിച്ചുകാണുന്നില്ല.

ഇപ്രകാരമെല്ലാമുള്ള മഹിമാതിശയത്തോടുകൂടിയ ഒരു ഗ്രന്ഥമാണ് ചമ്പൂഭാരതം. ഇതു തർജ്ജിമചെയ്യുവാൻ പുറപ്പെടുന്ന ഒരാൾക്ക് എത്രമാത്രം വ്യുൽപത്തിയും വാസനയും വേണമെന്നു ഭാഷാഭിമാനികൾക്ക് ഏറെക്കുറെ ഊഹിക്കാവുന്നതാണ്. കൃഷ്ണവാരിയരവർകൾ കംസവധചമ്പു, രഘുവംശം മുതലായ സംസ്കൃതഗ്രന്ഥങ്ങൾ ഇതിനുമുമ്പു തർജ്ജിമചെയ്തു ഈ കൃത്യത്തിനു അർഹത സമ്പാദിച്ചതിനുമേലാണ് ഇതിനു സന്നദ്ധനായതു്. തർജ്ജിമയിൽ ഏറിയകൂറും എനിക്കു നല്ലവണ്ണം ബോധിച്ചിട്ടുണ്ട്. ചില ദൃഷ്ടാന്തങ്ങൾ താഴെച്ചേർക്കുന്നതു സ്ഥാലീപുലാകന്യായേന മാത്രമാണ്.

മൂലം—"അവഭൃഥാംബുകണൈരിവ നൂതനൈ-
രധിഗതാമഥ ജാലകമൌക്തികൈഃ
സ്വകബരീം ദ്രുപദസ്യ സുതാപി സാ
സുബലജാ പദയോസ്സമനീയത."

Digitized By Kerala Sahitya Akademi

തർജ്ജിമ—"നൂതനങ്ങളാമവഭൃഥാംബുകണങ്ങളെന്നായ്
തോന്നുന്ന ജാലകവിഭൂഷണമൌക്തികങ്ങൾ
ബന്ധിച്ച തൻകബരിയെദ്രുപദാത്മജ്രൂവും
ഗാന്ധാരിയമ്മയുടെ കാൽത്തളിരോടുചേർത്തു."

മൂലം—"ഔദാസ്യം കിമിദം കുമാര? കുരവോ
ഗൃഹ്ണന്തി ഗാസ്തേഖിലാ-
സ്താഭ്യോസ്തോഃ സമയേയമാജിഷു പരൈ-
ർദുഷ്പ്രാപമാപ്തും യശഃ;
ദേവീം കേകയനന്ദനാം കുരു മഹാ-
വീരപ്രസൂമൂർദ്ധസു
ഭ്രാഗാരോഹ രഥം ഗൃഹാണ ച ധനു-
ർദ്ധസ്താഭ്യമിത്രീണതാം."

തർജ്ജിമ—"എന്തൌദാസ്യമയേ! കുമാര! കുരുഭൂ-
പന്മാർ ഹരിക്കുന്നു നിൻ
സ്വന്തം ഗോക്കളെയൊക്കെ; നിൻഭുജബല-
ഖ്യാതിക്കിതത്രേ തരം;
പോരിൽ കേകയപുത്രി ദേവിയെ മഹാ
വീരപ്രസൂവാക്കണം;
തേരിൽക്കേറുക; വില്ലെടുക്കുക; പര-
ന്മാരോടെതിർത്തീടുക."

മൂലം—"ഏനാം പ്രശാസ്തി ഭുജയാ വനരാജ്യസീമാ-
മേകസ്സ്വയം നരഭുജാമൃഷഭോ ഹിഡിംബഃ
അർദ്ധാംശഭാഗ് ജനവാധേ സമമന്തകേന
തുല്യാഭിധാനപദവീ സ്വസൃമാൻ മയാ യഃ"

തർജ്ജിമ—"ഇക്കാടാകിയരാജ്യമൊക്കെയൊരുവൻ
താനേ ഭരിക്കുന്നു ത-
ന്നുക്കേറും ഭുജകൊണ്ടു, രാക്ഷസകുലാ-
ധീശൻ ഹിഡിംബാഭിധൻ;
ചാക്കേകുന്നതിനാളുകൾക്കു യമനോ-
ടർദ്ധാംശഭുക്ക,ത്രയ-
ല്ലിക്കാണുന്നൊരു തുല്യനാമപദയെൻ
ഭ്രാതാവുമാണായവൻ."

മൂലം—ഭിക്ഷാമടദ്ഭിരഥ തത്ര പൃഥാകുമാരൈ-
രദ്ധംവിഭജ്യ പൃഥഗപ്പിതമന്നരാശിം
ആകണ്ഠമഭ്യവഹരന്നഖിലൈഃ പ്രതീകൈഃ
പുത്രോ: ബഭ്രുവ മരുതഃ പുനരുക്തപോഷഃ"

Digitized By Kerala Sahitya Akademi

തെററാതെയങ്ങു ഗളനാളിവരെബ്ഭുജിച്ചു
കാററിൻമകൻെറ തനുപുഷ്ടിയിരട്ടിയായി."

ശബ്ദപ്രധാനങ്ങളായ മൂലപദ്യങ്ങളെ കവി അതേ മാതിരിയിൽ തന്നെ തർജ്ജിമ ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ടു്.

മൂലം — "ജയം ഭജന്തൌ ജയതഷ്പന്തൌ
രുഷം വഹന്തൌ രുധിരം കിരന്തൌ
പരസ്പരം തൌ പടുശബ്ദവന്തൌ
നിയുദ്ധവന്തൌ നിതരാമതാന്തൌ."

തർജ്ജിമ "കയത്തു രണ്ടാളുമെതിത്തിടിച്ചും
രയം വഹിച്ചും രടനം നിറച്ചും
ഭയം ത്യജിച്ചും വിജയം കൊതിച്ചും
നിയുദ്ധശില്പം നിപുണം നടത്തി."

"മാരണം രിപുഷു തന്വതാമുനാ
മാ രണം കുരു; മഹാൻ ബലേന സഃ."

എന്ന പദ്യാൎത്ഥത്തിൽ മൂലത്തിലെ യമകം ഭാഷയിൽ പകൎത്തുവാൻ സാധിക്കാത്തതിനാൽ അതു്

"വൈരിമാരനവനോടടുക്കൊലാ
പോരിനായ് പെരിയശക്തനാണവൻ."

എന്നേ തർജ്ജിമ ചെയ്തിട്ടുള്ളു. സംസ്കൃതത്തിലെ പ്രയോഗവിശേഷങ്ങൾ അതേ നിലയിൽതന്നെ ഭാഷയിൽ പ്രതിഫലിപ്പിക്കണമെങ്കിൽ എത്രമാത്രം പ്രയാസമുണ്ടെന്നുള്ളതു് അതിലേക്കായി ഉദ്യമിച്ചിട്ടുള്ളവൎക്കേ പൂൎണ്ണമായി അറിഞ്ഞുകൂടൂ. വാരിയരവർകൾ ഈ കാൎയ്യത്തിൽ വളരെ നിഷ്കൎഷിച്ചിട്ടുണ്ടെന്നുള്ളതിനു

"തസ്മാൽ ഭജസ്വ രതിസൌഖ്യഭരായ രാത്രൌ
ഭീമേ സ്ഥിതേ തമസി നൎത്തനഗേഹമദ്ധ്യം."

എന്ന പദ്യാൎത്ഥത്തിനു

"ഭീമൻ കൂരിരുൾ ചേൎന്നിരിക്കെയിരവിൽ
നൃത്തമ്പലത്തിന്നക-
ത്താമോദത്തൊടണഞ്ഞുകൊൾക രതിസൌ-
ഖ്യത്തെബ്ഭജിച്ചീടുവാൻ."

എന്നു ചെയ്തിട്ടുള്ള ഭാഷാന്തരം ഒരു നല്ല ദൃഷ്ടാന്തമാണു്. അതുപോലെ തന്നെ

Digitized By Kerala Sahitya Akademi

"സേഹേ ജിഷ്ണുന്ന ത്രാരേഃ
സേനാധൂളിം വിസൃതചരീം
പ്രായേണ മാനിനാ പുംസാ
പരാഗോ ന ഹി സഹ്യതേ."

എന്ന പദ്യത്തിനു

"കിളരും ശത്രുവിൻ സേനാ-
ധൂളി പാൎത്ഥന്നസഹ്യമായ്;
പ്രായേണ മാനി നരനാ-
പ്പരാഗസ്സഹ്യമായ്‌വരാ".

എന്ന തൎജ്ജിമയും ഹൃദയംഗമമായിരിക്കുന്നു. നിവൃത്തിയില്ലാത്ത ഘട്ടങ്ങളിൽ ഈ നിഷ്കൎഷ ഉപേക്ഷിക്കേണ്ടതായും വന്നിട്ടുണ്ട്.

"ത്വാമുല്ലസൽബിംബഫലാധരാം മേ
മാമപ്യനംഗാസ്ത്രശമൎദ്ദിതം തേ
വിശങ്ക സ്ഥിൻ വിജനേ പ്രദേശേ
പത്മാനനേ! പാതുമയം ഹി കാലഃ."

എന്ന പദ്യത്തിനു

"എനിക്കു ബിംബാധരയായ നിന്നെ-
ത്തനിച്ചു സേവിപ്പതിനും രഹസ്സിൽ
നിനക്കനംഗാൎദ്ദിതനാകുമെന്നെ-
ക്കനിഞ്ഞു കാപ്പാനുമിതാണു കാലം."

എന്ന തൎജ്ജിമയ്ക്കു വേണ്ടിടത്തോളമുള്ള ജീവനുണ്ടെന്നു പറവാൻ പാടില്ല. പക്ഷേ പാനാൎത്ഥത്തിലും രക്ഷണാൎത്ഥത്തിലും യോജിക്കുന്ന ഒററവാക്കു ഭാഷയിലില്ലാത്തതു തൎജ്ജിമക്കാരന്റെ കുററമല്ലല്ലോ. എന്നാൽ "സേവിപ്പതിനു" എന്ന പദത്തിന്റെ പ്രയോഗം ഏററവും പ്രശംസനീയമായിരിക്കുന്നു എന്നും ഈ സന്ദൎഭത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു വാരിയരവർകളുടെ തൎജ്ജിമ എല്ലായിടത്തും ഒന്നുപോലെ നിൎദ്ദോഷമാണെന്നോ, അതിൽ ഇനിയും മിനുസം വരുത്തേണ്ട ഭാഗങ്ങൾ ഇല്ലെന്നോ എനിക്ക് അഭിപ്രായമുള്ളതായി വായനക്കാർ ശങ്കിച്ചുപോകരുത്.

"തേഷാം തദാനീം ധൃതരാഷ്ട്രജാനാം
തീരേ ച നീരേ ഭി ിഷത്തടിന്യാഃ
മരുത്സുതം മാരയിതും പ്രവീരം
സാരാ ഗുണാസ്സാധകതാമവാപുഃ"

എന്ന പദ്യത്തിനു വാരിയരവർകൾ ചെയ്തിരിക്കുന്ന

Digitized By Kerala Sahitya Akademi

"ദുര്യോധനാദ്യൈക്ഷ തടാ സരിത്തിൻ
തീരത്തിൽ നീരത്തിലുമപ്രകാരം
വീരാഗ്ര്യനാം ഭീമനെയ് ട്ടുകൊൽവാൻ
സാരാഗുണാസ്സാധകഭാവമാന്നു."

എന്ന തർജ്ജിമ, മറെറാരു കവിയുടെ

"വീരനാം ഭീമനെക്കൊൽവാൻ
തീരനീരങ്ങൾ രണ്ടിലും
കാരണങ്ങൾ കരുക്കൾക്ക
സാരമാന്ന ഗുണങ്ങൾ താൻ."

എന്ന തർജ്ജിമയേക്കാൾ ഭേദമെന്നല്ലാതെ അനവദ്യമായെന്നു പറയുവാൻ പാടില്ല. ഇവിടെ ഭീമൻെറ ഗുണങ്ങളാണ് മാരണത്തിനു കാരണങ്ങളായതു് എന്നും, അതോടുകൂടി തീരത്തിൽ പാചകന്മാരും (വിഷഭക്ഷണത്താൽ) വെള്ളത്തിൽ കയറുകളും മാരണങ്ങളായെന്നും ഉള്ള അൎത്ഥമെല്ലാം വരണം. "സാരമാന്ന ഗുണങ്ങൾ" എന്നു പറയുമ്പോൾ പാചകാൎത്ഥത്തിനു പ്രസക്തിയില്ല. ഈ മൂന്നത്ഥവും "സാരഗുണസാധകം" എന്നോ മറേറാ ഒരു സമസ്തപദത്താൽ വരുത്താമെന്നുള്ളതും ആപ്പോൾ ഭാഷാന്തരത്തിനു വാരിയരുടെ പദ്യത്തേക്കാൾ ഗുണം കൂടുമെന്നുള്ളതുമാണ്.

"രാജൻ! രാജ്യമിദം വിമുഞ്ച; വസുധാം
ശാസ്മീതി സ്വാൻ നൃപാൻ
കിം വാ ഹാസയതി?"

എന്നുള്ള പദ്യഖണ്ഡത്തിൻെറ അൎത്ഥം

"മന്നാ! രാജ്യമൊഴിച്ചുകൊൾക നൃപവംശത്തെദ്ദുഷിപ്പിച്ചിടാതെ"

എന്നുള്ള തർജ്ജിമയിൽ നിന്നു പൂൎണ്ണമായി ഗ്രഹിക്കുവാൻ സാധിക്കുന്നില്ല.

"ജ്യായാനിവാസൌ നിദധുഃ സ്ഥലീം താ-
മസ്രേണ ഗുൽഫദഘ്നയസീം നിജേന."

എന്ന പദ്യാദ്ധത്തിനു

"ജ്യേഷ്ഠൻ കണക്കായവരും നിജാസ്ര-
മൊട്ടേറെ വഷിച്ചവിടം നനച്ചു."

എന്ന തർജ്ജിമയും ഒരുമാതിരി കഷ്ടിയാണ്.

"താവദ്യുധിഷ്ഠിരമുഖാ അപി വാതജാത-
വ്യാധൂതകീചകകുലാകുലകോടിഭാഗം
നിൎയ്യൽപ്രിയാനയനവാരിതധരീപരീതം
സങ്കേതശൈലമധിരുഹ്യ നിശശ്വസുസ്തേ"

എന്ന പദ്യത്തിനു

Digitized By Kerala Sahitya Akademi

ഗരാജനെന്നപേർ തന്നെ അദ്ദേഹത്തിൻെറ മാതാമഹൻെറ നാമധേയമായിരുന്നുവെന്നും ശ്രീവൈഷ്ണവന്മാർ ബലമായി വിശ്വസിക്കുന്നു. ഇതിൽനിന്ന് അക്കാലത്തു സ്മാർത്തന്മാർക്കും ശ്രീവൈഷ്ണവന്മാർക്കും തമ്മിൽ വിവാഹം നിഷേധിക്കപ്പെട്ടിരുന്നില്ല എന്നൂഹിക്കാമല്ലോ.

ഹരിവംശസാരചരിതവ്യാഖ്യാനത്തിൽ —

"ആസേതുബന്ധതടമാ ച തുഷാരശൈല-
മാചാര്യദീക്ഷിത ഇതി പ്രഥിതാഭിധാനം
അദ്വൈതചിന്മയമഹാംബുധിമഗ്നഭാവ-
മസ്മൽപിതാമഹമശേഷഗുരും പ്രപദ്യേ."

എന്ന പദ്യത്തിൽ തൻെറ പിതാമഹനേയും,

"യം ബ്രഹ്മനിശ്ചിതധിയഃ പ്രവദന്തി സാക്ഷാൽ
ഷഡ്ദർശനാദ്യഖിലദർശനപാരഭാജം
തം സർവവേദസമശേഷബുധാധിരാജം
ശ്രീരംഗരാജമഖിനം ശരണം പ്രപദ്യേ."

എന്ന പദ്യത്തിൽ പിതാവിനേയും അപ്പയ്യദീക്ഷിതർ ഭക്തിപൂർവ്വം സ്മരിക്കുന്നുണ്ട്. അദ്വൈതമുകുരം, വിവരണദർപ്പണം മുതലായ അനേകം ശാസ്ത്രഗ്രന്ഥങ്ങൾ രംഗരാജദീക്ഷിതർ നിർമ്മിച്ചതായി നാം നളചരിതനാടകത്തിൽനിന്നു ഗ്രഹിക്കുന്നതിനു പുറമേ,

"വിദ്വൽഗുരോർവിഹിതവിശ്വജിദധ്വരസ്യ
ശ്രീസർവതോമുഖമഹാവ്രതയാജിസൂനോഃ
ശ്രീരംഗരാജമഖിനശ്ശ്രിതചന്ദ്രമൗലി-
രപ്പയ്യദീക്ഷിത ഇതി പ്രഥിതസ്തനൂജഃ."

എന്ന അപ്പയ്യദീക്ഷിതരുടെ സിദ്ധാന്തലേശസംഗ്രഹപദ്യത്തിൽനിന്ന് ആ മഹാത്മാവു വിശ്വജിത്തു തുടങ്ങിയ അനേകം മഹായാഗങ്ങളേയും വിധിപൂർവ്വം അനുഷ്ഠിച്ചതായി അറിയുന്നു. അപ്പയ്യദീക്ഷിതർ വീണ്ടും തൻെറ പരിമളമെന്ന മഹാഗ്രന്ഥത്തിൻെറ പ്രഥമപാദാന്തത്തിൽ പിതാവിനെപ്പററി,

"കണഭക്ഷപാദാക്ഷകപക്ഷപരി-
ഷ്കരണക്ഷണതക്ഷണദക്ഷഗിരം;
ശ്രുതികക്ശതക്ശതക്ഷുഭിത-
ക്ഷപിതക്ഷപണക്ഷണഭംഗപദം;

കപിലോക്തിനിരാകരണപ്രവണം;-
കൃതപന്നഗസൂക്തിപരിഷ്കരണം;
നയമൌക്തികഭൂഷിതഭട്ടമതം;
വിമലാദ്വയ ചിത്സുഖമഗ്നധിയം;

Digitized By Kerala Sahitya Akademi

മഹതാമപി മാന്യതമം വിദുഷാം
വിനിവേശ്യ ഗുരും ഹൃദി വൈശ്വജിതം;
നയസംഹതിശാലിനി കല്പതരൌ
വിവൃതശ്ചരണഃ പ്രഥമഃ പ്രഥിതഃ."

എന്നു ഹൃദയംഗമമായി പ്രശംസിക്കുന്നു. പരിമളത്തിന്റെ തൃതീയപാദാവസാനത്തിൽ ദീക്ഷിതർ പിന്നെയും തന്നെപ്പററി,

"ശ്രീവൈകണ്ഠാര്യ്യവംശാംബുധിഹിമകിരണശ്രീമദദ്വൈതവിദ്യാ-
ചാര്യ്യശ്രീരംഗരാജാനഘയവിസൃതയശോവിശ്വജിദ്യാജിസൂനോഃ"

എന്നു വിശേഷണം ചെയ്തിരിക്കുന്നു.

ആ കുടുംബത്തിന്റെ കൂടസ്ഥൻ ഗംഗാവതരണത്തിൽ നീലകണ്ഠദീക്ഷിതർ തന്നെ

"മുനിരസ്തി ഭരദ്വാജഃ-ഖ്യാതസ്ത്രിഭുവനേഷ്വപി
അന്വെയ്യസ്യ ജഹ്നൌ രാമോ-പ്യരണ്യഭ്രമണക്രമം."

എന്നു വർണ്ണിച്ചിട്ടുള്ള സാക്ഷാൽ ഭരദ്വാജമഹർഷിയാണ്. വിദ്യാരണ്യസ്വാമികളും ഭരദ്വാജഗോത്രജനായിരുന്നുവെന്നുള്ള വസ്തുത ഇവിടെ സ്മരണീയമാണ്

രംഗരാജദീക്ഷിതക്കു രണ്ടു പുത്രന്മാർ ജനിച്ചതിൽ ജ്യേഷ്ഠൻ അപ്പയ്യദീക്ഷിതരും കനിഷ്ഠൻ ആച്ചാദീക്ഷിതരുമായിരുന്നു. ശ്രീകണ്ഠമതപ്രതിഷ്ഠാപനാചാര്യനെന്നും ശ്രീപരമേശ്വരാവതാരനെന്നും മീമാംസകമൂർദ്ധന്യനെന്നും ചതുരധികശതപ്രബന്ധനിർവാഹകനെന്നും മഹാവ്രതയാജിയെന്നും മററും അനാദ്ധി വിശിഷ്ടബിരുദങ്ങളാൽ പ്രശോഭിതനായ അപ്പയ്യദീക്ഷിതരെപ്പററി ഏതാനും ചില വിവരങ്ങൾ മാത്രമേ ഈ ഉപന്യാസത്തിൽ പ്രാസംഗികമായി പ്രസ്താവിക്കുന്നതിനുദ്ദേശിക്കുന്നുള്ളു. ദീക്ഷിതരുടെ ജനനകാലം കലിവർഷം 4654 നു സമമായ ക്രി. പി. 1552-ാമാണ്ടാണെന്നു അപ്പയ്യദീക്ഷിതേന്ദ്രവിജയകർത്താവായ ശിവാനന്ദയോഗി—

"വീണാതതജ്ഞസംഖ്യാലസിതകലിസമാ-
ഭാക് പ്രമാദീചവർഷേ
കന്യാമാസേ തു കൃഷ്ണപ്രഥമതിഥിയുതേ-
പ്യുത്തരപ്രോഷ്ഠപാദേ
കന്യാലഗ്നേന്ദ്രികന്യാപതിരമിതദയാ-
ശേവധിർവൈദികേഷു
ശ്രീശൈവദ്വൈതപ്രാഗ്ര്യഥോക്തം സമജനി ഹി സമീ-
പേത്ര കാഞ്ചീനഗര്യാഃ"

എന്ന പദ്യത്തിൽ പ്രസ്താവിക്കുന്നു. ഈ ശിവാനന്ദയോഗി ദീക്ഷിതരുടെ വംശജനാണ്.

"വിക്രമേ ഭൂതലം പ്രാപ്യ-വിജയേ സ്വർഗ്ഗമായയൌ."

Digitized By Kerala Sahitya Akademi

എന്നൊരു പ്രാചീനപദ്യം ദീക്ഷിതരുടെ ജീവിതകാലത്തേപ്പററിക്കാണുന്നതു് നോക്കിയാൽ അദ്ദേഹം ക്രി. പി. 1520-ൽ ജനിച്ചതായനുമാനിക്കണം. ഈ അനുമാനം ശരിയല്ലെന്നു മേൽ എഴുതുന്ന ചില സംഗതികൾകൊണ്ടു വെളിവാകും. അപ്പയ്യൻ എന്നതു് ഓമനപ്പേരാണു്; പിതാവു നാമകരണം ചെയ്തതു ഗണേശൻ എന്നായിരുന്നു.

ദീക്ഷിതരുടെ ജന്മഭൂമി കാഞ്ചീപുരത്തിനു സമിപമുള്ള അടയപ്പലം എന്ന ഗ്രാമമാണു്. ബാല്യത്തിൽ സ്വപിതാവിൽ നിന്നുതന്നെ സകല ശാസ്ത്രങ്ങളും അഭ്യസിച്ചു് ഇരുപതു വയസ്സു കഴിയുന്നതിനു മുമ്പു വിദ്യാവാദസംബന്ധമായ തന്റെ യശഃപരിമളം ഭാരതവർഷം മുഴവൻ പ്രചരിപ്പിച്ച ആ അതിമാനുഷനേക്കാണുവാനായി അന്നത്തെ വൃദ്ധകവീശ്വരനായ സാവ്ഭൌമമഹാകവി അടയപ്പലത്തേക്കു പോയി.

"ബദ്ധസ്പർദ്ധാന്യവിദ്വൽപ്രമുഖമുഖപുടീമുദ്രണോന്നിദ്രമേധാ-
ശില്പിംസ്ത്വാമപ്പയജ്വൻ! കഥയ കഥമിവ ശ്ലോഘ്യമല്പേ പ്രശംതഃ?
ക്രീഡാചഞ്ചച്ചപേടാഹതകരടിഘടാകുംഭക്രൂടാധിരൂഢ-
പ്രൌഢാടോപായ മൂഢാഃ കിമു മൃഗപതയേ രോഹിതാദ്രോഹിതാരഃ?"

എന്ന പദ്യം കാഴ്ചവച്ചതായിക്കാണുന്നു ദീക്ഷിതർ അതിനുമുമ്പുതന്നെ വേളികഴിച്ചിരുന്നു. സഹധർമ്മിണിയുടെ നാമധേയം "ആച്ചാള" എന്നായിരുന്നു.

"ഭ്രമിർഭ്രാമ്യതി ബദ്ധ ഏവ മരുതഃ പ്രത്യഗ്ഭ്രമോത്യദ്ഭുതോ;
ഭ്രാമന്ത്യേവ സഹാശ്രയേണ യദിവാ ജ്യോതീംഷി സർവാണ്യപി;
ആവർത്തോയമപാംഭ്രമഃ പരിചിതോ മൂർത്തിർഹരസ്യാഷ്ടമീ;
യാ സാസ്ത്യപ്പയദീക്ഷിതോ ജയതി സാ മൂർത്തിർന്നിരസ്തഭ്രമാ."

എന്നു ശിവോൽകർഷമഞ്ജരിയിലും,

"കാലേന ശംഭുഃ കില താവതാപി
കലാശ്ചതുഷ്ഷഷ്ടിമിതാഃ പ്രണിന്യേ;
ദ്വാസപ്തതിം പ്രാപ്യ സമാഃ പ്രബന്ധാൻ
ശതം വ്യധാദപ്പയദീക്ഷിതേന്ദ്രഃ."

എന്നു ശിവലീലാർണ്ണവത്തിലും,

"ലീഢാലീഢപുരാണസൂക്തിശകലാവഷ്ടംഭസംഭാവനാ-
പഷ്യസ്തശ്രുതിസേതുഭിഃ കതിപയൈന്നീതേ കലൌ സാന്ദ്രതാം
ശ്രീകണ്ഠോവതതാര യസ്യ വപുഷാ കൽക്യാത്മനോവാച്യുത-
ശ്ശ്രീമാനപ്പയദീക്ഷിതസ്സ ജയതി ശ്രീകണ്ഠവിദ്യാഗുരുഃ."

എന്നു നിലകണ്ഠവിജയചമ്പുവിലും,

"തസ്യാന്വയേ മഹത്യാസീൽ-ക്ഷീരോദ ഇവ ചന്ദ്രമാഃ
ശ്രീകണ്ഠചരണാസക്ത-ശ്ശ്രീമാനപ്പയദീക്ഷിതഃ;

Digitized By Kerala Sahitya Akademi

വിധിത്രയീ യഥാക്ഷിപ്താ നാന്യത്ര ലഭതേ ഗതിം
ജയന്ത ഇവ ദുർദ്ദാന്തജാനകീശശരാർദ്ദിതഃ;

ആഗമൈരപ്യസംവേദ്യ-മാദ്യം യത്തത്പരമൈശ്വരം;
ആകുമാരം പരിജ്ഞാതം തദേവാസീദ്യദുക്തിഭിഃ;

ശ്രീകണ്ഠദേശികഗ്രന്ഥ-സിദ്ധാന്തദ്യോതചന്ദ്രികാ
ശ്രീമതീ നിർമ്മിതായേന ശിവാർക്കമണിദീപികാ;

ഗംഗയാ യഃ പുരാ സ്നാതോ-ദേവശ്ചന്ദ്രാർദ്ധശേഖരഃ;
ഗാംഗേയേന പുനസ്സസ്നൌസോപതിഷ്ഠ്യ യദാത്മനാ;

അമോഷണീയൈരക്രയ്യൈ-രമൂല്യൈരമലീമസൈഃ
യൽപ്രബന്ധൈഃ ശതേനൈവ ഭാരതീ പരികർമ്മിതാ;

യം വിദ്മ ഇതി യൽഗ്രന്ഥാ-നഭ്യാസ്യാമോഖിലാനിതി
യസ്യ ശിഷ്യാസ്മ ഇതി ച ശ്ലാഘന്തേ സമം വിപശ്ചിതഃ;

നാകേപി സതി ദേവാനാം മാഹാത്മ്യകലഹേ മിഥഃ
വാദശ്ശാമ്യതി യദ്വാചി വിന്യസ്യ നിഖിലം ഭരം;

ആമോദിഭിർവ്വചഃപുഷ്പൈ-രർച്ചിതോ യേന ശങ്കരഃ
തത്യാജ കാശധത്തൂര-ധാരണോപഹിതാം രുജം."

എന്നു ഗംഗാവതരണകാവ്യത്തിലും,

"കൃതദീക്ഷോ ഘോരമഖോ കുലകൂടസ്ഥോ ഭരദ്വാജഃ
വിദ്യേശപരേഷു കശ്ചന-പിതാമഹോ ന ഇതി വിസ്രംഭഃ."

എന്നു വൈരാഗ്യശതകത്തിലും, തൻെറ പൂർവ്വികനെ വർണ്ണിച്ചിട്ടുള്ളതിൽനിന്ന് ആ മഹാൻ എത്ര തികഞ്ഞ സർവ്വജ്ഞപീഠാരൂഢനായ ഒരു സർവ്വതന്ത്രസ്വതന്ത്രനായിരുന്നു എന്നും അദ്ദേഹത്തിൻെറ പാവനനാമധേയത്തെ അനന്തരജന്മാർ എത്ര ഭക്തിയോടുകൂടി സ്മരിച്ചിരുന്നുവെന്നും വിശദമാകുന്നുണ്ടല്ലോ.

അപ്പയ്യദീക്ഷിതർ സ്പർശിക്കുകയോ സ്പർശിച്ചാൽ അലങ്കരിക്കുകയോ ചെയ്യാത്ത വേദശാസ്ത്രശാഖ യാതൊന്നുംതന്നെയില്ല. "ചതുരധികശതപ്രബന്ധനിർമ്മാണസാഹസി" എന്നു വീണ്ടും നളചരിതത്തിൽ നമ്മുടെ കഥാനായകൻ വർണ്ണിക്കുന്ന ആ പുണ്യപുരുഷൻ നിർമ്മിച്ച നൂററിനാലു സംസ്കൃതഗ്രന്ഥങ്ങളിൽ അറുപതെണ്ണംവരെ ഇപ്പോഴും പ്രസിദ്ധങ്ങളായുണ്ട്. വിജയനഗരസാർവ്വഭൌമനായ തിരുമലമഹാരാജാവിൻെറ സാമന്തപ്രഭുക്കളിൽ ഒരാളായ വെല്ലൂരിലെ ചിന്നബോമ്മനായ്ക്കൻെറ ആശ്രയത്തിലാണ് ദീക്ഷിതർ തൻെറ യൌവനകാലത്തിലെ ഗ്രന്ഥങ്ങൾ നിർമ്മിച്ചുവന്നതു്. അദ്ദേഹം ശ്രീകണ്ഠശിവാചാര്യർ എന്ന യോഗിയാൽ പ്രചാരിതമായ പാശുപതമെന്ന അദ്വൈതമതശാഖയിൽ ബാല്യം മുതൽക്കുതന്നെ പ്രത്യേകപ്രതി

ഫന്നാ

Digitized By Kerala Sahitya Akademi

പത്തി പ്രദർശിപ്പിക്കുകയും ആ മതതത്വത്തെ വിശദീകരിച്ചു ശിവാചാൎയ്യരുടെ ബ്രഹ്മസൂത്രഭാഷ്യത്തിനു ശിവാൎക്കമണിദീപിക എന്ന വ്യാഖ്യാനം രചിക്കുകയും ചെയ്തു. ഈ സംഗതിയേപ്പററി ദീക്ഷിതർതന്നെ ആ ഗ്രന്ഥത്തിൽ,

"ഭാഷ്യമേതദനഘം വിവൃണ്വതി
സ്വപ്നജാഗരണയോഃ സമം പ്രഭുഃ
ചിന്നബോമ്മനൃപതിരുപഭൂൽ സ്വയം
മാം ന്യയുങ്ക്ത മഹിളാദ്ധ്വിഗ്രഹഃ."

എന്നു പ്രസ്താവിച്ചിരിക്കുന്നു.

ആ വ്യാഖ്യാനം കണ്ടു സന്തുഷ്ടനായ ചിന്നബൊമ്മനായ്ക്കൻ ദീക്ഷിതൎക്കു സ്വഹസ്തത്താൽ കനകാഭിഷേകം ചെയ്തു സംഗതിയും മററും അദ്ദേഹത്തിൻെറ ശിഷ്യകോടിയിൽപെട്ട സമരപുംഗവദീക്ഷിതർ തൻെറ യാത്രാപ്രബന്ധം എന്ന ഗ്രന്ഥത്തിൽ ഭംഗിയായി

"ഹേമാഭിഷേകസമയേ പരിതോനിഷണ്ണ-
സൌവൎണ്ണസംഹതിമിഷാച്ചിന്നബോമ്മഭൂപഃ
അപ്പയ്യദീക്ഷിതമണേരനവദ്യവിദ്യാ-
കല്പദ്രുമസ്യ കുരുതേ കനകാലവാലം."

എന്നും,

കൎണ്ണഃ ശ്രീചിന്നബോമ്മക്ഷിതിപതിരഭിതോ ലംഭയൻ ശാതകുംഭ-
സ്തോമം ഹേമാഭിഷേകപ്രണയനസമയേ യസ്യ മൂൎത്തിം പ്രശസ്യാം
രേജേ ശ്രീരംഗരാജാധ്വരിവരകലശാംഭോധിലബ്ധപ്രസൂതേ
വിദ്യാകല്പദ്രുമസ്യ സ്വയമിവ കലയൻ ജാതരൂപാലവാലം."

എന്നും,

"നാനാദേശനരേന്ദ്രമണ്ഡലമഹായതാതിദൂരീഭവൽ-
കാദാചിൽകപദാരവിന്ദവിനതേരപ്പയ്യയജ്വപ്രഭോഃ
ശൈവോൽകഷപരിഷ്കൃതൈരഹരഹഃ സൂക്തൈസ്സുധാലാളിതൈഃ
ഫുല്ലൽകൎണ്ണപുടസ്യ ബോമ്മനൃപതേഃ പുണ്യാനി ഗണ്യാനി കിം?"

എന്നുമുള്ള പദ്യങ്ങളിൽ വൎണ്ണിച്ചിരിക്കുന്നു. രാജഹസ്തംകൊണ്ടുള്ള കനകാഭിഷേകത്തിനു ദീക്ഷിതരെക്കാൾ അൎഹനായ ഒരു മഹാപണ്ഡിതൻ അക്കാലത്തു ജീവിച്ചിരുന്നില്ല. സമരപുംഗവദീക്ഷിതർ തൻെറ രണ്ടു ജ്യേഷ്ഠഭ്രാതാക്കളോടുകൂടി അപ്പയ്യദീക്ഷിതരുടെ അന്തേവാസിത്വത്തെ വരിച്ചതു് ഏകദേശം ആ കാലത്തു തന്നെയായിരുന്നു. ദീക്ഷിതരുടെ മാഹാത്മ്യത്തെ ആ ശിഷ്യൻ യാത്രാപ്രബന്ധത്തിൽ താൻ കണ്ട വിധത്തിൽ എങ്ങനെ വൎണ്ണിച്ചിരിക്കുന്നുവെന്നു നോക്കുക:—

Digitized By Kerala Sahitya Akademi

"പുസ്തകകരാ ബുധാവലി-രരുചച്ചവ്യാഖ്യാകൃതഃ പുരോ യസ്യ
പടുവാങ്മുഖപ്രവാഹ-പ്ലവനാവഷ്ടബ്ധപോതഫലകേവ;

നിന്ദതി മകരന്ദരസം ന്യക്കുരുതേ ശക്കരാം; പയോ ജയതി;
മോചാമദമാചാമതി വാചാമധിപസ്യ വൈഖരീ യസ്യ;

യന്മുഖവിഗളദപാങ്മുഖ-സുരപൂരതടിനീജടീകൃതാ വിദുഷാം
ഭണിതിർദന്തപടാഭ്യാ-മജിഘ്രടൽ ഗാഢമാത്മസംവരണം;

വാദിമതപുണ്ഡ്രവാടീ-നിഷ്പീഡനനമ്മയുക്തിയന്ത്രേണ
ഭുവി യസ്സൃജന്നജസ്രംഭയ-ദദാതം ഖ്യാതിഭാണിതവ്രാതം."

സകലസൽഗ്ഗുണങ്ങൾക്കും സങ്കേതമായും ത്രിസന്ധ്യകളിലും ശിവാരാധനത്തിൽ ഉദ്യുക്തനായും, യാചകന്മാക്ക സവ്വദാ ധനവിതരണം ചെയ്യുന്നതിൽ ജാഗരൂകനായും, ഛാത്രന്മാരായി വന്നുകൂടുന്ന നിരവധി യുവാക്കളെ ആഗമപാരദൃശ്വാക്കളാക്കുന്നതിൽ ബദ്ധശ്രദ്ധനായും, "അചലഗുഹാവിഹാരിദിരിപുഗജ്ജിതോജ്ജിതപ്രണാദ"ങ്ങളായ വാദവിനോദങ്ങളെക്കൊണ്ടു പ്രതിവാദിഗവ്വത്തെ ഭഞ്ജിക്കുന്നവനായും ഉള്ള ആ പണ്ഡിതസത്തമനെ സമരപുംഗവകവി വീണ്ടും വണ്ണിച്ച് അദ്ദേഹത്തിന്റെ യാഗത്തേയും ശയസ്സിനേയും —

"യസ്യാജസ്രമുദിതവരേണ ഹവിഷാക്രാന്തേ ദിശാമന്തരേ
തസ്ഥംഭേ കുമുദസ്മിതേന; ചകൃശേ താരാധിപച്ഛായയാ;
സസ്രംഭേ ശരകാണ്ഡപാണ്ഡരതയാ; മമ്ലേ മരാളശ്രിയാ;
ബഭ്രംശേ ബിസകാന്തിഭി;ർവിജഗലേ ഡിണ്ഡീരഖണ്ഡാംശുഭിഃ."

എന്നും,

യൽകീത്തിപ്രകരദ്വിപസ്യ വിഹൃതിസ്ഥാനം ജഗന്മണ്ഡലം;
ഘണ്ടേ ചണ്ഡമയൂഖശീതകിരണാ,വാളാനമദ്രീശ്വരഃ;
കക്ഷ്യാ വ്യോമതരംഗിണീ; വമഥവസ്താരാഗണാ; സ്സപ്തധാ
നിർമ്മുക്താ മദവാരിനിർജ്ഝരധരപരീവാഹാഃ പയോരാശയഃ."

എന്നും യഥാക്രമം പുളകോൽഗമകാരിയായ വിധത്തിൽ പ്രശംസിച്ചിരിക്കുന്നു.

"ഹേമാഭിഷേകസമയേ" എന്ന പദ്യം നളചരിതനാടകത്തിൽ നീലകണ്ഠദീക്ഷിതർ "സാഹിത്യമാർഗ്ഗസമ്പ്രദായഗുരു"വായ സമരപുംഗവയജ്വാവിന്റേതാണെന്നു പ്രത്യേകം ഘോഷിച്ചുദ്ധരിച്ചിട്ടുണ്ട്.

ശിവാക്കമണിദീപികപോലെതന്നെ പ്രധാനമായ മറെറാരു കൃതിയാണ് ഭാമതിയെന്ന അദ്വൈതഗ്രന്ഥത്തിനു വിവൃതിരൂപത്തിൽ അമലാനന്ദനാൽ നിമ്മിതമായ കല്പതരുവിനു ദീക്ഷിതർ രചിച്ച പരിമളമെന്ന പ്രൌഢഗംഭീരമായ വ്യാഖ്യാനം. അതു വായിച്ചുനോക്കി സന്തുഷ്ടനായ ബാലകവി എന്ന പണ്ഡിതൻ

Digitized By Kerala Sahitya Akademi

"അപ്പദീക്ഷിത! കിമിത്യതിസ്തുതിം വർണയാമി ഭവതോ വദാന്യര
സോപി കല്പതരുരർത്ഥസിദ്ധയേ തൽഗിരാമവസരം പ്രതീക്ഷതേ.

എന്ന പദ്യം ചൊല്ലി അക്കാലത്തു ദീക്ഷിതരെ പ്രശംസിച്ചതായി നള
തനാടകത്തിൽ നിന്നു നാമറിയുന്നു. "കല്പതരുകൂടി അർത്ഥസിദ്ധിക്ക്
ങ്ങയുടെ വാക്കുകളുടെ അവസരത്തെ പ്രതീക്ഷിക്കണമെങ്കിൽ അങ്ങയു
ദാതൃത്വത്തേപ്പററി ഞാൻ ചെയ്യുന്ന പ്രശംസ എങ്ങനെ അതിസ്തുതിയാ
പരിണമിക്കും"? എന്നാണ് ആ ശ്ലോകത്തിൻെറ ഭാവം.

ചിന്നബോമ്മനായ്ക്കൻെറ രാജ്യാധിപത്യകാലം ക്രി. പി. ൧൫൪൯ ...
തൽ ൧൫൭൦ വരേയാണ്. ആ വിദ്വൽപ്രഭുവിൻെറ സാഹായ്യത്തോടുകൂ
അടയപ്പലത്തിൽ ദീക്ഷിതർ കാളകണ്ഠേശാലയമെന്ന ഒരു ശിവക്ഷേത്രം ...
തിഷ്ഠിക്കുകയും അവിടെവെച്ചു ശിവാർക്കമണിദീപിക തൻെറ അഞ്ഞൂറു ...
ഷ്യന്മാരെ ഒരേ സമയത്തിൽ പഠിപ്പിക്കുകയും തദനന്തരം അവർ നായ്ക
നെക്കൊണ്ടു ഗ്രഹകേദാരാദിവിവിധദാനങ്ങൾ ചെയ്യിക്കുകയും ചെയ്തതാ
ആ കാളകണ്ഠേശ്വരക്ഷേത്രത്തിൽതന്നെ ക്രി. പി. ൧൫൮൨-ൽ ലിഖിതമാ
ഒരു ശിലാലേഖനത്തിൽനിന്നു വ്യക്തമാകുന്നുണ്ട്. അതിൽനിന്ന് ഒരു പ
ദ്യം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"യേന ശ്രീചിന്നബോമ്മക്ഷിതിപവലഭിദഃ കീർത്തിരവ്യാഹതാസീ—
ദ്യശ്ച ശ്രീകണ്ഠഭാഷ്യാ പരമശിവമതസ്ഥാപനായോദ്ധധാര;
തേന ശ്രീരംഗരാജാധ്വരിവരതനയേനാപ്പയജ്വാധിപേനാ-
കാരി പ്രൌഢോന്നതാഗ്രം രജതഗിരിനിഭം കാളകണ്ഠേശധാമ."

അതിനു മുമ്പുതന്നെ നൂറു പ്രബന്ധങ്ങൾ ദീക്ഷിതർ നിർമ്മിച്ചിരുന്ന
തായും ആ ലേഖനത്തിൽനിന്നു വെളിവാകുന്നു. ശിവാനന്ദയോഗിയുടെ കാ
ലഗണനമനുസരിച്ചു നോക്കുകയാണെങ്കിൽ അന്നു ദീക്ഷിതർക്കു മുപ്പത്താറുവ
യസ്സേ കഴിഞ്ഞിരുന്നുള്ളു എന്നു കാണാം. പ്രബന്ധശതകർത്താവ് എന്നു
ലിഖിതത്തിൽ കാണുന്നത് അതിശയോക്തിയല്ലെങ്കിൽ ആ ഭാഗം പിന്നീടു
കൊത്തിച്ചേർത്തതായിരിക്കണം.

നായ്ക്കൻെറ മരണാനന്തരം ദീക്ഷിതർ അന്നു പേണുഗോണ്ടാനഗര
ത്തെ തലസ്ഥാനമാക്കി വിജയനഗരസാമ്രാജ്യം ഭരിച്ചുവന്ന വേങ്കടപതിമ
ഹാരാജാവിൻെറ അപേക്ഷയനുസരിച്ച് ആവിടത്തേക്കു പോകുകയും അവി
ടെവച്ച് അദ്ദേഹത്തിൻെറ ആവശ്യപ്രകാരം ജയദേവൻെറ ചന്ദ്രാലോക
ത്തിനു സാഹിത്യവിദ്യാബാലപാഠമായ കുവലയാനന്ദമെന്ന വ്യാഖ്യാനം നി
ർമ്മിക്കുകയും ചെയ്തു. ഇക്കാര്യം

"അമും കുവലയാനന്ദമകരോദപ്പദീക്ഷിതഃ
നിയോഗാദ്വേങ്കടപതേർന്നിരുപാധികൃപാനിധേഃ."

Digitized By Kerala Sahitya Akademi

എന്ന് ആ ഗ്രന്ഥത്തിൽ ദീക്ഷിതർതന്നെ പ്രകടമായി പ്രസ്താവിച്ചിട്ടുണ്ട ല്ലോ. വേങ്കടപതിമഹാരാജാവിൻെറ കാലം ക്രി. പി. ൧൭൭൪ മുതൽ ൧൬൧൪ വരേയാണ്. അത്ഥാലങ്കാരങ്ങളെത്തന്നെ കുറേക്കൂടി ശാസ്ത്രീയ മായി പ്രതിപാദിക്കുന്ന മറെറാരു ഗ്രന്ഥമാണ് അന്തരുപോലെയും അദ്ധ്വേ ന്ദുപോലെയും അപൂൎണ്ണമെങ്കിലും അനവദ്യമായ ചിത്രമീമാംസ. വൃത്തിവാ ൎത്തികവും അലങ്കാരശാസ്ത്രസീമയിൽ ഉൾപ്പെടുന്ന മറെറാരു ഗ്രന്ഥമാണ്. ഒര് ആലങ്കാരികൻെറ നിലയിൽ ദീക്ഷിതരുടെ പ്രതിപക്ഷിയായിരുന്നതു പ്രസിദ്ധനായ ജഗന്നാഥപണ്ഡിതരായിരുന്നു. ദീക്ഷിതരുടെ അലങ്കാരമ തങ്ങൾ ഓരോന്നിനേയും ഖണ്ഡിച്ചുകൊണ്ടു രസഗംഗാധരത്തിലും ആ വാദ പരമ്പരയെത്തന്നെ സംക്ഷേപിച്ചുകൊണ്ടു ചിത്രമീമാംസാഖണ്ഡനത്തിലും പണ്ഡിതരാജൻ തുടരെത്തുടരെ ചെയ്തിരിക്കുന്ന ആക്ഷേപകോലാഹലം ആരേയും അത്ഭുതപരവശന്മാരാക്കിത്തീക്കുമെന്നു വരികിലും ആ ആക്ഷേപ ങ്ങളിൽ പലതും പൌരോഭാഗ്യദ്യോതകമാണെന്നു പരിച്ഛേദിക്കുവാൻ പ്ര യാസമുള്ളതല്ല.

"സൂക്ഷ്മം വിഭാവ്യ ഹി മയാ സമുദീരിതാനാ-
മപ്പയ്യദീക്ഷിതകൃതാവിഹ ദൂഷണാനാം
നിർമ്മത്സരോ യദി സമുദ്ധരണം വിദധ്യാ-
ദസ്യാഹമുജ്ജ്വലമതേശ്ചരണൌ വഹാമി."

എന്നും,

"അപ്പയ്യദീക്ഷിതദവാനലദഗ്ദ്ധശേഷം
സാഹിത്യമങ്കുരയതേ സരസൈന്നിബന്ധൈഃ."

എന്നും മററുമുള്ള പണ്ഡിതരാജൻെറ പോരിനുവിളിക്കു ദീക്ഷിതരാക ട്ടെ, അദ്ദേഹത്തിൻെറ ശിഷ്യന്മാരാകട്ടെ ഒര് ഉത്തരവും പറവാൻ ഒരുങ്ങിയി ല്ല. "തന്ന നിപുണം നിരൂപിതമായുഷ്മതാ", "അഹോമഹദ്ദേവേദമന്യാ യ്യം" എന്നും മററും ഔദ്ധത്യത്തോടുകൂടി ആ ശബ്ദശാസ്ത്രമാത്രജ്ഞനായ കവി തന്നെ എത്രതന്നെ അപഹസിച്ചാലും അതിൽ തനിക്കു യാതൊരു ക്ഷതിയുമില്ലെന്നുവെച്ചു കമ്മബ്രഹ്മമീമാംസകനായ ദീക്ഷിതർ അദ്വൈത മതസ്ഥാപനത്തിനും മററും തൻെറ ആയുശ്ശേഷത്തെ വിനിയോഗിച്ചു. ശാസ്ത്രസംബന്ധമായുള്ള അദ്ദേഹത്തിൻെറ കൃതിപരമ്പരയിൽ ശിവാ ക്കമണിദീപികയും - പരിമളവും കഴിഞ്ഞാൽ, ശിവതത്വവിവേകം, ര

ത്നത്രയപരീക്ഷയും വ്യാഖ്യാനവും, ന്യായമയൂഖമാലിക, ന്യായമുക്താവ ലി, ന്യായരക്ഷാമണി, നയമഞ്ജരി, ഭസ്മോദ്ധൂളനവാദാവലി, ബ്രഹ്മതക്കസ്ത വം, വീരശൈവം, ശിവാദ്വൈതനിർണ്ണയം, വിധിരസായനം, മദ്ധ്വതന്ത്രമു ഖമർദ്ദനം, ശിവാർച്ചനചന്ദ്രിക, ശ്രീകണ്ഠഭാഷ്യദീപിക, പൂവമീമാംസാവി ഷയസംഗ്രഹദീപിക, പൂവോത്തരമീമാംസാവാദനക്ഷത്രമാല, നക്ഷത്രവാ ദാവലി, സിദ്ധാന്തലേശസംഗ്രഹം, ഉപക്രമപരാക്രമം

Digitized By Kerala Sahitya Akademi

ഈ ഗ്രന്ഥങ്ങൾ വിശിഷ്യ സ്മരണീയങ്ങളാണ്. വിധിരസായന വേങ്കടപതിമഹാരാജാവിന്റെ ആജ്ഞയാലാണ് നിർമ്മിച്ചതെന്ന് അവ ഉള്ള "പ്രാപ്തഃ പുണ്യൈരഗണ്യൈരിവ വിബുധഗണോ വേങ്കടക്ഷോണിപാലം" എന്ന പദ്യഖണ്ഡത്തിൽനിന്നു കാണാവുന്നതാണ്.

അതുപോലെതന്നെ,

ആത്മാർപ്പണസ്തുതി, ചന്ദ്രകലാസ്തുതി, ദശകുമാരചരിതസംക്ഷേപം, നാമസംഗ്രഹമാല, ഭക്തിശതകം, മഹാഭാരതതാൽപര്യസംഗ്രഹം, രാമായണതാൽപര്യസംഗ്രഹം, രാമായണസാരസ്തവം, വരദരാജസ്തവം, ശിവകർണ്ണാമൃതം, ശിഖരിണീമാല, ഹരിവംശസാരചരിതവ്യാഖ്യ, ആദിത്യസ്തോത്രം, തലായി തനിക്കു കാവ്യരചനാവിഷയത്തിലുള്ള പാടവത്തെ സവിശേഷം സ്ഫുടീകരിക്കുന്ന സാഹിത്യഗ്രന്ഥങ്ങളും ധാരാളമായുണ്ട്.

സ്വകൃതികളിൽ ഏതാനും ഗ്രന്ഥങ്ങളെപ്പററി ദീക്ഷിതർതന്നെ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.

"ശ്രീവീരവേങ്കടപതിക്ഷോണിപാലസ്യ സാഹ്യതഃ
കൃതഃ കുവലയാനന്ദശ്ചിത്രമീമാംസയാ സഹ;

അഭിധാലക്ഷണാവൃത്തിവിവൃതിർവൃത്തിവാർത്തികം
യാദവാഭ്യുദയാഖ്യായാ വ്യാഖ്യാനം ച കൃതം കൃതേഃ;

നാമസംഗ്രഹമാലാ ച വ്യാഖ്യാ തസ്യാശ്ച വിസ്തൃതാ
കാഞ്ചീവരദരാജസ്യ ദിവ്യവിഗ്രഹവർണ്ണനം;

വ്യാഖ്യാ തസ്യ ച സംക്ഷിപ്താ നാതിസംക്ഷേപവിസ്തരാ
സർവ്വപാപപ്രശമനീ ശ്രീകൃഷ്ണധ്യാനപദ്ധതിഃ;

സർവ്വദുർഗ്ഗാതിതരണീ ദുർഗ്ഗാചന്ദ്രകലാസ്തുതിഃ
ആദിത്യസ്തോത്രരത്നം ച തദ്വ്യാഖ്യാനം ച വിസ്തൃതം;

നാനാപദ്യാത്മകചതുർമ്മതസാരാർത്ഥസംഗ്രഹഃ
ന്യായമുക്താവലി തദ്വന്മദ്ധ്വാചാര്യമതാനുഗാ;

മയൂഖമാലികാ ഹൃദ്യാ ലക്ഷ്മണാചാര്യവർത്മനാ
ശ്രീകണ്ഠാചാര്യപദ്ധത്യാ നിർമ്മിതാ മണിമാലികാ;

ശങ്കരാചാര്യദൃഷ്ട്യാ ച പ്രക്ഌപ്താ നയമഞ്ജരീ
ന്യായമുക്താവലീവ്യാഖ്യാ നാതിവിസ്തരസംഗ്രഹാ

അദ്വൈതശാസ്ത്രസിദ്ധാന്തലേശസംഗ്രഹനാമകഃ
ന്യായരക്ഷാമണിസ്സർവ്വസൂത്രതാൽപര്യവർണ്ണകഃ;

തഥാ പരിമളഃ കല്പതരുഗൂഢാർത്ഥവർണ്ണകഃ
ശ്രീകണ്ഠഭാഷ്യവ്യാഖ്യാ ച ശിവാർക്കമണിദീപികാ;

Digitized By Kerala Sahitya Akademi

ശ്രീശിവാനന്ദലഹരീ ശിവാദ്വൈതവിനിർണ്ണയഃ
രത്നത്രയപരീക്ഷാ ച പഞ്ചരത്നസ്തവസ്തഥാ

തഥാ ശിഖരിണീമാലാ ബ്രഹ്മതർക്കസ്തവാദയഃ
ശിവതത്ത്വവിവേകശ്ച ശിവകർണ്ണാമൃതം തഥാ

ശിവാർച്ചനപ്രകാശാർത്ഥചന്ദ്രികാ ബാലചന്ദ്രികാ
മീമാംസായാശ്ചിത്രപടസ്തഥാ വിധിരസായനം

മീമാംസാന്യായനിർഗ്രന്ഥ ഉപക്രമപരാക്രമഃ
ഏതേ ചാന്യേ ച ബഹവഃ പ്രബന്ധാഃ പ്രാഗ്വിനിർമ്മിതാഃ."

മേൽ കുറിച്ച ഗ്രന്ഥങ്ങളിൽനിന്ന് ആ അവതാരപുരുഷന്റെ അന്യാദൃശമായ സർവ്വതന്ത്രസ്വാതന്ത്ര്യവും അനുഗ്രഹീതമായ ധിഷണാതിശയവും അവ്യാജസുഭഗമായ മനോവിശാലതയും ആർക്കും അനുഭവപ്പെട്ടും. വേദാന്തമതത്തിലെ പഞ്ചഗ്രന്ഥി "വേദാന്തസൂത്രങ്ങൾ, ശാങ്കരഭാഷ്യം, ഭാമതി, കല്പതരു, പരിമളം" ഇവയാണെന്നു ബ്രഹ്മാനന്ദസ്വാമിയും പരിമളത്തിന്റെ നിർമ്മാതാവു മീമാംസകമൂർദ്ധന്യൻ തന്നെയെന്നു ഖണ്ഡദേവനും അഭിപ്രായപ്പെടുന്നു. ജന്മനാ അദ്വൈതിയും കർമ്മണാ ശിവഭക്തനുമായിരുന്ന ആ മഹാപുരുഷനു മതാന്തരങ്ങളോടു യാതൊരു ദ്വേഷവുമുണ്ടായിരുന്നില്ല. ന്യായമയൂഖമാലികയിൽ രാമാനുജമതത്തേയും ന്യായമുക്താവലിയിൽ മാദ്ധ്വമതത്തേയും വിസ്താരമായി പ്രതിപാദിച്ചിരിക്കുന്നതിനു പുറമേ വരദരാജസ്തവം, ശ്രീകൃഷ്ണധ്യാനപദ്ധതി, മുതലായ ഗ്രന്ഥങ്ങളിൽ തനിക്കു മഹാവിഷ്ണുവിന്റെ നേർക്കുണ്ടായിരുന്ന ഭക്തിപാരവശ്യത്തെ വെളിപ്പെടുത്തീട്ടുള്ള അദ്ദേഹം സിദ്ധാന്തലേശസംഗ്രഹത്തിൽ വിവിധമതങ്ങൾക്ക് ആസ്പദമായി നിൽക്കുന്ന മൂലതത്ത്വങ്ങളുടെ ഏകീഭാവത്തെ സ്വയുക്തിപരമ്പരകൊണ്ടു വിശദമായി സ്ഥാപിച്ചിരിക്കുന്നു. എങ്കിലും ലോകത്തിൽ പരമഭാഗ്യമായി ഗണിക്കേണ്ട അദ്വൈതവാസന ശിവാനുഗ്രഹത്താലല്ലാതെ ലഭ്യമാകുകയില്ലെന്നു ശിവാർക്കമണിദീപികയിലേ—

"യദ്യപ്യദ്വൈത ഏവ ശ്രുതിവിഷയഗിരാ-
മാഗമാനാം ച നിഷ്ഠാ
സാകം സർവൈഃ പുരാണസ്മൃതിനികര-
മഹാഭാരതാദിപ്രബന്ധൈഃ
തത്രൈവ ബ്രഹ്മസൂത്രാണ്യപി ച
വിമൃശതാം ഭാന്തി വിശ്രാന്തിമന്തേ
പ്രത്നൈരാചാര്യരത്നൈരപി പരിജഗൃ-
ഹേ ശങ്കരാദ്യൈസ്തദേവ.

തഥാപ്യനുഗ്രഹാദേവ തരുണേന്ദുശിഖാമണേഃ
അദ്വൈതവാസനാ പുംസാ-മാവിർഭവതി നാന്യഥാ."

Digitized By Kerala Sahitya Akademi

എന്ന പദ്യങ്ങളിൽ ആ ശ്രീകണ്ഠമതപ്രതിഷ്ഠാപനാചാര്യൻ മുക്തകണ്ഠം ഘോഷിക്കുന്നില്ലെന്നില്ല. ആത്മാർപ്പണസ്തവം രചിച്ചത് ഏതോ ഒരു ദിവ്യൗഷധി സേവിച്ച് അതിമാനുഷമായ അന്തഃകരണസംസ്കരണം വരുത്തിയതിനു മേലാണെന്നും അതിലേ ഓരോ ശ്ലോകവും ദീക്ഷിതർ നാലു ശിഷ്യന്മാരേക്കൊണ്ട് എഴുതിച്ച നിമിഷകവിതയാണെന്നും ഒരൈതിഹ്യമുണ്ട്.

ദൊഡ്ഡയാചാര്യരുടെ പ്രപന്നാമൃതമെന്ന വിശിഷ്ടാദ്വൈതപ്രശസ്തിപരമായ കാവ്യത്തിൽ അപ്പയ്യദീക്ഷിതർ "അദ്വൈതദീപിക" എന്നൊരു ഗ്രന്ഥം നിർമ്മിച്ചതായും അതിനെ നശിപ്പിക്കുവാൻ ദോഡ്ഡയാചാര്യർ എന്ന വൈഷ്ണവപണ്ഡിതൻ ചണ്ഡമാരുതമെന്നൊരു ഖണ്ഡനകൃതി അദ്ദേഹത്തിന് അയച്ചുകൊടുത്തതായും വർണ്ണിക്കപ്പെട്ടിരിക്കുന്നു.

"ശൈവശാസ്ത്രവിദാം ശ്രേഷ്ഠഃ ശ്രീമാനപ്പയ്യദീക്ഷിതഃ
ചതുഷ്കൂടേ ജിതാരാതി-രശോഭത മഹാശയഃ;

അദ്വൈതദീപികാഭിഖ്യം ഗ്രന്ഥമപ്പയ്യദീക്ഷിതഃ
ചകാര ഭഗവദ്ദ്വേഷീ ശൈവധർമ്മരതസ്സദാ.

മഹാചാര്യസ്സ താം ശ്രുത്വാ തസ്യാഃ പ്രതിഭടം തദാ
ചണ്ഡമാരുതനാമാനം വിദധേ ഗ്രന്ഥമുത്തമം.

അദ്വൈതദീപികാനാശ-സ്തതോഭൂൽ ചണ്ഡമാരുതാൽ;
പ്രചണ്ഡമാരുതേ ദീപ പ്രകാശസ്സ്യാൽ കഥം ഭുവി?"

അപ്രകാരമുള്ള മതവാദങ്ങളിലെല്ലാം ഏർപ്പെട്ട് അദ്വൈതമതത്തിൻെറ പാരമ്യത്തെ പ്രതിഷ്ഠാപനം ചെയ്ത ആ ദ്വിതീയശങ്കരാചാര്യർ "തവാമൃതസ്യന്ദിനി പാദപങ്കജേ" ഇത്യാദി ശ്രീവൈഷ്ണവകവികളുടെ പദ്യങ്ങൾ ഉദാഹരണത്തിനായി തൻെറ അലങ്കാരഗ്രന്ഥങ്ങളിൽ സ്വീകരിക്കുകയും ശ്രീവൈഷ്ണവമതാചാര്യന്മാരിൽ ഒരു പ്രമാണിയായ വേദാന്തദേശികരുടെ യാദവാഭ്യുദയമഹാകാവ്യത്തിനു വിജയനഗരത്തിലെ ചിന്നതിമ്മരായരുടെ അപേക്ഷാനുസാരം വിസ്തൃതമായ ഒരു വ്യാഖ്യാനം നിർമ്മിക്കുകയും ചെയ്തു.

"സാഹിത്യഗോഷ്ഠീം സരസാ-മാതിഷ്ഠന്നയമേകദാ
യാദവാഭ്യുദയം കാവ്യ-മശ്രൗഷീദ്വിദുഷാം മുഖാൽ;

അവ്യാഖ്യാതതയാ പൂർവ-മനഭിവ്യക്തഭാവകം
അഘൃഷ്ടമിവ ശില്പജ്ഞൈ-രഭിജാതം ഹരിന്മണിം.

തദാകർണ്ണനതസ്സദ്യഃ-സമുദഞ്ചൽകുതൂഹലഃ
വിദുഷാം പുരതസ്തസ്യ വിവൃതൗ മാം ന്യയോജയൽ."

എന്നു ദീക്ഷിതർ ആ വ്യാഖ്യാനത്തിൻെറ പ്രാരംഭത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ ചിന്നതിമ്മരായർ വേങ്കടപതിയുടെ ജ്യേഷ്ഠനായ തിരുമലരായരു

Digitized By Kerala Sahitya Akademi

ടെ പൌത്രനായിരുന്നു. കവിതാൎക്കികസിംഹനെന്ന ബിരുദത്താൽ പ്രസിദ്ധനും മഹാവിഷ്ണുവിന്റെ ഘണ്ടാവതാരമെന്നു ശ്രീവൈഷ്ണവന്മാരാൽ കീൎത്തിതനുമായ വേദാന്തദേശികരുടെ മഹാകവിത്വത്തെപ്പററി ദീക്ഷിതൎക്കുണ്ടായിരുന്ന ബഹുമാനം യാദവാഭ്യുദയം ഒന്നാംസൎഗ്ഗം ൻെപതാമത്തെ ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ

"ഇത്ഥം വിചിന്ത്യാസ്സൎവ്വത്ര ഭാവാസ്സന്തി പദേ പദേ
കവിതാൎക്കികസിംഹസ്യ കാവ്യേഷു ലളിതേഷ്വപി."

എന്ന പദ്യത്തിൽ അദ്ദേഹംതന്നെ പ്രകടമായി പ്രസ്താവിച്ചിട്ടുണ്ടു്. പരാജിതന്മാരായ പ്രതിവാദികളെപ്പോലും ദീക്ഷിതർ വേണ്ട വിധത്തിൽ മാനിച്ചിരുന്നുവെന്നുള്ളതിനു സമരപുംഗവകവിയുടെ

"രേരേ മുഞ്ചത ധാവനാനി വിമതാഃ സേവധ്വമംഘ്രിദ്വയീ-
മപ്പയ്യാദ്ധ്വരിണോ; ഘടേത ഭവതാമേതൽപ്രസാദസ്തദാ;
തുഷ്യന്ത്യക്ഷിഗതേഷ്വപി പ്രപതനാൽ സന്തഃ; സമുദ്ധാഗസഃ
കാകസ്യാനതികാരിണോ ഹി ദയതേ കിം നോ രഘൂണാം പ്രഭുഃ?"

എന്ന പദ്യം സാക്ഷി നില്ക്കുന്നു.

അപ്പയ്യദീക്ഷിതൎക്കു്, അന്നു വളരെ ദുൎല്ലഭമായി മാത്രം സാധിക്കാവുന്നതായിരുന്ന കാശിയാത്രയും ഗംഗാസ്നാനവും ലഭിച്ച കഥ നീലകണ്ഠദീക്ഷിതരുടെ "ഗംഗായാം യഃ പുരാ സ്നാതഃ" ഇത്യാദി മുമ്പുദ്ധരിച്ച ഗംഗാവതരണ പദ്യത്തിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. തദനന്തരം ക്രി. പി. 1623-ൽ പാണ്ഡ്യരാജ്യം ഭരിച്ചിരുന്ന തിരുമലനായ്ക്കരുടെ കിരീടധാരണമഹോത്സവത്തിൽ ദീക്ഷിതർകൂടി ക്ഷണിക്കപ്പെടുകയും അവിടെവച്ചു ശൈവവൈഷ്ണവന്മാൎക്കു തമ്മിലുള്ള ചില വിവാദങ്ങൾ തീൎക്കുകയും ചെയ്തു.

ദീക്ഷിതൎക്കു പതിനൊന്നു പുത്രന്മാരും മരതകവല്ലി, മംഗല എന്നു രണ്ടു പുത്രിമാരുമുണ്ടായിരുന്നു. അന്ത്യകാലത്തിൽ അവരുടെ പരിചൎയ്യയിൽ അദ്ദേഹം ചിദംബരത്തുതന്നെയാണു് താമസിച്ചുവന്നതു്. മരണത്തിനു മുമ്പു പുത്രന്മാർ തങ്ങൾ എന്തു ചെയ്യണമെന്നു ചോദിച്ചതിനു് ആ മഹാത്മാവു നല്കിയ മറുപടിയാണു് താഴെ ഉദ്ധരിക്കുന്ന പദ്യം.

"ചിദംബരമിദം പുരം പ്രഥിതമേവ പുണ്യസ്ഥലം;
സുതാശ്ച വിനയോജ്ജ്വലാഃ; സുകൃതയശ്ച കാശ്ചിൽ കൃതാഃ;
വയാംസി മമ സപ്തതേരുപരി; നൈവ ഭോഗേ സ്പൃഹാ;
ന കിഞ്ചിദഹമൎത്ഥയേ; ശിവപദം ദിദൃക്ഷേ പരം."

അതു കഴിഞ്ഞു ദീക്ഷിതർ ഒരു പദ്യംകൂടി നിൎമ്മിക്കുവാനുദ്യമിച്ചു്

"ആഭാതി ഹാടകസഭാനടപാദപത്മ-
ജ്യോതിൎമ്മയോ മനസി നസ്തരുണാരുണോയം;"

Digitized By Kerala Sahitya Akademi

എന്ന് അതിന്റെ പൂർവാർദ്ധം മാത്രം ചൊല്ലി വൈവശ്യം നിമിത്തം വിരമിക്കുകയും ഉടൻ പുത്രന്മാർ,

"നൂനം ജരാമരണഘോരപിശാചകീർണ്ണാ
സംസാരമോഹരജനീ വിരതിം പ്രയാതാ."

എന്ന് ഉത്തരാർദ്ധം പൂരിപ്പിക്കുകയും ചെയ്തു. അങ്ങനെ തന്റെ ഭക്തിമാന്മാരായ പുത്രന്മാരുടെ മധ്യത്തിൽ ക്രി. പി. 1624-ൽ കൃതകൃത്യനായി വിമുക്തനായി, സാധിതപുരുഷാർത്ഥനായി, ആ അഭിനവവാചസ്പതിദേഹവിയോഗം ചെയ്തു. "ഞങ്ങൾ അദ്ദേഹത്തെ അറിയുന്നവരാണ് ഞങ്ങൾ അദ്ദേഹത്തിന്റെ എല്ലാ ഗ്രന്ഥങ്ങളേയും അഭ്യസിക്കുന്നവരാണ്. ഞങ്ങൾ അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്." എന്നിങ്ങനെ ഓരോ വിദ്വാന്മാർ നീലകണ്ഠദീക്ഷിതരുടെ കാലത്തു സ്വയം അഭിമാനിച്ചുവന്നിരുന്നതിൽ എന്താണ് ആശ്ചര്യം? "അഖിലരാജമൌലിവിശ്രാന്തശാസനൻ" എന്നു നള ചരിതത്തിൽ തന്റെ പൌത്രൻ പ്രശംസിച്ചിരിക്കുന്ന ആ പുണ്യപുരുഷനാണ് തങ്ങളുടെ കുലക്രൂടസ്ഥനെന്നും അദ്ദേഹത്തെ അനുകരിച്ചാണ് തങ്ങൾ ജീവിതം നയിക്കുന്നതെന്നും വിചാരിച്ചു ചരിതാർത്ഥന്മാരാകുന്ന പല പണ്ഡിതസാർവ്വഭൌമന്മാരെ ഇന്നും ദ്രാവിഡദേശത്തിൽ കാണാവുന്നതാണ്. അങ്ങനെയുള്ള സർവ്വതന്ത്രസ്വതന്ത്രനായ ഒരു മഹാവിദ്വാനായിരുന്നു ഏതാനും കൊല്ലങ്ങൾക്കു മുമ്പു ചരമഗതിയെ പ്രാപിച്ച തിരുവിശനല്ലൂർ മഹാമഹോപാദ്ധ്യായരാമസുബ്രഹ്മണ്യശാസ്ത്രികൾ. ആ വംശത്തേത്തന്നെ സമീപകാലത്തിൽ അലങ്കരിച്ചിരുന്ന മന്നാർകുടി രാജുശാസ്ത്രികളെന്ന പേരിൽ പ്രസിദ്ധനായിരുന്ന മഹാമഹോപാദ്ധ്യായത്യാഗരാജദീക്ഷിതർ തന്റെ "ദീക്ഷിതനവരത്നമാലിക" എന്ന ലഘുസ്തുതിയിൽ —

"സാർവജ്ഞ്യം വീക്ഷ്യ യേഷാം പ്രഥിതകവിവരൈസ്സാർവ്വഭൌമൈശ്ശശംസേ;
യേഷാമാശീർഗിരാഭൂദഖിലകുശലഭാങ് നീലകണ്ഠാധ്വരീന്ദ്രഃ;
യേഷാം താദാത്വികേഭ്യഃ കില സകലകലാവല്ലഭത്വം ബുധേഭ്യഃ
സർവ്വേഭ്യോഭ്യർഹിതം ദ്രാഗഭവദിതി സമാകർണയേ; വർണയേ കിം?"

എന്നു തന്റെ കുലമണിയെ പ്രശംസിക്കുന്നു.

"ത്വത്തൃപ്തിതം പ്രഥമമപ്പയയജ്വനൈവ
സ്വാത്മാർപ്പണം വിദധതാ സ്വകുലം സമസ്തം;
കാ ത്വം മഹേശി! കുലദാസമുപേക്ഷിതും മാം?
കോവാനുപാസിതുമഹം കുലദേവതാം ത്വാം?"

എന്നു നീലകണ്ഠദീക്ഷിതരുടെ ആനന്ദസാഗരസ്തവപദ്യത്തിൽനിന്നു വ്യഞ്ജിക്കുന്നപ്രകാരം ആത്മാർപ്പണസ്തവത്തുപേണ തന്റെ പരദേവതയ്ക്കു സർവസ്വവും സമർപ്പണംചെയ്തു ആ ഗൃഹസ്ഥകുലചൂഡാമണി ഭാരതീയരായ നമുക്കെല്ലാം മാർഗ്ഗദർശിയായ ഒരു മഹോപദേശകനായിരുന്നുവെന്നുള്ളതിനു സംശയമില്ല.

Digitized By Kerala Sahitya Akademi

ദീക്ഷിതരുടെ സമകാലികന്മാരിൽ തഞ്ചാവൂരിലേ അച്യുതപ്പനായ്ക്കൻെറയും രഘുനാഥനായ്ക്കൻെറയും മന്ത്രിസത്തമനം, ഹരിവംശസാരചരിതം, സാഹിത്യസുധ മുതലായ വിവിധഗ്രന്ഥങ്ങളുടെ പ്രണേതാവുമായ ഗോവിന്ദദീക്ഷിതർ, ഭാവനാപുരുഷോത്തമം മുതലായ പതിനെട്ടു രൂപകങ്ങൾ, ശിതികണ്ഠവിജയം മുതലായ അറുപതു കാവ്യങ്ങൾ, സാഹിത്യസഞ്ജീവനി, ഭാവോദ്ഭേദം മുതലായ അലങ്കാരഗ്രന്ഥങ്ങൾ, വേദാന്തവാദാവലി, വരദതാരാവലി, മണിദർപ്പണം, അദ്വൈതകൌസ്തുഭം, വിധിനിർണ്ണയം, സർവ്വമയ സർവ്വസ്വം, സ്മൃതിരത്നപ്രദീപം, ഷഷ്ഠഭാഗം, മുതലായ വ്യാഖ്യാനങ്ങൾ, പരിശുദ്ധി, തത്വാവബോധം മുതലായ പ്രബന്ധങ്ങൾ, ഇപ്രകാരം നൂററിൽ ചില്വാനം ഗ്രന്ഥങ്ങൾ നിർമ്മിച്ച രത്നഖേടബിരുദധാരിയായ ശ്രീനിവാസ ദീക്ഷിതർ ഇവരെല്ലാം അദ്ദേഹത്തോട് ഏററവും ബഹുമാനത്തോടുകൂടിയാണ് പെരുമാറിവന്നത്' രത്നഖേടദീക്ഷിതർ അപ്പയ്യദീക്ഷിതരുടെ ശിഷ്യനായിരുന്നുവെന്നു ശിവാനന്ദയോഗി പ്രസ്താവിക്കുന്നു. അദ്ദേഹത്തിന് ആ ബിരുദം,

> "സന്ധ്യാസന്ധുക്ഷിതാംഭോധരനളികാഗണാദദ്ഭുതാൻ സീസഖണ്ഡാം-
> സ്താരാകാരാൻ നിരോദ്ധും ശശിരവികപടാദപിഭ്രതൌ രത്നഖേടൌ
> അന്യോന്യം യുദ്ധ്യമാനാവുദയചരമഭൃദ്ഭൂതൽപ്രവീരാവിതി ദ്രാ-
> ഗ്യുക്ത്യാ ഖ്യാതാപരാഖ്യഃ ക്ഷിതിപതിവചസാ രത്നഖേടാധ്വരീതി."

എന്നു ശ്രീനിവാസദീക്ഷിതരുടെ പുത്രൻ രാജചൂഡാമണിദീക്ഷിതർ ഉണ്ടാക്കിയ രുക്മിണീപരിണയത്തിൻെറ വ്യാഖ്യാനത്തിൽ കാണുന്ന പ്രകാരം, സന്ധ്യയ്ക്ക് ആകാശത്തിൽ പ്രകാശിക്കുന്ന ആദിത്യചന്ദ്രന്മാരെ ഉദയചരമഭൃദ്ഭൃത്തുകളുടെ രത്നഖേടങ്ങളാക്കി വർണ്ണിക്കുകനിമിത്തം സന്തുഷ്ടനായ ജിൻജിയിലേ ശൂരപ്പനായ്ക്കൻ നൽകിയതാണെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. അദ്ദേഹം ബാല്യത്തിൽത്തന്നെ ബംഗാളിലേ വിശ്വവിദിതമായ നവദ്വീപകലാശാലയിൽ പോയി ശാസ്ത്രാഭ്യാസം ചെയ്തു "ഭട്ടാചാര്യർ" എന്ന ബിരുദം സമ്പാദിച്ചു ദക്ഷിണദേശത്തേക്കു മടങ്ങിവന്ന ഒരു മഹാവിദ്വാനായിരുന്നു. അദ്ദേഹത്തിൻെറ ജന്മഭൂമി വെല്ലൂരിനു സമീപമുള്ള സത്യമംഗലം ഗ്രാമമത്രേ. രത്നഖേടദീക്ഷിതൎക്കു കേശവദീക്ഷിതർ, അർദ്ധനാരീശ്വരദീക്ഷിതർ, യജ്ഞനാരായണദീക്ഷിതർ എന്നിങ്ങനെ മൂന്നു പുത്രന്മാരുണ്ടായിരുന്നു. അവരിൽ ഒടുവിലത്തേ പുത്രനായ യജ്ഞനാരായണദീക്ഷിതരാണ് അനന്തരകാലത്തു ദക്ഷിണഭോജരാജാവായ തഞ്ചാവൂരിലേ രഘുനാഥനായ്ക്കൻെറ സദസ്യരത്നമായിത്തീൎന്ന്' ആ വിദ്വൽപ്രഭുവിൽനിന്നു രാജചൂഡാമണി എന്ന പ്രശസ്തബിരുദം സമ്പാദിച്ചു രുക്മിണീപരിണയം, കംസധ്വംസനം, കാന്തിമതീപരിണയം, ശങ്കരാഭ്യുദയം, രത്നഖേടവിജയം മുതലായ കാവ്യങ്ങളും കമലിനീകളഹംസം, ആനന്ദരാഘവം മുതലായ നാടകങ്ങളും ചിത്രമഞ്ജരി, ശൃംഗാരസർവ്വസ്വം മുതലായ ഭാണങ്ങളും, കാവ്യദർപ്പണം, അലങ്കാരചൂഡാമണി, സാഹിത്യസാമ്രാജ്യം മുതലായ അലങ്കാരഗ്രന്ഥങ്ങളും തന്ത്രശിഖാമണി, സംക്ഷേപമുക്താവലി, ന്യായചൂഡാമണി, ചിന്താമണിദർപ്പണം മുതലായ ശാസ്ത്രഗ്രന്ഥങ്ങളും നിർമ്മിച്ചു ദിഗന്തവിശ്രാന്തകീർത്തിയായി ശോഭിച്ചത്.

Digitized By Kerala Sahitya Akademi

ദീക്ഷിതരുടെ ശിഷ്യകോടിയിൽ പ്രാഥമ്യം വൈയാകരണശിഖാമണിയായ ഭട്ടോജിദീക്ഷിതർക്കാണെന്നുള്ളതു പ്രസിദ്ധമാണ്. കമ്മബ്രഹ്മമീമാംസകൾ അഭ്യസിക്കുന്നതിലേക്കുവേണ്ടി വാരാണസിയിൽനിന്നു രാമേശ്വരദർശനം കഴിഞ്ഞു തിരിയെപ്പോകുന്ന വഴിക്കു ഭട്ടോജിദീക്ഷിതർ അന്നു ചിദംബരത്തിൽ താമസിച്ചിരുന്ന അപ്പയ്യദീക്ഷിതരെ ശരണം പ്രാപിച്ചു എന്നും അതല്ല ഗംഗാസ്നാനത്തിനായി കാശിക്കുപോയപ്പോൾ ഭട്ടോജിദീക്ഷിതർക്കു പൂർവോത്തരമീമാംസകളിൽ വേണ്ട ഗുരൂപദേശം മാത്രം അപ്പയ്യദീക്ഷിതർ ചെയ്തുവെന്നും, രണ്ടുപ്രകാരത്തിൽ ഇതുസംബന്ധമായി ഐതിഹ്യമുണ്ട്. ഏതായാലും ഭട്ടോജിദീക്ഷിതർ അപ്പയ്യദീക്ഷിതർക്കു ഗുരുദക്ഷിണയായി പൂർവ്വമീമാംസയിൽ തന്ത്രസിദ്ധാന്തദീപികയെന്നും ഉത്തരമീമാംസയിൽ ശ്രീമത്തത്ത്വകൗസ്തുഭമെന്നും ഓരോ ഗ്രന്ഥം നിർമ്മിച്ചു എന്നുമുള്ളതിനു സംശയമില്ല. തന്ത്രസിദ്ധാന്തദീപികയിലെ—

"അപ്പയ്യദീക്ഷിതേന്ദ്രാ-നശേഷവിദ്യാഗുരൂനഹം വന്ദേ
യൽകൃതിബോധാബോധൌ വിദ്വദവിദ്വദ്വിഭാജകോപാധീ".

എന്ന പദ്യത്തിൽനിന്നു തന്റെ മീമാംസോപദേശകനെപ്പററി ഭട്ടോജിദീക്ഷിതർക്കുണ്ടായിരുന്ന മതിപ്പ് എത്രമാത്രമെന്നു വിശദമാകുന്നതാണ്. ആ ശ്ലോകം കാണുകയാൽ ദിഗ്ഗണിഭവിച്ചു ക്രോധംമൂലമോ എന്നു തോന്നുമാറു ജഗന്നാഥപണ്ഡിതർ "മനോരമാകുചമർദ്ദനം" എന്ന പ്രൌഢമനോരമാഖണ്ഡനരൂപമായ ഗ്രന്ഥത്തിൽ,

"ലക്ഷ്മീകാന്തപദാംഭോജ-മാനമ്യ ശ്രേയസാം പദം
പണ്ഡിതേന്ദ്രോ ജഗന്നാഥഃ സ്വതി ഗർവം ഗുരുദ്രുഹാം".

എന്നു ഘോഷിച്ചുകൊണ്ടു ഭട്ടോജിദീക്ഷിതരുടെ മേൽ വർഷിച്ചിട്ടുള്ള അധിക്ഷേപപരമ്പരയാൽ താൻ ആരുടെ പ്രശസ്തിക്കുവേണ്ടി ആ സാഹസത്തിനൊരുമ്പെട്ടുവോ ആ പ്രക്രിയാപ്രകാശകാരനായ ശേഷകൃഷ്ണപണ്ഡിതർ ഒരു വൈയാകരണനോ സാത്വികനായ പ്രൌഢമനോരമാകർത്താവ് ഒര് അവൈയാകരണനോ ആയിത്തീർന്നിട്ടില്ല. പ്രത്യുത, അതും ആ ഗർവിഷ്ഠനായ കവികേസരിക്ക് ഇക്കാലത്തുപോലും മാർജ്ജനംചെയ്താൽ മാഞ്ഞുപോകാത്ത ഒരു കളങ്കമായി നിലനിൽക്കുന്നതേയുള്ളു. വാസ്തവത്തിൽ അപ്പയ്യദീക്ഷിതർ വാരാണസി സന്ദർശിച്ച അവസരത്തിൽ അവിടെവെച്ചു നടന്ന ഒരു പണ്ഡിതയോഗത്തിൽ ഭട്ടോജിദീക്ഷിതർ ഷാജിഹാൻപാദഷാവിന്റെ ആസ്ഥാനപണ്ഡിതനും, ദാരാരാജകുമാരന്റെ സാഹിതീഗുരുവും ലവ്വാജി എന്ന മഹമ്മദരാജകുമാരിയെ പ്രാണപ്രേയസിയായി സ്വീകരിച്ച ഉച്ഛൃംഖലനുമായ ജഗന്നാഥപണ്ഡിതരെ മ്ലേച്ഛനെന്ന് അധിക്ഷേപിച്ചു എന്നും അതുവരെ അങ്ങനെയൊരു ധിക്കാരത്തിന് ഒരുമ്പെടാത്ത ഭട്ടോജിക്ക് അന്ന് അങ്ങനെ ചെയ്യണമെന്നു തോന്നിയതു് അപ്പയ്യദീക്ഷിതരുടെ ഉപദേശമനുസരിച്ചായിരിക്കണമെന്നു പണ്ഡിതരാജൻ അനുമാനിച്ചു എന്നും അതിന്റെ ഫലമായി ദീക്ഷിതരേയും ഭട്ടോജിയേയും അതിൽപിന്നിട്ടു താനെഴുതിയ ഗ്രന്ഥങ്ങളിലെല്ലാം അദ്ദേഹം കണക്കിലധികമായി ശകാരിച്ചു

Digitized By Kerala Sahitya Akademi

എന്നും ഐതിഹ്യമുള്ളതു വിശ്വസനീയമായിരിക്കുന്നു. ഈ സംഭവത്തെപ്പററി കാശിയിൽ അനന്തരകാലത്തിൽ ജീവിച്ചിരുന്ന മഹാപണ്ഡിതനും മഹാവൈയാകരണനുമായ നാഗേശഭട്ടൻ

"ദ്രപ്യദ്ദ്രാവിഡദുഷ്ടദുർഗ്രഹവശാൻ ക്ലിഷ്ടം ഗുരുദ്രോഹിണാ
യൻമ്ലേച്ഛേതി വചോവിചിന്ത്യ സദസി പ്രൗഢോപി ഭട്ടോജിനാ
തൽ സത്യാപിതമേവ ധൈര്യനിധിനാ യൽ സഹ്യമുൽഗാൽ കുചം
നിർബദ്ധ്യാന്യ മനോരമാമവശയന്നാപ്യപ്പയാദ്യ സ്ഥിതാൻ".

എന്ന പണ്ഡിതരാജപ്രശസ്തിപരമായ പദ്യത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഭട്ടോജിക്കു ദീക്ഷിതരിൽനിന്നു സിദ്ധിച്ച അനുഗ്രഹത്തെപ്പററി പണ്ഡിതരാജൻ,

"അപ്പയ്യദുർഗ്രഹവിചേതിതചേതനാനാ-
മായ്യദ്രുഹാമയമഹം ശമയേവലേപാൻ".

എന്നു ശബ്ദകൌസ്തുഭശാണോത്തേജനമെന്ന ഗ്രന്ഥത്തിൽ പ്രകടമായി രേഖപ്പെടുത്തിട്ടുമുണ്ട്.

ഭട്ടോജിദീക്ഷിതരുടെ അപേക്ഷയനുസരിച്ചു അപ്പയ്യദീക്ഷിതരും നക്ഷത്രവാദാവലി മുതലായി ഏതാനും ശബ്ദശാസ്ത്രഗ്രന്ഥങ്ങൾ നിർമ്മിച്ചതായി കാണുന്നു.

അപ്പയ്യദീക്ഷിതരുടെ കനിഷ്ഠസഹോദരനായ ആച്ഛാദീക്ഷിതരും ഒരു മഹാപണ്ഡിതനായിരുന്നു.

"തത്സമാനപ്രഭാവസ്യ തദനന്തരജന്മനഃ"

എന്നു ഗംഗാവതരണത്തിലും,

"ആ അപ്പയ്യദീക്ഷിതരുടെ സോദരനും വിഭൽകവിയുമായ അദ്ദേഹത്തിന്റെ മഹിമയെ ആക്കു വർണ്ണിക്കുവാൻ കഴിയും? എങ്കിലും "ഗുരു" എന്നു പേരോടുകൂടിയ ഒരു കവി ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

ശബ്ദബ്രഹ്മ ജഗാഹുഷീ; ജഗൃഹുഷീ വൈശേഷികീം; സെദുഷീ
തർക്കോന്മർദ്ദം; ഉപേയുഷീ ശ്രുതിശിഖാം; ഭാട്ടേ പദം ദാതുഷീ;
സാംഖ്യാദിനധിജഗ്മുഷീ; വിവിദുഷീ സാഹിത്യമമ്മാഖിലം;
കസ്മിംസ്തസ്യ ഹി ശേമുഷീ നൃപസഭേ! നാപൂപുഷദ്വൈദുഷീം?"

എന്നു നളചരിതനാടകത്തിലും തന്റെ പിതാമഹനായ ആ പണ്ഡിതകേസരിയെ നീലകണ്ഠദീക്ഷിതർ പ്രശംസിക്കുന്നു. അദ്ദേഹത്തിനു രണ്ടു പുത്രന്മാർ ജനിച്ചതിൽ ജ്യേഷ്ഠൻ നാരായണദീക്ഷിതരും അനുജൻ അപ്പയ്യദീക്ഷിതരുമായിരുന്നു. രുക്മിണീപരിണയനാടകത്തിന്റെ നിബന്ധാവായ

Digitized By Kerala Sahitya Akademi

ആ അപ്പയ്യദീക്ഷിതരും ഒരു "സരസകവിതാസാമ്രാജ്യസാൎവ്വഭൌമൻ" ആയിരുന്നതായി നീലകണ്ഠദീക്ഷിതർ നളചരിതനാടകത്തിൽ പ്രസ്താവിക്കുന്നുണ്ട്. തന്റെ പിതാവായ നാരായണദീക്ഷിതരെപ്പററി അദ്ദേഹം സാഹിത്യരത്നാകരം, മഹാവീരചരിതം ഇത്യാദി പ്രബന്ധങ്ങളുടെ വ്യാഖ്യാതാവും കവിലോകചൂഡാമണിയും അംബികയുടെ പുരുഷാവതാരവുമാണെന്ന് ആ തേനാടകത്തിൽതന്നെ നമ്മുടെ കഥാനായകൻ വൎണ്ണിച്ചിരിക്കുന്നു.

ക്രി. പി. 1616 മുതൽ 1650 വരെ തഞ്ചാപുരരാജധാനിയെ അലങ്കരിച്ചു ചോളരാജ്യം ഭരിച്ച സംഗീതസുധാദിവിവിധഗ്രന്ഥനിൎമ്മാതാവായ രഘുനാഥനായ്ക്കൻ സാക്ഷാൽ ഭോജരാജാവിനു സമാനനായ ഒരു വിദ്വൽപ്രഭുവായിരുന്നു. യുവരാജാവായിരുന്ന കാലത്തുതന്നെ നാരായണദീക്ഷിതർ അക്കാലത്തെ അന്യപണ്ഡിതന്മാരെക്കാൾ സംഗീതസാഹിത്യപാരദൃശ്വാവും സകലവിബുധസന്താനവുമായ രഘുനാഥനെ ആശ്രയിച്ചു തഞ്ചാവൂരിൽ താമസിച്ചിരുന്നിരിക്കണമെന്നുള്ളതിനു സംശയമില്ല. രഘുനാഥനായ്ക്കന്റെ പിതാവും പൂൎവ്വഗാമിയുമായ അച്യുതപ്പനായ്ക്കന്റെ മന്ത്രി ഗോവിന്ദദീക്ഷിതരും അപ്പയ്യദീക്ഷിതരും തമ്മിൽ വലിയ വേഴ്ചയായിരുന്നു. ഗോവിന്ദദീക്ഷിതരുടെ 23 സൎഗ്ഗത്തിലുള്ള ഹരിവംശസാരചരിതമഹാകാവ്യത്തിന് അപ്പയ്യദീക്ഷിതരാണ് ഒരു വ്യാഖ്യാനമെഴുതിയതു്. സാഹിത്യരത്നാകരം രഘുനാഥന്റെ മന്ത്രിയായ ഗോവിന്ദദീക്ഷിതരുടെ പുത്രനും അപ്പയ്യദീക്ഷിതരുടെ അന്തേവാസിയുമായ യജ്ഞനാരായണദീക്ഷിതരുടെ സ്വാമിപ്രശസ്തിപ്രകാശകമായ ഒരു മഹാഗ്രന്ഥമാണ്. അതിന് ഒരു വ്യാഖ്യാനമെഴുതുന്നതിനു നാരായണദീക്ഷിതരെ പ്രേരിപ്പിച്ച ചേതോവികാരങ്ങൾ തന്റെ സബ്രഹ്മചാരിയായ യജ്ഞനാരായണദീക്ഷിതരിലുള്ള സ്നേഹബഹുമാനങ്ങളും രഘുനാഥനായ്ക്കനോടുള്ള ഭക്തിപ്രശ്രയങ്ങളുമായിരിക്കണം.

നീലകണ്ഠദീക്ഷിതർ നാരായണാദ്ധ്വരിക്കു ഭൂമിദേവിയിൽ ജനിച്ച അഞ്ചു പുത്രന്മാരിൽ ദ്വിതീയനായിരുന്നു. ആ വസ്തുത ഗംഗാവതരണത്തിലേ,

> "ജയന്തി തനയാസ്തസ്യ പഞ്ച സൌഭ്രാത്രശാലിനഃ
> ഗൎഭദാസാ മഹേശസ്യ കവയശ്ച വിപശ്ചിതഃ;
> തേഷാമഹം ദ്വിതീയോസ്മി ഭൂമിദേവീതനൂഭവാം
> നീലകണ്ഠ ഇതി ഖ്യാതിം നീതഃ ശംഭോഃ പ്രസാദതഃ."

എന്ന പദ്യങ്ങളിൽനിന്നു വെളിവാകുന്നു. ദീക്ഷിതൎക്ക് "അയ്യാ" എന്ന് ഒരു ഓമനപ്പേരുമുണ്ടായിരുന്നു. തന്റെ ജ്യേഷ്ഠനായ ആച്ചാദീക്ഷിതർ താൻ പരിണതപ്രജ്ഞനായിത്തീൎന്നതിനുമേൽ നിൎമ്മിച്ച അതിഗഹനമായ നളചരിതനാടകത്തിന് ഒരു വ്യാഖ്യാനമെഴുതിയതായി ആ നാടകത്തിൽ നീലകണ്ഠദീക്ഷിതർ പ്രസ്താവിച്ചിരിക്കുന്നതിൽനിന്ന് അദ്ദേഹവും ഒരു വിദ്വാനും ദീൎഘായുഷ്മാനും ആയിരുന്നിരിക്കണമെന്നൂഹിക്കേണ്ടിയിരിക്കുന്നു. "അഗ്രജന്മാ ഖലു തസ്യ രസികലോകമണിരാച്ചാദീക്ഷിതോ വ്യാകരോദിദം രൂപകമനുജസ്നേഹാൽ." എന്ന ഭാഗം നോക്കുക.

Digitized By Kerala Sahitya Akademi

ഏതായാലും നീലകണ്ഠദീക്ഷിതർ സ്വപിതാവിൽനിന്നും തദനന്തരം യജ്ഞനാരായണദീക്ഷിതരുടെ കനിഷ്ഠനും അക്കാലത്തെ ഒര് ഒന്നാംതരം സംഗീതസാഹിത്യമർമ്മജ്ഞനും ശാസ്ത്രപണ്ഡിതനുമായിരുന്ന വെങ്കടേശ്വര ദീക്ഷിതരിൽനിന്നുമാണ് വിദ്യാഭ്യാസം ചെയ്തതെന്നുള്ളതിനു ധാരാളം ലക്ഷ്യമുണ്ട്. വെങ്കടേശ്വരദീക്ഷിതരുടെ കൃതികളിൽ പ്രാധാന്യം 'വാൎത്തികാഭരണം'' "കൎമ്മാന്തനിബന്ധദീപിക'' ഈ മീമാംസാഗ്രന്ഥങ്ങൾക്കും "ചതുർദ്ദണ്ഡിപ്രകാശിക'' എന്ന സംഗീതഗ്രന്ഥത്തിനുമാണ് വെങ്കടേശ്വര ദീക്ഷിതരുടെ ഉപദേശമനുസരിച്ചാണ് മഹാകവി രാജചൂഡാമണിദീക്ഷിതർ തന്റെ തന്ത്രശിഖാമണി എന്ന ഗ്രന്ഥം നിൎമ്മിച്ചതു്. തന്റെ ആ ഗുരുവിനെപ്പററി നീലകണ്ഠദീക്ഷിതരും ഗംഗാവതരണത്തിൽ:—

"വാൎത്തികാഭരണഗ്രന്ഥ-വ്യാഖ്യാനവ്യക്തനൈപുണഃ
ശ്രീവേങ്കടേശ്വരമഖീ ശിഷ്യേ മയ്യനുകമ്പതേ;

കൎത്തീ ശ്രവണേ വാണീ കോമളാം യസ്യ സാഹിതീം
കൎണ്ണപൂരശിരീഷേപി കാഠിന്യമിവ പശ്യതി;

ഭാന്തി ശിഷ്യാഃ പുരോ യസ്യ പാണിവിന്യസ്തപുസ്തകാഃ
തത്സൂക്തിജാഹ്നവീപൂര-ത്രാസേനേവ ധൃതപ്ലവാഃ."

എന്നു പുകഴ്ത്തിയിരിക്കുന്നു.

ദീക്ഷിതരുടെ അദ്വൈതവിദ്യാഗുരു കൃഷ്ണാനന്ദയതി എന്ന അപരാഭിധാനത്താൽ വിദിതനും സിദ്ധാന്തസിദ്ധാഞ്ജനത്തിന്റെ നിൎമ്മാതാവുമായ സാക്ഷാൽ ബാലകൃഷ്ണയോഗിയും, ശൈവമതഗുരു മഹാഗണപതികല്പം, പ്രപഞ്ചസാരം മുതലായ മന്ത്രഗ്രന്ഥങ്ങളുടെ നിൎമ്മാതാവും അക്കാലത്തേ ഒരു മഹായോഗീശ്വരനുമായിരുന്ന ഗീൎവ്വാണേന്ദ്രസരസ്വതിയുമായിരുന്നു. ബാലകൃഷ്ണയോഗിയേപ്പററി ശിവതത്വരഹസ്യത്തിൽ,

"ശ്രീകൃഷ്ണാനന്ദയോഗീന്ദ്ര-ചരണാംബുരുഹദ്വയം
ധൎമ്മാൎത്ഥകാമമോക്ഷാണാം നിദാനം നിത്യമാശ്രയേ."

എന്നും,

ഗീൎവ്വാണേന്ദ്രസരസ്വതിയെപ്പററി ശിവലീലാൎണ്ണവത്തിൽ,

"അദ്ധേ തനോരദ്രിസുതാമയോസ്മീ-ത്യഹംയുവാ കിം ഫലമാദിയൂനാ?
ഗീൎവ്വാണയോഗീന്ദ്രമുപാസ്മഹേ തം സൎവ്വാത്മനാ ശൈലസുതാത്മകോ യഃ."

എന്നും ഉള്ള പദ്യങ്ങളിൽ ശിഷ്യൻ സ്മരിക്കുന്നു. കാലാന്തരത്തിൽ ശൃംഗാരകോശഭാണാദിനാനാഗ്രന്ഥകൎത്താവായിത്തീൎന്ന തന്റെ തൃതീയപുത്രന് ആ ഗുരുവിനെ അഭിമാനിച്ചു ഗീൎവ്വാണേന്ദ്രൻ എന്നാണ് ദീക്ഷിതർ പേരിട്ടതു്.

Digitized By Kerala Sahitya Akademi

ഈ ഗീർവ്വാണേന്ദ്രസരസ്വതി അമരേന്ദ്രസരസ്വതിയുടെ അന്തേവാസിയായ വിശ്വേശ്വരസരസ്വതിയുടെ ശിഷ്യനായിരുന്നു. ആ പുണ്യശ്ലോകനേപ്പാറി ദീക്ഷിതരുടെ സമകാലികന്മാരായ കവിമുഖ്യന്മാർക്ക് എത്രമാത്രം ബഹുമാനമുണ്ടായിരുന്നു എന്നുള്ളതു താഴെ ഉദ്ധരിക്കുന്ന രാജചൂഡാമണിദീക്ഷിതരുടെ ശങ്കരാഭ്യുദയമഹാകാവ്യപദ്യങ്ങളിൽനിന്നു വെളിവാകും.

"ശർവ്യാശ്ചരമേ യാമേ ശയാനസ്സ കദാചന
ഗീർവ്വാണേന്ദ്രഗുരും ബുദ്ധ്വാ ഗീർവ്വാണേന്ദ്രമലോകത

അനുഗ്രഹാദാപ്തവിദ്യ-മമരേശ്വരയോഗിനഃ
വിശ്വേശ്വരയതീശാന-വിനേയം വിനയോജ്വലം

ദ്രഷ്ടുമായശങ്കരാചാര്യം പാരേവാചാമവസ്ഥിതം
പ്രപഞ്ചസാരപ്രമുഖ-പ്രബന്ധകൃതിവേധസം

പ്രത്യഗ്ബ്രഹ്മൈകനിധ്യാന-പ്രഹസന്മുഖപങ്കജം
തത്തന്മന്ത്രാനുസന്ധാന-തൽപരം തമസഃ പരം.

കൃപയാ ചോദിതസ്തേന കൃപണാനുജിഘൃക്ഷുണാ
സ ചേദം കുരുതേ കാവ്യം ശങ്കരാഭ്യുദയാഭിധം."

ഇങ്ങനെ ഒന്നിലധികം ആചാര്യന്മാരെ താൻ വരിച്ചിരുന്നുവെന്നുവരികിലും സ്വപിതാവിനെത്തന്നെയാണ് മുഖ്യഗുരുവായി താൻ കരുതിയിരുന്നതെന്നും അദ്ദേഹത്തിന്റെ പ്രസാദത്താലാണ് തനിക്കു ശാസ്ത്രങ്ങളിലും സാഹിത്യത്തിലും പ്രാവീണ്യം സിദ്ധിച്ചതെന്നും ദീക്ഷിതർ നളചരിതനാടകത്തിൽ തുറന്നു പ്രസ്താവിച്ചിട്ടുണ്ട്. ആ നാടകത്തിലേ പ്രസ്താവനയിൽ "ആരുടെ അനുഗ്രഹം നിമിത്തമാണ് ദീക്ഷിതർക്കു ശാസ്ത്രസാഹിത്യങ്ങളിൽ പ്രാഗല്ഭ്യം ലഭിച്ച"തെന്നു പാരിപാർശ്വികൻ ചോദിക്കുകയും അതിനു മറുപടിയായി സൂത്രധാരൻ "സാക്ഷാൽ പരദേവതയുടേയും ആ ദേവതയുടെ അവതാരമായ നാരായണാദ്ധ്വരിയുടേയും പ്രസാദംകൊണ്ടല്ലാതെ അതു സംഭവിക്കുമോ? കവി തന്നേ ഇങ്ങനെ പറഞ്ഞിരിക്കുന്നുവല്ലോ.

ചന്ദ്രശേഖരസവ്യാംഗ-ചരണോന്മാർജനാംഭസാം
വിവർത്താ ജഗദുത്സംഗേ വിഹരന്തി മദുക്തയഃ.
നാരായണാധ്വരീന്ദ്രായ നമോസ്തു ജ്ഞാനസിന്ധവേ;
ശാരദാ യൽകടാക്ഷാണാം-സാമ്രാജ്യേ തനകിങ്കരാ."

എന്നു പറയുകയും ചെയ്യുന്നു.

വിദ്യാഭ്യാസാനന്തരം ദീക്ഷിതർ ഏതു കാരണവശാലോ മധുരയ്ക്കുപോയി അന്നു പാണ്ഡ്യരാജ്യം ഭരിച്ചിരുന്ന സുഗൃഹീതനാമാവായ തിരുമലനായ്ക്കന്റെ സദസ്യരത്നമായിത്തീർന്നു. താൻ ഒരാചാര്യനേപ്പോലെ വന്ദിച്ചിരുന്ന അപ്പയ്യദീക്ഷിതരുടെ പൌത്രനും വിദ്യാസമ്പന്നനായ ഒരു ബാലനു

Digitized By Kerala Sahitya Akademi

മാണല്ലോ എന്നുള്ള വിചാരമായിരിക്കണം, നായ്ക്കന്റെ ദീക്ഷിതരുടെ മേലുള്ള വാത്സല്യത്തിന്നു നിദാനമായിത്തീൎന്നതു്. തഞ്ചാവൂരിലേയും മധുരയിലേയും രാജവംശങ്ങൾക്കു തമ്മിൽ നൈസൎഗ്ഗികമായുണ്ടായിരുന്ന കിടമത്സരം നിമിത്തം അദ്ദേഹത്തിന്നു തഞ്ചാവൂരിൽചെന്ന് അന്നത്തേ ദക്ഷിണഭോജരാജാവിന്റെ ആതിത്ഥ്യം സ്വീകരിക്കുന്നതിനോ അദ്ദേഹത്തിന്റെ അപദാനങ്ങളെ പുരസ്കരിച്ചു് ഒരു ഗ്രന്ഥമെഴുതുന്നതിനോ സാധിച്ചില്ല. അഥവാ അന്തർമ്മുഖനെന്നും ത്യക്തവിചാരപ്രവൃത്തനെന്നും തന്നെപ്പററി കൂടെക്കൂടെ അഭിമാനിച്ചുവന്ന അദ്ദേഹത്തിന്നു കേവലമായ നരസ്തുതി അരുചികരമായിരുന്നതിനാൽ രഘുനാഥന്റെ സദസ്സിൽ പ്രവേശം ലഭിക്കാത്തതു് ഒരു കണക്കിന്നു സമുചിതമായെന്നും പറയാതെ തരമില്ല. കുറേക്കാലത്തേക്കു തിരുമലനായ്ക്കൻ നമ്മുടെ ദീക്ഷിതരെ രഘുനാഥൻ ഗോവിന്ദദീക്ഷിതരേയും ശാഹജി ഗംഗാധരദീക്ഷിതരേയുമെന്നതുപോലെ തന്റെ മന്ത്രിപദത്തിൽ നിയോഗിച്ചതായും ചരിത്രത്തിൽനിന്നു് ഏറെക്കുറെ വെളിപ്പെടുന്നുണ്ടു്.

അപ്പയ്യദീക്ഷിതർ ദേഹവിയോഗം ചെയ്ത അവസരത്തിൽ നീലകണ്ഠദീക്ഷിതൎക്കു പന്ത്രണ്ടുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളുവെന്നും മരണത്തിന്നുമുമ്പു ദീക്ഷിതർ തന്റെ പതിനൊന്നു പുത്രന്മാരേയും വിളിച്ചു ബാലനായ നീലകണ്ഠനെ ചൂണ്ടിക്കാണിച്ചുകൊണ്ടു്

"ഏകാകിനം ശിശുമധീതസമസ്തവിദ്യം
ശശ്വൽ സദക്ഷ്യഥ സുതാ ഇമമാദരേണ;
കാലേന പാണ്ഡ്യനൃപതേരധിഗത്യ സോഽപി
സാചിവ്യമുദ്ധൃതയശാശ്ശിവശാസനാൽ സ്യാൽ."

എന്നു ദീൎഘദൎശനംചെയ്തു് ആ കുട്ടിയെ ആശീൎവ്വചനങ്ങളേക്കൊണ്ടു് അനുഗ്രഹിച്ചു എന്നും ദീക്ഷിതരുടെ നിൎയ്യാണത്തിന്നുമേൽ പന്ത്രണ്ടുദിവസംകഴിഞ്ഞു കുട്ടി മധുരയിലേക്കു പോകുകയും അവിടെ കാലാന്തരത്തിൽ മീനാക്ഷീദേവിയുടെ കടാക്ഷപാത്രവും പാണ്ഡ്യരാജാവിന്റെ മന്ത്രിയുമായിത്തീരുകയും ചെയ്തു എന്നും ശിവാനന്ദയോഗി പ്രസ്താവിക്കുന്നതു ത്യാഗരാജദീക്ഷിതരുടെ അപ്പയ്യദീക്ഷിതനവരത്നമാലികയിൽ കാണുന്ന

"യേഷാമാശീൎഗ്ഗിരാഭൂദഖിലകുശലഭാങ് നീലകണ്ഠാദ്ധ്വരീന്ദ്രഃ"

എന്ന പ്രസ്താവനയ്ക്കു് അനുരൂപമായിരിക്കുന്നു. ഈ ഐതിഹ്യരേഖ ശരിയാണെങ്കിൽ ദീക്ഷിതർ ക്രി. പി. 1612-ൽ ഭൂലോകജാതനായിരിക്കണം.

മധുരയിലേ പ്രസിദ്ധമായ മീനാക്ഷീസുന്ദരേശ്വരമഹാക്ഷേത്രം ജീൎണ്ണോദ്ധാരണംചെയ്തതിന്നുമേൽ തിരുമലനായ്ക്കൻ അതിലേ ഉത്സവംമുതലായ ആട്ടവിശേഷങ്ങൾക്കുംമററും വേണ്ട പതിവുകൾ ഏൎപ്പെടുത്തിയതു് നീലകണ്ഠദീക്ഷിതരുടെ ഉപദേശപ്രകാരമായിരുന്നു. ഗംഗാവരണത്തിൽ ഭഗീരഥന്റെ രാജ്യഭാരം വൎണ്ണിക്കുന്ന കാലത്തിൽ തിരുമലനായ്ക്കന്റെ ജനരഞ്ജകമായ ജ

Digitized By Kerala Sahitya Akademi

ഗതീപരിപാലനം ദീക്ഷിതരുടെ സ്മൃതിപഥത്തിൽപെട്ടിരുന്നു എന്നുള്ളതിനു സംശയമില്ല.

"ദയാലുരപഥഭൃതേഷു ദണ്ഡ്യേഷ്വപാസിൽ സ നിർദ്ദയഃ;
സംജീവനോപി ലോകാനാം ചന്ദ്രമാഃ പഥികാന്തകഃ

ന ദണ്ഡ്യം മുമുചേ കഞ്ചിൽ; ന വാ കഞ്ചിദദണ്ഡയൽ;
തഥാപി യുക്തദണ്ഡസ്സ ദയാലുരിതി പപ്രഥേ.

ഉചിതേഷ്വപദിശദ്വൃഷ്ടി-മുദാസീനഃ പരേഷു ച
ശുശ്രാവ ച ന ശുശ്രാവ സ വാചമനുജീവിനാം.

ജാതഃ കോപോ ന ഭൃത്യേഷു; ജാതോപി ന നിഗൃഹീതഃ;
നിഗൃഹീതോപി ന ചിര മാസ്ഥ ചിത്തേസ്യ കോമളേ.

തസ്യാസൻ പ്രാക്തനാ ഏവ സേനാമന്ത്ര്യനുജീവിനഃ;
നവം യശോ നവഃ കോശോ-നവം രാജ്യം ച കേവലം.

ന്യസ്തമംസതലാൽ പാണൈഃ സവ്യാനമപിവർത്മസു.
സാതങ്കമാദദേ ഭൃയ-സ്തരദ്ഭിസ്തസ്യ ശാസനം."

ഇത്യാദി പദ്യങ്ങളിൽ ഏകച്ഛത്രാധിപതിയായ തിരുമലനായ്ക്കന്റെ പ്രചണ്ഡരമണീയമായ പ്രജാപാലനക്രമത്തിന്റെ പ്രതിഫലനം സ്ഫുരിക്കുന്നു അതുപോലെതന്നെ ശിവലീലാൎണ്ണവം അഞ്ചാംസർഗ്ഗവും കലിവിഡംബനത്തിലും സഭാരഞ്ജനത്തിലുമുള്ള ഏതാനും ഭാഗങ്ങളും ഉജ്ജ്വലമായ ഏതോ രാജസദസ്സുമായി ഒന്നിലധികംവിധത്തിൽ ഇടപഴകി തഴക്കംവന്നിട്ടുള്ള ഒരു വിദ്വൽകേസരിക്കല്ലാതെ നിർമ്മിക്കുവാൻ സാധിക്കുന്നതല്ല. ഏതായാലും തിരുമലനായ്ക്കന്റെ സദസ്യനായും, മീനാക്ഷീദേവിയുടെ ഭക്തനായും ദീക്ഷിതർ വളരെക്കാലം മധുരയിൽതന്നെ താമസിച്ചു. അദ്ദേഹത്തിന്റെ ഒരു മഹാഗ്രന്ഥമായ നീലകണ്ഠവിജയചമ്പുവിന്റെ നിർമ്മിതി അവസാനിച്ചതു കലിവൎഷം 4738-നു സമമായ ക്രി. പി. 1638-ൽ ആണെന്നുള്ളതിന് അതിന്റെ അവതാരഘട്ടത്തിലുള്ള,

"അഷ്ടത്രിംശദുപസ്കൃത-സപ്തശതാധികചതുസ്സഹസ്രേഷു
കലിവൎഷേഷു ഗതേഷുഗ്രഥിതഃ കില നീലകണ്ഠവിജയോയം."

എന്ന പദ്യം സാക്ഷി നിൽക്കുന്നു. അന്നു ദീക്ഷിതൎക്കു പന്ത്രണ്ടു വയസ്സുമാത്രമേ തികഞ്ഞിരുന്നുള്ളു എന്നു് ഒര് ഐതിഹ്യം ഉള്ളതു കേവലം അവിശ്വസനീയമാണെന്നുള്ളതിന് അതിലെ ശൃംഗാരാദിവൎണ്ണനകളുടെ തന്മയത്വത്തിനു പുറമേ ഗ്രന്ഥാന്തത്തിലുള്ള,

"വാചം വ്യാകുരുതേ ചിരന്തനഗിരം മീമാംസതേ ചോഭയീം
പാന്ഥഃ കാവ്യപഥേഷു പാദകമലേ സക്തഃ പുരാരേരിതി
മാമേതൽകഥയിഷ്യതീതി രചിതം കാവ്യം മയാ തൽപുന-
സ്താവദപക്ഷ്യതി വാ ന വാ; തദുപരി ന്യസ്തസ്സമസ്തോ ഭരഃ"

Digitized By Kerala Sahitya Akademi

എന്ന പദ്യവും പര്യാപ്തമായ ലക്ഷ്യമാണ്. പന്ത്രണ്ടു വയസ്സു മാത്രമായ ഒരു കുട്ടിക്കുണ്ടോ ശബ്ദശാസ്ത്രത്തിലും പൂർവോത്തരമീമാംസകളിലും പ്രാഗത്ഭ്യം സിദ്ധിക്കുന്നു? ക്രി. പി 1612-ലാണ് ദീക്ഷിതരുടെ ജനനമെന്നു മുൻപു ഞാൻ ഐതിഹ്യത്തെ അടിസ്ഥാനപ്പെടുത്തി പ്രസ്താവിച്ചതു ശരിയായാലും അല്ലെങ്കിലും അപ്പയ്യദീക്ഷിതരുടേയും നാരായണദീക്ഷിതരുടേയും ആയുസ്ഥിതിയെ അനുമിക്കുകയാണെങ്കിൽ അദ്ദേഹം ജനിച്ചതു് ഏകദേശം ക്രി. പി. 1600-ന് ഇടയ്ക്കു് ആയിരിക്കണമെന്നുള്ളതു നിസ്സംശയമാണ്. അങ്ങനെയാണെങ്കിൽ നീലകണ്ഠവിജയനിർമ്മാണകാലത്തിൽ കവിക്ക് ഉദ്ദേശം മുപ്പതു വയസ്സായിരുന്നിരിക്കണം. അതിൽ പിന്നീടാണ് ഇരുപത്തിരണ്ടു സർഗ്ഗത്തിൽ മഹാപ്രസിദ്ധമായ ശിവലീലാർണ്ണവമഹാകാവ്യം നിർമ്മിച്ചതു്. അതിനു മേൽ എട്ടു സർഗ്ഗത്തിൽ ഗംഗാവതരണമെന്നൊരു കാവ്യവും നളചരിതം നാടകവുമുണ്ടാക്കി. നീലകണ്ഠവിജയത്തിനും നളചരിതത്തിനുമിടയ്ക്കായിരിക്കണം "ഷഡ്ഗ്രന്ഥി" എന്ന പേരിൽ അറിയപ്പെടുന്ന കലിവിഡംബനം, സഭാരഞ്ജനം, അന്യാപദേശശതകം, ആനന്ദസാഗരസ്തവം, വൈരാഗ്യശതകം, ശാന്തിവിലാസം എന്നീ ആറു ലഘുകാവ്യങ്ങളുടേയും നിർമ്മാണം. ഇവയിൽ ഉൾപ്പെടാത്ത ശിവോൽകർഷമഞ്ജരി കവി നീലകണ്ഠവിജയത്തിനു മുമ്പുതന്നെ രചിച്ചിരുന്നിരിക്കാനാണ് ഇടയുള്ളതു്. കലിവിഡംബനവും സഭാരഞ്ജനവും രാജസദസ്സുകളിൽ കവികളും മററും ശോഭിക്കുന്നതിന് അവക്ക് ഉപദേശരൂപമായി രചിക്കപ്പെട്ട കൃതികളാണെന്നുള്ളതിന് അവയിൽതന്നെ ലക്ഷ്യമുണ്ട്.

"കവിനാ നീലകണ്ഠേന കലേരേതദ്വിഡംബനം
രചിതം വിദുഷാം പ്രീത്യൈ രാജാസ്ഥാനാനുമോദനം."

എന്ന കലിവിഡംബനപദ്യവും,

"നിർമ്മിതം ശതകം സാഗ്രം നീലകണ്ഠേന യജ്വനാ;
സഭാരഞ്ജനമേതേന സാധയന്തു മനീഷിണഃ."

എന്ന സഭാരഞ്ജനപദ്യവും പരിശോധിക്കുക.

"ന ഗൃഹീതം ശ്രുതിഹൃദയം;-ന ച ന ഗൃഹീതം;പരിപ്ലവം ഹൃദയം;
ഇച്ഛാമി ച ധാമ പരം;-ഗച്ഛാമി തു വിശ്വനാഥപുരീം."

എന്ന വൈരാഗ്യശതകപദ്യത്തിൽനിന്നു് അതു നിർമ്മിച്ച കാലത്തു കവിക്കു കാശിയോളം തീർത്ഥാടനം ചെയ്യുവാൻ ആഗ്രഹമുണ്ടായിരുന്നു എന്നു കാണാവുന്നതാണ്. ദൈവവശാൽ അതു സാധിക്കാതെ വരികയാൽ അതിനൊരു പരിഹാരമെന്നപോലെയാണ് ഗംഗാവതരണകാവ്യം രചിച്ചതു്.

"സതി സഹ്യസുതാതീരേ സതി ത്ര്യമ്ബകശീലനേ
ഗന്തും നിശ്ചിതവാനസ്മി ഗംഗാം കേനാപി ഹേതുനാ?
തപസാ ലഭ്യതാം തസ്യാ-സ്തപസശ്ച കഠോരതാം
പശ്യൻ വാചാ തപസ്യാമി-കാവ്യസന്ദർഭരൂപയാ."

Digitized By Kerala Sahitya Akademi

എന്ന ഗംഗാവതരണപദ്യങ്ങളിൽ വൈകനദിതീരത്തിൽ വേദാന്തപരിശീലനവും താദൃശമായ കാവ്യനിമ്മാണവുംകൊണ്ടു തനിക്കു ഗംഗാസ്നാനഫലം സിദ്ധിക്കുമെന്നു കവി സമാശംസിക്കുന്നു. നളചരിതനാടകത്തിൽ പാരിപാർശ്വികൻ "വേദാന്തവിചാരത്തിൽ ലീനനായ ഈ കവിയുടെ ഹൃദയം എങ്ങനെയാണ് സാമാന്യമായ നാടകനിമ്മാണത്തിൽ പ്രവൃത്തമായതു്?" എന്നു ചോദിക്കുന്നതിനുത്തരമായി സൂത്രധാരൻ "അതിനു കവി തന്നെ തക്ക സമാധാനം താഴെക്കാണുന്ന വിധത്തിൽ എഴുതീട്ടുണ്ടല്ലോ.

"കാലം ജേതുമുപായമൌ ദ്വൌ കലികന്മഷസംപ്ലുതം;
കഥാ വാ നിഷധേശസ്യ കാശീ വാ വിശ്വപാവനീ."

എന്നു പറഞ്ഞിരിക്കുന്നതും മേൽ വിവരിച്ച സംഗതിക്കു മറെറാരു തെളിവാകുന്നു. കാശിക്കു പോകുവാൻ തനിക്കു സാധിക്കായ്ക നിമിത്തമാണ് ഗംഗാസ്നാനംപോലെ കലികന്മഷനാശനമായ നളചരിതത്തെ ഇതിവൃത്തമാക്കി ഒരു രൂപകം നിമ്മിക്കുവാൻ കവി ഒരുമ്പെട്ടതു്. നളചരിതമാണ് ദീക്ഷിതരുടെ ഒടുവിലത്തെ കൃതി എന്നു തോന്നുന്നു. അതു കാഞ്ചീപുരനാഥൻെറ കാമാക്ഷീപരിണയമഹോത്സവത്തിൽ അഭിനയത്തിനുവേണ്ടി നിമ്മിക്കപ്പെട്ടതെന്നു പ്രസ്താവനയിൽനിന്നു സ്പഷ്ടമാകുന്നതിനാൽ അക്കാലത്തു ദീക്ഷിതർ മധുര വിട്ടു കാഞ്ചീപുരത്തോ ചിദംബരത്തോ താമസിച്ചിരുന്നിരിക്കണമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അതു് ആറങ്കമെഴുതിത്തീർത്തപ്പോഴേക്കും കവി യശശ്ശരീരനായിത്തീരുകയാൽ ഗ്രന്ഥം സമാപ്തമായിട്ടില്ല. ഗ്രന്ഥാവസാനത്തിൽ "ഇത്ര മാത്രമേ കവിയാൽ പ്രണീതമായിട്ടുള്ളു. ഇതരബുദ്ധിശോധനത്തിനു വേണ്ടിയാണ് ഇവിടെവച്ചു കവി വിരമിച്ചതു്. മഹാവീരചരിതം പൂരിപ്പിക്കുന്ന കവി ഈ നാടകവും പൂരിപ്പിക്കട്ടെ". എന്നു കാണുന്നതു് അനന്തരകാലികന്മാരായ ലേഖകന്മാരുടെ കൂട്ടിച്ചേർപ്പാണെന്നേ അനുമാനിക്കുവാൻ തോന്നുന്നുള്ളു.

"അപ്പദീക്ഷിതസഹോദരവിദ്വ-ച്ഛ്രീനൃസിംഹമഖിപൌത്രവരേണ
നീലകണ്ഠമഖിനാ കൃതമേത-ന്നാടകം നളചരിത്രപവിത്രം."

എന്ന് ആ ഗ്രന്ഥാവസാനത്തിൽ കാണുന്ന ഒരു പദ്യത്തിൽനിന്ന് അപ്പയ്യദീക്ഷിതരുടെ കനിഷ്ഠസഹോദരനായ ആച്ചാദീക്ഷിതരുടെ യഥാത്ഥനാമധേയം നരസിംഹനെന്നായിരുന്നുവെന്നു കാണാം.

ഏകദേശം ആ കാലത്തോടടുപ്പിച്ചുതന്നെയായിരിക്കണം ശാന്തിരസത്തിൻെറ ലാസ്യരംഗമായ ശാന്തിവിലാസഖണ്ഡകാവ്യത്തിൻെറയും നിമ്മാണം. രാജാക്കന്മാരുടെ സദസ്യത്വത്തിലും ദാസത്വത്തിലും വിരക്തി വന്നു മോക്ഷപദവിയെ മാത്രം കാംക്ഷിക്കുന്ന ഒരു വയോവൃദ്ധൻെറ പകപാവനമായ വികാരപരമ്പരയാണ് ആ കാവ്യത്തിൽ ആപാദചൂഡം ഒരഭിനവഗംഗപോലെ പ്രവഹിക്കുന്നതു്.

"വംശേ കസ്മിന്നജനിഷി? കയോഃ പുത്രതാമഗ്രഹീഷം?
കത്യശ്രൌഷം? തദപി കതിധാ? തച്ച സദ്ഭ്യഃ കതിഭ്യഃ?

Digitized By Kerala Sahitya Akademi

കിം നാഭ്രാക്ഷം? വ്യസനമപി വാ കിം സുഖം നാന്വഭ്രവൻ?
നോപാരംസീത്തദപി ഹൃദയം; കീദൃശോ മേ വിപാകഃ?"

എന്ന അതിലെ ആദിമപദ്യം ദീക്ഷിതരുടെ ആക്കാലത്തെ അന്തഃകരണഗതിയുടെ പ്രസ്ഫുടമായ പ്രതിബിംബമാണെന്നുള്ളതിനു സംശയമില്ല.

"ആകൌമാരാൽ ഗുരുചരണശുശ്രൂഷയാ ബ്രഹ്മവിദ്യാ-
സ്വാദ്ധ്യായാസ്ഥാമഹഹ! മഹതീമർജിതം കൌശലം യൽ
നിദ്രാഹേതോന്നിശി നിശി കഥാഃ ശൃണ്വതാം പാർത്ഥിവാനാം
കാലക്ഷേപൌപയികമിദമപ്യാഃ കഥം പശ്യണംസീൽ?"

എന്ന ആ കാവ്യത്തിലെ പദ്യത്തിൽനിന്നു തന്റെ അദ്ധ്യാത്മവിദ്യാജ്ഞാനം ദീക്ഷിതർക്കു് ഒരുകാലത്തു രാജാക്കന്മാൎക്കു് ഉറക്കം വരാൻ കഥ പറഞ്ഞു കേൾപ്പിക്കുന്ന കൂട്ടത്തിൽ കാലക്ഷേപമാർഗ്ഗമായി ഉപയോഗിക്കേണ്ടിവന്നിരുന്നു എന്നും കാണാവുന്നതാണു്

ഇവ കൂടാതെ കൈയടവ്യാഖ്യാനം എന്നു വ്യാകരണസംബന്ധമായും ശിവതത്വരഹസ്യം എന്നു ശ്രീകണ്ഠമതദ്യോതകമായും ഓരോ ശാസ്ത്രഗ്രന്ഥം കൂടി ദീക്ഷിതർ ഓരോ കാലത്തു നിർമ്മിച്ചിട്ടുള്ളതായി കാണുന്നു.

നീലകണ്ഠദീക്ഷിതർ സാക്ഷാൽ രാമഭദ്രദീക്ഷിതരുടെ സാഹിത്യവിദ്യോപദേഷ്ടാവായിരുന്നു എന്നുള്ളതു സുപ്രസിദ്ധമാണല്ലോ.

"യസ്യ സ്തൌതി മതിം മനീഷിസദസി ശ്രീനീലകണ്ഠാദ്ധ്വരീ"

എന്നു ജാനകീപരിണയം നാടകത്തിലും,

"പാരിപാർശ്വിക! അങ്ങു കാണുന്നില്ലേ? ഈ നാലുപുറവും ദുഷ്കവികളാൽ ഉപഹതമായ സരസകവിതാകന്ദളത്തിന്റെ പുനരുജ്ജീവനത്തിനായി ഭൂമിയിൽ ഗൂഢമായവതരിച്ച സരസ്വതീദേവിതന്നെയാണു് താൻ എന്നു കാണിച്ചുകൊണ്ടു സർവതന്ത്രങ്ങളേയും അന്യാദൃശമായ സ്വാതന്ത്ര്യത്തോടു കൂടി വിവരണം ചെയ്യുന്ന നീലകണ്ഠദീക്ഷിതരുടെ സദസ്സിൽ ഒരിക്കലെങ്കിലും പ്രവേശിച്ചവനു സരസപദസന്ദർഭവൈദഗ്ദ്ധ്യം സമുല്ലസിക്കാതെയിരിക്കുകയില്ലല്ലോ. അങ്ങനെയിരിക്കെ, ആ മഹാത്മാവിന്റെ ശിഷ്യനും വിശേഷിച്ചു് അദ്ദേഹത്തിന്റെ ഭജനത്തിൽ ആന്തരക്തനുമായ ഈ കവിയുടെ കാൎയ്യം പ്രത്യേകിച്ചു പറയേണ്ടതുണ്ടോ?" എന്നു ശൃംഗാരതിലകം ഭാണത്തിലും കവി തന്റെ ഗുരുവിനെ പ്രശംസിക്കുന്നതിൽനിന്നു് ആ രണ്ടു ഗ്രന്ഥങ്ങളുടേയും നിർമ്മാണകാലങ്ങളിൽ നീലകണ്ഠദീക്ഷിതർ ജീവിച്ചിരുന്നുവെന്നു ഊഹിക്കാവുന്നതാണു്. ശൃംഗാരതിലകഭാണത്തിന്റെ നിർമ്മാണകാലത്തിൽ തന്നെ രാമഭദ്രദീക്ഷിതർ അതീതയൌവനനായിരുന്നുവെന്നു തനിക്കു താദൃശങ്ങളായ രാഘവപരങ്ങളല്ലാത്ത കാവ്യങ്ങൾ രചിക്കുന്നതിലുള്ള വൈമുഖ്യത്തെപ്പററിയുള്ള പ്രസ്താവനയിൽനിന്നു് അദ്ധ്യാഹരിക്കാം. ക്രി. പി.

Digitized By Kerala Sahitya Akademi

1693-ൽ ശാഹജിയുടെ തിരുവിശനല്ലൂർഗ്രാമദാനാവസരത്തിൽ രാമഭദ്ര ക്ഷിതർ ജീവിച്ചിരിക്കുകയും അതിൽ പിന്നീടു് അനേകം ഗ്രന്ഥങ്ങൾ രചി ക്കുകയും ചെയ്തു. ഇതിൽനിന്നെല്ലാം തൻെറ പിതാമഹനെപ്പോലെ നീല കണ്ഠദീക്ഷിതരും എഴുപതുവയസ്സിനുമേൽ ജീവിച്ചിരുന്നു എന്നു് അനുമാനി ക്കുന്നതിൽ പ്രമാദമില്ല.

ശാസ്ത്രപഥത്തിൽ അപ്പയ്യദീക്ഷിതരോളം തന്നെയില്ലെങ്കിലും സാ ഹിത്യപഥത്തിൽ അദ്ദേഹത്തേക്കാൾ അധികമായ ഒരു യശസ്സു നീലകണ്ഠ ദീക്ഷിതർ തൻെറ ജീവിതകാലത്തിൽത്തന്നെ സമാർജ്ജിച്ചിരുന്നു.

"ഹാലാസ്യേശിതുരീശിതുര്യ്യദി സഖേ! ലീലാസു ശുശ്രൂഷസേ;
തൽസർവ്വാഗമഗുപ്തമസ്യ യദി വാ തത്വം വിജിജ്ഞാസസേ;
പാരം വാഥ ദിദൃക്ഷസേ യദി പരം കാവ്യാഗമസ്രോതസാം;
തൽ കർണ്ണേ കുരു നീലകണ്ഠമഖിനാം വാചം ശിവൈകാശ്രയാം."

എന്ന ശിവലീലാർണ്ണവപദ്യത്തിൽ താൻ ചെയ്തിരിക്കുന്ന ആത്മപ്രശം കേവലം ഭൂതാർത്ഥപ്രസ്താവമാണെന്നുള്ളതിനു മുന്നുദ്ധരിച്ച രാമഭദ്രദീക്ഷിര ടെ പ്രശസ്തിപത്രത്തിനു പുറമേ തൻെറ കനിഷ്ഠൻ ആതിരാത്രയജ്വാ ൻെറ കുശകുമുദ്വതീയനാടകത്തിൽനിന്നും പുത്രൻ ഗീർവ്വാണേന്ദ്രദീക്ഷിതരു ശൃംഗാരകോശത്തിൽനിന്നും താഴെ ഉദ്ധരിക്കുന്ന ഭാഗങ്ങളും തെളിവാണ .അതിരാത്രയജ്വാവു് പ്രതിരഘുവംശം മുതലായ മററനേകം കാവ്യങ്ങളു യും നിർമ്മാതാവായിരുന്നതായി കാണുന്നു.

"വിദ്വദ്വാദവിവാദകാലയുഗപദ്വിഷ്ഫൂർത്ത്യഹംപൂർവ്വികാ-
നിര്യ്യദ്യുക്തിസഹസ്രദർശിതനിജാഹീന്ദ്രാവതാരാകൃതിഃ
കർത്തും കാരയിതും തഥാ രസയിതും കാവ്യാനി നവ്യാന്യലം-
ഭൂഷ്ണുർഭാതി സഭാസഭാജിതമതിഃ ശ്രീനീലകണ്ഠാദ്ധ്വരീ.

അദ്ദേഹമാകട്ടേ ഭരദ്വാജകുലപാരാവാരപാരിജാതവും, സകലകലാസാ മ്രാജ്യസിംഹാസനാധിപതിയും തത്രഭവാൻ ശ്രീമാൻ നാരായണാദ്ധ്വരിയുടെ തപഃപരിപാകവും, കാവ്യങ്ങളുടെ കർത്താവും, തന്ത്രങ്ങളുടെ വ്യാകർത്താവും, ക്രതുക്കളുടെ ആഹർത്താവും, സകലരാജസഭകളിലും വ്യാഹർത്താവും, ദിഗന്ത വിശ്രാന്തകീർത്തിയും, അപാരമഹിമാവും, മാനുഷരൂപം ധരിച്ച സാക്ഷാൽ ദാക്ഷായണീവല്ലഭനും, ശ്രീകണ്ഠമതസർവ്വസ്വവേദിയുമാകുന്നു. ആ സഭാനേ താവിൻെറ അനുജന്മാവും, വിദിതവേദിതവ്യനും, കവിലോകമിത്രവുമായ അതിരാത്രയജ്വാവാണു് ഈ നാടകത്തിൻെറ നിർമ്മാതാവു് "

(കുശകുമുദ്വതീയം.)

"അസ്ത്യസ്തോകഗുണോ ഹിമാദ്രിശിഖരോത്സംഗാപതജ്ജാഹ്നവീ-
സാഹങ്കാരതരംഗസംഘസഹജശ്രീഹാരിസൂക്തിക്രമഃ
കിഞ്ചോന്മൂലയിതും കലാസു സുദൃഢികർത്തും കലാസു പ്രഭു-
സ്സുർവ്വജ്ഞോ ഹരിദന്തവിശ്രുതയശാഃ ശ്രീനീലകണ്ഠാദ്ധ്വരീ;

Digitized By Kerala Sahitya Akademi

എന്നു മാത്രവുമല്ല,

യസ്മിൻ ക്ഷോണിഭുജാം സഭാസു വിദുഷാമഗ്രേസരേ ജാതുചിൽ
സ്വാതന്ത്ര്യം വിവിധം വിവൃണ്വതി നിജം സർവാസു വിദ്യാസ്വപി
ജായന്തേ ഗഗനപ്രചോദിതദൃശഃ സ്തബ്ധോപലബ്ധിക്രമാഃ
സേഷ്ടാംഭഃകണസിക്തസർവതനവോ ദിന്നാഃ പ്രതിദ്വന്ദ്വിനഃ.

ആ ഭരദ്വാജകുലജലധികൌസ്തുഭവും, കൈയടവ്യാഖ്യാനശിവതത്വരഹസ്യാദ്യനേകപ്രബന്ധനിർമ്മാതാവും അദ്വൈതവിദ്യാഗുരുവും ഭഗവതിയായ സാക്ഷാൽ പരദേവതയുടെ പുരുഷാവതാരവും പവിത്രകീർത്തിയുമായ നീലകണ്ഠമഖിയുടെ തൃതീയപുത്രനും അദ്ദേഹത്തിന്റെ ചരണാരവിന്ദപരിചരണത്താൽ സകലവിദ്യകളും സ്വാധീനമായവനും, തൽപുത്രതയ്ക്ക് അനുഗുണമായ സാഹിതിയോടുകൂടിയവനുമായ ഗീർവാണേന്ദ്രനാൽ അഭിനവമായി രചിക്കപ്പെട്ടതാണ് ഈ ശൃംഗാരകോശമെന്ന ഭാണം."

(ശൃംഗാരകോശഭാണം.)

മേൽകാണിച്ച ഭാഗങ്ങളിൽനിന്നു ശാസ്ത്രസംബന്ധമായി വാദപ്രതിവാദം ചെയ്യുന്നതിലും ഗ്രന്ഥങ്ങൾ സ്വയം നിർമ്മിക്കുന്നതിലെന്നപോലെ മറ്റുള്ളവരെക്കൊണ്ട് നിർമ്മിപ്പിക്കുന്നതിലും അവയിൽ മദവും മാത്സര്യവും വിട്ടു രസിക്കുന്നതിലും രാജസദസ്സുകളെ അലങ്കരിക്കുന്നതിലും നീലകണ്ഠദീക്ഷിതരെക്കാൾ മഹത്തരനായ ഒരു പുണ്യശ്ലോകൻ അക്കാലത്തില്ലായിരുന്നുവെന്നു വെളിപ്പെടുന്നുണ്ട്. ദീക്ഷിതർ മറ്റുള്ളവരെക്കൊണ്ടു കൃതികൾ നിർമ്മിപ്പിച്ചതിനു തെളിവായി ചോക്കനാഥദീക്ഷിതരുടെ ഭാഷ്യരത്നാവലി എന്ന വിപുലമായ വ്യാകരണഗ്രന്ഥത്തെത്തന്നെ നിർദ്ദേശിക്കാവുന്നതാണ്. ചോക്കനാഥദീക്ഷിതർ രാമഭദ്രദീക്ഷിതരുടെ ശബ്ദവിദ്യാഗുരുവും ശ്വശുരനുമായിരുന്നു.

"അപ്രത്യൂപക്രിയസമസ്തപദപ്രബോധ-
വിശ്രാണനോപകൃതിനിസ്തുലിതാനുകമ്പം
ശേഷം ദ്വിതീയമിവ ശാബ്ദികസാർവഭൌമം
ശ്രീചോക്കനാഥമഖിനം ഗുരുമാനതോസ്മി."

ഇത്യാദി രാമഭദ്രപദ്യങ്ങളിൽനിന്ന് ഈ വസ്തുത സ്പഷ്ടമാകും. ശബ്ദകൌമുദീ, ധാതുരത്നാവലി മുതലായി വേറെയും പല വ്യാകരണഗ്രന്ഥങ്ങളുടെ കർത്താവായ ആ ചോക്കനാഥയജ്വാവിന്റെ ശിഷ്യനും ജാമാതാവുമായ രാമഭദ്രദീക്ഷിതർ പരിഭാഷാവൃത്തി മുതലായ ഏതാനും പ്രൌഢവ്യാകരണഗ്രന്ഥങ്ങൾ താനുമെഴുതി "പ്രത്യഗ്രപതഞ്ജലി" എന്ന ബിരുദം സമ്പാദിച്ചതിൽ ആശ്ചര്യപ്പെടുവാനില്ല. ചോക്കനാഥയജ്വാവു ഭാഷ്യരത്നാവലി നിർമ്മിച്ചതു നീലകണ്ഠദീക്ഷിതരുടെ സഹായത്തെ ആശ്രയിച്ചായിരുന്നു എന്നുള്ളതു് ആ ഗ്രന്ഥത്തിലെ—

Digitized By Kerala Sahitya Akademi

"ഭൃത്യചൂഡാമാചരണമംബ! തവാനുവാര-
മന്തഃസ്മരൻ ഭുവനമംഗലമങ്ഗമങ്ഗം
ആനന്ദസാഗരതരംഗപരമ്പരാഭി-
രാന്ദോളിതോ ന ഗണയാമി ഗതാന്യഹാനി.

പാഷാണതോപി കഠിനേ ശിരസി ശ്രുതീനാം
പ്രായഃ പരിഭ്രമവശാദിവ പാടലാഭം
അംബ! സ്മരേയമമൃതാർണ്ണവമന്ഥലബ്ധ-
ഹൈയംഗവീനസുകുമാരമിദം പദം തേ."

ഭുവനഭയങ്കരമായ കാളകൂടത്തിന്റെ ആവിർഭാവത്തെ അന്തർദൃഷ്ടികൊണ്ടു നിരൂപണംചെയ്യുന്നതിനു ദിക്ഷിതർ ഭാവുകന്മാരെ ഏതുപ്രകാരത്തിൽ സന്നദ്ധരാക്കുന്നു എന്നു നോക്കുക.

"ഉദ്യന്നിർഘാതഘോഷപ്രതിഭയമുദയദ്ധൂമകേതൂപകേതു
ക്രന്ദദ്ദിക്പാലഗന്ധദ്വിപമുദധിപതത്തുംഗശൈലാഗ്രശൃംഗം
ഉഡ്ഡീനശ്യേനകങ്കപ്രകരമുപചിതധ്വാന്തമുദ്ഭ്രാന്തവാതം
പ്രാപ്തം മൃത്യോരകസ്മാദിവ വദനബിലം വിശ്വമാസീത്തദാനീം

നിസ്സംഖ്യസ്ഫുരിതസ്ഫുലിംഗജടിലോത്സംഗജ്വലൽപാവക-
ജ്വാലാഭംഗവിടംകസങ്കലിതധൂമസ്തോമഭീമസ്തതഃ
ക്രുദ്ധ്യൽകാലവിവൃത്തവക്ത്രകുഹരോൻമുക്താട്ടഹാസോദ്ഭട-
സ്ഫൂൽക്കാരധ്വനിഭീഷണഃ പ്രവവൃധേ കോപ്യദ്ഭുതോ മാരുതഃ."

ഭഗീരഥന്റെ തപഃഫലമായി ശ്രീപരമേശ്വരന്റെ ജടാജൂടത്തിൽനിന്നു ഗംഗാദേവി അധോഭാഗത്തേക്കു പതിക്കുന്നതിന്റെ പൂർവ്വക്ഷണത്തെ കവി എങ്ങനെ വർണ്ണിക്കുന്നുവെന്നുകൂടി നോക്കാം.

"ബദ്ധസ്രസ്തകപർദ്ദകന്ദരപതൽഭോഗീന്ദ്രചക്രാംകുര-
ക്ഷോഭവ്യാപൃതനന്ദിദൃഷ്ടിവലനവ്യാധൂതദിഗ്ഭിത്തയഃ
സാവഷ്ടംഭമഹേശസംഭ്രമപരിത്രസ്യത്ത്രിലോകസ്ഥതാഃ
പാരേ മദ്വചസാമമർത്ത്യതടിനീസമ്പാതപൂർവ്വക്ഷണാഃ."

വിവക്ഷിതമായ അർത്ഥത്തെ പ്രതിപാദിക്കുന്നതിനു വേണ്ട ശബ്ദസാമഗ്രി സ്വാധീനമല്ലാത്ത ഒരുവന് വല്ല അർത്ഥവും തോന്നിയാലും അതു ദൗർഭാഗ്യവാനായ ഒരുവനുണ്ടാകുന്ന പുത്രസമ്പത്തുപോലെ ദുഃഖാവഹമാണെന്നു നമ്മെ ഉപദേശിക്കുന്നതിന് ഈ മഹാകവി സർവ്വഥാ അധികാരിതന്നെയെന്നുള്ളതു മേൽഉദ്ധരിച്ച പദ്യങ്ങളിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. കാളിദാസക്കു യുദ്ധവർണ്ണനത്തിലും വൈദർഭിയേ കൈവശമുള്ളൂ എന്നും ഭവഭൂതിക്കു സൌന്ദര്യവർണ്ണനത്തിലും ഗൌഡിയേ ശരണമാവുകയുള്ളൂവെന്നും പുരോഭാഗികൾ പറയുന്നതിൽ വാസ്തവത്തിന്റെ ഏതോ ഒരു കണിക ഒരു കോണിലെങ്ങാനും കിടപ്പില്ലെന്നു വാദിക്കുവാൻ പ്രയാസമാണ്. നീലകണ്ഠദീ

Digitized By Kerala Sahitya Akademi

ക്ഷിതർ, മേല്പുത്തൂർ ഭട്ടതിരി, മുതലായ അനന്തരകാലികന്മാരായ ഏതാനും മഹാകവികൾക്കു രണ്ടു രീതികളും ഒന്നുപോലെ സ്വാധീനമായിരുന്നു.

എങ്കിലും കേവലം ശബ്ദസാമ്രാജ്യത്തിലുള്ള ആധിപത്യം ഒന്നുമാത്രമല്ല ദീക്ഷിതരെ അക്കാലത്തു ജീവിച്ചിരുന്ന മഹാകവികളിൽ അഗ്രേസരനായി നമ്മുടെ മുന്നിൽ പ്രകാശിപ്പിക്കുന്നതു്. ശബ്ദസൗഭാഗ്യം ഒന്നുകൊണ്ടുമാത്രം തുലനംചെയ്യുകയാണെങ്കിൽ അക്കാലത്തുതന്നെ രാജചൂഡാമണിദീക്ഷിതരും രാമഭദ്രദീക്ഷിതരും അനന്തരകാലത്തിൽ വേങ്കടാദ്ധ്വരിയും നീലകണ്ഠദീക്ഷിതരെക്കാൾ ഒട്ടുംതാണവരല്ലെന്ന് അവരുടെ കവിതകളിൽനിന്നു നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നതാണ്. നമ്മുടെ ദീക്ഷിതരെ തന്റെ സമകാലീനന്മാരിൽ നിന്നെന്നു മാത്രമല്ല, സംസ്കൃതസാഹിത്യക്ഷേത്രത്തിലേ ആരാധനാമൂർത്തികളായ അന്യകവിപുംഗവന്മാരിൽ നിന്നെല്ലാംതന്നെ പ്രത്യേകം വേർതിരിച്ചു നിറുത്തുന്ന പ്രകടമായ ഒരുപാധി അദ്ദേഹത്തിന്റെ കവിതയ്ക്കുള്ള നമ്മകിമ്മീരിതമായ നവ്യസാരസ്യമാണ്. ദീക്ഷിതർക്കും കുഞ്ചൻനമ്പിയാർക്കും സാഹിത്യസംബന്ധമായി പല സമാനധർമ്മങ്ങളുമുണ്ടു്. അദ്ദേഹത്തിന്റെ വിനോദരസികതയുടെ സ്വരൂപത്തെ നിരൂപണംചെയ്യുന്നതിനു മുമ്പായി ഒരു സംഗതികുറിപ്പിടുവാനുള്ളതു് അദ്ദേഹത്തിനു കേവലശബ്ദചിത്രത്തോടുണ്ടായിരുന്ന പ്രശംസനീയമായ വിദ്വേഷമാണ്.

"കൃതേ യുഗേ വ്യഞ്ജനയാവതിഷ്ഠന്
ത്രേതായുഗേ സൈവ ഗുണീബഭൂവ;
ആസീത്തൃതീയേ തു യുഗേർത്ഥചിത്രം;
യുഗേ തുരീയേ യമകപ്രപഞ്ചഃ.

ദിഷ്ട്യാധിരൂഢാഃ കവിതാധിരാജ്യം
ധീരാ രമന്തേ നഹി ശബ്ദചിത്രേ;
സ്വർഗ്ഗേപി ഗത്വാപ്സരസാം നിവാസേ
കാണൈവ കിം കാപി ഗവേഷണീയാ?"

എന്നു ശിവലീലാർണ്ണവത്തിൽ താൻ മുക്തകണ്ഠമായി അപഹസിച്ചിട്ടുള്ള ശബ്ദചിത്രപദവിയെ അദ്ദേഹം യാവജ്ജീവം വർജ്ജിക്കുകതന്നെയാണ് ചെയ്തതു്. ദ്രുതവിളംബിതവൃത്തത്തിൽ പദ്യനിർമ്മാണം വേണ്ടിവന്നപ്പോൾ കാളിദാസന്റെതന്നെയും മനസ്സില്ലാമനസ്സോടെ അനുഷ്ഠിക്കേണ്ടിവന്ന യമകവ്യാപാരത്തേ ധീരനായ ദീക്ഷിതർ എങ്ങനെ അലക്ഷ്യമാക്കുന്നുവെന്നു ഗംഗാവതരണം എട്ടാംസർഗ്ഗത്തിൽനിന്നു കാണാവുന്നതാണ്.

"വിഷമം സർവ്വതോഭദ്രചക്രഗോമൂത്രികാദിഭിഃ
ശ്ലോകൈരിവ മഹാകാവ്യം വ്യൂഹൈസ്തദഭവദ്ബലം."

എന്ന പദ്യത്തിൽനിന്നു വിശദീഭവിക്കുന്ന പ്രകാരം താൻതന്നേ സമ്മതിക്കുന്ന വിഷമമായ ചിത്രസർഗ്ഗനിർമ്മിതിക്കു മാഘമഹാകവിയെ പ്രേരിപ്പിക്കുന്ന

Digitized By Kerala Sahitya Akademi

മനോഭാവം ഗതാനുഗതികത്വമായിരിക്കണമല്ലോ. മാഘൻെറ കാലത്ത് ഒരു കടശ്ശിപ്പണിക്കുമാത്രം അവകാശംനേടിയിരുന്ന ആ ബാലിശവിദ്യ ഉടനടി ഹരവിജയകർത്താവായ രത്നാകരൻേറയുംമററും കാലമായപ്പോഠം ഏതു ദേശം കാലുകഴകിച്ചൂട്ടിനുതന്നെ അർഹമായി ഭവിച്ചു. അന്യഥാ അനുകരണീയനായ വേദാന്തദേശികർപോലും അദ്ദേഹത്തിൻെറ ഭാവഗഹനമായയാദവാഭ്യുദയമഹാകാവ്യത്തിൻെറ ആറാം സർഗ്ഗം ശബ്ദചിത്രഭ്രമത്താൽ എത്രമാത്രം ദുരവഗാഹമാക്കിത്തീർത്തിരിക്കുന്നു എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമുണ്ട്. ആ നിയമഗ്രന്ഥിയിൽനിന്നു സ്വമേധയാൽ മോചനം പ്രാപിച്ച ദീക്ഷിതരെ എത്രതന്നെ അഭിനന്ദിച്ചാലും അതു് ആധികമായിപ്പോകുന്നതല്ല. ആ വിഷയത്തിൽ ഒരു മാർഗ്ഗദർശിയായി പ്രശോഭിച്ച അദ്ദേഹത്തെ പതഞ്ജലിചരിതത്തിൽ രാമഭദ്രദീക്ഷിതരും അന്യമഹാകാവ്യങ്ങളിൽ അനന്തരകാലീനന്മാരും ഹൃദയപൂർവമായനുകരിക്കുകയാണുണ്ടായതു്. ദീക്ഷിതക്ക തൻെറ പൂർവന്മാരിൽ വാല്മീകി, വ്യാസൻ, കാളിദാസർ, ഭവഭൂതി ഈ നാലുപേരെപ്പററി മാത്രമേ ബഹുമാനമുണ്ടായിരുന്നുള്ളു. ഗംഗാവതരണത്തിൽ കാളിദാസരെപ്പററി

"കവിതാമഹലദീടി കാളിദാസമുഖാപ്പിതാ;
പത്യുർമ്മുഖേ തു സാ ശൌര്യ്യാഃപരുഷം നിഗമാക്ഷരം."

എന്നും, വാല്മീകിയേയും ഭവഭൂതിയേയുംപററി

"പ്രാചേതസേന യാ നിതാ പാലിതാ ഭവഭൂതിനാ
സവ്തശ്ചെവ്യതേ വാണീ സൈവാദ്യ കവിമാനിഭിഃ."

എന്നും ദീക്ഷിതർ സ്തുതിക്കുന്നുണ്ട്. "താംബൂലരാഗേണ പരോജനന്യാഃ" എന്ന ശിവലീലാർണ്ണവപദ്യഖണ്ഡത്തിൽ ദീക്ഷിതർ സ്മരിക്കുന്നതു കാളിദാസരെയാണെന്നും ഗണപതിശാസ്ത്രികഠം ഉദ്ദേശിക്കുന്നതുപോലെ മൂകനെയല്ലെന്നും പ്രസക്താനുപ്രസക്തമായി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

തൻെറ സാഹിതിസമ്പ്രദായം ഒന്നു വേറേതന്നെയാണെന്നും താൻ പൂർവകവികളെ കണ്ണുമടച്ചുകൊണ്ട് ഒരിക്കലും അനുകരിക്കുവാൻ തയാറില്ലെന്നും ദീക്ഷിതർ അദ്ദേഹത്തിൻെറ കൃതികളിൽ ആദ്യന്തം നമ്മെ പഠിപ്പിക്കുന്നു. മന്ദപ്രജ്ഞരായ ദുഷ്കവികളേയും ദുർമ്മേധസ്സുകളായ സഹൃദയമ്മന്യന്മാരേയും പററി നീലകണ്ഠദീക്ഷിതരേക്കാഠം രൂക്ഷവും മർമ്മസ്പൃക്കുമായ വിധത്തിൽ ആക്കുംതന്നെ അധിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല. ആ വശത്തേക്കു തിരിഞ്ഞാൽ അതിനെത്തന്നെ അധികരിച്ച ഒരു ദീർഘോപന്യാസമെഴുതേണ്ടിവരുമെന്നുള്ളതുകൊണ്ട് അതിലേക്കായി ഞാൻ ഈ അവസരത്തിൽ ഉദ്യമിക്കുന്നില്ല. എങ്കിലും,

"അചുംബിതോല്ലേഖപഥപ്രവൃത്താ-നസമ്പ്രദായേന കവീൻ ക്ഷിപന്തി;
പഥാ പ്രവൃത്താൻ പ്രഹതേന മൂർഖാഃ പശ്യന്ത്യവജ്ഞാമുകുളീകൃതാക്ഷാഃ."

Digitized By Kerala Sahitya Akademi

എന്ന ശിവലീലാണ്ണവപദ്യത്തിൽ താൻ അനുശോചിക്കുന്ന പ്രകാരത്തിൽ പഴയ രീതിയായാൽ പഴകിപ്പോയ രീതിയെന്നും പുതിയ രീതിയായാൽ കവിസങ്കേതത്തിനു ബാഹ്യമായ രീതിയെന്നും അപഹസിച്ചുകൊണ്ടും കവികളെ കരയ്ക്കും വള്ളത്തിലും പോകുവാൻ സമ്മതിക്കാതെ കലശൽകൂട്ടിക്കൊണ്ടും ഒരുകൂട്ടം "കാവ്യാദ്ധ്വദുഷ്ടശ്വാ"ക്കൾ അദ്ദേഹത്തിൻെറ കാലത്തും കരയ്ക്കുവാൻ തയാറായിരുന്നതായിക്കാണാം. ആ കുര അദ്ദേഹം തീരെ വകവച്ചില്ല. "അചുംബിതോല്ലേഖപഥപ്രവൃത്ത"നായിത്തന്നെയാണ് അദ്ദേഹം ശോഭിച്ചതു്. "വിലക്ഷണപദപദാത്ഥസന്ദർഭഗർഭിത"മെന്നു നീലകണ്ഠവിജയവ്യാഖ്യാതാവായ മഹാദേവസൂരി നിർദ്ദേശിക്കുന്ന ഈ നൂതനപദ്ധതി അദ്ദേഹത്തിൻെറ കവിതാവനിതയ്ക്കു്

"അത്യുന്നതിസ്ഫോടിതകഞ്ചുകാനി രമ്യാണി കാന്താകുചമണ്ഡലാനി."

എന്നു ബില്ഹണകവി പറയുന്ന മാതിരിയിൽ ആത്യന്തികമായ രാമണീയകത്തിന്നേ ഹേതുവായി പരിണമിച്ചുള്ളു.

നീലകണ്ഠദീക്ഷിതരുടെ ശ്ലേഷാ സാത്ഥകമായ നീലകണ്ഠവിജയചമ്പു ആ മഹാകവിയുടെ ആദിമകൃതികളിലൊന്നായിരിക്കണമെന്നു ഞാൻ ഇതിനുമുമ്പു പ്രസ്താവിച്ചുവല്ലോ. അഞ്ചു് ആശ്വാസങ്ങളിലുള്ള ആ ഗദ്യപദ്യമയമായ കാവ്യത്തിൻെറ സ്വാരസ്യം അനുഭവിച്ചുതന്നെയാണ് അറിയേണ്ടതു്. മന്ദരപവ്വതത്തെ കടകോലും, വാസുകിയെ കയറുമാക്കി ദേവാസുരന്മാർ മഥിച്ച ക്ഷീരസമുദ്രത്തിൽനിന്നുത്ഭവിച്ച കാളകൂടത്തെ ശ്രീപരമേശ്വരനും, ലക്ഷ്മീഭഗവതിയെ മഹാവിഷ്ണുവും, തന്നെയാണ് സ്വീകരിക്കേണ്ടതെങ്കിൽ ആ അതിമാനുഷമായ ഇതിവൃത്തത്തിൻെറ അഭിനവമായ ആവിഷ്കരണം പ്രത്യുഗ്രവാചസ്പതിയായ നമ്മുടെ മഹാകവിയുടെ രസനയ്ക്കുതന്നെയാണ് സമുചിതമെന്നുകൂടി സഹൃദയന്മാർ സമ്മതിക്കേണ്ടവിധത്തിൽ അത്ര ചമൽക്കാരജനകമായ സമ്പ്രദായത്തിലാണ് അദ്ദേഹം ആ സാഹസികൈകസാദ്ധ്യമായ സാഹിതീവ്യാവസായം നിവ്വഹിച്ചിരിക്കുന്നതു്. ആ കാവ്യത്തിൻെറ നിമ്മാണചാതുരി നിപുണമായി പരിശോധിച്ചാൽ അമൃതമഥനാവസരത്തിൽ ദീക്ഷിതർകൂടി സന്നിഹിതനായിരുന്നുവോ എന്നു് ആക്കും സംശയം തോന്നിപ്പോകും. അതിലേ ചില രസംപിടിച്ച ഫലിതപ്രയോഗങ്ങളെ മാത്രം വായനക്കാരുടെ വിനോദനത്തിനായി താഴെ ഉദ്ധരിച്ചുകൊള്ളുന്നു. പരമകാരുണികനായ പരമേശ്വരനെ അപേക്ഷിച്ചു മററുള്ള ദേവന്മാരുടെ നില എത്ര നിസ്സാരമാണെന്നു രണ്ടു ശ്ലോകങ്ങൾകൊണ്ടു് അദ്ദേഹം സ്ഥാപിച്ചിരിക്കുന്നതു നോക്കുക.

"ദൃഷ്ട്വാ കൌസ്തുഭമപ്സരോഗണമപി പ്രക്രാന്തവാദാ മിഥോ
ഗീർവാണാഃ കതി വാ ന സന്തി ഭുവനേ ഭാരാ ദിവഃ കേവലം!
നിഷ്ക്രാന്തേ ഗരളേ ദ്രുതേ സുരഗണേ നിശ്ശേഷിതേ വിഷ്ടപേ
മാ ഭൈഷ്ടേതി ഗിരാവിരാസ ധുരി യോ ദേവസ്തമേവ സ്തുമഃ."

Digitized By Kerala Sahitya Akademi

"പാഷാണാൻ സിതനീലപീതഹരിതാൻ വൈഡൂര്യവജ്രാദികാൻ
കണ്ഠേ വക്ഷസി മൂർദ്ധ്നി വാ നിദധതാം; കാ നാമ തേനേ സ്തുതിഃ?
ഏതദ് ഭൂഷണമേതദേവ ജഗതാം ദുസ്സാധമുജ്ജീവനം
കണ്ഠേ യദ് ഭഗവൻ! നിയച്ഛസി സുഖം കാകോളമുച്ഛൃംഖലം."

"കൌസ്തുഭത്തേയും അപ്സരസ്സ്ത്രീകളേയും കാണുമ്പോൾ "എനിക്ക്; എനിക്ക്." എന്നു പറഞ്ഞു തമ്മിൽ കടിപിടികൂട്ടുന്ന ദേവന്മാർ ലോകത്തിൽ എത്രയെണ്ണമില്ല! അവർ ദേവലോകത്തിനു കേവലം ഭാരങ്ങൾതന്നെയാണ്. കാളകൂടം നിഷ്ക്രമിക്കുകയും ദേവന്മാർ ഓടുകയും ലോകം നിഷ്പന്ദമാകുകയും ചെയ്ത അവസരത്തിൽ "പേടിക്കേണ്ട" എന്നു പറഞ്ഞുകൊണ്ടു മുന്നിലെടുത്തു ചാടിയതു് ആരോ ആ ദേവനെത്തന്നെയാണ് ഞങ്ങൾ സ്തുതിക്കുന്നതു്".

"വെളുത്തതോ കറുത്തതോ മഞ്ഞയോ പച്ചയോ ആയ കല്ലുകൾ കഴുത്തിലോ മാറിലോ തലയിലോ ആരു വേണമെങ്കിലും കെട്ടിത്തൂക്കിക്കൊള്ളട്ടെ; അതിലെന്താണ് സ്തുതിക്കു വിഷയമായിട്ടുള്ളതു്? ആരേക്കൊണ്ടും അടക്കുവാൻ കഴിയാത്ത ഈ കാളകൂടത്തെ ഭഗവാനേ! നിന്തിരുവടി കഴുത്തിൽ ധരിക്കുന്നുവല്ലോ; അതുതന്നെയാണ് സാക്ഷാൽ ഭൂഷണം; അതുതന്നേയാണ് അന്യന്മാക്കു സാധിക്കാത്ത ലോകോജ്ജീവനം".

ശിവഭക്തനായിരുന്ന ദീക്ഷിതർ ഒരു് ഒന്നാംതരം ദേവീഭക്തനുമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ദേവീവിഷയകമായ രതിഭാവത്തിൻെറ പാരമ്യം അദ്ദേഹം ഏതുവിധത്തിൽ സ്ഫുടീകരിക്കുന്നു എന്നു് ആനന്ദസാഗരസ്തവത്തിൽനിന്നു പരിശോധിക്കുന്നതു് ഈ അവസരത്തിൽ അപ്രകൃതമാകുന്നതല്ല.

"ആക്രന്ദിതം രുദിതമാഹതമാനനേ വാ;
കസ്യാർദ്രമസ്തു ഹൃദയം? കിമതഃ ഫലം വാ?
യസ്യാ മനോ ദ്രവതി; യാ ജഗതാം സ്വതന്ത്രാ;
തസ്യാസ്തവാംബ! പുരതഃ കഥയാമി ഖേദം.

"സാധാരണേ സ്മരജയേ നിടിലാക്ഷിസാദ്ധ്യേ
ഭാഗീ ശിവോ ഭജതു നാമ യശസ്സമഗ്രം;
വാമാംഘ്രിമാത്രകലിതേ ജനനി! ത്വദീയേ
കാ വാ പ്രസക്തിരിഹ കാലജയേ പുരാരേഃ?"

"അമ്മേ! ഞാൻ നിലവിളിക്കുകയോ കരയുകയോ മുഖത്തു തൊഴിക്കുകയോ ചെയ്താൽ ആരുടെ മനസ്സാണ് അലിയുവാൻ പോകുന്നതു്? അഥവാ ഒന്നലിഞ്ഞുവെന്നുവച്ചാൽ തന്നെ എന്തു ഫലമാണ് ഉണ്ടാവാൻ പോകുന്നതു്? ആരുടെ മനസ്സ് അലിയുമോ; ആക്കുമാത്രം ലോകത്തിൽ എന്തെങ്കിലും ചെയ്യണമെങ്കിൽ അതിനു വേണ്ട സ്വാതന്ത്ര്യമുണ്ടോ; ആ നിന്തിരുവടിയുടെ മുമ്പാകെത്തന്നെയാണ് ഞാനെൻെറ സങ്കടത്തെ നിവേദനം ചെയ്തുകൊള്ളുന്നതു്."

Digitized By Kerala Sahitya Akademi

"നെററിക്കണ്ണുകൊണ്ടു സാധിച്ച കാമദേവന്റെ വിജയം (നെററിയുടെ മദ്ധ്യത്തിൽ ആ കണ്ണിരിക്കുന്നതുകൊണ്ട്) അമ്മേ! നിന്തിരുവടിക്കും ശിവനും പൊതുവായിരിക്കെ, ആ വിജയത്തിൽ ഒന്നുപകുതിക്കേ ശിവൻ അവകാശിയാകുന്നുള്ളൂ. എങ്കിലും അതിന്റെ യശസ്സു മുഴുവൻ വേണമെങ്കിൽ അദ്ദേഹംതന്നെ പററിക്കൊള്ളട്ടെ; തരക്കേടില്ല. ഇടത്തേക്കാലടികൊണ്ടു മാത്രം നിന്തിരുവടിയാൽ സാധിക്കപ്പെട്ടതായ അന്തകന്റെ വിജയത്തിൽ ആ പുരരിപുവിന് എന്തു പ്രസക്തിയാണുള്ളതെന്നാണ് എനിക്കറിവാൻ പാടില്ലാതെയിരിക്കുന്നത്."

നോക്കുക! എന്ത് അദൃഷ്ടപൂർവ്വമായ ഭാവന! എത്ര അന്തർദ്രാവകമായ ഉല്ലേഖം! ദേവിക്കു തപസ്സിനാൽ സാധിച്ച ശിവവാമാംഗലാഭത്തിന്റെ പ്രയോജനം ഈ ശ്ലോകത്താൽതന്നെയാണ് സിദ്ധമാകുന്നത്.

ദേവലോകത്തെ പല മഹാകവികളും പലപ്രകാരത്തിൽ വർണ്ണിച്ചിട്ടുണ്ടെങ്കിലും നീലകണ്ഠദീക്ഷിതരുടെ തൽസംബന്ധമായുള്ള വർണ്ണനയുടെ സ്വാരസ്യം ഒന്നു വേറേതന്നെയാണ്. കാമദേവന്റെ കാലമൃത്യുക്കളായ ബ്രഹ്മർഷിമാർ യാഗാദികർമ്മഫലം ഭുജിക്കുവാൻ സ്വർഗ്ഗലോകത്തേക്കു പോയി അപ്സരസ്ത്രീകളുമായി ക്രീഡിക്കുന്ന കോലാഹലം ദീക്ഷിതരുടെ ഫലിതരസികമായ മനോദർപ്പണത്തിൽക്കൂടിത്തന്നെയാണ് പ്രതിഫലിക്കേണ്ടതു്. മന്മഥകഥാഗന്ധം ഗ്രഹിക്കാത്ത ആ സാധുക്കൾ അനംഗവൈജയന്തികളായ ഉർവ്വശ്യാദികളുടെ കൈയിൽപെട്ടു കാട്ടിക്കൂട്ടുന്ന കഴപ്പങ്ങൾ ദീക്ഷിതരുടെ വർണ്ണനയിൽ കുറേയധികം പച്ചയായിപ്പോയിട്ടുള്ളതിനാൽ ഇവിടെ ഉദ്ധരിക്കുവാൻ നിവൃത്തിയില്ല. എങ്കിലും ആന്ത്യാദ്ഭുതശാനന്ദദമായ അദ്ദേഹത്തിന്റെ വർണ്ണനാപാടവം സ്വർഗ്ഗഘട്ടത്തിൽനിന്നു രണ്ടു ശ്ലോകങ്ങളെങ്കിലും എടുത്തു ചേർത്തു ദിങ്മാത്രമായി ഒന്നു പ്രദർശിപ്പിക്കാതെ മുൻപോട്ടു കടക്കുവാൻ മനസ്സ് അനുവദിക്കുന്നില്ല.

"ലഭ്യന്തേ ശ്രുതിപാഠശുഷ്കവദനാ വിപ്രാഃ പുരേ വേധസോ;
വൈകുണ്ഠേ തുളസീവനാനി സുലഭാന്യാർദ്രാണി ശുഷ്കാണി ച;
പ്രേതാ ഭൂതഗണാശ്ച സന്തി ശതശഃ സ്ഥാനേ ഭവാനീപതേ-
രന്താന്യപ്സരസസ്സുധേതി ച പദേ യസ്യൈവ ലബ്ധും ക്ഷമം."

"വിധാതും കർമ്മാണി വ്യവസിതവതീ യൽപദഫലാ-
ന്യസൂയാന്ധാ മദ്ധ്യേ ശ്രുതിരപി കിമാസീദ് ഭഗവതീ;
അനന്വേഷ്യം കർമ്മ സ്വയമനഭിസന്ധായ ഫലമി-
ത്യയം വന്ധ്യഃ പന്ഥാ യദനുപദമേവ പ്രകടിതഃ."

"ബ്രഹ്മലോകത്തിൽ വേദം ചൊല്ലിച്ചൊല്ലി ശുഷ്കിച്ച മുഖത്തോടുകൂടിയ ബ്രാഹ്മണരെ കിട്ടും. വിഷ്ണുലോകത്തേക്കു പോയാൽ പച്ചയായും ഉണങ്ങിയതായുമുള്ള അനവധി തുളസീവനങ്ങൾ കിട്ടും. ശിവലോകത്തിലാകട്ടെ ധാരാളം പ്രേതങ്ങളേയും ഭൂതഗണങ്ങളേയും കിട്ടും. രത്നമോ അപ്സരസ്സുകളോ, അമൃതമോ വേണമെങ്കിൽ സ്വർഗ്ഗലോകത്തേക്കുതന്നെ പോകണം."

Digitized By Kerala Sahitya Akademi

"ഓരോ കർമ്മങ്ങളെ അനുഷ്ഠിക്കണമെന്ന ശ്രുതിഭഗവതി(വേദം) അനുശാസിക്കുന്നുണ്ട്. അവ അനുഷ്ഠിച്ചാലുള്ള ഫലം സ്വർഗ്ഗമാണ്. ആ കാര്യം സ്മരിച്ച ഉടൻ "അയ്യോ! ഇത്രയും ആളുകൾ കർമ്മങ്ങൾചെയ്ത സ്വർഗ്ഗത്തേക്കു പോയാലോ? അതു പാടില്ല." എന്ന് ആ ഭഗവതിക്കുകൂടി ഇടയ്ക്ക് അസൂയയുണ്ടായിപ്പോയോ എന്ന തോന്നും; അല്ലെങ്കിൽ ഫലങ്ങളിൽ അഭിസന്ധികൂടാതെ കർമ്മങ്ങൾ അനുഷ്ഠിക്കണമെന്നുള്ള ആ മലട്ടുവഴി എന്തിനാണ് അടിക്കടി അവിടുന്നു കാണിച്ചുതരുന്നത്?" നോക്കുക! ദീക്ഷിതരുടെ നിരങ്കുശവും വിജാതീയവുമായ മനോധർമ്മത്തിന്റെ ദിഗ്വിജയയാത്ര!

അസുരന്മാർ ദേവന്മാരുടെ സേനാമുഖത്തിൽ സഞ്ചരിക്കുന്ന അന്തകനെ ആ ദേവന്റെ കൈയിലുള്ള കാലദണ്ഡം പിടിച്ചുപറിച്ച് അതുകൊണ്ടുതന്നെ പ്രഹരിക്കുന്നു. എന്നാലോ?

കാലദണ്ഡഹതസ്യാസ്യ കണ്ഠേ പ്രാണാ ജുഘൂർണ്ണിരേ;
അന്തകം യദ്ധതം നേതുമന്തകോന്യോ ന വിദ്യതേ."

"കാലദണ്ഡത്താൽ ഹനിക്കപ്പെട്ട യമന്റെ കഴുത്തിൽ പ്രാണൻ കിടന്നു പിടച്ചതേയുള്ളു. മരിച്ച അന്തകനെ കൊണ്ടുപോകാൻ മററൊരന്തകനില്ലാത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്."

ഗരളപാനത്താൽ ലോകപാലനംചെയ്ത ഭഗവാൻ ശ്രീപരമേശ്വരനെ മഹാവിഷ്ണുപ്രമുഖന്മാരായ ദേവന്മാർ പലപ്രകാരത്തിൽ സ്തുതിച്ച അവസരത്തിൽ ലജ്ജാനമ്രമുഖനായ ആ ദേവദേവൻ അരുളിച്ചെയ്ത മറുപടിയുടെ ആസ്വാദ്യത പരിക്ഷിക്കുക!

"പുത്രാ യൂയം ഭുവനവിദിതാ ബ്രഹ്മനാരായണാദ്യാഃ;
ദാസാ ദേവാശ്ശതമഖമുഖാ ദാനവേശാസ്തതോപി;
കസ്യാന്യസ്യ വ്യസനമഹരം കാളകൂടം നിഗൃഹ്ണൻ?
ലജ്ജേ ഭൂയഃ സ്തുതിഷു ഭവതാം വ്യാപൃതസ്സ്വേ കുടുംബേ."

"ബ്രഹ്മവിഷ്ണ്വാദികളായ നിങ്ങൾ എന്റെ പുത്രന്മാരും ശതമഖാദികളായ ദേവന്മാരും ബലിപ്രമുഖന്മാരായ ദാനവന്മാരും എന്റെ ദാസന്മാരുമാണല്ലോ. കാളകൂടത്തെ നിഗ്രഹിച്ച എന്നാൽ എനിക്കു കടമപ്പെട്ട എന്റെ കുടുംബപോഷണം മാത്രമല്ലയോ അനുഷ്ഠിക്കപ്പെട്ടത്? ഏത് അന്യന്റെ ദുഃഖത്തെയാണ് ഞാൻ പരിഹരിച്ചത്? സ്വകുടുംബപോഷകനായ എനിക്ക് എന്തു ശ്ലാഘ്യതയ്ക്കാണ് അവകാശമുള്ളത്? അതിനാൽ നിങ്ങളുടെ സ്തുതികളിൽ ഞാൻ ഏററവും ലജ്ജിക്കുന്നു." നോക്കുക! ആശയങ്ങളുടെ ആവിഷ്കരണത്തിലുള്ള അന്യാദൃശമായ ചാകചക്യം!

ഇനിയും വിസ്തരിക്കുന്നില്ല. മേലുദ്ധരിച്ച പദ്യങ്ങളിൽനിന്നു നീലകണ്ഠവിജയത്തിന്റെ സ്വാദുതയുടെ സ്വഭാവം വായനക്കാർക്ക് ഏതാണ്ട് ബോധപ്പെട്ടിരിക്കണം. ദീക്ഷിതരുടെ പ്രതിഭായൌവനത്തിലെ മദോന്മത്തത മുഴുവൻ ആ ചമ്പൂകാവ്യത്തിൽ സ്പഷ്ടീഭവിക്കുന്നുണ്ട്.

Digitized By Kerala Sahitya Akademi

ഹാലാസ്യമാഹാത്മ്യത്തിലെ കഥകളെ ഹൃദയംഗമമായ വിധത്തിൽ പ്രതിപാദിക്കുന്ന ശിവലീലാർണ്ണവമാണ് ദീക്ഷിതരുടെ കൃതികളിൽ ദൈർഘ്യം കൊണ്ടെന്നപോലെ വിവിധരസപരിപാകംകൊണ്ടും പ്രാഥമ്യത്തെ വഹിക്കുന്നത്.

"ദത്തേ ത്വയാ വാങ്മയരത്നകോശേ-വിക്രീയ ഭുക്തം കില ഭുക്തമേവ;
ശിഷ്ടം തദംഘ്രേഃ പുനരപ്പ്യയേയം-ദയസ്വ മീനാക്ഷി!പുരൈവ മഹ്യം".

എന്ന പദ്യത്തിൽനിന്ന് ആ മഹാകാവ്യത്തിന്റെ രചനയ്ക്കു മുമ്പു സ്വോദരപൂരണത്തിനായി ഏതാനും ശാസ്ത്രഗ്രന്ഥങ്ങളായ ഗ്രന്ഥങ്ങളിൽ കവിയുടെ മനസ്സു വ്യാപരിച്ചിരുന്നിരിക്കണമെന്നു കാണാം. അവ ഏതാണെന്നു വെളിവാകുന്നില്ല.

ശിവലീലാർണ്ണവത്തിലേയും ഗംഗാവതരണത്തിലേയും അവതാരസര്ഗ്ഗങ്ങൾ സാഹിത്യശാസ്ത്രത്തിന്റെ മർമ്മങ്ങളെ സമഗ്രമായി സ്പർശിക്കുന്ന തത്വോപദേശങ്ങളേക്കൊണ്ട് ആപാദചൂഡം അലംകൃതങ്ങളാകുന്നു. അനവധി അലങ്കാരഗ്രന്ഥങ്ങൾ ഗുരുമുഖത്തിൽനിന്നു പഠിക്കുന്നതുകൊണ്ടുള്ള പ്രായോഗികഫലം ഈ രണ്ടു സർഗ്ഗങ്ങൾ മാത്രം പഠിക്കുന്നതിൽനിന്നു ലഭിക്കും. സാഹിത്യവിദ്യാസംബന്ധമായി ദീക്ഷിതർ ചെയ്യുന്ന ഉപദേശത്തെ ഈ ഉപന്യാസത്തിൽ വിസ്തരിക്കുവാനുദ്ദേശിക്കുന്നില്ലെന്നു മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. എങ്കിലും രണ്ടു കാവ്യങ്ങളിൽനിന്നും തൽസംബന്ധമായുള്ള ഓരോ ശ്ലോകരത്നംമാത്രം ചുവടേ ഉദ്ധരിക്കാം.

"നിസർഗ്ഗതോ നിർഗ്ഗുണമുക്തിഗുംഫം
സമർത്ഥയന്തേ സഗുണം ബലാദ്യേ
തേ കഞ്ചുളീസന്നഹനോന്നതേന
ലംബസ്തനേനാപി മുദം ലഭന്തേ."

(ശിവലീലാർണ്ണവം)

"വിജ്ഞപ്തിഃ ശ്രൂയതാമേകാ-വിധാതഃ കരുണാ യദി
മൂകാൻ സൃജ കവിമ്മന്യാൻ-ബധിരാൻ വിദുഷോഽഥവാ."

(ഗംഗാവതരണം)

"സ്വഭാവേന യാതൊരു ഗുണവുമില്ലാത്ത കവിതയെ സഗുണമാണെന്നു യാവചിലർ ബലാൽക്കാരേണ സമർത്ഥിക്കുന്നുവോ അവർ റവുക്കയിൽ ചേർത്തു കെട്ടിപ്പൊക്കി വച്ചതായ ലംബസ്തനംകൊണ്ടും സന്തോഷിക്കുന്നു."

"അല്ലയോ ബ്രഹ്മാവേ! അങ്ങേയ്ക്കു കരുണയുണ്ടെങ്കിൽ കേട്ടാലും; ഒരു സംഗതിമാത്രമേ ഞാൻ അങ്ങോട്ടു വിജ്ഞാപനംചെയ്യുന്നുള്ളു. ഒന്നുകിൽ ദുഷ്കവികളെ മൂകന്മാരായി സൃഷ്ടിക്കണേ! അല്ലെങ്കിൽ വിദ്വാന്മാരെ ബധിരന്മാരായി സൃഷ്ടിക്കണേ!"

Digitized By Kerala Sahitya Akademi

സ്വപക്ഷസാധനവ്യസനികളായ നിരൂപകപാശന്മാരേയും ശക്ത്യുൽഭൂതവികലന്മാരായ കവിയശഃപ്രാൎത്ഥികളേയും ഇതിലധികം ഭംഗിയായി എങ്ങനെയാണു അധിക്ഷേപിക്കേണ്ടതു്!

ശിവലീലാൎണ്ണവം രണ്ടാംസൎഗ്ഗത്തിലെ താമ്രവൎണ്ണീവൎണ്ണനത്തിൽനിന്നു രണ്ടു ശ്ലോകങ്ങളാണു് താഴെ ഉദ്ധരിക്കുന്നതു്.

"ക്ഷാരോദകാസ്വാദഭവം വിപാക-മപാകരിഷ്യന്നിവ കുംഭജന്മാ
ജഹാതി ശൈലം മലയം ന ജാതു-പാതും പ്രകൃത്യാ മധുരം യദംഭഃ"
"യാം സൎവരത്നൈകഖനിം വിഹായ ഗംഗാമധാൽ കേന ഗുണേന ശംഭുഃ
കാപ്രീതിരർക്കേ സതി കൈതകേപി?-നഹീശ്വരാഃ പൎയ്യനുയോജ്യശീലാഃ."

"മുമ്പു ക്ഷാരസമുദ്രം ആചമനം ചെയ്തതിനാലുണ്ടായ ദാഹം ശമിപ്പിക്കുന്നതിനായി പ്രകൃതിമധുരമായ താമ്രവൎണ്ണീജലം എല്ലായ്പോഴും പാനംചെയ്യുന്നതിലേക്കു വേണ്ടിയാണോ അഗസ്ത്യമഹൎഷി മലയപൎവ്വതത്തിൽ താമസിക്കുന്നതെന്നു തോന്നും."

"എല്ലാ രത്നങ്ങളുടേയും ആകരമായ താമ്രവൎണ്ണീനദിയിരിക്കവേ അതിനെത്തള്ളി ശ്രീപരമേശ്വരൻ എന്തു ഗുണത്തെ കരുതിയാണോ ഗംഗാനദിയെ ധരിച്ചതു്? അഥവാ ചെന്താമരപ്പൂവിരിക്കെ അവിടുന്നു് എന്തു ഗുണത്തെക്കരുതിയാണു് എരിക്കിൻപൂവു് ചൂടുന്നതു? ഈശ്വരന്മാരുടെ ശീലം മനുഷ്യരുടെ പരിശോധനയ്ക്കു വിഷയമല്ലല്ലോ."

രണ്ടാമത്തേ പദ്യത്തിലേ അൎത്ഥാന്തരന്യാസം കാളിദാസരുടെ സുപ്രസിദ്ധമായ

"അഥാംഗരാജാദവതാൎയ്യ ചക്ഷു-
ൎയ്യാഹീതി ജന്യാമവദൽ കുമാരീ;
നാസൌ ന കാമ്യോ; ന ച വേദ സമ്യ-
ഗ്ദ്രഷ്ടും ന സാ; ഭിന്നരുചിൎഹിലോകഃ."

എന്ന രഘുവംശപദ്യത്തിലേതുപോലെതന്നെ ചമൽക്കാരക്ഷമമാണു്. നായകനായ അജന്റെ സൎവോത്തരമായ സൌന്ദൎയ്യാദിഗുണം വ്യംഗ്യമായിരിക്കെ അനവധി അന്യരാജാക്കന്മാരിൽ ഒരുവൻമാത്രമായ അംഗരാജാവിനെപ്പററി "നാസൌ ന കാമ്യോ" എന്നുപന്യസിച്ചിട്ടു് അതിനു സമാധാനമായി "ഭിന്നരുചിൎഹി ലോകഃ" എന്നു പറഞ്ഞൊഴിയുന്നതു രസപൌഷ്കല്യത്തിനു് എത്രകണ്ടു സഹായിക്കുമെന്നു ചില ദോഷൈകദൃക്കുകൾക്കു കാളിദാസപദ്യത്തെ സംബന്ധിച്ചു ക്ഷണനേരത്തേക്കെങ്കിലും ഒരു ചെറിയ ചോദ്യത്തിനവകാശമുണ്ടു് പ്രകൃത ദീക്ഷിതർ എരിക്കിൻപൂവിന്റെ ദൃഷ്ടാന്തത്താൽ സ്പഷ്ടമാക്കുന്ന ഗംഗാധാരണത്തിന്റെ വൈലക്ഷണ്യത്തേപ്പററി അത്രമാത്രം പോലും ഒരു് അരുചി അൎക്കംതന്നെ പ്രദൎശിപ്പിക്കുവാൻ സാധിക്കുന്നതല്ല.

മൂന്നാം സൎഗ്ഗത്തിൽ കവി നഹുഷന്റെ സ്വൎഗ്ഗപരിപാലനം വളരെ ചാതുൎയ്യത്തോടുകൂടി വൎണ്ണിച്ചിരിക്കുന്നു. യാഗഫലമായി ഇന്ദ്രപദം ല

Digitized By Kerala Sahitya Akademi

ിച്ചാലും തന്റെ തമഃപ്രധാനമായ പ്രകൃതിക്കു യാതൊരു മാററവും വരാത്ത ആ മൂർഖൻ തനിക്കു മുമ്പു ഭൂമിയിൽ ശത്രുക്കളായിരുന്ന രാജാക്കന്മാരുടെ രാജ്യങ്ങളിൽ മഴ പെയ്യരുതെന്നു മേഘങ്ങളോട് ആജ്ഞാപിക്കുന്നതും; പാലാഴിയിലെ അത്ഭുതദ്രവ്യങ്ങളെല്ലാം അതിന് ആകാശഗംഗയുമായുള്ള സംസർഗ്ഗത്തിൽനിന്നു ലഭിക്കുന്നതാണെന്നു കരുതി ആ നദിയിലെ ജലം മുഴുവൻ ക്രൂലിക്കാരെ വിട്ടു് അരിപ്പിച്ചു കലക്കുന്നതും; തന്റെ കുലകൂടസ്ഥനായ ചന്ദ്രന്റെ ബിംബത്തിൽനിന്നു ദേവന്മാർ അമൃതപ്രാശനം ചെയ്യാതിരിക്കുന്നതിനുവേണ്ടി പൌർണ്ണമാസി കഴിഞ്ഞാലുടൻ ആ ബിംബത്തിനു ചുററും രാഹുവിനെ കാവൽ നിർത്തുന്നതും; തന്റെ പൂർവ്വഗാമിയായ ഇന്ദ്രന് ഏതേതു ദാനവന്മാർ ശത്രുക്കളായിരുന്നുവോ അവരെയെല്ലാം താൻ മിത്രങ്ങളാക്കുന്നതിനു പുറമേ ആ ഇന്ദ്രന്റെ അപദാനങ്ങളെപ്പററി ആരെങ്കിലും ഒരക്ഷരം ശബ്ദിച്ചുപോയെങ്കിൽ അവരോടു കയർക്കുന്നതും; തനിക്കു ദേഹം മുഴുവൻ നിറഞ്ഞിരുന്ന കണ്ണുകളെക്കൊണ്ടുള്ള അസൌകര്യംനിമിത്തം അവ മററു ദേവന്മാരും ഭാഗിച്ചു വാങ്ങിക്കൊള്ളേണ്ടതാണെന്നു നിർബ്ബന്ധിക്കുന്നതും; ഇന്ദ്രാണിയാണെന്നു പറഞ്ഞു ദേവന്മാർ കാണിച്ചുകൊടുക്കുന്ന ഒരു പൊട്ടക്കണ്ണിയെ താൻ പരിഗ്രഹിക്കുന്നതും; മററും ദീക്ഷിതരേക്കൊണ്ടു മാത്രമേ തത്തദൌചിത്യപരിപൂർണ്ണതയോടുകൂടി വർണ്ണിക്കുവാൻ സാധിക്കുകയുള്ളു.

അഞ്ചാംസർഗ്ഗത്തിൽ കുലശേഖരപാണ്ഡ്യൻ മലയധ്വജപാണ്ഡ്യൻ നൽകുന്ന വിലയേറിയ ഉപദേശം ഭട്ടബാണന്റെ പ്രസിദ്ധമായ ശുകനാസോപദേശത്തോടു കിടനിൽക്കുന്നു. പ്രഭുകുമാരന്മാർക്കു മുഖസ്ഥമായിരിക്കേണ്ട ആ സർഗ്ഗം, കിരാതാർജ്ജുനീയത്തിലെ ത്രിസർഗ്ഗിയേയും ശിശുപാലവധത്തിലെ ദ്വിതീയസർഗ്ഗത്തേയുംപോലെ അവരുടെ പാഠകോടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

"പ്രസഞ്ജയന്തി പ്രഥമം വിമാർഗ്ഗഗാം-
സ്തതഃ ക്രമേണ സ്തുവതേ ച താൻ പുനഃ;
പ്രവർത്തയന്ത്യപ്യപഥേ ശനൈഃ പ്രഭും
ഖലാഃ സ്വകാര്യൈകപരാസ്സമീപഗാഃ.

ഉപക്ഷിപന്തശ്ചകിതാ ഇവാദിതോ-
നിഷിദ്ധമാനാ ഇവ കൈശ്ചിദന്തരാ
സുഖേന ദോഷം ദ്രഢയന്തി സാധുഷു
സ്തുവന്ത ഏവ സ്വഗിരാ ദുരാശയാഃ.

പരം കൃതജ്ഞാ ഇവ പണ്ഡിതാ ഇവ
പ്രഭോർഹിതൈകപ്രവണാ ഇവ സ്വതഃ
ജഗത്തടസ്ഥാ ഇവ രാജ്ഞി ബാലിശേ
ജനാഃ സ്വമർത്ഥം ഘടയന്ത്യസാധവഃ."

മേലുദ്ധരിച്ച പദ്യങ്ങളിൽ ദുഷ്ടന്മാരായ സേവകന്മാർ സാധുക്കളായ പ്രഭുകുമാരന്മാരെ പതുക്കെ പടിപ്പടിയായി അപഥത്തിൽ ചാടിക്കുന്ന സമ്പ്രദായത്തെ എത്ര സൂക്ഷ്മദൃഷ്ടിയോടും എത്ര അനുഭവരസികതയോടുംകൂടി

Digitized By Kerala Sahitya Akademi

കറി വർണ്ണിച്ചിരിക്കുന്നുവെന്നു നോക്കുക. രാജാവ് ഇന്നതു് ഉപാദേയമാണെന്നും ഇന്നതു വർജ്ജനീയമാണെന്നും സ്വബുദ്ധിശക്തികൊണ്ടുതന്നെ കണ്ടറിഞ്ഞു ദുഷ്ടന്മാരെ അവരുടെ വലയിൽപ്പെട്ടവനെന്നപോലെതന്നെ ബാഹ്യമായിപ്പെരുമാറിക്കൊണ്ടു് ഒടുവിൽ നിഗ്രഹിക്കണമെന്നും; തന്നെ തേജസ്വിയായാൽ ഹനിക്കുവാനും മാർദ്ദവശാലിയായാൽ തിരസ്കരിക്കുവാനും ജനങ്ങൾ ഇച്ഛിക്കുമെന്നുള്ളതുകൊണ്ടു ശരൽക്കാലത്തെ ചന്ദ്രനേപ്പോലെ അപ്രമത്തനായി അനുഷ്ണശീതളനായ് ജീവിച്ചുകൊള്ളണമെന്നും; തന്റെ കോപമാകട്ടെ പ്രസാദമാകട്ടെ അതിരിൽ കവിഞ്ഞുപോയാൽ രാജ്യം കീഴ്മേൽ മറിഞ്ഞുപോകുമെന്നുള്ളതുകൊണ്ടു താൻ അതന്ദ്രിതനായി വിചാരധാരാവിശദമായ മനസ്സോടുകൂടി ജനങ്ങളിൽ പ്രവർത്തിക്കണമെന്നും പിതാവ് ആ അവസരത്തിൽ പുത്രനോടു ചെയ്യുന്ന അനുശാസനം എത്രമാത്രം വിപുലവും വിശദജനിനവുമാണെന്നു പറയേണ്ടതില്ലല്ലോ. മന്ത്രിമാർക്കു രാജ്യഭാരവിഷയത്തിലുള്ള ചുമതല എന്തായിരിക്കണമെന്നും സ്വായത്തസിദ്ധിത്വം സമ്രാട്ടുകൾക്കു് എങ്ങനെ യോജിക്കുന്നതല്ലെന്നും കവി താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ വിശദമാക്കിയിരിക്കുന്നു.

"ബഹുശ്രുതോ ന തഥമിവാപരോധുനാ
ന ദീർഘദർശീ ന ച മന്ത്രയോഗവിൽ;
പ്രശാസനീയസ്തദപി സ്വയം ഭവാൻ;
പ്രശാസിതാരസ്തവ സന്തു മന്ത്രിണഃ."

രാജാവ് എത്രതന്നെ സമർത്ഥനായാലും മന്ത്രിമാരാൽ ഉപദേശിക്കപ്പെടേണ്ടവനാണെന്നുള്ള രാജ്യമീമാംസാതത്വം ദീക്ഷിതർക്കു പത്ഥ്യമായിരുന്നുവെന്നു ഇതിൽനിന്നു കാണാം. ആ സർഗ്ഗത്തിൽത്തന്നേ മലയധ്വജന്റെ രാജ്യഭാരചാതുരിയെ വർണ്ണിക്കുന്നേടത്തും രമണീയമായിരിക്കുന്നു.

"വിനേതരി സ്വാമിനി വീതകല്മഷേ
വിനിന്യിരേ തദിഷയേ പ്രജാഃ സ്വതഃ;
തപോധനേ ദന്ദ്വജയിന്യവസ്ഥിതേ
തദാശ്രമസ്ഥാ ഇവ ഹിംസ്രജന്തവഃ.

വിചക്ഷണേഽസ്മിൻ വ്യസനാന്യപോഹിതും
തടസ്ഥവൃത്തൌ സരളേ ഹിതൈഷിണി
അപി പ്രജാഃ സ്വാൻ കലഹാൻ ഗൃഹേ ഗൃഹേ
നിചിക്ഷിപുർന്യാസമിവാവിശങ്കിതാഃ.

അദൃഷ്ടപര്യൈഃ കളമൈരലംകൃതാ
ന വൃഷ്ടിമപ്യസ്യ ചകാംക്ഷ മേദിനീ;
സ്മരൻ ഹവിഃ സ്വീക്രിയമാണമധ്വരേ
വവർഷ കാലേഷു തഥാപി വാസവഃ."

വീതകന്മഷനും ജനഹിതൈകതാനനുമായ ഒരു രാജാവിന്നു പ്രജകൾ, ദ്വന്ദ്വത്തെ ജയിച്ച ഒരു തപോധനനു് ആശ്രമസ്ഥിതങ്ങളായ ദുഷ്ടമൃ

Digitized By Kerala Sahitya Akademi

ഗങ്ങൾ എന്നപോലെ, സ്വാഭാവികമായി എങ്ങനെ കീഴടങ്ങുന്നുവെന്നും പ്രജകളുടെ വ്യസനങ്ങളെ ദൂരീകരിക്കുന്നതിനു സന്നദ്ധനായ ഒരു രാജാവിന്റെ രാജ്യത്തിൽ എങ്ങനെ അവർ തങ്ങളുടെ മിത്രോമത്സരത്തെ ഉപേക്ഷിക്കുന്നുവെന്നും ഇതിൽ നിന്നു വെളിവാകുന്നു. മഴപെയ്യുമാത്രം വിളയണമെന്നില്ലാത്ത ആ രാജ്യത്തിലെ നിലങ്ങളിൽ ദേവേന്ദ്രൻ മഴ പെയ്യിക്കുന്നതു താൻ ഭക്ഷിക്കുന്ന യാഗഹവിസ്സിന്ന് ഒരു പ്രതിദാനം എന്ന നിലയിൽ മാത്രമാണത്രേ.

ആറാംസർഗ്ഗത്തിൽ ഭിന്നമതാനുയായികൾ തമ്മിലുള്ള വാദപ്രതിവാദങ്ങളും ഇരുപതാംസർഗ്ഗത്തിൽ കവികൾ തമ്മിലുള്ള സാഹിതിപ്രശ്നോത്തരങ്ങളും "വാചം വ്യാകുരുതേ ചിരന്തനഗിരം മീമാംസതേ ചോദയിം" എന്ന ഗ്രന്ഥാന്തത്തിൽ കവി തന്നെപ്പററി ചെയ്യുന്ന പ്രശംസ വസ്തുസ്ഥിതികഥനം മാത്രമാണെന്നു തെളിയിക്കുന്നു.

എട്ടാംസർഗ്ഗത്തിൽ ദിഗ്ജയയാത്ര ചെയ്യുന്ന അവസരത്തിൽ ദേവിയെ ഗ്രാമീണജനങ്ങൾ സൽക്കരിക്കുന്ന ശൈലി എത്ര നിസർഗ്ഗരമ്യമായിരിക്കുന്നുവെന്നു പരിശോധിക്കുക.

"പശ്യ കാളി! മലയദ്ധ്വജകന്യാം; കബ്ജികേ! ജനകവന്മുഖമസ്യാഃ;
ജ്യായസീ ഹി ദുഹിതുർമ്മമ മാസൈഃ-പഞ്ചഭിഷ്ഠിയമഹോ ശിശുരേവ.

*　　*　　*　　*　　*

സന്തി നഃ ശതമജാ ദശ ഗാവഃ പഞ്ചഷാശ്ച മഹിഷാ ദയയാ തേ;
ഗവ്യമേതദുപയുങ്ക്ഷ്വ കദുഷ്ണം-ദൂരമാംബ തൃഷിതാസി പഥി ത്വം."

രാജ്ഞി തന്റെ മകളേക്കാൾ അഞ്ചാറു മാസത്തിനു മൂത്തവളാണെങ്കിലും പിന്നെയും ശിശുവിനേപ്പോലെതന്നെയിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് അടുത്തുചെല്ലുന്ന പാലുകാരി ദേവിയോടു താൻ ക്ഷീണിച്ചു വന്നിരിക്കുന്നതിനാൽ സ്വല്പം ചൂടുള്ള കുറെ പാലു കുടിച്ചു ദാഹം തീർക്കണമെന്നപേക്ഷിക്കുന്നതു് എത്ര പ്രകൃതികോമളമായിരിക്കുന്നു! ഈ ഭാഗം വായിക്കുമ്പോൾ ശ്രീകൃഷ്ണവിലാസത്തിലേ,

"ഇതഃ പരം നശ്വരമാത്രപാതം യായാസ്സഹായേന സുഹൃൽഗണേന
അത്രാഗമിഷ്യന്തി കിരാതപുത്രി ഗവാമമൂഷാം പരിപാലനായ.

വ്യാധാഹൃതൈർവ്വാരണകുംഭഗർഭാന്മുക്താഫലൈരാമലകാഭിരാമൈഃ
പ്രസാധനം ത്വാം ഭുവനത്രയസ്യ പ്രസാധയിഷ്യന്തി കിരാതകന്യാഃ.

കന്യാസ്തി കാചിൽ ശബരേശ്വരസ്യ-യാ നഃ കുലാനാമധിദേവതേവ;
സാ സ്വഃ ദാസ്യതി തേ സ രാജാ മഹാന്ത്യനർഘാണി ച യൗതകാനി."

എന്നു ശബരികൾ ശ്രീകൃഷ്ണനെ സൽക്കരിക്കുന്ന ആ "പ്രശ്രയശോഭി"യും ഭാവസുന്ദരവുമായ വാക്യം പെട്ടെന്നു് ഓർമ്മയിൽ വന്നുപോകുന്നു. ദേവിയുടെ ദിഗ്ജയവർണ്ണനം തുടർന്നുപോകുന്നതും,

Digitized By Kerala Sahitya Akademi

"നീഹാരഭൂധരശിലാവലയാഭിഘാത-
നിർഗ്ഗച്ഛദച്ഛജലശീകരവിപ്രുഷേഷു"
"പാരീന്ദ്രനിർദ്ദലിതകുഞ്ജരകുംഭമുക്ത-
മുക്താഫലഗ്രഥിതഹാരകൃതോപഹാരൈഃ"
"ശാർദ്ദൂലസിംഹശരഭദ്വിരദാച്ഛഭല്ല-
വാഹദ്വിഷദ്വൃകവരാഹപരാഹതേഷു"

ഇത്യാദി ശബ്ദസൌന്ദര്യസങ്കേതങ്ങളായ വസന്തതിലകപദ്യങ്ങളേക്കൊണ്ടു ശോഭിക്കുന്നതുമായ ഒൻപതാംസർഗ്ഗത്തിന്റെ രമണീയകം അന്യാദൃശമാണ്. അതിൽ അതീതകാലങ്ങളിൽ ബ്രാഹ്മണർക്കുണ്ടായിരുന്ന അഭിലഷണീയമായ അത്യുജ്ജ്വലയെ കവി വർണ്ണിച്ചിരിക്കുന്നതു സർവോത്തരമായിട്ടുണ്ട്.

"രത്നാനി തത്ര വണിജോ ഭിഷജോഗ്രഹീഷുർ-
ദ്ദിവ്യൌഷധീൻ ഗജവരാനപി രാജകീയാഃ
അസ്മാദൃശാഃ ക്ഷിതിസുരാ പുനരാഹരന്ത
ഭാഗീരഥീതടരുഹാണി കുശാങ്കുരാണി."

"ഗംഗാതടത്തിൽനിന്നു കച്ചവടക്കാർ രത്നങ്ങളേയും വൈദ്യന്മാർ ദിവ്യൌഷധികളേയും രാജപുരുഷന്മാർ നല്ല നല്ല ആനകളേയും കൊണ്ടുപോകുന്നു; എന്നാൽ ഞങ്ങളെപ്പോലെയുള്ള ബ്രാഹ്മണർ ആഹരിച്ചതു് അവിടെ വളർന്നു നിന്നിരുന്ന ദർഭകന്ദളങ്ങളായിരുന്നു." ഇവിടെ ബ്രാഹ്മണർക്കു നൽകുന്ന "അസ്മാദൃശാഃ" എന്ന വിശേഷണം ദീക്ഷിതരുടെ പ്രത്യേകമനോധർമ്മത്തിന്റെ പ്രതിഫലനമാകുന്നു.

ദധിസമുദ്രത്തിൽ ഉള്ള വെണ്ണ അങ്ങനെയൊന്നുണ്ടെന്നു നവനീതചോരനായ ഭഗവാൻ ശ്രീനാരായണൻ അറിഞ്ഞിട്ടില്ലാത്തതാണെന്നു പറഞ്ഞുകൊണ്ടു് ആ സമുദ്രം ദേവിക്കുപഹാരമാക്കുന്നതും സുവർണ്ണമയമായ ജംബൂനദിയിൽ ഇറങ്ങി സ്വർണ്ണാശയുള്ള യോദ്ധാക്കൾ ചളിയും മണലും താമരയും കരിങ്കുവളവും വണ്ടും അരയന്നവും തവളയും ആമയും എല്ലാംകൂടി വാരിക്കെട്ടിക്കൊണ്ടുപോകുന്നതും കവി സഹജമായ ഫലിതനിരങ്കുശതയോടുകൂടി വർണ്ണിക്കുന്നതു വായിക്കുവാൻ വളരെ രസമുണ്ടു്. മീനാക്ഷീസുന്ദരേശ്വരരുടെ വിവാഹവർണ്ണനമായ പതിനൊന്നാംസർഗ്ഗം ഉത്തമോത്തമമാണു്.

"ജിതാ ത്വയാ യൽ പൃഥിവീ ന തജ്ജിതം;
ജിതാശ്ച യദ്ദേവി! സുരാ ന തജ്ജിതം;
ത്വാനേന യൂനാ യദനന്യനിർജ്ജിതം
ജിതം വധൂജന്മ തദുജ്ജ്വലം ജിതം."

ഇത്യാദിപദ്യങ്ങളുടെ നൈസർഗ്ഗികമായ സൌകുമാര്യമോ,

"പ്രതിക്ഷണോന്മേഷിപയോധരോന്നതി-
പ്രതിസ്ഫുടൽകഞ്ചുകസന്ധിപൂരണഃ"

Digitized By Kerala Sahitya Akademi

ഇത്യാദി പദ്യങ്ങളിലെ അനർഗ്ഗളനിർഗ്ഗളത്തായ ശബ്ദപ്രവാഹമോ,

"ഹാസസ്യ ശൃംഗാരരസാധിദേവതാ-മവേക്ഷ്യ താം മന്ഥരമായതീം പുരഃ
അലജ്ജത ശ്രീർജഗദാദിസുന്ദരി;-ലലജ്ജിരേ ലജ്ജിതുമപ്സരോഗണാഃ.
പദൈരിമാം പ്രാകൃതവസ്തുസംഹതി-പ്രസക്തസങ്കേതമലീമസീകൃതൈഃ
അവർണ്ണയന്തീ വിവാഹഭാരതീ സവൈദുഷീം മൌനത ഏവ കേവലം."

ഇത്യാദി പദ്യങ്ങളിലെ പുളകോൽഗമകാരിയായ ഫലിതചാതുരിയോ ഏതാണ് ഈ സർഗ്ഗത്തിൽ ഭാവുകന്മാരുടെ മനസ്സിനെ അധികമാകർഷിക്കുന്നതെന്നു ഖണ്ഡിച്ചുപറവാൻ പ്രയാസമുണ്ട്. "വിവാഹവേഷഭൂഷിതയായ ദേവിയേക്കണ്ടു ജഗത്തിലെ ആദിസുന്ദരിയായ ലക്ഷ്മീഭഗവതി കൂടിയും ലജ്ജിച്ചു. അപ്സരസ്ത്രീകളാകട്ടെ ലജ്ജിക്കുവാൻ തന്നെ ലജ്ജിച്ചു. ആ സന്ദർഭത്തിൽ ഒരാൾക്ക് ഒന്നു ലജ്ജിക്കണമെങ്കിൽ അതിനും വേണമല്ലോ ഏതാനും ഒരു അവകാശം! അതില്ലാത്ത ആ സാധുസ്ത്രീകൾ ലജ്ജിക്കുവാൻ പോലും ലജ്ജിച്ചതിലെന്താണാശ്ചര്യം? ചന്ദ്രപത്മാദിപ്രാകൃതവസ്തുക്കളെക്കൊണ്ടാണല്ലോ സൌന്ദര്യത്തെ വർണ്ണിക്കേണ്ടതു്; അതല്ലയോ കവിസങ്കേതം? അതിനാൽ താദൃശസങ്കേതങ്ങളാൽ മലിനങ്ങളായ പദങ്ങളെക്കൊണ്ടു ദേവിയുടെ ദേഹലാവണ്യത്തെ വർണ്ണിക്കുവാൻ ഒരുമ്പെടാതെ മൌനംകൊണ്ടു തന്റെ വൈദുഷ്യത്തെ വിവരിക്കുകതന്നെയാണു് ആ അവസരത്തിൽ സരസ്വതി ചെയ്തതു്." ഇങ്ങനെയാണ് ഒടുവിലുദ്ധരിച്ച രണ്ടു പദ്യങ്ങളുടേയും താൽപര്യം.

പതിന്നാലാംസർഗ്ഗത്തിൽ കന്യകയേ വരനു വേളികഴിച്ചുകൊടുക്കുമ്പോൾ ഇരുകൂട്ടരുടേയും ഗോത്രങ്ങളും പിതൃപിതാമഹനാമധേയങ്ങളുമറിയുന്നതിനു മാർഗ്ഗമില്ലാതെ വന്നതിനാൽ "അങ്ങേയ്ക്കു് ഈ കന്യകയേത്തരുന്നു" എന്നു ചുരുക്കി മാത്രമേ ദാനമന്ത്രമുച്ചരിക്കേണ്ടിവന്നുള്ളു എന്നു പറയുന്ന ഭാഗം എത്ര ഹൃദയംഗമമായിരിക്കുന്നു!

"ധാതുർഗ്രഹീതുശ്ച കിമസ്തി ഗോത്രം
കോ വാ പിതാ കശ്ച പിതാമഹോ വാ?
അതോഽദ്ഭുതസ്തുഭ്യമിമാം ദദാമീ-
ത്യാസീദിയാനേവ തു ദാനമന്ത്രഃ."

നവോഢയായ നായികയിൽനിന്നു നായകന് ഏതുവിധമുള്ള ആനന്ദമാണ് സിദ്ധിച്ചതെന്ന് —

"യദാഹ യൽ പ്രൈക്ഷത യജ്ജഹാസ
യദാസ്ത ജോഷം യദപി ന്യഷേധൽ
സാ തേന തേനൈവ ശരീരലാഭ-
സാഫല്യമാപാദയതി സ്മ യൂനഃ."

എന്ന പദ്യത്തിൽ കവി അകൃത്രിമമായ ചമൽക്കാരത്തോടുകൂടി വെളിപ്പെടുത്തിയിരിക്കുന്നു. എങ്ങനെ സംസാരിച്ചുവോ, എങ്ങനെ നോക്കിയോ, എ

Digitized By Kerala Sahitya Akademi

ങ്ങനെ ചിരിച്ചുവോ, എങ്ങനെ മിണ്ടാതെയിരുന്നുവോ, എങ്ങനെ തടസ്ഥം കാണിച്ചുവോ; ആ ക്രിയ ഓരോന്നുകൊണ്ടും ദേവി ആ യുവാവിന് അദ്ദേഹത്തിന്റെ ശരീരലാഭം സഫലീഭവിപ്പിച്ചുവത്രേ!

പതിനാലാംസർഗ്ഗത്തിലെ മഹാമേരുവർണ്ണനത്തിലും ദീക്ഷിതരുടെ ഫലിതധോരണി ധാരാളമായി പ്രകാശിക്കുന്നുണ്ട്.

"യേ കേചിൽ ദ്വിപദാ യേ ച ഷട്പദാ യേ ചതുഷ്പദാഃ,
സർവേപ്യഷ്ടാപദമയാഃ സംബന്ധിദ്യസ്യ വിശ്രുതാഃ."

അവിടെയുള്ള (ദ്വിപദാഃ) മനുഷ്യരും, (ചതുഷ്പദാഃ) കന്നുകാലികളും, (ഷട്പദാഃ) വണ്ടുകളും ആ പർവതത്തോടുള്ള സംബന്ധത്താൽ (അഷ്ടാപദമയാഃ) സ്വർണ്ണമയങ്ങളായിത്തീർന്നുവത്രേ. ശ്ലേഷപ്രയോഗമെന്നൊന്നു കേട്ടുകൂടുമ്പോൾ തന്നെ നെററിചുളിക്കുന്നവർക്കും ഈ മാതിരിയിലുള്ള വളച്ചുകെട്ടില്ലാത്ത കവിപ്രൌഢോക്തിനിബന്ധനങ്ങളെ അപലപിക്കുവാൻ തോന്നുന്നതല്ല. പിന്നെയും—

"കാഞ്ചനേ യത്ര മൂർദ്ധ്രതേ-കാമിന്യസ്ത്രീദിവൗകസാം
കുതൂഹലിന്യോ ഭൂഷാസു കലായാൻ പശ്യപാസതേ.
പല്ലവം ജീർണ്ണപത്രം ച പ്രത്യഭിജ്ഞാതുമക്ഷമാഃ
ഹൈമേഷു സഹകാരേഷു ഖിദ്യന്തേ യത്ര കോകിലാഃ."

എന്നു ദീക്ഷിതർ ആ പർവതവർണ്ണനം തുടർന്നുകൊണ്ടുപോകുന്നു. മഹാമേരുവിലെ മണ്ണെല്ലാം സ്വർണ്ണമാണ്. അതുകൊണ്ട് അവിടെ ആഭരണം വേണമെന്ന് ആഗ്രഹമുള്ള ദേവസ്ത്രീകൾ അതുണ്ടാക്കാൻ ആവശ്യപ്പെടുന്നതു തട്ടാന്മാരോടല്ല; കുശവന്മാരോടാണ്. അവിടെ പിന്നെയുമൊരു വിശേഷമുണ്ട്. അതു സ്വർണ്ണമയമായ തേന്മാവിൽ തളിരേത്, ഉണങ്ങിയ ഇല ഏത്, എന്നു കാഴ്ചയിൽ നിന്നറിവാൻ തരപ്പെടാതെ കുയിലുകൾ ദുഃഖിക്കുന്നു എന്നുള്ളതാണ്. നോക്കുക: കല്പനകളുടെ സർവപഥീനമായ സ്വതന്ത്രസഞ്ചാരം!

ഇരുപതാംസർഗത്തിൽ ചമ്പകപാണ്ഡ്യന്റെ രതോത്സവവർണ്ണനാന്തത്തിൽ കവി ബ്രഹ്മാവിനെ ശകാരിക്കുന്നത് എത്ര കേമമായിരിക്കുന്നു!

"സസജ്ജ തസ്യാം കിയതോ വിലാസാം-
ശ്ചക്രേ കഥം നാമ നിശാം ത്രിയാമാം?
ശൃംഗാരസാരം കലയാപി വേധാഃ
കിം വേദ വേദാക്ഷരജീർണ്ണകോശഃ?"

ആ സുന്ദരിയിൽ ആ മാതിരിയിലുള്ള വിലാസങ്ങളേ സൃഷ്ടിച്ചു രാത്രിയെ (ത്രിയാമ) മൂന്നു യാമത്തേക്കു മാത്രം നിലനിറുത്തിയ ബ്രഹ്മാവു ശൃംഗാരരസത്തിന്റെ സത്തു തരിമ്പുപോലും കണ്ടവനല്ല! എങ്ങനെ കാണും? അദ്ദേഹത്തിന്റെ പൊട്ടബ്ഭണ്ഡാരത്തിൽ ശൃംഗാരവുമായി യാതൊരു സംബന്ധവുമില്ലാത്ത വേദാക്ഷരങ്ങളല്ലേ ഉള്ളൂ!

Digitized By Kerala Sahitya Akademi

ഇപ്പോൾതന്നെ ഞാൻ ഉദ്ദേശിച്ചിരുന്നതിൽ എത്രയോ വളരെയധികം ദീർഘമായിപ്പോയ ഈ മഹാകാവ്യപ്രശംസനം ഇവിടെ സമാപിപ്പിച്ചുകൊള്ളട്ടെ. കാളിദാസരുടെ രഘുവംശം കഴിഞ്ഞാൽ ഇത്ര മനോരമമായ ഒരു മഹാകാവ്യം സംസ്കൃതസാഹിത്യത്തിലില്ലെന്നു ശപഥം ചെയ്യാം.

"കൃതിഃ സമപ്പ്യാ വിരസാ മയേതി
കസ്യൈഷ ദോഷഃ? സ പരം ഭവാന്യാഃ;
രമ്യാം കൃതിം സാ യദി രോചയേത
തഥാനുഗൃഹ്ണാതു; നിവാരിതം കൈഃ?"

എന്നും മററും തൻെറ കാവ്യത്തിനു രസപൂത്തി പോരെന്നു തോന്നി ദേവിയോടു കാവ്യാന്തത്തിൽ ദീക്ഷിതർ കലശൽ കൂട്ടിട്ടുള്ളത് അദ്ദേഹത്തിൻെറ വിനോദകോലാഹലത്തിൻെറ മറെറാരു പരിവൎത്തനമെന്നല്ലാതെ അത് ആത്മവിശ്വാസവൈകല്യത്തിൻെറ ഫലമാണെന്ന് അഭിജ്ഞന്മാരിൽ ആരും തെററിദ്ധരിക്കുന്നതല്ല.

ദീക്ഷിതരുടെ കലിവിഡംബനം, സഭാരഞ്ജനം, അന്യാപദേശശതകം, വൈരാഗ്യശതകം, ആനന്ദസാഗരസ്തവം, ശാന്തിവിലാസം ഈ ആറു ലഘുകാവ്യങ്ങളേയും അടക്കിപ്പിടിച്ചു "ഷഡ്ഗ്രന്ഥി" എന്നു വ്യവഹരിക്കാറുണ്ടെന്നു മുമ്പുപറഞ്ഞുവല്ലോ. അതിൽ കലിവിഡംബനം കരമന കേശവശാസ്ത്രികൾ 1069-ൽ കേരളകാളിദാസൻ തിരുമേനിയുടെ ഒരവതാരികയോടുകൂടി പ്രസിദ്ധപ്പെടുത്തി. അതിൽപിന്നീട് അന്യാപദേശശതകത്തിലെ,

"കിം പൃഷ്ഠാസി മൃഗാൻ? മൃഗാദനകുലാൽ കിം വാ പരം ത്രായസേ?
തദ്ഭാഗ്യേന തഥാപ്യമീ വനഭുവി സ്വൈരം ചരിത്വാ തൃണം
ത്വാം രാജാനമുപാസിതും യദി കില ശ്രദ്ധാം നിബധ്നന്തി; തൽ
കിം പാരീന്ദ്ര! ഗുഹാഗൃഹാദപി വിനിർഗ്ഗന്തും തവാദ്യ ശ്രമഃ?"

എന്ന പദ്യം 1075 ധനുമാസത്തിൽ തിരുവനന്തപുരത്തുവച്ചു നടന്ന ഭാഷാപോഷിണീസഭായോഗത്തിൽ വച്ച് ആ തിരുമേനിക്കു പ്രസംഗവശാൽ ഉദ്ധരിക്കുന്നതിനുള്ള ആവശ്യം നേരിടുകയും അന്ന് ആ പ്രൌഢപ്രസംഗം കേട്ട സഹൃദയന്മാർ ആ പദ്യത്തിനു തന്മൂലം ജന്മസാഫല്യം സിദ്ധിച്ചതായി ആനന്ദിക്കുകയും ചെയ്തു. പ്രസ്തുതപദ്യം മാത്രം തിരുമേനി ആദ്യമായി ഭാഷാന്തരീകരിക്കുകയും പിന്നീട് ആ കാവ്യം ആപാദചൂഡം തർജ്ജമചെയ്തു വിദ്യാവിനോദിനീമാസികയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. വായനക്കാരിൽ പലക്കും അറിവുള്ളതാണല്ലോ. അന്യാപദേശശതകത്തിനു സംഗീതസാഹിത്യകലാകുശലനും കവികുലശേഖരനുമായിരുന്ന സ്വാതിതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രതിപദ്യം ഒരവതാരിക എഴുതീട്ടുള്ളതിനു പുറമേ യശശ്ശരീരനായ നമ്മുടെ പൊന്നുതമ്പുരാൻ ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സിലെ പിതാവായിരുന്ന ചങ്ങനാശേരി രാജരാജവൎമ്മകോയിത്തമ്പുരാൻ അതിലെ നാല്പതിലധികം ശ്ലോകങ്ങൾക്കു രമണീയമായ ഒരു വ്യാഖ്യാനവും നിർമ്മിച്ചിട്ടുണ്ട്. കേരളകാളിദാസൻ തിരുമേനി

Digitized By Kerala Sahitya Akademi

യുടെ ഗുരുഭൂതനായിരുന്ന ആ മഹാനുഭാവനിൽനിന്നു തിരുമേനിക്ക് ആപദ്യങ്ങളുടെ അൎത്ഥം ഗ്രഹിക്കുവാൻ സിദ്ധിച്ച യോഗം ആകാവ്യത്തിൽ അവിടത്തേക്ക് ഒരു വിശേഷപ്രതിപത്തിയെ ജനിപ്പിച്ചു വസ്തുത അവിടുന്നുതന്നെ 1078-ൽ പ്രസിദ്ധപ്പെടുത്തിയ അന്യാപദേശശതകമണിപ്രവാളത്തിൻെറ മുഖവുരയിൽ രേഖപ്പെടുത്തിട്ടുണ്ട്. ദീക്ഷിതരുടെ ലഘുകാവ്യങ്ങളെല്ലാംതന്നെ സാധാരണമായും, കലിവിഡംബനവും അന്യാപദേശശതകവും പ്രത്യേകമായും, പണ്ഡിതശ്രേഷ്ഠനും പ്രതിഭാശാലിയുമായിരുന്ന വിശാഖംതിരുനാൾ മഹാരാജാവുതിരുമനസ്സിലേ ആനന്ദത്തിനു പാത്രീഭവിച്ചിരുന്നുവെന്നു കേരളകാളിദാസൻതിരുമേനി ഒരവസരത്തിൽ എന്നോട് അരുളിച്ചെയ്യുകയുണ്ടായിട്ടുണ്ട്. ആയിടയ്ക്കുതന്നെ പരേതനായ സരസഗായകകവി കേ. സി. കേശവപിള്ള ശാന്തിവിലാസം ഭാഷപ്പെടുത്തി. സഭാരഞ്ജനവും വൈരാഗ്യശതകവും ആധുനികയുവകവികളിൽ ഒരു പ്രമാണിയായ പണ്ഡിതർ ഈ. വി. രാമൻനമ്പൂരി ഈയിടയ്ക്കു തൎജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇനി ദീക്ഷിതരുടെ ലഘുകാവ്യങ്ങളിൽ തൎജ്ജമചെയ്യാതെ കിടപ്പുള്ളതു് ആനന്ദസാഗരസ്തവം മാത്രമാണ്. വൈരാഗ്യശതകത്തിലേ—

> "അശ്നീത പിബത ഖാദത ജാഗ്രത സംവിശത തിഷ്ഠത വാ
> സകൃദപി ചിന്തയതാഹഃ സാവധികോ ദേഹബന്ധ ഇതി."

എന്ന പദ്യവും മററം

> "തീനും കുടിയും കടിയും-ചെയ്തിനുറങ്ങിൻ കിടപ്പിനെഴുന്നേല്പിൻ;
> ഒരു നേരമെങ്കിലുംതാ-നൊരുക ചാക്കെന്നൊരെണ്ണമുണ്ടെന്നായ്."

എന്നും മററും ഏററവും ലളിതമായ ഭാഷയിൽ തൎജ്ജമചെയ്തു തൻെറ ഭാഷാവാരോന്നയനപാടവം പ്രദൎശിപ്പിച്ചുകഴിഞ്ഞിരിക്കുന്ന നമ്പൂരി തന്നെ ആ മനോഹരമായ ദേവീസ്തവത്തിൻേറയും തൎജ്ജമയ്ക്കൊരുമ്പെട്ടാൽ നന്നായിരിക്കും. ഇനി ഈ ഖണ്ഡകൃതികളിൽ ഓരോന്നിനേയും പററി ഏതാനും ചില വാക്യങ്ങൾ എഴുതിക്കൊള്ളട്ടെ.

ശാൎദ്ദൂലവിക്രീഡിതവൃത്തത്തിൽ "സ സ്വാമീ മമ ദൈവതം തദിതരോ നാമ്നാപി നാമ്നായതേ" എന്നവസാനിക്കുന്നതും ശ്രീപരമേശ്വരൻെറ പാരമ്യത്തെ പ്രതിഷ്ഠാപനം ചെയ്യുന്നതുമായ 5 പദ്യങ്ങളും അപ്പയ്യദീക്ഷിതരെപ്പററി പ്രശംസിക്കുന്നതും ഞാൻ മുൻപുദ്ധരിച്ചതുമായ ഒരു പദ്യവുമടങ്ങിയ "ശിവോൽക്കൎഷമഞ്ജരി" ഷഡ്ഗ്രന്ഥിയിൽ പെട്ടതല്ല. അതു ദീക്ഷിതരുടെ ഒരു ബാല്യകവിതയാണെന്നനുമാനിക്കേണ്ടിയിരിക്കുന്നതും ആ കാവ്യത്തിനു ശാന്തിവിലാസം ആനന്ദസാഗരസ്തവം മുതലായ പരിപക്വകൃതികളിൽ കാണുന്നതുപോലെയുള്ള രസപൂൎത്തി വന്നിട്ടില്ലാത്തതുമാകുന്നു. എങ്കിലും മഹാകവികളുടെ സാമാന്യകൃതികളെ അപേക്ഷിച്ച് അതനും അനന്യലഭനീയമായ ഉൽക്കൎഷം കാണുന്നുണ്ട്. പരമശിവൻെറ പുരാണപ്രോക്തമായ അപദാനപരമ്പരയിൽ കവിക്കുള്ള അഗാധമായ പരിജ്ഞാനം ആ കാവ്യത്തിൽനിന്നു, വ്യഞ്ജിക്കുന്നതിനു പുറമേ അദ്ദേഹത്തിനു സ്വ

Digitized By Kerala Sahitya Akademi

പ്രസവ"മായ ഫലിതപ്രയോഗത്തിന്റേയും യുക്തിഗുംഭനത്തിന്റേയും വിളയാട്ടവും അതിൽ ആദ്യവസാനമായി കാണാം.

"വക്ത്രാബ്ജേഷു പിതാമഹസ്യ ജഗതാം; വക്ഷസ്ഥലേ ശ്രീപതേഃ;
സർവാംഗേഷു ശതക്രതോരപി ദ്ദധാൻ ദൃഷ്ട്വ'റിത്യ ജൈത്രധ്വജാൻ
ന ബ്രാഹ്മോ മദനോപി യസ്യ നിടിലജ്യോതിഃപതംഗായിതഃ;
സ സ്വാമീ മമ ദൈവതം; തദിതരോ നാമ്നാപി നാമ്നായതേ."

"ബ്രഹ്മാവിന്റെ മുഖങ്ങളിലും വിഷ്ണുവിന്റെ മാറിടത്തിലും ദേവേന്ദ്രന്റെ സർവാംഗങ്ങളിലും തന്റെ ഉറച്ച വിജയക്കൊടികൾ ഉയർത്തിയ സാക്ഷാൽ കാമദേവൻപോലും യാതൊരു ഭഗവാന്റെ ഫാലാഗ്നിയിൽ ശലഭമായല്ലയോ പതിച്ചതു്; ആ ഭഗവാൻതന്നെയാണ എന്റെ ദൈവതം; മറ്റുള്ളവരെ പേരുകൊണ്ടുപോലും ഞാൻ ചിന്തിക്കുന്നില്ല." നോക്കുക; പ്രതിനായകനു കവി സമ്പാദിച്ചിട്ടുള്ള സമുൽക്കർഷസാമഗ്രി എത്ര ഹൃദ്യമായിരിക്കുന്നു!

ഒരു ശ്ലോകംകൂടി ഉദ്ധരിക്കാം.

"യൽസാരഥ്യപദശ്രുതേഃ ശതധൃതേരായുഃ പരാർദ്ധാധികം;
ശൌരേസ്സ്വം പ്രതി മാർഗ്ഗണത്വമയതോ ജാഗർത്തി ലക്ഷ്മീഃ സ്ഥിരാ;
യൽപാദാശ്രയിണഃ ഫണാധരപതേർവാചഃ പ്രഥന്തേ പരാ;
സ സ്വാമീ മമ ദൈവതം; തദിതരോ നാമ്നാപി നാമ്നായതേ."

"ബ്രഹ്മാവിന്റെ ദീർഘായുസ്സിനു കാരണം അദ്ദേഹം ഭഗവാന്റെ സാരഥിയായതുകൊണ്ടും, വിഷ്ണുവിങ്കൽ ലക്ഷ്മി സ്ഥിരയായി നിൽക്കുന്നതു് അദ്ദേഹം അവിടുത്തേ ബാണമായതുകൊണ്ടും ആദിശേഷൻ ഭാഷ്യകാരനായിത്തീർന്നതു് അവിടത്തേ പാദങ്ങളെ ആശ്രയിച്ചതുകൊണ്ടുമാണത്രേ.

പാരമ്യേ നിഗമാഗമാഃ; പരമസൌലഭ്യേ പിശാചാദയോ;
വാഞ്ഛാധീനപദാപ്പണേ സ ഭഗവാൻ നൈയായ്യപാദോ മുനിഃ;
സർവാഗസ്സഹനേഽധകശ്ച ദനുജാ യസ്യ സ്ഥിതാസ്സാക്ഷിണഃ
സ സ്വാമീ മമ........... ."

എന്ന പദ്യം കുലശേഖരആഴ്വാരുടെ മുകുന്ദമാലയിലെ സുപ്രസിദ്ധമായ

"വാത്സല്യാദഭയപ്രദാനസമയാദാർത്താർത്തിനിർവാപണാ-
ദൌദാര്യാദഘശോഷണാദഗണിതശ്രേയഃപദപ്രാപണാൽ
സേവ്യഃ ശ്രീപതിരേവ സർവ്വജഗതാമേകാന്തതഃ; സാക്ഷിണഃ
പ്രഹ്ലാദശ്ച വിഭീഷണശ്ച കരിരാട് പാഞ്ചാല്യഹല്യാ ധ്രുവഃ"

എന്ന മഹാവിഷ്ണുസ്തുതിപരമായ പദ്യത്തിന്റെ ഒരു ക്ഷീണമായ അനുകരണമാണു്; എങ്കിലും "പരമസൌലഭ്യേ പിശാചാദയഃ" എന്ന ഭാഗത്തിൽ ദീ

Digitized By Kerala Sahitya Akademi

ക്ഷിതരുടെ നിരങ്കുശമായ മനോധൎമ്മം പ്രത്യക്ഷീഭവിക്കാതിരിക്കുന്നില്ല. പിശാചുകൾക്കുകൂടി ഭഗവാനെ സുലഭമായി സമീപിക്കാമെങ്കിൽ അവരേക്കാൾ എത്രയോ ഉയൎന്ന പടിയിൽ നില്ക്കുന്ന മനുഷ്യന്റെ കാൎയ്യം പറയേണ്ടതില്ലല്ലോ.

കലിവിഡംബനം ആകൃതിയിൽ തുലോം ഹ്രസ്വമെങ്കിലും ആശയത്തിൽ ഏററവും വിപുലമായ ഒരാക്ഷേപാഖ്യാനമാണ്. ജ്യോതിഷക്കാരൻ, മന്ത്രവാദി, ചാതുൎയ്യമേറുന്ന വൈദ്യൻ, ഇങ്ങനെ മഹാകവി കുഞ്ചൻനമ്പിയാരുടെ അപഹാസവാങ്നാരാചങ്ങൾക്കു ലക്ഷ്യീഭവിച്ചിട്ടുള്ള കൂട്ടർ പുറമേ, പണ്ഡിതമ്മന്യന്മാർ, ആചാൎയ്യമാനികൾ, ധൂൎത്തവികൾ, ഭാൎയ്യാബന്ധുക്കൾ, ഉത്തമൎണ്ണന്മാർ, മൂർഖന്മാർ, ദ്രവ്യമത്തന്മാർ, ലുബ്ധന്മാർ ഈ മാതിരിയിലുള്ള പല വികൃതസത്വങ്ങളേയും ദീക്ഷിതർ ഈ കാവ്യത്തിൽ എങ്ങനെയെല്ലാമിട്ടു കൊട്ടയാട്ടിയിരിക്കുന്നുവെന്ന് അതു വായിച്ചുതന്നേ മനസ്സിലാക്കേണ്ടതാണ്. എങ്കിലും ഏതാനും ചില പദ്യങ്ങൾ ഉദ്ധരിക്കാതിരിക്കുവാൻ മനസ്സുവരുന്നില്ല.

"വാച്യതാം സമയോ/തീതഃ-സ്പഷ്ടമഗ്രേ ഭവിഷ്യതി
ഇതി പാഠയതാം ഗ്രന്ഥേ-കാഠിന്യം കുത്ര വർത്തതേ?"

"പഠിച്ചുകൊള്ളുവിൻ; സമയംപോയി; എല്ലാം പിന്നിട്ടു സ്പഷ്ടമാകും. എന്നിങ്ങനെ പറഞ്ഞുകൊണ്ടു ശിഷ്യന്മാരേപ്പഠിപ്പിക്കുന്നവർ ഗ്രന്ഥത്തിൽ എന്തു കാഠിന്യമാണ് കാണുവാൻപോകുന്നതു?"

ആയുഃപ്രശ്നേ ദീർഘമായു ർവ്വാച്യം മൌഹൂൎത്തികൈർജ്ജനൈഃ;
ജീവന്തോ ബഹുമന്യന്തേ-മൃതാഃ പ്രക്ഷ്യന്തി കിം പുനഃ?"

"ആയുസ്സിനേപ്പററി ചോദിച്ചാൽ ജ്യോത്സ്യൻ ദീർഘായുസ്സാണെന്നു പറയുന്നതിൽ തരക്കേടൊന്നുമില്ല. ആരേപ്പററി അതു പറയുന്നുവോ അവൻ ജീവിച്ചിരുന്നാൽ ആ ജ്യോത്സ്യനെ ബഹുമാനിക്കുകതന്നെ ചെയ്യും; മരിച്ചുപോയാലോ അതിനെപ്പററി ചോദിക്കുകയുമില്ലല്ലോ."

"വർണയന്തി നരാഭാസാൻ-വാണീം ലബ്ധ്വാപി യേ ജനാഃ
ലബ്ധ്വാപി കാമധേനും തേ-ലാങ്ഗലേ വിനിയുഞ്ജതേ."

"വാഗ്വൈഭവം ലഭിച്ചും യാവചില കവികൾ പൊട്ടമനുഷ്യരെ വൎണ്ണിക്കുന്നുവോ അവർ കൈവശത്തിൽ വന്ന കാമധേനുവിനേ കലപ്പയിൽ പൂട്ടുന്നു."

"പ്രാമാണ്യബുദ്ധിഃ സ്തോത്രേഷു-ദേവതാബുദ്ധിരാത്മനി
കീടബുദ്ധിൎമ്മനുഷ്യേഷു-നൂതനായാഃ ശ്രിയഃ ഫലം;
സ്തോതവ്യൈഃ സ്തൂയതേ നിത്യം-സേവനീയൈശ്ച സേവ്യതേ
ന ബിഭേതി ന ജിഹ്രേതി-തഥാപി ധനികോ ജനഃ;

Digitized By Kerala Sahitya Akademi

യത്രാസീദസ്തി വാ ലക്ഷ്മീ-സ്തത്രോന്മാദഃ പ്രവൎത്തതാം;
കുലേ പ്യാന്തരത്ര്യേഷ-കുഷ്ഠാപസ്മാരവൽ കഥം?"

"പുത്രനായി സമ്പത്തു ലഭിക്കുന്നവനു സ്തോത്രങ്ങൾ സത്യവാക്കുകളെന്നും താൻ ഏതോ ദേവനാണെന്നും മററു മനുഷ്യരെല്ലാം പുഴുക്കളാണെന്നും തോന്നുന്നു. തന്നാൽ സ്തുതിക്കപ്പെടേണ്ടവർ തന്നെ സ്തുതിക്കുന്നു; തന്നാൽ സേവിക്കപ്പെടേണ്ടവർ തന്നെ സേവിക്കുന്നു; എന്നിട്ടും ധനികനു ഭയമോ ലജ്ജയോ തോന്നുന്നില്ല. സമ്പത്തു മുമ്പെങ്ങാനുമുണ്ടാകുകയോ തൽക്കാലത്തേക്കു നിലനിൽക്കുകയോ ചെയ്യുന്നവൻ ഭ്രാന്തനേപ്പോലെ പെരുമാറിയാൽ അതിനു കാരണമുണ്ടെന്നു വച്ചു സമാധാനപ്പെടാം. കുഷ്ഠം, അപസ്മാരം എന്നീ രോഗങ്ങളെപ്പോലെ അതു് അവൻെറ കുലത്തേയും പിൻതുടരുന്നു വല്ലോ! അതെങ്ങനെയാണ്?"

ഈ കാവ്യത്തിൻെറ അന്തിമഘട്ടത്തിലുള്ള,

"യത്രഭാൎയ്യാഗിരോ വേദാ-യത്രധൎമ്മോƒൎത്ഥസാധനം
യത്ര സ്വപ്രതിഭാ മാനം-തസ്മൈ ശ്രീകലയേ നമഃ"-

എന്ന പദ്യം കലിയുടെ സ്വഭാവത്തെ എത്ര സംക്ഷിപ്തമായും സരസമായും ചിത്രണംചെയ്യുന്നു എന്നു നോക്കുക. കലിയിൽ ഭാൎയ്യയുടെ വാക്കു വേദവാക്യമായും, ധർമ്മം ധനസമ്പാദനത്തിന് ഉപായമായും, സ്വബുദ്ധി മാത്രം ലോകത്തിൽ പ്രമാണമായും ഭവിക്കുന്നുവത്രേ! ഇതെത്ര സത്യം!

സഭാരഞ്ജനശതകവും ദീക്ഷിതർ അനുഷ്ടുഭവൃത്തത്തിൽതന്നെ നിൎമ്മിച്ചിട്ടുള്ള മറെറാരു ലോകവ്യവഹാരദൎപ്പണമായ കാവ്യമാണ്. അതിൽ കലിവിഡംബനത്തിലെന്നപോലേതന്നെ കവി ലോകത്തെ ആപാദചൂഡം അധിക്ഷേപിക്കുന്നില്ല. ലൌകികങ്ങളായ പല രഹസ്യങ്ങളുടേയും പ്രതിബിംബനമാണ് സഭാരഞ്ജനത്തിൽ നാം കാണുന്നതു്. സദസ്സുകളിൽ ശോഭിക്കുന്നതിന് ആ തത്വങ്ങളുടെ സൂക്ഷ്മജ്ഞാനം അത്യന്താപേക്ഷിതവുമാണ്

ന ജാതിരൂപകൎമ്മാണി-ദൃശ്യന്തേ മൃദുഭാഷിണി
പക്ഷിണോ മലിനാസ്തത്ര-പരപുഷ്ടാ നിദർശനം.
ജിഘാംസന്തോപി പശവോ-രുദന്തോപി സ്തനന്ധയാഃ
ഘ്നന്തോപി രിപവോ യുദ്ധേ-വശമായാന്തി സാന്ത്വതഃ."

ഇത്യാദി പദ്യങ്ങളിൽ വാങ്മാധുൎയ്യത്തിൻെറ ആവശ്യകതയേപ്പററി സൂക്ഷ്മാവലോകനനിപുണനായ കവി എത്ര ദൃഢമായും എത്ര മൃദുവായും നമ്മെ അനുശാസിക്കുന്നു! "കറുത്തു കിടക്കുന്ന പക്ഷികളുടെ ഇടയിൽ കുയിലിനുണ്ടായ മാഹാത്മ്യം അതിൻെറ മൃദുഭാഷണത്തിൻെറ ഫലമല്ലേ? കൊല്ലാൻ വരുന്ന മൃഗവും കരയുന്ന കുഞ്ഞും കൊല്ലുന്ന ശത്രുവും എല്ലാം സാന്ത്വനവാക്യത്തിന് അടിമപ്പെടുന്നു."

Digitized By Kerala Sahitya Akademi

സർവ്വത്ര ലാള്യതേ ശൂരോ ഭീരുസ്സർവ്വത്ര ഹന്യതേ
പച്യന്തേ കേവലാ മേഷാ പൂജ്യന്തേ യുദ്ധദുർമ്മദാഃ."

"ശൂരനെ ലാളിക്കുന്നതും ഭീരുവിനെ ചവിട്ടിത്താഴ്ത്തുന്നതും സർവ്വസാധാരണമാണ്. കേവലമുള്ള ആടുകളെ മനുഷ്യർ വെട്ടിത്തിന്നുന്നു. പോർ രാടുകളെ പോററിപ്പുലർത്തുന്നു."

അന്യാപദേശശതകം സുപ്രസിദ്ധമാകയാൽ അതിൽനിന്നു മാതിരി കാണിക്കുവാനായി ഒരു ശ്ലോകവുമുദ്ധരിക്കണമെന്നു വിചാരിക്കുന്നില്ല. അപ്പയ്യദീക്ഷിതർ തന്റെ പൂർവ്വഗാമികളായ ഭട്ടഭല്ലടൻ, ശംഭു മുതലായ മഹാകവികളെ ദീക്ഷിതർ ആ കാവ്യനിർമ്മിതിയിൽ അതിശയിച്ചിരിക്കുന്നുവെന്നു ധൈര്യത്തോടുകൂടി പറയാം.

ഭക്തിരസപ്രധാനവും പദഘടനാസുന്ദരവുമായ ആനന്ദസാഗരസ്തവം മധുരേശ്വരിയായ മീനാക്ഷീദേവിയെപ്പററി സ്തുതിരൂപമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു വിശിഷ്ടലഘുകാവ്യമാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. മൂകമഹാകവിയുടെ അമാനുഷമായ ശബ്ദസൌഭാഗ്യവും ശ്രീഹർഷന്റെ ചാതുര്യപൂർണ്ണമായ യുക്തിപരമ്പരയും കാളിന്ദിയും ഗംഗയുംപോലെ മേളിക്കുന്നതു് ഈ ലഘുകാവ്യത്തിൽ സ്പഷ്ടമായി കാണാം. ദേവീവിഷയകമായ രതിഭാവം മനുഷ്യഹൃദയത്തിൽ രൂഢമൂലമാകുന്നതിനു് ഇതിലധികം പര്യാപ്തമായ ഒരു സ്തോത്രരത്നം ഇതുവരെ ലോകത്തിൽ ഉണ്ടായിട്ടില്ല. വേദശാസ്ത്രാഭ്യാസംകൊണ്ടുമാത്രം ഈശ്വരസാക്ഷാൽക്കാരം സിദ്ധിക്കുവാൻ എത്രമാത്രം പ്രയാസമുണ്ടെന്നു കവി യുക്തിവാദംചെയ്തു സമർത്ഥിക്കുന്ന ഭാഗം എത്ര രമണീയമായിരിക്കുന്നു!

"ഏകൈകവേദവിഷയാഃ കതി നാമ ശാഖാ-
സ്താസാം ശിരാംസി കതി നാമ പൃഥഗ്വിധാനി?
അർത്ഥാവബോധവിധുരോക്ഷരലാഭ ഏവ
കേഷാം നൃണാം കതിഭിരസ്തു ശരീരബന്ധൈഃ?
ന്യായാഃ പരസ്പരവിഭിന്നദിശഃ സഹസ്രാ-
ണ്യുച്ചാവചാനി ച ഭവന്ത്യുപബൃംഹണാനി;
ഏവം സ്ഥിതേ ഗിരിസുതേ! നിഗമോപലാനാം
താൽപര്യസാരമവധാരയിതും ക്ഷമഃ കഃ?
അസ്ത്വക്ഷരഗ്രഹവിധിർജനുഷാം സഹസ്രൈ-
രാപാതതോ ഭവതു വാപി തതോർത്ഥബോധഃ;
ദ്വൈതാദികല്പിതവികല്പതരംഗസാന്ദ്രാൻ
ദുഷ്പൂർവ്വപക്ഷജലധീൻ കഥമുത്തരേയുഃ?
ബ്രഹ്മേതി ശക്തിരിതി ബന്ധവിമോചിനീതി
മായാമയീതി മദനാന്തകവല്ലഭേതി
സപ്താഷ്ടശബ്ദപരിവർത്തനമാത്ര ഏവ
സാമർത്ഥ്യമാവഹതി ശാസ്ത്രപരിശ്രമോയം."

Digitized By Kerala Sahitya Akademi

സാധ്യവായ മനുഷ്യന്ന ഭക്തിമാൎഗ്ഗമൊന്നില്ലെങ്കിൽ മോക്ഷസാധനോപായമെവിടെ? അവന്റെ അവസ്ഥ എത്ര ദയനീയമാണു്?

"ആക്രാന്തമന്തരരിഭിൎമ്മദമത്സരാദ്യൈ-
ൎഗ്ഗാത്രം വലീപലിതരോഗശതാനുവിദ്ധം;
ദാരൈസ്സുതൈശ്ച ഗൃഹമാവൃതമുത്തമൎണ്ണൈ-
ൎമ്മാതഃ കഥം ഭവതു മേ മനസഃ പ്രസാദഃ?"

"അകമത്രയും മദമത്സരാദികളായ ശത്രുക്കൾ ആക്രമിച്ചുകഴിഞ്ഞു. ദേഹം മുഴുവൻ ജരയും, നരയും, ദീനവുമായിത്തീൎന്നു. വീടാകപ്പാടെ ഭാൎയ്യ, കുട്ടികൾ മുതലായുള്ള കടക്കാരെക്കൊണ്ടു നിറഞ്ഞു. അമ്മേ! ഈ സങ്കടത്തിൽപെട്ടുഴലുന്ന എന്റെ മനസ്സിന്നു് എങ്ങനെയാണു് പ്രസാദമുണ്ടാകുവാൻ പോകുന്നതു്?"

"ത്വൽപ്രേരണേ നിമിഷതഃ ശ്വസതോപി മാതഃ
പ്രാമാദികേപി സതി കൎമ്മണി മേ ന ദോഷഃ;
മാത്രൈവ ദത്തമശനം ഗ്രസതസ്സുതസ്യ
കോ നാമ വക്ഷ്യതി ശിശോരതിഭുക്തിദോഷം?"

"അമ്മേ! ഞാൻ കണ്ണടയ്ക്കുന്നതും ശ്വസിക്കുന്നതുമെല്ലാം നിന്തിരുവടിയുടെ പ്രേരണനിമിത്തമായിരിക്കെ എന്തെങ്കിലും തെറ്റു ഞാൻ ചെയ്തുപോയിട്ടുണ്ടെങ്കിൽ അതെന്റെ ദോഷമല്ല. അമ്മ തന്നതു ഭക്ഷിച്ച കുട്ടി അധികം ഭക്ഷിച്ചുപോയാൽ അതു് അമ്മയുടെ ദോഷമോ കുട്ടിയുടെ ദോഷമോ? കുട്ടിയുടേതാണെന്നു് ആരും പറവാൻ സാധിക്കയില്ലല്ലോ".

"യത്രാനമൻ പശുപതിഃ പ്രണയാപരാധേ
മന്ദം കില സ്പൃശതി ചന്ദ്രകലാഞ്ചലേന;
പുഷ്പാൎച്ചനേപി മൃദിതം പാദയോൎയ്യുഗം ത-
ന്മാതസ്തുദന്തി ന കഥം പരുഷാ ഗിരോമേ?"

"പ്രണയപരാധം തീരുവാൻ ഭഗവാൻ ശ്രീപരമേശ്വരൻപോലും ചന്ദ്രകലാഗ്രത്താൽ മാത്രം പതുക്കെ സ്പൎശിക്കുന്നതും പുഷ്പാൎച്ചനത്തിൽപോലും നോവുന്നതുമായ അമ്മയുടെ പാദങ്ങളെ എന്റെ പരുഷങ്ങളായ വാക്കുകൾ എങ്ങനെ വേദനപ്പെടുത്താതെയിരിക്കുകയില്ല!"

ഭഗവാന്റെ പാദങ്ങളെ ശിവലീലാൎണ്ണവം ഇരുപത്തൊന്നാംസൎഗ്ഗത്തിൽ മാണിക്കവാചകരേക്കൊണ്ടു മറെറാരു മാതിരിയിൽ സ്തുതിപ്പിച്ചിരിക്കുന്നതും ഈ അവസരത്തിൽ സ്മരണീയമാകുന്നു.

"ഏകം വിധേയമവലംബനമിത്യുപേക്ഷ്യ
നിത്യം, ശ്രിതോസ്മി ചരണൌ തവ ചന്ദ്രമൌലേ!

Digitized By Kerala Sahitya Akademi

ആർതഃ കിമിത്ഥമിയമാപദി ഭൂമേ മഹത്യാ-
മന്യോന്യദത്തഭരയോരനയോരുപേക്ഷാ?"

"ഏതായാലും നിന്നെ അവലംബമായി പിടിക്കണമെന്നുള്ള മുറ വിട്ടു ശ്രീപരമേശ! ഞാൻ അങ്ങയുടെ രണ്ടുകാലുകളേയും ആശ്രയിച്ചു പോയി. അവയാകട്ടെ, "നീ രക്ഷിക്ക് നീ രക്ഷിക്ക്" എന്നു രക്ഷാഭാരത്തെ അന്യോന്യം തള്ളി നീക്കിക്കൊണ്ടു നിൽക്കുന്നു. ഭഗവാനെ! എൻെറ ഈ മഹാപത്തിൽ അവ ഇങ്ങനെ ഉപേക്ഷയോടുകൂടി ഇരിക്കുന്നതെന്താണ്?"

എനിക്കൊരിക്കലും വിട്ടുപിരിവാൻ തോന്നിട്ടില്ലാത്തതും എൻെറ സാർവകാലികമായ ഒരു് ആപന്മിത്രവുമായ ഈ സാക്ഷാൽ ആനന്ദസാഗരമായ ആനന്ദസാഗരസ്തവത്തിൽ നിന്നു് ഒരു പദ്യംകൂടി ഉദ്ധരിച്ചുകൊണ്ടു മുന്നോട്ടു കടന്നുകൊള്ളാം.

"നാസ്മിൻ രവിസ്തപതി നാത്ര വിവാതി വാതോ
നാസ്യ പ്രവൃത്തിമപി വേദ ജഗൽ സമസ്തം
അന്തഃപുരം ത്രിദിമീദൃശമന്തകാരേ-
രസ്മാദൃശസ്തു സുഖമത്ര ചരന്തി ബാലാഃ."

"അന്തകാന്തകനായ ഭഗവാൻെറ ഈ അന്തഃപുരത്തിൽ സൂര്യൻ തപിക്കുന്നില്ല; വൻകാററടിക്കുന്നില്ല. അവിടുത്തെ സ്ഥിതിഗതികളെന്താണെന്നു് ആരുംതന്നെ അറിയുന്നില്ല. അവിടെ എന്നെപ്പോലെയുള്ള ബാലകന്മാരാകട്ടെ സുഖമായി സഞ്ചരിക്കുന്നു." മദ്ധ്യകാലങ്ങളിലെ അഖണ്ഡമണ്ഡലാധിപതികളായിരുന്ന തിരുമലനായ്ക്കൻേറയും മററും അന്തഃപുരങ്ങളെക്കുറിച്ചുള്ള ഒരു സ്മരണകൂടി ഈ അവസരത്തിൽ ഉണ്ടായിരുന്നാൽ ഉപനിഷദ്രഹസ്യപ്രതിപാദകമായ ഈ പദ്യരത്നത്തിൻെറ ആസ്വാദനത്തിനു് അതൊരു വലിയ സഹായമായിരിക്കും.

വൈരാഗ്യശതകവും ശാന്തിവിലാസവും ശാന്തരസം പ്രവഹിക്കുന്ന രണ്ടു പാവനനദികളാകുന്നു. അദ്യത്തേതു് അപ്പയ്യദീക്ഷിതരുടേതാണെന്നാ ദുർഗ്ഗാപ്രസാദപണ്ഡിതൻ കാവ്യമാലയിൽ പ്രസ്താവിച്ചിരിക്കുന്നതു പ്രാമാദികമാണു്.

"പിതൃഭിഃ കലഹായന്തേ; പുത്രാനദ്ധ്യാപയന്തി പിതൃഭക്തിം;
പരദാരാനുപയാന്തഃ പഠന്തി ശാസ്ത്രാണി ദാരേഷു."

എന്നും മററുമുള്ള നേരമ്പോക്കുകൾ ഈ ഗ്രന്ഥത്തിലും സുലഭമാണു്. "അച്ഛനോടു കലഹിക്കുന്നവരാണു് തങ്ങളുടെ പുത്രന്മാർക്കു പിതൃഭക്തി ഉപദേശിക്കുന്നത! അന്യരുടെ ഭാര്യമാരെ ഗ്രഹിക്കുന്നവരാണു് തങ്ങളുടെ ഭാര്യമാരോടു ശാസ്ത്രങ്ങളെപ്പററിപ്പറയുന്നതു്!"

Digitized By Kerala Sahitya Akademi

"ഭവ്യമഭവ്യം വാ നഃ പ്രലിഖതു വേധാസ്സ്വഭർമേധാഃ;
സവ്യമസവ്യം വാനഃ ശരണം ചരണം മഹേശസ്യ.
കലഹഃ കദാപി മാസ്സ്ഥിതി കലിതശരീരൈക്ക്യയോഃ ശിവയോഃ
അഹമസ്മ്യഹമസ്മീതിപ്രാപ്തഃ കലഹോ മമ ത്രാണേ."

ഇത്യാദി പദ്യങ്ങളിൽനിന്ന് ഇതിൻെറ സ്വഭാവം ഏറക്കറെ മനസ്സിലാക്കാം. തമ്മിൽ കലഹമൊരിക്കലുമുണ്ടാകരുതെന്നു കരുതി ശരീരത്തിന് ഐക്യംകൂടി വരുത്തീട്ടുള്ള പാർവ്വതീപരമേശ്വരന്മാർക്ക ഭക്തനായ കവിയെ രക്ഷിക്കുന്നതിൽ ഞാൻ ഞാനെന്നുള്ള കലഹമുണ്ടാകുന്നുവത്രേ!

ശാന്തിരസപ്രധാനമായി ഭർത്തൃഹരിയുടെ വൈരാഗ്യശതകകാലം മുതൽ പലരും പല കാവ്യങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും മന്ദാക്രാന്താവൃത്തത്തിൽ 51 പദ്യങ്ങൾ മാത്രമുള്ള ശാന്തിവിലാസത്തിൽ സാധിച്ചിട്ടുള്ളതിനെക്കാൾ ആ രസത്തിനു സമഗ്രമായ ഒരു പരിപുഷ്ടി മറെറാരു കാവ്യത്തിലും കാണുന്നില്ല. അപ്പയ്യദീക്ഷിതർ അതേവൃത്തത്തിൽത്തന്നെ എഴുതീട്ടുള്ളതും 50 ശ്ലോകങ്ങൾ അടങ്ങിയതുമായ ആത്മാർപ്പണസ്തവത്തിനുതന്നെ ആ ഹൃദ്യതയില്ല. രാമഭദ്രദീക്ഷിതരുടെ വിശ്വഗർഭസ്തവവും മററും ഈ സരണിയെ അനുസരിച്ച് അനന്തരകാലങ്ങളിൽ കുറേക്കൂടി വിസ്തൃതമായി രചിക്കപ്പെട്ടിട്ടുള്ള കാവ്യങ്ങളാണ്. ഈ ചെറിയ ഗ്രന്ഥത്തിൻെറ മറെറാരു വിശേഷം ഇതിൽ ഒരുപദ്യം മറെറാന്നിനേക്കാൾ നല്ലതല്ലെന്നു പറവാൻ പാടില്ലാത്തതിനാൽ ഏതുപദ്യമാണ് ഉദ്ധരിക്കേണ്ടതെന്നുള്ള വൈഷമ്യത്തിൽ ഭാവുകന്മാർ ബുദ്ധിമുട്ടുമെന്നുള്ളതാണ്. ഏതായാലും ചില പദ്യങ്ങൾ ഉദ്ധരിക്കാതെ നിവൃത്തിയില്ലല്ലോ എന്നു വിചാരിച്ചുമാത്രം ഞാൻ ആ അപരാധത്തിനായി ഒരുമ്പെട്ടുകൊള്ളുന്നു.

"ശാന്തോ വഹ്നിർജ്ജരപി ഗിരേ; സംസ്ഥിതാ കാമവാർത്താ;
ധാവം ധാവം ദിശി ദിശി ശനൈരിന്ദ്രിയാശ്വാ നിപേതുഃ;
ഏവം ദൈവാദുപരമമഗാദേഷ മേ വൈരിവർഗ-
ശ്ചേതസ്ത്വേകം ന വശമയതേ; കിം കരോമി? ക്വ യാമി?"

എന്നുള്ള നമ്മുടെ വൃദ്ധകവിയുടെ കരുണമായ ആ പരിദേവനം കേട്ടാൽ ആരുടെ മനസ്സാണ് അലിയാത്തത്?

"ജാതം ജാതം ഗതമപി ഗതം ബാല്യതോ ലൌല്യതോ വാ;
നേതഃ സ്ഥേയം ക്ഷണമപി ഗൃഹേ; മുഞ്ചതഃ കോ മുഹൂർത്തഃ?
ഇത്യത്യന്തവ്യവസ്ഥിതധിയോ നിസ്സരന്തോപി ഗേഹാ-
ദാവർത്തന്തേ ശ്ടാടിതി രുദിതാം സാന്ത്വഹേതോഃ ശിശൂനാം".

"ബാല്യംകൊണ്ടാകട്ടെ ചാപല്യംകൊണ്ടാകട്ടെ സംഭവിച്ചുപോയതു പോയി. ഇനി ഈ ഗൃഹത്തിൽ ഒരു നിമിഷംപോലുമിരിക്കരുത്. എല്ലാം ഉപേക്ഷിച്ചുംവെച്ചു വെളിയിലിറങ്ങിപ്പോകുന്നവന് എന്തു മുഹൂർത്തമാണ് നോക്കാനുള്ളത്? എന്നിങ്ങനെ മനസ്സിനു നല്ല ഉറപ്പു വരുത്തിക്കൊണ്ടു വീടുവിട്ടുന്നവർകൂടി അകത്തു കിടാങ്ങളുടെ കരച്ചിൽ കേട്ടു് അവയേ സാന്ത്വനം ചെയ്യുന്നതിനായി ഉടനടി തിരികെ ചെല്ലുന്നു." സംസാരബന്ധത്തിൻെറ ദുഷ്പരിഹരമായ ദാർഢ്യത്തെ ഇതിലും ഭംഗിയായി എങ്ങനെയാണ് വർണ്ണിക്കുന്നതു്?

Digitized By Kerala Sahitya Akademi

"ന്യായ്യാദർത്ഥാദപി കിമധികം ലഭ്യമന്യമാർഗ്ഗവൃത്ത്യാ?
വൈധാദന്നാദപി കിമധികം പഥ്യദസ്തേഷു ഭോജ്യം?
ഭാർയ്യാഭോഗാദപി ഭവതി കഃ പണ്യകാന്താസു ലാഭഃ?
പ്രായോ നേതിശ്രുതിവിഷയതാ വിശ്വമാധുര്യ്യഹേതുഃ."

"ന്യായമായി കിട്ടുന്ന ധനത്തെക്കാൾ അന്യായമായി കിട്ടുന്നതിലെന്താണ് വിശേഷം? വിധിവത്തായിട്ടുള്ള ഭക്ഷണത്തെക്കാൾ നിഷിദ്ധമായിട്ടുള്ളതിനെന്താണ് സ്വാദ്? ഭാര്യാഭോഗത്തിനെക്കാൾ വേശ്യാഭോഗത്തിലെന്താണ് സുഖം? പാടില്ല, പാടില്ല, എന്നു യാതൊന്നു ചെവികൊണ്ടു കേൾക്കുന്നുവോ അതിലാണ് ലോകത്തിനു രുചി. (നേതിശ്രുതിവാക്യവും വിശ്വമാധുര്യ്യഹേതുവാണല്ലൊ.) നോക്കുക. ഇതല്ലേ സർവോത്തരമായ കാവ്യനിർമ്മാണചാതുര്യ്യം?"

"സ്വാമിൻ ഗൌരീരമണ! ശരണം നസ്ത്വമേവ ത്വമേവ." എന്നു പല്ലവിയേത്തന്നെ കവി പലപ്രകാരത്തിൽ ആലപിക്കുന്ന ഈ ഗാനത്തെപ്പററി ഇതിലധികം ഇവിടെ എഴുതുവാൻ നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു.

ഗംഗാവതരണം എട്ടു സർഗ്ഗത്തിൽ ഭഗീരഥന്റെ അതിമാനുഷമായ ആ പുരാണാന്തഃപാതിയായ അപദാനത്തെ വർണ്ണിക്കുന്ന ഒരു കാവ്യമാണ്. അതിലും ദീക്ഷിതരുടെ കവനകലാകൌശലം നല്ലപോലെ പ്രതിഫലിച്ചുകാണാം. ഗംഗ ലോകത്തേ കബളീകരിക്കുവാൻ ആരംഭിക്കുമ്പോൾ ബ്രഹ്മാവിനുണ്ടായ പരിഭ്രമം കവി താഴെക്കാണുന്ന പ്രകാരത്തിൽ വർണ്ണിച്ചിരിക്കുന്നു:—

"അപ്രതർക്കിതവിധേയമപോഢധൈര്യ്യമർദ്ധവിരതശ്രുതിപാഠം
ശുഷ്കതാലുവദനം ച തദാനീം പത്മഭൂരപിപരിഭ്രമതിസ്മ."

ഹിമവൽപർവ്വതത്തിന്റെ മാഹാത്മ്യത്തെ കവി പ്രശംസിക്കുന്ന ഘട്ടത്തിലുള്ളതാണ് അധോലിഖിതമായ പദ്യം.

"യദീയനീഹാരകണാനിതസ്തതഃ
കിരൻ മൃഗാങ്കഃ പ്രഥതേ സുധാകരഃ
യദീയഗണ്ഡോപല ഏവ കശ്ചന
പ്രയാതി കൈലാസ ഇതി സ്ഥിരം യശഃ."

ആ പഴയ ഫലിതചാതുരിതന്നേ ഈ കാവ്യത്തിലും അനുസ്യൂതമായി പ്രകാശിക്കുന്നു.

ഹേമന്തത്തിൽ ശ്രീപരമേശ്വരനു വന്ന മഞ്ഞിന്റെ ഉപദ്രവം ദീക്ഷിതർ വർണ്ണിക്കുന്നതു നോക്കുക.

"ആകൃഷ്ടയോഃ കുമാരാഭ്യാമൈഭവൈയാഘ്ര്യചർമ്മണോഃ
സംഭ്രാന്താ പതിമാവവ്രേ സവ്യാനാഗ്രേണ പാർവ്വതീ.
അവമുച്യ വ്രതംസേന്ദുമവാഃരാപ്യാഹിഭൂഷണം
ഉൽഘാട്യചാക്ഷി താർത്തീയമീശേനാപി സ്ഥിതം തദാ."

"ഭഗവാൻ പുതയ്ക്കുവാനും ഉടുക്കുവാനും ഉപയോഗിച്ചിരുന്ന ആനത്തോലും പുലിത്തോലും പുത്രന്മാരായ ഗണപതിയും സുബ്രഹ്മണ്യനും അവ

Digitized By Kerala Sahitya Akademi

ൾ കളിരടക്കവാൻ വലിച്ചെട്ടത്തുകൊണ്ടുപോകവേ അദ്ദേഹം കിടന്നു ബു ദ്ധിമുട്ടുന്നതു കണ്ടു പാൎവ്വതി അമ്പരന്നു തന്റെ ഉത്തരീയംകൊണ്ടു ഭൎത്താവി നെ ആവരണംചെയ്തു. ആ തണുപ്പുകാലത്തിൽ തലയിലുള്ള ചന്ദ്രനേയും ദേഹത്തിലുള്ള സൎപ്പങ്ങളേയും അഴിച്ചു ദൂരെ വെച്ചു മൂന്നാംതൃക്കണ്ണു തുറന്നു കൊണ്ടുതന്നെയാണു് ആ പരമശിവൻപോലുമിരുന്നതു്."

ആ കാവ്യത്തിന്റെ അവസാനത്തിൽനിന്നു് ഒരു ശ്ലോകംകൂടി ഉദ്ധ രിച്ചുകൊണ്ടു വിരമിക്കാം.

"സാഹിത്യം ന ഹി ജാനതേ കതിചയേ ശാസ്ത്രൈകനിഷ്ഠാ യദി;
ക്ഷന്തവ്യം വിദുഷാമിദം; ക്വ നനു പുനസ്സൎവ്വത്ര സൎവ്വജ്ഞതാ?
ഉൽപന്നാഃ കില ധൂമകേതവ ഇവ ക്ലിശ്നന്തി യൽ സാഹിതീം
ദുർവൈദഗ്ദ്ധ്യലവേന കേചിദിഹ തദ്ദുഃഖായ വിദ്യാവതാം."

"ശാസ്ത്രം മാത്രം പരിശീലിക്കുന്ന ചിലർ സാഹിത്യത്തെപ്പററി ഒ ന്നുമറിയുന്നില്ലെങ്കിൽ അതു ക്ഷമിക്കത്തക്കതാണു്. എല്ലാക്കാൎയ്യത്തിലും എ ല്ലാമറിയുക എന്നുള്ളതു് ആരിലുംതന്നേ കാണാവുന്നതല്ലല്ലൊ. ജ്ഞാനലവ ദുൎവ്വിദഗ്ദ്ധന്മാരായ ചിലർ ധൂമകേതുക്കളെപ്പോലെ ജനിച്ചു സാഹിതിയെ ക്ലേശിപ്പിക്കുന്നുവല്ലോ. അതാണു് പണ്ഡിതന്മാൎക്കു ദുഃഖത്തിനു കാരണ മായിത്തീരുന്നതു്."

നളചരിതനാടകം അച്ചടിപ്പിച്ചിട്ടില്ല. അതിൽ നളൻ ദമയന്തി യെ സ്വപ്നത്തിൽ കണ്ടു് എഴുന്നേററു ചെയ്യുന്ന പരിദേവനവും മററും ഏററ വും ഹൃദയംഗമമായിരിക്കുന്നു. ആ ഘട്ടത്തിൽനിന്നു് ഒരു ശ്ലോകം താഴെ ഉദ്ധരിച്ചുകൊള്ളാം.

"ക്ഷണം താവൽ സ്വപ്നേ തടിദിവ മൃഗാക്ഷീ പരിചിതാ
വിലില്യേ സാ ഭൂയോ ഗഗനഇവ ഗന്ധൎവ്വനഗരീ;
കുലം വാ ശീലം വാ വസതിരപി വാസ്യാ ന വിദിതം;
കുതോ നഃ പ്രത്യാശാ കുവലയദൃശസ്സംഗമജ്ഞതി"

"ഗഗനഇവ ഗന്ധൎവ്വനഗരീ" എന്ന ഉപമയുടെ പ്രകൃതോപയോഗി ത്വം എത്ര സമുചിതമായിരിക്കുന്നു!

അധോലിഖിതങ്ങളായ ഉദ്യാനവൎണ്ണനപദ്യങ്ങളിലെ ശബ്ദമാധുൎയ്യം പരിശോധിക്കുക.

"തരുണപവനാഘാതവ്യാധൂതനൂതനകൈതക-
സ്തബകവിഗളന്മാധ്വീസംഘാതശീതളിതാംഭസാം
ഉപരിസരസാമസ്മിന്നത്താനിതാനനപങ്ക്തയ-
സ്തരളലഹരീദോലാരൂഢാ സ്ഫുരന്തി ശകുന്തയഃ."

"പൎയ്യായസക്തസരളായതകാണ്ഡരൂഢ-
പൎണ്ണാവലീകൃതവിതാനമനോരമാണി
പശ്യാന്മിഷൽപ്രസവസൌരഭമേദുരാണി
പ്രച്ഛായശീതളതലാനി ലതാഗൃഹാണി."

Digitized By Kerala Sahitya Akademi

ബൃഹസ്പതി ദേവേന്ദ്രന്ന ദമയന്തിപരിഗ്രഹം എങ്ങനെ സാധിക്കു ന്നു എന്നാലോചിക്കുന്ന അവസരത്തിൽ രാജാക്കന്മാരെപ്പററി പൊതുവായി താഴെക്കാണുന്നവിധത്തിൽ ഒരുപാലംഭം ഉപന്യസിക്കുന്നു.

"രാജ്യഗ്രഹഗ്രഹീതാനാം രാജ്ഞാമന്യാദൃശീ മതിഃ;
അസിദ്ധിർമ്മന്ത്രിമന്ത്രേണ സിദ്ധിസ്സ്വസ്യൈവ വൈഭവാൽ".

അക്കാലത്തെ ഉച്ഛൃംഖലന്മാരായ പല രാജാക്കന്മാരുടെയും ആശയഗതി ഈ വിധത്തിലായിരുന്നിരിക്കണം.

വിദർഭരാജ്യത്തിലേ കവികളിൽനിന്നാണല്ലോ വൈദർഭീരീതിയുടെ ഉൽപത്തി. അതിനെ അനുസ്മരിച്ചു കവി വിദർഭവർണ്ണനാവസരത്തിൽ

"സ്പർദ്ധന്തേപി ച യത്ര നൂതനസുധാസാരായ വീരാദ്ഭുത-
സ്മേരോദാരഗഭീരകോമളപദോദ്ഗാരാഃ കവീനാം ഗിരഃ."

എന്ന് ആ രാജ്യത്തെ കവികളുടെ വാക്കിനെ പ്രശംസിച്ചിരിക്കുന്നു. ദമയന്തീസ്വയംവരത്തിനു മുമ്പായി സരസ്വതീദേവിയെ താഴെ ഉദ്ധരിക്കുന്ന പദ്യത്തിൽ പ്രാർത്ഥിക്കുന്നു.

"ദദ്യാം രത്നസുവർണ്ണദന്തിതുരഗപ്രായാം ദയാമിത്യസാ-
വാസ്താം വഞ്ചനചാതുരീ; ദിശസി ചേദ്ദേവിദമേകം വൃണേ;—
ആശാസ്യം ഹരശങ്കരാദിഭിരനാഹാര്യ്യം വരാകൈഃ പരൈ-
രപ്രാപ്യന്തപസാപി താവകദയാസാമ്രാജ്യസിംഹാസനം"

നീലകണ്ഠദീക്ഷിതരുടെ കവനകലാവൈഭവം അദ്ദേഹത്തിൻെറ നാനാഗ്രന്ഥങ്ങളിൽനിന്നു ഞാൻ മേൽ ഉദ്ധരിച്ചിട്ടുള്ള പദ്യങ്ങൾവഴിയായി ഭാവുകന്മാൎക്കു ധാരാളം വിശദമാകുന്നതാണല്ലോ. താമസം പ്രായേണ മധുരയിലാണെങ്കിലും തൻെറ ജന്മഭൂമിയായ ചോളദേശത്തെ അദ്ദേഹം സാമാന്യാധികമായി സ്നേഹിച്ചിരുന്നു. ശിവലീലാർണ്ണവം ഇരുപത്തൊന്നാം സൎഗ്ഗത്തിൽ

"സ്വാദീയസീ യത്ര കവേരജൈവ; തതസ്തരാംകരഹലോദകാനി;
തതസ്തമാം ചാത്ര ഗിരാം വിലാസാഃ പ്രസന്നഗംഭീരപദാഃ കവീനാം."

എന്ന പദ്യത്തിൽനിന്നു തത്രസ്ഥന്മാരായ കവിസാൎവ്വഭൌമന്മാരെപ്പററി അദ്ദേഹത്തിന്ന എത്രമാത്രം ബഹുമാനമുണ്ടായിരുന്നു എന്നു കാണാവുന്നതാണ്. തൻെറ വംശമാഹാത്മ്യത്തെ യാവജ്ജീവം പരിപാലിച്ചുകൊണ്ടു പോകണമെന്നുള്ള അത്യാശ ആ മഹാത്മാവിൽ സൎവ്വോപരി സമുല്ലസിച്ചുകൊണ്ടിരുന്നു. "വംശേ കസ്മിന്നജനിഷി?" എന്നു തുടങ്ങുന്ന ശാന്തിവിലാസത്തിൽതന്നെ

"ആഗർഭാദാകുലപരിവൃഢാദാ ചതുർവക്ത്രതോപി
തൽപാദാബ്ജപ്രപതനപരാൻ വേത്സി നശ്ചന്ദ്രമൌലേ!"

എന്ന് അദ്ദേഹം വീണ്ടും തൻെറ പരമ്പരാഗതമായ ശിവഭക്തിയേ അനുസ്മരിക്കുന്നുണ്ട്. അങ്ങനെ മഹാവശ്യവാക്കും മഹാലോകരഹസ്യവേദിയും മഹാകവിധർമ്മമർമ്മജ്ഞനും ആയി സ്വപിതാമഹൻെറ പൂർണ്ണാനുഗ്രഹ

Digitized By Kerala Sahitya Akademi

ഫലത്തെ അനുഭവിച്ച ആ മഹാദേവഭക്തശിരോമണി തന്റെ വിവിധകാവ്യങ്ങളെക്കൊണ്ടു വാഗ്ദേവതയെ സമാരാധിക്കുകയും സംസ്കൃതസാഹിത്യത്തെ ചരിതാൎത്ഥമാക്കുകയും ചെയ്തു് ആയുരന്തത്തിൽ പരമപദത്തേ പ്രാപിച്ചു. അദ്ദേഹത്തിന്റെ അത്യന്തധവളവും അന്യാദൃശസുരഭിലവുമായ യശസ്സ് ആകല്പകാലം ഭൂമിയിൽ നിലനില്ക്കുമെന്നുള്ളതിനു സന്ദേഹമില്ല. ഭാരതവർഷത്തിലെ ഒടുവിലത്തെ കവിസാൎവ്വഭൗമൻ അദ്ദേഹമായിരുന്നുവെന്നും അതിൽപിന്നീടു് ആ നിലയിൽ ഒരു കവിയേ നമ്മുടെ മാതൃഭൂമി പ്രസവിച്ചിട്ടില്ലെന്നും ഞാൻ ഒരവസരത്തിൽ പ്രസംഗവശാൽ പരേതനായ കേരളകാളിദാസന്തിരുമേനിയോടു് അറിയിച്ചപ്പോൾ അവിടുന്നു് അതു ശരിയാണെന്നു സശിരഃകമ്പം അരുളിച്ചെയ്തതു് ഇന്നും എന്നെ പുളകിതഗാത്രനാക്കിത്തീൎക്കുന്നുണ്ടു്. പൌരസ്ത്യപാശ്ചാത്യവിദ്യാഭ്യാസങ്ങളുടെ സംഘൎഷത്തിൽനിന്നു ലബ്ധമായ രവീന്ദ്രനാഥടാഗോറിന്റെ മഹാകവിത്വജ്യോതിസ്സു മറെറാരു മാതിരിയിലുള്ളതാണ്. പഴയ സമ്പ്രദായത്തിലുള്ള മഹാകവികളിൽ അന്തിമൻ ദീക്ഷിതരും, പുതിയ സമ്പ്രദായത്തിലുള്ള മഹാകവികളിൽ പ്രഥമൻ ടാഗോറുമാണെന്നു പറയുന്നതു സമീചീനമായിരിക്കും.

അദ്ദേഹം നളചരിതത്തിലേ,

"സ്വാദുന്നേവരസാൻ കടൂൻ വിദധതാം; കർഷന്തു മാമേതിച;
ക്രന്ദത്വേവ പദാനി വാ; കവയതാം കുർവ്വന്തു ലജ്ജാന്തു വാ;
കുത്രൈകോമധുരോരസഃ ക്വ മധുരാ വാണീതി നോ ജീവതാം
കണ്ണൌ നിഷ്കരുണം ദഹന്തി കവയഃ കസ്മാദിദാനീന്തനാഃ?"

എന്ന പദ്യത്തിൽ പ്രാചീനന്മാരായ കാളിദാസാദിമഹാകവികളെ അപേക്ഷിച്ചു് അൎവ്വാചീനകവികൾക്കുള്ള അപകർഷം വെളിപ്പെടുത്തീട്ടുണ്ടു്. ആ ശ്ലോകത്തിലേ "കണ്ണൌ നിഷ്കരുണം" എന്ന പാദമുദ്ധരിച്ചു് അതു നീലകണ്ഠമഖി കണ്ടുതഃ ഘോഷിച്ചിട്ടുള്ളതാണെന്നു പറഞ്ഞുകൊണ്ടു ചോക്കനാഥകവി അദ്ദേഹത്തിന്റെ സേവന്തികാപരിണയമെന്ന നാടകത്തിൽ—

"പഞ്ചഷാണി വിരചയ്യ പദാനി കഥമേഷ ഭവഭൂതികവിഃ കഃ?
കാളിദാസകവിരിതിരഭേദ്യത്വാമനന്തി കവയോ ഹി നവീനാഃ."

എന്ന പദ്യത്തിൽ ആധുനികകവികളെ അവഹേളനം ചെയ്തിരിക്കുന്നു. ഈ ചോക്കനാഥൻ രാമഭദ്രദീക്ഷിതരുടെ ശ്വശുരനിൽനിന്നു ഭിന്നനെന്നാണു് ഞാൻ ഊഹിക്കുന്നതു്. സേവന്തിക ഒരു കേരളീയരാജകുമാരിയാണ് എന്നാൽ പ്രാക്തനന്മാരെ അപേക്ഷിച്ചു് ആധുനികന്മാരിൽ സാമാന്യമായി കാണാവുന്ന ഈ അപകർഷത്തിന്റെ കണികപോലും നീലകണ്ഠദീക്ഷിതരെ സ്പൎശിച്ചിട്ടില്ല. വാസ്തവത്തിൽ വേദാന്തദേശികർ പറയുന്നതുപോലെ,

"തദാത്വേ നൂതനം സൎവ്വമായത്യാം ച പുരാതനം;
ന ദോഷായൈതദുഭയം ന ഗുണായ ച കല്പതേ."

അതായതു് ഒരു കാവ്യം നിൎമ്മിക്കുമ്പോൾ പുത്തനാണു്; നിൎമ്മിച്ചു കഴിഞ്ഞാൽ പിന്നീടു പഴയതുമാണു്. അതിനാൽ നവ്യത്വമാകട്ടെ പ്രാചീനത്വമാകട്ടെ ഒരു കാവ്യത്തിനു ദോഷവുമല്ല, ഗുണവുമല്ല. ഇതല്ലയോ സാഹിത്യരഹസ്യം?

Digitized By Kerala Sahitya Akademi

വാക്പതിരാജൻ, ഭോജരാജാവ്, കൃഷ്ണദേവരായർ, രഘുനാഥനാ യ്ക്കൻ ഇത്യാദി ദേധാവിദ്വൽപ്രഭുക്കളായി പുരാതനകാലങ്ങളിൽ ഭാരതഭൂമിയേ അലങ്കരിച്ചിരുന്ന മഹാരാജരത്നങ്ങളെക്കൊണ്ട് ആരെങ്കിലും ഒരു സുവൎണ്ണചരിത്രമാല കോൎത്തുകെട്ടുകയാണെങ്കിൽ അതിൽ നമ്മുടെ വീരരവിവൎമ്മചക്രവൎത്തി, ധൎമ്മരാജാവ് എന്ന ബിരുദത്താൽ വിദിതനായ കാൎത്തിക തിരുനാൾമഹാരാജാവ്, ഗർഭശ്രീമാനായ സ്വാതിതിരുനാൾമഹാരാജാവ് ഈ മൂന്നു രത്നങ്ങൾക്കും പ്രശസ്തമായ ഓരോ സ്ഥാനം സമ്മാനിക്കാതെയിരിക്കാൻ നിവൃത്തിയില്ല. കാൎത്തികതിരുനാൾമഹാരാജാവുതിരുമനസ്സിലേ കാലത്ത് ആ മഹാനുഭാവനേ ആശ്രയിച്ച് തിരുവനന്തപുരത്തു താമസിച്ചിരുന്ന പണ്ഡിതന്മാരുടെ കൂട്ടത്തിൽ വേങ്കടസുബ്രഹ്മണ്യശാസ്ത്രി എന്നൊരു മഹാകവിയുണ്ടായിരുന്നു. അദ്ദേഹം തന്റെ സ്വാമിയുടെ അപദാനങ്ങളെ പുരസ്കരിച്ചു നിൎമ്മിച്ചിട്ടുള്ള വസുലക്ഷ്മീകല്യാണമെന്ന നാടകത്തിൽ താൻ അപ്പയ്യദീക്ഷിതരുടെ വംശജനാണെന്നു പറഞ്ഞുകൊണ്ട് ആ വംശത്തെ പല പ്രകാരത്തിൽ പ്രശംസിക്കുന്നു. ആ നാടകത്തിലെ പ്രസ്താവനയിൽ നിന്നൊരുഭാഗമാണു താഴെ ഉദ്ധരിക്കുന്നത്.

"സൂത്രധാരൻ—ഈ കവിയുടെ പൂൎവ്വികന്മാരും ശ്രീമാനായ അപ്പയ്യദീക്ഷിതരുടെ ദേഹരൂപേണ അവതരിച്ച ഭഗവാൻ ചന്ദ്രശേഖരന്റെ അംശഭൂതന്മാരുമായ നീലകണ്ഠമഖി, ചിന്നപ്പയ്യാധ്വരി, വേങ്കടേശ്വരമഖി, പ്രഭാകരദീക്ഷിതർ മുതലായവർ ഷഡ്ദർശിനീവല്ലഭന്മാരായി പരിലസിച്ചുവെങ്കിലും അവർ നളചരിതം, ഉമാപരിണയം, ഉഷാഹരണം, ഹരിശ്ചന്ദ്രാനന്ദം മുതലായ നാടകങ്ങൾ യഥാക്രമം നിൎമ്മിക്കുകയാൽ പണ്ടേക്കുപണ്ടേ അസ്മാദൃശന്മാരായ രംഗോപജീവികളുടെ ജീവികാഹേതുക്കളാണല്ലോ. ആ കുലത്തിൽ ജനിച്ച ഈ കവിയുടെ പ്രബന്ധത്തിൽ—വിശിഷ്യ പുണ്യമഹാരാജാവായ രാമവൎമ്മകുലശേഖരന്റെ ചരിത്രവുമായി അനുബന്ധിക്കപ്പെട്ട ഈ നാടകത്തിൽ—എനിക്ക് എങ്ങനെയാണ് ആദരാതിശയമുണ്ടാകാതെയിരിക്കുന്നത്?

നടൻ—(ശിരഃകമ്പത്തോടുകൂടി) ആൎയ്യ! അങ്ങു പറഞ്ഞതു ശരിയാണ്. അപ്പയ്യദീക്ഷിതരനുജന്നാനായ ഭഗവാൻ ചന്ദ്രമൌലിയുടെ അംശഭൂതന്മാർതന്നെയാണ് ആ വംശത്തിൽ ജനിച്ചവർ.

"തത്താദൃക്ഷശതാധികാത്ഭുതകൃതിപ്രഖ്യാതകീൎത്തേസ്സമീ-
കൎത്തും ദുൎമ്മതതീവ്രകണ്ടകശതാ വിദ്വാൻ സ്വയം......
ശംഭോരപ്പയദീക്ഷിതാൎയ്യവപുഷ്ഷ്ണനസ്യ വംശ്യാ ഇമേ-
ഽപ്യംശാ ഏവ കുതോഽന്യഥൈഷ മഹ മൈതാവാനഭിജ്ഞായതാം."

ആ കുലത്തിൽ ഈ കവിയുടെ ജനനം എങ്ങനെയാണെന്നറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

സൂത്രധാരൻ – എന്നാൽ കേട്ടുകൊള്ളുക.

"അപ്പയ്യാധ്വരിണസ്സുതേഷ്വചരമശ്ശ്രീനീലകണ്ഠാധ്വരീ;
തൽപുത്രേഷു ദശാധികേഷ്വപി തൃതീയശ്ചിന്നമാപ്പാധ്വരീ;
തസ്മാദപ്യഭവാനിശങ്കരമഖീ ജ്യേഷ്ഠോ ഗുണൈരന്വഭൂ-
ത്തസ്യൈകോജനി വേങ്കടേശ്വരമഖീ യസ്യാസ്യ സൂനുഃ കവിഃ."

Digitized By Kerala Sahitya Akademi

വിദ്വൽകുലഗുരുവപ്പയ്യമഖിനാം വംശോ മഹോന്നതോ ജീയാൽ
വേങ്കടസുബ്രഹ്മണ്യാദ്ധ്വരികവിവിദ്വന്മണിയ്യുതോഹ്യദ്ഭ്രൽ."

ഇതിൽ നീലകണ്ഠദീക്ഷിതർ അപ്പയ്യദീക്ഷിതരുടെ പുത്രനാണെന്നു പറഞ്ഞിട്ടുള്ള ഭാഗം മാത്രം പ്രമാദമാണ്. അദ്ദേഹത്തിനു പത്തിലധികം പുത്രന്മാരുണ്ടായിരുന്നു എന്നു പറയുന്ന ഭാഗവും ശോധനീയംതന്നെ

ദീക്ഷിതരുടെ മൂന്നാമത്തെ പുത്രനാണ് ഗീർവ്വാണേന്ദ്രദീക്ഷിതർ എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിനു ചിന്നപ്പയ്യദീക്ഷിതരെന്നുകൂടി പക്ഷേ പേരുണ്ടായിരുന്നിരിക്കാം. ചിന്നപ്പയ്യരുടെ പുത്രനായ ഭവാനിശങ്കരമഖിയുടെ സീമന്തപുത്രൻ വേങ്കടേശ്വരദീക്ഷിതരും അദ്ദേഹത്തിൻെറ സീമന്തപുത്രൻ വേങ്കടസുബ്രഹ്മണ്യാധ്വരിയുമായിരുന്നു. നമ്മുടെ പൌരസ്ത്യ ഭാഷാഗ്രന്ഥപ്രസാധകനായ മഹാമഹോപാദ്ധ്യായ ഗണപതിശാസ്ത്രികളുടെ മാതൃകുലവും നീലകണ്ഠദീക്ഷിതരുടെ ശാഖയിൽപ്പെട്ടതാണ് ഈ സംഗതികളാൽ അപ്പയ്യദീക്ഷിതരും നീലകണ്ഠദീക്ഷിതരുമായി ഒന്നിലധികം മാതിരിയിൽ ഈ തിരുവിതാംകൂർസംസ്ഥാനത്തിനും ബന്ധമില്ലാതില്ല നീലകണ്ഠദീക്ഷിതരെ കാവ്യാദ്ധ്വാവിൽ ഒരു ദിവ്യജ്യോതിസ്സായി സമീക്ഷിച്ച് ആ ജ്യോതിസ്സിൻെറ പ്രകാശത്തേക്കൂടി അവലംബിച്ച് ആധുനികകേരളീയകവികൾ പുരോഗമനം ചെയ്യുവാൻ എൻെറ ഉപന്യാസം അല്പമെങ്കിലും പ്രയോജകീഭവിക്കമെങ്കിൽ അതിനാൽ ഞാൻ കൃതാൎത്ഥനാകുന്നതാണ്.

"അഗ്രേ ഗീതം സരസകവയഃ പാർശ്വയോർദ്ദാക്ഷിണാത്യാഃ;
പശ്ചാല്ലീലാവലയരണിതം ചാമരഗ്രാഹിണീനാം;
യദ്യസ്ത്യേവം കുരു ഭവരസാസ്വാദനേ ലമ്പടത്വം;
നോചേച്ചേതഃ! പ്രവിശ സഹസാ നിർവ്വികല്പേ സമാധൌ."

എന്ന പദ്യത്തിൽനിന്നു വ്യഞ്ജിക്കുന്നപ്രകാരം ദക്ഷിണാപഥസ്ഥന്മാരായ മഹാകവികളുടെ പ്രശസ്തി ഭഗവാൻ ഭർത്തൃഹരിയുടെകാലംമുതൽക്കു തന്നെ പ്രതിഷ്ഠിതമാണ്. ആ പ്രശസ്തിയെ നീലകണ്ഠദീക്ഷിതരും, മേല്പത്തൂർഭട്ടതിരിയും അവരുടെ ജീവിതകാലങ്ങളിൽ അത്യാദ്ഭുതമായി വൎദ്ധിപ്പിച്ചു. അവരുടെ അനന്തരജാതന്മാരായ ഇദാനീന്തനദാക്ഷിണാത്യന്മാൎക്കും ഈ വിഷയത്തിൽ ഉപേക്ഷിക്കുവാൻ പാടില്ലാത്ത ഒരു കടമയുണ്ട്. അതു് അവർ യഥാവിധി നിർവ്വഹിക്കുന്നതിനു സ്വപ്രയത്നമുണ്ടെങ്കിൽ ഈശ്വരസഹായമുണ്ടാകാതെയിരിക്കുകയില്ല. അവരെപ്പോലെയൊന്നും നമ്മേക്കൊണ്ടു സാധിക്കുകയില്ലെന്നുവച്ചു നാം വെറുതേ കൈയുംകെട്ടിയിരിക്കയോ? പാടില്ല; ഒരിക്കലും പാടില്ല. അണ്ണാൻകുഞ്ഞും തന്നാലായതു് എന്നല്ലേ പഴമൊഴി? ആദർശശുദ്ധിയും ആശാശുദ്ധിയും നമ്മേ അനുഗൃഹീതന്മാരാക്കാതെയിരിക്കുകയില്ല.

"അനുഗന്തും സതാം വർത്മ കൃൽസ്നം യദി ന ശക്യതേ
സ്വല്പമപ്യനുഗന്തവ്യം; മാൎഗ്ഗസ്ഥോ നാവസീദതി."

Digitized By Kerala Sahitya Akademi

12 തിരുവിതാംക്രൂർ മഹാരാജകുടുംബം.

"ചൊല്ലുവാനാവതല്ലെങ്കിലുമൊട്ടൊട്ടു
ചൊല്ലുന്നതുണ്ടു കനക്കെച്ചുരുക്കി ഞാൻ."

(ഭാരതം—ദ്രോണപൎവ്വം)

ആദിമകാലം. തിരുവിതാംകൂർ മഹാരാജാക്കന്മാർ ശ്രീപരശുരാമനാൽ ഇദംപ്രഥമമായി കേരളത്തിൽ ചക്രവൎത്തിയായി അഭിഷേകം ചെയ്യപ്പെട്ട ചേരവംശജനായ ഭാനുവിക്രമന്റെ സന്തതികളാണെന്നു് ഐതിഹ്യമുണ്ടു്. ക്രിസ്ത്വാബ്ദാരംഭത്തിൽ പാണ്ഡ്യരാജാക്കന്മാരും, ക്രിസ്തു ഏഴും എട്ടും ശതവൎഷങ്ങളിൽ പശ്ചിമചാലൂക്യചക്രവൎത്തികളും കേരളത്തിന്റെ ഏതാനും ചില ഭാഗങ്ങൾ അധീനങ്ങളായിരുന്നതായി നാം ഇപ്പോൾ അറിയുന്നുണ്ടെങ്കിലും ചേരരാജാക്കന്മാർ തന്നേയാണു് പുരാതനകാലംമുതല്ക്കു് ഈ ജനപദത്തിന്റെ രക്ഷിതാക്കന്മാരായിരുന്നതെന്നുള്ളതിനു സംശയമില്ല. സ്ഥാണുരവിഗുപ്തപ്പെരുമാൾ ജൂതന്മാൎക്കു ക്രിസ്തു ഒൻപതാം ശതകത്തോടടുപ്പിച്ചു കൊടുത്ത താമ്രശാസനത്തിൽ വേണാട്ടു് "അയ്യനടികൾ തിരുവടി"എന്ന സ്ഥാനപ്പേരുള്ള മഹാരാജാവുകൂടി സാക്ഷിയായി നില്ക്കുന്നുണ്ടു്. ഒടുവിലത്തേ പെരുമാളുടെ കാലത്തിനിപ്പുറം കേരളരാജ്യം അനേക ഖണ്ഡങ്ങളായി വിഭജിക്കപ്പെടുകയും അവയിൽ തെക്കേഅററത്തുള്ള വേണാടു പൂൎവ്വാധികമായ സ്വാതന്ത്ര്യത്തിനു ഭാജനമായിത്തീൎന്നു് ഒരു പ്രത്യേക രാജ്യമായി പരിണമിക്കുകയും ചെയ്തു.

മദ്ധ്യകാലം. കൊല്ലവൎഷാരംഭത്തിനിപ്പുറം വേണാട്ടുസ്വരൂപം രക്ഷിച്ച മഹാരാജാക്കന്മാരെപ്പററിയുള്ള ഒരു് ഏകദേശജ്ഞാനം നമുക്കു ശിലാശാസനങ്ങളിൽനിന്നും പാശ്ചാത്യഗ്രന്ഥങ്ങളിൽനിന്നും സിദ്ധമായിട്ടുണ്ടു്. ഗോദകേരളവൎമ്മരാജാവു കൊല്ലം ൩൨൦ മുതൽ ൩൨൯ വരേയും വീരരവിവൎമ്മരാജാവു കൊല്ലം ൩൩൫-ലും ഈ സ്വരൂപത്തിനു നാഥന്മാരായിരുന്നതായികാണുന്നു. കൊല്ലം പത്താം ശതവൎഷത്തിൽ പാണ്ഡ്യരാജാക്കന്മാർ വേണാട്ടിന്റെ തെക്കേഭാഗമായ നാഞ്ചിനാടു കൈവശപ്പെടുത്തിയെങ്കിലും അവരെ രാജരാജദേവൻ എന്ന പ്രസിദ്ധനായ ചോളചക്രവൎത്തി പരാജിതന്മാരാക്കി തിരിയേ ഓടിക്കുകയും കൊല്ലത്തോളം തന്റെ ജയിഷ്ണുവായ സൈന്യത്തെ നയിച്ചു് ഈ രാജ്യം മുഴുവൻ തനിക്കു അധീനമാക്കുകയും ചെയ്തു. രാജരാജന്റെ അനന്തരഗാമികളായ രാജേന്ദ്രചോളനും വിക്രമചോളനും മഹാപരാക്രമികളായിരുന്നതിനാൽ അവരുടെ സേനകൾ ദക്ഷിണഇൻഡ്യ ആകപ്പാടെ സ്വാധീനപ്പെടുത്തുകയും വേണാട്ടുരാജാക്കന്മാരിൽനിന്നു കപ്പം വാങ്ങുകയും ചെയ്തുവന്നതായി കാണുന്നു. എന്നാൽ ക്രിസ്തു പതിമൂന്നാം ശതവൎഷത്തോടുകൂടി ചോളരാജാക്കന്മാരുടെ ശക്തി ആസകലം ക്ഷയിക്കുക

Digitized By Kerala Sahitya Akademi

റാൽ നമ്മുടെ മഹാരാജാക്കന്മാർ തിരുനെൽവേലി മുതലായ പ്രദേശങ്ങളിലേക്ക തങ്ങളുടെ അധികാരത്തെ വ്യാപിപ്പിക്കുകയും, വിദേശീയന്മാരുമായുള്ള വാണിജ്യത്തിന്റ പ്രാബല്യം വരുത്തുകയും ചെയ്തു കൊല്ലം മൂന്നും നാലും ശതവർഷങ്ങളിൽ കഴിക്കോട്ടം വിഴിഞ്ഞവും ദക്ഷിണതിരുവിതാംക്കൂറിലെ പ്രധാനപട്ടണങ്ങളായിരുന്നു. കൊല്ലവർഷം ൪൪൧-ൽ ചാലൂക്യകുലോത്പന്നൻ എന്ന ചിലർ അബദ്ധമായി ശങ്കിക്കുന്ന ജയസിംഹൻ കൊല്ലത്തുതാമസിച്ചു രാജ്യഭാരം ചെയ്തുയും വേണാട്ടിന് അനേകം നവീനദേശങ്ങളെ അധീനമാക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ മരണാനന്തരം ബാലനായ രവിവർമ്മാവിൽനിന്നു സുന്ദരപാണ്ഡ്യജടാവർമ്മനും അദ്ദേഹത്തിന്റെ പിൻഗാമിയായ വീരപാണ്ഡ്യനും വേണാട്ട പാടേ പിടിച്ചടക്കുകയും കൊല്ലം ൪൮൨ വരെ അതിന്റെ പൂർണ്ണനായകത്വം അനുഭവിക്കുകയും ചെയ്തു. ഈ രവിവർമ്മാവ് ഈശ്വരാനുഗ്രഹത്താൽ സ്വരാജ്യം വീണ്ടെടുത്തതിനുപുറമേ പാണ്ഡ്യചോളരാജ്യങ്ങളെക്കൂടി ശത്രുക്കളിൽനിന്നപഹരിച്ചു വേഗവതിതീരത്തിൽ കാഞ്ചീപുരത്തുവച്ചു കുലശേഖരപ്പെരുമാളായി കിരീടധാരണം ചെയ്തുകൊള്ളുകയും വീരപാണ്ഡ്യനെ കോങ്കണദേശത്തേയ്ക്കു പലായനം ചെയ്യിക്കുകയുംചെയ്തു. രവിവർമ്മകുലശേഖരന്റെ കാലംമുതൽ വേണാടിന് അഭ്യുദയം മേല്ക്കുമേൽ വർദ്ധിച്ചു. അലാവുദീന്റെ സേനാനായകനായ മാലിക്ക്കാഫർ ഈകാലത്തു ചോളപാണ്ഡ്യന്മാരെ നാമാവശേഷമാക്കിത്തീർക്കുകയാൽ വേണാടിന്റെ കിഴക്കോട്ടുള്ള പ്രചാരം നിരർഗ്ഗളമായിതീർന്നു. കൊല്ലം ൬൪൧ മുതൽ ൭൦൨ വരെ രാജ്യരക്ഷചെയ്തിരുന്ന ആദിത്യവർമ്മമഹാരാജാവു പരദേശങ്ങളിൽനിന്ന് അനേകം ബ്രാഹ്മണരെ ആനയിച്ചു ദക്ഷിണതിരുവിതാംകൂറിൽ വിനിവേശിപ്പിച്ചു. അതേ നാമധേയത്തിൽ നാടുവാണ വേറെ ഒരു മഹാരാജാവു കൊല്ലം ൬൯൬-ൽ തിരുക്കുറുങ്കുടി ക്ഷേത്രത്തിലേക്ക ഒരു വലിയ മണി ദാനംചെയ്തിട്ടുണ്ട്. അവിടുന്നും അവിടുത്തേ അനന്തരഗാമികളായ മഹാരാജാക്കന്മാരും ഏറ്റവും പ്രബലന്മാരായിരുന്നതുകൂടാതെ, തിരുച്ചന്തൂർ, കായൽപട്ടണം മുതലായ സ്ഥലങ്ങൾക്ക വടക്ക തിരുനെൽവേലിജില്ലയിൽ വൈപ്പാർനദിവരെ അവരുടെ കോയിമ്മയ്ക്കു പ്രചാരമുണ്ടാക്കുകയുംചെയ്തു. എന്നാൽ കൊല്ലവർഷം ൬൯൯ മുതൽ ൭൧൦ വരെ വേണാട്ടുസ്വരൂപം രക്ഷിച്ച വീരഉദയമാർത്താണ്ഡവർമ്മാവിനോളം പ്രസിദ്ധി ഇവർക്ക് ഉണ്ടായിരുന്നതായറിയപ്പെടുന്നില്ല. ഇവിടുത്തേക്ക തിരുനൽവേലിയിൽ ചേരമഹാദേവി, ജയസിംഹനല്ലൂർ മുതലായ പട്ടണങ്ങളിൽക്കൂടി കൊട്ടാരങ്ങൾ ഉണ്ടായിരുന്നതിനാൽ കൊല്ലത്തും അറിടങ്ങളിലുമായി താമസം വേണ്ടിവന്നു. ഒരു ചോളരാജകന്യകയെ ഈ മഹാരാജാവു വിവാഹംകഴിച്ചപ്പോൾ സ്ത്രീധനമായിട്ടാണ് കളക്കാട്ടു മുതലായ ദേശങ്ങൾ വേണാട്ടിലേക്ക കൈവശമായതെന്നുള്ള വസ്തുത ഇവിടെ പ്രത്യേകം വക്തവ്യമാണ്. ഇവിട്ടത്തെപ്പററിയാണ് പോർത്തുഗീസുകാരുമായുള്ള ഉടമ്പടിചെയ്തുയും സിംഹളദ്വീപിലേക്ക കൂടി തന്റെ അധികാരത്തെ വ്യാപിപ്പിക്കുകയും ചെയ്തതായി ചരിത്രകാരന്മാർ പ്രശംസിച്ചിട്ടുള്ളത്. എന്നാൽ ഇവിടുത്തേ അവസാനകാലത്തിൽ അച്യുതരായരെന്നു പ്രസിദ്ധനായ വിജയനഗരമഹാരാജാവ് വേണാട്ടുപട്ടാളത്തെ തിരുനെൽവേലിയിൽവച്ചു തോല്പിച്ചു ദക്ഷിണതിരുവിതാംകൂർ പിടിച്ചടക്കുകയാൽ, സഹ്യപർവ്വ

Digitized By Kerala Sahitya Akademi

തത്തിന്റെ പൂർവ്വഭാഗത്തുള്ള ദേശങ്ങളൊക്കെയും വേണാട്ടുസ്വരൂപത്തിലേക്ക് അനധീനങ്ങളായിഭവിച്ചു. ഈ മഹാരാജാവിന്റെ പിൻഗാമികളിൽ ഒരാളായ വീരരാമവർമ്മമഹാരാജാവിന്റെ കാലത്തു ക്രിസ്ത്വാബ്ദം ൧൫൪൪-ൽ വേണാട്ടു വീണ്ടും വിജയനഗരാധിപതിയായ സദാശിവരായരുടെ സൈന്യാധിപനായ വിട്ഠലമഹാരാജാവിനാൽ ആക്രമിക്കപ്പെടുകയും തന്നിമിത്തം കപ്പംപോലെ ഒരു ചെറിയ ധനസംഖ്യ ആണ്ടുതോറും അദ്ദേഹത്തിനു ഇവിടെനിന്നു കൊടുക്കേണ്ടിവരികയും ചെയ്തു. ഇതിനുമേൽ തിരുവിതാംകൂർ ക്രമേണ ക്ഷീണമായിത്തീർന്നു. കൊല്ലവർഷം ൮൦൯-ൽ ഇവിടെ രാജ്യഭാരം ചെയ്തിരുന്ന രവിവർമ്മകുലശേഖരപ്പെരുമാളുടെ നേർക്കു മഹാപരാക്രമിയും രാജ്യതന്ത്രജ്ഞനുമായ മധുരയിലെ തിരുമലനായിക്കർ തന്റെ വംശം വിജയനഗരരാജാക്കന്മാരുടെ പ്രാതിനിധ്യം വഹിക്കുന്നു എന്നുള്ള നാട്യത്തിൽ ബലിഷ്ഠമായ ഒരു സൈന്യത്തെ തന്റെ ജ്യേഷ്ഠസഹോദരൻ മുത്തുവീരപ്പനായിക്കരെക്കൊണ്ടു നയിപ്പിക്കുകയും, ആ സേനാനി കന്യാകുമാരി മുതലായ സ്ഥലങ്ങളെ കൈവശപ്പെടുത്തി അതിനെ മധുരാസാമ്രാജ്യത്തിന്റെ ദക്ഷിണപശ്ചിമഭാഗമാക്കിത്തീർക്കുകയും ചെയ്തു. കൊല്ലം ൮൫൨-ൽ രാജദ്രോഹികൾ വിഷംകൊടുത്ത് അന്ന് ഈ നാടുവാണിരുന്ന ആദിത്യവർമ്മമഹാരാജാവിനെ കൊന്നതിന്റെശേഷം ഉമയമ്മറാണി രാജ്യാധിപത്യം സ്വീകരിക്കുകയും, തന്റെ സീമന്തപുത്രനായ രവിവർമ്മാവൊഴികെയുള്ള ശിശുക്കളെല്ലാം കളിപ്പാൻകുളത്തിൽ മൃതരാകയാൽ തിരുവനന്തപുരംവിട്ടു നെടുമങ്ങാട്ടുപോയി പാർക്കുകയും ചെയ്തു. ഈ കാലത്തായിരുന്നു "മുകിലൻ" എന്നു് ഇന്നും ജനങ്ങൾ പറഞ്ഞുവരാറുള്ള മഹമ്മദീയയോദ്ധാവു വിജയശ്രീയോടുകൂടി മണക്കാട്ടു പാളയമടിക്കുകയും. കവിസാർവ്വഭൌമനും ശൌര്യവാരിധിയുമായ കോട്ടയത്തു കേരളവർമ്മരാജാവ് ആ യോദ്ധാവിന്റെ സൈന്യത്തെ നിശ്ശേഷം ധ്വംസനംചെയ്തു രാജ്യത്തിനു പുനസ്സമാധാനം പ്രദാനം ചെയ്കയും ചെയ്തതു്. കൊല്ലം ൯൦൧-ൽ രാജ്യം ഭരിച്ചിരുന്ന രാമവർമ്മമഹാരാജാവ് എട്ടുവീട്ടിൽപിള്ളമാരേയും മററും കീഴടക്കുന്നതിലേക്കായി തൃച്ചിനാപ്പള്ളിയിൽനിന്ന് ഒരു സൈന്യത്തെ കൊണ്ടുവന്നു പത്മനാഭപുരത്തിൽ വിനിവേശിപ്പിച്ചു. കിംബഹുനാ ബാലമാർത്താണ്ഡവർമ്മമഹാരാജാവു കൊല്ലം ൯൦൪-ൽ രാജ്യാധിപത്യം സ്വീകരിച്ചപ്പോൾ ഇടവാപ്പൊഴിക്കു തെക്കോട്ടുമാത്രം വ്യാപിച്ചിരുന്ന വേണാട്ടിലുണ്ടായിരുന്ന ഛിദ്രങ്ങൾക്കും കുഴപ്പങ്ങൾക്കും കൈയും കണക്കുമില്ലായിരുന്നു. ഇതിനുമുമ്പുതന്നെ ഡച്ചുകാർ തേങ്ങാപ്പട്ടണം, കന്യാകുമാരി എന്നീ സ്ഥലങ്ങളിലും ഡെയിൻകാർ കുളച്ചൽ, ഇടവാ എന്നീ സ്ഥലങ്ങളിലും ഇംഗ്ലീഷുകാർ അഞ്ചുതെങ്ങിലും പണ്ടകശാലകൾ കെട്ടി കച്ചവടം ചെയ്തുവരികയായിരുന്നു. രാജധാനി ആദ്യം തിരുവാംകോട്ടേക്കും തദനന്തരം പത്മനാഭപുരത്തേക്കും മാററപ്പെട്ടു ജയസിംഹനാട്ടുശാഖ വേണാട്ടുശാഖയിൽനിന്നു പിരിയുന്നതുവരേയും കൊല്ലം തന്നെയായിരുന്നു രാജ്യത്തിന്റെ പ്രധാനപട്ടണം. എന്നാൽ ഡച്ചുകാർ കേരളത്തിലേക്കു വന്നുചേർന്ന വർഷമായ ൧൬൦൨-നു മുമ്പിൽതന്നെ ഈ രണ്ടു ശാഖകൾക്കും തമ്മിലുള്ള ബന്ധത്തിനു ശൈഥില്യം ഭവിക്കുകയും കായംകുളം (ഓണാട്ടു) രാജാക്കന്മാരുടെ പ്രതാപസൂര്യന്റെ ഉദയാനന്തരം അതു നിശ്ശേഷം നശിച്ചുപോകയും ചെയ്തു. കൊല്ലം ൮-ാം ശതവർഷാരംഭത്തിൽ

Digitized By Kerala Sahitya Akademi

വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്നുള്ള സമ്പ്രദായത്തിൽ രാജ്യം അരാജകതപത്തെ പ്രാപിക്കുകയും അതിൽനിന്നുള്ള സമുദ്ധാരണം ആരാദ്ധ്യം അശക്യമെന്നു ജനങ്ങൾ ഐകകണ്ഠ്യേന മുറവിളികൂട്ടുകയും ചെയ്തു.

മാർത്താണ്ഡവർമ്മമഹാരാജാവ്. ഈ മഹാപുരുഷനാണ് ആധുനിക വഞ്ചിരാജ്യത്തിന്റെ നിർമ്മാതാവ്. അവിടുത്തെ ബുദ്ധിശക്തിയേയും പരാക്രമത്തേയുംപററി വർണ്ണിക്കുവാനുള്ള സാമർത്ഥ്യം എനിക്കോ അവസരം ഇതോ അല്ലാത്തതിനാൽ ഞാൻ അതിലേക്കായി തുനിയുന്നില്ല. ഇംഗ്ലീഷുകാരുടെ ബഹുമാനപൂർവകമായ മൈത്രിക്കും ഡച്ചുകാരുടെ സപ്രശ്രയമായ സഖ്യത്തിനും പാത്രമായിത്തീൎന്ന ഈ മഹാനുഭാവനെക്കുറിച്ചു ഭക്തിമാനും സുകവിയുമായ രാമപുരത്തുവാരിയർ "മാർത്താണ്ഡാഖ്യമഹീപതി വെറുതേയൊ ജയിക്കുന്നു? മാലോകരേ! മന്നരായാലിവണ്ണം വേണ്ടു" എന്നും മററും, കവികുലാഗ്രേസരനായ കുഞ്ചൻനമ്പിയാർ "വിക്രമാതിശയങ്ങൾകൊണ്ടരിനൃപതിരാജ്യമശേഷമേ" എന്നു തുടങ്ങി സഭാപ്രവേശം മുതലായ തന്റെ സരസമനോഹരങ്ങളായ തുള്ളലുകളിലും വർണ്ണിച്ചിട്ടുള്ളതു ഭാഷാഭിമാനികൾക്കു് അജ്ഞാതമല്ലല്ലോ. (൧) എട്ടുവീട്ടിൽപിള്ളമാർ, എടത്തറ പോററി മുതലായവരുടെ നിർമ്മൂലനാശവും (൨) കുളച്ചൽ കിളിമാന്തൂർ മുതലായ സ്ഥലങ്ങളിൽവച്ചു് അതിശക്തിമാന്മാരായ ഡച്ചുകാൎക്കുണ്ടായ പരാജയവും (൩) ഇളയെടത്തുനാടു, ജയസിംഹനാടു, കായംകുളം, ചെമ്പകശ്ശേരി, തെക്കുംകൂർ, വടക്കുംകൂർ മുതലായ രാജാക്കന്മാരിൽ നിന്നുള്ള രാജ്യാപഹരണവും (൪) ശ്രീപത്മനാഭസ്വാമിക്കായി ഒടുവിൽ ചെയ്ത തിരുവിതാംകൂർരാജ്യത്തിന്റെ സമൎപ്പണവും ഈ തിരുമനസ്സിലെ അമാനുഷപ്രഭാവമായ രാജ്യഭാരത്തിലെ പ്രധാനസംഭവങ്ങളാകുന്നു. പരമധാർമ്മികനും, സിംഹസംഹനനനുമായ ഈ അവതാരപുരുഷൻ "വഞ്ചിരാജകുലോത്തമൻ കുലശേഖരപ്പെരുമാൾ" ചെയ്തിട്ടുള്ള അത്ഭുതകൎമ്മങ്ങൾ ആലോചിക്കുംതോറും നമ്മെ ആനന്ദപുളകിതന്മാരാക്കിത്തീൎക്കുന്നു. രാമയ്യൻദളവാ, ഡിലെനോയികപ്പിത്താൻ, അയ്യപ്പൻമാർത്താണ്ഡപ്പിള്ള മുതലായി അന്നുണ്ടായിരുന്ന രാജാനുചരന്മാരും ആ തിരുമനസ്സിലെപ്പോലെതന്നെ അതിമാനുഷന്മാരായിരുന്നു. ഇവരുടെ കാലം കേവലം ഒരു ചരിത്രമായിട്ടല്ല, പ്രത്യുത ഒരാഖ്യായികപോലെയാണ് കഴിഞ്ഞതു്.

രാമവർമ്മമഹാരാജാവ്. രാമരാജാവെന്നു പ്രസിദ്ധനായി കൊല്ലം ൯൩൩ മുതൽ ൯൭൩ വരെ രാജ്യരക്ഷചെയ്ത ഈ മഹാരാജാവിനേപ്പററി ആരാണ് കേട്ടിട്ടില്ലാത്തതു്! ധർമ്മതൽപരനും ധീരോദാത്തനുമായ ഈ പുണ്യപുരുഷൻ വീരമാർത്താണ്ഡവർമ്മമഹാരാജാവിനാൽ സ്ഥാപിതമായ യശസ്സിനെ തന്റെ ഭുജബലത്താലും സ്വഭാവഗുണത്താലും ദ്വിഗുണിഭവിപ്പിച്ചു. സാമൂതിരിയെ കക്കാട്ടുവരെ ഓടിച്ചു. കൊച്ചിരാജാവിനു് അഭയദാനം ചെയ്തതും അധികാരപ്രമത്തനും അക്രമിയുമായ മഹമ്മദാലിയുടെ കൈയിൽനിന്നു തിരുവിതാംകൂർവകയായി സഹ്യാദ്രിക്കു കിഴക്കുവശമുണ്ടായിരുന്ന ദേശങ്ങളിൽ ചിലതിനേയെങ്കിലും വീണ്ടെടുത്തതും, ആലങ്ങാട്ടും പറ

Digitized By Kerala Sahitya Akademi

റുരും സ്വാധീനപ്പെടുത്തിയതും, കോപിഷ്ഠനായ ടിപ്പുസുൽത്താനെ ത്യണീകരിച്ച് ആ അധൃഷ്യപരാക്രമന്റെ സകലശത്രുക്കളേയും പരിരക്ഷിച്ചതും അദ്ദേഹത്തിന് അനശ്വരമായ അംഗഭംഗത്തേയും അവമാനത്തേയും വരുത്തി അവസാനത്തിൽ ഇംഗ്ലീഷുകാരുടെ ക്രോധാഗ്നിക്ക് ഇരയാക്കിത്തീർത്തതും, കോഴിക്കോട്ടു, മൈസൂർ മുതലായ സ്ഥലങ്ങളിൽ തന്റെ സൈന്യത്തെ ഈസ്റ്റിൻഡ്യാക്കമ്പനിക്കാരുടെ സഹായത്തിനായി അയച്ച് ഒടുവിൽ അവരുമായി ശുഭോദർക്കമായ ഒരു സന്ധി ചെയ്തതും ഈ മഹാത്മാവല്ലാതെ മററാരുമല്ലല്ലോ. പ്രജകളുടെ ക്ഷേമാഭ്യുദയങ്ങൾക്കായി ഈ തിരുമേനി ചെയ്തിട്ടുള്ള പ്രവൃത്തികൾ അസംഖ്യങ്ങളും അത്യത്ഭുതങ്ങളുമാകുന്നു. രാമേശ്വരത്തിനെഴുന്നള്ളത്തും ആലുവാ മണൽപ്പുറത്തു യാഗകർമ്മങ്ങളും അനുഷ്ഠിച്ച് അനശ്വരമായ പുണ്യം സമ്പാദിച്ചതോടുകൂടി വശ്യവാക്കുകളും മഹാകവികളുമായ കുഞ്ചൻനമ്പിയാർ മുതലായവർക്ക് സങ്കേതം നല്കി ശാശ്വതമായ സൽകീർത്തി സമാർജ്ജിച്ച ഇദ്ദേഹത്തെപ്പററി ഇററലിക്കാരനായ പാളിനസ്സ് പാതിരി "പരസ്തുതിയിൽ പരാങ്മുഖന്മാരായ ഇംഗ്ലീഷുകാർകൂടിയും ഈ തിരുമേനിയെ തിരുവിതാംകൂർകാരുടെ സാക്ഷാൽ പിതാവെന്നാണ് പറയുന്നത്" എന്നെഴുതിയിരിക്കുന്നതിൽ ആശ്ചര്യത്തിന്നവകാശമുണ്ടോ? സുബ്രഹ്മണ്യൻദളവാ, കുമാരൻചെമ്പകരാമൻതമ്പി, മഹാനായ കേശവപിള്ളദിവാൻജി മുതലായി അന്ന് ഈ രാജ്യത്തുണ്ടായിരുന്ന സേനാനികളും പ്രസിദ്ധന്മാരായിരുന്നു.

ഇതിനുമേൽ ൯൮൫ വരെ രാജ്യഭാരം ചെയ്ത ബാലരാമവർമ്മരാജാവ് അശക്തനായിരുന്നതിനാൽ ഇംഗ്ലീഷുകാരും അന്ന് ഈ സംസ്ഥാനത്തിലെ മന്ത്രിയായിരുന്ന വേലുത്തമ്പിദളവായും തമ്മിൽ രസക്ഷയം മൂത്ത് ഒടുവിൽ യുദ്ധമായി പരിണമിക്കുകയും അതിൽനിന്ന് ഒരുവിധം രാജാവിന്റെ മരണത്തോടും ഗുണവതിയായ ലക്ഷ്മീറാണിയുടെ രാജ്യഭാരാരംഭത്തോടുംകൂടി തിരുവിതാംകൂർ വീണ്ടും സമാധാനത്തെ പ്രാപിക്കുകയും ചെയ്തു. വേലുത്തമ്പി ചിലരെല്ലാം വിചാരിക്കാറുള്ളതുപോലെ അത്ര ബുദ്ധിഹീനനും കലഹപ്രിയനും അല്ലായിരുന്നു എന്നുള്ളത് മക്കാളിറസിഡെണ്ടിന്റെ പ്രവൃത്തിയെ അതികഠിനമായി അന്ന് അനേകം ഇംഗ്ലീഷുകാർകൂടിയും അപവദിച്ചിട്ടുള്ളതിൽനിന്നു നമുക്ക് അനുമാനിക്കാം. ലക്ഷ്മീറാണിയും മൺറോസായിപ്പുംകൂടി രാജ്യപരിപാലനം ചെയ്ത നാലു സംവത്സരംകൊണ്ടു തിരുവിതാംകൂർ മുമ്പിലത്തെപ്പോലെയുള്ള യശസ്സിനു വീണ്ടും ഭാജനമായി തീർന്നു. ധർമ്മനിരതയായ പാർവതീറാണി ൯൮൯ മുതൽ ൧൦൦൪ വരെ ലക്ഷ്മീറാണിയുടെ പാവനപദവിയിൽനിന്നു ചലിക്കാതെ മംഗലമായി രാജ്യഭാരം ചെയ്തു. അതിൽ പിന്നീടാണ് സരസ്വതി പുരുഷവേഷം ധരിച്ചു ഭൂമിയിൽ അവതരിച്ചോ എന്നു ജനങ്ങൾ സംശയിച്ച ഗർഭശ്രീമാനായ രാമവർമ്മകുലശേഖരപ്പെരുമാൾ നാടുവാഴുവാൻ തുടങ്ങിയതു്. സംഗീതസാഹിത്യങ്ങളുടെ മറുകര കണ്ട ആ രാജശ്രേഷ്ഠന്റെ ദിവ്യത്വത്തെപ്പററി എങ്ങനെയാണ് വർണ്ണിക്കുന്നത്?

"വാണീ യസ്യ മനോരമാ കുവലയാനന്ദപ്രദം യന്മുഖം
പാണി സന്തതചിന്തിതാർത്ഥഘടനാചിന്താമണീ ചാർത്ഥിനാം

Digitized By Kerala Sahitya Akademi

മീമാംസാപദമേവമദ്ധ്യമലഘുശ്രുത്യന്തസഞ്ചാരിണീ
ദൃഷ്ടിസ്തേ നൃപമന്ദരാ ഭഗവതീ വിദ്യാ കുതോവർത്തതേ?"

എന്നു കവിസത്തമനായ വിദ്വാൻ കോയിത്തമ്പുരാൻ ഈ തിരുമേനിയെ വർണ്ണിച്ചിട്ടുള്ളതിൽ അത്യുക്തി അശേഷമില്ലെന്നു സഹൃദയന്മാർ സമ്മതിക്കുന്നതാണ്. അവിടുത്തെ കനിഷ്ഠസഹോദരനും ൧൦൨൨ മുതൽ ൧൦൩൫ വരെ രാജ്യരക്ഷചെയ്തു ദേഹവുമായ മാർത്താണ്ഡവർമ്മമഹാരാജാവു സത്സ്വഭാവിയും പരോപകാരനിരതനും പണ്ഡിതന്മാർക്ക് ഒരാശ്രയവുമായിരുന്നു. ഇംഗ്ലീഷുകാർക്ക് ഈ മഹാരാജാവിന്റെ സ്വഭാവം ഏറ്റവും പഥ്യമായിരുന്നു. സാറാ ടക്കർ, റെവറണ്ട് ആബ്സ് മുതലായവർ ഈ തിരുമേനിയുടെ ഗുണങ്ങളെപ്പറ്റി അനിതരസാധാരണമായി ശ്ലാഘിച്ചിട്ടുണ്ട്. തിരുവിതാംകൂറിനെ ഈ സ്ഥിതിയിൽ ആക്കുന്നതിൽ സഹായിച്ചിട്ടുള്ള മന്ത്രിസത്തമന്മാരിൽ പ്രഥമനായ സർ. ടി. മാധവരായരെ ആ സ്ഥാനത്തിലേക്ക് ആരോഹണം ചെയ്യിച്ചതും ഈ തിരുമനസ്സുകൊണ്ടു തന്നെയായിരുന്നു.

<u>ആധുനികകാലം.</u> ആയില്യംതിരുനാൾ മഹാരാജാവു ൧൦൩൫ മുതൽ ൧൦൫൫ വരെ രാജ്യഭാരം ചെയ്തു. ഈ തിരുമേനിയും മാധവരായരവർകളും ആണ് തിരുവിതാംകൂറിന് "മാതൃകാസംസ്ഥാനം" എന്ന നാമധേയം ലഭിക്കുന്നതിനു ഹേതുഭൂതന്മാരായിത്തീർന്നത്. ഇവിടുത്തേക്കു സംഗീതത്തിലും സാഹിത്യത്തിലുമുള്ള നിപുണത ലോകപ്രസിദ്ധമായിരുന്നു. രാജ്യതന്ത്രജ്ഞതയിൽ അദ്വിതീയനായിരുന്ന ഈ മഹാരാജാവു ഇന്ത്യാമഹാരാജ്യം മുഴുവൻ എഴുന്നള്ളിക്കാണുകയും, വിശിഷ്ടമന്ത്രിയായ സർ. ശേഷയ്യാശാസ്ത്രികളെ വരുത്തി രാജ്യത്തിന് ഉത്തരോത്തരം അഭ്യുദയത്തെ വർദ്ധിപ്പിക്കുകയും ചെയ്തു. അവിടുത്തെ അനുജൻ വിശാഖംതിരുനാൾമഹാരാജാവിന്റെ ബുദ്ധിവികാസത്തേയും സർവ്വശാസ്ത്രവിചക്ഷണതയേയും സാഹിത്യപാരംഗതത്വത്തേയും പറ്റി പറയുക എന്നാരംഭിച്ചാൽ അതു ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമല്ല. മാക്ഗ്രൂവർ, ഗ്രാൻഡ്ഡഫ്, മുതലായ ആംഗലഗ്രന്ഥകാരന്മാർ അവിടുത്തേപ്പറ്റി അത്ഭുതകരമാകുംവണ്ണം പ്രശംസിച്ചിട്ടുണ്ട്. അവിടുത്തെ മന്ത്രിശ്രേഷ്ഠൻ രാമയ്യങ്കാരവർകൾ ഈ രാജ്യത്തിലേക്കു വേണ്ടി ചെയ്തിട്ടുള്ള ഗുണങ്ങളും ഈ അവസരത്തിൽ സ്മരണീയമാകുന്നു. ആ തിരുമേനിയുടെ അഞ്ചുസംവത്സരത്തെ വിശിഷ്ടതമമായ രാജ്യഭാരത്തിനു മേൽ ൧൦൬൦-ൽ കരുണാനിധിയും പ്രജാക്ഷേമപരതന്ത്രനുമായ നമ്മുടെ പൊന്നുതമ്പുരാൻ ശ്രീമൂലംതിരുനാൾ രാമവർമ്മമഹാരാജാവു രാജ്യാധിപത്യം സ്വീകരിച്ചു. അന്നദാതാവായ പൊന്നുതിരുമേനിയുടെ സത്യസന്ധത, സദാചാരനിഷ്ഠ, ഈശ്വരഭക്തി, പ്രജാവാത്സല്യം, ദയാർദ്രത, ധർമ്മരതി മുതലായ സംഖ്യയററ സൽഗുണങ്ങളുടെ ഫലത്തെ അവിടുത്തെ കൃതജ്ഞന്മാരായ പ്രജകൾ പൂർവ്വജന്മാർജ്ജിതമായ പുണ്യവിശേഷത്താൽ അനുഭവിക്കുന്നു- നിയമനിർമ്മാണസഭ, സംസ്കൃതപാഠശാല, കൃഷിവിദ്യാശാല, ദുർഗ്ഗുണപരിഹാരപാഠശാല, നഗരശുചീകരണസഭ, നാട്ടുവൈദ്യശാല, പുകവണ്ടി, പുരാണവസ്തുസംഗ്രഹണം, നിതിമഹാപാഠശാല, കരകൌശലവിദ്യാശാല, സർക്കാർ പ്രസംഗസഭ, പാഠപുസ്തകസംഘം മുതലായി പ്രജകൾക്കു

Digitized By Kerala Sahitya Akademi

സീമാതീതമായ ഗുണത്തെ പ്രദാനംചെയ്യുന്ന അനേകം ഡിപ്പാട്ട്മെൻറുകൾ പുത്തനായി ഏൎപ്പെടുത്തിട്ടുള്ളതു കൂടാതെ ഈ തിരുമേനി മുമ്പുണ്ടായിരുന്ന ഡിപ്പാർട്ടുമെൻറുകളെ ഒക്കെയും ആമൂലാഗ്രം പരിഷ്കരിച്ചു കാൎയ്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. തിരുമനസ്സിലെ ഇംഗ്ലീഷു മുതലായ ഭാഷകളിലുള്ള നൈപുണ്യവും ഇംഗ്ലീഷുകാരോടും ഏതദ്ദേശിയന്മാരോടുമുള്ള സംഭാഷണത്തിൽ സ്ഫുരിക്കുന്ന കരുണാസമ്മിളിതമായ ഗാംഭീൎയ്യവും സുപ്രസിദ്ധമാകുന്നു.

> "കാമം നൃപാസ്സന്തു സഹസ്രശോന്യേ;
> രാജന്വതീമാഹുരനേന ഭൂമിം;
> നക്ഷത്രതാരാഗ്രഹസംകുലാപി
> ജ്യോതിഷ്മതീ ചന്ദ്രമസൈവരാത്രി."

എന്ന് അവിടുത്തേപ്പററി പറഞ്ഞാൽ അതു് അശേഷം അതിശയോക്തിയായി വരികയില്ല. ഏവംവിധമായ ഗുണങ്ങളുടെ നിവാസഗൃഹമായ ഈ തിരുമേനിക്കു് ആംഗലചക്രവൎത്തി, ഇതിനുമുമ്പിൽ തിരുവിതാംകൂർ രാജാക്കന്മാൎക്കു ലഭിച്ചിട്ടില്ലാത്ത സ്ഥാനമാനങ്ങൾ നല്കിയതിലും ഭാരതഖണ്ഡം ഒട്ടുക്കു് അവിടത്തേ പേർ പ്രജാവാത്സല്യത്തിനും പരമധാൎമ്മികതയ്ക്കും പൎയ്യായപദമായി നിലനില്ക്കുന്നതിലും എന്താണു് ആശ്ചൎയ്യപ്പെടുവാനുള്ളതു്? എൻെറ "വഞ്ചീശഗീതി" എന്ന ഗ്രന്ഥത്തിൽ ഞാൻ പൊന്നുതിരുമേനിയുടെ ഗുണഗണത്തെ സ്വല്പം വൎണ്ണിക്കുവാൻ യഥാമതി ശ്രമിച്ചിട്ടുണ്ടു്. നാല്പത്തേഴാംതിരുനാൾ സന്നിഹിതമായിരിക്കുന്ന ഈ അവസരത്തിലും ജനപ്രതിനിധിസഭ പുതുതായേൎപ്പെടുത്തി തിരുമനസ്സുകൊണ്ടു തനിക്കു പ്രജകളുടെ നേൎക്കുള്ള കരുണാതിശയത്തെ സവിശേഷം പ്രത്യക്ഷപ്പെടുത്തുന്നു. ഇവിടുന്നു് ആയുരാരോഗ്യസൗഖ്യങ്ങളോടുകൂടി ചിരകാലം ഈ രാജ്യത്തേക്കു മേല്ക്കുമേൽ ശ്രേയോഭിവൃദ്ധി വരുത്തി ഈവിധം പ്രജാപരിപാലനം ചെയ്യുവാൻ സ്വശക്തനായ ഈശ്വരനോടു് ഈ അവസരത്തിൽ മനഃപൂൎവ്വമായി പ്രാൎത്ഥിക്കാത്തവർ ആർ? അങ്ങനെ ചെയ്യാതിരുന്നാൽ അവരുടെ വിശേഷബുദ്ധിക്കു കൃതാൎത്ഥതയുണ്ടോ? പൊന്നുതിരുമേനിയുടെകടാക്ഷദോഹദത്താൽ വദ്ധിക്കുന്ന ഭാഷാപോഷിണിയോ തിരുമനസ്സിലെ ക്ഷേമാരോഗ്യങ്ങൾക്കായി നക്തംദിവം ഭഗവൽപാദങ്ങളെ ഭജിക്കുകയാണല്ലോ!

ഇതാണ് തിരുവിതാംകൂർ രാജകുടുംബം. ആയിരത്തഞ്ഞൂറിൽ പരം വൎഷം ഇങ്ങനെ പാരതന്ത്ര്യരഹിതമായും പരിപൂൎണ്ണാഭമായും നിലനിന്നിട്ടുള്ള രാജവംശം ഭാരതഖണ്ഡത്തിൽ വേറെയുണ്ടോ? 'ഇല്ല' എന്നു നിൎവിശങ്കമായി ചരിത്രം ഉത്തരം പറയുന്നു. എൻെറ ഗുരുനാഥനായ ചങ്ങനാശേരി രവിവൎമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ വാക്കുകളിൽ

> "ഓമൽസൽകീൎത്തിയാകും നറുമലർനികരം
> തൂകി ലോകത്തിനെല്ലാ-

Digitized By Kerala Sahitya Akademi

മാമോദംനല്കി മാഴ്കാതഭിമതഫലവും
ചേൎത്തു പാൎത്തിട്ടിലെന്നും
ഈ മൂലക്ഷ്മാപകല്പക്ഷിതിരുഹമപരി.
ക്ഷീണയാം ശാഖയോടും
കാമം വൎദ്ധിച്ചുനില്പാൻ തിരുവളമനിശം
ചേൎക്കണേ പത്മനാഭ!"

എന്നുള്ള ഈശ്വരപ്രാൎത്ഥന കേരളീയഹൃദയങ്ങളിൽ സൎവ്വോപരി മുഴവിട്ടുനില്ക്കുന്നു. ഈ മഹാരാജവംശം മേലും അഖണ്ഡമായ അഭിവൃദ്ധിക്ക് ആസ്പദമായി ആകല്പകാലം സമുല്ലസിക്കട്ടെ.

ഈ ഉപന്യാസം ഉപസംഹരിക്കുന്നതിനു മുമ്പായി മറെറാരു സംഗതി കൂടി പറയേണ്ടതായിട്ടുണ്ട്. ഈ രാജവംശത്തോടു സംബന്ധപ്പെട്ടു നില്ക്കുന്ന ഒരു മഹാനുഭാവനും ഭാഷാകവികുലസാൎവ്വഭൌമനും വിശേഷിച്ചു ഭാഷാപോഷിണിയുടെ അദ്ധ്യക്ഷനും ആയ കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലേയും അവിടത്തെ "ഇഷ്ടപ്രാണേശ്വരി"യുടേയും ദത്തപുത്രിമാരും മഹാരാജാവുതിരുമനസ്സിലെ ഭാഗിനേയിമാരുമായ "സേതു ലക്ഷ്മീബായി" എന്നും "സേതു പാൎവ്വതീബായി" എന്നും തിരുനാമമുള്ള ആററിങ്ങൽ കൊച്ചുതമ്പുരാട്ടിമാരുടെ കാൎയ്യം ഈ അവസരത്തിൽ പ്രത്യേകം ഓൎക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ മറെറാരു മാന്യവിദ്വാനും "സരസദ്രുതകവികിരീടമണി"യുമായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇങ്ങനെ പറയുന്നു.

"വൻപാൎന്നീടുന്ന വഞ്ചിക്ഷിതിരമണമഹാ-
വംശമേററം മുതിൎന്നാ-
ക്കമ്പേന്യോരും പരം മുത്തഖിലജനഹിതം
പോലെ ദ്ധൃകുന്നകാലം
അമ്പോ! ദുൎദ്ദൈവദാവാനലനുടെ ബഹളം
കൊണ്ടു നാശംപിടിച്ചു;
മുൻപാട്ടിൽതന്നെനില്പുണ്ടവിചലിതബലം
കേവലം മൂലമാത്രം.

"എന്നാൽ ദത്തെന്നവിത്തിട്ടിഹ ചെറുമുള രം-
ണ്ടുണ്ടു കാണുന്നു;മേലാൽ
നന്നായ്‌വൎദ്ധിച്ചുകാണ്മാൻ തിരുവളമുടനേ
ചേൎക്കണം പത്മനാഭൻ;
എന്നാലും പോര; മൂലംതിരുവടിയിളകാ-
തേറെനാളിപ്രകാരം
നിന്നാലേ വീഴ്ചകൂടാതിതിനുടെ ഫലമാം
മുത്തു നാട്ടാൎക്കു കിട്ടൂ."

Digitized By Kerala Sahitya Akademi

തിരുവിതാംകൂർരാജവംശത്തിന്റെ അഭിവൃദ്ധിക്ക് അടിസ്ഥാനമായി നില്ക്കുന്ന നമ്മുടെ കൊച്ചുതമ്പുരാട്ടിമാരിൽനിന്ന് അവതരിക്കുന്ന രാജകുമാരന്മാരേയും രാജകുമാരികളേയും ലാളിക്കുന്നതിൽനിന്നുണ്ടാകുന്ന ആ പരമസുഖം നമ്മുടെ പൊന്നുതിരുമേനി ഏറിയോരുകാലം അനുഭവിക്കുന്നതിനു ജഗന്നിയന്താവു കടാക്ഷിക്കുമാറാകട്ടെ. താഴെ ഉദ്ധരിക്കുന്ന വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ശ്ലോകം ബഹുജനപ്രാർത്ഥനയുടെ ഒരു പ്രതിദ്ധ്വനിയാണെന്നു മാത്രം പറയാം.

"അശ്വത്ഥാമമഹാബലീ മഹിതരാം
വ്യാസാഞ്ജനാനന്ദനൌ
വിശ്വശ്ലാഘിതരാം വിഭീഷണകൃപാ-
ചാര്യ്യൌ മഹാൻ ഭാർഗ്ഗവൻ
ശശ്വദ്വിശ്രുതരാമിവർക്കു സമമാ-
യിമൂലഭൂപാലനും
വിശ്വാസ്തപ്രജകൾക്കു ഭവ്യമരുളി-
ജ്ജീവിച്ചിടേണം ചിരം."

൧൦൭൦ ചിങ്ങം, കന്നി — ഭാഷാപോഷിണി:

Digitized By Kerala Sahitya Akademi

13. മാനച്ചനും വിക്രമനും. *

ക്രിസ്ത്വാബ്ദത്തിന്റെ ആരംഭത്തിൽ കേരളം മലയാളബ്രാഹ്മണക്ക് അധീനമായിരുന്നു എന്നാണ് ഐതിഹ്യം. എന്നാൽ അവക്ക് രാജ്യഭരണത്തിനു വേണ്ട സാമത്ഥ്യം ഉണ്ടായിരുന്നില്ല. അതിനാൽ അവർ ചോളം പാണ്ഡ്യം മുതലായ പരദേശങ്ങളിൽനിന്ന് ഓരോ രാജാക്കന്മാരെ വരുത്തി അവരെക്കൊണ്ടു പന്ത്രണ്ടിതു കൊല്ലത്തേക്കു രാജ്യരക്ഷ ചെയ്യിച്ചുവന്നു. ഈ രാജാക്കന്മാർ ആകുന്നു പെരുമാക്കന്മാർ. ക്രിസ്ത്വാബ്ദം പതിനൊന്നാം ശതവഷംവരെയും പെരുമാക്കന്മാർ കേരളം രക്ഷിച്ചതായിക്കാണുന്നു.

ഒടുവിലത്തെ ചേരമാൻപെരുമാളുടെ ജന്മഭൂമി ചോളദേശമായിരുന്നു. അദ്ദേഹം കേരളത്തിൽവന്നു കച്ചവടത്തിനുംമററും അഭിവൃദ്ധി വരുത്തി രാജ്യത്തെ ഐശ്വര്യവത്താക്കിത്തീത്തു. അതിനാൽ കൢപ്തകാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ പിരിച്ചയയ്ക്കുന്നതിനു ജനങ്ങൾക്കു മനസ്സു വന്നില്ല. പെരുമാൾ അവരുടെ അപേക്ഷ അനുസരിച്ചു വീണ്ടും പന്ത്രണ്ടു കൊല്ലം രാജ്യപരിപാലനം ചെയ്തു. അതുകൊണ്ടും പ്രജകൾക്കു മതിയായില്ല. മൂന്നാമതും പന്ത്രണ്ടു കൊല്ലത്തേക്ക് അദ്ദേഹംതന്നെ രാജ്യഭാരം ചെയ്യണമെന്ന് അവർ നിർബന്ധിച്ചു. ആ നിർബന്ധത്തിനു പെരുമാൾ കീഴടങ്ങുകയുംചെയ്തു. ഉത്തമനായ രാജാവിനെ പ്രജകൾ എങ്ങനെ ഉപേക്ഷിക്കും? പ്രജകളുടെ ഭക്തിപൂവ്വമായ പ്രാത്ഥനയെ രാജാവ് എങ്ങനെ തിരസ്കരിക്കും?

കീഴ്നടപ്പിനു വിപരീതമായ ഈ ഏപ്പ്പാടു സമീപസ്ഥനായ പാണ്ഡ്യരാജാവിനു വിരോധമായി പരിണമിച്ചു. ആദ്യത്തെ പന്ത്രണ്ടുകൊല്ലം കഴിയുമ്പോൾ തന്നെ കേരളീയർ തന്നോടു രാജ്യരക്ഷ ചെയ്യുവാൻ പ്രാത്ഥിക്കുമെന്ന് അദ്ദേഹം കരുതിയിരുന്നു. പന്ത്രണ്ടു പോയിട്ട് ഇരുപത്തിനാലുകൊല്ലം കഴിഞ്ഞതിൽ പിന്നെയും ആ ആശ ഫലിക്കുന്ന ലക്ഷണം കണ്ടില്ല. "ചേരമാൻ! കൊള്ളാം! ഭജനംമൂത്ത് ഊരാണ്മയായി! ആകട്ടെ, കാണിച്ചുകൊടുക്കാം." എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം ഒരു വലിയ സൈന്യത്തെ ശേഖരിച്ചു. അന്നു പാണ്ടിയിൽനിന്നു മലയാളത്തിലേക്ക് ആനമലമാർഗ്ഗമായി കടക്കുവാൻ എളുപ്പമുണ്ടായിരുന്നു. രാജാവും സൈന്യവും ആ വഴി കടന്നു കോട്ടയും കിടങ്ങും ഉറപ്പിച്ചു പാളയമടിച്ചുപാത്തു.

അപ്രതീക്ഷിതമായ ഈ സംഭവം അധികമായി പെരുമാളെ വ്യാകുലപ്പെടുത്തി. പോരിനുവേണ്ട മുൻകരുതലുകൾ ഒന്നും താൻ ചെയ്തിരുന്നില്ല. പ്രബലനും പരാക്രമശാലിയുമായ പാണ്ഡ്യനെ ജയിക്കുന്നതു പ്രയാസമെന്നുതന്നെ തോന്നി. പെരുമാളുടെ ഭടന്മാർ ഒന്നിലധികം പ്രാവശ്യം ശത്രുസൈന്യത്തോടെതിത്തു. എന്നാൽ പവ്വതംപോലെയുള്ള പാണ്ഡ്യന്റെ പ്രാകാരത്തെ ലംഘിക്കുന്നതിന് അവക്കു കഴിഞ്ഞില്ല. ഓരോ പ്രാവശ്യവും ഉത്സാഹഭംഗത്തോടുകൂടി ആ സാധുക്കൾ പിന്മാറി. ഇങ്ങ

* ഐതിഹ്യം.

Digitized By Kerala Sahitya Akademi

നെ കാലം കുറെ കഴിഞ്ഞു. പെരുമാളുടെ ശക്തി ക്രമേണ ക്ഷയിച്ചു. പാണ്ഡ്യരാജാവു ജയഭേരി അടിച്ചുകൊണ്ടു മലയാളക്കരയുടെ തലസ്ഥാനമായ തിരുവഞ്ചിക്കുളത്തേക്കു തിരിച്ചു.

കാൎയ്യങ്ങൾ അപകടമായി; പ്രജകൾ വ്യസനിച്ചു; രാജാവ് അമ്പരന്നു. വലുതായ ആപത്താണല്ലോ വന്നുചേൎന്നത്. എല്ലാവരും ഒന്നിച്ചു കൂടി മേൽ വേണ്ട സംഗതികൾ നിരൂപിച്ചു. അപ്പോൾ അവരിൽ ഒരാൾ മാനച്ചനെന്നും വിക്രമനെന്നും രണ്ടു് ഏറാടിയുവാക്കൾ പൂന്തുറയ്ക്കു സമീപം ആയുധാഭ്യാസം ചെയ്തുവരുന്നുവെന്നും ശൂരന്മാരും സ്വദേശസ്നേഹികളുമായ അവൎക്കു പാണ്ഡ്യനെ ജയിക്കുവാൻ കഴിയുമെന്നും പറഞ്ഞു. അതു കേട്ടവൎക്കു് ഒരു കഥപോലെ തോന്നി. പെരുമാൾതന്നെ "മുലകുടിമാറാത്ത ഈ കിടാങ്ങൾ പടയിൽ എന്തുകാട്ടും? കലയാനയ്ക്കു കഴിയാത്തതു കുഴിയാനയോ? ഇതെന്തസംബന്ധം?" എന്നു ചോദിച്ചു. അപ്പോൾ ആ പൌരൻ "അങ്ങനെ കല്പിക്കരുത്. വയസ്സല്ല പൌരുഷമാണ് കാൎയ്യം." എന്നു വീണ്ടും സധൈൎയ്യം അറിയിച്ചു.

അപ്പോഴേക്കും പ്രതിവിധി എന്തെങ്കിലും പ്രയോഗിക്കാതെ തരമില്ലെന്നുള്ള പതനമായിക്കഴിഞ്ഞു. പെരുമാൾ ആലോചിച്ചു. "ഭാവി ആരു കണ്ടു? രാമലക്ഷ്മണന്മാർ ഏതുവയസ്സിലാണ് വിശ്വാമിത്രമഹൎഷിയുടെ യാഗം രക്ഷിച്ചതു്? ശ്രീകൃഷ്ണൻ ഏതു വയസ്സിലാണ് കംസനെക്കൊന്നതു്? ശരി, വയസ്സല്ല, പൌരുഷം തന്നെയാണ് കാൎയ്യം. ഏതായാലും ഇവിടെ അററ കൈയായിരിക്കുന്നു. ഫലിക്കുന്ന ഔഷധം ഫലിക്കട്ടെ." എന്നും മററും വിചാരിച്ചു് ഒരുവിധത്തിൽ മനസ്സിനുറപ്പുവരുത്തി. പൂന്തുറയ്ക്കു് ആളയച്ചു യുവാക്കന്മാരെ വരുത്തുക എന്നുതന്നെ തീൎച്ചയാക്കി.

മാനച്ചനും വിക്രമനും ആയുധവിദ്യ അഭ്യസിച്ചുവന്നതു് ഉണ്ണിക്കുമാരനമ്പിയാർ എന്നൊരാശാന്റെ കീഴിലായിരുന്നു. അദ്ദേഹത്തിന്റെ പേൎക്കു് ഉണ്ണികളെ കൂട്ടിച്ചുകൊണ്ടു ഉടൻതന്നെ തിരുവഞ്ചിക്കുളത്തു വന്നുചേരത്തക്കവണ്ണം ഒരു തിരുവെഴുത്തു പെരുമാൾ കൊടുത്തയച്ചു. നമ്പിയാർ ആ എഴുത്തു ശിഷ്യന്മാരെ കാണിച്ചു.

മാനച്ചൻ പറഞ്ഞു.:—"ഒരു ശത്രു നമ്മുടെ നാടടക്കാൻ വരികയോ? അവന്റെ കഥ ഈ നിമിഷത്തിൽ കഴിക്കണം."

നമ്പി.—"അതു നിങ്ങൾക്കു കഴിയുമോ?"

വിക്രമൻ:—"ആശാന്റെ അനുഗ്രഹമുണ്ടെങ്കിൽ അതും അതിനപ്പുറവും ഞങ്ങൾക്കു കഴിയും."

നമ്പി:—"നിങ്ങൾ രണ്ടുപേരേ ഉള്ളല്ലോ?"

മാനച്ചൻ:—"ഈ കാൎയ്യത്തിനു രണ്ടുപേർതന്നെ വേണമെന്നില്ല ആണത്തമുള്ള ഒററയൊരുത്തൻമതി."

നമ്പി:—"ശരിതന്നെ. തന്റെ ബലം എത്രയ്ക്കുണ്ടെന്നു മനുഷ്യൻ അറിയുന്നില്ല. അറിഞ്ഞാൽ എത്ര നന്നായിരുന്നു! മനസ്സുതന്നെ മാൎഗ്ഗം.

Digitized By Kerala Sahitya Akademi

നാമെന്തുവിചാരിക്കുന്നുവോ അതു നമുക്കു നടത്താം. എന്താഗ്രഹി ക്കുന്നുവോ അതു സാധിക്കാം. വ്യവസായം മാത്രമേ വേണ്ടതുള്ളൂ ഈ തത്വം നിങ്ങൾ ധരിച്ചുവോ എന്നു മനസ്സിലാക്കുവാൻ മാത്രമാ ണ് ഞാൻ ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിച്ചത്."

ആശാനും ശിഷ്യന്മാരുംകൂടി ഉടൻതന്നെ തിരുമുമ്പിലേക്കു തിരിച്ചു. വഴിക്കുവച്ച് അവർ അത്ഭുതകരമായ ഒരു കാഴ്ച കണ്ടു. ഒരെടിക്കിൽ ഏഴു പ ശുക്കൾ അടുത്തടുത്തായി ചത്തുകിടക്കുന്നു. അതിൽ ഒരു പശുവിൻെറ ശവ ത്തെ മാത്രം പതിനാലു കഴുകന്മാർ വളഞ്ഞിരിക്കുന്നു. മററുള്ള ശവങ്ങളെ ഒരു കഴുകൻപോലും തീണ്ടുന്നുമില്ല. "ഇതെന്താശ്ചര്യമാണ്?" എന്നു നമ്പിയാർ ചോദിച്ചു.

മാന:—"ഇതിൻെറ തത്വം ഞാൻ പറയാം. ഓരോ പ്രാണിവർഗ്ഗത്തിലും ആ വർഗ്ഗത്തിനു വേണ്ട ഗുണങ്ങൾ തികഞ്ഞ പ്രാണികൾ അപൂർവ്വ മായേ കാണുകയുള്ളൂ. ഈ ഏഴുപശുക്കളിൽ ഒന്നിനേ വർഗ്ഗഗുണം ഉണ്ടായിരുന്നുള്ളൂ. അതാണ് അതിനെ മാത്രം കഴുകുകൾ സമീപി ക്കുന്നത്.'

വിക്ര:—"പക്ഷികളിൽകൂടി ഈ വിവേകം കാണുന്നുവല്ലോ."

മാന:—വിവേകമില്ലാത്ത പ്രാണി മനുഷ്യൻ മാത്രമാണ് അവൻ പുറം പൂച്ചു കണ്ടു മയങ്ങുന്നു. മിന്നുന്നതെല്ലാം പൊന്നൊന്നാണ് അവൻെറ വിചാരം. ആണും പെണ്ണും വേർതിരിക്കുവാൻ അവനെക്കൊണ്ടു സാധിക്കുന്നില്ല. കണ്ണുണ്ടെങ്കിലും കുരുടൻെറ നിലയിലാണ് അവ ൻെറ കാലക്ഷേപം".

ആശാൻ ആ യുവാക്കന്മാരുടെ ബുദ്ധിശക്തികണ്ട് അത്ഭുതപ്പെട്ടു. തിരുവഞ്ചിക്കുളത്തെത്തിയപ്പോൾ പെരുമാൾ അവരുടെ യുദ്ധസാമർത്ഥ്യ ത്തെ പലപ്രകാരത്തിൽ പരീക്ഷിച്ചു.

ആ പരീക്ഷകളിലൊക്കെയും അവർ ജയിച്ചു. നിങ്ങൾതന്നെ "പ ടത്തലവന്മാർ" എന്നുപറഞ്ഞ് അദ്ദേഹം അവരെ സേനാനായകന്മാരാക്കി യുദ്ധത്തിനു നിയോഗിച്ചു. തലസ്ഥാനത്തുണ്ടായിരുന്ന സൈന്യത്തോടുകൂടി ശത്രുജയത്തിനായി തൽക്ഷണംതന്നെ ആ യുവാക്കന്മാർ തിരിക്കുകയും ചെയ്തു.

ഒരു ലക്ഷത്തോളം ഭടന്മാരുള്ള ആ സൈന്യത്തെ മാനച്ചനും വി ക്രമനും സൂക്ഷ്മമായി പരിശോധിച്ചു. യുദ്ധത്തിനു വേണ്ട കരുത്തുള്ളവർ പതിനായിരം പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏതുസംഘത്തിനും യോ ഗ്യന്മാർ ബലമെന്നും അയോഗ്യന്മാർ ബലക്ഷയമെന്നും അവർ നല്ലപോ ലെ ധരിച്ചിരുന്നു. ബാക്കിപ്പേരോടു തിരിച്ചു് അവരവരുടെ നാട്ടുകളിലേ ക്കു പൊയ്ക്കൊള്ളുവാൻ അവർ ഉപദേശിച്ചു. എങ്കിലും ഭടന്മാർ അത് അനുസരിച്ചില്ല. അതിനാൽ പതിനായിരംപേരെ ഒരു ഭാഗവും ശേഷം പേരെ മറെറാരുഭാഗവുമായി അവർ വേർതിരിച്ചു മാനച്ചനും വിക്രമനും അവരുടെ പതിനായിരത്തോടുകൂടി പാണ്ഡ്യസൈന്യത്തിൻെറ വലത്തെ

Digitized By Kerala Sahitya Akademi

തലയ്ക്കൽ എത്തിത്തു. ഇടത്തേത്തലയ്ക്കൽ മററുള്ളവരും പട ഏററു. ഇടത്തേത്തലയ്ക്കൽ ശത്രുക്കൾ ജയിച്ചു എങ്കിലും വലത്തേത്തലയ്ക്കൽ തോററു പിന്മാറേണ്ടിവന്നു അതിനാൽ അവർ ഭഗ്നാശയന്മാരായി ആനമലയ്ക്കു കിഴക്കുള്ള തങ്ങളുടെ മഹത്തായ പ്രാകാരത്തെത്തന്നെ ശരണം പ്രാപിച്ചു.

അവിടേയും മാനച്ചനും വിക്രമനും പാഞ്ഞെത്തി. മററുള്ളവക്കു ദുർഗ്ഗമമായിത്തോന്നിയിരുന്ന ആ കോട്ട മൂന്നുദിവസം കൊണ്ടു പിടിച്ചു.

ആ അവസരത്തിൽ ഒര് അപകടം പററി. ശത്രുഭടന്മാരിൽ ഒരാൾ മാനച്ചനെ വിഷലിപ്തമായ ഒരു ബാണം പ്രയോഗിച്ചു താഴെ വീഴ്ത്തി. മുറിവ് അപായകരമാണെന്നും മരണം അടുത്തിരിക്കുന്നുവെന്നും അദ്ദേഹം ധരിച്ചു. അതുകൊണ്ടെന്താണു? ആ ധീരൻ ലേശംപോലും അധൈര്യപ്പെടുകയോ വ്യസനിക്കയോ ചെയ്തില്ല. "ശത്രുജയം ഇപ്പോൾ സംപൂർണ്ണമായിരിക്കുന്നു. ഇതല്ലാതെ ഏതാണ് ഒരു യോദ്ധാവിന്റെ മരണത്തിന് ഉചിതമായ സന്ദർഭം?" എന്നു ചോദിച്ചുകൊണ്ടു പ്രസന്നനായി ചരിതാർത്ഥനായി ആ യുവാവു പ്രാണത്യാഗം ചെയ്തു.

വിക്രമൻ ശേഷിച്ച ഭടന്മാരുമായി തിരുവഞ്ചിക്കുളത്തെത്തി പെരുമാളെക്കണ്ടു. രാജാവിനും പ്രജകൾക്കും ആ രണശൂരനായ സേനാനായകനെപ്പററിയുള്ള മതിപ്പിന് അതിരില്ലായിരുന്നു. പെരുമാൾ വിക്രമനോട് അദ്ദേഹത്തെ തന്റെ അവകാശിയാക്കണമെന്ന് ആഗ്രഹമുള്ളതായി അരുളിച്ചെയ്തു. അതിനു വിക്രമൻ "അടിയൻ ഏട്ടന്റെ അസ്ഥിസ്ഥാപനത്തിനായി കാശിക്കു വിടകൊള്ളുന്നു. ഗംഗാസ്നാനംചെയ്തു കാവടിയുംകൊണ്ടു രാമേശ്വരത്തെത്തണമെന്നാണ് മോഹം തിരിയെ വിടകൊള്ളുമ്പോൾ തിരുവുള്ളംപോലെ ചെയ്യുന്നതു് അനുഗ്രഹമായിരിക്കും." എന്നറിയിച്ചു. അതിനു പെരുമാൾ പൂർണ്ണമനസ്സോടുകൂടി അനുവാദവും കൊടുത്തു. പിന്നെ കുറേക്കാലത്തേക്കു വിക്രമനെപ്പററി യാതൊന്നും കേൾക്കാനില്ലായിരുന്നു.

പാണ്ഡ്യരാജാവുമായുള്ള യുദ്ധത്തിനുശേഷം മലയാളബ്രാഹ്മണർ ചേരമാൻപെരുമാളെ കേരളത്തിന്റെ സ്ഥിരചക്രവത്തിയായി അഭിഷേകം ചെയ്തു. അതുനിമിത്തം തന്റെ പിൻവാഴ്ച്ചക്കാരെ നിയമിക്കുന്നതിനുള്ള അധികാരം പെരുമാൾക്കു സിദ്ധിക്കയും അതിന്റെ ഫലമായി അവസാനകാലത്തിൽ അദ്ദേഹം കേരളത്തെ പല പ്രഭുക്കന്മാക്കുമായി വിഭജിച്ചുകൊടുക്കയും ചെയ്തു. വിക്രമനെ തന്റെ അനന്തരവനായ് അംഗീകരിച്ചുകൊള്ളാമെന്നുള്ള വാഗ്ദാനം ആ സന്ദർഭത്തിൽ പെരുമാൾ മറന്നുപോയി. രാജ്യവിഭാഗം കഴിഞ്ഞപ്പോഴാണ് യുവാവു തിരിച്ചെത്തിയതു്. "നാട്ടു ഞാൻ മററു പലക്കുമായി പകുത്തു കൊടുത്തുപോയല്ലോ. എന്താണ് ചെയ്യേണ്ടതു്? സ്വല്പം മുമ്പേ വന്നിരുന്നുവെങ്കിൽ എല്ലാററിനും നിവൃത്തിയുണ്ടായിരുന്നു. ഇനി ആകപ്പാടെ ഒരു കോഴി കൂകിയാൽ കേൾക്കാവുന്ന ദേശവും കുറേ ചുള്ളിക്കാടും മാത്രം ബാക്കിയുണ്ടു്. അതു വേണമെങ്കിൽ തരാം എന്റെ മുദ്രവാൾ ഞാനാക്കും കൊടുത്തുകഴിഞ്ഞിട്ടില്ല. അതും തരാം." എന്നു പെരുമാൾ വളരെ വിഷാദത്തോടുകൂടി പറഞ്ഞു. അതിനു വിക്രമൻ: "അതു മതി. അടിയൻ ചത്തും കൊന്നും അടക്കിക്കൊള്ളാം. ധൈര്യമു

Digitized By Kerala Sahitya Akademi

ണ്ടെങ്കിൽ സമ്പത്തിനോ ഞെരുക്കം?" എന്നു് അറിയിച്ചു. അതുകേട്ടു പെരുമാൾ സന്തോഷത്തോടുകൂടി വിക്രമനെ ആലിംഗനം ചെയ്തു തന്റെ മുദ്രവാളും മേൽ വിവരിച്ച ദേശവും അദ്ദേഹത്തിനു കൊടുത്തു.

ഈ മാനവിക്രമന്മാരാണു് സാമൂതിരിമഹാരാജാക്കന്മാരുടെ വംശസ്ഥാപകന്മാർ. ആദ്യം ഒരു കോഴി കൂകിയാൽ കേൾക്കാവുന്ന ദേശമായിരുന്ന കോഴിക്കോടു്. അതു പിന്നീടു പ്രബലമായ ഒരു രാജ്യത്തിന്റെ പ്രധാന പട്ടണമായതും മാനവവിക്രമന്മാരുടെ പിൻവാഴ്ചക്കാർ "ചത്തും കൊന്നും അടക്കി" മലമുതൽ കടൽവരെയുള്ള ദേശങ്ങൾക്കധിപന്മാർ എന്നർത്ഥമുള്ള കുന്നലക്കോനാതിരിമാർ എന്ന പദത്തെ പ്രാപിച്ചതും ചരിത്രപ്രസിദ്ധമാണല്ലോ.

൧൦൮൧ തുലാം. ഭാഷാപോഷിണി.

Digitized By Kerala Sahitya Akademi

14 ഓരുംഗല്ലു രാജ്ഞി.

ഇന്നു നൈസാമിന്റെ രാജ്യങ്ങളിൽ ഉൾപ്പെട്ടുകിടക്കുന്ന വാരങ്കൽ എന്ന നഗരം ക്രി. പി. പന്ത്രണ്ടും പതിമ്മൂന്നും ശതവർഷങ്ങളിൽ സുപ്രസിദ്ധന്മാരായ കാകതീയമഹാരാജാക്കന്മാരുടെ രാജധാനിയായിരുന്നു ഓരുകൽ അഥവാ, ഓരങ്കൽ എന്ന ആന്ധ്രപദത്തെ ഏകശിലാനഗരിയെന്നു സംസ്കൃതപണ്ഡിതന്മാരും വാരങ്കൽ എന്നു മഹമ്മദീയഗ്രന്ഥകാരന്മാരും വ്യവഹരിച്ചുവന്നു. വംശാഭരണടീകയിൽ കുമാരസ്വാമി "കാകതീന്നാമദുർഗ്ഗാ ശക്തിരേകശിലാനഗരേശ്വരാണാം കുലദേവതാ; സാ ശക്തിർഭജനീയാസ്യേതികാകതീയഃ" എന്നു കാകതീയപദത്തിനു നിർദ്ദേശിക്കുന്ന വ്യുൽപത്തി എത്രമാത്രം ശരിയാണെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ട്. എന്നാൽ ദുർഗ്ഗയല്ല വരാഹമൂർത്തിയാണു കാകതീയന്മാരുടെ കുലദൈവമെന്ന് അവരുടെ വംശ്യയായുള്ള അനമ്പധി ശാസനങ്ങളിൽനിന്നു വിശദമാകുന്നതാണ്. "കോലനോദ്ഭൃന്മൃഗാങ്കഃ" ഇത്യാദി ഉപരി ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ നോക്കുക. കാകതീയന്മാരുടെ രാജ്യത്തിനു ത്രിലിംഗം എന്നായിരുന്നു നാമധേയം.

> "യൈർദ്ദേശസ്ത്രിഭിരേഷ യാതി മഹതീം
> ഖ്യാതിം ത്രിലിങ്ഗാഖ്യയാ;
> യേഷാം കാകതിരാജകീർത്തിവിഭവൈഃ
> കൈലാസശൈലാഃ കൃതാഃ
> തേ ദേവാഃ പ്രസരൽപ്രസാദമധുരാഃ
> ശ്രീശൈലകാളേശ്വര-
> ദ്രാക്ഷാരാമനിവാസിനഃ പ്രതിദിനം
> ത്വച്ഛ്രേയസേ ജാഗ്രതു."

എന്ന പ്രതാപരുദ്രീയപദ്യത്തിൽനിന്നു ശ്രീശൈലം, കാളഹസ്തി, ദ്രാക്ഷാരാമം എന്നീ മൂന്നു ശിവക്ഷേത്രങ്ങളുമുള്ളതിനാലാണ് ഈ രാജ്യത്തിനു ത്രിലിങ്ഗം എന്ന പേർ വന്നതെന്നു കാണാവുന്നതാണ്. ഈ ത്രിലിങ്ഗം തന്നെയാണ് മഹമ്മദീയരുടെ തെലിങ്ഗണമെന്നോ, തെലുങ്ക് എന്ന പദത്തിൽ നിന്നാണ് ത്രിലിങ്ഗതെലിങ്ഗണങ്ങളുടെ ഉൽഭവമെന്നോ ഇവിടെ വ്യവസ്ഥാപനം ചെയ്യുവാൻ ഉദ്യമിക്കുന്നില്ല.

ക്രി. പി. ഏഴും പന്ത്രണ്ടും ശതവർഷങ്ങൾക്കിടയിൽ തെലിങ്ഗണരാജ്യത്തിനു വേങ്കി എന്നായിരുന്നു നാമധേയം. ആ രാജ്യവും ചുററുമുള്ള രാജ്യങ്ങളും ഭരിച്ചുവന്നിരുന്ന പൂർവ്വചാലൂക്യന്മാർ ക്രി. പി. പതിനൊന്നാം ശതവർഷത്തിന്റെ ആരംഭത്തോടുകൂടി ക്ഷീണന്മാരായിത്തീർന്നു. ആയിടയ്ക്കു ചോളരാജാവായ പ്രഥമരാജരാജൻ വേങ്കിരാജ്യം കൈവശപ്പെടുത്തി തന്റെ പാർശ്വവർത്തിയായ ശക്തിവർമ്മാവിനെ അവിടെ വാഴിക്കുകയും ഒരു പൂർവ്വചാലൂക്യനായ പ്രഥമകുലോത്തുംഗനു തദനന്തരം ചോളരാജ്യം പരമ്പരാവകാശക്രമേണ കൈവശമായതോടുകൂടി വേങ്കി പൂർവ്വചാലൂക്യരുടെ സാമ

Digitized By Kerala Sahitya Akademi

ന്മാർക്ക് അധീനമാക്കുകയും ചെയ്തു. ആ സാമന്തന്മാരിൽ ഒരാളാണ് കാകതിയരാജവംശത്തിന്റെ മൂലപുരുഷനായ ദുർജ്ജയൻ. ഈ ദുർജ്ജയനെപ്പററി മൊട്ടുപ്പള്ളിധ്വജശാസനത്തിൽ

"സത്യം ഭദ്രാസനനിഭഭുജാ-
വത്തയാ വീരലക്ഷ്മ്യാ
ജാതസ്തസ്മിൻ ക്ഷിതിപതികുലേ
ദുർജ്ജയോ നാമ രാജാ;
യദ്യാത്രായാം ഹയഖുരരജഃ-
പീതതോയാസ്സമുദ്രാ
ലോപാമുദ്രാദയിതചുളുകാ-
ത്യാഹിതാനാം സ്മരന്തി."

എന്നു വർണ്ണിച്ചിരിക്കുന്നു.

കാകതീയവംശത്തിൽ അഗ്ര്യസ്ഥാനം അലങ്കരിക്കുന്ന ഒരു വൈശികവീരനായാണ് ഈ ഉപന്യാസത്തിന്റെ വിഷയീഭൂതയായ രുദ്രാംബാദേവിയുടെ പിതാവായ ഗണപതിമഹാരാജാവിനെ ഗണിക്കേണ്ടതു്. ക്രി. പി ൧൧൯൮ മുതൽ ൧൨൬൦ വരെ നാലു കൊല്ലത്തോളം നിണ്ടുപോയ ഗണപതിയുടെ രാജ്യഭാരം കാകതീയചരിത്രത്തിൽ സ്മരണീയമായ ഒരു ഘട്ടം തന്നെയായിരുന്നു.

"യാത്രാരംഭേ ദിശിദിശി പുര
പ്രസ്ഥിതൈർദ്ദണ്ഡപാലൈ-
ശ്ചണ്ഡോൽകീർണ്ണഃ പ്രതിഗിരിതടം
വൈജയന്തീവരാഹഃ
യദ്ദോസ്തംഭേ പ്രളയജലധേ-
രുദ്ധൃതാം ന്യസ്യ പൃഥ്വീം
തൽക്കാലീനശ്രമവിധുതയേ
തിഷ്ഠതി വാദികോലഃ."

എന്നും മററും ആ മഹാരാജാവിന്റെ പരാക്രമങ്ങളെ കവികൾ വർണ്ണിച്ചിരിക്കുന്നതു് യാതൊരടിസ്ഥാനവും കൂടാതെയല്ലെന്നു ദക്ഷിണാപഥചരിത്രം നമ്മെ നല്ലപോലെ പഠിപ്പിക്കുന്നുണ്ടു്. ഗണപതി മററനേകം പ്രദേശങ്ങളോടുകൂടി കാഞ്ചീപുരവും ക്രി. പി. ൧൨൫൦-നു മുമ്പ് സ്വരാജ്യത്തിനു് അധീനമാക്കി. അവിടെ പ്രസിദ്ധമായ ഏകാമ്രനാഥക്ഷേത്രത്തിലെ ഒരു ശിലാശാസനത്തിൽ

"കോലാങ്കേഽഭ്രന്മൃഗാങ്കോ നിവസതി കമലേ
ശ്രീരിതി ശ്രീവരാഹഃ
പ്രാപ്തോ നൈഷാ പ്രിയസ്യോരസി രതിവിരതൌ
ലഗ്നഗണ്ഡം പ്രസുപ്താ

Digitized By Kerala Sahitya Akademi

> ഇത്യാലാപേ സഖീനാമുഷസി സകൗതുകം
> സത്രപാം സാനുതാപം
> ഹസ്താഭ്യാം യദ്രിപുസ്ത്രീ വിനമിതവദനാ
> ഗണ്ഡപാളീം പിധത്തേ.
>
> തസ്യാജ്ഞാചക്രധാരി പ്രഥിതഭുജരുചി-
> സ്സൈന്യപാലാഗ്രഗണ്യോ
> വാചാം വാ താമ്രവർണ്ണീമസൃണമണിവരഃ
> കാശ്യപസ്സാംഖ്യഗോത്രഃ
> കാഞ്ച്യാമാകല്പകാലം ഗണപതിനൃപതേ-
> ശ്ശാസനം സംവ്യധത്ത
> ശ്രീമൽ സാമന്തഭോജോ ഗണപതിസചിവോ
> ദോചിദുഗ്ധാബ്ധിചന്ദ്രഃ "

എന്ന പദ്യങ്ങളിൽ ഈ ദിഗ്വിജയം രേഖപ്പെടുത്തീട്ടുണ്ട്. ഗണപതിക്കു സന്താനങ്ങളായി രണ്ടു പുത്രിമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരിൽ രുദ്രാംബാദേവിയുടെ മാതാവു സോമാദേവിയും ഗണപാംബാദേവിയുടെ മാതാവു ബയ്യമാംബികാദേവിയുമായിരുന്നു അടിമവംശത്തിന് അലങ്കാരമായി ഡൽഹിയിൽ മഹമ്മദീയരാജ്യം പ്രശസ്തരീതിയിൽ ഭരിച്ച സുൽത്താനി റീസിയാ ഗണപതിയുടെ സമകാലീനയായിരുന്നു. സകലകലാകുശലയായ റീസിയാബീഗത്തെപ്പോലെ തൻെറ മൂത്ത പുത്രിയെ താനും വളത്തിയാൽ ആ രാജകുമാരി കാലാന്തരത്തിൽ ത്രിലിങ്ഗരാജ്യത്തിനു നായികയായി ശോഭിക്കുമെന്നും തദ്വാരാ തൻെറ വംശം നിലനില്ക്കുമെന്നും ബുദ്ധിമാനായ ഗണപതി കരുതി രുദ്രാംബയെ ഭാവിയിൽ രാജ്യഭരണം ചെയ്യുന്നതിനു സമർത്ഥയായിത്തീരത്തക്കവണ്ണം വിദ്യാഭ്യാസം ചെയ്യിച്ചു.

> "സൈവോമാ ചേതി നിർദ്ദിഷ്ടാ
> സോമാ ചേതി പ്രഥാമഗാൽ;
> തവ മാതാ ശിവാ സാക്ഷാ-
> ദ്ദേവോ ഗണപതിഃ പിതാ."

എന്ന പ്രതാപരുദ്രീയപദ്യത്തിലും മററും നിന്നു സോമാരാജ്ഞിയും സർവ്വഥാ വിശിഷ്ടയായിരുന്നുവെന്നു കാണാവുന്നതാണ്. ക്രി. പി. ൧൨൬൧-ലെ ഒരു ശിലാശാസനത്തിൽ രുദ്രാംബ, ഗണപതിയുടെ "പട്ടോദ്ധത" ആയിരുന്നു എന്നു തെളിച്ചു പറയുന്നുണ്ട്. ഇതിൽനിന്നു ഗണപതി രുദ്രാംബയെ തൻെറ അനന്തരാവകാശിനിയായി സങ്കല്പിച്ചിരുന്നുവെന്നും വെളിവാകുന്നു.

"ഏവം മാനുഷശംഭുനാ ഗണപതിമഹാരാജേന അഭ്യന്തരസ്യാനുഭവമഹിമ്നഃ സദൃശമത്രപുത്ര ഇതി വ്യവഹാരഃ കൃതഃ; തദനുഗുണാ ച രുദ്ര ഇത്യാഖ്യാ" എന്നുള്ള പ്രതാപരുദ്രീയവാക്യത്തിൽനിന്ന് അച്ഛൻ പുത്രിയുടെ ഭാവിമാഹാത്മ്യത്തെ മുൻകൂട്ടി ധരിച്ചു പുത്രിയെ പുത്രനെന്നു വ്യവഹരിക്കു

Digitized By Kerala Sahitya Akademi

കയും രുദ്രനെന്ന പുംസ്ത്വദ്യോതകമായ നാമധേയംകൊണ്ടു അഭിസംബോധനംചെയ്കയും ചെയ്തു എന്നും കാണുന്നുണ്ട്. ഗണപതിയുടെ ത്രിലിങ്ഗഭരണത്തിലെ ഒടുവിലത്തെ പത്തുകൊല്ലവും രുദ്രാംബതന്നേയാണ് വാസ്തവത്തിൽ രാജ്യകാര്യങ്ങൾ അന്വേഷിച്ചുവന്നത്. ക്രി. പി. ൧൨൬൨-ൽ അച്ഛൻ മരിക്കുകയും രുദ്രാംബതന്നെ രാജ്യഭാരം കൈയേല്ക്കുകയുംചെയ്തു.

രുദ്രാംബയെ രുദ്രദേ മഹാരാജനെന്നാണ് ശിലാശാസനങ്ങളിലും പ്രതാപരുദ്രീയാദിഗ്രന്ഥങ്ങളിലും വ്യവഹരിച്ചുകാണുന്നത്.

"യോയം ജാതസ്ത്രിലോകീപ്രഥിതസുചരിതേ
  കാകതീയാന്വവായേ;
യസ്മൈ ശ്രേയാംസ്യജസ്രം വിതരതി ഭഗവാൻ
  ദേവദേവസ്സ്വയംഭൂഃ;
യസ്യാജ്ഞാ സർവ്വപൃത്ഥ്വീപതിമകുടമണി-
  ശ്രേണികേളീവയസ്യാ;
സോയം ഭൂപാലമൌലിർവിജയതി ഗുണവാൻ
  രുദ്രദേവോനരേന്ദ്രഃ.

യോരുദ്രോ രജതാചലേ സ്ഥിതിമഗാ-
  ദർദ്ധാങ്ഗനാരിഃ പുരാ;
സോയം സംപ്രതി കാകതീശ്വരകുലേ
  സർവ്വാങ്ഗനാരിഃ സ്ഥിതഃ
സ്ഥാനേ യദധിഷ്ഠമാവലോകനകലാ-
  മാത്രേണ ഭസ്മീകൃതാ-
ന്യാസൻ വൈരിപുരാണി ചിത്രമധുനാ
  ഖഡ്ഗേ വിഷം ധാര്യതേ."

ഇത്യാദി പ്രതാപരുദ്രീയപദ്യങ്ങൾ രുദ്രാംബയെ ഉദ്ദേശിച്ചുള്ളവയാണ്. രണ്ടാമത്തെ പദ്യത്തിലെ വ്യതിരേകാലങ്കാരം നോക്കുക. സർവ്വാങ്ഗനാരിയായ ഈ രുദ്രനു ഖഡ്ഗത്തിലാണത്രേ വിഷം! ഇതിൽനിന്നു രുദ്രാംബ യുദ്ധസമർത്ഥയായിരുന്നുവെന്നും അനുമാനിക്കാവുന്നതാണ്.

ജന്നികദേവൻ, ഭാസ്കരദേവൻ, അംബദേവൻ മുതലായവർ രുദ്രാംബയുടെ സേനാപതികളും സാമന്തന്മാരുമായിരുന്നു. അംബദേവൻ ശ്രീപതിഗണപതിയെന്ന കാകതീയശത്രുവിനെ യുദ്ധത്തിൽ പരാജിതനാക്കി രാജസഹസ്രമല്ലൻ എന്ന ബിരുദം നേടുകയും, വീണ്ടും കേശവൻ സ്വാമിദേവൻ, അല്ലുഗംഗൻ മുതലായ ശത്രുക്കളെ ജയിക്കുകയും വിക്രമസിംഹപുരത്തിൽ മന്മഗന്ധഗോപാലൻ എന്ന രാജാവിനെ സാമന്തനായി വാഴിക്കയുംചെയ്തു. ഇങ്ങനെ പല വിക്രമാതിശയങ്ങളും ഈ രാജ്ഞി തന്റെ രാജ്യഭരണത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

അക്കാലത്തു വിശേശ്വരശിവാചാര്യർ എന്നു സുപ്രസിദ്ധനായ ഒരു സന്ന്യാസി ജീവിച്ചിരുന്നു. അദ്ദേഹം ഗണപതിമഹാരാജാവിനു ശൈവാഗമവിഷയത്തിൽ ഗുരുവായിരുന്നു. ഗണപതിമഹാരാജാവു മരിക്കുമ്പോൾ തന്റെ ആചാര്യനു എന്തെങ്കിലും ഭൂമിദാനം ചെയ്യണമെന്നു

Digitized By Kerala Sahitya Akademi

പുത്രിയോട് ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. ആ ആജ്ഞയ്ക്കനുസരണമായി ക്രി. പി. ൧൨൭൦-ൽ രുദ്രാംബ ആ മഹാനദി കൃഷ്ണാനദിയുടെ തെക്കേക്കരയിലുള്ള കൺഡ്രവാടി എന്ന ദേശത്തിലെ മന്ദരം എന്ന ഗ്രാമം ദാനംചെയ്കയുണ്ടായി. അവിടെ ശിവാചാര്യർ വിശേശ്വര(ശിവ)പ്രതിഷ്ഠയായി ഒരു ക്ഷേത്രം പണിയിക്കുകയും അതോടുകൂടി ഒരു മഠം, ഒരു പ്രസവശാല, ഒര് ആതുരശാല, ഒര് അന്നസത്രം ഇവ ഏർപ്പെടുത്തുകയും ചെയ്തു. ബ്രാഹ്മണൻ മുതൽ ചണ്ഡാലൻവരെ എല്ലാജാതിക്കും വിശേശ്വരശിവാചാര്യരുടെ ഭക്ഷണശാലയിൽ അന്നലബ്ധിക്കു മാർഗ്ഗമുണ്ടായിരുന്നു. ശൈവാഗമത്തിലെ മൂലതത്വംതന്നെ അഭേദബോധമാണെന്നു

"പാഷാണശ്ശിവസംസ്കാരാൽ
ഭുക്തിമുക്തിപ്രദോഭവേൽ;
പാഷാണശ്ശിവതാം യാതി
ശ്ശൂദ്രസ്തു ന കഥം ഭവേൽ?"

എന്ന സ്കന്ദകാലോത്തരഗ്രന്ഥത്തിലെ പദ്യത്തിൽനിന്നുംമററും വിശദമാകുന്നുണ്ടല്ലൊ. ശിവാചാര്യരുടെ ധർമ്മപരിപാടി ആധുനികപരിഷ്കൃതകാലത്തെ അനുസ്മരിപ്പിക്കുമാറ് അത്രമാത്രം വിസ്മയാവഹവും അഭിലഷണീയവുമായിരിക്കുന്നു. പൂർവകാലത്തിൽ ദുർവ്വാസസ്സിനാൽ സ്ഥാപിതമായ ഈ പാശുപതമതം അസ്തമിതപ്രായമായിത്തീരുകയും മഹാകവിയും സർവ്വതന്ത്രസ്വതന്ത്രനുമായ അപ്പയ്യദീക്ഷിതർ ക്രി: പി. പതിനാറാംശതവർശത്തിന്റെ അവസാനത്തിൽ അതിനെ പുനരുദ്ധരിക്കയും ചെയ്ത കഥ അപ്രകൃതമാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല. ശിവാർക്കമണിദീപിക എന്ന അദ്വൈതവ്യാഖ്യാനഗ്രന്ഥനിർമ്മിതിനിമിത്തം ശ്രീകണ്ഠമതപ്രതിഷ്ഠാപനാചാര്യനെന്ന ബിരുദം അപ്പയ്യദീക്ഷിതർക്കു സിദ്ധിച്ചതു കുവലയാനന്ദാദിഗ്രന്ഥങ്ങൾ വായിക്കുന്നവർക്കു ധരിക്കുവാൻ കൌതുകമുണ്ടായിരിക്കും. ശിവാചാര്യർക്കു ഭൂമിദാനംചെയ്ത ക്രി. പി. ൧൨൭൦-ൽ തന്നെയാണ് രുദ്രാംബയുടെ ദൌഹിത്രനായ പ്രതാപരുദ്രമഹാരാജാവു ഭൂജാതനായത്. രുദ്രാംബ രാജ്യഭാരം കൈയേല്ക്കുന്നതിനു മുമ്പുതന്നെ വിധവയായിക്കഴിഞ്ഞിരുന്നു. രാജ്ഞിക്ക് അന്നു മുമ്മഡാംബ എന്നൊരു പുത്രിമാത്രമുണ്ടായിരുന്നു മുമ്മഡാംബയെ മഹാദേവൻ പാണിഗ്രഹണംചെയ്യുകയും ആ ദമ്പതികളുടെ സന്താനമായി പ്രതാപരുദ്രൻ ജനിക്കുകയുംചെയ്തു. മുമ്മഡാംബയെപ്പററി പ്രതാപരുദ്രീയത്തിൽ:—

"കൌസല്യാസീൽ പ്രഥമജനനീ
ദേവകീ ച ദ്വിതീയാ
വിഷ്ണോർമ്മാതാ തദനു മഹിതാ
മുമ്മഡാംബാ തൃതീയാ
ത്രേതായാം രഘുപതിരഭൂ-
ദ്ദ്വാപരേ ശൌരിരാസീൽ
ത്രാതും ക്ഷോണീം സ ജയതി കലൌ
വീരരുദ്രാവതാരഃ"

Digitized By Kerala Sahitya Akademi

എന്നു പ്രസ്താവിച്ചിരിക്കുന്നു. രുദ്രാംബയുടെ സഹോദരി ഗണപാംബയും ബേതൻ എന്ന ഒരു രാജാവിനെ വിവാഹംചെയ്യുകയും ആ രാജാവിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ രാജ്യം മഹാമണ്ഡലേശ്വരകോടഗണപമദേവിയമ്മൻഗാരു എന്ന നാമധേയത്തിൽ ഭരിക്കുകയും ചെയ്തതായി ശിലാശാസനങ്ങളിൽനിന്നു വെളിവാകുന്നു.

രുദ്രാംബ ക്രി. പി. ൧൨൬൨ മുതൽ ൧൨൯൨ വരെ മുപ്പതുവർഷം പൂർണ്ണമായി രാജ്യഭാരംചെയ്തു. ഒരിക്കൽ പാണ്ഡ്യരാജാവിനെ രാജ്ഞി യുദ്ധത്തിനായി ആഹ്വാനംചെയ്യുകയും പാണ്ഡ്യൻ തന്റെ കൊടിയടയാളമായ മത്സ്യത്തെപ്പോലെയുള്ള രണ്ടു കണ്ണോടുകൂടിയ ഒരു ശത്രുവിനോടു എതിർക്കുന്നതു തനിക്കു അനുചിതമാണെന്നുപറഞ്ഞു പിൻമാറുകയുംചെയ്തു. ക്രി. പി. ൧൨൯൦ -ൽ ത്രിലിംഗരാജ്യത്തിലെ പ്രധാന തുറമുഖമായ മൊട്ടപ്പള്ളിയിൽ പ്രസിദ്ധവെനിഷ്യൻദേശസഞ്ചാരിയായ മാർക്കോപോളോ വന്നിറങ്ങി അന്ന് അവിടെ താൻ കണ്ട വിശേഷങ്ങൾ രേഖപ്പെടുത്തീട്ടുണ്ട്. നാല്പതു കൊല്ലം തുടർച്ചയായി രുദ്രാംബ രാജ്യംഭരിച്ചു എന്നും രാജ്ഞിക്കു കാര്യാകാര്യവിവേചനശക്തി ധാരാളം ഉണ്ടായിരുന്നുവെന്നും ആ മാന്യമഹിളാമണി നീതിതൽപരയും പ്രജാക്ഷേമനിരതയും ആയിരുന്നു എന്നും അതിനുമുമ്പ് ആ നാടുവാണിരുന്ന രാജാക്കന്മാരേയും രാജ്ഞിമാരേയുംകാൾ പ്രജകൾ ആ മാന്യയെ സ്നേഹിച്ചു എന്നും ദൃക്സാക്ഷിയായ ഈ ദേശസഞ്ചാരി പ്രസ്താവിക്കുന്നതു വാസ്തവമായിരിക്കാനേ തരമുള്ളു.

ക്രി. പി. ൧൨൯൧-ൽ ദൌഹിത്രന് ൨൭ വയസ്സ് തികഞ്ഞതിനുമേൽ ആ യുവാവിൽ രാജ്യഭാരത്തെ അവരോപണംചെയ്തു വയോവൃദ്ധയും ജ്ഞാനവൃദ്ധയുമായ ആ മനസ്വിനി വിശ്രാന്തിസുഖത്തെ വരിച്ചു. ഈ സംഭവം ഒരു സ്വപ്നത്തിന്റെ ഫലമെന്നാണ് പ്രതാപരുദ്രീയത്തിൽ വിവരിച്ചിരിക്കുന്നത്. ഒരു രാത്രിയിൽ കാകതീയന്മാരുടെ കുലദൈവമായ സ്വയംഭൂവ് (അർദ്ധനാരീശ്വരൻ) രുദ്രാംബയ്ക്കു സ്വപ്നദർശനം നല്കി തദനന്തരം ദൌഹിത്രനെ പട്ടാഭിഷിക്തനാക്കുവാൻ ആജ്ഞാപിക്കുകയും ആ ആജ്ഞാനുസാരം രാജ്ഞി പ്രവർത്തിക്കുകയും ചെയ്തതായി ആ ഗ്രന്ഥത്തിലെ നാടകപ്രകരണത്തിൽനിന്നു നാം മനസ്സിലാക്കുന്നു.

"കദാചിൽ കല്യാണേ രജനിസമയേ സ്മേരവദനം
പുരഃ പ്രാദുർഭൂതം സയുവതിവപുഃ സാക്ഷനിടിലം
സ്രവന്തീചന്ദ്രാഭ്യാം മഹിതമുകുടം പ്രേക്ഷ്യ കമപി
സ്വയംഭൂർദ്ദേവോസാവയമിതി ഹഠോത്ഥാനമഭജം.

വപുഷാ തം നമസ്കൃത്യ
സ്തുവൻ സൂനൃതയാ ഗിരാ
സ്വാമിനേ കാകതീയാനാം
രത്നാദ്യമുപാഹരം.

ശയ്യാശിരഃസ്ഥാനകൃതസ്യ പൂർണ്ണ-
കുംഭസ്യ തോയൈഃ പരികല്പ്യപാത്രം

Digitized By Kerala Sahitya Akademi

അതിന്ദുസാരൈർമ്മണിഭിഃ കില ാഫ-
മപൂജയാം ദൈവതമസ്മദീയം.

വിഭുഃ സ്വയംഭൂരവദൽ ശുചിസ്മിതാം
ഗിരം സ്വവാമാർദ്ധവധൂപലാളിതാം
സ്പൃശൻ കരേണാഭയദാനശാലിനാ
കൃതാഞ്ജലിം മാം വിനയാനതാനനാം.

ഉന്മസ്തകൈർമ്മദ്ധ്യമലോകഭാഗൈ്യ-
സ്തപോവിശേഷൈരനഘൈഃ പൃഥിവ്യാഃ
സമ്യക്ഫലൈഃ സച്ചരിതൈഃ പ്രജാനാം
പ്രതാപരുദ്രോയമിഹാവതിർണ്ണഃ

സ്വീകൃതേ പുത്രഭാവേന
ദൌഹിത്രേ പ്രാങ്മമാജ്ഞയാ
അസ്മിൻ നിധേഹി ധൌരേയേ
ഗുർവ്വീമുർവ്വീധുരാമിതി"

ഈ പദ്യങ്ങൾ നോക്കുക

പ്രതാപരുദ്രൻ രാജ്യഭാരം കൈയേററതിനുമേലും രുദ്രാംബ ജീവിച്ചിരുന്നകാലമെല്ലാം തന്നെപ്പററി കുമാരരുദ്രദേവമഹാരാജനെന്ന അഭിധാനത്തിലാണ് വ്യവഹരിച്ചുവന്നത്. ഇതു രുദ്രാംബയുടെ നാമധേയവും രുദ്രദേവമഹാരാജനെന്നായിരുന്നതിനാലാണെന്നുള്ളതു നിസ്സംശയമാണ്. ക്രി. പി. ൧൨൯൪ മുതൽ പ്രതാപരുദ്രൻ കുമാരപദം തൻെറ നാമധേയത്തോടു കൂടി സംഘടിപ്പിച്ചുകാണാത്തതിനാൽ ആയിടയ്ക്കു രുദ്രാംബ പരഗതിയെ പ്രാപിച്ചിരിക്കുന്നമെന്നൂഹിക്കാം.

ആകപ്പാടെ നോക്കുമ്പോൾ രുദ്രാംബ ഇൻഡ്യയിലെ മഹതികളുടെ ഇടയിൽ ഗണനീയമായ ഒരു സ്ഥാനം അർഹിക്കുന്നാളെന്നു പറയേണ്ടതില്ലല്ലൊ. തൻെറ പിതാവായ ഗണപതിയേയും താൻ പുത്രഭാവേന സ്വീകരിച്ച ദൌഹിത്രൻ പ്രതാപരുദ്രനേയുംകാൾ കാകതീയരാജവംശത്തിൻെറ അഭിമാനസ്തംഭമായി ആരുംതന്നെ ജീവിച്ചിരുന്നിട്ടില്ല. ആ രണ്ടു മഹാനുഭാവന്മാരുടേയും കാലങ്ങൾക്കിടയിലുണ്ടായിരുന്ന തൻെറ രാജ്യഭാരവും സർവ്വഥാ പ്രശംസനീയമായിരുന്നു എന്നുള്ളതിനു മററു തെളിവിനു പുറമേ ദേശസഞ്ചാരികൾക്കു ചക്രവർത്തിയായ മാർക്കോപോളോവിൻെറ യാത്രാവിവരണഗ്രന്ഥവും ലക്ഷ്യമാകുന്നു. വശ്യവാക്കും മഹാകവിയുമായ വിദ്യാനാഥൻ പ്രതാപരുദ്രീയത്തിൽ ഈ പുണ്യശാലിനിയെപ്പററി "അന്യഥാ കഥമീശ്വരപ്രസാദാദൃതേ നിരംകുശം സ്ത്രീവ്യക്തിവിശേഷസ്യ ലോകാധിപത്യം?" എന്നു ചോദിച്ചിരിക്കുന്നതു് എത്ര ഹൃദയംഗമമായിരിക്കുന്നു!

രുദ്രാംബയുടെ ദൌഹിത്രനായ പ്രതാപരുദ്രനെപ്പററിക്കൂടി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ മധുമയഭണിതികളുടെ മനോഹരഖനിയായ വിദ്യാനാഥകവിചക്രവർത്തിയുടെ തൂലികാവിലാസത്തിനു വിഷയീഭവിച്ച ആ മഹാപുരുഷൻെറ യശസ്സിനു ഇൻഡ്യാമഹാരാജ്യവും സംസ്കൃതഭാഷയുമു

Digitized By Kerala Sahitya Akademi

ള്ള കാലത്തോളം യാതൊരു ഗ്ലാനിയും സംഭവിക്കുന്നതല്ല. കാഞ്ചീപുരത്തിൽ വേഗവതീതീരത്തിൽ വച്ചു ദക്ഷിണാപഥചക്രവൎത്തിയായി ക്രി. പി. ൧൩൧൩-ൽ കിരീടധാരണംചെയ്തു നമ്മുടെ കൊല്ലത്തെ രവിവൎമ്മമഹാരാജാവിനെ ക്രി. പി ൧൩൧൬ൽ അവിടെനിന്നു നിഷ്കാസനംചെയ്തു മാനവീരൻ എന്നൊരു സാമന്തനെ വാഴിച്ചതു പ്രതാപരുദ്രന്റെ സേനാപതിയായ മുപ്പിടിനായ്ക്കനാണു്.

"ശ്രീമാൻ മഹാമണ്ഡലചക്രവൎത്തീ
പ്രതാപരുദ്രഃ കില കാകതീയഃ
കരോതി രാജ്യം കമനീയകീൎത്തിഃ
പ്രതാപവാനേകശിലാനഗൎയ്യാം.

തന്നായകഃ സംപ്രതി മുപ്പിടീന്ദ്രഃ
പ്രതാപനിശ്ശേഷിതശത്രുപക്ഷഃ
വിദ്രാവ്യ ഭൂപാനപി ദാക്ഷിണാത്യാൻ
പുരീഞ്ച കാഞ്ചീമവിശന്നളാബ്ദേ."

എന്നും മററുമുള്ള കാഞ്ചീപുരത്തു് അരുളാളപ്പെരുമാൾക്ഷേത്രത്തിലെ പ്രതാപരുദ്രശിലാശാസനം നോക്കുക. "പ്രായേണ സാമഗ്ര്യവിധൌ ഗുണാനാം പരാങ്മുഖീ വിശ്വസൃജഃ പ്രവൃത്തിഃ" എന്ന ന്യായപ്രകാരം വിദ്യാനാഥന്റെ നിരതിശയമായ പ്രശസ്തിക്കു വിഷയീഭവിച്ച ഒരു രാജാവിനു ദൃഷ്ടിദോഷം വരാതെ തരമില്ല. മാലിക്കാഫറുമായുള്ള യുദ്ധത്തിൽ തോററ പ്രതാപരുദ്രൻ ആദ്യമായി കിലിജി രാജാക്കന്മാൎക്കു കപ്പം കൊടുക്കേണ്ടിവരികയും ടോഗ്ളക്കുരാജാക്കന്മാൎക്കു് ആ കപ്പം കൊടുക്കുവാൻ വിസമ്മതിച്ചപ്പോൾ അന്നു യുവരാജാവായിരുന്ന മഹമ്മദുബിൻ ടോഗളക്കിനാൽ ബന്ധനസ്ഥനാക്കി ഡൽഹിയിലേക്കു ക്രി. പി 1323ൽ നയിക്കപ്പെടുകയും ചെയ്തു. അവിടെവെച്ചു് ആ ക്രൂരമനുഷ്യസൎപ്പങ്ങൾക്കിടയിൽ ദയനീയമായ ഒരവസാനം അദ്ദേഹത്തിനു സംഭവിച്ചിരിക്കണമെന്നൂഹിക്കുന്നതിൽ യാതൊരു് അസാംഗത്യവുമില്ല. അമീർകസ്രു, സിയുഡീൻബാർണി മുതലായ ചരിത്രകാരന്മാർ വിസ്തരിച്ചു വൎണ്ണിച്ചിട്ടുള്ള പ്രതാപരുദ്രനും മഹമ്മദീയരുമായുള്ള യുദ്ധങ്ങളേയും അവയുടെ പരിണാമങ്ങളേയുംപററി എന്തെങ്കിലും ഇവിടെ പ്രപഞ്ചനംചെയ്തു് ഈ ഉപന്യാസം ഇനിയും ദീർഘിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല.

1094-മേടം.

Digitized By Kerala Sahitya Akademi

15. ഗംഗാദേവി.

ശ്രീസരസ്വതീകടാക്ഷത്തിനു സ്ത്രീപുംസഭേദമില്ലെന്നു മനോരമത്തമ്പുരാട്ടി മുതൽപേർ പണ്ടും കുട്ടിക്കുഞ്ഞുതങ്കച്ചി മുതൽപേർ അടുത്തകാലത്തും ഈ കേരളദേശത്തിൽതന്നെ ധാരാളമായി തെളിയിച്ചിട്ടുണ്ട്. ഇന്ന് ആംഗലഭാഷയിൽ കവനം ചെയ്യുന്ന ഭാരതീയസന്താനങ്ങളിൽ അഗ്രപൂജയ്ക്കു് അർഹയായി ശോഭിക്കുന്നതു ശ്രീമതി സരോജിനിനായിഡുവാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. നമ്മുടെ മാതൃഭൂമിയായ ഇൻഡ്യാമഹാരാജ്യത്തിൽ വൈദികകാലംമുതല്ക്കുതന്നെ സുപ്രസിദ്ധകളായ അനേകം കവയിത്രികൾ ജീവിച്ചിരുന്നതായി സാഹിത്യചരിത്രത്തിൽ നിന്നു വെളിവാകുന്നു. ശീലാഭട്ടാരിക, വിജ്ജക മുതലായ സ്ത്രീരത്നങ്ങളുടെ കൃതികൾ മുക്തകങ്ങളായിട്ടെങ്കിലും കാവ്യപ്രകാശം തുടങ്ങിയ അലങ്കാരഗ്രന്ഥങ്ങളിൽ ഉദാഹരിച്ചു കാണുമ്പോൾ ഉണ്ടാകുന്ന ആനന്ദം അനിർവ്വചനീയമായിരിക്കുന്നു.

ക്രി. പി. പതിനേഴാംശതവർഷത്തിൽ തഞ്ചാവൂർ രഘുനാഥഭൂപതിയുടെ സദസ്സിനെ അലങ്കരിച്ചിരുന്ന 'മധുരവാണി' യുടെ നാമധേയം ലക്ഷ്മീഭായി വായനക്കാർക്കു പരിചിതമാണല്ലോ. ക്രി. പി. പതിന്നാലാം ശതവർഷത്തിൽ വിജയനഗരസാമ്രാജ്യത്തിൽ ജീവിച്ചിരുന്ന മറ്റൊരു മാന്യകവയിത്രിയാണ് എന്റെ ഇന്നത്തെ ഉപന്യാസത്തിനു വിഷയീഭവിക്കുന്നത്.

ഏകദേശം രണ്ടു കൊല്ലത്തിനുമുൻപുവരെയും ഭാഷാഭിമാനികൾക്കു ഗംഗാദേവിയെപ്പറ്റി യാതൊരറിവും ഉണ്ടായിരുന്നില്ല. അതിൽ പിന്നിട്ട് എന്റെ സ്നേഹിതൻ തിരുവനന്തപുരത്തു ക്യൂറേറ്റർ ആപ്പീസിൽ അസിസ്റ്റൻറുപണ്ഡിതരായ ശ്രീമാൻ ജി. ഹരിഹരശാസ്ത്രികൾ മധുരാവിജയം അഥവാ വീരകമ്പരായചരിതം എന്ന സംസ്കൃതകാവ്യത്തിന്റെ ഒരു കൈയെഴുത്തുപ്രതി കിട്ടുകയും അതിൽനിന്ന് ആ ഗ്രന്ഥം നിർമ്മിച്ചതു ഗംഗാദേവിയാണെന്ന് അറിവാൻ ഇടവരികയും ചെയ്തു. അദ്ദേഹവും തിരുവനന്തപുരത്ത് ആർക്കിയോളോജിക്കൽ ഡിപ്പാർട്ടുമെൻറിൽ അസിസ്റ്റൻറുപണ്ഡിതർ ശ്രീമാൻ ശ്രീനിവാസശാസ്ത്രിയുംകൂടി പ്രസ്തുതകാവ്യം ചരിത്രകുശലനായ തിരുവിതാംകൂർ പുരാണവസ്തുസംരക്ഷകൻ ശ്രീമാൻ ഗോപീനാഥരായർ എം. എ. യുടെ അത്യുജ്ജ്വലമായ ഒരു് ആമുഖോപന്യാസത്തോടുകൂടി ഈയിടയ്ക്കു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഗ്രന്ഥത്തിന്റെ പേർകൊണ്ടുതന്നെ അതു വീരകമ്പരായൻ എന്ന വിജയനഗരരാജാവിന്റെ പ്രശസ്തിയെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഒരു കൃതിയാണെന്നു കാണാവുന്നതാണല്ലോ. ഈ വീരകമ്പൻ അഥവാ വീരകമ്പണ്ണൻ ക്രി. പി. പതിന്നാലാം ശതവർഷത്തിന്റെ മദ്ധ്യത്തിൽ വിജയനഗരസാമ്രാജ്യത്തിന് അവകാശിയായിത്തീർന്ന പ്രഥമബുക്കമഹാരാജാവിന്റെ ജ്യേഷ്ഠപുത്രനാകുന്നു. ബുക്കനേയും കമ്പണനേയും പററി ചില വിവരങ്ങൾ

Digitized By Kerala Sahitya Akademi

ഞാൻ 1092 തുലാമാസത്തിലെ മംഗലോദയത്തിൽ സായണാചാര്യരെപ്പറ്റി എഴുതിയിരുന്ന ഉപന്യാസത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്. പ്രസ്തുതകാവ്യം നിർമ്മിച്ചതു ഗംഗാദേവിയായിരുന്നുവെന്ന് ഒന്നും രണ്ടും സർഗ്ഗങ്ങളുടെ അവസാനത്തിൽ 'ഇതി ശ്രീഗംഗാദേവ്യാ വിരചിതേ മധുരാവിജയനാമ്നി വീരകമ്പരായചരിതേ' എന്നൊരു കുറിപ്പു കാണുന്നതിൽനിന്നും, ആ സ്ത്രീരത്നം കഥാനായകനായ വീരകമ്പന്റെ പ്രേയസിയായിരുന്നു എന്ന് ഏഴാംസർഗ്ഗം 39 മുതൽ 41 വരെ ശ്ലോകങ്ങളിൽനിന്നും, ഗ്രഹിക്കാവുന്നതാകുന്നു. ആ ശ്ലോകങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

"അഥ കമ്പനൃപോപി കൃത്യവിൽ
കൃതസന്ധ്യാസമയോചിതക്രിയഃ
അവദൽ സവിധേ സ്ഥിതാം പ്രിയാം
ഭുവി ഗംഗേത്യഭിനന്ദിതാഹ്വയാം.

കമലാക്ഷി! കടാക്ഷ്യതാമയം
സമയോ വർണ്ണനയാ രസാർദ്രയാ;
ജന ഏഷ വചസ്തവാമൃതം
ശ്രവസാ പായയിതും കുതൂഹലീ.

ഇതി സാ ദയിതേന ഭാഷിതാ
ദരനമ്രം ദധതീ മുഖാബ്ജം
വദതി സ്മ ശനൈശ്ശുചിസ്മിതാ
സരസോദാരപദാം സരസ്വതീം".

കമ്പണ്ണൻ തന്റെ പ്രേയസിയായ ഗംഗാദേവിയോടു സായങ്കാലത്തെ വർണ്ണിക്കുവാൻ അപേക്ഷിക്കുകയും ആ സുന്ദരി ഭർത്താവിന്റെ ആജ്ഞാനുസരണമായി വർണ്ണനത്തിന് ആരംഭിക്കുകയും ചെയ്യുന്നു.

സ്പന്ദമാനസുഗന്ധിമാരുതഃ
പ്രസരൽകോമളചന്ദ്രികോദയഃ
നൃപചന്ദ്ര! നിരീക്ഷ്യതാമയം
(സമയഃ) പോഷിതപുഷ്പസായകഃ.

*　　*　　*　　*

അളിനീലമയസ്തമോമയം
പ്രവിലാപ്യോദയരാഗവഹ്നിനാ
കലയത്യയമോഷധീശ്വരഃ
കലധൌതം ശുചി കൌമുദീമിഷാൽ."

ഇത്യാദി പല പദ്യങ്ങളുടങ്ങിയ ഈ സന്ധ്യാവർണ്ണനം പ്രസ്തുതകാവ്യത്തിനു് അലങ്കാരമായിരിക്കുന്നു. ഗ്രന്ഥകർത്രിയും ഏഴാംസർഗ്ഗത്തിൽ പറയുന്ന രാജ്ഞിയും ഭിന്നകളല്ലെന്നു തെളിയിക്കുവാൻ പല ന്യായങ്ങളും ഉള്ളതു് ഇവിടെ പ്രപഞ്ചനം ചെയ്യുന്നില്ല.

Digitized By Kerala Sahitya Akademi

മധുരാവിജയം ഒരു കാവ്യമാണെന്നു പ്രസ്താവിച്ചുവല്ലോ. നഗരാർണ്ണവശൈലർത്തുചന്ദ്രാർക്കോദയാദിവർണ്ണനം അടങ്ങിയും എട്ടുസർഗ്ഗത്തിൽ കവിഞ്ഞും ഇരിക്കുന്നതിനാൽ ഇതു് ഒരു മഹാകാവ്യമാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു.

ഒന്നാംസർഗ്ഗം ഇഷ്ടദേവതാവന്ദനത്തോടുകൂടി ആരംഭിക്കുന്നു. അനന്തരം ഗ്രന്ഥകർത്രി തന്റെ ഭർത്താവിന്റെ കുലഗുരുവായ കാശിവിലാസക്രിയാശക്തിയേയും അതിൽപിന്നിട്ടു് അക്കാലത്തെ കവിസമ്പ്രദായമനുസരിച്ചു മുമ്പു ജീവിച്ചിരുന്ന കവിശ്രേഷ്ഠന്മാരിൽ തനിക്കു പ്രത്യേകപ്രതിപത്തിയുള്ള മഹാത്മാക്കളേയും സ്മരിക്കുന്നു. ഇക്കൂട്ടത്തിൽ വാല്മീകി, വേദവ്യാസൻ, കാളിദാസൻ, ഭട്ടബാണൻ, ദണ്ഡി, ഭവഭൂതി, ഇവരുടെ പാവനനാമധേയങ്ങൾ പ്രത്യേകം സ്മരണീയങ്ങളാണു്.

"ചേതസോസ്തു പ്രസാദായ
സതാം പ്രാചേതസോ മുനിഃ
പൃഥിവ്യാം പദ്യനിർമ്മാണ-
വിദ്യായാഃ പ്രഥമം പദം.

വൈയാസികേ ഗിരാം ഗുംഫേ
പുണ്ഡ്രേക്ഷാവിവ ലഭ്യതേ
സദ്യസ്സഹൃദയാഹ്ലാദീ
സാരഃ പർവ്വണി പർവ്വണി.

ദാസതാം കാളിദാസസ്യ
കവയഃ കേ ന ബിഭ്രതി
ഇദാനീമപി തസ്യാർത്ഥാ-
നുപജീവന്ത്യമീ യതഃ

വാണീപാണിപരാമൃഷ്ട-
വീണാനിക്വാണഹാരിണീം
ഭാവയന്തി കഥം വാന്യേ
ഭട്ടബാണസ്യ ഭാരതീം.

വിമർദ്ദവ്യക്തസൌരഭ്യാ
ഭാരതീ ഭാരവേഃ കവേഃ
ധത്തേ വകുളമാലേവ
വിദഗ്ദ്ധാനാം ചമൽക്രിയാം.

ആചാര്യദണ്ഡിനോ വാചാ-
മാചാന്താമൃതസമ്പദാം
വികാസോ വേധസഃ പത്ന്യാ
വിലാസമണിദർപ്പണം.

സാ കാപി സുരഭിർഗ്ഗുംഫേ
ഭവഭൂതേസ്സരസ്വതീ
കർണ്ണേഷു ലബ്ധവർണ്ണാനാം
സൂതേ സുഖമയീം സുധാം."

Digitized By Kerala Sahitya Akademi

മേലെഴുതിയ ശ്ലോകങ്ങളിൽനിന്നു ഭാരവിയുടെ കവിതയ്ക്ക് ആപാതത്തിൽ അർത്ഥം സുഗ്രഹമല്ലെന്നും ഭവഭൂതിയുടെ കവിത പണ്ഡിതന്മാർ രസിക്കേണ്ടതാണെന്നും മററുമുള്ള പല സാഹിത്യമർമ്മങ്ങൾ ഈ കവയിത്രി നമ്മെ ധരിപ്പിക്കുന്നതോടുകൂടി തനിക്കു വിശേഷപ്രതിപത്തി കാളിദാസരിൽ ആണെന്നു ധ്വനിപ്പിക്കുന്നു. ഇതുകൂടാതെ കേരളത്തോടു പ്രത്യേകബന്ധമുള്ള വില്വമംഗലത്തു സ്വാമിയാരെപ്പററിയും ഒരു ശ്ലോകം കാണുന്നതു നമുക്കു പ്രത്യേകിച്ച് അഭിമാനകരമാണ്.

"മന്ദാരമഞ്ജരീസ്യന്ദി-
മകരന്ദരസാപ്ലുതഃ
കസ്യ നാഹ്ലാദനായാലം
കൃഷ്ണാമൃതകവേർഗ്ഗിരഃ?"

സാക്ഷാൽ ശ്രീകൃഷ്ണകർണ്ണാമൃതത്തിന്റെ നിർമ്മാതാവ് വില്വമംഗലത്തു സ്വാമിയാരാണെന്നും അതിലെ രസം മന്ദാരമഞ്ജരിയിൽനിന്നു പ്രവഹിക്കുന്ന മകരന്ദത്തിന്റേതാണെന്നും ഞാൻ വ്യാഖ്യാനം ചെയ്യേണ്ടതില്ലല്ലോ. അടുത്ത എട്ടു പദ്യങ്ങൾ കവിതയെപ്പററിയുള്ള സാമാന്യനിരൂപണമാണ്.

"കചചിദത്ഥഃ കചചിച്ഛബ്ദഃ
കചചിദ്ഭാവഃ കചചിദ്രസഃ
യത്രൈതേ സന്തി സർവ്വേപി
സ നിബന്ധോ ന ലഭ്യതേ.

പ്രബന്ധമിഷന്മാത്രോപി
ദോഷോ നയതി ദൂഷ്യതാം;
കാലാഗരുദ്രവാഭരം
ശുക്തിക്ഷാരകണോ യഥാ.

നിർദ്ദോഷാപ്യഗുണാ വാണീ
ന വിദഗ്ദ്ധജനരഞ്ജിനീ;
പതിവ്രതാപ്യരൂപാ സ്ത്രീ
പരിണേതുർന്ന രോചതേ.

ഗുണം വിഹായ കാവ്യേഷു
ദുഷ്ടോ ദോഷം ഗവേഷതേ;
വനേഷു വ്യക്തമാകന്ദഃ
കാകോ നിംബമപേക്ഷതേ.

ചൌര്യാർജ്ജിതേന കാവ്യേന
കിയദ്ദീവ്യതി ദുർജ്ജനഃ;

Digitized By Kerala Sahitya Akademi

ആഹാര്യരാഗോ ന ചിരം
രുചിരഃ കൃത്രിമോപലഃ.

താർക്കികാ ബഹവസ്സന്തി;
ശാബ്ദികാശ്ച സഹസ്രശഃ;
വിരളാഃ കവയോ ലോകേ
സരളാലാപപേശലാഃ.   ഇത്യാദി.

ചില കൃതികളിൽ അർത്ഥവും ചിലതിൽ ശബ്ദവും ചിലതിൽ ഭാവവും ചിലതിൽ രസവും സ്ഫുരിക്കും. ഇവയെല്ലാംകൂടിയിണങ്ങിയ കൃതിയും ലഭിക്കുന്നില്ല. അതിസ്വല്പമായ ദോഷവും പ്രബന്ധത്തെ ദൂഷിപ്പിക്കും; കസ്തൂരിച്ചാറു ചീത്തയാക്കാൻ ചിപ്പിച്ചാരത്തിന്റെ ഒരു ശകലം മതിയാകുമല്ലോ. ദോഷമില്ലാത്തതെങ്കിലും നിർഗ്ഗുണമായ കവിത വിദ്വാന്മാരെ രഞ്ജിപ്പിക്കുന്നതിനു മതിയാകുന്നില്ല; പതിവ്രതയാണെങ്കിലും രൂപവതിയല്ലാത്ത സ്ത്രീ ഭർത്താവിനെ രസിപ്പിക്കുവാൻ ശക്തയല്ലല്ലോ. ദുഷ്ടന്മാർ കാവ്യങ്ങളിൽ ഗുണത്തെ ത്യജിച്ചു ദോഷത്തെ അന്വേഷിക്കുന്നു; പൂങ്കാവുകളിൽ തേന്മാവുവിട്ടു വേപ്പിനെയല്ലയോ കാക്ക ആശ്രയിക്കുന്നതു? ദുർജ്ജനങ്ങൾക്കു മോഷ്ടിച്ച കാവ്യംകൊണ്ടു കുറേക്കാലം ശോഭിക്കാം; കൃത്രിമമായ രത്നത്തിൽ ചുവപ്പുചായം തേച്ചാൽ അത് അധികകാലത്തേക്കു നില്ക്കുന്നതല്ലല്ലോ. താർക്കികന്മാരും ശാബ്ദികന്മാരും ലോകത്തിൽ സംഖ്യയില്ലാതെയുണ്ട്. സരളമായ വാഗ്ഗുംഭത്തിൽ പടുക്കളായ കവികളോ? വളരെ അപൂർവ്വമായേ ഉള്ളൂ." ഇതാകുന്നു മേൽ ഉദ്ധരിച്ച പദ്യങ്ങളുടെ താൽപര്യം.

ഈ പദ്യങ്ങളിൽനിന്നു ഗ്രന്ഥകർത്ത്രിക്കുള്ള കവിധർമ്മമർമ്മജ്ഞതയും ഉല്ലേഖചാതുര്യവും വിശദമാകുന്നതാണ്. "പതിവ്രതയായാലും രൂപവതിയല്ലാത്ത സ്ത്രീക്കു ഭർത്താവിനെ രസിപ്പിക്കുവാൻ കഴിയുന്നില്ല." എന്നും മററുമുള്ള കല്പനകളിൽ കാണുന്ന നൈസർഗ്ഗികമായ ചമൽക്കാരം എത്ര ഹൃദയംഗമമായിരിക്കുന്നു!

പിന്നീടു ബുക്കമഹാരാജപ്രശസ്തിപരങ്ങളായ ഏതാനും പദ്യങ്ങളാണ് കാണുന്നത്.

"യശ്ശ്ലേഷ ഇവ നാഗാനാം
നഗാനാം ഹിമവാനിവ
ദൈത്യാരിരിവ ദേവാനാം
പ്രഥമഃ പൃഥിവീഭുജാം;

തിഗ്മാംശോരപി തേജസ്വീ
ശീതാംശോരപി ശീതളഃ
സാഗരാദപി ഗംഭീരഃ
സുമേരോരപി യഃ സ്ഥിരഃ"

Digitized By Kerala Sahitya Akademi

ഇങ്ങനെ പോകുന്ന ആ മഹാരാജപ്രശസ്തിയുടെ മാധുര്യം ഇത്രയെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്.

വിവേകമേവ സചിവം
ധനുരേവ വരൂഥിനീം
ബാഹുമേവ രണോത്സാഹേ
യസ്സഹായമമന്യത.

പരിപന്ഥിനൃപപ്രാണ-
പവനാഹാരദാരുണഃ
അസൃജദ് ഭുജഗോ യസ്യ
കൃപാണഃ കീർത്തികഞ്ചുകം.

യൽപ്രതാപാനലജ്വാലാ-
മാലാകബളിതാ ഇവ
കീർത്തയഃ ശത്രുഭൂപാനാ-
മാസൻ മലിനമൂർത്തയഃ."

ഇത്യാദി പദ്യങ്ങളുടെ പ്രണേതാവാകുവാൻ ഏതു കവിസാർവ്വഭൌമനാണ് ആഗ്രഹിക്കാത്തത്! ഇവിടെ 'ഭുജഗ'പദത്തിന്റെ സന്നിവേശം സഹൃദയന്മാരുടെ സവിശേഷമായ ശിരഃകമ്പത്തെ അർഹിക്കുന്നു. ഭുജത്തെ പ്രാപിച്ചതാണല്ലോ കൃപാണം.

അതിൽപിന്നിട്ട് ആ മഹാരാജാവിന്റെ രാജധാനിയായ വിജയാനഗരത്തിന്റെ വർണ്ണനമായി.

"വികസൽപദ്മനിതാവല്ലീ-
വിലാസവനവാടികാ;
ദക്ഷിണാശാസരോജാക്ഷീ-
ഫാലലീലാലലാടികാ;

ദ്വിജരാജസമുല്ലാസ-
നിത്യരാകാനിശീഥിനീ;
ഗന്ധർവ്വഗണസാന്നിദ്ധ്യ-
നവ്യദിവ്യവരൂഥിനീ;

ഭുജംഗസംഘസംവാസ-
ഭൂതേശമുകുടസ്ഥലീ;
സുമനസ്തോമസംവാസ-
സുവർണ്ണഗിരിമേഖലാ;

Digitized By Kerala Sahitya Akademi

ലീലേവ ദിഷ്ടിവൃദ്ധീനാം
ശാലേവ സകലശ്രിയാം
മാലേവ സദ്വ്രതാനാം
വേലേവ സുകൃതാംബുധേഃ."

ഇങ്ങനെ പകർത്തിയാൽ എത്ര ശ്ലോകങ്ങളാണ് പകർത്തേണ്ടിവരുന്നത്! ഇങ്ങനെയുണ്ടോ ശബ്ദത്തിനൊരു ധാടി? അർത്ഥത്തിനൊരു ചമൽക്കാരം? അമ്മേ! ഗംഗാദേവി! അവിടുത്തേക്കു് അനന്തകോടിനമസ്കാരം! സംസ്കൃതത്തിൽ അനുഷ്ടുഭവൃത്തത്തിൽ വാസനക്കാരായ കവികൾ പദ്യങ്ങൾ രചിച്ചാൽ ആസ്വദിക്കുമ്പോളുള്ള സുഖം ഒന്നു വേറേതന്നെയാണ്. എന്നാൽ ഇത്ര മനോഹരങ്ങളായ അനുഷ്ടുഭശ്ലോകങ്ങൾ ആ ഭാഷയിൽതന്നെയും അത്ര അധികമില്ലെന്നാണ് എന്റെ അനുഭവം. ദേവായി എന്ന മഹാരാജ്ഞി ബുക്കന്റെ പ്രേയസിയായിത്തീർന്നു. ആ സുന്ദരി ഗർഭം ധരിക്കുന്നതോടുകൂടി രണ്ടാംസർഗ്ഗം ആരംഭിക്കുന്നു. ഗർഭിണിയായ പ്രാണനാഥയെ ഭർത്താവു കണ്ടു് ആനന്ദിക്കുന്നതെങ്ങനെയെന്നു താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽനിന്നു ഗ്രഹിക്കാം.

"താമംബുഗർഭാമിവ മേഘമാലാം
വേലാമിവാഭ്യന്തരലീനചന്ദ്രാം
അന്തസ്ഥരത്നാമിവശുക്തിരേഖാ-
മാപന്നസത്വാം പ്രചുരഭ്യനന്ദൽ."

രാജ്ഞി പ്രസവിച്ച ക്ഷണത്തിൽ മഹാരാജാവു പുത്രനെ സന്ദർശിക്കുന്ന ഭാഗം ഏറ്റവും മനോഹരമായിരിക്കുന്നു.

"അവൈക്ഷത ക്ഷാമശരീരയഷ്ടേഃ
കുമാരമുൽസംഗഗതം സ ദേവ്യാഃ
ശരൽകൃശായാ ഇവ ശൈവലിന്യാ-
സ്തരംഗഭാഗസ്ഥം കളഹംസശാബം.

മുഹുർമ്മുഹുഃ പല്ലവപാടലേന
മുഷ്ടീകൃതേന ദ്വിതയേന പാണ്യോഃ
അരാതിലക്ഷ്മീകചസഞ്ചയാനാ-
മാകർഷശിക്ഷാമിവ ശീലയന്തം."

ഈ പുത്രനാണ് ഗംഗാദേവിയുടെ പ്രാണപ്രിയനും കഥാനായകനുമായ കമ്പണൻ.

തഥാ ന കർപ്പൂരഭരൈർന്ന ഹാരൈ-
ർന്ന ചന്ദനൈർന്നാപ്യമൃതാംശുപാദൈഃ

Digitized By Kerala Sahitya Akademi

യഥാഭവന്നിർവൃതി മസ്യഗാത്രം
സുതാംഗസംസ്പൃശ്ഭവാ സുഖേന."

ശരി, പുത്രസ്പർശസുഖം ഒന്നു വേറെതന്നെയാണ്. കർപ്പൂരവും മുത്തുമാലയും ചന്ദനവും നിലാവും മററും അതിന്റെ കഥ വിചാരിക്കുമ്പോൾ ശുദ്ധമേ തുച്ഛംതന്നെ.

മൂന്നാംസർഗ്ഗത്തിൽ കവയിത്രി കമ്പണന്റെ യൌവനത്തെ വർണ്ണിക്കുന്നു.

സ പഞ്ചബാണദ്വിപകേളിദീർഘികാം
ധരാന്തരാഗദ്രുമപുഷ്പമഞ്ജരീം
നിതംബിനീനേത്രചകോരചന്ദ്രികാ-
മവാപദാസ്കന്ദിതശൈശവാം ദശാം.

ഘനാംസപീഠൌ കഠിനാരുണാംഗുലീ;
പദപ്രകോഷ്ഠൌ പരിഘാനുകാരിണൌ;
മഹൌജസസ്തസ്യ മനോഹരൌ ഭുജാ-
വപാശ്രദാജാനുവിലംബിനൌ ജനഃ."

അനന്തരം അച്ഛൻ പുത്രനെ സപ്തവ്യസനങ്ങൾക്കു വശംവദനാകാതെയിരിക്കുന്നതിനും തുണ്ഡീരമണ്ഡലത്തിന്റെ (തൊണ്ടമണ്ഡലത്തിന്റെ) അധിപനായ 'ചമ്പൻ'എന്ന ദ്രവിഡരാജാവിനെ ജയിക്കുന്നതിനും ഉപദേശിക്കുന്നു. ആ ഉപദേശത്തിൽ അനേകം ധമ്മരഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു.

"ഗുരൂപദേശഃ കില കഥ്യതേ ബുധൈ-
രകക്കശം കിഞ്ചന രത്നകുണ്ഡലം
അമേചകം നൂതനമഞ്ജനം സതാ-
മജാതഗാത്രക്ഷയമദ്ഭുതം തപഃ.

യുവാനമജ്ഞാതനയാഗമക്രമം
സ്വാതന്ത്ര്യമൈശ്വര്യമദോദ്ധതം നൃപം
വിപൽ ക്ഷണേന വ്യസനാനുബന്ധജാ
ക്ഷിണോതി ചന്ദ്രം ക്ഷണദേവ താമസീ.

ഹിതാനി കുവ്വന്നപി നാനരക്തയേ
ജനസ്യ ജല്പൻ പരുഷം രുഷാ നൃപഃ;
പയാംസി വഷന്നപി കിന്നു ഭീഷണഃ
കഠോരവിഷ്ഫൂജ്ജിതഗജ്ജിതോ ഘനഃ?

നാലാംസർഗ്ഗത്തിൽ കമ്പണന്റെ യുദ്ധയാത്രയുടെ വർണ്ണനമാരംഭിക്കുന്നു.

Digitized By Kerala Sahitya Akademi

"ആഹത മന്ദരസംഘട്ട–
ക്ഷുഭിതാംഭോധിമണ്ഡലഃ
തരാണ കോണാഭിഹതോ
രണന്നിസ്സ്വാണദുന്ദുഭിഃ.

കല്പാന്തോദ്ഭ്രാന്തചണ്ഡീശ-
ഡമരുധ്വാനഡാമരഃ
ഉദജൃംഭത ഗംഭീരോ
വിയദ്ധ്വനി തദ്ധ്വനിഃ."

ഒടുവിലുദ്ധരിച്ച പദ്യത്തിന്റെ ശബ്ദസുഖം നോക്കുക; സാക്ഷാൽ പെരുമ്പറയുടെ ശബ്ദംതന്നെ. അനുഷ്ടുഭശ്ലോകം രചിക്കുവാൻ ഗംഗാദേവിക്കുള്ള വൈദഗ്ദ്ധ്യം അന്യാദൃശമെന്നു വീണ്ടും പറഞ്ഞേ മതിയാകുകയുള്ളു. ഒൻപതുശ്ലോകങ്ങൾകൊണ്ടു കമ്പണന്റെ അശ്വത്തെ സ്തുതിക്കുന്നു.

"സപക്ഷ ഇവ താർക്ഷ്യസ്യ
സജാതിരിവ ചേതസഃ
സഖേവ ഗന്ധവാഹസ്യ
സംഘാത ഇവ രംഹസഃ.

അപര്യാപ്താമതിക്രാന്ത-
ചേതോവൃത്തേസ്സ്വരംഹസഃ
വിസ്താരയന്നിവ മഹീം
ചടുലൈഃ ഖുരഘട്ടനൈഃ." ഇത്യാദി.

വിരിഞ്ചിനഗരത്തിലെ യുദ്ധത്തിൽവച്ചു കമ്പണൻ ചമ്പരായനെ തോൽപിക്കുകയും ആ ശത്രു ഓടിയൊളിച്ച രാജഗംഭീരദുർഗ്ഗം പിടിച്ചടക്കി അയാളെ ദ്വന്ദ്വയുദ്ധത്തിൽ വധിക്കുകയും ചെയ്തു കാഞ്ചീപുരത്തിൽ സിംഹാസനാധിരൂഢനായി രാജ്യഭാരമാരംഭിച്ചു. അഞ്ചും ആറും ഏഴും സർഗ്ഗങ്ങൾ കമ്പണപ്രശസ്തിപരവും ഋതുവർണ്ണനാദികാവ്യശൈലികളെക്കൊണ്ടു സമ്പൂർണ്ണവുമാണ്. അങ്ങനെ രാജ്യഭാരംചെയ്യുമ്പോൾ ഒരുദിവസം ഒരു ദിവ്യസ്ത്രീ (മധുരാനഗരലക്ഷ്മിയായിരിക്കണം) കമ്പണന്റെ മുമ്പാകെ പ്രത്യക്ഷീഭവിച്ചു പാണ്ഡ്യരാജ്യവാസികൾ തുരുഷ്കരിൽനിന്നനുഭവിക്കുന്ന സങ്കടങ്ങളെ നിവേദനം ചെയ്യുന്നു. ഈ ഭാഗം തുലോം തന്മയത്വമുള്ളതും രഘുവംശം പതിനാറാം സർഗ്ഗത്തിൽ കുശചരിതത്തിന്റെ മദ്ധ്യത്തിൽ

"അഥാർദ്ധരാത്രേ സ്തിമിതപ്രദീപേ
ശയ്യാഗൃഹേ സുപ്തജനേ പ്രബുദ്ധഃ
കുശഃ പ്രവാസസ്ഥകളത്രവേഷാ_
മദൃഷ്ടപൂർവ്വാം തരുണീമപശ്യൽ."

Digitized By Kerala Sahitya Akademi

എന്ന പദ്യംകൊണ്ടാരംഭിക്കുന്ന ഘട്ടത്തോട്ടു കിടനില്ക്കത്തക്കതുമാകുന്നു.

"സതതാദ്ധ്വരധൂമസൌരഭൈഃ പ്രാങ്-
നിഗമോൽഘോഷണവദ്ഭിരഗ്രഹാരൈഃ
അധുനാജനി വിസ്രമാംസഗന്ധൈ-
രധികക്ഷീബതുലുഷ്കസിംഹനാദൈഃ.

മധുരോപവനം നിരീക്ഷ്യ ദൂയേ
ബഹുശഃ ഖണ്ഡിതനാളികേരഖണ്ഡം
പരിതോ നൃകരോടികോടിഹാര-
പ്രചലച്ഛൂലപരമ്പരാപരീതം.

ഹിമചന്ദനവാരിസേകശീതാ-
ന്യഭവൻ യാനി ഗൃഹാങ്കണാനി രാജ്ഞാം
ഹൃദയം മമ ഖേദയന്തി താനി
ദ്വിജബന്ദീനയനാംബുഭൂഷിതാനി.

സ്തനചന്ദനപാണ്ഡു താമ്രവർണ്ണ്യാ-
സ്തരുണീനാമഭവൽ പുരാ യദംഭഃ
തദസൃഗ്ഭിരുപൈതി ശോണിമാനം
നിഹതാനാമഭിതോ ഗവാം നൃശംസൈഃ.

ഇത്തരത്തിലായിരുന്നു വിലാപം. ഒടുവിൽ ആ ദേവത ഒരു വിശിഷ്ടമായ ഖഡ്ഗം കമ്പണനു പ്രദാനംചെയ്യുന്നു.

അഥ തം കളധൌതകോശജാഗ്രൽ-
കരലഗ്നത്സരുച്യമാനഖഡ്ഗം
അചിരോദ്ധിതകഞ്ചുകാന്തബുദ്ധ-
സ്ഫുടകാളോരഗഭോഗസാമ്യഭാജം;

ക്ഷയകാലകരാളഭദ്രകാളീ-
ഗളകാളാഗരുകർദ്ദമായമാനൈഃ
മഹസാം പ്രസരൈരദീപഹാര്യം
കിമപി ധ്വാന്തമിവ പ്രകാശയന്തം;

പ്രതിബിംബിതദീപകാന്തിമന്തഃ
സ്ഫുടതാപിഞ്ഛതരുപ്രസൂനനീലം
നവമംബുധരം വിഡംബയന്തം
ജഠരോജ്ജൃംഭിതവൈദ്യുതപ്രകാശം;

Digitized By Kerala Sahitya Akademi

തമരാതിനരാധിനാഥനാരീ-
നയനാംഭഃകണപാതഹേതുഭൂതം
പ്രഭുരുന്മിഷിതപ്രരോഷവഹ്നേ-
രധികോദ്ദാമമമംസ്ത ധൂമദണ്ഡം.

ഗൌഡീരീതിയുടെ ഭംഗികാണണമെങ്കിൽ ഈമാതിരി ശ്ലോകങ്ങൾ പരിശോധിക്കണം. ആ ഖഡ്ഗം അഗസ്ത്യമഹർഷിതന്നതാണെന്നും അതുകൊണ്ടു തുരുഷ്കരാജാവിനെ വധിക്കുവാൻ സാധിക്കുമെന്നുംപറഞ്ഞു് ദേവിഅന്തർദ്ധാനംചെയ്യുകയും അതനുസരിച്ചു ദ്വന്ദ്വയുദ്ധത്തിൽ കമ്പണൻ മധുരാധിപതിയായ തുരുഷ്കനെ വധിക്കുകയുംചെയ്യുന്നു. ഗ്രന്ഥംമുഴുവൻ കിട്ടീട്ടില്ലെങ്കിലും മധുരാവിജയംഎന്ന നാമധേയം കിട്ടീട്ടുള്ളഭാഗംകൊണ്ടു സാർത്ഥമാകുന്നതിനാൽ അതിനപ്പുറം അധികമൊന്നുമില്ലെന്ന് അനുമാനിക്കുന്നതിൽ അസാംഗത്യമില്ല. ഈമഹാകാവ്യത്തിന്റെ സർവ്വതോമുഖമായ രാമണീയകം ഞാൻ ഇതുവരെ ഉദ്ധരിച്ചിട്ടുള്ള ശ്ലോകങ്ങളിൽനിന്നു ധാരാളംവിശദമാകുന്നതും സംസ്കൃതസാഹിത്യനഭോമണ്ഡലത്തിൽ ഗംഗാദേവി ഒരു ജാജ്വല്യമാനമായ ജ്യോതിസ്സായി എന്നെന്നേയ്ക്കും പ്രകാശിക്കുന്നതുമാണ്. ആ സ്ത്രീരത്നത്തിന്റെ പവിത്രചരിത്രം ലക്ഷ്മിഭായി വായനക്കാരും കവിയശഃപ്രാർത്ഥിനികളുമായ കേരളീയമഹിളകളുടെ ധൈര്യത്തിനും സമാശ്വാസത്തിനും പ്രയോജകീഭവിക്കുമാറാകട്ടെ.

൧൦൮൨—മേടം

ലക്ഷ്മിഭായി.

Digitized By Kerala Sahitya Akademi

16 രഘുനാഥനായ്ക്കനും രാമഭദ്രാംബയും.

പുണ്യഭൂമിയായ നമ്മുടെ ഭാരതവൎഷത്തിൽ ആദിമകാലം മുതല്ക്കു തന്നെ ദൈവാനുഗൃഹീതകളായ അനേകം കവയിത്രികൾ ജീവിച്ചിരുന്നിട്ടുള്ള വസ്തുത ഇപ്പോൾ എല്ലാവൎക്കും ഏറെക്കുറെ അറിവുള്ളതാണല്ലോ. മദ്ധ്യകാലങ്ങളിൽ നമ്മുടെ രാജ്യത്തിനും മതത്തിനും അഭിമാനപ്രദമായി സമുല്ലസിച്ച വിജയനഗരസാമ്രാജ്യത്തിൻേറയും അതിൻെറ വിവിധശാഖോപശാഖകളുടേയും ആധിപത്യം ലഭിച്ച രാജവംശങ്ങളെ അവലംബിച്ചു സാഹിത്യസംഗീതകലാദികൾ പൂൎവ്വാധികം പുഷ്ടിയെ പ്രാപിക്കുകയുണ്ടായി. അന്നു സൌവൎണ്ണകുംഭങ്ങളാൽ ജലസേകം ചെയ്തു അവയുടെ അഭിവൃദ്ധിയെ സഹായിച്ച വിദുഷിമാർ പലരും ഉണ്ടു്. അവരിൽ മധുരാവിജയകൎത്രിയായ ഗംഗാദേവിയേയും രാമായണനിൎമ്മാത്രിയായ മധുരവാണിയേയും പററി ഏതാനും ചില വിവരങ്ങൾ 'ലക്ഷ്മീഭായി' മാസിക വായിക്കുന്ന കേരളീയൎക്കു കുറേക്കൊല്ലങ്ങൾക്കുമുമ്പു ഗ്രഹിക്കുവാൻ ഇടവന്നിരിക്കണം. മധുരവാണി ക്രി. പി. പതിനാറും പതിനേഴും ശതവൎഷങ്ങളിൽ ചോളദേശം ഭരിച്ചിരുന്ന നായകരാജവംശത്തിലെ നടുനായകമായ രഘുനാഥനായ്ക്കൻെറ പണ്ഡിതസദസ്സിനെ അലംകരിച്ചിരുന്നു. ആ സദസ്സിനു് ആഭരണമായി ശോഭിച്ചിരുന്ന മറെറാരു വിദുഷിയാണു് എൻെറ ഈ ഉപന്യാസത്തിനു വിഷയീഭൂതയായ രാമഭദ്രാംബ.

രഘുനാഥനായ്ക്കൻെറ പിതാവായ അച്യുതപ്പനായ്ക്കൻ തന്നെ പണ്ഡിതപക്ഷപാതിയായ ഒരു പ്രഭുസത്തമനായിരുന്നു. അദ്ദേഹത്തിൻെറ പ്രധാനമന്ത്രി, സുഗൃഹീതനാമാവായ അപ്പയ്യദീക്ഷിതരുടെ സമകാലികനും പാരിജാതഹരണം, ഗജേന്ദ്രമോക്ഷം, ഹരിവംശസാരം, ശേഷചരിതം മുതലായ അനവധി സംസ്കൃതഗ്രന്ഥങ്ങളുടെ പ്രണേതാവുമായ ഗോവിന്ദദീക്ഷിതരായിരുന്നു എന്നുകൂടിപ്പറഞ്ഞാൽ നായകവംശത്തിൻെറ രാജധാനിയായ തഞ്ചാവൂരിൽ അക്കാലത്തു കവികൾക്കു സിദ്ധിച്ചിരുന്ന ആനുകൂല്യത്തിൻെറ പാരമ്യം ആൎക്കും ഊഹിക്കത്തക്കതാണല്ലോ.

"തസ്യാസൻ പ്രാക്തനാ ഹ്യേതാ
സേനാമന്ത്ര്യനുജീവിനഃ
നവം യശോ നവഃ കോശോ
നവം രാജ്യം ച കേവലം."

എന്നു ഭഗീരഥനെപ്പററി നീലകണ്ഠദീക്ഷിതർ ഗംഗാവതരണത്തിൽ വൎണ്ണിക്കുന്നതിൽനിന്നും മററും മുൻകാലങ്ങളിൽ ഹിന്ദുരാജാക്കന്മാർ കഴിവുള്ളിടത്തോളം പിതൃപിതാമഹന്മാരെ ഭക്തിപൂൎവ്വം സേവിച്ചുവന്ന പരിഞ്

Digitized By Kerala Sahitya Akademi

തപ്രജ്ഞന്മാരായ വയോവൃദ്ധന്മാരെയാണ് മന്ത്രിസഭയിൽ നിനിവേശിപ്പി ച്ചുവന്നതു് എന്നു കാണാവുന്നതാണു്. ആ ആചാരപ്രകാരം രഘുനാഥനായ്ക്കനെ അനുഷ്ഠിക്കുകയാൽ ഗോവിന്ദദീക്ഷിതർ തന്നെ അദ്ദേഹത്തിന്റേയും അമാത്യമുഖ്യനായിത്തീൎന്നു. ക്രി. വ. ൧൬൧൪ മുതൽ ൧൬൩൨ വരെയുള്ള രഘുനാഥന്റെ രാജ്യഭാരകാലം സംഗീതത്തിന്നും സാഹിത്യത്തിന്നും ഒന്നുപോലെ സൌഹിത്യപ്രദമായ ഒരു സൌവൎണ്ണകാലമായിരുന്നു. അതിനു തുല്യമായി അതിൽ പിന്നീടു് കൊല്ലം ൧൦൨൨-ൽ നാടുനീങ്ങിയ ശ്രീമാനായ സ്വാതിതിരുനാൾ കുലശേഖരപ്പെരുമാളുടെ രാജ്യഭാരകാലം ഒന്നുമാത്രമേ സാഹിത്യചരിത്രത്തിൽ സ്പഷ്ടീഭവിക്കുന്നുള്ളു. രഘുനാഥന്റെ ഗുരുഭൂതനായ കുമാരതാതാചാൎയ്യർ അദ്ദേഹത്തിന്റെ പാരിജാതഹരണനാടകത്തിൽ,

"അനാരതസ്വവൃത്തസ്യ
ചതുഷ്ഷഷ്ടികലാനിധേഃ
രഘുനാഥവിഭോരസ്യ
നിഷ്ക്കളങ്കസ്യ യോ ഗുരുഃ."

എന്ന പദ്യത്തിൽ പ്രകടമായി തന്റെ ശിഷ്യനേയും പ്രാസംഗികമായി തന്നേയും പ്രശംസിച്ചിരിക്കുന്നു. രഘുനാഥനായ്ക്കൻ സരസ്വതീദേവിയുടെ രണ്ടു സ്തനങ്ങളിൽനിന്നും ഒന്നുപോലെ സ്തന്യപാനം ചെയ്യുന്നതിനു വേണ്ട പൂൎവ്വപുണ്യം സിദ്ധിച്ച ഒരു മഹാനുഭാവനായിരുന്നു. അദ്ദേഹം സംസ്കൃതഭാഷയിലും ആന്ധ്രഭാഷയിലും അനേകം ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ടു്. രാമായണം, പാരിജാതഹരണം, അച്യുതരായാഭ്യുദയം, നളചരിതം, രുക്മിണീകല്യാണം, ജാനകീകല്യാണം, ഗജേന്ദ്രമോക്ഷം, വാല്മീകിചരിത്രം ഇവ തെലുങ്കിലും, രാമായണസംഗ്രഹം, മഹാഭാരതസാരസംഗ്രഹം, സംഗീതസുധ, അഭിനയദൎപ്പണം, നാട്യദൎപ്പണം ഇവ സംസ്കൃതത്തിലും അദ്ദേഹം രചിച്ചിട്ടുള്ള കൃതികളിൽ പ്രധാന്യത്തെ അൎഹിക്കുന്നു. അവയിൽ പലതുകൊണ്ടും പ്രഥമസ്ഥാനത്തിൽ നില്ക്കുന്നതു് സംഗീതശാസ്ത്രതത്വങ്ങളെ സമഗ്രമായി പ്രതിപാദിക്കുന്ന സംഗീതസുധതന്നെയാണ്.

"ജയന്തസേനാദിമരാഗരാമാ-
നന്ദാദിതാളാൻ രചയൻ നവീനാൻ
സംഗീതവിദ്യാം സമുപാദിശസ്ത്വം
വിപഞ്ചികാവാദവിചക്ഷണാനാം;

കിഞ്ച ത്വമഞ്ചദ് ഭവദീയനാമ-
മേളാന്തരം സമ്പ്രതി കല്പയിത്വാ
മേളാന്തരേ തത്ര സമസ്തരാഗാൻ
പ്രകാശയോഗ്യാൻ സുലഭാൻ കരോഷി."

എന്നു സംഗീതസുധയിൽ കാണുന്നതിൽനിന്നു് ആ രാജാവു് 'ജയന്തസേന' മുതലായ രാഗങ്ങളും "രാമാനന്ദം" മുതലായ താളങ്ങളും കണ്ടു

Digitized By Kerala Sahitya Akademi

പിടിക്കുകയും വീണാവാദനം മററുള്ളവരേയും പരിശീലിപ്പിക്കുകയും ചെയ്യതിനു പുറമേ ആത്മനാമാങ്കിതവും ഏതു രാഗത്തിനും പററിയതുമായ ഒരു നൂതന മേളാരാഗത്തിനുകൂടി ഉപജ്ഞാതാവായതായി വിശദമാകുന്നതാണ്. താൻ ഒൻപതുവയസ്സുള്ള ഒരു വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ അച്യുതനായ്ക്കൻ ഒരിക്കൽ അദ്ദേഹത്തോടു ശ്രീകൃഷ്ണപരമായ ഏതെങ്കിലും ഒരു കാവ്യം നിർമ്മിക്കണമെന്നു കല്പിക്കുകയും അദ്ദേഹം ഉടൻതന്നെ രണ്ടുയാമത്തിനുള്ളിൽ ആന്ധ്രപാരിജാതഹരണമെഴുതി അച്ഛനു സമർപ്പിച്ചു രത്നാഭിഷിക്തനായിത്തീരുകയും ചെയ്യതായി ഗോവിന്ദദീക്ഷിതരുടെ ദ്വിതീയപുത്രനും അക്കാലത്തെ ഒരു പണ്ഡിതസാർവ്വഭൌമനുമായ യജ്ഞനാരായണദീക്ഷിതർ തന്റെ സാഹിത്യരത്നാകരം എന്ന രഘുനാഥപ്രശസ്തിപരമായ മഹാകാവ്യത്തിൽ പ്രസ്താവിച്ചിരിക്കുന്നു. യജ്ഞനാരായണദീക്ഷിതർ ആ ഗ്രന്ഥത്തിൽ തന്നെ വീണ്ടും രഘുനാഥനായ്ക്കനെ,

"ആസ്യാച്യുതാഭ്യുദയപൂർവ്വഗതപ്രബന്ധകർത്തുഃ"

എന്നു യൌവരാജ്യത്തിൽ തന്നെ നൂറു പ്രബന്ധങ്ങളുടെ കർത്താവാക്കി പുകഴ്ത്തുന്നതോടുകൂടി താൻ ആ രാജാവിന്റെ ശിഷ്യനായിരുന്നുവെന്നും തന്റെ ഗുരു തന്നിൽനിന്നു യാതൊരു ദക്ഷിണയും സ്വീകരിക്കാതെ തന്നെ രത്നാഭരണങ്ങളാൽ അലങ്കരിച്ചു സന്തുഷ്ടനായി എന്നും വർണ്ണിച്ചിരിക്കുന്നു. തന്റെ സ്വാമിയുടെ സംഗീതസുധയെ ആധാരീകരിച്ചു ഗോവിന്ദദീക്ഷിതർ "സാഹിത്യസുധ" എന്നൊരു ഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. അതിൽ രഘുനാഥരാജകവിയെ പററി അദ്ദേഹത്തിന്റെ മന്ത്രിസത്തമൻ—

"തത്രേന്ദിരാമന്ദിരനാമധേയേ
സഭാവിശേഷേ സഹ മന്ത്രിവര്യൈഃ
കവിപ്രകാണ്ഡൈരപി കാളിദാസ
ഭാസസൌമില്ലമുരാരിദേശ്യൈഃ

കർണ്ണാടകാന്ധ്രദ്രമിളപ്രബന്ധ-
നിർമ്മാണവിദ്യാനിപുണൈശ്ച കൈശ്ചിൽ
വാഗ്ഗേയകാരപ്രമുഖൈരനേകൈ-
ർവിചിത്രഗീതാദികലാപ്രവീണൈഃ

ആസ്ഥായിഭദ്രാസനമച്യുതേന്ദ്ര-
രാത്മഭവഃ ശ്രീരഘുനാഥഭൂപഃ."

എന്നു വർണ്ണിച്ചിരിക്കുന്നതിൽനിന്ന് ആ വിഭുവിന്റെ വിദ്വൽസദസ്സിന്റെ വ്യാപ്തിയും വൈശിഷ്ട്യവും വായനക്കാർക്ക് ഏറെക്കുറെ വ്യക്തമാകുന്നതാണ്. ഇന്ദിരാമന്ദിരം എന്നു കവി നിർദ്ദേശിക്കുന്ന ആ സദസ്സിന്റെ നാമധേയം ലക്ഷ്മീവിലാസം എന്നായിരുന്നു. ആ സദസ്സിൽവച്ച് ഒരവസരത്തിൽ രഘുനാഥൻ ഗോവിന്ദദീക്ഷിതർക്ക് അദ്ദേഹത്തിന്റെ രാഗവിലാസത്തെ അഭിനന്ദിച്ച് ആന്ദോളാസനം നല്കിയതായും സാഹിത്യരത്നാകരത്തിനു പുറമേ ആത്മപ്രശസ്തിദ്യോതകങ്ങളായ രഘുനാഥഭൂപവിജയകാവ്യം, രഘുനാഥവിലാസ

Digitized By Kerala Sahitya Akademi

നാടകം ഈ ഗ്രന്ഥങ്ങൾ നിൎമ്മിച്ച യജ്ഞനാരായണദീക്ഷിതൎക്ക് തന്റെ കട്ടക്കനാം പതക്കവും കങ്കണവും പാദാങ്ഗദവും ഒന്നിച്ചു സമ്മാനിച്ചതായും അക്കാലത്തെ സാഹിത്യചരിത്രത്തിൽനിന്ന വെളിവാകുന്നു. യജ്ഞനാരായണദീക്ഷിതരുടെ കനിഷ്ഠസഹോദരനായ വേങ്കടേശ്വരദീക്ഷിതരും ഒരു മഹാവിദ്വാനും മഹാഗായകനും വാൎത്തികാഭരണം (മീമാംസ) ചതുൎദ്ദണ്ഡിപ്രകാശിക (സംഗീതം) ഇത്യാദി വിവിധശാസ്ത്രഗ്രന്ഥങ്ങളുടെ പ്രണേതാവുമായിരുന്നു. മഹാകവി നീലകണ്ഠദീക്ഷിതർ തന്റെ ഗുരുഭൂതനായ ആ മഹാത്മാവിനെ ഗംഗാവതരണത്തിൽ

"വാൎത്തികാഭരണഗ്രന്ഥ-
നിൎമ്മാണവ്യക്തനൈപുണഃ
ശ്രീവേങ്കടേശ്വരമഖീ
ശിഷ്യേ മയ്യനുകമ്പതേ."

എന്ന പദ്യത്തിൽ സ്മരിച്ചിട്ടുണ്ട്. സുപ്രസിദ്ധനായ രത്നഖേടദീക്ഷിതരുടെ പുത്രനാം ശൗരാഭ്യുദയം, രുക്മിണീപരിണയം, കംസവധം, രത്നഖേടവിജയം, ആനന്ദരാഘവവിജയം, മുതലായ അനവധി കാവ്യങ്ങളുടെ നിൎമ്മാതാവുമായ രാജചൂഡാമണിദീക്ഷിതരും രഘുനാഥനായ്ക്കന്റെ ഒരു സദസ്യരത്നമായിരുന്നു. ആ മഹാകവിയും തന്റെ സ്വാമിയുടെ അപദാനങ്ങളെ വൎണ്ണിച്ചു രഘുനാഥവിലാസം എന്നൊരു കാവ്യം നിൎമ്മിച്ചിട്ടുണ്ട്. രഘുനാഥന്റെ പുത്രനും തഞ്ചാപുരത്തിന്റെ അനന്തരാധിപതിയുമായ വിജയരാഘവനായ്ക്കനും ഒരു വിശിഷ്ടകവിയായിരുന്നു. അദ്ദേഹവും രഘുനാഥാഭ്യുദയം എന്നൊരു കാവ്യം പിതൃപ്രശസ്തിപ്രകാശകമായി ആന്ധ്രഭാഷയിൽ രചിച്ചിട്ടുണ്ട്. ഇവരെക്കൂടാതെ അക്കാലത്തെ ആന്ധ്രഭാഷാകവികളുടെ ഇടയിൽ പ്രാമുഖ്യം വഹിച്ചിരുന്ന പുണ്യശ്ലോകനാം വിജയവിലാസം, സാരംഗധരചരിത്രം ഈ ഗ്രന്ഥങ്ങളുടെ കൎത്താവുമായ വേങ്കടപതി, നൈഷധപാരിജാതീയം, രാഗചിന്താമണി (സംഗീതം) മുതലായ അനേകം പ്രബന്ധങ്ങളുടെ നിൎമ്മാതാവായ കൃഷ്ണാദ്ധ്വരി, ശ്രുരണ്ണാ മുതലായ അനവധി പണ്ഡിതകേസരികളും ആ രാജസദസ്സിനെ അലങ്കരിച്ചിരുന്നു. വിജയവിലാസം രഘുനാഥന്റെ ദിഗ്വിജയത്തെ കീൎത്തനംചെയ്യുന്ന ഒരു അത്യുജ്ജ്വലമായ ആന്ധ്രമഹാകാവ്യമാണ്.

ഇപ്രകാരമുള്ള ഒരു മഹാസദസ്സിന്റെ ദീപ്തിയെ തങ്ങളുടെ വാഗ്വൈഭവത്താൽ പതിന്മടങ്ങു വൎദ്ധിപ്പിച്ചുകൊണ്ട് അനേകം കവയിത്രികളും രഘുനാഥനായ്ക്കനെ ആശ്രയിച്ച് ഉപജീവിച്ചുവന്നിരുന്നു. മധുരവാണി തന്റെ രാമായണസാരമെന്ന സംസ്കൃതമഹാകാവ്യം രഘുനാഥന്റെ ആജ്ഞാനുസാരം അദ്ദേഹത്തിന്റെ ആന്ധ്രരാമായണത്തിന്റെ ഏകദേശപരിഭാഷയായി നിൎമ്മിച്ചതാണ്. അതിൽ:—

"വിപഞ്ചികായാം ചതുരാഃ പ്രസിദ്ധാഃ
ശാസ്ത്രേതിദക്ഷാഃ സരസപ്രബന്ധേ
സമീപമേതസ്യ സമേത്യ കോടി
സുഭ്രൂജനാഃ സന്തി സദാ വ്യവ്യണാൻ.

Digitized By Kerala Sahitya Akademi

സർവ്വോത്തരസ്വാദിമസംസ്കൃതാന്ധ്ര-
പ്രബന്ധനിർമ്മാണപടുചേളിമാനി
യശാംസി ഭൂയാംസ്യവതാരയന്ത്യ-
സ്സഹസ്രശസ്സന്തി സരോജനേത്രാഃ."

എന്നും ആ വിദുഷി പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു വീണാവാദനത്തിലെന്നപോലെ ശാസ്ത്രവ്യവഹാരത്തിലും ഉഭയസാഹിത്യനിബന്ധനത്തിലും ആ സദസ്സിൽ സ്ത്രീകൾക്കുള്ള സ്ഥാനം പുരുഷന്മാരുടേതിൽനിന്നു് ഒട്ടും തന്നെ അപകൃഷ്ടമല്ലായിരുന്നു എന്നു നമുക്കു് അനുമാനിക്കാം. മധുരവാണിതന്നെപ്പററി:—

"ചാതുർയ്യമേതി കവിതാസു ചതുർവ്വിധാസു;
വീണാകലാപ്രകടനേ ഭവത പ്രവീണാ;
പ്രജ്ഞാമിയം നിപുണമയതി പാണിനീയേ,
മേധാം വ്യനക്തി ബഹുധാ വിവിധാവധാനേ."

എന്നും,

"വീണാവാദകലാവിനോദസമയേ
ധൃത്വാ സമസ്യാശതം
സദ്യസ്സംസദി സാധു പൂരയതി യാ
ദത്താ കവീന്ദ്രൈസ്സ്വയാ."

എന്നും.

"ഖ്യാതശ്രീരഘുനാഥനായകദയാ-
ധാരാനവാരോന്മിഷ-
ദ്വീണാവാദനസംസ്കൃതാന്ധ്രകവിതാ-
സാമ്രാജ്യലക്ഷ്മീജുഷാ."

എന്നും പ്രശംസിച്ചിട്ടുള്ളതിൽ അതിശയോക്തിസ്പർശമില്ലെന്നു് ആ സ്ത്രീരത്നത്തിന്റെ അമൃതനിഷ്യന്ദികളായ പദ്യങ്ങൾ ഓരോന്നും അഹമഹമികയാ ഘോഷിക്കുന്നുണ്ടു്. ആ സദസ്സിലെ മറെറാരു വിദുഷിയായ രാമഭദ്രാംബയെപ്പററി വഴിയേ പ്രസ്താവിച്ചുകൊള്ളാം. ഇവർ രണ്ടുപേൎക്കും പുറമേ രഘുനാഥാഭ്യുദയം എന്ന യക്ഷഗാനം നിർമ്മിച്ച രംഗാജി, അംബുജവല്ലി, കലാവതി, മദനരേഖ, കളഭാഷിണി മുതലായി അനേകം ആന്ധ്രഭാഷാകവയിത്രികൾ രഘുനാഥന്റെ സഭാലങ്കാരങ്ങളായിരുന്നതായറിവുണ്ടു്. രൂപവതി, ശശിരേഖ മുതലായ അനേകം നർത്തകികളേയും ആ രാജാവു് പരിപാലിച്ചുവന്നതായി വിജയരാഘവനായ്ക്കന്റെ രഘുനാഥാഭ്യുദയത്തിൽനിന്നു വിശദമാകുന്നു.

രാമഭദ്രാംബയുടെ ഒരു സംസ്കൃതകാവ്യംമാത്രമേ ഇതുവരെയായി കണ്ടുകിട്ടീട്ടുള്ളു. സ്വാസ്വാമിസ്തോത്രപരമായ ആ കാവ്യത്തിന്റെ പേർ രഘുനാഥാഭ്യുദയമെന്നാണു്. ഗ്രന്ഥസമാപ്തിയിൽ "ശ്രീരാമഭദ്രകരുണാകടാക്ഷലബ്ധസാരസ്വതവർദ്ധമാനശതലേഖിനീസമയലേഖിന്യഷ്ടഭാഷാകല്പിതചതുർവ്വിധകവിതാപ്രാണിതസാഹിത്യസാമ്രാജ്യപദാഭിരാമരാമഭദ്രാംബാവിരചിതേ"

Digitized By Kerala Sahitya Akademi

എന്നെഴുതിയിരിക്കുന്നതിൽനിന്ന് ആ സ്ത്രീരത്നം തനിക്കു ശ്രീരാമഭഗവാന്റെ കരുണാകടാക്ഷത്താലാണ് വൈദുഷ്യം സിദ്ധിച്ചതെന്നും താൻ ശതലേഖിനി, സമയലേഖിനി മുതലായ കലകളിൽ നൈപുണ്യം സമ്പാദിച്ചിരുന്നുവെന്നും തനിക്കു സംസ്കൃതത്തിലും ആറു പ്രാകൃതഭാഷകളിലും തെലുങ്കിലും നാലുവിധത്തിലും [ചിത്രബന്ധഗർഭാശുസമ്പ്രദായങ്ങളിൽ] കവനം ചെയ്യുവാൻ പാടവമുണ്ടായിരുന്നു എന്നും രഘുനാഥനായ്ക്കൻ തന്നെ സാഹിത്യസാമ്രാജ്യപദപീഠത്തിൽ ആരോഹണംചെയ്യിച്ചു എന്നും ശ്ലാഘിച്ചിരിക്കുന്നതായിക്കാണാം.

രാമഭദ്രാംബയുടെ രഘുനാഥാഭ്യുദയം പന്ത്രണ്ടു സർഗ്ഗങ്ങളിലുള്ള ഒരു വിശിഷ്ടമഹാകാവ്യമാണ്. രഘുനാഥൻ ശാസ്ത്രത്തിലെന്നപോലെ ശസ്ത്രത്തിലും അദ്വിതീയമായ പ്രാവീണ്യം സമ്പാദിച്ചിരുന്നു.

"ത്രിനാമാദ്യന്തനാമാനൗ
മഹീക്ഷിദ്ദീക്ഷിതാവുഭൗ
ശസ്ത്രേ ശാസ്ത്രേ ച നിപുണാ-
വാഹവേഷു മഖേഷു ച."

എന്നൊരു പദ്യം അച്യുതനായ്ക്കനേയും ഗോവിന്ദദീക്ഷിതരേയും പറ്റി പ്രസിദ്ധമായുണ്ട്. അവർ യഥാക്രമം മഹാവിഷ്ണുവിന്റെ അച്യുതാനന്തഗോവിന്ദരൂപമായ നാമത്രയത്തിലെ ആദ്യന്തനാമാക്കളാണല്ലോ. ഊർജ്ജസ്വലനായ രഘുനാഥൻ വിജയനഗരസമ്രാട്ടായ വേങ്കടദേവരായരുടെ ആജ്ഞയനുസരിച്ചു ബിജാപ്പൂർ, ഗോൽക്കൊണ്ടാ ഈ രാജ്യങ്ങളിലെ സുൽത്താന്മാരെയും ജിൻജിയിലെ കൃഷ്ണപ്പനായ്ക്കൻ, ചോളഗരാജാവ്, ജഗ്ഗരായർ, ജാപ്പാണത്തെപ്പറങ്കികൾ മുതലായ ശത്രുക്കളേയും ജയിച്ച് അഖണ്ഡമണ്ഡലാധിപതിയായി രാജ്യഭാരംചെയ്തു. ഈ ദിഗ്വിജയങ്ങളേയും സമരസംരംഭങ്ങളേയും രാമഭദ്രാംബ രഘുനാഥാഭ്യുദയത്തിൽ ഹൃദയംഗമമായി വർണ്ണിച്ചിട്ടുണ്ട്. തന്റെ സ്വാമിയുടെ അപദാനങ്ങൾ ഉള്ളപ്പോൾ പ്രാക്തനങ്ങളായ വിഷയങ്ങളെ കാവ്യനിർമ്മാണാവസരത്തിൽ എന്തിനായി സ്മരിക്കുന്നു എന്നുള്ള ചോദ്യത്തോടുകൂടിയാണ് കാവ്യത്തിന്റെ ആരംഭം.

"രസപ്രധാനാൻ രഘുനാഥനേതുഃ
പ്രബന്ധഭേദാൻ മമ ഭാവയന്ത്യാഃ
പ്രാങ്നിർമ്മിതാനേകകവിപ്രബന്ധ-
പ്രസ്താവനായ പ്രഭവേന്മതിഃ കിം?"

രണ്ടാംസർഗ്ഗത്തിൽ രഘുനാഥന്റെ വൈദുഷ്യധോരണിയെ നമ്മുടെ കവയിത്രി ഏതുവിധത്തിൽ വർണ്ണിച്ചിരിക്കുന്നുവെന്നു നോക്കുക.

"അന്തഃപുരാന്തർഹരിണേക്ഷണാനാം
ത്രിഹായണീനാമപി ദീപ്യമാനാൻ
വിലോക്യ വിദ്യാവിഭവാനജസ്രം
പ്രശംസദാം യസ്യ പതന്തി വാണിം."

Digitized By Kerala Sahitya Akademi

മൂന്നാംവയസ്സിൽതന്നെ അദ്ദേഹത്തിൻെറ അന്തഃപുരത്തിലുള്ള പെൺകുട്ടികൾ വിദുഷികളായിത്തീർന്നിരുന്നുവത്രേ.

ഒൻപതാംസർഗ്ഗത്തിൽ രഘുനാഥൻ താൻ ആരുടെ പാവനമായ നാമധേയത്തെ ധരിച്ചുവോ ആ രഘുനാഥസ്വാമിയെപ്പോലെ സമുദ്രത്തിൽ അണകെട്ടി ജാപ്പാണത്തോളം കടന്ന് അവിടെ ബലാൽക്കാരം ചെയ്തുകൊണ്ടിരുന്ന പോർട്ടുഗീസുകാരെ തോല്പിച്ച് അവിടത്തെ രാജാവിനെ വിഭീഷണനെ എന്നപോലെ രാജ്യാഭിഷേകംചെയ്യിക്കുന്ന ഭാഗം വളരെ മനോഹരമായിരിക്കുന്നു.

"വിനാ പ്രയത്നം വിമതാൻ ജിഗീഷു-
ർമ്മഹീപതിസ്തത്ര മഹാംബുരാശൌ
തരീഭിരേതത്തരണായ തൂർണ്ണ-
മകല്പയൽ സേതുമനന്യസാദ്ധ്യം.

"അയോമയാഭിർന്നളികാവലീഭി-
രപാംഗകോണൈരപി രോഷശോണൈഃ
അവാകിരന്നഗ്നികണാൻ വിപക്ഷാ
ഭൂപാലസൈന്യേഷു പുരഃസ്ഥിതേഷു."

പരംഗിയോധപ്രഹിതൈഃ ക്ഷുരപ്രൈ-
ർവ്വിഭോരഭൂന്നൈവ ചമൂർന്നിരസ്താ;
പരാഗജാതം കിമു പത്മജാതം
പ്രഗല്ഭതേ ശോഷവിധൌ പയോധേഃ?

ഉദസ്തനാനായുധമുൽപതാക-
മഭിദ്രവന്തീമവനീശസേനാം
ആലോകിതും സ്ഥാതുമശക്നുവന്തോ
ഭയാൽ പലായന്ത പരംഗിവംശ്യാഃ."

പോർട്ടുഗീസുകാരുടെ വെടികളെ രഘുനാഥൻെറ സേന ലവലേശം ഭയപ്പെട്ടില്ല. താമരപ്പൂക്കളുടെ പൊടിയുണ്ടോ കടലിലെ വെള്ളം വററിക്കുവാൻ മതിയാകുന്നു? ഒടുവിൽ പറങ്കികൾ വഞ്ചികളാൽതീർത്ത അണകടന്ന് അനവധി ആയുധങ്ങളോടുകൂടി കൊടിയുമുയർത്തിപ്പിടിച്ച് ആക്രമണത്തിനായി വന്ന ആ സൈന്യത്തെ ഭയപ്പെട്ട് ഓടിപ്പോകുകയാണ് ചെയ്തത്. രാമഭദ്രാംബയുടെ ഉപജാതികളുള്ള പ്രസാദവും പ്രൌഢിയും മേലുദ്ധരിച്ച പദ്യങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ.

പതിനൊന്നാംസർഗ്ഗത്തിൽനിന്ന് ആ രാജധാനിയിലെ വിദുഷികളുടെ ലളിതകലാപാടവത്തെ വർണ്ണിക്കുന്ന ഏതാനും പദ്യങ്ങൾകൂടി ഉദ്ധരിച്ചുകൊള്ളട്ടെ.

Digitized By Kerala Sahitya Akademi

"തതസ്സ താസാം ധരണീപുരന്ദര-
ശ്ചതുർവ്വിധോദ്ദാമകവിതചാതുരീം:
അശേഷഭാഷാരസഗുണപ്രപഞ്ചിത-
പ്രബന്ധസന്ദർഭവിശേഷപാടവം:

സമപ്രധാനം ശതലേഖിനീസമ-
പ്രക്ലൃപ്തനാനാവിധപദ്യപൂരണം;
സലീലജാഗ്രൽഘടികാശതോചിത-
ക്രമാഷ്ടഭാഷാകവിതാവിജൃംഭണം:

കവിപ്രണീതാഖിലകാവ്യനാടക-
പ്രബന്ധതത്വപ്രതിപാദനക്രമം:
കർണ്ണാടദേശാദിമകല്പിതശ്രുത-
പ്രഗല്ഭഗ്രന്ഥാർത്ഥവിവാദപാടവം;

സുധാരസസ്യന്ദിസുഗീതിചാതുരീ-
പ്രവീണവീണാപ്രതിമാനവാദനം."

ഇപ്രകാരം സംഗീതസാഹിത്യങ്ങളിൽ പ്രാഗല്ഭ്യം പ്രദർശിപ്പിച്ച വിദുഷികളെ രാജാവു പരീക്ഷിച്ചു കനകാഭിഷിക്തകളാക്കി തീർത്തതായി രാമഭദ്രാംബ വർണ്ണിച്ചിരിക്കുന്നു.

പന്ത്രണ്ടാംസർഗ്ഗത്തിൽ ഏതാനും നർത്തകിമാരുടെ നടനപാടവത്തെ സരസമായി വർണ്ണിച്ചിരിക്കുന്നതു നോക്കുക.

"ജയമംഗലസിംഹലോലലീലാ-
ജയനിസ്സാരണസച്ചരിത്രഭിന്നൈഃ
രതിലീലതുരംഗലീലരംഗാ-
ഭരണാനംഗപരിക്രമാദിതാളൈഃ

അഭിനന്ദനനന്ദനന്ദനാദ്യൈ-
രഭിമാലാദിഭിരന്യകൈശ്ച താളൈഃ
രഘുനാഥവിലാസമുഖ്യലാസ്യാ-
ന്യബലാകാചിദകല്പയൽ സലീലം."

എല്ലാംകൊണ്ടും രാമഭദ്രാംബയുടെ രഘുനാഥാഭ്യുദയം ചരിത്രപ്രധാനവും സാഹിത്യപ്രധാനവുമായ ഒരു മഹാകാവ്യമാണെന്നുള്ളതിനു സംശയമില്ല. ഈ കവയിത്രിയും

"കഞ്ജാതപൂതിപ്രമദാംഘ്രിഭ്രഷ്ടാ-
ശിഞ്ജാരവോദാരവചസ്സരാജാ
പുഞ്ജാനമൂല്യാൻ ദധതീം മണീനാം
തഞ്ജാപുരീം ശാസ്തി തരംഗിതൌജാഃ."

Digitized By Kerala Sahitya Akademi

ഇത്യാദി പദ്യരത്നങ്ങൾ അടങ്ങിയ രാമായണസാരകാവ്യത്തിന്റെ നിർമ്മാത്രിയായ മധുരവാണിയും രാജചൂഡാമണിദീക്ഷിതരുടെയും യജ്ഞനാരായണദീക്ഷിതരുടെയും കൂട്ടത്തിൽനിന്നുകൊണ്ടു രഘുനാഥനായ്ക്കന്റെ വിദ്വൽസദസ്സിനെ അലങ്കരിച്ചതിൽ ആശ്ചര്യപ്പെടുവാനില്ല. ഏതുകാലത്തും ഈമാതിരി ഭോജരാജാക്കന്മാർ മാത്രം ലോകത്തിൽ ഉണ്ടാകുമെങ്കിൽ അവരുടെ ശ്ലാഘയെ വേണ്ടപോലെ അർഹിക്കുന്ന കവികളും കവയിത്രികളും ഉണ്ടാകാതെയിരിക്കുകയില്ല. അന്നും എന്നും രാജഗൃഹാന്തരങ്ങളായാണ് ലളിതകലകൾക്ക് അഭയസ്ഥാനം.

രഘുനാഥനായ്ക്കന്റെ കാലംകഴിഞ്ഞു് ഒരു പതിറ്റാണ്ടുകൂടിയേ തഞ്ചാവൂരിലെ നായ്ക്കവംശം നിലനിന്നുള്ളു. വിജയരാഘവന്റെ അതിസുന്ദരിയായ ഏകപുത്രിയെ പാണിഗ്രഹണംചെയ്യുവാൻ മധുരാധിപതിയായ ചോക്കനാഥനായ്ക്കൻ ആഗ്രഹിച്ചതും ജാതിവിചാരംനിമിത്തം വിജയരാഘവൻ ചോക്കനാഥന്റെ അപേക്ഷയെ തിരസ്കരിച്ചതും തന്നിമിത്തം ചോക്കനാഥൻ തഞ്ചാവൂരിനെ ആക്രമിച്ചതും പുരാതനരാജപുത്രവീരന്മാരുടെ മാതിരിയിൽ വിജയരാഘവൻ തന്റെ അന്തഃപുരത്തെ ആബാലവൃദ്ധം അരനിമിഷത്തിൽ അഗ്നിക്കിരയാക്കി പടവെട്ടിമരിച്ചു വിജയിയായ തന്റെ ശത്രുവിനെ ഭഗ്നാശയനാക്കിയതുംമറ്റും അപ്രകൃതമാകയാൽ ഇവിടെ സ്മരണീയമല്ല. അങ്ങനെ ആ പണ്ഡിതപാരിജാതമായ നായകവംശം അസ്തമിച്ചുവെങ്കിലും ജയമത്തനായ പ്രതിപക്ഷിക്കു് ചോളരാജ്യം ദീർഘകാലത്തേക്കു ഭരിക്കുവാൻ സാധിച്ചില്ല. വിജയരാഘവന്റെ അനന്തരാവകാശിയായ ചെങ്കമലനായ്ക്കൻ ബിജപ്പൂരിലെ സുൽത്താനെ അഭയംപ്രാപിക്കുവാനും അദ്ദേഹത്തിന്റെ പ്രതിപുരുഷനായി നിയോഗിക്കപ്പെട്ട സാക്ഷാൽ ശിവാജിച്ഛത്രപതിയുടെ സഹോദരനായ ഏകോജി മധുരാധിപതിയെ തഞ്ചാവൂരിൽനിന്നു് ആട്ടിപ്പായിച്ചു് അവിടെ ഒരു സ്വതന്ത്രഹൈന്ദവസിംഹാസനം സ്ഥാപിക്കുവാനും ഏറെത്താമസം വേണ്ടിവന്നില്ല. ആ ഭോസലരാജവംശത്തിലെ അമൂല്യമൌക്തികവും ഏകോജിയുടെ സീമന്തപുത്രനുമായ ശാഹജിമഹാരാജാവിന്റെ രാജ്യഭാരകാലം സംഗീതസാഹിത്യങ്ങൾക്കു് ഒരു ദ്വിതീയസൌവർണ്ണകാലമായിത്തീർന്നു. അന്നത്തെ മന്ത്രിമാരായിരുന്ന ഗംഗാധരാധ്വരി, അദ്ദേഹത്തിന്റെ പുത്രന്മാരായ ത്ര്യംബകരായർ, ആനന്ദരായർ, ഈ പണ്ഡിതസത്തമന്മാരുടെ ആനുകൂല്യത്താലാണ് മഹാകവി രാമഭദ്രദീക്ഷിതർക്കുംമറ്റും നിർബാധമായും നിരന്തരമായും കാവ്യനിർമ്മാണംചെയ്യാൻ സാധിച്ചതു്. ആ കഥയും ഈ ഉപന്യാസത്തിനു ബാഹ്യമാകയാൽ ഇത്തരത്തിലൊന്നു സൂചിപ്പിക്കുവാനേ നിവൃത്തിയുള്ളു.

രാമഭദ്രാംബയെ വിസ്മൃതിഗർത്തത്തിൽനിന്നു ചരിത്രപണ്ഡിതന്മാർ ഉദ്ധരിച്ചു നാലുകൊല്ലമേ കഴിയുന്നുള്ളു. ഈ കാവ്യകലാകുശലയുടെ യശസ്സു സാഹിത്യലോകത്തിൽ ശാശ്വതമായി സമുല്ലസിക്കുമാറാകട്ടെ.

(മഹിള)

Digitized By Kerala Sahitya Akademi

17 മ ങ്ക മ്മാ ൾ.

ഓരോകാലത്തു പ്രശസ്തരീതിയിൽ പ്രജാപരിപാലനംചെയ്തു ലോകത്തിന്റെ ശാശ്വതമായ ബഹുമാനത്തിനും കൃതജ്ഞതക്കും പാത്രീഭവിച്ച പല ഉത്തമസ്ത്രീരത്നങ്ങളെപ്പററിയും "ശാരദാ"വായനക്കാർ കേട്ടിരിക്കാനിടയുണ്ട്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന് ഒരു ശോഭനദീപമായി വളരെക്കാലം പരിലസിച്ചു കുറെകൊല്ലങ്ങൾക്കമുമ്പു നിർവാണപദംപ്രാപിച്ച ഗുണവതീ വിക്ടോറിയാചക്രവൎത്തിനിയുടെ കഥയല്ല ഞാൻ അവരെ അനുസ്മരിപ്പിക്കുന്നത്. ഈ ഭാരതഖണ്ഡത്തിൽതന്നെ സ്ത്രീവൎഗ്ഗത്തിന് അഭിമാനസ്തംഭമായി പരിലസിച്ച റീസിയാബീഗം, അഹല്യാബായി നമ്മുടെ ലക്ഷ്മീഭായി മുതലായ രാജ്ഞിമാരുടെ ചരിത്രമാണ്. ആ മഹിളാമണികളുടെ സദസ്സിൽ ഗണനീയമായ ഒരു സ്ഥാനത്തിന് അവകാശിനിയായ പാണ്ഡ്യരാജ്യത്തിലെ മങ്കമ്മാളെപ്പററി അവൎക്ക് അത്രതന്നെ അറിവാൻ മാൎഗ്ഗമുണ്ടായിരിക്കുമോ എന്നു നിശ്ചയമില്ല. ദക്ഷിണാപഥചരിത്രസംബന്ധമായി ഒരു നല്ല പുസ്തകവും മലയാളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലല്ലോ. അതുകൊണ്ട് അന്യാദൃശങ്ങളായ ഗുണഗണങ്ങൾക്കു വിളനിലമായിരുന്ന ആ മാന്യമഹതിയെപ്പററി ഏതാനും ചിലതു പ്രസ്താവിക്കുന്നതു രസകരമായിരിക്കുമെന്നു വിശ്വസിച്ചുകൊള്ളുന്നു.

മങ്കമ്മാൾ പാണ്ഡ്യരാജാവായ ചൊക്കനാഥനായ്ക്കന്റെ പട്ടമഹിഷിയായിരുന്നു. ചൊക്കനാഥൻ ക്രി. പി. ൧൬൮൨-ൽ മരിച്ചു. അക്കാലത്തു രാജ്ഞിമാർ ഭൎത്തൃമരണത്തിൽ അഗ്നിപ്രവേശംചെയ്യുക സാധാരണമായിരുന്നുവെങ്കിലും പരിഷ്കൃതഹൃദയയായ മങ്കമ്മാൾ ആ വിധത്തിൽ ആത്മഹത്യയ്ക്കു ഒരുങ്ങിയില്ല. യുവാവായ തന്റെ പുത്രൻ രംഗകൃഷ്ണമുത്തുവീരപ്പനായ്ക്കനെ രാജ്യപരിപാലനത്തിൽ സഹായിച്ചുകൊണ്ടും ഉൽകൃഷ്ടരീതിയിലുള്ള അനേകം ദാനധൎമ്മങ്ങൾ ചെയ്തുകൊണ്ടും തന്റെ ആയുശ്ശേഷത്തെ നയിക്കുന്നതിലധികം ശ്രേയസ്കരമായി ഒന്നുമില്ലെന്നാണ് ആ സാദ്ധ്വിക്കു തോന്നിയത്. മുത്തുവീരപ്പനായ്ക്കനു വളരെക്കാലം രാജ്യഭാരം ചെയ്യുന്നതിനു യോഗമുണ്ടായില്ല. പട്ടംകെട്ടി ഏഴാമത്തെക്കൊല്ലത്തിൽ അദ്ദേഹം ഭയങ്കരമായ ഒരുതരംമസൂരിരോഗത്താൽ ബാധിതനായി ഇഹലോകവാസംവെടിഞ്ഞു. ആ അത്യാഹിതത്തിൽ പാണ്ഡ്യരാജ്യത്തിനു പരക്കെ നേരിട്ട മഹാസങ്കടം ഇന്നപ്രകാരമെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. ചൊക്കനാഥന്റെ മരണത്തിനുമുമ്പായിതന്നെ ആ രാജ്യത്തിന്റെ മഹിമ അസ്തമിതപ്രായമായിരുന്നു. സമീപസ്ഥന്മാരായ മൈസൂർ തഞ്ചാവൂർ മുതലായ രാജ്യങ്ങളിലെ രാജാക്കന്മാരുടെ കൈയേററം അധികപ്പെട്ടു ജനങ്ങൾ അപാരമായ ദുഃഖത്തിനു വശംവദന്മാരായിത്തീൎന്നിരുന്നു. അപ്പോളാകട്ടെ നവയൌവനത്തിൽ മുത്തുവീരപ്പനായ്ക്കനും മരിച്ചു. പാണ്ഡ്യരാജ്യം നിരാധാരമായി. മാതാവായ മങ്കമ്മാളും പട്ടമഹിഷിയായ മുത്തമ്മാളും മാത്രമേ രാജകുടുംബത്തിൽ ശേഷിച്ചുള്ളു. ഭാഗ്യവശാൽ മുത്തമ്മാൾ ഗൎഭിണിയായിരുന്നു. സുന്ദരേശസ്വാമി

Digitized By Kerala Sahitya Akademi

യുടെ അനുഗ്രഹമുണ്ടെങ്കിൽ ആ സ്ത്രീരത്നത്തിന് ഒരു പുരുഷപ്രജയെ പ്രസവിക്കുവാൻ സംഗതിവരുമെന്നും അപ്പോൾ രാജ്യം സനാഥമായിത്തീരുമെന്നുമുള്ള പ്രത്യാശ മനസ്വിനിയായ മങ്കമ്മാളെ ആശ്വസിപ്പിച്ചു. എന്നാൽ മുത്തമ്മാളാകട്ടെ ഭർത്തൃവിയോഗത്തെ സഹിക്കുന്നതിനു കേവലം അശക്തയായി സഹമരണത്തിനു സന്നദ്ധയായിത്തീർന്നു. മങ്കമ്മാളുടെ ആജ്ഞയ്ക്കും ഉപദേശത്തിനും ഒരുവിധത്തിൽ വഴിപ്പെട്ടു പ്രസവംവരെയ്ക്കും തന്റെ സതീധർമ്മാനുഷ്ഠാനത്തിൽനിന്നു വിരമിക്കാമെന്നു നിശ്ചയിച്ചു യഥാകാലം കിരീടാവകാശിയായ ഒരു പുത്രനെ പ്രസവിച്ചു കൃതകൃത്യയായി അഗ്നിപ്രവേശത്തിനു അനുവാദം ചോദിച്ചതിൽ അതു ലഭിക്കാത്തതിനാൽ നൈരാശ്യത്തോടുകൂടി ആ വിധവ വിഷപാനംചെയ്തു തന്റെ ജീവനെ സന്ത്യജിച്ചു എന്നു ചുരുക്കിപ്പറഞ്ഞാൽ കഴിഞ്ഞുവല്ലോ. ഈ പുത്രനാണ് ഒടുവിൽ വളരെക്കാലം പാണ്ഡ്യരാജ്യത്തെ പരിപാലിച്ച വിജയരംഗചൊക്കനാഥൻ.

മങ്കമ്മാൾക്ക് ഈ അവസരത്തിൽ രാജ്യഭരണത്തിനു പുറമേ ബാലപരിചരണവും കർത്തവ്യമായിത്തീർന്നു. രണ്ടു ധർമ്മങ്ങളേയും ആ സുചരിത അത്യുത്തമമായ രീതിയിൽ അനുഷ്ഠിച്ചു. ക്രി. പി. ൧൭൦൪-ൽ വിജയരംഗന് ൧൫ വയസ്സു തികഞ്ഞു. അതുവരെ മങ്കമ്മാൾതന്നെയാണ് രാജകുമാരന്റെ രക്ഷാധികാരിണിയുടെ നിലയിൽ പ്രജാപരിപാലനം ചെയ്തത്. മങ്കമ്മാളുടെ രാജ്യഭാരകാലം ജനക്ഷേമകരങ്ങളായ അനേകം സൽകൃത്യങ്ങൾകൊണ്ടും പ്രതാപദ്യോതകങ്ങളായ അനേകം വിജയങ്ങൾകൊണ്ടും പാണ്ഡ്യരാജ്യചരിത്രത്തിൽ സവിശേഷം സ്മരണീയമായ ഒരു അദ്ധ്യായമാണെന്നുള്ളതിനു യാതൊരുസംശയവുമില്ല. ഈ രാജ്ഞിക്കു 'നരസപ്പയ്യൻ' എന്ന പ്രസിദ്ധനായ ഒരു ബ്രാഹ്മണസേനാനി ദളവായായിരുന്നു. ആ ദളവായുടെ സഹകരണത്തോടുകൂടി മങ്കമ്മാൾ പാണ്ഡ്യരാജ്യത്തിന്റെ മഹിമയെ വീണ്ടും സ്ഥാപിച്ചു. രാമനാഥപുരത്തിലെ സേതുപതിയുംമറ്റും കുറെക്കാലമായി നായ്ക്കന്മാരുടെ മേൽക്കോയിമ്മയെ ധിക്കരിച്ചു നടക്കുകയായിരുന്നു. ആ സാമന്തരാജാക്കന്മാരെ രാജ്ഞി ആദ്യമായി കീഴടക്കി. ക്രി-പി-൧൬൯൭-ൽ നമ്മുടെ ഉമയമ്മറാണിയുടെ പുത്രനായ രവിവർമ്മമഹാരാജാവുമായി ഒരു യുദ്ധംചെയ്തു. വളരെക്കാലമായി പാണ്ഡ്യരാജ്യത്തിലേക്കു ചെല്ലുവാനുണ്ടായിരുന്ന കപ്പം തിരുവിതാംകൂർ രാജാക്കന്മാർ കൊടുക്കാത്തതിനാൽ നരസപ്പയ്യൻ ഒരു വലിയ സൈന്യത്തോടുകൂടി ആരുവാമൊഴിക്കോട്ട കടന്നുവന്നു പത്മനാഭപുരത്തെ നിരോധിച്ചു. തന്റെ ശത്രുക്കളായ എട്ടുവീട്ടിൽപിള്ളമാരെ അമർച്ചവരുത്താമെങ്കിൽ കല്ക്കുളവും മററു ചില സ്ഥലങ്ങളും വിട്ടുകൊടുക്കാമെന്നു മഹാരാജാവു വാഗ്ദാനംചെയ്തു. നരസപ്പയ്യൻ ഒന്നുരണ്ട് എട്ടുവീട്ടന്മാരെ വധിക്കുകയും അവരുടെ സൈന്യത്തെ തോല്പിക്കുകയുംചെയ്തു. ഈ തക്കംകണ്ടു രാജാവു തന്റെ സേനയെ നരസപ്പയ്യന്റെ നേക്കു നായിക്കുകയും നരസപ്പയ്യൻ തൽക്കാലത്തേക്കു പരാജിതനായി പിൻമാറേണ്ടിവരികയുംചെയ്തു. എന്നാൽ അടുത്തകൊല്ലവും ആ സേനാനി ഒരു വലിയ പടയോടുകൂടി വീണ്ടും ആരുവാമൊഴിക്കോട്ട കടന്നു യുദ്ധസന്നദ്ധനായി വന്നു. അപ്പോൾ മഹാരാജാവു ആ സേനയെ സാമദാനങ്ങൾകൊണ്ടു വശീകരിക്കുകയും ബാക്കിയുണ്ടായിരുന്ന കപ്പം കൊടുത്തുതീർക്കുകയുംചെയ്തു. തിരുവിതാംകൂർ കീഴടക്കിയതിനുമേൽ മങ്കമ്മാൾ ത

Digitized By Kerala Sahitya Akademi

തഞ്ചാവൂർരാജ്യം ജയിക്കുവാൻ ഉദ്യമിച്ചു. നരസപ്പയ്യൻ ആ യുദ്ധത്തിലും വിജയിയായി. രണ്ടുരാജ്യങ്ങളും യോജിച്ചു മൈസൂർരാജ്യംജയിക്കണമെന്ന് ഉടമ്പടിചെയ്തു. മൈസൂർരാജാവു കന്നിയമ്പാടിയിൽ അണകെട്ടി നദിയിലെ ജലം തഞ്ചാവൂരിനും തൃശ്ശിനാപ്പള്ളിക്കും കടക്കാതെയാക്കിത്തീർത്തതാണ് ഇതുവിധത്തിൽ ഒര് ഉടമ്പടിക്കുകാരണം. എന്നാൽ അതു കഴിഞ്ഞ ഉടൻ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഈ അണ തകർന്നുപോയതിനാൽ യുദ്ധം ചെയ്യേണ്ട ആവശ്യംകൂടാതെതന്നെ സംഗതി തെളിഞ്ഞു.

മങ്കമ്മാളുടെ പ്രസിദ്ധിക്കുള്ള പ്രധാനകാരണം ഈ വിജയങ്ങളല്ലെന്നു പറഞ്ഞുകൊള്ളട്ടെ. ഒരു ധർമ്മിഷ്ഠയുടെ നിലയിലാണ് ജനങ്ങൾ ഇന്നും ആ പുണ്യവതിയെ സ്മരിക്കുന്നത്. തന്റെ രാജ്യത്തിൽ എങ്ങും ആവശ്യംപോലെ സത്രങ്ങൾ സ്ഥാപിക്കുക, വഴിയമ്പലങ്ങൾ പണിയിക്കുക, കിണറുകൾ കുഴിപ്പിക്കുക, തണ്ണീർപ്പന്തലുകൾ ഏർപ്പെടുത്തുക, ചാലവൃക്ഷങ്ങൾ നടുവിക്കുക, ഈമാതിരി പരോപകാരപ്രദങ്ങളായ സൽപ്രവൃത്തികളാണ് ആ മഹതി നിരന്തരമായി ചെയ്തുകൊണ്ടിരുന്നത്. തഞ്ചാവൂരിനും കന്യാകുമാരിക്കുമിടയ്ക്കുള്ള പ്രദേശങ്ങളിൽ എവിടെ സഞ്ചരിച്ചാലും മങ്കമ്മാളുടെ പാവനമായ നാമധേയത്തെ ഓർമ്മിക്കാതെ നിവൃത്തിയില്ല. "ഇതു മങ്കമ്മാൾ വെട്ടിച്ച റോഡാണ്; ഇത് മങ്കമ്മാൾ നട്ടുവിച്ച വൃക്ഷങ്ങളാണ്." എന്നും മറ്റും അദ്ദേശവാസികൾ അഭിമാനത്തോടും ആനന്ദത്തോടുംകൂടി കാണിക്കുന്ന കാഴ്ചകൾ ആരേയും ആശ്ചര്യപരതന്ത്രന്മാരാക്കിത്തീർക്കുന്നു. നമ്മുടെ ചെങ്കോട്ടയ്ക്കുസമീപംകൂടി "മങ്കമ്മാൾചാല"യുണ്ട്. വാരാണസിയിൽപോലും ആ മഹിളാമണി ഒരു വലിയ സത്രം സ്ഥാപിക്കുകയുണ്ടായി; അത് ഇന്നും ആ സാധ്വിയുടെ സ്മാരകസ്തംഭമായി പ്രശോഭിക്കുന്നു.

മങ്കമ്മാളുടെ മറ്റൊരു ഗുണം ലോകത്തിലെ സകലമതങ്ങളുടെയും നേർക്കുള്ള അനുകരണീയമായ സമഭാവനയായിരുന്നു. ക്രിസ്ത്യാനികൾക്കു പല വിശേഷസഹായങ്ങളും ആ രാജ്ഞിയിൽനിന്നു ലഭിച്ചിട്ടുണ്ട്. മെല്ലോ എന്ന പാതിരിയെ മറവന്മാർ ബന്ധനസ്ഥനാക്കി വധിക്കുവാൻ വട്ടംകൂട്ടിയപ്പോൾ അവരെ ആ നിഷ്ഠുരകൃത്യത്തിൽനിന്നു വിരമിപ്പിച്ചതു മങ്കമ്മാളായിരുന്നു. ബോഷേ എന്ന മറ്റൊരു പാതിരി രാജ്ഞിക്കു ചില വിലപിടിച്ച സാമാനങ്ങൾ അടിയറവയ്ക്കുകയും അവയെ സ്വീകരിച്ചു രാജ്ഞി പാതിരിക്ക് ഒരു സാല്വ സമ്മാനിച്ച് അദ്ദേഹത്തെ ഒരു പല്ലക്കിൽകയററി ബങ്കളാവിലേക്ക് അയയ്ക്കുകയും ചെയ്തു.

ക്രി. പി. ൧൭൦൨-ൽ സേതുപതി വീണ്ടും മധുരയ്ക്കു് ഒരുങ്ങുകയാൽ അതു് അമർച്ചചെയ്യുന്നതിനായിപ്പോയ നരസപ്പയ്യൻ പോർക്കളത്തിൽവച്ചു പരേതനാകുകയുംചെയ്തു. ൧൭൦൬-ൽ വിജയരംഗചൊക്കനാഥൻ സിംഹാസനസ്ഥനായി. അതോടുകൂടി മങ്കമ്മാളുടെ ഭാഗ്യചന്ദ്രനും അസ്തമിച്ചു. വിജയരംഗൻ ഒരു ദുർബ്ബലനായ രാജാവായിരുന്നതിനാൽ ആ തക്കംനോക്കി മങ്കമ്മാളുടെ ചില ദുഷ്ടശത്രുക്കൾ ആ മഹതിയെ വധിക്കുന്നതിനു വട്ടംകൂട്ടി. നിരപരാധയായ രാജ്ഞിയുടെ മേൽ പല ദോഷങ്ങളും [illegible]

Digitized By Kerala Sahitya Akademi

പിച്ച് ആ സാദ്ധ്വിയെ ബന്ധനസ്ഥയാക്കി പട്ടിണിയിട്ടും പലപ്രകാരത്തിൽ കഷ്ടപ്പെടുത്തിയും വധിച്ച് ആ മനുഷ്യരാക്ഷസർ ചരിതാർത്ഥരായി ജയഭേരിയടിച്ചു. അഹോ കലികാലവൈഭവം! അഹോ അചിന്ത്യമായ വിധിബലം!! സത്തുക്കൾക്കു സംഭവിക്കുന്ന ആപത്താണല്ലോ സർവോപരി ദാരുണമായി നാം പലപ്പോഴും കണ്ടുവരാറുള്ളത്!

ഒരു വിസ്മയനീയമായ സംഭവം ആയിടയ്ക്കുണ്ടായതും ഈ സന്ദർഭത്തിൽ വക്തവ്യമാണ്. മങ്കമ്മാളുടെ സമകാലികനായ മൈസൂർമഹാരാജാവ് ഒരു വലിയ പിശുക്കനായിരുന്നു. 'അരുത്തൊകൈക്കറ്റെപ്പൊരുതരി തേയ്ക്കുകക്രുടിയില്ലപോലും' എന്ന് ആ രാജാവിനെ സംബന്ധിച്ചിടത്തോളം അതിശയോക്തിക്രൂടാതെ പറയാം. 'അർത്ഥാ ഗൃഹേ നിവർത്തന്തേ' എന്നുള്ള ആപ്തവാക്യത്തിന്റെ അർത്ഥം അദ്ദേഹം ഗ്രഹിച്ചിരുന്നതേയില്ല. അനവധി പണം അന്യായമായി ആർജ്ജിച്ച് ഒടുവിൽ അതെല്ലാം വിട്ടുംവച്ച് ആ രാജാവു പരേതനായി നരകത്തിലേക്കു പോയി അവിടെ പല യാതനകളും അനുഭവിച്ചുകൊണ്ടിരുന്നു. ആയിടയ്ക്ക് ഒരുദിവസം യമധർമ്മരാജാവിന്റെ രാജധാനി മുഴുവൻ ബഹുഭംഗിയായി അലങ്കരിക്കുന്നതും അവിടെ ആർക്കുകൾ, കുലവാഴകൾ, തോരണങ്ങൾ, കൊടിക്കൂറകൾ മുതലായവ കെട്ടിക്കുന്നതുംകണ്ട് അതെന്തിനാണ് എന്നു രാജാവു ചോദിക്കുകയും മഹാധർമ്മിഷ്ഠയും മഹാപുണ്യവതിയുമായ മങ്കമ്മാൾ സ്വർഗ്ഗത്തിലേക്കു പോകുന്നവഴിക്കു നരകം സന്ദർശിക്കുവാൻ വരുന്നതിനാൽ ആ ഒരുക്കങ്ങൾ ചെയ്കയാണെന്നു യമകിങ്കരന്മാർ മറുപടിപറകയുംചെയ്തു. ആ സന്ദർഭത്തിൽ ഒരു യമദൂതൻ അബദ്ധത്തിൽ നരകത്തിലേക്കു കൊണ്ടുപോയി തിരിയേ വിടേണ്ടിവന്ന തന്റെ പ്രജാസഞ്ചയത്തിൽ ഒരുവനെ രാജാവിനു കാണ്മാൻ ഇടവരികയും അയാളോടു രാജാവ് ആ അത്ഭുതചരിത്രംമുഴുവൻ പറഞ്ഞുകേൾപ്പിച്ച് അന്നു മൈസൂർരാജ്യഭാരം ചെയ്തുകൊണ്ടിരുന്ന തന്റെ പുത്രനും മങ്കമ്മാളെപ്പോലെ ധർമ്മിഷ്ഠനാകണമെന്നു ഉപദേശിക്കയുംചെയ്തു. ഒരു കോമരത്തിന്റെ വേഷത്തിൽ രാജപ്രണിധി പിതാവിന്റെ ഉപദേശം പുത്രനെ ധരിപ്പിച്ചു. ആദ്യം ആ സന്ദേശം പുത്രൻ വിശ്വസിച്ചില്ലെങ്കിലും ഉടൻതന്നെ മങ്കമ്മാൾ ഇഹലോകവാസം വെടിഞ്ഞതായുള്ള വർത്തമാനം അറിവാൻ ഇടവരികയാൽ അതിൽ എന്തോ സത്യമുണ്ടെന്നുതോന്നി പിതൃവാക്യത്തെ ശിരസാവഹിച്ചു മഹാദാതാവും പരമധാർമ്മികനുമായിത്തീർന്നു. ഇതിൽ അതീന്ദ്രിയജ്ഞാനസംബന്ധമായി വല്ലതുമുണ്ടോ അതോ മുഴുവൻ വെളിച്ചപ്പാടിന്റെ പൊടിക്കൈയോ എന്നു നിശ്ചയമില്ല. ഏതായാലും കാര്യം ഭംഗിയായി കലാശിക്കുകയും മൈസൂർ അന്നുമുതൽ കുറേക്കാലം ദാനത്തിനു കേൾവിപ്പെടുകയുംചെയ്തു.

ഭാരതഭൂമിയുള്ള കാലത്തോളം മങ്കമ്മാളുടെ പാവനമായ നാമധേയവും ദൈജ്ജ്വല്യത്തോടുക്രൂടി പരിലസിക്കുന്നതാണ്. "കീർത്തിരേവ ഗരീയസീ." സംശയമില്ല. ആ കീർത്തിക്കു സ്മൃതിഗേഹം സൽക്കൃത്യമല്ലാതെ മറെറന്താണ്? ഒന്നുമില്ലതന്നെ.

1093 കന്നി. ശാരദ.

Digitized By Kerala Sahitya Akademi

18 പൈയൂർമഹർഷി.

കൊല്ലം ഏഴാംശതകത്തിന്റെ ആരംഭത്തിൽ കേരളം രക്ഷിച്ചിരുന്ന ശക്തൻസാമൂതിരിപ്പാട്ടുതമ്പുരാൻ ഒരു വിദ്വജ്ജനപക്ഷപാതിയും വിജ്ഞാനഭണ്ഡാരവുമായിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ പണ്ഡിതസദസ്സിനേയും അതിന്റെ അങ്ഗങ്ങളായിരുന്ന പതിനെട്ടരക്കവികളേയും പററി കേട്ടിട്ടില്ലാത്ത ഭാഷാഭിമാനികൾ അപൂർവ്വമായിരിക്കും. ഈ പതിനെട്ടരക്കവികളിലെ അരക്കവിയാണ് മണിപ്രവാളകവിവേധസ്സായ പുനംനമ്പൂരി. ഇവരുടെ കൂട്ടത്തിൽ അത്യധികം പ്രശസ്തിയോടുകൂടി ശോഭിച്ചിരുന്ന രണ്ടു ഉജ്ജ്വലരത്നങ്ങളാണ് ഉദ്ദണ്ഡശാസ്ത്രികളും കാക്കശ്ശേരിഭട്ടതിരിയും. ഭട്ടതിരിയുടെ യഥാർത്ഥനാമധേയം ദാമോദരൻ എന്നായിരുന്നു. ഈ മഹാസദസ്സിലെ അദ്ധ്യക്ഷപീഠം അലങ്കരിച്ചുവന്നതു് 'ഋഷി' അഥവാ 'മഹർഷി' എന്ന പാവനബിരുദത്താൽ പ്രശോഭിതനായ പൈയൂർ (അച്ഛൻ) ഭട്ടതിരിപ്പാട്ടത്തായിരുന്നു. ആ പുണ്യശ്ലോകൻ ഒരു വൈദികചൂഡാമണിയും ശാസ്ത്രവാചസ്പതിയും സാഹിത്യമർമ്മവേദിയും ആയിരുന്നതായി കാണുന്നു. വിഭിന്നമതസരികളെങ്കിലും പരസ്പരം നിരതിശയമായ സ്നേഹബഹുമാനങ്ങളോടുകൂടി പെരുമാറിവന്ന ഉദ്ദണ്ഡനും കാക്കശ്ശേരിയും മഹർഷിയുടെ അപദാനങ്ങളെ അഹമഹമികയാ അനുകീർത്തനംചെയ്തിട്ടുണ്ടു്. അവരുടെ പ്രശസ്തിപദ്യങ്ങളിൽ ഏതാനും ചിലതു് ഉദ്ധരിച്ചു ഭട്ടതിരിയുടെ മഹിമാതിശയത്തെ ദിങ്മാത്രമായി പ്രദർശിപ്പിക്കുന്നതിനാകുന്നു ഞാൻ ഈ ലേഖനദ്വാരാ ഉദ്യമിക്കുന്നതു്. ശാസ്ത്രികളും ഭട്ടതിരിയും മാത്രമല്ല പതിനെട്ടരമഹാകവികളും പലപ്പോഴും പൈയൂർമനയ്ക്കൽ ഒന്നിച്ചുകൂടുകയും സാഹിത്യവിഹാരത്തിലും ശാസ്ത്രവിചാരത്തിലും ഏർപ്പെടുകയുംചെയ്തുവന്നതായി ഐതിഹ്യം ഘോഷിക്കുന്നുണ്ടു്. ഉദ്ദണ്ഡന്റെ ക്രിയാശ്ലേഷത്തിന്നുദാഹരണമായ ഒരൊററശ്ലോകമാണു് താഴെ കാണുന്നതു്.

"ദാനേചകല്പവൃക്ഷം
സർവ്വജ്ഞതേ‌ച ചന്ദ്രഖണ്ഡധരം
പൈയൂരാഢ്യ! മഹർഷേ!
കവിതാമാർഗ്ഗേച കാളിദാസ! ത്വാം."

മല്ലികാമാരുതത്തിലും ആ മഹാകവി മഹർഷിയെ

"ഉദ്ദണ്ഡം രംഗനാഥസ്സതമലഭത യം
രംഗദേവീ തഥാംബാ
ത്രൈവിദ്യേശോ മഹർഷിന്നിരവധിമഹിമാ
യദ്ഗിരോ ജംഗമശ്രീഃ

Digitized By Kerala Sahitya Akademi

തസ്യ ശ്രീവിക്രമാജ്ഞാബദ്ധമതിരചിതേ
മല്ലികാമാരുതേസ്മിൻ
സദ്യഃ പ്രാഗാദ്ദശാനാം പ്രകരണതിലകേ
നിഷ്കളങ്കോയമങ്കഃ."

എന്ന പദ്യത്തിൽ കൃതജ്ഞതയോടുകൂടി പ്രശംസിക്കുന്നുണ്ട്. തന്റെ പിതാവായ രംഗനാഥനും മാതാവായ രംഗാംബയ്ക്കുമപ്പുറം അദ്ദേഹത്തിന്റെ സ്മൃതിപഥത്തെ പ്രവേശിക്കുന്നതു തന്റെ ഹിതത്തിൽ ജാഗരൂകത പ്രദർശിപ്പിച്ചുവന്ന ത്രൈവിദ്യേശനായ ഈ മഹർഷിയാണ്.

കോകിലസന്ദേശത്തിലും ശാസ്ത്രികൾ മഹർഷിയെ അനുസ്മരിക്കുന്നുണ്ട്.

"കിഞ്ചിൽപൂർവ്വാരണഖളഭുവി ശ്രീമദധ്യക്ഷയേഥാ-
സ്തന്മീമാംസാദ്വയകുലഗുരൊസ്സത്മ പുണ്യം മഹർഷേഃ
വിദ്വദ്വൃന്ദേ വിവദിതുമനസ്യാഗതേ യത്ര ശശ്വ-
ദ്വ്യാഖ്യാശാലാവളഭിനിലയസ്തിഷ്ഠതേ കീരസംഘഃ.

ശാസ്ത്രവ്യാഖ്യാ ഹരിഹരകഥാ സൽകഥാദ്യാഗതാനാ-
മാലാപോ വാ യദി സഹ ബുധൈരാക്ഷിപേദസ്യ ചേതഃ
തദ്വിസ്രബ്ധദ്വിജപരിവൃതേ നിഷ്കുടാദ്രൌ നിഷണ്ണഃ
കോക്രൂയേഥാഃ; സഖലു മധുരാം സൂക്തിമാകർണ്യ തുഷ്യേൽ.

ശ്ലാഘ്യച്ഛന്ദസ്ഥിതിമയി മയാ ശോഭനേത്ഥേ നിയുക്തം
ശ്രാവ്യം ശബ്ദൈസ്സരസസുമനോഭാജമഭ്രാന്തവൃത്തിം
ദൂരപ്രാപ്യം പ്രശിഥിലമിവ ത്വാം സഖേ കാവ്യകല്പം
ധീമാൻ പശ്യേൽ സയദി നനു തേ ശുദ്ധ ഏവ പ്രചാരഃ."

പോക്കളം എന്ന സ്ഥലത്തെയാണ് പൈയൂർമന അലങ്കരിച്ചിരുന്നത്. മഹർഷി പൂർവ്വമീമാംസയിലും ഉത്തരമീമാംസയിലും ഒന്നുപോലെ നിഷ്ണാതനായിരുന്നു എന്നും ശാസ്ത്രവാദത്തിനായി അവിടെ ചെല്ലുന്ന വിദ്വാന്മാരെ ആ മനയ്ക്കലെ കിളികൾപോലും മടക്കിവിട്ടിരുന്നു എന്നും മധുരമായ സൂക്തികേട്ടാൽ ആനന്ദിക്കുക എന്നുള്ളത് അദ്ദേഹത്തിന്റെ ധർമ്മമായിരുന്നു എന്നും ഏതു കാവ്യത്തിനും കേരളത്തിൽ ശുദ്ധമായ പ്രചാരം വേണമെങ്കിൽ അദ്ദേഹത്തിന്റെ അഭിനന്ദനം ആവശ്യകമായിരുന്നു എന്നും ഈ പദ്യങ്ങളിൽനിന്നു കാണാവുന്നതാണ്. മഹർഷിയുടെ പുത്രനായ പരമേശ്വരഭട്ടതിരിയും ഉദ്ദണ്ഡന്റെ പ്രിയസുഹൃത്തായിരുന്നു. മല്ലികാമാരുതത്തിൽ പരമേശ്വരഭട്ടതിരി ഉദ്ദണ്ഡനു നല്കിയ ഒരു പ്രശംസാപദ്യംകൂടി ഉദ്ധരിച്ചുകാണുന്നുണ്ട്. താഴെക്കാണുന്ന ശ്ലോകത്തിൽനിന്നു മാനവിക്രമാഭിധാനനായ കോഴിക്കോട്ടു സാമൂതിരിപ്പാടിലെ നിദേശമനുസരിച്ചാണ് ഉദ്ദണ്ഡൻ മല്ലികാമാരുതം നിർമ്മിച്ചതെന്നു വിശദമാകുന്നുണ്ട്.

"ശ്രീമന്നുദ്ദണ്ഡ!, വിദ്വൻ! നിശമയ വചനം മാമകം കാമദോഗ്ധ്രീ
വാണീ നാണീയസീ തേ നനു വരകവിതാഭൂഷിതോ വാഗ്വിലാസഃ

Digitized By Kerala Sahitya Akademi

തസ്മാദഹായ സമ്യക് പ്രകരണമതുലം മല്ലികാമാരുതാഖ്യം
കിഞ്ചിദ്വ്യഞ്ജൻ രസാർദ്രം വിരചയ വിധിനാ സൽകവേ സൽക്രിയാമേ."

തദനന്തരമാണ് മുൻപു ഞാൻ സൂചിപ്പിച്ച പരമേശ്വരഭട്ടതിരിയുടെ പ്രശംസാപത്രം ചേർത്തിരിക്കുന്നത്. ഉദ്ദണ്ഡനെ തുടർന്നു പ്രസ്താവിക്കുന്നു.

"കഥിതമപ്യേതന്മീമാംസകചക്രവർത്തിനാ മഹർഷിപുത്രേണ.
"വേദേ സാദരബുദ്ധിരുദ്ധതതരേ തർക്കേ പരം കർക്കശഃ
ശാസ്ത്രേ ശാന്തമതിഃ കലാസു കുശലഃ കാവ്യേഷു ഭവ്യാദയഃ
ശ്ലാഘ്യസ്സൽകവിതാസു ഷട്സ്വപി പടുർഭാഷാസു സത്വം ക്ഷിതൌ
സർവ്വോദ്ദണ്ഡകവിപ്രകാണ്ഡ! ഭവതേ കസ്മൈ ന വിസ്മേരതാം?

കാക്കശ്ശേരി ഭട്ടതിരിയും തന്റെ വസുമതീവിക്രമംനാടകത്തിൽ മഹർഷിയെ ഭക്തിപൂർവ്വം വന്ദിക്കുന്നു.

"യസ്മിൻ പ്രീണാതി വാണീകരതലവിലസദ്വല്ലകീതൌല്യഭാജാം
സ്തോതാ വാതാശനാധീശ്വരവിശദശിരഃകമ്പസംഭാവിതാനാം
വാചാം മോചാമധൂളീപരിമളസുഹൃദാം സർവ്വദാ നൈഗമാധ്വ-
ശ്രദ്ധാലുഃ കേരളക്ഷ്മാതലതിലകമൃഷിസ്സാഹിതീപാരദൃശ്വാ."

എന്നപദ്യത്തിൽ ഭട്ടതിരി അദ്ദേഹത്തെ മഹാകവിയെന്നും നിഗമാധ്വാവിങ്കൽ ശ്രദ്ധാലു എന്നാലും കേരളതിലകമെന്നും സാഹിതീപാരദൃശ്വാവെന്നും മററും പ്രശംസിച്ചിരിക്കുന്നതു നോക്കുക.

ഇങ്ങനെയുള്ള മഹാനുഭാവന്മാരായ കേരളബ്രാഹ്മണർ—ശങ്കരാചാര്യസ്വാമികളുടെ കുലമഹിമ പലപ്രകാരത്തിലും പാലിച്ചുംകൊണ്ടു പോകുന്നതിനു വേണ്ട പ്രതിഭയും പാണ്ഡിത്യവും തികഞ്ഞ സന്താനങ്ങൾ—ചിലപ്പൊ ഓരോ പുരുഷാന്തരത്തിലും ധാരാളമുണ്ടായിരുന്നു.

Digitized By Kerala Sahitya Akademi

19. പ്രാചീനാൎയ്യാവൎത്തത്തിലെ വിദ്യാഭ്യാസം.

മനുഷ്യനെ തിൎയ്യക്കുകളിൽനിന്നു വേർതിരിക്കുന്നതു പ്രജ്ഞയാണെന്നും ആ പ്രജ്ഞാരത്നം പ്രകാശിക്കണമെങ്കിൽ ശിക്ഷാരൂപമായ ശാണഘൎഷണം അത്യാവശ്യകമാണെന്നും ആൎക്കും അറിവുള്ളതാണു്. ഇൻഡ്യാമഹാരാജ്യത്തിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസത്തിന് ഏതാനും ചില ഗുണങ്ങൾ ഇല്ലെന്നില്ലെങ്കിലും, അവയോടുകൂടി പല ദോഷങ്ങളും സങ്കീൎണ്ണമായി കിടക്കുന്നതിനാൽ ആ ദോഷങ്ങളെ പരിഹരിക്കാതെ രാജ്യത്തിനു ശാശ്വതമായ ഐശ്വൎയ്യം സിദ്ധിക്കുകയില്ലെന്നു ജനങ്ങൾ മുക്തകണ്ഠം മുറവിളികൂട്ടിത്തുടങ്ങീട്ടു കാലം കുറെയായിട്ടുണ്ടു്. ഈ അവസരത്തിൽ നമ്മുടെ പൂൎവ്വികന്മാരുടെ ഇടയിൽ പ്രചരിച്ചുവന്ന വിദ്യാഭ്യാസത്തിന്റെരീതി എന്തായിരുന്നു എന്നു ദിങ്മാത്രമായി ഒന്നു പരിശോധിക്കുന്നതു രസാവഹവും വിജ്ഞാനപ്രദവുമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പ്രാചീനാൎയ്യന്മാർ വിദ്യാവിഷയത്തിൽ അത്യുൽകൃഷ്ടമായ ഒരു സ്ഥാനത്തെ പ്രാപിച്ചിരുന്നു എന്നുള്ളതു സൎവ്വസമ്മതമാണു്. ഇന്നു പരിഷ്കാരസൂൎയ്യന്റെ പ്രകാശത്താൽ ശോഭിക്കുന്ന പല പാശ്ചാത്യരാജ്യങ്ങളും അന്നു ഗാഢാന്ധകാരത്തിൽ ആണ്ടുകിടന്നിരുന്ന കഥ പോകട്ടെ; ഇക്കാലത്തെ മാനദണ്ഡംകൊണ്ടു് അളക്കുകയാണെങ്കിൽതന്നെ വാല്മീകിയെക്കാൾ വന്ദ്യനായ ഒരു കവിയേയോ പതഞ്ജലിയേക്കാൾ വിശിഷ്ടനായ ഒരു വൈയാകരണനേയോ ശങ്കരാചാൎയ്യരെക്കാൾ പൂജ്യനായ ഒരു ശാസ്ത്രകാരനേയോ നാം ലോകത്തിൽ ഒരിടത്തും കാണുന്നില്ലല്ലോ. ആ മഹാപുരുഷന്മാരെ ആ നിലയിലൊക്കെയും കൊണ്ടുചെന്നെത്തിച്ച വിദ്യാഭ്യാസരീതിയുടെ മാഹാത്മ്യം വിശേഷോത്തരമാണെന്നു് ആൎക്കും സമ്മതിച്ചേ കഴിയൂ. അതിന്റെ ഏറ്റവും സംക്ഷിപ്തമായ ഒരു നിരൂപണമാണു് പ്രകൃതവിഷയം.

ബ്രഹ്മചൎയ്യത്തെപ്പററി ഋഗ്വേദത്തിലും അഥൎവ്വവേദത്തിലും കാണുന്ന സൂചനകളിൽനിന്നു വൈദികകാലത്തിന്റെ ആരംഭത്തിൽതന്നെ ഈ ഏൎപ്പാടു നടപ്പിൽവന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു. ബ്രഹ്മപദത്തിനു വേദമെന്നൎത്ഥമാകയാൽ വേദപാഠംചെയ്യുന്നവൻ ബ്രഹ്മചാരി എന്ന അഭിധാനത്തിന് അൎഹനായിത്തീൎന്നു. മത്സ്യപുരാണത്തിൽ മന്ത്രദ്രഷ്ടാക്കളായി തൊണ്ണൂറെറാന്നു മഹൎഷിമാരെപ്പററി പറയുന്നുണ്ടു്. വൈദികകാലത്തിൽതന്നെ വേദങ്ങൾ അൎത്ഥത്തോടുകൂടിയോ കൂടാതെയോ പഠിക്കേണ്ടതു് എന്നുള്ളതിനെപ്പററി പല വാദങ്ങളും ഉണ്ടായിരുന്നു. വൈദികന്മാരിൽ ചിലർ സാക്ഷരപാഠംകൊണ്ടുമാത്രം തൃപ്തന്മാരായിരുന്നതായി കാണുന്നുണ്ടു്. അവ

Digitized By Kerala Sahitya Akademi

രുടെ മതം അബദ്ധമാണെന്നും സാൎത്ഥാക്ഷരപാഠംതന്നെയാണ് കാൎയ്യമായിട്ടുള്ളതെന്നും യാസ്കൻ ബലമായി സിദ്ധാന്തിക്കുന്നു.

"സ്ഥാണുരയം ഭാരവാഹഃ കിലാഭൂൽ
അധീത്യ വേദാൻ ന വിജാനാതി യോൎത്ഥം.
അൎത്ഥജ്ഞ ഇത് സകലംഭദ്രമശ്നുതേ
നാകമേതി ജ്ഞാനവിധൂതപാപ്മാ."

യാസ്കന്റെ ഈ അഭിപ്രായത്തോടു പൂൎണ്ണമായി യോജിച്ചതുതന്നെയാണ് പതഞ്ജലിയുടേയും നില.

"യദധീതമവിജ്ഞാതം
നിഗദേനൈവ ശബ്ദ്യതേ
അനഗ്നാവിവ ശുഷ്കേന്ധൌ
ന തജ്ജ്വലതി കേവലം."

എന്നുള്ള അദ്ദേഹത്തിന്റെ മതം സൎവ്വഥാ ആദരണീയമാണെന്നുള്ളതിനു സംശയമില്ല. സാക്ഷരപാഠത്തിനുതന്നെയും സ്ഥാനകരണനാദാനുപ്രദാനാദികളിൽ നിശ്ചയമുള്ള ഒരദ്ധ്യാപകന്റെ സാഹായ്യം ആവശ്യകമാണെന്നു വരുമ്പോൾ സാൎത്ഥാക്ഷരപാഠത്തിന് ആ സാഹായ്യം എത്രമാത്രം അപരിഹരണീയമാണെന്നുള്ളത് അനുക്തസിദ്ധമാണല്ലോ.

അദ്ധ്യാപനം മൂന്നുതരത്തിലാണെന്നാത്രേ ഹാരീതന്റെ മതം.

"അദ്ധ്യാപനം ച ത്രിവിധം
ധൎമ്മാൎത്ഥമൃക്ഥകാരണം
ശുശ്രൂഷാകാരണം ചേതി
ത്രിവിധം പരികീൎത്തിതം."

എന്നാണ് ആ സ്മൃതികൎത്താവിന്റെ വാക്യം. അദ്ധ്യാപനം ധൎമ്മത്തെ പുരസ്കരിച്ചും പണത്തിനുവേണ്ടിയും ശുശ്രൂഷയെ ഉദ്ദേശിച്ചും ഇങ്ങനെ മൂന്നു വിധത്തിലാകാം. ഈ നിലയ്ക്ക് അദ്ധ്യാപകന്മാരും, ആചാൎയ്യൻ, ഉപാദ്ധ്യായൻ എന്നു രണ്ടുപ്രകാരത്തിലുണ്ടെന്നു വിഷ്ണു എന്ന മറ്റൊരു സ്മൃതികാരൻ പറയുന്നു. അവരിൽ ആചാൎയ്യൻ ഉപാദ്ധ്യായനെക്കാൾ ശ്രേഷ്ഠനായിരുന്നു.

"ഉപനീയതു യഃ ശിഷ്യം
വേദമദ്ധ്യാപയേദ്ദ്വിജഃ
സകല്പം സരഹസ്യം ച
തമാചാൎയ്യം പ്രചക്ഷതേ."

"ഏകദേശം തു വേദസ്യ
വേദാംഗസ്യാപി വാ പുനഃ

Digitized By Kerala Sahitya Akademi

യോദ്ധ്യാപയതി വൃത്യർത്ഥ-
മുപാദ്ധ്യായസ്സ ഉച്യതേ.”

വേദത്തിൻെറ ഏകദേശമോ വേദാംഗമോ പഠിപ്പിക്കുക എന്നത് ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നവനാണ് ഉപാദ്ധ്യായൻ. ആചാര്യ്യ പദത്തിന് —

“ആചിനോതി ഹി ശാസ്ത്രാർത്ഥാ-
നാചാരേ സ്ഥാപയത്യപി
സ്വയമാചരതേ യസ്മാ-
ദാചാര്യ്യസ്തേന കത്ഥ്യതേ.”

ഇങ്ങനെ മററൊരുപ്രകാരത്തിലും നിർവ്വചനം കാണുന്നുണ്ട്. ഗുരു ഈ രണ്ടു വകക്കാരിൽനിന്നും ഭിന്നനായിരുന്നു.

“നിഷേകാദീനി കർമ്മാണി
യഃ കരോതി യഥാവിധി
സംഭാവയതി ചാന്നേന
സ വിപ്രോ ഗുരുരുച്യതെ”

“ഗൃ നിഗരണേ” എന്ന ധാതുവിൽനിന്നുണ്ടായ ഗുരുശബ്ദത്തിന് അജ്ഞാനത്തെ നശിപ്പിക്കുന്നവൻ എന്ന അർത്ഥം സിദ്ധിച്ചു. ഈ അർത്ഥത്തെത്തന്നെ ഭംഗ്യന്തരേണ

“ഗുശബ്ദോഹ്യന്ധകാരഃ സ്യാ-
ദ്രുശബ്ദസ്തന്നിരോധകഃ
അന്ധകാരനിരോധിത്വാൽ
ഗുരുരിത്യഭിധീയതേ.”

എന്ന പദ്യത്തിൽ വിവരിച്ചിരിക്കുന്നു.

അദ്ധ്യയനകാലത്തെ സ്മൃതികർത്താക്കന്മാർ പലവിധത്തിൽ ഗണിച്ചിട്ടുണ്ടെങ്കിലും ആര്യ്യന്മാൎക്ക് എട്ടുവയസ്സുമുതൽ ഇരുപത്തിനാലുവയസ്സുവരെ വിദ്യാഭ്യാസം വിധിച്ചിരുന്നു എന്നു മൊത്തത്തിൽ പറയാവുന്നതാണ്. ഛാന്ദോഗ്യോപനിഷത്തിൽ ശ്വേതകേതുവിൻെറ വിദ്യാഭ്യാസം പന്ത്രണ്ടാംവയസ്സിൽ ആരംഭിച്ചതായിട്ടാണ് പറഞ്ഞുകാണുന്നത്. പക്ഷേ, വയസ്സുചെന്നതിനു മേലാണ് ഒരുവനു വിദ്യാഭ്യാസത്തിനു യോഗം സിദ്ധിക്കുന്നതെങ്കിൽ അതിനും നിഷേധമില്ലെന്നു ബൃഹദാരണ്യകോപനിഷത്തിൽ ആരുണിയുടെ കഥയിൽനിന്നു നാം ഗ്രഹിക്കുന്നു.

ശിഷ്യന്മാർ ചുരുങ്ങിയപക്ഷം ഒരു വേദമെങ്കിലും സാംഗമായും സരഹസ്യമായും അഭ്യസിക്കേണ്ടിയിരുന്നു. അതു പന്ത്രണ്ടുകൊല്ലത്തെ പഠി

Digitized By Kerala Sahitya Akademi

ത്തംകൊണ്ടേ സാദ്ധ്യമായിരുന്നുള്ളു. ഇരുപത്തിനാലോ, മുപ്പത്തിരണ്ടോ, മുപ്പത്താറോ വഷം തുടൎന്നു പഠിക്കുന്നവരും ഇല്ലാതിരുന്നില്ല. മററുചിലർ യാവജ്ജീവം ശിഷ്യന്മാരായി കഴിച്ചുകൂട്ടിവന്നു. അവരുടെ ജീവിതം (ആന്തം (അവസാനംവരെ) ആചാൎയ്യാധീനമാണെന്നു ഗൌതമൻ പറയുന്നു. അവരെ നൈഷ്ഠികബ്രഹ്മചാരികൾ എന്നു വിളിച്ചുവന്നു.

വേദപാഠം മാത്രമേ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നുള്ളൂ. പിന്നീട ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യൌതിഷം ഈ ആറു വേദാംഗങ്ങളുടെ പഠനംകൂടി പ്രചുരപ്രചാരമായിത്തീൎന്നു. പതഞ്ജലിയുടെ കാലത്തിൽ ഈ വേദാംഗങ്ങളിൽ—പ്രത്യേകം വ്യാകരണത്തിൽ—ശിഷ്യന്മാൎക്ക് അഭിരുചി കുറഞ്ഞുവന്നതായി ഊഹിക്കുന്നതിനു പല ലക്ഷ്യങ്ങളുമുണ്ട്. "പണ്ടത്തെക്കാലത്തിൽ ഉപനയനത്തിനുമേൽ ബ്രാഹ്മണരെ വ്യാകരണം പഠിപ്പിക്കുക പതിവായിരുന്നു. ഇപ്പോൾ അങ്ങനെയൊന്നുമില്ല. വേദം പഠിച്ചുകഴിഞ്ഞ ഉടൻതന്നെ അവർ,

വേദാന്നോ വൈദികാശ്ശബ്ദാഃ
സിദ്ധാ ലോകാച്ച ലൌകികാഃ
അനർത്ഥകം വ്യാകരണം

എന്നു പറഞ്ഞുതുടങ്ങുന്നു" എന്നുംമററും ഭാഷ്യകാരൻ അന്നത്തെ ശിഷ്യന്മാരെ സരസമായി അധിക്ഷേപിക്കുന്നുണ്ട്. അനന്തരകാലങ്ങളിൽ സാംഖ്യയോഗാദിശാസ്ത്രങ്ങളും ചതുഷ്ഷഷ്ടികലകൾ കൂടിയും പാഠവിഷയങ്ങളായിത്തീൎന്നു. ഛാന്ദോഗ്യോപനിഷത്തിൽ നാരദൻ സനൽക്കുമാരനോടു തനിക്കു പല ശാസ്ത്രങ്ങളിലും അവഗാഹമുണ്ടായിരുന്നതായി പ്രസ്താവിക്കുന്നുണ്ട്. സൂത്രകാരന്മാരും സ്മൃതികാരന്മാരും ശിഷ്യൎക്കു വേണ്ടതായി പറയുന്ന പ്രധാനഗുണങ്ങൾ ശാന്തി, വിനയം, ആൎജ്ജവം, ശ്രദ്ധ, ഭക്തി, ഗ്രഹണപാടവം, സദാചാരം ഇവയാണ്. ഇന്ദ്രിയനിഗ്രഹത്തോടുകൂടിയുള്ള ഗുരൂപസപ്പണത്തിൽ പ്രാചീനന്മാർ പ്രത്യേകം ദൃഷ്ടിവച്ചിരുന്നു.

"ശാസ്ത്രായ ഗുരുസംയോഗഃ;
ശാസ്ത്രം വിനയവൃദ്ധയേ."

എന്നു കാമന്ദകി പറയുന്നു. ആചാൎയ്യനെ വേണ്ടവിധത്തിൽ ശുശ്രൂഷിച്ചാലല്ലാതെ വിദ്യ ഒരിക്കലും ശിഷ്യനെ പ്രാപിക്കുന്നതല്ല.

"ഖനസ്ഥിതം യഥാ തീരം
സരജ്ജുരധിഗച്ഛതി
ഗുരൌ സ്ഥിതാം തഥാ വിദ്യാം
ശുശ്രൂഷുരധിഗച്ഛതി."

എങ്ങനെ കിണററിനടിയിൽ കിടക്കുന്ന വെള്ളം കയറു കൈയിലുള്ളവനു കോരുവാൻ സാധിക്കുമോ അതുപോലെ ഗുരുവിലുള്ള വിദ്യ ശിഷ്യനു

Digitized By Kerala Sahitya Akademi

ശുശ്രൂഷയാൽ മാത്രമേ ഗ്രഹിക്കുവാൻ സാധിക്കുന്നുള്ളു. ഗുരുവിന് എന്തെങ്കിലും ദോഷങ്ങളുണ്ടെങ്കിൽതന്നെയും അവയെ മറയ്ക്കേണ്ടതു ശിഷ്യന്റെ ധർമ്മമായിരുന്നു. അതിനാലാണ് അവനു ഛാത്രൻ എന്ന നാമം സിദ്ധിച്ചതു്.

വിദ്യാഭ്യാസകാലം മുഴുവൻ ശിഷ്യൻ ആചാര്യന്റെ ഗൃഹത്തിൽ തന്നെ താമസിക്കേണ്ടിയിരുന്നു. ഗുരുകുലവാസം ആർക്കും ഒഴിക്കത്തക്കതായിരുന്നില്ല. ഏതു നിലയിലുള്ള ശിഷ്യനും ആചാര്യശുശ്രൂഷ അപേക്ഷിതമായിരുന്നു. കൃഷ്ണമൃഗത്തോലുടുത്തു, തലവളർത്തി, ആചാര്യനു കാട്ടിൽനിന്നു വിറകുംമററും കൊണ്ടുവന്നുകൊടുത്തു്, ആചാര്യന്റെ പൈക്കളെ തീററി, ഭിക്ഷാന്നം യാചിച്ചു്, അതിനേയും ആചാര്യന്റെ മുമ്പാകെവച്ചു്. ആചാര്യഭക്ഷണാനന്തരം ഭക്ഷിച്ചു്. ആചാര്യൻ ഉറങ്ങിയതിനുമേൽ ഉറങ്ങിയിരുന്ന അന്നത്തെ ശിഷ്യന്മാർക്കു സന്മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുവാൻ യാതൊരു സൌകര്യവുമുണ്ടായിരുന്നില്ല. പകലുറങ്ങരുതു്, കിടക്കമേൽ കിടക്കരുതു്, സുഗന്ധദ്രവ്യങ്ങൾ പെരുമാററരുതു്, നാടകം കാണരുതു്, സഭകളിൽ പോകരുത്, കുടയും ചെരിപ്പും ഉപയോഗിക്കരുത്. സ്ത്രീകളെ നോക്കരുത്. ജന്തുക്കളെ ഉപദ്രവിക്കരുത്, ഇത്യാദിയായി പല നിബന്ധനകളും ആപസ്തംബാദി സൂത്രകാരന്മാർ ഏർപ്പെടുത്തുകയും, ശിഷ്യന്മാർ അവയെ അനുസരിച്ചു നടക്കുകയും ചെയ്തുവന്നു.

"അഹേരിവ ഗണാൽ ഭീതോ
മൃഷ്ടാന്നാൽ സവിഷാദിവ
രാക്ഷസീഭ്യ ഇവസ്ത്രീഭ്യഃ
സ വിദ്യാമധിഗച്ഛതി."

എന്നുള്ള പദ്യത്തിന്റെ താൽപര്യം നോക്കുക.

പാമ്പിനെപ്പോലെ സംഘത്തെ ഭയപ്പെടണം; വിഷാന്നത്തെപ്പോലെ മൃഷ്ടാന്നത്തെ ഭയപ്പെടണം; രാക്ഷസികളെപ്പോലെ സ്ത്രീകളെ ഭയപ്പെടണം. പിന്നെയെങ്ങനെയാണ് വിദ്യയെ വശമാക്കുവാൻ സാധിക്കാതെ തീരുന്നതു്! ശിഷ്യൻ ആചാര്യനെ ഈശ്വരനെപ്പോലെ കരുതിയിരുന്നു. "മാതൃദേവോ ഭവ; പിതൃദേവോ ഭവ; ആചാര്യദേവോ ഭവ." എന്നു തൈത്തിരീയോപനിഷത്തു ഘോഷിക്കുന്നു. ആചാര്യൻ മാതാപിതാക്കന്മാരെക്കാൾ ശ്രേഷ്ഠനാണെന്ന് ആപസ്തംബൻ ഉപന്യസിക്കുന്നു. "സ ഹി വിദ്യാതസ്തം ജനയതി; തച്ഛ്രേഷ്ഠം ജന്മ. ശരീരമേവ മാതാപിതരൌ ജനയതഃ." എന്നാണു് അദ്ദേഹത്തിന്റെ ഉപപത്തി.

"ഉപാദ്ധ്യായാദ്ദശാചാര്യ-
ആചാര്യാണാം ശതം പിതാ
പിതുർദശഗുണം മാതാ
ഗൌരവേണാതിരിച്യതെ.''

എന്നുള്ള വസിഷ്ഠമതത്തെ ഖണ്ഡിച്ചു ഗൌതമൻ "ആചാര്യഃ ശ്രേഷ്ഠോ ഗുരൂണാം; മാതേത്യേകേ." എന്ന വാക്യങ്ങളാൽ സ്വമതത്തെ സ്ഥാപിക്കുന്നു.

Digitized By Kerala Sahitya Akademi

പഞ്ചഗുരുക്കന്മാരിൽവച്ച് ആചാര്യൻതന്നെയാണ് ശ്രേഷ്ഠനെന്ന സ്മൃതികർത്താക്കന്മാർ തീരുമാനിച്ചിട്ടുണ്ട്.

"ഹിതം തസ്യാചരേന്നിത്യം
മനോവാക്കായകർമ്മഭിഃ."

എന്ന യാജ്ഞവല്ക്യനും

"യുക്തസ്തൽപ്രിയഹിതയോഃ"

എന്ന ഗൌതമനും പറയുന്നു.

ആചാര്യന്റെ കർത്തവ്യകർമ്മങ്ങൾ ഗൌരവമേറിയവയായിരുന്നു.

"സുദാന്തസ്സുമുഖസ്സ്വച്ഛഃ
സുശീലോ ബഹുശാസ്ത്രവിൽ
ആസംശയസ്സംശയേ തു
നിരപേക്ഷോ ഗുരുർമ്മതഃ."

എന്ന ലക്ഷണശ്ലോകത്തിൽനിന്ന സാമാന്യന്മാക്കൊന്നും ആ പദവി ലഭിക്കുന്നതല്ലെന്ന നമുക്ക മനസ്സിലാക്കാവുന്നതാണ്. ആചാര്യൻ ശിഷ്യനെ പുത്രനെപ്പോലെ വിചാരിച്ചു തനിക്കറിവുള്ള വിദ്യ മുഴുവൻ യാതൊന്നും മറച്ചുവയ്ക്കാതെ പഠിപ്പിക്കേണ്ടതാണെന്ന് ആപസ്തംബൻ പറയുന്നു.

"ശിഷ്യശിഷ്ടിരവധേന * * * അശക്തൌ രജ്ജുവേണുവിദലാഭ്യാം തനുഭ്യാം; അന്യേന ഘ്നൻ രാജ്ഞാ ശാസ്യഃ." എന്ന ഗൌതമൻ ശിഷ്യ"ശിക്ഷാ"ക്രമത്തെ നിയന്ത്രിക്കുന്നു. "അവധേന" എന്ന പദത്തിന "താഡനംകൂടാതെ" എന്നാണർത്ഥം. കഴിയുന്നതും വടിയെടുക്കാതെതന്നെ കുട്ടികളെ പഠിപ്പിക്കേണ്ടതാണെന്നായിരുന്ന അന്നത്തെ നിയമമെന്ന് ഇതിൽനിന്ന് അനുമാനിക്കാം.

വൃത്തിക്കുവേണ്ടി പഠിപ്പിക്കുന്ന ഉപാദ്ധ്യായനെ നിഷിദ്ധകോടിയിൽ തള്ളിയിരുന്ന പ്രാചീനഭാരതീയരുടെ ഇടയിൽ മാസവേതനം എന്നൊരേപ്പാട്ട് ഇല്ലായിരുന്നു എന്ന പ്രത്യേകം പറയേണ്ടതില്ലല്ലോ. അദ്ധ്യയനം മുഴുവൻ കഴിഞ്ഞതിനുമേൽ മാത്രമേ ഗുരുദക്ഷിണ വിധിച്ചിരുന്നുള്ളു. അതുതന്നെ ആചാര്യന്റെ അപേക്ഷയനുസരിച്ചല്ലാതെ ചെയ്യുവാൻ പാടുള്ളതായിരുന്നില്ല. ശിഷ്യന്റെ ശുശ്രൂഷയാലോ ഗുണത്താലോ ആചാര്യൻ പരിതുഷ്ടനായിത്തീരുന്ന അവസരങ്ങളിൽ മറെറാരുപ്രകാരത്തിലുള്ള ഗുരുദക്ഷിണ നിരർത്ഥകമെന്നാണ് ധർമ്മസൂത്രങ്ങളിൽ പറഞ്ഞുകാണുന്നത്. ഇതിന രഘുവംശത്തിൽ വിവരിച്ചിട്ടുള്ള വരതന്തുകൌത്സന്മാരുടെ കഥതന്നെ ഒരു നല്ല ഉദാഹരണമാണ്. ദക്ഷിണതന്നെ ഇന്നപ്രകാരത്തിൽ വേണമെന്ന നിർബ്ബന്ധമുണ്ടായിരുന്നില്ല. ചെരിപ്പോ പലകയോ കേവലം ചീരപോലുമോ ആചാര്യന ഗുരുദക്ഷിണയായി യഥാശക്തി സമ്മാനിക്കാമെന്ന മനു പറയുന്നു.

കാലക്രമേണ പാഠ്യവിഷയങ്ങൾ അധികമായതോടുകൂടി അവയെല്ലാം ഒരു ആചാര്യന പഠിപ്പിക്കുവാൻ കഴിയാതെതീന്നു. ആയിടയ്ക്കാണ്

Digitized By Kerala Sahitya Akademi

തക്ഷശില, നാളന്ദ, കാഞ്ചി മുതലായ മഹാവിദ്യാലയങ്ങളുടെ ആവിർഭാവം. തക്ഷശില അലെക്സാണ്ഡർചക്രവൎത്തിയുടെ കാലത്തുതന്നെ പ്രശസ്തമായിരുന്നു. വൈദ്യവിദ്യാഭ്യാസത്തിന് ആ കലാശാല പ്രത്യേകിച്ചു കീൎത്തിപ്പെട്ടിരുന്നു. അവിടെ പതിനെട്ടു കലാവിദ്യകൾ പഠിപ്പിച്ചുവന്നിരുന്നതായും അവയിൽ ഓരോന്നിനും പ്രത്യേകമായി പാഠശാലകളും അദ്ധ്യാപകന്മാരുമുണ്ടായിരുന്നതായും ഹ്യൂവെൻസാങ് എന്ന ചീനക്കാരനായ ബൌദ്ധസഞ്ചാരി രേഖപ്പെടുത്തിയിരിക്കുന്നു. നാളന്ദയിലെ ഗ്രന്ഥശാല വളരെ വിശേഷപ്പെട്ടതായിരുന്നു. അവിടെനിന്ന് അനേകം മഹായാനബൌദ്ധഗ്രന്ഥങ്ങളെ ക്രി. പി. ൫൬൯-ാംവൎഷത്തിൽ സിയേയെൻ എന്ന ചീനചക്രവൎത്തിയുടെ ആവശ്യപ്രകാരം പരമാൎത്ഥൻ എന്ന ബൌദ്ധപണ്ഡിതൻ പകൎത്തിയെഴുതിയതായി ക്കാണുന്നുണ്ട്. ഈ പരമാൎത്ഥൻ ചീനത്തേക്കു പോയി അവിടത്തെ രാജസദസ്സിലെ ഒരംഗമായി കുറേക്കാലം ജീവിച്ചു ക്രി. പി. ൫൬൯-ൽ മരിച്ചു.

പഴയ സമ്പ്രദായത്തിലുള്ള വിദ്യാഭ്യാസത്തിനു പല ഗുണങ്ങളുമുണ്ടായിരുന്നു എന്നുള്ളതു മേൽവിവരിച്ച സംഗതികളിൽനിന്നു വായനക്കാൎക്കു ഗ്രഹിക്കാവുന്നതാണ്. ഇന്നത്തെ വിദ്യാൎത്ഥികളിൽ ഏറിയകൂറും ദേശാ ഗൃഹസ്ഥന്മാരാണ്. അന്നത്തെ വിദ്യാൎത്ഥികൾ എല്ലാം ബ്രഹ്മചാരികളായിരുന്നു. ദാരിദ്ര്യം ജ്ഞാനസമ്പാദനത്തിനു പ്രതിബന്ധവുമായിരുന്നില്ല. അവന്തീപുരവാസിയായ സാന്ദീപനി യദുരാജകുമാരന്മാരായ രാമകൃഷ്ണന്മാരേയും ദരിദ്രബ്രാഹ്മണകുമാരനായ കുചേലനേയും ഒന്നുപോലെയാണ് വിദ്യാഭ്യാസം ചെയ്യിച്ചത്. അന്നത്തെ ആചാൎയ്യന്മാർ മഹാന്മാരായിരുന്നു.

"അപ്യഗ്രണീൎമ്മന്ത്രകൃതാമൃഷീണാം
കുശാഗ്രബുദ്ധേ! കുശലീ ഗുരുസ്തേ
യതസ്ത്വയാ ജ്ഞാനമശേഷമാപ്തം
ലോകേന ചൈതന്യമിവോഷ്ണരശ്മേഃ?"

എന്നു മഹാകവി കാളിദാസൻ കൌത്സനോടു രഘുവിനെക്കൊണ്ടു ചോദിപ്പിച്ചത് ഒട്ടും അതിശയോക്തിയല്ലെന്ന് അന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററി സ്വല്പമെങ്കിലുമറിവുള്ളവൎക്കു കാണാവുന്നതാണ്.

ആൎയ്യസമാജനേതാവായ മഹാത്മാ മുൻഷിരാമൻ നടത്തിവരുന്ന ഹരിദ്വാരത്തിലെ ഗുരുകുലവിദ്യാലയവും കവിചക്രവൎത്തി രവീന്ദ്രനാഥടാഗോർ ഭോൽപൂരിൽ നടത്തിവരുന്ന പൌരസ്ത്യബാലവിദ്യാലയവും പ്രാചീനവിദ്യാഭ്യാസസമ്പ്രദായത്തെ അനുസ്മരിപ്പിക്കുന്നവയാണെന്നുള്ളതിനു സംശയമില്ല. പരമപാവനമായ വാരാണസീനഗരത്തിൽ അചിരേണ സമുല്ലസിക്കുവാൻപോകുന്ന ഹിന്തുസൎവകലാശാല ഈ സമ്പ്രദായത്തെ ആവശ്യമെന്നു തോന്നുന്ന നവീനപരിഷ്കാരങ്ങളോടുകൂടി സംഘടിപ്പിച്ചു നിലനിൎത്തി നമ്മുടെ മാതൃഭൂമിക്ക് അഖണ്ഡമായ ഐശ്വൎയ്യത്തിനും യശസ്സിനും നിദാനമായി ത്തീരുമെന്നു നമുക്ക് ആശംസിക്കാം.

1091 മിഥുനം
ആത്മപോഷിണി.

Digitized By Kerala Sahitya Akademi

20. ധർമ്മമീമാംസ

ഹിന്ദുക്കളായ നാമെല്ലാവരും അനാദിയും അപൌരുഷേയവുമായ ശ്രുതിയുടെ പ്രാമാണ്യത്തെ അംഗീകരിക്കേണ്ടവരും അതിലെ 'ധർമ്മം ചര' എന്ന അനുശാസനത്തിന്ന് അടിമപ്പെടേണ്ടവരുമാകുന്നു. ധർമ്മത്തിന്റെ സ്വരൂപം എന്തെന്നുള്ളതിനെപ്പററി നമ്മിൽ പ്രായേണ ആർക്കുംതന്നെ ശരിയായ അറിവില്ല. "ചോദനാലക്ഷണമായ അർത്ഥമാണ് ധർമ്മം." എന്നുള്ള നിർവ്വചനത്താൽ മീമാംസകന്മാർ ധർമ്മതത്വം നമ്മെ ഗ്രഹിപ്പിക്കുന്നതിനുള്ള ഭാരത്തെ വേദത്തിന്റെ ശിരസ്സിൽ തന്നെ നിക്ഷേപിക്കുന്നു. "ക്ഷുരധാരയെക്കാൾ അണിയാൻ" എന്നു വ്യാസഭഗവാൻ അരുളിച്ചെയ്യുന്ന ആ ധർമ്മത്തെക്കുറിച്ചു നമുക്കുള്ള അറിവ് അപൂർണ്ണമാണെങ്കിൽ അതൊരാശ്ചര്യവുമല്ല. പരാശരസ്മൃതിയുടെ വ്യാഖ്യാതാവായ മാധവാചാര്യർ ധർമ്മത്തെ സ്ഥൂലമെന്നും സൂക്ഷ്മമെന്നും രണ്ടായി വിഭജിച്ച് ശൌചാദികളായ സ്ഥൂലധർമ്മങ്ങളെ എല്ലാവർക്കും അറിവാൻ കഴിയുമെന്നും പ്രത്യുത സൂക്ഷ്മധർമ്മങ്ങൾ ശാസ്ത്രജ്ഞന്മാർക്ക് മാത്രമേ ബോദ്ധ്യമാകുകയുള്ളൂ എന്നും പറയുന്നു. വേദംതന്നെ പരസ്പരവിരുദ്ധമായ ധർമ്മത്തെ സ്മരിക്കുകയാണെങ്കിൽ രണ്ടു വിധത്തിലുള്ള അനുഷ്ഠാനവും യോഗ്യമാണെന്നു മനുസ്മൃതി ഉപദേശിക്കുന്നു. സൂക്ഷ്മധർമ്മങ്ങൾ ചിലപ്പോൾ വേദത്തിനും ഉപരിസ്ഥിതങ്ങളായി തീർന്നേക്കാവുന്നതാണ്.

"ലോകവേദവിരുദ്ധോയം
ധർമ്മോ ധർമ്മഭൃതാം വര!
സൂക്ഷ്മോ ധർമ്മോ മഹാരാജ!
നാസ്യ വിദ്മ ഗതിം വയം."

എന്ന വാക്യത്താലത്രേ സർവ്വജ്ഞനായ യുധിഷ്ഠിരചക്രവർത്തിപോലും കൃഷ്ണാവിവാഹാവസരത്തിൽ ഇതികർത്തവ്യതാമൂഢനായി നിലകൊണ്ട ദ്രുപദരാജാവിനെ സമാധാനപ്പെടുത്തിയത്. എന്നാൽ ധർമ്മത്തെപ്പററി വേണ്ട അറിവില്ലാതെയിരുന്നാൽ ഐഹികമോ ആമുഷ്മികമോ ആയ അഭിമതഫലം ആർക്കും സിദ്ധിക്കുന്നതല്ലാത്തതിനാൽ ഈ വിഷയം അങ്ങനെ വിട്ടുകളവാനും പാടുള്ളതല്ല. അതിന്റെ നിമിത്തപരീക്ഷ അത്യാവശ്യമാണെന്നു ജൈമിനി മീമാംസാസൂത്രങ്ങളിൽ സിദ്ധാന്തിക്കുന്നു. ധർമ്മത്തിൽനിന്നു മാത്രമേ സുഖവും ജ്ഞാനവും ലഭിക്കുകയുള്ളൂവെന്നും ജ്ഞാനത്തിൽനിന്നല്ലാതെ മോക്ഷത്തിനു മാർഗ്ഗമില്ലെന്നുമാണല്ലോ അഭിയുക്തവചനം.

"പുരാണന്യായമീമാംസാ-
ധർമ്മശാസ്ത്രാംഗമിശ്രിതാഃ
വേദാഃ സ്ഥാനാനി വിദ്യാനാം
ധർമ്മസ്യ തു ചതുർദ്ദശ."

Digitized By Kerala Sahitya Akademi

എന്ന യാജ്ഞവല്ക്യവചനത്തിൽനിന്നു നാലുവേദങ്ങൾക്കു പുറമെ ഇതിഹാസപുരാണങ്ങൾ, ന്യായമീമാംസ, ധർമ്മശാസ്ത്രം അല്ലെങ്കിൽ സ്മൃതി, ശിക്ഷാദികളായ ആറു വേദാംഗങ്ങൾ ഇവ പത്തുംകൂടി ധർമ്മത്തിന്റെ സ്ഥാനങ്ങളാണെന്നു കാണാം. രാമായണം, മഹാഭാരതം, ഈ ഇതിഹാസങ്ങളിലും ഭാഗവതംതുടങ്ങിയ അഷ്ടാദശപുരാണങ്ങളിലും ധർമ്മരഹസ്യങ്ങളെപ്പററി വാച്യമായും വ്യംഗ്യമായും ഒട്ടുവളരെ വിമർശനങ്ങൾ ഉണ്ട്. ധർമ്മശാസ്ത്രകാരന്മാരായ മഹർഷിമാരുടെ സംഖ്യയും ഒട്ടും കുറഞ്ഞതല്ല. ആകെ മുപ്പത്താറു സ്മൃതികർത്താക്കളുണ്ടെന്നാണ് പൈഠീനസിയുടെ മതം. എന്നാൽ അദ്ദേഹത്തിന്റെ പട്ടികയിൽ ദേവലൻ, പുലസ്ത്യൻ, പുലഹൻ, ക്രതു, ശംഖൻ, ലിഖിതൻ മുതലായ പ്രസിദ്ധമഹർഷിമാരുടെ നാമധേയങ്ങൾ കാണാത്തതിനാൽ അതു് അപൂർണ്ണമാണെന്നനുമാനിക്കേണ്ടിയിരിക്കുന്നു. ഭാരതം അശ്വമേധപർവ്വത്തിൽ വ്യാസഭഗവാൻ അനേകം സ്മൃതികാരന്മാരുടെ നാമധേയങ്ങൾ സ്മരിച്ചതിനുമേൽ "യേചാന്യേ ഏവമാദയഃ" എന്നു് ഉപസംഹരിക്കുന്നതിൽനിന്നു പൂർണ്ണമായ ഒരു പട്ടിക രേഖപ്പെടുത്തുവാൻ ആ മഹാനുഭാവനുപോലും സാധിച്ചിട്ടില്ലെന്നു കാണാവുന്നതാണ്. മനുസംഹിത, യാജ്ഞവല്ക്യസ്മൃതി, പരാശരസ്മൃതി ഇവ മൂന്നുമത്രേ സ്മൃതിഗ്രന്ഥങ്ങളിൽ പ്രാധാന്യത്തെ അർഹിക്കുന്നതു്.

"കൃതേ തു മാനവാ ധർമ്മാ-
സ്ത്രേതായാം ഗൌതമാഃ സ്മൃതാഃ
ദ്വാപരേ ശംഖലിഖിതാഃ
കലൌ പാരാശരാഃ സ്മൃതാഃ."

എന്നു പരാശരസ്മൃതിയിൽ ആ സ്മൃതിക്കു കലിയുഗത്തിലുള്ള പാരമ്യത്തെ പ്രതിഷ്ഠാപനംചെയ്യുന്നതായി ഒരു ശ്ലോകം കാണുന്നുണ്ടെങ്കിലും പല വിഷയങ്ങളിലും അസമഗ്രമായ ആ ഗ്രന്ഥത്തിനു് അങ്ങനെയൊരു സ്ഥാനം ആരും വകവെച്ചുകൊടുക്കുന്നതല്ല. പരാശരസ്മൃതിക്ക് ഇപ്പോഴുള്ള പ്രശസ്തിയിൽ പകുതിക്കും കാരണം മാധവാചാര്യരുടെ മഹനീയമായ വ്യാഖ്യാനമാണ്. ഈ മൂന്നു ഗ്രന്ഥങ്ങളും പ്രമാണകോടിയിൽ പെട്ടവതന്നെയെങ്കിലും ദൈർഘ്യംകൊണ്ടെന്നപോലെ ഗൌരവംകൊണ്ടും മനുസംഹിത അന്യസ്മൃതികളെ അതിശയിക്കുന്നു എന്നു സധൈര്യം പറയാം.

യുഗംതോറും ധർമ്മങ്ങൾ ഭേദിക്കുന്നു എന്നുള്ള തത്വം എല്ലാസ്മൃതികർത്താക്കന്മാർക്കും ഒന്നുപോലെ സമ്മതമാണ്.

"അന്യേ കൃതയുഗേ ധർമ്മാ-
സ്ത്രേതായാം ദ്വാപരേ യുഗേ
അന്യേ കലിയുഗേ നൃണാം
യുഗരൂപാനുസാരതഃ."

എന്നു മനുവും പരാശരനും ഒന്നുപോലെ ഘോഷിക്കുന്നുണ്ട്. കലിയുഗത്തിൽ സ്ത്രീപുരുഷന്മാർ പാപപ്രസക്തന്മാരാകയാൽ കൃതയുഗത്തിനു വിധിച്ച ധർമ്മങ്ങളെ അനുഷ്ഠിക്കരുതെന്നു് ആദിത്യപുരാണവും അനുശാസിക്കുന്നു.

Digitized By Kerala Sahitya Akademi

"ദേവരാന്ന സുതോൽപത്തിർ-
ദ്ദത്താ കന്യാ ന ദീയതേ;
ന യജ്ഞേ ഗോവധഃ കാര്യഃ;
കലൌ ന ച കമണ്ഡലുഃ."

എന്ന ക്രതുസ്മൃതിവചനത്തിൽനിന്നും മററും ഗോവധം, വിധവാവിവാഹം, മദ്യപാനം, മഹാപ്രസ്ഥാനം മുതലായ പല കർമ്മങ്ങളും കലിയുഗത്തിൽമാത്രമാണ് ത്യാജ്യങ്ങളായിത്തീൎന്നതെന്നു കാണാവുന്നതാണ്. ഇവയിൽ ഉദാഹരണത്തിനായി ആദ്യത്തെ വിഷയത്തെപ്പററി സ്വല്പം വിചിന്തനം ചെയ്യാം.

മനുവിനു മാംസഭോജനത്തെപ്പററി കഠിനമായ വെറുപ്പുണ്ടായിരുന്നു. "അഹിംസയാകുന്നു വലുതായ ധർമ്മം. പ്രാണികളെ ഹിംസിക്കാതെ മാംസമുണ്ടാകുന്നതല്ലല്ലോ; പ്രാണിവധം സ്വർഗ്ഗ്യവുമല്ല; അതിനാൽ മാംസത്തെ വർജ്ജിക്കണം." "മാംസത്തിന്റെ ഉൽപത്തിയും അതിനു വേണ്ടിവരുന്ന പ്രാണികളുടെ ബന്ധനവും വധവും ആലോചിച്ച് എല്ലാവിധത്തിലുമുള്ള മാംസഭക്ഷണത്തിൽനിന്നും മനുഷ്യർ വിരമിക്കണം." "പ്രാണിയുടെ ഹിംസയ്ക്ക് അനുവാദംകൊടുക്കുന്നവൻ; അതിനെ കൊല്ലുന്നവൻ; മാംസമറുത്തെടുക്കുന്നവൻ; അതു വില്ക്കുന്നവൻ; വാങ്ങുന്നവൻ; പചിക്കുന്നവൻ; വിളമ്പുന്നവൻ; തിന്നുന്നവൻ; ഇവരെല്ലാവരും ഘാതകന്മാരാകുന്നു." "യാതൊരു പ്രാണിയുടെ മാംസത്തെ ഈ ലോകത്തിൽ ഞാൻ ഭക്ഷിക്കുന്നുവോ; പരലോകത്തിൽ എന്നെ അതു (മാം സഃ) ഭക്ഷിക്കും; ഇതത്രേ മാംസപദത്തിന്റെ വ്യുൽപത്തിയെന്നു വിദ്വാന്മാർ പറയുന്നു." ഇങ്ങിനെ പല പ്രകാരത്തിൽ മാംസഭുക്തിയെ അപലപിക്കുന്ന ആ സ്മൃതികർത്താവു്,

"ന ഭക്ഷയേദേകചരാ-
നജ്ഞാതാംശ്ച മൃഗദ്വിജാൻ;
ഭക്ഷ്യേഷ്വപി സമുദ്ദിഷ്ടാൻ
സർവാൻ പഞ്ചനഖാംസ്തഥാ;

ശ്വാവിധം ശല്യകം ഗോധാം
ഖഡ്ഗകൂർമ്മശശാംസ്തഥാ
ഭക്ഷ്യാൻ പഞ്ചനഖേഷ്വാഹു-
രനുഷ്ട്രാംശ്ചൈകതോദതഃ."

ഇത്യാദി ഘട്ടങ്ങളിൽ ഏതാനും ചില പ്രാണികളുടെ മാംസം ഭക്ഷ്യമാണെന്നു വിധിക്കുന്നു. പിന്നെയും മാംസവിക്രയിയെ ശ്രാദ്ധത്തിൽ ഭുജിപ്പിക്കരുത് എന്നു സിദ്ധാന്തിക്കുന്ന അദ്ദേഹം

"പിതൃണാം മാസികം ശ്രാദ്ധ-
മന്വാഹാര്യം വിദുർബുധാഃ;

Digitized By Kerala Sahitya Akademi

തച്ഛാമിഷേണ കർത്തവ്യം
പ്രശസ്തേന പ്രയത്നതഃ'''   എന്നും,

''വാർദ്ധ്രീണസസ്യ മാംസേന
തൃപ്തിർദ്വാദശവാർഷികീ.'''   എന്നും,

''പ്രോക്ഷിതം ഭക്ഷയേന്മാംസം''   എന്നും,

''ക്രീത്വാ സ്വയം വാ വ്യുൽപാദ്യ
പരോപകൃതമേവ വാ
ദേവാൻ പിതൃംശ്ചാർച്ച്യയിത്വാ
ഖാദൻ മാംസം ന ദുഷ്യതി.''

എന്നും, അന്യത്ര ദേവപിതൃകർമ്മങ്ങൾക്കു മാംസഭോജനത്തിന്റെ ആവശ്യകതയെ അനുവദിക്കുന്നു.

പിന്നെയും

''നിയുക്തസ്തു യഥാന്യായം
യോ മാംസം നാത്തി മാനവഃ
സ പ്രേത്യ പശുതാം യാതി
സംഭവാനേകവിംശതിം.''

എന്ന പദ്യത്തിൽ ആ സ്മൃതികർത്താവു ശ്രാദ്ധമുണ്ണുന്നവനെ മാംസം ഭക്ഷിച്ചില്ലെങ്കിൽ ഇരുപത്തൊന്നു ജന്മം പശുവായി ജനിക്കുമെന്നു ഭയപ്പെടുത്തുന്നു. വേദം മാംസഭുക്തിയെ പാടേ വിരോധിക്കുന്നില്ല; അതു ധർമ്മമൂലവും സർവ്വജ്ഞാനമയവുമാകുന്നു; അതിനാൽ വേദം ഹിംസയെ ഏതു ഘട്ടത്തിലെങ്കിലും അനുവദിച്ചിട്ടുണ്ടെങ്കിൽ അതിനെ അഹിംസയായി കൈക്കൊള്ളണമെന്നു മനു പറയുന്നു. അതോടുകൂടി ഒടുവിൽ പൂർവാചാരങ്ങളെ യോജിപ്പിക്കുവാനുള്ള വ്യഗ്രതയിൽ മാംസഭക്ഷണവും മദ്യപാനവും പ്രവൃത്തിമാർഗ്ഗഗന്മാർക്കു ദൂഷണമല്ലെന്നും നിവൃത്തിമാർഗ്ഗഗന്മാർക്കു മാത്രം ഹേയമാണെന്നുംകൂടി അദ്ദേഹം അഭിപ്രായപ്പെടുന്നു. യാജ്ഞവല്ക്യനും ഭക്ഷ്യാഭക്ഷ്യപ്രകരണത്തിൽ

''ഭക്ഷ്യാഃ പഞ്ചനഖാസ്സേധാ-
ഗോധാകച്ഛപശല്യകാഃ
ശശശ്ച മത്സ്യേഷ്വപി ഹി
സിംഹതുണ്ഡകരോഹിതാഃ.''

ഇത്യാദി പദ്യങ്ങളിൽ മത്സ്യമാംസഭക്ഷണത്തെ നിയമനംചെയ്യുന്നു. മാംസവിക്രയത്തിനുവേണ്ടി പ്രാണിവധം ചെയ്യുന്നവൻ വ്രതമാചരിക്കണമെന്നു ശംഖസ്മൃതിയിൽ വിധിയുണ്ട്. ഉത്തരരാമചരിതം നാലാമങ്കത്തിലെ മിശ്രവിഷ്കംഭത്തിൽ വസിഷ്ഠമഹർഷിയെ ''യേനാഗച്ഛതാ സാ വരാകാരം കപി

Digitized By Kerala Sahitya Akademi

ലാ മധമധായിതാ." എന്ന് അധിക്ഷേപിക്കുന്ന സൌധാതകിയുടെ മുഖമു ദ്രണത്തിനായി ഭാണ്ഡായനൻ അഭ്യാഗതനായ ശ്രോത്രിയനു രണ്ടുവയസ്സു ചെന്ന ഒരു പശുക്കിടാവോ ഒരു മഹോക്ഷമോ ഒരു മഹാജമോ ഗൃഹമേധം കഠം പാകംചെയ്തു സമപ്പിക്കേണ്ടതു് ആമ്നായനിയമംതന്നെയെന്നും എ ന്നാൽ ആ നിയമം അനിവൃത്തമാംസന്മാരായ ഗൃഹസ്ഥന്മാരെ മാത്രമേ ബ ന്ധിക്കുകയുള്ളു എന്നും ജനകമഹാരാജാവു നിവൃത്തമാംസനാണെന്നും ചില സമാധാനങ്ങഠം പറയുന്നതു് ഈ സന്ദഭത്തിൽ സ്മരണീയമാണു്.

ഇതുപോലെതന്നെ അസവണ്ണവിവാഹം, വിധവോദ്വാഹം മുതലാ യ വിഷയങ്ങളിൽ മന്വാദിസ്മൃതികത്താക്കളുടെ കാലത്തെ നടപ്പു് എന്താ യിരുന്നുവെന്നും അവർ അതിൽ കാലോചിതമായി ഏതെല്ലാം പരിഷ്കാര ങ്ങഠം വരുത്തിഎന്നും പരിശോധിക്കുന്നതു രസാവഹമായിരിക്കും. വാസ്തവ ത്തിൽ സ്മൃതികാരന്മാർ അവരവരുടെ കാലത്തു ജനസമുദായത്തിനു് ആ വശ്യകമെന്നു തോന്നിയ പല ധർമ്മസംസ്കാരങ്ങളും ഏപ്പെടുത്തുകയാണു ണ്ടായതു്. പ്രാഡ്വിവാകന്മാർ തങ്ങളുടെ വിധികളാൽ നിയമത്തെ പരിഷ്കരി ക്കുന്ന മാതിരിയിൽ ശ്രുതിവാക്യങ്ങളെ കാലാനുരൂപമായി വ്യാഖ്യാനിച്ചു മാ ത്രമായിരുന്നു അവർ ആ കൃത്യം സാധിച്ചതു് വേദാന്തദേശികർ രാമാനുജ ഭാഷ്യോക്തികളെപ്പററി പറയുന്നതുപോലെ സ്മൃതികളെല്ലാം "ചിരന്തനസ രസ്വതീചികുരബന്ധസൈരന്ധ്രികഠം" മാത്രമാണെങ്കിലും അവനിമിത്തം പൂവ്വകാലത്തിലെ ഭാരതസന്താനങ്ങഠംക്കു പല സാമുദായികപരിഷ്കാരങ്ങളും ഏപ്പെടുത്തുവാൻ കഴിഞ്ഞു. ആ പരിഷ്കാരങ്ങളെല്ലാം കലിയുഗത്തിൻെറ ആരംഭത്തിൽ ശ്രീകൃഷ്ണസ്വാമിയുടേയും യുധിഷ്ഠിരചക്രവത്തിയുടേയും അഭാവ ത്തിൽ ഏതൊ ഒരാഠം ഒരുദിവസംകൊണ്ടു നടപ്പാക്കിയതാണെന്നു് ആരും വാദിക്കുവാനൊരുങ്ങുമെന്നു തോന്നുന്നില്ല.

> "ഭ്രമിന്ന ദ്യ്രൌന്നഗാശ്ശൈലാ-
> സ്സിദ്ധാ ദേവാ മഹഷയഃ
> കാലം സമനുവത്തന്തെ
> യഥാഭാവാ യുഗേ യുഗേ."

എന്നു ഭാരതത്തിൽ സൌഗന്ധികാഹരണഘട്ടത്തിൽ ഹനുമാൻ ഭീമസേന നോടു പറയുന്ന വാക്യം എത്രയോ യഥാത്ഥമായിട്ടുള്ളതാകുന്നു. മഹഷിമാർ അതാതു കാലത്തിനനുരൂപമായി ആചാരങ്ങളെ നവീകരിച്ചു."

> "യദുച്യതേ ദ്വിജാതീനാം
> ശൂദ്രാദ് ദാരോപസംഗ്രഹഃ
> ന തന്മമ മതം യസ്മാൽ
> തത്രായം ജായതേ സ്വയം."

എന്നു യാജ്ഞവല്ക്യൻ പരസ്യമായി സ്വമതത്തെ ഘോഷിച്ചിരിക്കുന്നതു നോക്കുക. അതുപോലെ ഓരോ അവസരത്തിൽ കാലാനുകൂലമായ പരി

Digitized By Kerala Sahitya Akademi

ഷ്കാരമിന്നതെന്നു കണ്ടുതഃ പ്രവചനംചെയ്യുന്ന സ്മൃതികാരന്മാർ പലരുമു
ണ്ട്. പരാശരമഹർഷി

"യുഗേയുഗേ ച യേ ധർമ്മാ-
സ്തത്രതത്ര ച യേ ദ്വിജാഃ
തേഷാം നിന്ദാ ന കർത്തവ്യാ;
യുഗരൂപാ ഹി തേ ദ്വിജാഃ"

എന്നു പറയുന്നതിന്റേയും തത്വം ആലോചിക്കുവാനുള്ളതാണ്.

കാലഭേദംപോലെതന്നെ മഹർഷിമാർ ധർമ്മങ്ങൾക്കു ദേശഭേദവുമനു
വദിച്ചിരുന്നു. ബ്രഹ്മാവർത്തദേശത്തിലെ ധർമ്മങ്ങളെയാണ് താൻ പ്രതി
പാദിക്കുന്നതെന്നു മനുവും കൃഷ്ണമൃഗം എവിടെ സഞ്ചരിക്കുന്നുവോ ആ ദേശ
ത്തിലെ ധർമ്മങ്ങളെ മാത്രമാണ് താൻ നിരൂപണംചെയ്യുന്നതെന്നു യാജ്ഞവ
ല്ക്യനും പറയുന്നു. ആ ദേശം മാത്രമാണ് ധർമ്മദേശമെന്ന് അന്യസ്മൃതികാ
രന്മാരും ഉപന്യസിച്ചിട്ടുണ്ട്.

"ദേശഭേദാൽ കാലഭേദാൽ
പുംഭേദാദന്യഥാന്യഥാ
പശ്യവസ്യതി ശാസ്ത്രാർത്ഥ-
ഇതി പൂർവ്വമവാദിഷം"

എന്നത്രേ മാധവാചാര്യരുടെ അംഗീകാരവചനം. ബോധായനൻ ദക്ഷിണാ
പഥത്തിൽ അഞ്ചുമാതിരി വിപ്രതിപത്തിയുണ്ടെന്നും പഴഞ്ചോറുണ്, അ
മ്മാവന്റെ മകളെ വേൾക്കുക, മുതലായ നടവടികൾ അവയിൽ പെട്ടതാ
ണെന്നും, അതുപോലെ ഉത്തരദേശത്തിൽ ഊർണ്ണവിക്രയം, മദ്യപാനം, ആ
യുധജീവിക, സമുദ്രയാനം മുതലായ സമ്പ്രദായങ്ങൾ നടപ്പുണ്ടെന്നും അവ
യെ നിഷിദ്ധാചാരങ്ങളെന്ന് അവഹേളനംചെയ്യുവാൻ പാടില്ലെന്നും വിധി
ക്കുന്നു.

ദേവലൻ

"യസ്മിൻ ദേശേ യ ആചാരോ
ന്യായദൃഷ്ടസ്സു കല്പിതഃ
സ തസ്മിന്നേവകർത്തവ്യോ
ന തു ദേശാന്തരേ സ്മൃതഃ;

യസ്മിൻ ദേശേ പുരേ ഗ്രാമേ
ത്രൈവിദ്യേ നഗരേപി വാ
യോ യത്ര വിഹിതോ ധർമ്മ-
സ്തം ധർമ്മം ന വിചാലയേൽ."

എന്നു പറയുന്നു.

Digitized By Kerala Sahitya Akademi

ധർമ്മത്തിൻെറ സൂക്ഷ്മനിരീക്ഷണത്തിൽ ഇത്രമാത്രം ബുദ്ധിമുട്ടുകൾ ഉണ്ടാകകയാലാണ് യുധിഷ്ഠിരചക്രവർത്തി തൻെറ പിതാവും യക്ഷരൂപധാരിയുമായ യമധർമ്മരാജാവിൻെറ 'കഃ പന്ഥാഃ' എന്ന ചോദ്യത്തിന്

"തർക്കോപ്രതിഷ്ഠഃ ശ്രുതയോ വിഭിന്നാ-
നൈകോ ഋഷിര്യസ്യ മതം പ്രമാണം;
ധർമ്മസ്യ തത്വം നിഹിതം ഗുഹായാം;
മഹാജനോ യേന ഗതഃ സ പന്ഥാഃ."

എന്ന കണക്കിന് ഉത്തരംകൊടുത്തത്. ഭാരതം ആനുശാസനികപർവ്വത്തിൽ

"ആചാരലക്ഷണോ ധർമ്മഃ
സന്തശ്ചാചാരലക്ഷണാഃ
സാധൂനാം ച യഥാവൃത്ത-
മേതദാചാരലക്ഷണം."

എന്ന് ആചാരലക്ഷണത്തെ നിർവ്വചനം ചെയ്തുകാണുന്നു. സാധുക്കൾ അതായതു ശിഷ്ടന്മാർ ആരാണ്? വിഗതമത്സരന്മാരും കുംഭീധാന്യന്മാരും * അലോലുപന്മാരും ദംഭദർപ്പലോഭമോഹക്രോധവിവർജ്ജിതന്മാരുമത്രേ ശിഷ്ടന്മാരെന്നു ബോധായനൻ പറയുന്നു. പ്രായേണ അതാതുകാലത്തുള്ള ശിഷ്ടാചാരങ്ങളെ ആധാരമാക്കിയത്രേ സ്മൃതികാരന്മാർ വിധിനിഷേധങ്ങൾ ഏർപ്പെടുത്തിയതു്.

മനുവാകട്ടെ

"വേദോഖിലോ ധർമ്മമൂലം
സ്മൃതിശീലേ ച തദ്വിദാം"

എന്നും

"ആചാരശ്ചൈവ സാധൂനാം"

എന്നും പറഞ്ഞിട്ടു തൃപ്തനാകാതെ നാലാമത്തെ ധർമ്മമൂലമായി

"ആത്മനസ്തുഷ്ടിരേവ ച."

എന്നുകൂടി ഉപന്യസിച്ചതു കാരണംകൂടാതെയല്ല. ആ തത്വത്തെത്തന്നെ അന്യത്ര

"വേദസ്മൃതിസമാചാര-
സ്സ്വസ്യ ച പ്രിയമാത്മനഃ
തസ്മാച്ചതുർവ്വിധം പ്രാഹുഃ
സാക്ഷാദ്ധർമ്മസ്യലക്ഷണം."

എന്ന് ആ മഹാത്മാവ് ഒന്നുകൂടി ഉറപ്പിച്ചുപറയുന്നുമുണ്ട്. പോരാത്തതിനു

* ആവശ്യംസന്ദർഭത്തേക്കുള്ള ധാന്യം മാത്രം സൂക്ഷിക്കുന്നവർ.

Digitized By Kerala Sahitya Akademi

"പരിത്യജേദർത്ഥകാമൌ
യൌ സ്യാതാം ധർമ്മവർജ്ജിതൌ;
ധർമ്മം ചാപ്യസുഖോദർക്കം
ലോകവിക്രുഷ്ടമേവച"

എന്ന ശ്ലോകത്തിന്റെ സാരവും ശോധനീയമാണ്. ആനുശാസനികപർവ്വത്തിൽ

"ധർമ്മം ജിജ്ഞാസമാനാനാം
പ്രമാണം പരമം ശ്രുതിഃ;
ദ്വിതീയം ധർമ്മശാസ്ത്രം തു;
തൃതീയം ലോകസംഗ്രഹഃ."

എന്നു പറഞ്ഞുകാണുന്നുണ്ട്. യാജ്ഞവല്ക്യൻ

"വേദഃസ്മൃതിസദാചാരഃ
സ്വസ്യ ച പ്രിയമാത്മനഃ
സമ്യക്സങ്കല്പജഃ കാമോ
ധർമ്മമൂലമിദം സ്മൃതം."

എന്ന് ഉപന്യസിക്കുന്നതിൽനിന്നു വഴിപോലെയുള്ള സങ്കല്പത്തിൽനിന്നു ജനിക്കുന്ന ഇച്ഛയും ധർമ്മമൂലമെന്നു കാണാം. ഇത് ഉച്ഛൃംഖലമായ കാമചാരിത്വത്തിൽനിന്ന് എത്രയോ ഭിന്നമാണെന്നു പറയേണ്ടതില്ലല്ലൊ. ആന്തരപുരുഷന്റെ അനുശാസനം ഒരിക്കലും അസ്ഥാനത്തിലാകുന്നതല്ല.

ആകെക്കൂടി ലോകസംഗ്രഹത്തിനുതകുന്ന മാതിരിയിലും ലോകവിക്രോശത്തിനു കാരണമാകാത്ത നിലയിലും നാം നമ്മുടെ ആചാരങ്ങളെ പരിഷ്കരിക്കുന്നതു പൂർവ്വാചാര്യന്മാരുടെ മതത്തിനു വിപരീതമല്ലെന്നു മേൽ ഉദ്ധരിച്ച സ്മൃതിവാക്യങ്ങളിൽനിന്നു തെളിവായി കാണാം.

"ധൃതിഃ ക്ഷമാ ദമോസ്തേയം
ശൌചമിന്ദ്രിയനിഗ്രഹഃ
ധീർവിദ്യാ സത്യമക്രോധോ
ദശകം ധർമ്മലക്ഷണം.

എന്ന മനുവിന്റെ സാമാന്യധർമ്മവിവരണം സാർവ്വത്രികവും സാർവ്വജനീനവുമാകുന്നു. ഭാരതം ആനുശാസനികപർവ്വത്തിൽ

"ധർമ്മാ ബഹുവിധാ ലോകേ
ശ്രുതിഭേദമുഖോദ്ഭവാഃ
ദേശധർമ്മാശ്ച ദൃശ്യന്തേ
കുലധർമ്മാസ്തഥൈവ ച.

Digitized By Kerala Sahitya Akademi

ജാതിധമ്മവയോധമ്മ-
ഗ്ഗുണധമ്മാശ്ച ശോഭനേ!
ശരീരകാലധർമ്മാശ്ച
ആപദ്ധർമ്മസ്തഥൈവ ച.
ഏതദ്ധർമ്മസ്യ നാനാത്വം
ക്രിയതേ ലോകവാസിഭിഃ."

എന്ന പദ്യങ്ങളിൽ അടങ്ങിയ അന്യധമ്മങ്ങൾക്ക് അത്രമാത്രം വ്യാപ്തിയ

കൃഷി ഏതുജാതിക്കാർ നടത്താമെന്നുള്ളതിനെപ്പററി മനു, യാജ്ഞവല്ക്ക്യൻ മുതലായ മഹർഷിമാർ തമ്മിൽ വലിയ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു.

"സർവ്വഭൂതേഷു ചാത്മാനം
സർവ്വഭൂതാനി ചാത്മനി
സമം പശ്യന്നാത്മയാജീ
സ്വാരാജ്യമധിഗച്ഛതി."

എന്ന മനുവാക്യംതന്നെയാണ് ഇക്കാലത്തു നമ്മുടെ മുദ്രാവാക്യമായി സർവ്വോപരി പരിലസിക്കേണ്ടത്. "Do unto others as you would be done by." എന്ന പാശ്ചാത്യമുദ്രാവാക്യം ഇതിന്റെ ക്ഷീണമായ ഒരു പരാവർത്തനം മാത്രമാണ്; ഇതിനധികമായ ഒരാദർശം യാതൊരു ഭാരതീയനും ലക്ഷ്യമാകേണ്ടതുമില്ല.

കൃതയുഗധമ്മങ്ങൾ എല്ലാം അനവദ്യങ്ങളായിരുന്നു എന്നും കലിയുഗധമ്മങ്ങൾ എല്ലാം അവയ്ക്കു നേരെ വിപരീതങ്ങളാണെന്നും അനുമാനിക്കുന്നതിൽ യുക്തിഭംഗമുണ്ട്. പ്രാണിഹിംസനത്തിൽനിന്നും മാംസഭക്ഷണത്തിൽനിന്നും നമ്മെ രക്ഷിച്ചതു കലിയുഗമല്ലേ?

"അനുഷ്ഠിതം തു യദ്ദേവൈ-
ർമ്മുനിഭിസ്തദനുഷ്ഠിതം
നാനുഷ്ഠേയം മനുഷ്യൈസ്ത-
ദുക്തം കമ്മ സമാചരേൽ."

എന്നു ബോധായനൻ പറയുന്നതിന്റെ താൽപര്യവും അതാതുകാലത്തു മഹാന്മാർ ഏതേതു കമ്മങ്ങൾ സാമാന്യജനങ്ങൾക്കായി വിധിക്കുന്നുവോ അവയെ അവർ അനുഷ്ഠിക്കണമെന്നു മാത്രമാണ്.

"പുരാകല്പേ കുമാരീണാം *
മൌഞ്ജീബന്ധനമിഷ്യതേ
അധ്യാപനം ച വേദാനാം
സാവിത്രീവചനം തഥാ."

---

* പുരാകല്പേതുനാരീണാം എന്നു പാഠാന്തരം.

Digitized By Kerala Sahitya Akademi

എന്നു യമസ്മൃതിയിൽ കാണുന്നതുപോലെ ഓരോ കാലത്തു നടപ്പിലിരുന്ന ഏതെല്ലാം ധർമ്മങ്ങൾ അനന്തരകാലങ്ങളിൽ ലുപ്തപ്രചാരങ്ങളും നഷ്ടപ്രായങ്ങളുമായി തീർന്നിരിക്കുന്നു! ഏതെല്ലാം നവീനധർമ്മങ്ങൾ രൂഢമൂലങ്ങളായിത്തീർന്നു ലോകത്തിനു യോഗക്ഷേമങ്ങളെ പ്രദാനംചെയ്യുന്നു!

"ജിതോ ധർമ്മോഹ്യധർമ്മേണ:
സത്യം ചൈവാനൃതേന ച;
ജിതാശ്ചോരൈസ്തു രാജാനഃ;
സ്ത്രീഭിശ്ച പുരുഷാഃ കലൌ."

എന്ന പരാശരവചനം മുഴുവൻ അങ്ങനെതന്നെ വിശ്വസിച്ച് ആധുനികകാലത്തെപ്പററി ആരും അനുശോചിക്കേണ്ടതില്ല. ഇന്നത്തെ കലിയുഗത്തെ ഒരു പുതിയമാതിരിയിലുള്ള കൃതയുഗമാക്കി മാററുന്നതിന്നു നാമെല്ലാവരും ഒത്തൊരുമിച്ചു ശ്രമിക്കേണ്ടതു നമ്മുടെ കർത്തവ്യകർമ്മമാകുന്നു.

Digitized By Kerala Sahitya Akademi

21 ഹിന്ദുക്കളും ബുദ്ധനും.

ഹിന്ദുമതവും ബുദ്ധമതവും വിഭിന്നമാണെന്നു ഗതാനുഗതികന്യായേന ഭാരതീയരിൽ പലരും ഇക്കാലത്തു വിശ്വസിക്കുന്നുണ്ട്. ഈ വിശ്വാസം നിർമ്മൂലമാണെന്നു സൂക്ഷ്മദർശികൾക്കു ഗ്രഹിക്കുവാൻ പ്രയാസമില്ല.

"യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർഭവതിഭാരത!
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം.

പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ."

എന്നു ഗീതയിൽ ശ്രീകൃഷ്ണഭഗവാൻ അരുളിച്ചെയ്തിട്ടുള്ളപ്രകാരം സനാതനധർമ്മമാകുന്ന അക്ഷയവടത്തിൽ അതാതുകാലത്തു കടന്നുകൂടുന്ന അന്ധവിശ്വാസങ്ങളാകുന്ന ഇത്തിൾക്കണ്ണികളെ ഉന്മൂലനംചെയ്യുവാൻ ആവിർഭവിക്കുന്ന വൈഷ്ണവാവതാരങ്ങളിൽ ഒന്നാണ് ബുദ്ധൻേറത് എന്നു വളരെക്കാലത്തേക്കു നമ്മുടെ പൂർവ്വികന്മാർ നിസ്സംശയമായി കരുതിയിരുന്നു. ഹിന്ദുക്കളെ ബൌദ്ധരും ബൌദ്ധരെ ഹിന്ദുക്കളും ഏകോദരസഹോദരന്മാരായി പരിഗണിച്ചിരുന്നു; ഹൈന്ദവകവികൾ ബുദ്ധൻേറയും ബൌദ്ധകവികൾ ഹൈന്ദവദേവതകളുടേയും അപദാനങ്ങളെ തുല്യഭക്തിയോടുകൂടി കീർത്തനംചെയ്തിരുന്നു. ഭാരതീയബൌദ്ധമഹാകവികളിൽ അഗ്രേസരനായിരുന്ന അശ്വഘോഷൻ ബുദ്ധചരിത്രത്തിൽ ശ്രീകൃഷ്ണനെപ്പററി,

"ഖ്യാതാനി കർമ്മാണി ച യാനി ശൌരേ-
ശ്ശൂരാദയസ്തേഷ്വബലാ ബഭൂവുഃ."

എന്നു ശ്ലോകാർദ്ധത്തിൽ കീർത്തനംചെയ്യുന്നു. ആ മഹാകവിതന്നെ സൌന്ദരാനന്ദത്തിൽ കാലത്തിൻെറ അധൃഷ്യതയെപ്പററി പ്രസ്താവിക്കുമ്പോൾ അതിനു ശ്രീകൃഷ്ണനെ ദൃഷ്ടാന്തീകരിച്ച്

"ക്വ തദ്ബലം കംസവികർഷിണോ ഹരേ-
സ്തുരങ്ഗരാജസ്യ പുടാവഭേദിനഃ
യമേകബാണേന നിജഘ്നിവാൻ ജരാ
ക്രമാഗതാ രൂപമിവോത്തമം ജരാ."

Digitized By Kerala Sahitya Akademi

എന്ന പുരാവൃത്തത്തെ ഉദ്ബോധനം ചെയ്യുന്നു. കാളിദാസന്റെ സമകാലികനും പ്രതിദ്വന്ദിയുമായ ദിങ്നാഗാചാര്യൻ അദ്ദേഹത്തിന്റെ കുന്ദമാല എന്ന നാടകത്തിന് ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നതു തന്റെ പൂർവ്വഗാമിയായ അശ്വഘോഷൻ ബുദ്ധചരിതത്തിൽ "വല്മീകജാതശ്ച സസർജ്ജ പദ്യം." എന്ന് ആരെ അംഗുലീനിർദ്ദേശം ചെയ്തു പ്രശംസിച്ചുവോ ആ ആദികവിയുടെ രാമായണത്തേയാണ്. ആ ഗ്രന്ഥത്തിൽ

"ജംഭാരിമൌലിമന്ദാര-
മാലികമധുചുംബിനഃ
പിബേയുരന്തരായാബ്ധിം
ഹേരംബപാദപാംസവഃ."

എന്നു ഗണേശപരമായും,

"ജ്വാലേവോർദ്ധ്വവിസർപ്പിണി പരിണത-
സ്യാന്തസ്തപസ്തേജസോ
ഗംഗാതോയതരംഗസർപ്പസരിതി-
ർവല്മീകലക്ഷ്മീരിവ
സന്ധ്യാവാർദ്രമൃണാളകോമളതനോ-
രിന്ദോഃ സദാ സ്ഥായിനീ
പായാദസ്തരുണാരുണാംശുകപിലാ-
ശംഭോർജ്ജടാസന്തതിഃ."

എന്നു ശിവപരമായും കവിയുടെ ഓരോ വന്ദനശ്ലോകവും കാണുന്നുണ്ട്. ബുദ്ധമതാനുയായിയായ ആ മഹാത്മാവ് സന്ദർഭാനുഗുണമായി

"അവിഘ്നമസ്തു യജ്ഞാനാം;
കാലേ വർഷതു വാസവഃ;
നിരാതങ്കാഃ പ്രജാസ്സന്തു
സീതാരാമസമാഗമാൽ."

എന്ന് ഒരു യാഥാസ്ഥിതികനായ ഹൈന്ദവകവിയെപ്പോലെതന്നെ ഉപന്യസിക്കുവാൻ ഭയപ്പെടുന്നില്ല. കാളിദാസന്റെ സമാനകാലീനനെന്നു ചിലർ അഭിപ്രായപ്പെടുന്ന സിംഹളരാജാവായ കുമാരദാസൻ ഒരു ബൌദ്ധനായിരുന്നു. അദ്ദേഹത്തിനും താൻ ഇരുപത്തഞ്ചുസർഗ്ഗങ്ങളിൽ രചിച്ച സുന്ദരമായ ജാനകീഹരണം എന്ന മഹാകാവ്യത്തിന് തിരഞ്ഞെടുക്കുവാൻ തോന്നിയ കഥാവസ്തു രാമായണമല്ലാതെ മറ്റൊന്നുമല്ല. 'ഓംനമസ്സർവ്വജ്ഞായ' എന്ന് നാം 'ഹരിഃ ശ്രീഗണപതയേ നമഃ' എന്നെഴുതുന്നതുപോലെ ഒരു കുറിപ്പുമാത്രം ചേർത്തുകൊണ്ട് അദ്ദേഹം ഒരു ഹൈന്ദവകവിയെപ്പോലെതന്നെ ജാനകീഹരണം ആരംഭിക്കുന്നു.

Digitized By Kerala Sahitya Akademi

"പ്രാപിതേഹ വിഭാവപതിശുഷം
ചതുരംഗീകൃതതേജസാത്മനാ
പ്രവിധാതുമരാതിതാപിത-
ത്രിദശാശ്രുപ്രവാഹവൃഷ്ടിപ്രവിഗ്രഹം."

എന്നുംമററും ശ്രീരാമാവതാരഘട്ടത്തിൽ ആ സിംഹളബൌദ്ധൻ ശ്രീനാരായണനെ വർണ്ണിക്കുന്നതു് ഏററവും ഹൃദയംഗമമായിരിക്കുന്നു.

ക്രി. പി. ഏഴാംശതകത്തിൽ ജീവിച്ചിരുന്ന ശ്രീഹർഷചക്രവർത്തി ഒരു ബൌദ്ധനായിരുന്നു എങ്കിലും ഹിന്ദുമതത്തെ അദ്ദേഹം അശേഷം ദ്വേഷിച്ചിരുന്നില്ല.

"ധ്യാനവ്യാജമുപേത്യ ചിന്തയസി കാ-
മുന്മീല്യ ചക്ഷുഃ ക്ഷണം;
പശ്യാനംഗശരാതുരം ജനമിമം;
ത്രാതാപി നോ രക്ഷസി?
മിഥ്യാകാരുണികോസി;നിർഘൃണതരഃ
ത്വത്തഃ കുതോന്യഃ പുമാൻ?
സേർഷ്യം മാരവധൂഭിരിത്യഭിഹിതോ
ബോധൌ ജിനഃ പാതു വഃ."

എന്നും,

"കാമേനാകൃഷ്യ ചാപം ഹതപടുപടഹാ-
വല്ഗിഭിർമാരവീരൈർ-
ഭ്രൂഭംഗോൽകമ്പജൃംഭാസ്മിതചലിത-
ദൃശാ ദിവ്യനാരീജനേന
സിദ്ധൈഃ പ്രഹ്വോത്തമാംഗൈഃ
പുലകിതവപുഷാ വിസ്മയാദ്വാസവേന
ധ്യായൻ ബോധേരവാപ്താവചലിത
ഇതി വഃ പാതു ദൃഷ്ടോ മുനീന്ദ്രഃ."

എന്നു നാഗാനന്ദത്തിൽ ബുദ്ധപരങ്ങളായ നാന്ദീശ്ലോകങ്ങൾ രചിച്ചിരിക്കുന്ന ആ മഹാകവിരാജൻതന്നെയാണു്

പാദാഗ്രസ്ഥിതയാ മുഹുഃ സ്തനഭരേ-
ണാനീതയാ നമ്രതാം
ശംഭോഃ സസ്പൃഹലോചനത്രയപഥം
യാന്ത്യാ തദാരാധനേ
ഹ്രീമത്യാ ശിരസീഹിതഃ സപുളക-
സ്വേദോദ്ഗമോൽകമ്പയാ
സംരോഹൽപുളകാ ഹരേണ ഹസതാ
ശ്ലിഷ്ടാ ശിവായാസ്തു വഃ"

എന്നുംമററും രത്നാവലിയിലും,

Digitized By Kerala Sahitya Akademi

ധ്യാമാത്യാകുലദൃഷ്ടിരിന്ദുകിരണൈ-
രാഹ്ളാദിതാക്ഷീ പുനഃ
പാശ്യാദിപരമൽസകാ നതമുഖീ
ഭൂയോ ഹ്രിയാ ബ്രാഹ്മണഃ
സോത്സ്യാപാദനപാതുദഷ്ണഗതേ
ഗങ്ഗാം ദധാനേ ഹരേ
സ്സ്വശാദ്ദൽപുളകാ കരഗ്രഹവിധൌ
ഗൌരീ ശിവയാസ്തു വഃ."

എന്നുംമററും പ്രിയദശികയിലും പാർവ്വതീപരമേശ്വരപരങ്ങളായ നാന്ദീശ്ലോകങ്ങൾ നിർമ്മിച്ചിരിക്കുന്നതു്. ശ്രീഹർഷൻെറ സദസ്യന്മാരിൽ അഗ്രേസരൻ ശിവഭക്തനായ ഭട്ടബാണനായിരുന്നു എന്നുള്ളതു പ്രസിദ്ധമാണല്ലോ.

ബുദ്ധൻെറ തിരുവായ്മൊഴികൾ പത്ത്യരൂപേണ സംഗ്രഹിച്ചതായി അഭിജ്ഞന്മാർ സങ്കല്പിക്കുന്ന ധമ്മപദം ക്രി. പി. മൂന്നാംശതകത്തിലെങ്കിലും ആവിർഭവിച്ചിരിക്കണം. ധമ്മപദത്തിലെ തത്വങ്ങൾ പലതും അതേരൂപത്തിൽതന്നെ മഹാഭാരതം മനുസ്മൃതി മുതലായ വൈദികഗ്രന്ഥങ്ങളിൽ കാണാം. ഏതാനം ചില ഉദാഹരണങ്ങൾ താഴെ ചേർത്തുകൊള്ളുന്നു.

൧ "അക്രോധേന ജയേൽ ക്രോധ-
മസാധും സാധുനാ ജയേൽ
ജയേൽ കദര്യം ദാനേന
സത്യേനാളീകവാദിനം."

മഹാഭാരതം ൧൨-൩൭൦

"അക്കോധേന ജിനേ കോധം
അസാധും സാധുനാ ജിനേ
ജിനേ കദരിയം ദാനേന
സച്ചേന അളീകവാദിനം."

ധമ്മപദം ൨൨൨

൨ "യച്ച കാമസുഖം ലോകേ
യച്ച ദിവ്യം മഹൽ സുഖം;
തൃഷ്ണാക്ഷയസുഖസ്യൈതേ
നാർഹതഃ ഷോഡശീം കലാം.

മഹാഭാരതം ൧൨-൧൭൪൬

"അപി ദിബ്ബേസു കാമേസു
രതിം സോനാധിഗച്ഛതി
തൺഹക്ഖയരതോ ഹോതി
സമ്മാ സംബുദ്ധസാവകോ."

ധമ്മപദം ൧൮൭

൩ "ഉദ്ധരേദാത്മനാത്മാനം:
നാത്മാനമവസാദയേൽ;

Digitized By Kerala Sahitya Akademi

ആത്മൈവഹ്യാത്മനോബന്ധു-
രാത്മൈവരിപുരാത്മനഃ"

ഭഗവത്ഗീത ൬-൫

"അത്താഹി അത്തനോ നാഥോ,
കോഹി നാഥോ പരോസിയാ
അത്താ നഹി സുദന്തേന
നാഥം ലഭതി ദുല്ലഭം."

ധമ്മപദം ൬൦.

൪ "അഹിംസകാനി ഭൂതാനി
ദണ്ഡേന വിനിഹന്തി യഃ
ആത്മനസ്സുഖമിച്ഛൻ സ-
പ്രേത്യ നൈവ സുഖീ ഭവേൽ."

മഹാഭാരതം ൧൧൩-൫-൩൬൪.

"സുഖകാമാനി ഭൂതാനി
യോദണ്ഡേന ന ഹിംസതി
അത്തനോസുഖമേ സാനോ
പേച്ച സോ ലഭതേ സുഖം."

ധമ്മപദം ൧൩൨.

൫ "അഭിവാദനശീലസ്യ
നിത്യം വൃദ്ധോപസേവിനഃ
ചത്വാരി തസ്യ വർദ്ധന്തേ
ആയുർവിദ്യാ യശോ ബലം."

മനുസ്മൃതി ൧൧-൧൨൧

അഭിവാദനസീലസ്സ
നിത്യം വദ്ധാപചായിനോ
ചത്താരോ ധമ്മാ വഡ്ഢന്തി;
ആയുവണ്ണോ സുഖം ബലം."

ധമ്മപദം ൧൦൯

൬ "പുഷ്പാനിവ വിചിന്വന്ത-
മന്യത്രഗതമാനവം
അനവാപ്തേഷു കാമേഷു
മൃത്യുരഭ്യേതി മാനവം."

മഹാഭാരതം ൨-൬൭൩൩

സേഖോ പഠവിം വിജേസ്സതി
യമലോകഞ്ച ഇമം സദേവകം
സേഖോ ധമ്മപദം സുദേസിതം
കുസലോ പുഷ്പമിവ പചേസ്സതി."

ധമ്മപദം ൪൫

മഹാഭാരതത്തിൽ അടങ്ങിട്ടുള്ള സന്മാർഗ്ഗതത്വങ്ങളിൽനിന്ന് അധികമായോ ഭിന്നമായോ ധമ്മപദത്തിൽ യാതൊന്നുംതന്നെ പ്രതിപാദിച്ചുകാണുന്നില്ല. ധമ്മപദത്തിലെ ഒടുവിലത്തെ വകുപ്പായ ബ്രാഹ്മണവഗ്ഗ (വർഗ്ഗ)

Digitized By Kerala Sahitya Akademi

ത്തിലും മഹാഭാരതം വനപർവ്വത്തിലെ നഹുഷയുധിഷ്ഠിരസംവാദ (ആജഗരം) ത്തിലും കാണുന്ന ജാതിവിമർശം ഒന്നുതന്നെയാണ് "തമഹം ബ്രൂമി ബ്രാഹ്മണം" എന്നു ബുദ്ധനും വേദവ്യാസനും ഒരേരീതിയിൽതന്നെയാണ് ബ്രാഹ്മണ്യത്തെ നിർവ്വചനംചെയ്യുന്നത്. കാഠകോപനിഷത്തുകളിൽനിന്നു പല ഭാഗങ്ങളും ബുദ്ധമതത്തിൽ അതേനിലയിൽ സംക്രമിച്ചിട്ടുണ്ട്.

ധമ്മപദത്തിലെന്നതുപോലെ മററു ഹീനയാനഗ്രന്ഥങ്ങളിലും അതിലും അധികമായി മഹായാനഗ്രന്ഥങ്ങളിലും ബൌദ്ധഗ്രന്ഥകാരന്മാർ ബ്രാഹ്മണരെപ്പററി പ്രസ്താവിക്കുന്നുണ്ട്. ക്രിസ്തുവിൻെറ ജനനത്തിനുമുമ്പു നിർമ്മിതമായ ലളിതവിസ്തരത്തിൽ ബുദ്ധൻ ക്ഷത്രിയകുലത്തിൽ അവതരിച്ചതിനു കാരണം "ന ബോധിസത്വാ ഹീനകുലേഷൂപപദ്യന്തേ; ചണ്ഡാലകുലേഷുവാ വേണുകാരകുലേഷുവാ; രഥകാരകുലേഷു വാ; അഥ തർഹി കുലദ്വയ ഏവോപപദ്യന്തെ; ബ്രാഹ്മണകുലേ ക്ഷത്രിയകുലേ ച; തത്ര യദാ ബ്രാഹ്മണഗുരുകോ ലോകോ ഭവതി തദാ ബ്രാഹ്മണകുലേഷൂപപദ്യന്തേ; ഏതർഹി ഭിക്ഷവഃ ക്ഷത്രിയഗുരുകോ ലോകഃ." എന്നു പറഞ്ഞിരിക്കുന്നു. ഇതിൽനിന്നു ചാതുർവ്വർണ്യത്തെ സംബന്ധിച്ചിടത്തോളം ലളിതവിസ്തരകാരൻ ഒരു സനാതനഹിന്ദുവിൽനിന്നു് ഭിന്നനല്ലായിരുന്നു എന്നു കാണാം. ബോധിസത്വൻ താൻ ഗുണപൂർണ്ണമായ കുലത്തിൽ ജനിക്കണമെന്നു നിശ്ചയിക്കുമ്പോൾ ശാക്യവംശത്തെപ്പററി "ബ്രഹ്മണ്യം ചൈതൽ കുലം ഭവതി" എന്നും ജനിക്കേണ്ടമാതിരി എങ്ങനെ എന്നു ചോദിക്കുമ്പോൾ ഉഗ്രതേജസ്സെന്ന ദേവപുത്രൻ "യാദൃശാ ബ്രാഹ്മണാനാം മന്ത്രവേദപാഠശാസ്ത്രേഷ്വാഗതിരീദൃശേനൈവ രൂപേണ ബോധിസത്വ! മാതുഃ കുക്ഷാവവക്രമിതവ്യം." എന്നും പറയുന്നു. ഹിന്ദുക്കൾക്കു മാത്രമുള്ളതെന്നുവച്ചിട്ടുള്ള ജാതിചിന്തയ്ക്കു മഹായാനബൌദ്ധർ ബാഹ്യരല്ലായിരുന്നു എന്നു് ഈ ഉദാഹരണങ്ങൾ വിശദീകരിക്കുന്നു.

ബുദ്ധനെ മഹാവിഷ്ണുവിൻെറ ഒരു് അവതാരമായി പല ഹൈന്ദവകവികളും വന്ദിച്ചിട്ടുണ്ട്. താഴെക്കാണുന്ന പ്രാചീനപദ്യങ്ങൾ ഈ അവസരത്തിൽ അനുസ്മരണീയങ്ങളാകുന്നു.

൧. "പാഠീനഃ കമഠഃ കിടിർന്നരഹരിഃ
ഖർവ്വാകൃതിർഭാർഗവോ
രാമഃ കംസനിഷൂദനോ ദശബലഃ
കല്ക്കീ ച നാരായണഃ;
യുഷ്മാകം സ വിഭൂതയേസ്തു ഭഗവാൻ
സേതുർഭവാംഭോനിധാ-
വുത്താരായ യുഗേ യുഗേ യുഗപതി
സ്ത്രൈലോക്യനാഥോഹരിഃ."

൨. "വേദാ യേനസമുദ്ധൃതാ വസുമതീ
പൃഷ്ഠേ ധൃതാപ്യുദ്ധൃതാ
ദൈത്യേശോ നഖരൈർഹതഃ ഫണിപതേർ-
ല്ലോകം ബലിഃ പ്രാപിതഃ

Digitized By Kerala Sahitya Akademi

ക്ഷ്മാക്ഷത്രാ, ജഗതീ ദശാസ്യരഹിതാ
മാതാ കൃതാ രോഹിണീ
ഹിംസാ ദോഷവതീ, ധരാ പ്രിയവനാ:
പായാത്സ നാരായണഃ”

ആദ്യത്തെ ശ്ലോകത്തിൽ ബലഭദ്രനെ ഒരു അവതാരമായി പരിഗണിച്ചുകാണുന്നില്ല. രണ്ടാമത്തേതിലാകട്ടെ ബലഭദ്രനെ അവതാരത്തിൽ സ്വീകരിച്ചു ശ്രീകൃഷ്ണനെ വിട്ടിരിക്കുന്നു. രണ്ടാമത്തെ ശ്ലോകത്തിൽ കാണുന്ന രീതിയെയാണ് ക്രി. പി. പന്ത്രണ്ടാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ലക്ഷ്മണസേനന്റെ സദസ്യനായി വങ്ഗദേശത്തിൽ ജീവിച്ചിരുന്ന മഹാകവി ജയദേവൻ അദ്ദേഹത്തിന്റെ ഗീതഗോവിന്ദത്തിൽ അവലംബിക്കുന്നത്.

“വഹസി വപുഷി വിശദേ വസനം ജലദാഭം
ഹലഹതിഭീതിമിളിതയമുനാഭം.
കേശവ! ധൃതഹലധരരൂപ!
ജയ ജഗദീശ ഹരേ!
നിന്ദസി യജ്ഞവിധേരഹഹ ശ്രുതിജാതം
സദയഹൃദയദർശിതപശുഘാതം;
കേശവ! ധൃതബുദ്ധശരീര
ജയ ജഗദീശ! ഹരേ!”

“വേദാനുദ്ധരതേ, ജഗന്നിവസതേ,
ഭൂഗോളമുദ്ബിഭ്രതേ,
ദൈത്യാൻ ദാരയതേ, ബലിം ഛലയതേ,
ക്ഷത്രക്ഷയം കുർവ്വതേ,
പൌലസ്ത്യം ജയതേ, ഹലം കലയതേ,
കാരുണ്യമാതന്വതേ,
മ്ലേച്ഛാൻ മൂർച്ഛയതേ, ദശാകൃതിധൃതേ
കൃഷ്ണായ തുഭ്യം നമഃ.”

ഈ ഭാഗങ്ങൾ നോക്കുക.

ജയദേവാദിഗ്രന്ഥകാരന്മാർ ശ്രീകൃഷ്ണനെ ദശാവതാരങ്ങളിൽ ഉൾപ്പെടുത്താത്തത്

“ഏതേ ചാംശകലാഃ പുംസഃ
കൃഷ്ണസ്തു ഭഗവാൻ സ്വയം.”

എന്നു ശ്രീമദ്ഭാഗവതത്തിൽ നിർദ്ദേശിച്ചുകാണുന്നപ്രകാരം മഹാവിഷ്ണുവിന്റെ മറ്റവതാരങ്ങൾ അംശാവതാരങ്ങളും ശ്രീകൃഷ്ണാവതാരം പൂർണ്ണാവതാരവുമാണെന്നുള്ള ധാരണയാലായിരിക്കണം. ഹരിഹരനെന്ന മഹാരാഷ്ട്രനായ സുഭാഷിതകർത്താവും ജയദേവന്റെ പരിപാടിതന്നെ അംഗീകരിക്കുന്നു. ഹരി

Digitized By Kerala Sahitya Akademi

ഹംസഭാഷിതത്തിന്റെ ഉപോദ്ഘാതത്തിൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ കാണുന്നു.

തം നൗമി യമുനാ യസ്യ
ലാങ്ഗലാഗ്രപ്രവർത്തിതാ
ഉപാസ്യ പാദാവഭജദ്-
ഗങ്ഗാസങ്ഗമയോഗ്യതാം.

ബുദ്ധമുദ്ബുദ്ധകാരുണ്യ-
രസാവഹമുപാസ്മഹേ
അഹിംസാ ദീർഘസംസാര-
ദാരിണീ യേന ദർശിതാ.”

“മത്സ്യാദയോ ദശാപ്യംശാ
യസ്യ കംസാപഹാരിണഃ
തം കക്ഷികഹാക്ഷിപ്ത-
ദലിതപ്ലുഭുവനം ഭജേ.”

ദേവിയുടെ പദ്യത്തിൽ ഹരിഹരൻ സ്മരിക്കുന്നതു മഹാവിഷ്ണുവിന്റെ പൂർണ്ണാവതാരമായ ശ്രീകൃഷ്ണനേയാണ്. കേവലം മഹാവിഷ്ണുവിന്റെ പള്ളിമെത്തമാത്രമായ ആദിശേഷന്റെ അവതാരമാണല്ലോ ബലഭദ്രൻ. ബലഭദ്രനെ ദശാവതാരങ്ങളിൽ ഉൾപ്പെടുത്തിയാൽ കൃഷ്ണനേയും ഉൾപ്പെടുത്തേണ്ടതായി വരും. അങ്ങനെ ചെയ്യാതെ ബലഭദ്രനെമാത്രം ആ സ്ഥാനത്തിൽ പ്രതിഷ്ഠിക്കുന്നതു പാഞ്ചരാത്രമതം അനുസരിച്ചാകുന്നു. പാഞ്ചരാത്രത്തിലെ വ്യൂഹകല്പനയിൽ പ്രപഞ്ചസൃഷ്ടിക്കുവേണ്ടി ശ്രീനാരായണനിൽനിന്നു പരാശക്തി, ക്രിയാശക്തി ഭൂതിശക്തി ഇങ്ങനെ രണ്ടംശങ്ങളായി വേർപിരിയുന്നു. ശക്തിയിൽനിന്നു ഭിന്നനായി നില്ക്കുന്ന വാസുദേവനാകുന്നു പ്രഥമവ്യൂഹം. വാസുദേവനിൽനിന്നു സങ്കർഷണൻ ദ്വിതീയവ്യൂഹമായും സങ്കർഷണനിൽനിന്നു പ്രദ്യുമ്നൻ തൃതീയവ്യൂഹമായും പ്രദ്യുമ്നനിൽനിന്ന് അനിരുദ്ധൻ ചതുർത്ഥവ്യൂഹമായും ആവിർഭവിക്കുന്നു. ഈ നാലുവ്യൂഹങ്ങളും പ്രപഞ്ചസൃഷ്ടിയിൽ ഭാഗഭാക്കുകളാകുന്നു. തന്നിമിത്തം പാഞ്ചരാത്രന്മാർക്കു ബലഭദ്രനെന്നുമാത്രമല്ല, പ്രദ്യുമ്നനും, അനിരുദ്ധൻകൂടിയും മഹാവിഷ്ണുവിന്റെ അംശാവതാരങ്ങളാണ്. എന്നാൽ മഹാവിഷ്ണുവിന്റെ അവതാരങ്ങൾ പത്തെന്നു മുൻപുതന്നെ ക്ലിപ്തപ്പെടുത്തിക്കഴിഞ്ഞിരുന്നതിനാൽ ബലഭദ്രനുമാത്രമേ അവിടെ പ്രവേശനത്തിനു മാർഗ്ഗമുണ്ടായുള്ളു. ബുദ്ധനെ ഒഴിച്ചുനിർത്തണമെന്നു തോന്നിയവർ അങ്ങനെ ചെയ്തു ബലഭദ്രനെ അകത്തുകേററി; ബുദ്ധനും കൂടി ഇരിക്കാമെന്നു തോന്നിയവർ ശ്രീകൃഷ്ണനു ദശാവതാരങ്ങൾക്കു മുകളിൽ ഒരു സ്ഥാനംനല്കി. “രാമോ രാമശ്ച കൃഷ്ണശ്ച ബുദ്ധഃ കല്ക്കീ ജനാർദ്ദനഃ” എന്നും “രാമോ രാമശ്ച രാമശ്ച ബുദ്ധഃ കല്ക്കീ ജനാർദ്ദനഃ” എന്നും “രാമോ രാമശ്ച രാമശ്ച കൃഷ്ണഃ കല്ക്കീ ജനാർദ്ദനഃ” എന്നും ഇങ്ങനെ ഒരേ വിഷയത്തിൽ മൂന്നു പാഠങ്ങൾ ഭാരതഖണ്ഡത്തിൽ പ്രചരിക്കുവാൻ ഇടവന്നതു് ഇപ്രകാരമാകുന്നു.

Digitized By Kerala Sahitya Akademi

ക്രി. പി. ഒൻപതാംശതകത്തിന്റെ ആരംഭത്തിൽ ബുദ്ധനെ മഹാവിഷ്ണുവിന്റെ ഒരവതാരമായിത്തന്നെ ഹിന്ദുക്കൾ കരുതിയിരുന്നു എന്നുള്ളതിനു ശ്രീശങ്കരഭഗവൽപാദരുടെ ദശാവതാരസ്തോത്രം തന്നെ.

"യ ആസ്തേ കലൌ യോഗിനാം ചക്രവർത്തീ
സ ബുദ്ധഃ പ്രബുദ്ധോസ്തു മച്ചിത്തവർത്തീ."

എന്ന ഭാഗം മതിയായ ലക്ഷ്യമാകുന്നു. ശങ്കരാചാര്യരുടെ ഗുരുവായ ഗൌഡപാദാചാർയ്യർ ഒരു ബൌദ്ധനായിരുന്നു എന്നു് അദ്ദേഹത്തിന്റെ മാണ്ഡൂക്യകാരികയിലെ,

..ജ്ഞാനേനാകാശകല്പേന
ധർമ്മാന്യോ ഗഗനോപമാൻ
ജ്ഞേയാഭിന്നേന സംബുദ്ധ-
സ്തം വന്ദേ ദ്വിപദാംവരം.

എന്ന പദ്യത്തിൽനിന്നു് അഭിജ്ഞന്മാർ അനുമാനിക്കുന്നതു് അസംഭാവ്യമല്ല. ബ്രഹ്മസൂത്രഭാഷ്യം ദ്വിതീയാദ്ധ്യായത്തിൽ ആ പുണ്യശ്ലോകൻ "അപിച ബാഹ്യാർത്ഥവിജ്ഞാനശൂന്യവാദത്രയമിതരേതരവിരുദ്ധമുപദിശതാ സുഗതേന സ്പഷ്ടീകൃതമാത്മനോഽസംബദ്ധപ്രലാപിത്വം. പ്രദ്വേഷോവാ പ്രജാസു. വിരുദ്ധാർത്ഥപ്രതിപത്ത്യാ വിമുഹ്യേയുരിമാഃ പ്രജാ ഇതി സർവഥാപ്യനാദരണീയോഽയം സുഗതസമയഃ ശ്രേയസ്കാമൈരിത്യഭിപ്രായഃ." എന്നും മറ്റും അദ്വൈതവേദാന്തസിദ്ധാന്തസംരംഭത്തിൽ സുഗതസമയത്തെ അപലപിച്ചു് ഉച്ചരിക്കുന്ന വാക്യങ്ങൾ ആധുനികന്മാരാൽ "നഹിനിന്ദാന്യായേന" മാത്രം അംഗീകാര്യങ്ങളാകുന്നു എന്നത്രേ എന്റെ വിനീതമായ അഭിപ്രായം. കപിലൻ, കണാദൻ മുതലായ സാംഖ്യാദിദർശനോപജ്ഞാതാക്കളേയും സൂത്രഭാഷ്യകാരൻ വെറുതെ വിട്ടിട്ടില്ല. "സാംഖ്യാദയസ്സ്വപക്ഷസ്ഥാപനായ വേദാന്തവാക്യാന്യുദാഹൃത്യ സ്വപക്ഷാനുഗുണ്യേനൈവ യോജയന്തോ വ്യാചക്ഷതേ; തേഷാം യദ്വ്യാഖ്യാനം തദ്വ്യാഖ്യാനാഭാസം: നസമ്യഗ്വ്യാഖ്യാനം". "തദേവമസാരതർക്കസംദൃബ്ധോപാദിശാകാരണശ്രുതിവിരുദ്ധത്വാൽ ശ്രുതിപ്രവണൈശ്ച ശിഷ്ടൈർമ്മന്വാദിഭിരപരിഗൃഹീതത്വാദത്യന്തമേവാനപേക്ഷാ അസ്മിൻ പരമാണുകാരണവാദേ കാർയ്യാ. ആര്യൈശ്ശ്രേയോർത്ഥിഭിരിതിവാക്യശേഷഃ" ഇത്യാദി വാക്യങ്ങൾ എന്റെ ഈ അഭിപ്രായത്തിനു സാധകങ്ങളാകുന്നു.

ബുദ്ധനെ ജന്തുഹിംസാനിരോധനത്തിനായി ആവിർഭവിച്ച മഹാവിഷ്ണുവിന്റെ ഒരവതാരമെന്നായിരുന്നു ആദ്യകാലത്തിൽ ഹിന്ദുക്കൾ കരുതിയിരുന്നതു്.

ഈ തത്വം ക്രി. പി. പതിനൊന്നാംശതകത്തിൽ കാശ്മീരദേശത്തെ അലംകരിച്ചിരുന്ന ക്ഷേമേന്ദ്രമഹാകവിയുടെ കൃതികളിൽ പ്രകടമായി പ്രസ്താവിച്ചുകാണുന്നുണ്ടു്. ക്ഷേമേന്ദ്രൻ അനന്തനെന്ന കാശ്മീരരാജാവിന്റെ സമകാലികനും ഒരു പ്രമാണിയായ ഹിന്ദുവും വ്യാസദാസനെന്ന നാമാന്തരത്താൽ സുവിദിതനും രാമായണമഞ്ജരി, ഭാരതമഞ്ജരി, മുതലായ ബൃഹൽകാ

Digitized By Kerala Sahitya Akademi

വ്യങ്ങളുടെ പ്രണേതാവും ആയിരുന്നു. അദ്ദേഹം തന്റെ ചാരുചര്യാശതകത്തിൽ ഭൂതദയയ്ക്കു ദൃഷ്ടാന്തമായി നിർദ്ദേശിക്കുന്നതു ബുദ്ധനെയാണ്.

“പദഭാം കാമം സംസാര-
സാരം കരീത സത്വവാൻ:
വിദധേ ഭഗവാൻ ബുദ്ധഃ
സത്വനേത്രാദ്ധ്യതൈ പ്രിയം.”

എന്ന പദ്യം ആ മഹാകവിയുടെ വിശാലഹൃദയത്വത്തിന് ഒരു മൂർദ്ധാഭിഷിക്തോദാഹരണം തന്നെ. ഇതിനേക്കാൾ എത്രയോ വലുതായ ഒരു കൃതിയാണ് വ്യാസദാസന്റെ ദശാവതാരചരിതം. അതിൽ “രാമോ രാമശ്ച കൃഷ്ണശ്ച ബുദ്ധഃ കല്ക്കീ ജനാർദ്ദനഃ” എന്ന പ്രമാണത്തെ മഹാകവി സ്വീകരിച്ചുകാണുന്നത്.

“മത്സ്യഃ കൂർമ്മോ വരാഹഃ പുരുഷഹരിവപു-
ർവ്വാമനോ ജാമദഗ്ന്യഃ
കാകുൽസ്ഥഃ കംസഹന്താ സ ച സുഗതമുനിഃ
കല്ക്കിനാമാ ച വിഷ്ണുഃ.”

എന്നാകുന്നു അതിലെ പ്രഥമപദ്യം ആരംഭിക്കുന്നത്. ആ ഗ്രന്ഥത്തിൽ ബുദ്ധാവതാരകഥ ൨൭ പദ്യങ്ങളിൽ ക്ഷേമേന്ദ്രൻ നിരർഗ്ഗളമനോഹരമായ രീതിയിൽ കഥനം ചെയ്യുന്നു. അതിൽനിന്നു ചില പദ്യങ്ങൾ ഉദ്ധരിക്കാം.

“കാലേ പ്രയാതേ കലിവിപ്ലവേന
രാജഗൃഹോദ്യാനെ ഭഗവാൻ ഭവാബ്ധൌ
മജ്ജൽസു സമ്മോഹജലേ ജനേഷു
ജഗന്നിവാസഃ കരുണാകുലോഭൂൽ.

സ ശാക്യസത്വോപകൃതിപ്രവൃത്തഃ
ശ്രീശാക്യലക്ഷ്മാക്യകുലേ വിശാലേ
ശുദ്ധോദനാഖ്യസ്യ നരാധിപേന്ദോ-
ർദ്ധന്യസ്യ ഗർഭേഽവതതാര പത്ന്യാഃ.

മായാഭിധാനാ ജനനീ ച തസ്യ
ഗർഭേ ഹരിം വിശ്വഗുരും ദധാനാ
ആസന്നപുണ്യേവ സുധാബ്ധിവേലാ
നിധാനധന്യേവ വസുന്ധരാഭൂൽ.”

൧. ധ്യാനനിഷ്ഠനായ ബുദ്ധനെ ശുദ്ധോദനൻ കാണുന്നത്.

“ഉൽക്കേന്ദുതി ഭൂപതിരുദ്വഹഃ ശമസന്നിധാനം
പ്രാപ്യാശ്രമാഗ്രമവരുഹ്യ രഥാൽ പ്രഹൃഷ്ടം

Digitized By Kerala Sahitya Akademi

ദൂരാദ്ദർശ സ്മരന്തിധനരോരഗാണാം
രാഗാദിദോഷശമനേ സുഗതം പ്രവൃത്തം.

ഭ്രൂനിർഗ്ഗതപ്രതതകാഞ്ചനപത്മപുഷ്പ-
പത്രാസനസ്ഥമവിസംസ്ഥിതധാമധീരം
മേരും സമേഹമിവ ചന്ദ്രസഹസ്രകാന്തി-
വ്യൂഹൈരിവാമൃതചിതൈഃ കൃതരൂപകായം;

സദ്ധർമ്മകായമുപദേശദിശാ ദിശന്തം
ജ്ഞാനാർക്കരശ്മിഹതമോഹമഹാന്ധകാരം
സിംഹാസനാസനസമുന്നതബാഹുനേത്രം
ബാലപ്രവാളതരുപല്ലവലോഹിതൌഷ്ഠം;

ലാവണ്യരാശിവദനം സരളോരുഹാസം
നിർഭൂഷണശ്രവണപാലിവിശേഷശോഭം
തം നിർജ്ജിതസ്മരമുദാരഗുണം പ്രണമ്യ
ഭേദേ പ്രതിപ്രണതിമാനസനല്പമോദം.

ശക്രാദിദിക്പതിവരൈരപി ബിംബസാര-
മുഖ്യൈശ്ച ഭൂമിപതിഭിർഗ്ഗുരുഗൌരവേണ
നമ്രൈശ്ശിരഃസു പ്രാതരഭിനന്ദ്യമാനഃ
ശുദ്ധോദനഃ കനകവിഷ്ടരമാസസാദ.”

൧൨. രാജ്യത്തിലേക്കു തന്നെ ആനയിക്കുന്ന പിതാവിനോടു ബുദ്ധന്റെ മറുപടി:—

വൈരാഗ്യേ ശമശീതചിത്തസുഖിനാം
  നാനന്ദനം ചന്ദനം;
കാരുണ്യാഭരണാദിരാമഹൃദയേ
  ഹാരേണ ഭാരേണ കിം?
രത്നാഭരണാദികം ശ്രുതഗിരാ-
  മാകർണ്ണനം കർണ്ണയോ-
ർന്നോപ്യം ശീലമുദ്രാശീലനവതാം
  ചിത്രാംബരാഡംബരം.

രാജൻ! ധന്യജ്ഞ മോഹദുർഗ്ഗസംസ്ഥിതം;
  സ്നേഹാധ്യദാം മാ കൃഥാഃ;
നശ്വരാര്യ്യ വിചാരയ പ്രാഗതാം;
  മാ മജ്ജ ജന്മാംബുധൌ:
നിത്യാപൂർവ്വജനോദ്ഭവോ ഭവപഥേ
  പ്രസ്ഥാനപാന്ഥഭ്രമ-
ക്ലിഷ്ടാനാം സമാഗമപ്രണയിനാം
  കോ ബാന്ധവഃ? കഃ പരഃ?”

Digitized By Kerala Sahitya Akademi

അശ്വഘോഷാദിമഹാകവികൾക്കുപോലും ബുദ്ധമുനിയുടെ അപദാനങ്ങളെ ഇതിലധികം ഹൃദയംഗമമായ രീതിയിൽ അനുകീർത്തനംചെയ്യുവാൻ സാധിച്ചിട്ടില്ല.

ദശാവതാരചരിത്രത്തിന്റെ പീഠികയായി ക്ഷേമേന്ദ്രൻ ഒരു ദശാവതാരവന്ദനം ചെയ്തിട്ടുണ്ട്. അതിലും ബുദ്ധപരമായ ഒരു പദ്യം കാണുന്നതു താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

“യസ്യ സഭ്രൂഭ്രമാകമ്പാ-
മാരരാമാസ്സസൈനികാഃ
ചക്രുർന്ന രാഗം ന ദ്വേഷം;
സ ശാന്ത്യൈ സുഗതോസ്തു വഃ.”

“ഏതേന ശ്രീത്രിപുരേശശൈലശിഖരേ
വിശ്രാന്തിസന്തോഷിണാ
വീക്ഷ്ണസ്സ്വല്പവിലോകിതാകൃതിസുധാ-
സംവർദ്ധിതോൽക്കണ്ഠയാ
വാക്പുഷ്പൈരമലൈർഗ്ഗുണപ്രണിഹിതൈ-
രമ്ലാനശോഭൈഃ സ്ഥിരൈ-
ർഭക്തിവ്യക്തദശാവതാരചരണഃ
പൂജാപ്രബന്ധഃ കൃതഃ.”

എന്നു ഗ്രന്ഥസമാപ്തിചെയ്യുന്ന ഈ മഹാകവിക്ക് എത്രമാത്രം വിഷ്ണുഭക്തിയുണ്ടായിരുന്നു എന്നുള്ളത് അനാകതസിദ്ധമാണല്ലോ. ശ്രീകൃഷ്ണനും ബുദ്ധനും തമ്മിൽ യാതൊരുഭേദവും ആദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഫുരിച്ചിരുന്നില്ല.

പുരാണങ്ങളിൽ ബുദ്ധനെ പലപ്രകാരത്തിലും വർണ്ണിക്കുന്നുണ്ട്. ശ്രീമദ്ഭാഗവതം പ്രഥമസ്കന്ധത്തിൽ മഹാവിഷ്ണുവിന്റെ ഇരുപത്തിരണ്ടവതാരങ്ങളും പരിഗണിക്കപ്പെടുന്ന കൂട്ടത്തിൽ ശ്രീകൃഷ്ണൻ, ബലഭദ്രൻ, ബുദ്ധൻ, ഈ മൂന്നവതാരങ്ങളും ഉൾപ്പെടുന്നു.

“ഏകോനവിംശേ വിംശേ ച
വൃഷ്ണിഷു പ്രാപ്യ ജന്മനീ
രാമകൃഷ്ണാവിതി ഭുവോ
ഭഗവാനഹരദ്ഭരം.

തതഃ കലൗ സംപ്രവൃത്തേ
സമ്മോഹായ സുരദ്വിഷാം
ബുദ്ധോ നാമ്നാ ജിനസുതഃ
കീകടേഷു ഭവിഷ്യതി.”

ഭാഗവതം I. 23-24

Digitized By Kerala Sahitya Akademi

ഈ പദ്യങ്ങൾ നോക്കുക. ഭാഗവതോക്തനായ ഈ കികടബുദ്ധൻ ശാക്യബുദ്ധനിൽനിന്നു ഭിന്നനാണെന്നു ചിലർ ശങ്കിക്കാറുണ്ട്. കീകടം ഗയാപ്രദേശമാണെന്നു ശ്രീധരസ്വാമികൾ വ്യാഖ്യാനിക്കുന്നതാണ് ഈ ശങ്കയ്ക്കു നിമിത്തം. എന്നാൽ ഇതു കേവലം അസ്ഥാനത്തിലാണ്. ബുദ്ധൻ ഗയയിലാണല്ലോ ആദ്യകാലം തീവ്രതപസ്സു ചെയ്തതു്. ബുദ്ധഗയയെപ്പററി കേട്ടിരുന്ന ഭാഗവതകാരന് അദ്ദേഹത്തിന്റെ ജന്മഭൂമി കപിലവാസ്തുവാണെന്ന് അറിവില്ലാതിരുന്നതിനാലാണ് ഈ അബദ്ധം പററിയതു്. കപിലവാസ്തുവിന്റെ ഉൽപ്പത്തിയെപ്പററി അശ്വഘോഷൻ സൌന്ദരാനന്ദം പ്രഥമസർഗ്ഗത്തിൽ സ്പഷ്ടമായി ഉൽഘോഷിക്കുന്നു.

"ഗൗതമഃ കപിലോ നാമ
മുനിർദ്ധർമ്മഭൃതാം വരഃ
ബഭൂവ തപസി ശ്രാന്തഃ
കാക്ഷീവാനിവ ഗൗതമഃ.

തസ്യ വിസ്തീർണ്ണതപസഃ
പാർശ്വേ ഹിമവതഃ ശുഭേ
ക്ഷേത്രം ചായതനഞ്ചൈവ
തപസാമാശ്രയോഭവൽ.

കപിലസ്യ ച തസ്യർഷേ-
സ്തസ്മിന്നാശ്രമവാസ്തുനി
യസ്മാത്തേ തൽപുരം ചക്രു-
സ്തസ്മാൽ കപിലവാസ്തു തൽ".

ഇത്യാദി പദ്യങ്ങൾ നോക്കുക. സാംഖ്യോപജ്ഞാതാവായ ഈ കപിലനെ ശ്രീമദ്ഭാഗവതം വൈഷ്ണവാവതാരത്തേന സ്വീകരിക്കുന്നുണ്ട്.

"പഞ്ചമഃ കപിലോ നാമ
സിദ്ധേശഃ കാലവിപ്ലുതം
പ്രോവാചാസുരയേ സാംഖ്യം
തത്ത്വഗ്രാമവിനിർണ്ണയം."

ലിങ്ഗപുരാണത്തിൽ ത്രിപുരന്മാരെ മോഹിപ്പിക്കുന്നതിനായിട്ടുള്ള വിഷ്ണുവിന്റെ ബുദ്ധാവതാരമെന്നു പ്രസ്താവിച്ചുകാണുന്നു.

"തതഃ കൃത്വാ ധർമ്മവിഘ്നം
ക്ഷണാദ്ദേവാത്മമായയാ
ദൈത്യാനാം ദേവകാര്യാർത്ഥം
ജേഷ്യേഹം ത്രിപുരം ക്ഷണാൽ.

Digitized By Kerala Sahitya Akademi

ഗായ മായാമയം തേഷാം
ധർമ്മവിഷ്ണനാത്മമച്യുതഃ
ശാസ്ത്രം ച ശാസ്ത്രാ സർവ്വേഷാ-
മകരോൽ കാമരൂപധൃക്.

മായിമായാമയം ശാസ്ത്രം
മന്ദമോഹദശക്തികം
ശ്രൗതസ്മാർത്തവിരുദ്ധഞ്ച
വർണ്ണാശ്രമവിവർജ്ജിതം."

ഈ പുരാണത്തിൽ ഭാഗവതവും സുഗതധർമ്മവും ഒന്നുപോലെ ഹേയമാണെന്നു ഉപപാദിച്ചുകാണുന്നതും ഈ സന്ദർഭത്തിൽ സ്മർത്തവ്യമാണു്.

"പാഞ്ചരാത്രം ഭാഗവതം
ബൗദ്ധം ദൈഗംബരം തഥാ
ലാകുലം ഭൈരവം വാമം
ശാക്തം ശാർദ്ദവയാമളേ

ഏവംവിധാനി ശാസ്ത്രാണി
വിരുദ്ധാനി മഹാമുനേ!
സ്വതഃപ്രമാണഭൂതേന
വേദേന മുനിസത്തമ!

വൈദികസ്സാനി ശാസ്ത്രാണി
മനസാപി ന സംസ്മരേൽ.

വാസ്തവത്തിൽ ശ്രീമദ്ഭാഗവതം അനാസ്തികമല്ലെങ്കിൽ സുഗതധർമ്മവുമല്ല. എത്രമാത്രം പ്രാചീനാചാരങ്ങളിൽ താൻ കണ്ട ദോഷങ്ങളോടു ബുദ്ധൻ എതിർത്തുവോ അത്രമാത്രം അവയോടു ശ്രീകൃഷ്ണനും എതിർത്തു. ഗോവർദ്ധനയാഗം, വിപ്രപത്ന്യനുഗ്രഹം, ഗീതാപ്രവചനം, ഉദ്ധവോപദേശം മുതലായ ഭഗവദപദാനങ്ങൾ ശരിക്കു കണ്ടറിയുവാൻ കണ്ണുള്ളവക്കു് എന്റെ വിവക്ഷ വേണ്ടവിധത്തിൽ ധരിക്കുവാൻ കഴിയുന്നതാണു്. പ്രകൃതത്തെ അനുസരിക്കേണ്ടതു് ആവശ്യകമാകയാൽ ആ വിഷയത്തെപ്പററി ഈ അവസരത്തിൽ ഇതിലധികം ഒന്നും പ്രസ്താവിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല.

പദ്മപുരാണം ബുദ്ധനേയും ശങ്കരാചാര്യരേയും ഒന്നിച്ചു നിന്ദിക്കുന്നു.

"ശൃണു ദേവി പ്രവക്ഷ്യാമി
താമസാനി യഥാക്രമം
യേഷാം ശ്രവണമാത്രേണ
പാതിത്യം ജ്ഞാനിനാമപി.

Digitized By Kerala Sahitya Akademi

പ്രഥമം ഹി മയൈവോക്തം
ശൈവം പാശുപതാദികം
യദ്ബുദ്ധ്യാവേശിതൈർവിപ്രൈ-
സ്സംപ്രോക്താനി തതഃപരം;

കണാദേന തു സംപ്രോക്തം
ശാസ്ത്രം വൈശേഷികം മഹത്
ഗൗതമേന തഥാ ന്യായം;
സാംഖ്യം തു കപിലേന വൈ;

ദ്വിജന്മനാ ജൈമിനിനാ
പൂർവ്വം വേദമയാർത്ഥതഃ
നിരീശ്വരേണ വാദേന
കൃതം ശാസ്ത്രം മഹത്തരം;

ധിഷണേന തഥാ പ്രോക്തം
ചാർവ്വാകമതിഗർഹിതം;
ദൈത്യാനാം നാശനാർത്ഥായ
വിഷ്ണുനാ ബുദ്ധരൂപിണാ

ബൗദ്ധശാസ്ത്രമസത് പ്രോക്തം
നഗ്നനീലപടാദികം;
മായാവാദമസച്ഛാസ്ത്രം
പ്രച്ഛന്നം ബൗദ്ധമേവ ച

മയൈവ കഥിതം ദേവി!
കലൗ ബ്രാഹ്മണരൂപിണാ:
അപാർത്ഥം ശ്രുതിവാക്യാനാം
ദർശയൻ ലോകഗർഹിതം

കർമ്മസ്വരൂപത്യാജ്യത്വ-
മത്ര ച പ്രതിപാദ്യതേ;
സർവ്വകർമ്മപരിഭ്രംശാൽ
നൈഷ്കർമ്യം തത്ര ചോച്യതേ.

പരാത്മജീവയോരൈക്യം
മയാത്ര പ്രതിപാദ്യതേ.
ബ്രഹ്മണോഽസ്യ പരം രൂപം
നിർഗ്ഗുണം ദർശിതം മയാ;

സർവ്വസ്യ ജഗതോഽപ്യസ്യ
നാശനാർത്ഥം കലൗ യുഗേ

Digitized By Kerala Sahitya Akademi

വേദാത്ഥവന്മഹാശാസ്ത്രം
മായാവാദമവൈദികം
മയൈവ കഥിതം ദേവി!
ജഗതാം നാശകാരണാൽ.''

ലോകത്തെ മോഹിപ്പിക്കുവാൻ സുഗതൻ സ്വമതം സ്ഥാപിച്ചു എന്നു ഭഗവൽപാദർ; ലോകത്തെ മോഹിപ്പിക്കുവാൻ സുഗതനും ഭഗവൽപാദരും സ്വമതങ്ങൾ സ്ഥാപിച്ചു എന്നു പത്മപുരാണകാരൻ. ഭഗവൽപാദർ വിതച്ചുവിത്തു ഭഗവൽപാദർ കൊയ്തു.

ശങ്കരാചാര്യർപോലും ഹിന്ദുവല്ലെന്നു വാദിക്കുന്ന പാത്മപുരാണകത്താവിന്റെ ദൃഷ്ടിയിൽ ഗൌതമബുദ്ധൻ ഹിന്ദുവല്ലെന്നുവന്നതിൽ എന്താണാശ്ചര്യം? ഇവയെല്ലാം അത്ഥമില്ലാത്ത വാദകോലാഹലങ്ങളെന്നേ പറയേണ്ടതുള്ളു. ശബ്ദകല്പദ്രുമകാരനായ രാധാകാന്തദേവൻപോലും ക്രി. പി. പത്തൊൻപതാംശതകത്തിൽ ''സതു ദശാവതാരാന്തഗ്ഗതനവമാവതാരഃ'' എന്നു ബുദ്ധനെപ്പററി പറഞ്ഞിരിക്കുന്നതു പിതൃപൈതാമഹമായി ഭാരതവഷത്തിൽ നിലനിന്നുപോരുന്ന ഒരു ഐതിഹ്യത്തിന്റെ പ്രകാശനം മാത്രമാകുന്നു.

''യേ യഥാ മാം പ്രപദ്യന്തേ
താംസ്തഥൈവ ഭജാമ്യഹം
മമ വർത്മാനുവത്തന്തേ
മനുഷ്യാഃ പാത്ഥ! സവ്വശഃ.''

എന്ന പുളകോൽഗമകാരിയായ ഗീതാവാക്യം പ്രമാണീഭവിക്കുന്ന ഏതൊരു ഹിന്ദുവിനാണ് ഭാരതീയദശനകാരന്മാരുടെ ഇടയിൽ ഒരു മുഖ്യപീഠത്തിന് അവകാശിയും ശ്രീരാമനേപ്പോലെ ഇക്ഷ്വാകുവംശജനും തന്നിമിത്തം ''അക്കബന്ധു' എന്ന നാമാന്തരത്താൽ വിദിതനുമായ ആ ത്യാഗധനൻ—ജിതേന്ദ്രിയൻ—തപോനിധി—രാജഷി—ബുദ്ധനോട്ട് അസാമാന്യമായ ആദരം തോന്നാത്തത്.

''അഹോ ഹി സത്വേഷ്വതിമൈത്രചേതസ-
സ്തഥാഗതസ്യാ നജിഘൃക്ഷുതാ പരാ
അപാസ്യയദ്ധ്യാനസുഖം മുനേ! പരം
പരസ്യ ദുഃഖോപരമായ ഖിദ്യസേ.''

എന്നു സൌന്ദരാനന്ദത്തിൽ ബുദ്ധനെ നോക്കി അദ്ദേഹത്തിന്റെ സഹോദരനായ നന്ദൻ ആശ്ചയ്യപ്പെടുന്നുണ്ട്. ഒടുവിൽ മദംപോയ കൊമ്പനാനയെപ്പോലെ നന്ദൻ ''നൈവോന്മാർഗ്ഗഗതാൻ ജനാൻ പരിഭവൻ നാത്മാനമുൽക്കഷയൻ'' എന്ന നിലയിൽ തിരിയെ സ്വഗൃഹത്തിലേക്കു പോകുന്ന ആ പോക്കും ആ മഹാകവി സമഞ്ജസമായി വണ്ണിച്ചിട്ടുണ്ട്. ഇന്നത്തെ സുഗതസമയാവലംബികൾ തങ്ങൾ ഉന്മാർഗ്ഗഗതന്മാരായി ആരെയെങ്കിലും കരുതുന്നുണ്ടെങ്കിൽ അവരോട് (പരിഭവം) അനാദരം ഭാവിക്കുകയോ തങ്ങൾ

Digitized By Kerala Sahitya Akademi

അവരെക്കാൾ ഉൽകൃഷ്ടരെന്നു വിചാരിക്കുകയോ ചെയ്യുന്നതു സമുചിതമല്ല. അതല്ലായിരുന്നു ബുദ്ധമുനിയുടെ ആദർശം. ആ ആദർശം സൌന്ദരാനന്ദത്തിലെന്നതുപോലെ അശോകചക്രവർത്തിയുടെ ൧൨-ാമത്തെ ശാസനത്തിലും സ്പഷ്ടമായി കാണാം. ഹിന്ദുക്കളും ബൌദ്ധരും ഏകോദരസഹോദരന്മാരെന്നുള്ള ബോധം ബുദ്ധഭഗവാന്റെ ജന്മദിനമായ (വൈശാഖപൌർണ്ണമി) ഇന്നല്ലെങ്കിൽ എന്നാണ് ഇരുകൂട്ടരിലും രൂഢമൂലമാകുന്നത്?

"യം ശൈവാസ്സമുപാസതേ ശിവ ഇതി
ബ്രഹ്മേതി വേദാന്തിനോ;
ബൌദ്ധാ ബുദ്ധ ഇതി; പ്രമാണപടവോ
കർത്തേതി നൈയായികാഃ;
അർഹന്നിത്യഥ ജൈനശാസനരതാഃ;
കർമ്മേതി മീമാംസകാഃ;
സോയം വോ വിദധാതു വാഞ്ഛിതഫലം
ത്രൈലോക്യനാഥോ ഹരിഃ."

Digitized By Kerala Sahitya Akademi

വിജ്ഞാനദീപിക.

രണ്ടാം ഭാഗം.

സാരാർത്ഥവിവരണം.

---

൧. അഗ്നിപുരാണവും സാഹിത്യശാസ്ത്രവും.

1. വായു ചൊന്നൃഷിമാർ കേട്ട പുരാണത്തെ നിനച്ചുടൻ.
2. സർഗ്ഗവും പ്രതിസർഗ്ഗം താൻ, വംശം, മന്വന്തരങ്ങളും
   വംശാനുചരിതത്തോടേ പുരാണത്തിൽ കലർന്നണം.
3. കാവ്യനാടകവർഗ്ഗത്തിന്നലങ്കാരങ്ങളോതുവൻ.
4. മനുഷ്യനാവതെളുത,ല്ലതിലും വിദ്യ ദുർല്ലഭം;
   പണ്ഡിതൻ കവിയായ്ത്തീരാ;നായാലും ശക്തി കിട്ടിടാ;
   വ്യുൽപത്തി കൈവരാ പിന്നെ; വിവേകം സർവ്വദുർല്ലഭം.
5. ഗുണാലങ്കാരസംയുക്തം നിർദ്ദോഷം കാവ്യമെന്മതം.
6. ഗദ്യത്തിൽ വിസ്തരിച്ചോതിക്കവിതൻ വംശമേന്മകൾ;
   കന്യകാഹരണം, യുദ്ധം, വീരഹത്യ, വിപത്തിയും,
   വർണ്ണിച്ചു, രീതിയും വൃത്തിപ്രവൃത്തികളുമെങ്ങുമേ
   ഉദ്ദീപ്തമാക്കി, യുച്ഛ്വാസവിഭാഗം ചേർത്തു ചൂർണ്ണിയും
   വക്ത്രാദിവൃത്തശ്ലോകത്തോടാഖ്യായിക ചമയ്ക്കണം.
7. പെരും കാവ്യക്കടൽ കടക്കേണ്ടോർക്കു വിദ്യ കപ്പലാം.
8. സർഗ്ഗബന്ധം മഹാകാവ്യം സംസ്കൃതത്തിൽ തുടങ്ങണം;
   താദാത്മ്യം കൈവിടാതുള്ള തത്സമം തത്ര ചേർത്തിടാം;
   ഐതിഹ്യമോ, കല്പിതമോ കൈക്കൊള്ളാം കഥ നല്ലതായ്;
   മന്ത്രം, ചൂതെ,ഴുന്നള്ളത്തു, യുദ്ധമെന്നിവ വാർത്തണം;
   പട്ടണം, കടൽ, കുന്നു,നൽഋതു, ചന്ദ്രാർക്ക,രാശ്രമം,
   മരം, വാടി, ജലക്രീഡ, മധുപാനം, രതോത്സവം,
   ദൂതീവാക്യങ്ങ,ളസതീചരിതം വിസ്മയപ്രദം,
   ഇരുട്ടു, കാററാദിയായ വിഭാവസമുദായവും
   ഇണക്കി, വൃത്തിയെല്ലാം ചേർത്തുഭാവാഢ്യമാക്കിയും,
   രസ, രീതി, ഗുണാ,ലങ്കാരാളിയാൽ പുഷ്ടമാക്കിയും,
   നിർമ്മിപ്പതാം മഹാകാവ്യം; മഹാകവിയതിൻ കവി.

Digitized By Kerala Sahitya Akademi

9. അക്ഷരശ്രീപരബ്രഹ്മ സനാതനനജൻ വിട്ട
അഖണ്ഡ സച്ചിജ്ജ്യോതിസ്സെന്നത്രേ വേദാന്തദർശനം.
നൈസർഗ്ഗികം തദാനന്ദം; ഒരു നാൾ വ്യക്തമാമല്ലു്;
അതിൻെറയാ വ്യക്തി താൻ ചിച്ചമൽക്കാരരസാഭിധം.

10. സത്തും കവിഞ്ഞഖണ്ഡാത്മപ്രകാശാനന്ദചിന്മയം,
വേദ്യാന്തരം തൊടാത്തോന്നാബ്രഹ്മാസ്വാദസഹോദരം,
അത്യുൽകൃഷ്ടചമൽക്കാരപ്രാണ—മീമട്ടെഴും രസം,
സ്വസ്വരൂപേണ ചിലരാൽ നുകരപ്പെട്ടിടുന്നു തേ.

11. വിരസം വാക്കശോഭിക്കില്ലദത്തം വിത്തമെന്നപോൽ.

12. പെരുംകാവ്യപ്രപഞ്ചത്തിൽ ബ്രഹ്മാവക്കവിതന്നെയാം;
അയാൾ തൻ രുചിപോൽത്താനീ വിശ്വയന്ത്രം കറങ്ങിടും.
കവി, ശൃംഗാരിയാണെങ്കിൽ ജഗത്തെല്ലാം രസാത്മകം;
അയാൾ നീരാഗനെന്നാലോ ലോകം പ്രത്യക്ഷനീരസം.

13. കാവ്യത്തിനൊളിയേറുന്ന ധർമ്മം തന്നെ'യലംകൃതി';
ശബ്ദമർത്ഥം, ദ്വയമയമെന്നു മുമ്മട്ടിതുണ്ടതു്.

14. സഭ്യർക്കുളിരേകുന്ന വാഗ്ബന്ധം 'ചിത്ര'സംജ്ഞകം.

15. കവി കഷ്ടിച്ചു തൻമേന്മ കാട്ടിത്തീർക്കുന്ന 'ദുഷ്കരം'
തീരെ നീരസമായാലും വിദ്വാന്മാർക്കു മഹോത്സവം.

16. ആവർത്തിച്ചു പലേമട്ടിലക്ഷരച്ചേർപ്പു മൂലമായ്
ഓരോ പ്രസിദ്ധവസ്തുക്കൾ തീർപ്പതേ 'ബന്ധ'മോർക്കുവിൻ.

17. ഇവയെപ്പോൽ വേറെയും താൻ കാണ്മിൻ ബന്ധങ്ങൾ പണ്ഡിതർ.

18. അർത്ഥങ്ങൾ തന്നണിയലാ,മർത്ഥാലങ്കാര,മോർക്കണം;
അതെന്യേ ശബ്ദസൗന്ദര്യം പോലുമുൾക്കുളിരേകിടാ.
അർത്ഥാലങ്കാരമില്ലാത്ത വാണി വൈധവ്യയുക്തയാം.

19. ശബ്ദാർത്ഥഭൂഷ, മിന്നിക്കും ശബ്ദാർത്ഥങ്ങളെയൊപ്പമേ,
സ്തനഗ്രീവകളെ,ത്തുല്യമൊരിടത്തിട്ട മാലപോൽ.

20. ഗുണം വിട്ടോരലങ്കാരമൊന്നാൽ കാവ്യം സുഖം തരാ;
മോടി കൈവിട്ട പെൺമെയ്ക്കു ഹാരവും ഭാരമാം പരം.
ഏതോ കാവ്യത്തിനതിയായ് ഭംഗി ചേർപ്പതതാം ഗുണം.

21. സഭ്യർക്കുദ്വേഗമേകുന്ന ദോഷമുണ്ടേഴുമാതിരി;
വക്തൃവാക്യാർത്ഥസാർത്ഥത്തിന്നൊന്നു രണ്ടാദിയായ് ക്രമാൽ.

22. മുക്കൂട്ടിച്ചൊന്നൊരച്ചും, അന്ത്യമാം ഹല്ലും—ഇഞ്ഞുകൾ;
അവസ്ഥത്തോടൊത്താദിവർണ്ണം സവർണ്യസ്ഥാന്യയായ് വരും.

23. വാഗമൃതമണിക്കിണറിൻ കൽത്തൊട്ടിക്കുളിരിളംപ്രഭയേ.

Digitized By Kerala Sahitya Akademi

൨. ചില കാവ്യമൎമ്മങ്ങൾ.

1. വിധികൃതനിയമം വിട്ടും—
2. ശബ്ദാൎത്ഥങ്ങൾ വേണ്ട വിധം ഔചിത്യത്തോടെ ഇണങ്ങിട്ടുള്ളതു സാഹിത്യവിദ്യ.
3. ചൊല്ലേണ്ടുമൎത്ഥത്തെ മനസ്സിലാക്കും
പദങ്ങൾ തൻ ചേൎപ്പിൽ വിമൂഢരേവർ
അൎത്ഥം സ്ഫുരിക്കുന്നതുമായവൎക്ക്
ദുഃഖം, ദരിദ്രൎക്ക് സുതോദയം പോൽ.
4. ശബ്ദാൎത്ഥപ്പടിചേൎന്നുള്ളോരുലകിന്നച്ഛനമ്മമാർ
ഉമാമഹേശർ വാഗൎത്ഥജ്ഞാനം നല്കാൻ നമിപ്പു ഞാൻ.
5. ദൈവത്തെ മാത്രമുന്നിടാ, പൌരുഷം തന്നെ തേറിടാ;
കവി ശബ്ദാൎത്ഥങ്ങളെപ്പോൽ വിദ്വാൻ തേടുന്നു രണ്ടുമേ.
6. എന്തക്കവിതയാൽ കാൎയ്യം, എന്തക്കമനിയാലുമേ,
പദവിന്യാസമൊന്നാൽത്താനതിമോദം തരായ്കിലോ?
7. ദോഷം വിട്ടു ഗുണം പൂണ്ട വാണിതാൻ ബുധരഞ്ജിനി;
സാധ്വിയാകും സുന്ദരി താൻ പതിപ്രീതിപ്രദായിനി.
8. ഭാഷാപദ്യനിബന്ധനങ്ങൾ പലരും ചെയ്യുന്നതുണ്ടീയിടെ-
ദ്ദോഷം തെല്ലുമവററില്ല, ഗുണവും കാണുന്നതില്ലിജ്ജനം.
9. ശബ്ദപ്രധാനമാം വേദം പ്രഭുവോടൊത്തതാണു പോൽ;
ഒട്ടോ പിഴച്ചോ ചൊല്ലീടിലതു പാപഫലം തരും.
ഇതിഹാസാദിശാസ്ത്രങ്ങൾ മിത്രതുല്യങ്ങളോൎക്കിൽ:
അൎത്ഥപ്രധാനങ്ങളവ നിന്ദാസ്തുത്യൎത്ഥവാദികൾ.
കാവ്യമോ, ധ്വനിമുഖ്യം താൻ കാന്താസമ്മിതമായിട്ടും.
ശബ്ദാൎത്ഥങ്ങളമുഖ്യങ്ങൾ, വ്യഞ്ജനോത്ഭവമാണതു്.
10. നേരേ നേട്ടം പണമതിലുമന്യായലബ്ധം മഹത്തോ?
പോരേ തൃപ്തിക്കിഹ വിഹിതമാമന്ന,മെന്തിന്നനൎഹം?
രേ! രേ! ഭാൎയ്യാരതിയിൽ വലുതോ വേശ്യതൻ ഭോഗലാഭം?
തിരെപ്പോരെന്നരുളിട്ടുവതേ വേണ്ടു, ലോകത്തിനോൎത്താൽ.
11. ശ്രീദാശരഥിയാം രാമൻ വിശ്വാമിത്രൻെറ ശിഷ്യനായ്
വില്ലൊടിച്ചാൻ മിഥിലപുക്കഥ വേട്ടിതു സീതയേ.
12. എന്നു ഭാഷ്യോക്തിതാൻ വേദം, ധൎമ്മമെന്നൎത്ഥസാധകം,
എന്നോ പ്രമാണം തൻതോന്നൽ, അക്കലിക്കായ് നമിപ്പു ഞാൻ.
13. കാതിൽക്കടന്നങ്ങു വരണ്ടിടുന്ന ഗാനം മണൽത്തിട്ടിലെ വാരിപോലെ;
ഉൾപ്പൂകിയാനന്ദമണയ്പതെന്നും കവിക്കെഴും വാക്സുധയൊന്നുമാത്രം.
14. മഹാകവിപ്രോക്തികളിൽ കളിപ്പൂ പ്രതീയമാനം പുനരൊന്നുവേറെ,
പൂകഷ്ണോരങ്ഗങ്ങളിൽനിന്നകന്നു ലാവണ്യമാ വാമകളിൽക്കണക്കേ.

Digitized By Kerala Sahitya Akademi

15. മഹാകവീന്ദ്രസൂക്തിക്ക മഹാലംകൃതി വാഗ്ലിലും,
വ്യംഗ്യസൌഭാഗ്യമേ സാക്ഷാൽ ഭൂഷ യോഷയ്ക്കു ലജ്ജപോൽ.
16. രംഗപ്പുരച്ചവർക്കല്ലോടൊത്തോർ വാസനയററവർ.
17. ഉള്ളിൽക്കൊള്ളുന്നതേതർത്ഥമതിൻഭാവം രസോദ്ഭവം,
അബ്ഭാവം മെയ്യിലാളുന്നു; വിറകിൽത്തീയുപോലവേ.
പ്രേക്ഷ്യശ്രാവ്യാത്മകമതു കണ്ടും കേട്ടും ഗ്രഹിപ്പവർ
ഉൾക്കൊള്ളും പരമാനന്ദം രസമെന്നു മഹന്മതം.
18. രസം ചേരാത്ത സന്ദർഭം കവിക്കത്ര്യയശസ്കരം.
19. ഒരു വാക്കും ദുഷ്ടമായി പ്രയോഗിക്കരുതേ കവി;
ലക്ഷണം കെട്ട കാവ്യം ഹാ! ദുഷ്പുത്രൻപോൽ ഭയങ്കരൻ.
അകവിതചത്തിനാൽ പററില്ലധർമ്മം, വ്യാധി, ദണ്ഡനം;
കുകവിതചത്തെയോ, സാക്ഷാൽ മൃതിയായ് ചൊൽവു പണ്ഡിതർ.
20. രംഗത്തിൽ വിളങ്ങീടുമണിയാൽ, തയ്യലെന്നപോൽ
പദവ്യംഗ്യധ്വനിവശാൽ ശോഭിപ്പൂ, കവിഭാരതി.
21. അജ്ഞോപമം പൊങ്ങിടുന്നു ചില,രാപ്തപദത്രയർ.
22. നിർവേദസ്ഥായി കാവ്യത്തിൽ ശാന്തമുണ്ടൊൻപതാം രസം.
23. ശൃംഗാര,വീര,കരുണാ,ദ്ഭുത,ഹാസ്യ,രൌദ്ര,-
ബീഭത്സ,വത്സല, ഭയാനക,ശാന്തരൂപം
പത്തെന്നു ചൊന്നിതു രസം വിബുധേന്ദ്രർ; ഞാനോ
ശൃംഗാരമൊന്നു രസനാദ് രസമായ് നിനയ്പൂ.
24. വികാസം, വിസ്തരം, ക്ഷോഭം, വിക്ഷേപമിതി നാലതു്:—
വിടർച്ച താരിനെന്നോണം, വളർച്ച വിടപിപ്പടി,
കലക്കം കടലിന്നൊപ്പം, ഇളക്കം കാററിനൊപ്പവും;
വിഭാവാദികളാൽ മുററും മനസ്സിന്നുളവായിടും.
25. മററു ഭാവങ്ങളാലേതു നാശം പററാതവററയെ
ഉപ്പളപ്പടി തന്നിൽത്താൻ ചേർക്കുന്നു സ്ഥായിയാമതു്.
സ്ഥിരമായുള്ളിൽ വർത്തിച്ചും കൂട്ടരായ് കെട്ടുപെട്ടുമേ
വളർന്നൊട്ടുക്കം 'രസ'മായ് ത്തീരുമാസ്ഥായിയൊക്കെയും.
26. തൃഷിതന്മാർ കുളത്തെപ്പോലിന്ദ്രനേസ്സുരർ പോലവേ
രസത്തെബ്ഭാവവൃന്ദംപോൽ സേവിച്ചിതവനേ നൃപർ.
27. ഗുണശുദ്ധികലർന്ന കാവ്യമേററം രുചിമത്താം രമണീസ്വരൂപതുല്യം;
അതിമാത്രമതാഭിരാമ്യമേല്ലം സദലങ്കാരവരപ്പണീതമെങ്കിൽ.
ഗുണമററ വചസ്സു, നാരിതൻ യൌ-
വനമേശാത്ത വപുസ്സുപോൽ ഭവിപ്പൂ
അവിടെജ്ജനമോഹനങ്ങളാം ന-
ല്ലണിപങ്ക്തിക്കമങ്ഗേഗിതാൻ സ്ഫുരിക്കും.

Digitized By Kerala Sahitya Akademi

28. "തത്രമുങ്ങി മഷിമാഞ്ഞു രാഗമാരക്തമാം ചൊടിയിൽ നീങ്ങി നാരിമാർ
കൃത്രിമാഭ കളയും മുഖങ്ങളാലെത്രയും രസമവന്നു നല്കിനാർ."
(കണ്ടൂർ)

29. നൈസൎഗ്ഗികത്തിൻ ഗുണമാ കൃത്രിമത്തിനു കിട്ടിടാ.

30. തമ്മിൽത്തുലോം ചേൎന്നൊരങ്ഗി ത്വക്കും
നല്ലോരലങ്കാരവുമോൎത്തു കണ്ടാൽ
വ്യങ്ഗ്യം തൊടാതുള്ള നിബന്ധനത്തിൽ
ശവത്തിലെന്നോണമതീവ ശോച്യം.

31. ചിലേടത്തലങ്കാരമില്ലാതിരിക്കാം.

32. സത്താം രസത്തിനങ്ഗതം വഹിച്ചുപകരിപ്പതാം
പ്രാസോപമാദ്യലങ്കാരവൎഗ്ഗം, ഹാരാദിപോലവേ.

33. ദോഷം തള്ളിഗ്ഗുണം കൊൾക വേണം കൃതിയിൽ നിൎണ്ണയം;
അലങ്കാരത്തിന്റെ കാൎയ്യമിഷ്ടം പോലെന്നു സമ്മതം.

34. കൌമാരത്തെ ഹരിച്ചവൻ വരനവൻതന്നേ.

35. രണ്ടുകൈ രണ്ടു കാതോടു രണ്ടുകണ്ണൊരുമൂക്കമേ
വഹിക്കും ഗുരുദൈവം മേ തല കാക്കട്ടെ ഗുഹ്യവാൻ.

36. നിന്നെക്കാമിക്കുമെന്നേ നീ കന്യേ! കാമിച്ചിടായ്കയോ?
ഈവൎണ്ണം ഗ്രാമ്യമാമൎത്ഥം വൈരസ്യം താൻ വളൎത്തിടും.

37. തീരെ നിർദയനാണെങ്കൽ കാമചണ്ഡാലനോമലേ!
ഭാഗ്യാൽ നിന്നിലുദാസീനൻ ഇത്യാദ്യൎത്ഥം രസാവഹം.

38. അനൌചിത്യം മാത്രമത്രേ രസത്തിൻ ഭങ്ഗകാരണം;
ഔചിത്യപൂൎവ്വമാം ബന്ധം പരം രസരഹസ്യമാം.

39. പദങ്ങൾ നന്നാകിലുമായവററിൻ
സ്ഥാനം പിഴച്ചാൽ കൃതിയെത്തിളക്കാ;
മൂക്കിന്റെയററത്തു തൊട്ടുത്ത തോട
മുഖപ്പകിട്ടോ കമനിക്കു ചേൎപ്പൂ?

40. കാവ്യങ്ങൾ രണ്ടോ മൂന്നോ താൻ; രണ്ടോ മൂന്നോ കവീശ്വരം.

41. വാല്മീകിയും വ്യാസനുമേ ഹൃദയത്തിലിരിക്കവേ
മററുള്ളോരും നാണമററു മുററും കവികളായഹോ!

42. ധൎമ്മാധൎമ്മത്തിലേതാട്ടേ, സത്യാസത്യത്തിലേതുമേ;
അങ്ങെനിക്കായ്ച്ചൊന്ന വരംതരാതൊക്കില്ല ഭൂപതേ!

43. യുദ്ധത്തിൽ പിൻതിരിഞ്ഞോടാതുടൽ വിട്ടുള്ള രാട്ടുകൾ
എങ്ങെത്തുമെന്നു രാമൻ മദ്ഗുരുവോതിയതോൎപ്പു ഞാൻ.

44. കാളിദാസാദ്യർ കവികൾ നമ്മളും കവിമാനികൾ;
പദാൎത്ഥംതാൻ പൎവ്വതവും പരമാണുവുമാവിധം.

45. "ഭ്രൂവിങ്കൽ വാണു മധുരോക്തികൾ തൂകിയെന്നെ
ഭ്രോവിങ്കലാക്കിയ മനോഹരയായ നീതാൻ

Digitized By Kerala Sahitya Akademi

ദ്ര്യോവിങ്കലിപ്പൊഴുതു പോയഴെവന്നെയേവം
ഭ്രൂവിങ്കലേപ്പൊടിയിൽ വീഴ്ന്നുവതെന്തു ബാലേ?"
(കേ. സി. കേശവപിള്ള)

46. ഫാലാക്ഷി മാരനെയെരിച്ചതിൽ വന്ന മെച്ചം
പങ്കാളിയായ ഹരനൊക്കെയെടുത്തിടട്ടേ;
അമ്മേ! പരം പടുകൃതാന്തനെ നിന്നിടങ്കാൽ
കൊണ്ടേ ഹനിച്ച പുകഴിൽ ശിവനെന്തുകാര്യം?

47. കഴിഞ്ഞതിൽ സ്മൃതി, പരം വരുംവിഷയകം മതി;
തല്ക്കാലമുള്ളതോ ബുദ്ധി,പ്രജ്ഞ കാലത്രയാസ്പദം;
അപ്പൊഴപ്പോഴുണന്നീടും പ്രജ്ഞതാൻ പ്രതിഭാഹ്വയം.
ശാസ്ത്രം കാവ്യമിവണ്ണം രണ്ടത്രേ വാഗ്ദേവിതൻ വഴി;
പ്രജ്ഞോപജ്ഞാതമാണാദ്യം പ്രതിഭോൽപന്നമന്ത്യവും.

48. ശബ്ദമില്ലത്ഥവും നാസ്തി വിദ്യയും കലയും തഥാ;
കാവ്യാങ്ഗമായിടാതയ്യോ! കവിതൻ ഭാരമോക്കുവിൻ.

49. കവിത്വം ശക്തിയാൽ കിട്ടുമഭ്യാസത്താൽ വളന്നിടും;
അതു ഭങ്ഗിപ്പെടുത്തീടാൻ മുഖ്യം വ്യൽപത്തി തന്നെയാം.

50. എല്ലാമട്ടിലുമൊക്കില്ലൊന്നൊന്നിനോടതിനാൽ ബുധൻ
ഉപമാദികളിൽ ച്ചേർപ്പു സാദൃശ്യം യുക്തിപോലവേ;
നിറതിങ്കളതെ,ങ്ങെങ്ങാ വെറുമങ്ഗനതൻമുഖം,
ഛായാസാദൃശ്യലേശത്താൽ ചന്ദ്രനോടുപമിപ്പു നാം.

51. ഇല്ലെങ്കിലും പൂവ്വികവാസനാഘ്രണം
വഴിഞ്ഞിടും നൽപ്രതിഭാനവൈഭവം,
വിദ്യാപ്രയത്നാദികളാൽ ഭജിക്കുകിൽ
തരും വരം വാണി മറയ്ക്കു നിണ്ണയം.

൩. കവിസങ്കേതങ്ങൾ.

1. ഇല്ലാത്തവയെ നിമ്മിച്ചുമുള്ളതില്ലാതെയാക്കിലും
നിയമം ചെയ്തുമേവം മൂന്നത്രേ സങ്കേതരീതികൾ.

൪. കാവ്യസ്തേയം

1. ഛായ കവിയപഹരിക്കും പദവും, പാദവു,മൊരൾമായാലും;
പദ്യം മുഴുവൻ കക്കും സാഹസികത്താം നിനക്കു തൊഴാം.

2. ഛായയാലുപജീവിപ്പോൻ പദത്താലുമതേവിധം
പാദത്തിനാൽ വേറൊരാളുണ്ടെല്ലാംകൊണ്ടുമഹോ! പരൻ.

3. കവിതമാന്നിട്ടൊരുവൻ ശ്രമിച്ചാലാകാമവനിബ്ഭുവനൈകജി
[വ്യൻ

Digitized By Kerala Sahitya Akademi

4. വൈദികശ്രേഷ്ഠർ മുനിമാർ സന്തതം വാഴ്ത്തുമെങ്കിലും
ഗുണമൊന്നുമിണങ്ങാതുള്ളീശ്വരൻ വെല്ലു മേല്ക്കുമേൽ.
5. സ്വാതേ വെറും കല്ലോടു തുല്യമായോൻ,
വല്ലാത്തൊരാവ്യാകരണം ഗ്രസിച്ചോൻ,
പുകഞ്ഞതക്കാഗ്നി പടൎന്നിരിഞ്ഞോൻ,
കവീന്ദ്രസൽസൂക്തികൾ തീണ്ടിടാത്തോൻ;
നേരേ പഠിപ്പിക്കിലുമീ വകക്കാ-
ൎക്കുണ്ടായിടാ വാഗ്മിത തെല്ലുപോലും;
പാടാ പഠിപ്പിക്കുകിലും ചരങ്ങൾ,
കാണിക്കിലും സൂൎയ്യനെയന്ധർ കാണാ."
6. "പദ്യം തീൎപ്പാൻ കുകവികൾക്കതകം ധീരസംരംഭവൻപോ,
ശബ്ദം തേടാനുദയ ഹൃദയൈകാഗ്ര്യമോ, ഭാഗ്യവായ്പാൽ
ഉണ്ടാമെന്നാൽ കടശി കവികൾക്കിങ്ങു മൂന്നാലു നാളേ,—
യ്ക്കുണ്ടാകില്ലീസ്സരസകവിതാരാജ്യദാരിദ്ര്യഭാരം."
7. "സുകവി, കവിത നന്നാക്കീട്ടുവാൻ, മോടി കൂട്ടം
മഹിതപദപദാൎത്ഥൌഘത്തിലണ്ടെത്തിടുന്നു;
മധുരിതമധുകാലത്തിങ്കൽ മത്താളി മെത്തും
പുതുമലർമണമോൎത്താപ്പുഷ്പവാടിക്കകംപോൽ.
8. "നവീനശബ്ദാൎത്ഥവഴിക്കു പോയാൽ,
മുൻമട്ടു വിട്ടെന്നു കവിക്കു കുററം;
മുൻതോതിലേ പോവുകിലോ പഴഞ്ചൻ
നിസ്സാര;നമ്പോ ഖലയുക്തി കാണ്മിൻ."
9. "ബൃഹസ്പതികൾ പത്തഞ്ഞൂറായിരംപേർ ഗ്രഹിക്കിലും
കവിപ്രപഞ്ചം ക്ഷീണിക്കാ ജഗൽപ്രകൃതിപോലവേ."
10. "എല്ലാവൎക്കും ക്ലേശമാററട്ടേ ; നന്മകാണട്ടെയേവനും;
ഇഷ്ടം നേടട്ടെയെല്ലാരും; എങ്ങുമാരും സുഖിക്കണേ!"
11. (a) "ആത്മാവുയൎത്തുകാത്മാവാലതായതിനെ വാട്ടൊലാ."
(b) "ആത്മാവിനാൽപ്പൊക്കുകാത്മാവിനെ,സ്സംസാരമഗ്നനെ"
(സംസ്കൃതകവിതകളിലേ ശബ്ദസാദൃശ്യം കാണ്ക)
12. (a) "പ്രാചേതസൻ മുനിവരൻ കവികൾക്കു മുൻപൻ"
(b) "പ്രാചേതസൻ മഹിതരാം കവികൾക്കു മുൻപൻ"
13. (a) "പരഗുണലവലേശം പൎവ്വതപ്രായമാക്കി-
സ്സുകൃതികൾ ചിലർ നിത്യം ഹൃത്തിൽ വൻതുഷ്ടികൊൾവൂ."
(b) "സ്വാവചനവിഭവത്തിൽ തുഷ്ടിയാൎന്നും പരൻതൻ-
ഭണിതിയിലഥ നല്ലോരൊട്ടുപേർ തുഷ്ടിയേല്പൂ.
14. (a) "അരയന്നമങ്കു മുഖരീകരിച്ചിടും
സരയൂജലത്തിലവനൊത്തു ലീലയായ്"

Digitized By Kerala Sahitya Akademi

(b) "തെററററു കൊററക്കുട ചൂടുവോനാ-
മിദ്ദേഹമായ് നൽസരയൂജലത്തിൽ"

15. (a) "എന്നല്ല കാണുന്നതേ..............................
കാലം കോകിലകാകളീകളകളാരംഭപ്രിയംഭാവുകം"
(b) "...പിക—
ശ്രേണീമഞ്ജുളകാകളീകളകളം കാലം വിജൃംഭിപ്പതേ."

16. (a) "ദാനത്തുവാരി വർഷിച്ചവനിമുഴുവനും ചേറുചേർത്തുച്ചബ്ദംഘോ-
രാവത്താൽ ചെയ്യു പാരം പ്രളയജലധരധ്വാനധിക്കാരമാരാൽ."
(b) "നിൻഘോഷംപൂണ്ടപോക്കിൽ പ്രളയജലധരധ്വാനധിക്കാര [മാന്നും
തുള്ളിച്ചും പാൽസമുദ്രത്തിരകളെ വിജയിക്കുന്നു വൻഭേരിനാദം"

17. (a) "അവൻെറയാപത്തി,ലുടൻ ശമിച്ചാർ;
ജലാശയന്മാക്കിതുതാൻ സ്വഭാവം."
(b) "കരം ചുരുക്കീട്ടവനോട്ടുരച്ചാൻ;
സന്മാർഗ്ഗനിഷ്ഠക്കിതുതാൻ സ്വഭാവം."

18. (a) "ആരാത്മമുക്തിക്കു പരിശ്രമിക്കയി-
ല്ലാമന്ദനേ നിശ്ചയമാത്മഘാതകൻ."
(b) "മൂലോകമൂർത്തിമയി നിങ്കലെവന്നു ക്കുറി,-
ല്ലുണ്ടായിടാ നിജവിപൽകരരാരുമെങ്ങും."

(അർത്ഥസാദൃശ്യം ശ്രദ്ധാർഹം)

19. (a) "വിദ്വാന്മാർ മത്സരം വായ്പോർ പ്രഭുക്കൾ മദദൂഷിതർ."

20. (a) "വിദ്വാന്മാരിഹ മൌനിമാർ പരഗുണം വർണ്ണിപ്പതിൽ കേവലം;
ഭൂപന്മാർ ബത! ലക്ഷ്മിതൻെറ വിളയാട്ടത്താൽ മദം വായ്ക്കുവോർ."

12. (a) "താർപൊയ്കയെക്കതിരവൻ സരസം വിടുർത്തു-
മാമ്പൽസുമങ്ങളെയണിക്കുളിർതിങ്കൾ താനും;
ചൊല്ലാതെതന്നെയിഹ വാരി തരുന്നു മേഘം;
നല്ലോർ സ്വയം പരഹിതത്തിനൊരുമ്പെടുന്നോർ."
(b) "മൃഗാങ്കൻതൻ വൃദ്ധിക്ഷയമനുകരിച്ചാൽ കടൽ പരം
പ്രകാശിക്കും, താതപ്രകൃതിഗുണസംബന്ധമിവിടെ,
ഇതെന്തോ ബന്ധത്താൽ കുമുദമതുപോൽ ചെയ്യതു ശരി-
ക്കടിക്കുന്നവ്വണ്ണം പ്രിയമമലരിൽ ബന്ധതവിനാ."

(കുമ്മനം കെ. ഗോവിന്ദപ്പിള്ള)

22. (a) "സ്വർഗ്ഗത്തുന്നിന്നവതരിച്ചു മനുഷ്യലോകേ
തൃക്കാലുവെച്ച സമയത്തു സരസ്വതിക്കു്;

Digitized By Kerala Sahitya Akademi

മാർഗ്ഗശ്രമം കളയുവാൻ തണലേകിനിന്ന
വൃക്ഷം മഹാമുനിയെ ഞാൻ പ്രണമിച്ചിടുന്നേൻ."
(കമ്മനം, കെ. ഗോവിന്ദപ്പിള്ള.)

(b) "ഉടനലകിലേക്കായാദ്ധ്യാതാവൂതൻ നികടത്തിൽനി-
ന്നടിയരുളവേ വാണീദേവിക്കണഞ്ഞ വഴിശ്രമം
വിട്ടുവതെന്തുമട്ടാണീ ശ്രീരാമചന്ദ്രകഥാമൃത-
ക്കടവിലെഴുന്നള്ളീട്ടൊന്നാറാടിയില്ലടലെങ്കിലോ?"

23. (a) "കെട്ടിപ്പടുത്തു കളവായ്സ്സട കുഞ്ചിതന്നിൽ,
പട്ടിക്കു നാം മൃഗപതിസ്ഥിതി നല്കിയാലും
തട്ടിത്തകർത്തു ഗജകുംഭതടം പിളന്നെ-
ന്മട്ടിൽക്കടന്നലറുമായതു സിംഹതുല്യം?"

(b) "മാനിനത്തെക്കടിച്ചാലും നഖദംഷ്ട്രകൾ വായ്ക്കിലും
മലതൻ തല പുക്കാലും ശശാപ്പു ഹാ! സിംഹമായിടാ."

24. "ഫലഭരേണ തരുക്കൾ നമിച്ചിടും ജലഭരേണ ഘനങ്ങളുമങ്ങനെ
അലംഘ്യസമ്പദി സജ്ജനവും തഥാ വിലസിടുന്ന ഗുണം ഗുണികൾ-
[ക്കിതു്"
(കേരളവർമ്മ വലിയകോയിത്തമ്പുരാൻ.)

25. "അസഹ്യമായൊച്ച പൊഴിച്ചുഴക്കചേ-
ർത്തകത്തുനോ,വാമസമം തരും ഖലൻ;
കുറിച്ചു നല്ലോർ മധുരോക്തിയാൽ മനം
10. ഹരിപ്പു ചേലാന്ന ചിലങ്കപോലവേ."

26. "മുള്ളുമ്പുമേററവുമതിന്നു ചെവിക്കു നോവു
ചേക്കും ഖലൻ മലിനവൃത്തി വിലങ്ങുപോലെ;
കാലാഴിപോലെ സുജനം പദബന്ധഭംഗി
കോലും വചസ്സുവഴി മോദമൊഴുക്കിടുന്നു."

27. "പൂവിൻ മണത്തിലണവാൻ കൊതികൊൾവതുണ്ടോ
കസ്തൂരിനിർമ്മിതി നടത്തിവരും മൃഗങ്ങൾ?"

28. "കവിവാക്യങ്ങളിൽപ്പാരം സംവാദങ്ങൾ വരാം ദ്ധ്രുവം;
അതെല്ലാമൊരുപോലെന്നു പണ്ഡിതന്മാർ നിനയ്ക്കൊലാ.
സംവാദമന്യസാദൃശ്യം, പ്രതിബിംബം കണക്കതു്,
പിന്നെച്ചിത്രം കണക്കും നൽത്തരായ വാക്കോർ കണക്കമാം.
അനന്യാത്മകമാണാദ്യം, തുച്ഛാത്മകമടുത്തതു്,
പ്രസിദ്ധാത്മകമാമന്ത്യം, അതുമാന്യം കവിക്കലം.
സവിശേഷരസം കാവ്യം മററൊന്നോടൊത്തിരിക്കിലും
പരം വിളങ്ങും വധുവിൻ വിധുനേർമുഖമെന്നപോൽ."

29. "ഇരവിലിഹ നടന്നിട്ടും വിളക്കൊ-
ത്തരമവളാരെ വെടിഞ്ഞു പോവതെന്നാൽ
പരമൊരുതെരുവിൽപ്പൂരം കണക്കാ
നാവരരാന്ത തദാ വിവണ്ണരാവം."   (കുഞ്ചൂർ)

Digitized By Kerala Sahitya Akademi

30. "അത്തനാറിയേതേതവനീശരെപ്പൂ-
ന്തിങ്കൾപ്രഭയെല്ലാത്തു കടന്നുപോയോ,
അതാതുപേർ ദൈന്യമിയന്നു, കൃമ്പും-
ശ്രീയോടുഷസ്സിൽ കുമുദാകരം പോൽ."

31. "ദുർജ്ജനത്തെയകറേറണം വിദ്യവാച്ചവനെങ്കിലും,
സർപ്പം മണിയണിഞ്ഞാലും സർവ്വദാ ഘോരനല്ലയോ?"

32. "വിദ്യാഭ്യാസം നശിപ്പിച്ചിട്ടുമവിനയവും മൌഢ്യവും തീരെ,യെ [ന്നാൽ
വർദ്ധിപ്പിക്കും ഖലത്വം പ്രകൃതികുടിലരോടഭ്യസിക്കുന്നതായാൽ;
സദ്ധ്വാന്തം സംഹരിക്കും ഫണിഭയകരമാമന്ധകാരത്തെ,യെന്നാ-
ലത്യന്തം ഭീതിനല്കും വിഷമവിഷധരൻതന്റെ മൂർദ്ധാവിലായാൽ.
(കുമ്മനം, കെ. ഗോവിന്ദപ്പിള്ള.)

33. "അഴകിന പുതുഭാനം താനിതെന്നായ് മനസ്സിൽ
സഹൃദയനു ചമൽക്കാരത്തെ നല്കീടുമെങ്കിൽ,
പഴയതിനുടെ മട്ടോടേല്ക്കിലും നിന്ദ്യനല്ലാ-
ക്കവിതയുടയ കർത്താവത്ര സമ്മാന്യനത്രേ."

34. "രസാസാരം തുകും കൃതികളുതിരട്ടേ; കവി ലവം
വിവാദം കോലേണ്ടാ നെറിപുതിരളും തന്റെ തൊഴിലിൽ;
പരസ്പരത്തിൽ കൈവയ്യതിനു മതിരാത്തോരു സുകവി-
ക്കിണക്കീടും വാണീഭഗവതി യഥേഷ്ടം സകലവും."

35. "സാഹിത്യമാമാഴി കടഞ്ഞെടുത്ത
കണ്ണാമൃതത്തെശ്ശരിയായ് ഭരിപ്പിൻ;
കവീന്ദ്രരേ! ദൈത്യർ കണക്കതാളാൻ
കാവ്യാർത്ഥമോഷ്ടാക്കൾ മുഴുത്തിതെങ്ങും."

36. "ആരെന്തുമേ തൻ മുതലാക്കിടട്ടെ, കവീശ്വരന്മാർക്കതിലില്ല കോട്ടം;
രത്നങ്ങൾ വിണ്ണോരൊരുപാടെടുത്തും രത്നാകരംതാനലയാഴിയിന്നും."

37. "കവിതയോ, വനിതാമണിയോ— പര-
ന്നുടയതങ്ങനെ തട്ടിയെടുത്തൊരാൾ
കടലിനക്കര പററിയിരിക്കിലും
സുഖമവന്റെ മനസ്സിലുദിക്കുമോ?"

38. "സമസ്യയിൽ ഗുണം തന്നെ കവിക്കന്യകൃതിഗ്രഹം;
എന്തെന്നാലതിനുള്ളർത്ഥം പുതുതാക്കീടുമായവൻ."

39. "പ്രാചീനമാണിക്യകൃതിയെ ന്ദ വെച്ചി-
ട്ടതിൽ സ്തുതിക്കായ്ത്തുനിയും ഖലന്മാർ
കവീന്ദ്രനെക്കണ്ടു നിജോക്തി മാററാൻ
ക്ലേശിപ്പതേ പോരുമവർക്കു ദണ്ഡം."

Digitized By Kerala Sahitya Akademi

൭. സാഹിത്യഭൂഷണം.

1. 'അഥാത' ഇത്യാദി ഗദ്യം:—"ഇതു് അതിനോടു തുല്യമായിരിക്കുന്നു എന്നുള്ളതു് ഉപമ എന്നു ഗാർഗ്യൻ പറഞ്ഞിരിക്കുന്നു."

2. 'അത്രാസ്മേ' ഇത്യാദി:—"രസവിചാരപരങ്ങളായി ഇവിടെ രണ്ടു് അദ്ധ്യായങ്ങൾ ഉണ്ടു്."

3. 'ഏതച്ച' ഇത്യാദി:—"രസാദിനിഷ്പത്തിയോടുകൂടിയാണു് കാവ്യം ചമയ്ക്കേണ്ടതെന്നു്, നാട്യശാസ്ത്രം മുതലായവയിലും സുപ്രസിദ്ധമാണു്."

4. 'ചിരന്തനൈഃ'ഇത്യാദി:—"പ്രാചീനന്മാരായ ഭരതമുനി മുതൽ പേരാൽ."

5. 'പ്രണവശ്ഛന്ദസാം' ഇത്യാദി:—"വേദത്തിനെല്ലാം പ്രണവം കണക്കേ".
(കണ്ടൂർ.)

6. 'കാവ്യസ്യാത്മാ ധ്വനിഃ'ഇത്യാദി:—"കാവ്യത്തിന്റെ ആത്മാവു ധ്വനിയാണെന്നു പണ്ഡിതന്മാർ പണ്ടേ പറഞ്ഞു കഴിഞ്ഞിരിക്കുന്നു."

7. 'പരമ്പരയായതു്' ഇത്യാദി:—"ശിഷ്യപ്രശിഷ്യദ്വാരാ പറഞ്ഞുവന്നിട്ടുള്ളതു്."

8. 'അവിച്ഛിന്നേന' ഇത്യാദി:—"പാരമ്പര്യസമ്പ്രദായപ്രകാരം അവർ പറഞ്ഞിട്ടുണ്ടു്; പുസ്തകരൂപേണ പ്രത്യേകം സിദ്ധാന്തിച്ചിട്ടില്ലെങ്കിലും."

9. 'അസ്മദ്ദേ'ത്യാദി പദ്യം:—

"മറഞ്ഞുമിന്നുമിക്കാവ്യതത്ത്വം നാം ചൊന്നമാതിരി
വ്യാഖ്യാനിപ്പാൻ വശം കെട്ടോരുണ്ടാക്കീ രീതിസംഹതി."

10. "ഈയിടെ ചില സഹൃദയന്മാർ കണ്ടുപിടിച്ചതായി വർണ്ണിച്ചുവരുന്ന ധ്വനി (ലക്ഷണാഭേദത്തിൽ ഉൾപ്പെടും എന്നുള്ളതിനാൽ) സവിശേഷമല്ലെന്നു കാണിപ്പാനാണു് ഇത്രയും പ്രസ്താവിച്ചതു്. വിദ്വജ്ജനങ്ങൾ നിഷ്കർഷിച്ചു ചിന്തിക്കേണ്ടുന്ന വിഷയമണു് ഇതു്."

11. "വിഭാവം, അനുഭാവം, വ്യഭിചാരി എന്നിതുകളുടെ യോജിപ്പിൽനിന്നു രസം ഉദിക്കുന്നു."

12. "കാവ്യത്തിന്റെ ആത്മാവായ രസത്തിൽ ഭോഗീകരണവ്യാപാരം ധ്വനിതന്നെയാണു്."

"രസധ്വനിയാണു് ആത്മാവെന്നു് അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ടു്."

13. "അനുമാനത്തിൻ ധ്വനിയെ അപേക്ഷിച്ചു് അധികവിഷയങ്ങളിൽ പ്രവൃത്തിയുള്ളതുകൊണ്ടു്."

14. "പ്രാണനാകും ധ്വനിക്കത്രേ വ്യക്തി,യിങ്ങതു ചിക്കി ഞാൻ;
മററുള്ളതിൽത്തെററു കാണ്മീ,ലതിനാൽ തൊട്ടതില്ലവ."

Digitized By Kerala Sahitya Akademi

15. "കാവ്യത്തിന്ന രസാദിരൂപമായ ആത്മാവുണ്ടെന്നുള്ളത് എല്ലാ വക്കം സമ്മതം തന്നെ."

"രസാദികൾ കാവ്യനാടകങ്ങളുടെ പ്രാണനായിട്ടുള്ളതാണല്ലോ."

"വാസ്തവത്തിൽ രസംതന്നെയാണാത്മാവു്; വസ്തുധ്വനിയും, അലങ്കാരധ്വനിയും രസോപയോഗികളാകുന്നതേയുള്ളൂ."

16. "ദോഷമററും, ഗുണം ചേൎന്നു, മലങ്കാരങ്ങൾ ചാൎത്തിയും,
സരസം കൃതിതീൎക്കുന്നോൻ പുകഴ്ം മുത്തുമാണ്ടിടും."
"നവാൎത്ഥം, ശുദ്ധശബ്ദം, നൽബന്ധം, സുസ്പഷ്ടശയ്യയും,
അലൌകികാൎത്ഥസമ്പത്തും, രസം പരമിണക്കിടും."
"രസോക്തി, വക്രോക്തി, പിന്നെ സ്വഭാവോക്തിയിവററയിൽ
സൎവ്വാനുഗ്രാഹകത്തത്വം രസോക്തിക്കെന്നു സമ്മതം."

17. "എല്ലാഗുണങ്ങളോടുംകൂടിയതു വൈദർഭീരീതി".

18. "വക്താ,വൎത്ഥം ശബ്ദമെന്നു മൂന്നും ചേൎന്നിട്ടിരിക്കിലും,
ഏതൊന്നിണങ്ങിയില്ലെങ്കിൽ മൊഴിത്തേനൊഴുകില്ലയോ".;

19. "ഓജഃകാന്തിഗുണങ്ങളോടുകൂടിയതു്, ഗൌഡീരീതി."

20. "എന്നാൽ, ഇവിടെ മറെറാന്നിൻെറ പിൻതുണ ഇല്ലെങ്കിൽ, പിന്നെ എങ്ങനെയാണു് ഉപമാലക്ഷണം, അഥവാ ഔപമ്യലക്ഷണം, ഘടിക്കുന്നതെന്നു ശങ്കിക്കേണ്ടതില്ല. എന്തെന്നാൽ, വക്താവു്, വസ്തുവിൻെറ അനന്യസമത്വം (മറെറാന്നിനോടൊപ്പമല്ലായ്ക) എന്ന ലക്ഷണവും ശരിയായ സ്വരൂപവും ഒരേ സമയത്തുതന്നെ പറവാനിച്ഛിക്കുകയാണെങ്കിൽ, അപ്പോൾ ശരിയായ രൂപം പ്രതിപാദിക്കുക, വസ്ത്വന്തരാഭിധാനം (മറെറാന്നിനേ നിർദ്ദേശിച്ചു പറയുക) കൂടാതെ സാധ്യമല്ല. അങ്ങനെ മറെറാന്നിനെ നിർദ്ദേശിച്ചു വസ്തുസ്വരൂപം വിശദീകരിച്ചുകളയാമെന്നു വെച്ചാൽ, അപ്പോൾ അനന്യസമത്വം എന്ന ലക്ഷണം ഘടിപ്പിക്കുവാനും ഞെരുക്കം. ഈ നിലയിൽ, ഒരേ വസ്തുതന്നെ ഉപമാനമായും ഉപമേയമായും വേർപെടുത്തി പറയേണ്ടിവരികയാണു്. അതുകൊണ്ടു്, സാധാരണമായ ഔപമ്യലക്ഷണവും, ഉപമാലക്ഷണവും ഇവിടെ സിദ്ധമാകുന്നു. വസ്ത്വന്തരാനന്വയവുമുണ്ടു്." ഇതു നാമിസാധുവിൻെറ ടിപ്പണിയിലുള്ള ആ ഭാഗത്തിൻെറ മുഴുവൻ തൎജ്ജിമയാണു്.

21. "നിറതിങ്കളതെങ്ങിപ്പെൺമുഖമെങ്ങാണശോഭനം?
ഛായാലേശത്തെ മുൻനിൎത്തിച്ചന്ദ്രനോടുപമിപ്പു നാം."

22. "അതിൽ അതിശയോക്തി ഏതലങ്കാരത്തെ അധിഷ്ഠാനമാക്കുന്നുവോ, അതിനു കവിപ്രതിഭനിമിത്തം സൌന്ദൎയ്യാധിക്യം സിദ്ധിക്കുന്നു; അങ്ങനെയല്ലാതുള്ള അലങ്കാരം വെറും അലങ്കാരം മാത്രം. അതുകൊണ്ടു് എല്ലാ അലങ്കാരങ്ങളുടേയും ശരീരത്തെ ഗ്രഹിക്കുന്നതിനു് അതിശ

Digitized By Kerala Sahitya Akademi

യോക്തിക്കു ശക്തിയുണ്ടാകയാൽ, അഭേദാരോപംകൊണ്ടു് ആ അതിശയോക്തി സവ്വാലങ്കാരരൂപം തന്നെ (എന്നാണ്, 'സൈഷാ സൎവ്വത്ര വക്രോക്തിഃ' ഇത്യാദിയായ ഭാമഹശ്ലോകത്തിന്റെ സാരമെന്നറിയണം)."

23. "ഗുണാധിക്യമെഴുന്നോരിതെല്ലാമതിശയോക്തിതാൻ;
അഗമത്തെററു പററാതെ ധരിക്കേണമതിൻ സ്ഥിതി.
അൎത്ഥം ചേലാക്കമിതു(അതിശയോക്തി)താനലങ്കാരങ്ങളൊക്കെയും;
കവി യത്നിക്കണമിതിൽ; ഇതെന്ന്യേയെങ്ങലംകൃതി?"

24. "വസ്തുക്കൾതൻ പലേമട്ടും മുന്നിൽ മിന്നിച്ചുകൊണ്ടഹോ!
ജാത്യാഖ്യമാം സ്വഭാവോക്തി, യതാണൊന്നാമലംകൃതി."
"ജാതി-ക്രിയാ-ഗുണ-ദ്രവ്യ-സ്വഭാവോക്തികളേവമാം;
ഇതിനേ മേന്മ ശാസ്ത്രത്തിൽ, കാവ്യത്തിലുമിതിഷ്ടമാം."

25. "പൈപന്തേൻനിനാദമുൎക്കൊള്ളും പൂങ്കഴു,ത്തിളകും മിഴി,
രതോല്കനാം പിറാവിത്ഥം മുത്തുന്നു പിടയെബ്ഭൃശം."
"കണ്ണോകാളൻ കരോദാത്തകപാലൻ ചന്ദ്രശേഖരൻ
ചെമ്പൻമേറിച്ചിടയൊടും മുന്നിൽ വന്നാൻ വൃഷധ്വജൻ."

26. "വാല്നീണ്ട, നാലുകാലുള്ള കകുദ്മാൻ ലംബകംബളൻ
പൈ പെററ കാള വാകൊണ്ടു പുല്ലതിന്നുന്നിതിപ്പൊഴും."

27. "അലങ്കാരാന്തരങ്ങൾക്കും പരമാശ്രയമോൎക്കുകിൽ,
കവീന്ദ്രാദരിക്കുന്നോരീ നല്ലതിശയോക്തിതാൻ.
ലോകാതിക്രാന്തമായൊന്നിന്നുക്തിയെന്നൎത്ഥയുക്തിയാൽ,
അലങ്കാരങ്ങളൊട്ടെല്ലാമതിലന്തൎഭവിച്ചിടും."

28. 'താം വിനാ' ഇത്യാദി ഗദ്യം:—"ആ അതിശയോക്തിയോടുകൂടാതെ, മിക്കവാറും അലങ്കാരം തന്നെയില്ല."

29. "കാട്ടുപോത്തുകൾ വിഷാണഘട്ടിതസരോജലേഷു വിഹരിക്കയാം"
(കേരളവൎമ്മ വലിയകോയിത്തമ്പുരാൻ.)

30. "നാലൃത്വിക്കുകൾ ഞങ്ങളാ മുരഹരൻ കൎമ്മോപദേഷ്ടാവു, ഭൂ-
പാലൻ സങ്ഗരയജ്ഞദീക്ഷിതനലം, തൽപത്നി നോയ്മ്പേല്ലുവോൾ;
ചാലേ യജ്ഞപശുക്കൾ കൌരവർ; വധൂദുഃഖശോകനാശം ഫലം;
ഭൂലോകേശനിമന്ത്രണത്തിനു മുഴങ്ങുന്നു യശഃകാഹളം."
(പന്തളത്തു കേരളവൎമ്മതമ്പുരാൻ.)

31. "പാലിപ്പതുണ്ടിനനിൽനിന്നു ദിവാഭയത്താൽ
പോലേ ഗുഹയ്ക്കുടിയുമല്ലിനെയിഗ്ഗിരീന്ദ്രൻ;
കോലുന്നു വേഴ്ചയധമങ്കലു,മാശ്രയിച്ചെ-
ന്നാലുന്നതന്നു ദൃഢമുത്തമനിൽക്കണക്കേ." (കണ്ടൂർ)

32. 'യതഃ പരിത്രാണം' ഇത്യാദി ഗദ്യം:—"എന്തെന്നാൽ, പരിത്രാണ (രക്ഷണ)ത്തെപ്പററിയാണു് പറവാൻ തുടങ്ങിയതു്; അവിടെ, രക്ഷ

Digitized By Kerala Sahitya Akademi

ണഹേതുവായിട്ടു മാത്രം സംഭവിക്കാത്ത ഭയത്തെ സംഭാവനം ചെയ്തിരിക്കയാണ്; എന്നാൽ പരിത്രാണം അങ്ങനെയല്ല; അതു സംഭവിക്കുന്നുണ്ട്. പരിത്രാണമെന്നതു് ഉപദ്രവകാരിയെ നീക്കുകയാണല്ലോ; ഇവിടെ ഇരുട്ടിനുപദ്രവംചെയ്യുന്നതു സൂര്യകിരണമത്രേ; ആ സൂര്യകിരണം ഈ പർവതത്തിന്റെ പാതാളകുക്ഷിപോലുള്ള ഉള്ളോട്ടുകൂടിയ ഗുഹകളാൽ തടയപ്പെടുന്നുണ്ടുതാനും."

33. "അലങ്കാരത്തിൽ വേറിട്ടൊരലങ്കാരം കവീശ്വരർ
അതുപൃഥായ് ഘടിപ്പിപ്പൂ മാലയ്ക്കു മണിപോലവേ."

34. "പന്നിക്കുററനതെങ്ങു ഘർഘരരവത്തോടൊത്തു കൂത്താടിടാ?"

35. "രസാനുഗുണമായിരിക്കുകയാൽ, ആ പാദത്തിലും ദോഷമില്ല."

36. "ഹൃദി രാമമന്മഥസൃഷ്ടസായകാസ്ത്രമേ-
ററതിനാൽ വലഞ്ഞരിയ രക്തചന്ദനം
അതിയായ് നിശാചരിയണിഞ്ഞണഞ്ഞുപോ-
ലഥ ജീവിതേശനമരുന്നൊരാലയേ." (കുണ്ടൂർ)

37. "സാധിക്കുകെന്നാൽ സുരകാര്യമന്യ-
സാധ്യം സഖേ! കാര്യമിതെങ്കിലും താൻ
ഒത്തീടണം നിൻ തുണ നേക്കിതിങ്കൽ
വിത്തിൻമുളയ്ക്കംബുകണം കണക്കേ." (കുണ്ടൂർ)

38. "നന്നായന്യാരദാങ്കം പ്രിയനുടെയധരേ കണ്ടു ലീലാംബുജംകൊ-
ണ്ടൊന്നായാളേയടിച്ചാളുരുവയറുടനക്കേസരം വീണവണ്ണം
നിന്നാൻ ചിമ്മിച്ചു കണ്ണങ്ങവ,നവളനുതാപത്തൊട്ടുതീട്ടുവാനായ്-
ച്ചെന്നാ,ളധൂത്തനപ്പോളനുനയനതിയെന്ന്യേ പ്രിയയ്ക്കുമ്മ
[വെച്ചാൻ".
(കേരളവർമ്മ വലിയകോയിത്തമ്പുരാൻ).

39. "ഇവിടത്തെ വായുശബ്ദപ്രയോഗം ലജ്ജയെ ദ്യോതിപ്പിച്ചുകൊണ്ടിരിക്കുന്നു."

40. "എന്നാൽ സാഹിത്യവീരന്മാരെന്നു വെച്ചിരിക്കുന്ന കാവ്യപ്രകാശകാരാദികൾ പ്രായേണ ദോഷമാത്രദൃഷ്ടികളാകുന്നു. എന്തെന്നാൽ ഇപ്രകാരമുള്ള സഹൃദയാനന്ദപ്രദങ്ങളായ സരസകവിതകളിൽപോലും ദോഷം തന്നെയാണല്ലോ അവർ കണ്ടുപിടിക്കുന്നതു്."

41. "ഗുണങ്ങളങ്ഗിയാമർത്ഥമവലംബിച്ചു നില്പവ."

42. "മാധുര്യൌജഃപ്രസാദങ്ങളവ, പത്തില്ല, മൂന്നുതാൻ."

43. "ചിലതിമ്മൂന്നിലുൾപ്പൂകും, ചിലതൊക്കെയദോഷമാം,
ബാക്കിദോഷങ്ങളാണങ്ങി;ങ്ങാകയാൽ പത്തു കിട്ടിടാ."

44. "എന്തെന്നാൽ, സാമാജികന്മാൎക്കു മൂന്നവസ്ഥകളാണു് നവരസങ്ങളിൽ നിന്നുണ്ടാവുന്നതു്. അതായതു്;—അലിവു്, പരപ്പു്, വിടച്ചു.

Digitized By Kerala Sahitya Akademi

ശൃംഗാരം, കരുണം, ശാന്തം—ഇവയിൽനിന്നു മനസ്സിന് അലിവുണ്ടാകുന്നു; വീരം, രൌദ്രം, ബീഭത്സം—ഈ മൂന്നിൽനിന്നു മനസ്സിനു പരപ്പാണ് കിട്ടുന്നത്; ഹാസ്യം, അത്ഭുതം, ഭയാനകം—എന്നീ രസങ്ങൾമൂലം മനസ്സു വിടൎന്നു വശാവുകയും ചെയ്യും."

45. "ഹൃദയാലുക്കൾ വാഴ്ത്തീടുമൎത്ഥം താൻ കാവ്യജീവിതം;
വാച്യമെന്നും വ്യംഗ്യമെന്നും രണ്ടുഭേദങ്ങളുണ്ടതിൽ."

46. "വ്യംഗ്യം പ്രധാനമായിട്ടും ഗുണമായിട്ടുമീവിധം
സൽകാവ്യം രണ്ടുവക; മററെല്ലാം 'ചിത്ര'ങ്ങളാണുപോൽ.

47. 'തതോന്യദ്' ഇത്യാദി ഗദ്യം:—"ധ്വനി, ഗുണീഭൂതവ്യംഗ്യം എന്ന രണ്ടു കാവ്യവിഭാഗങ്ങളിൽനിന്നു ഭിന്നമായി, രസം, ഭാവം മുതലായവയിൽ യാതൊരു നിഷ്കൎഷവും ഇല്ലാതെയും, വ്യംഗ്യാൎത്ഥത്തെ പ്രകാശിപ്പാൻ ശേഷി ഇല്ലാത്തവിധത്തിലും, വെറും ശബ്ദാൎത്ഥവൈചിത്ര്യത്തെ മാത്രം ഉദ്ദേശിച്ചും നിൎമ്മിച്ചു, ചിത്രംപോലെ വിളങ്ങുന്ന കാവ്യത്തിനു ചിത്രമെന്നു പേർ; അതു സാക്ഷാൽകാവ്യമല്ല; കാവ്യാനുകരണമത്രേ അതു്."

48. "വ്യംഗ്യം കൂടാത്ത ശബ്ദാൎത്ഥചിത്രകാവ്യം നികൃഷ്ടമാം."

49. "കാവ്യം രണ്ടുവിധം, വ്യംഗ്യം ഗുണിഭൂതവുമാമതു്."

50. "ചിലർ മൂന്നാമതൊരുതരം കാവ്യം വേണമെന്നു ശഠിക്കുന്നു; അതു സമ്മതിക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ, അവ്യംഗ്യം എന്ന് ആ മൂന്നാംതരത്തിനു പറഞ്ഞിരിക്കുന്ന ലക്ഷണരൂപമായ വിശേഷണത്തിന് വ്യംഗ്യമില്ലായ്ക എന്നാണൎത്ഥമെങ്കിൽ, അപ്പോൾ അതിനു കാവ്യത്വവും ഉണ്ടാവില്ലെന്നു മുൻപുതന്നെ പറഞ്ഞുവല്ലോ. വ്യംഗ്യമില്ലായ്ക എന്നല്ല, അല്പം വ്യംഗ്യമുണ്ടായിരിക്കുക—എന്നാണതിന് (അവ്യംഗ്യമെന്നതിന്) അൎത്ഥം പറയുന്നതെങ്കിൽ ഒന്നു ചോദിച്ചുകൊള്ളട്ടേ. ഈ ഈഷദ്വ്യംഗ്യത്വം (അല്പം വ്യംഗ്യമുണ്ടായിരിക്കുക) എന്നുള്ളതെന്താണ്? ആസ്വാദ്യമായ വ്യംഗ്യമുണ്ടായിരിക്കുകയോ, ആസ്വാദ്യമല്ലാത്ത വ്യംഗ്യത്തോടു കൂടിയിരിക്കുകയോ, ഏതാണ്? ആദ്യം പറഞ്ഞതാണതിന്റെ അൎത്ഥമെങ്കിൽ, അതിനു മുൻപറഞ്ഞ ധ്വനിഗുണീഭൂതവിഭാഗങ്ങളിൽ സ്ഥാനമുണ്ടു്. രണ്ടാമതു കാണിച്ച അൎത്ഥമാണെങ്കിൽ അപ്പോൾ കാവ്യത്വമില്ലെന്നും സിദ്ധം."

51. 'അനുഭവ ഏവ സാക്ഷീ'—"അനുഭവം തന്നെയാണ് അതിലേയ്ക്കു പ്രമാണം."

52. " 'പ്രസാദിക്കാ ഞാ,നിപ്രിയയുടെയടിപ്പൂന്തുകിലിനാ-
ലയേ, ശ്രീമൻ! കണ്ണീരൊഴുകിയതു നീയൊപ്പിട്ടുകിലും;
പഴുത്തോന്നാം സ്ത്രീതൻ ഹൃദയ,മുപചാരം മതി; നലം
വരുത്തും തേ സാന്ത്വങ്ങളിതി സമുക്തൻ മുരഹരൻ."

Digitized By Kerala Sahitya Akademi

53. "ഇമ്മട്ടെഴും ഗുണീഭൂതവ്യംഗ്യവും ധ്വനിരൂപമാം,
രസഭാവാദി താൽപര്യം പര്യാലോചിച്ചുനോക്കുകിൽ."

54. "ഗുണീഭൂതവ്യംഗ്യമെന്ന ഈ കാവ്യഭേദവും രസഭാവാദികളുടെ സൂക്ഷ്മം ചിന്തിക്കുമ്പോൾ, ധ്വനി തന്നെയായി തീരുന്നു."

55. "ഇദ്ദേഹത്തിന്റെ മതം തന്നെയാണു് ഞാനും സ്വീകരിച്ചതെന്നു മനസ്സിലാക്കണം."

56. "അഭാസരൂപമായ നിഷേധമാണു് ആക്ഷേപാലങ്കാരസ്വരൂപം എന്നു വേദത്തിന്റെ ആജ്ഞയില്ല; പ്രാചീനന്മാരായ ആചാര്യന്മാരും അങ്ങനെ പറഞ്ഞിട്ടില്ല; അതിലേക്കൊരു യുക്തിയുമില്ല. എന്നിരിക്കെ, ധ്വനികാരമതത്തെ തള്ളിക്കളഞ്ഞിട്ടു്, അങ്ങു പറയുന്നതു കൈക്കൊള്ളണമെന്നില്ലല്ലോ. അപ്പോൾ നേരമേറിച്ചു്, അങ്ങുപറഞ്ഞതുപേക്ഷിച്ചു, ധ്വനികാരമതത്തെ കൈക്കൊൾകയാണു് നല്ലതു്."

57. "എന്തെന്നാൽ, ധ്വനികാരനാണു് ആലങ്കാരികസരണിയെ അളന്നതിരിട്ടു തിട്ടപ്പെടുത്തിയതു്."

58. "കാര്യമാലോചിയാതുള്ള വാഗ്മിതൻ ഭാഷണം വൃഥാ;
ലാക്കു തെററിയ വില്ലാളി തന്റെ വല്ഗിതമെന്നപോൽ."

(കെ. സി. കേശവപിള്ള.)

ൻ. സാഹിത്യരസികത.

1. "സുഖാർത്ഥി മോക്ഷത്തെ വരിക്കയില്ല."
2. "ജീവനും ആത്മാവും ഒന്നുതന്നെ; ഞാൻ ബ്രഹ്മമാകുന്നു."
3. "സത്യമേ പറയാവൂ; ധർമ്മമേ ചെയ്യാവൂ."
4. "ധർമ്മാർത്ഥകാമമോക്ഷങ്ങളധികം ക്ലേശമെന്നിയേ
കാവ്യത്തിൽനിന്നു താനേതു മന്ദബുദ്ധിക്കുമാർന്നിടാം."
5. "ശ്രീവാണീതത്ത്വമത്രേ കവിസഹൃദയനാമത്തിൽ വെല്ലുന്നതെന്നും."

6. "രസം തന്നെയാണു് ആത്മാവു്; രസം ലഭിച്ചിട്ടുതന്നെ ഇദ്ദേഹം ആനന്ദശീലനായി ഭവിക്കുന്നു."

7. "കൃഷി, കച്ചവടം, കാവ്യം, തർക്കമിത്യാദിയാലെയോ,
വിച്ഛേദം വരുമേ, തത്ത്വസ്മരണം വിട്ടുപോകയാൽ."

(കെ. സി. എൻ. വാഴുന്നവർ.)

8. "കാവ്യവായന നിത്യണം."
9. "ഗുരുമധ്യമണഞ്ഞ തയ്യലെ നാൽ."
10. "തർക്കവ്യാകരണാദികളൊക്കെയുമറിയും ബുധർക്കു ഫലമിതുതാൻ;
വാക്കുകൾതൻ സംസ്കാരം; സൽകാവ്യഫലങ്ങൾ വാക്കുകളും."
11. "കാലത്തിനില്ലതിരു; ഭൂ ചെറുതല്ലതാനും."

Digitized By Kerala Sahitya Akademi

12. "വിദ്യാബീജം മഹത്താമുപശമമമലം; തത്ര സമ്പൽഫലത്തെ
പ്രത്യാശിക്കുന്നവൻ തൻ ശ്രമവിതതി വൃഥാവാകിലാശ്ചൎയ്യമുണ്ടോ?
വ്യത്യാസംവന്നു തീണ്ടാത്തൊരു ഫലമിവളും വസ്തു മറെറാന്നു നല്ലോ;
സത്യാൎത്ഥംതാനി,താ നെന്മണിയൊരുസിതശ്ശുകം മുളപ്പിച്ചുകാണാ."
13. "എങ്കിലും ആനന്ദംതന്നെയാണ് മുഖ്യം."
14. "എല്ലാ പ്രയോജനങ്ങളിലും മുഖ്യമാകുന്നു ആനന്ദം."
15. "പൊന്നിലും പെണ്ണിലും വിദ്വാനേതവൻ കൊതിയേന്തിടും?
കാവ്യാമൃതത്താൽതാൻ തൃപ്തൻ,നാനന്ദമയനായ ഞാൻ."

---

൭. ഭാരവിയും ഭാരതധൎമ്മവും.

1. "ജിനസദനമാരു തീൎത്തു വിവേകിയായ്പ്പുണമതിത്തു റുദൃഢതരം,"
[ആ രവികീൎത്തി ജയിക്കുക കവി ഭാരവികാളിദാസസമകീൎത്തി]—
എന്നു ശേഷം.
2. "കണ്ടാകിലും പണ്ടു, മുകുന്ദനക്ക-
ന്നു" [ണ്ടാക്കിയാശ്ചൎയ്യമപൂൎവ്വമായ്ത്താൻ;
അടിക്കടിക്കേറു നവത്വമേല്ക്കു-
മതാണു നൂനം രമണീയഭാവം]—എന്നു ശേഷം.
3. "തെളിഞ്ഞ വൎണ്ണാഭരണങ്ങൾ, ശയ്യ, മാ-
ററലക്ഷ്മകൾപ്രീതി വളൎത്തിടും ഗുണം,
പ്രസന്നഗംഭീരപദങ്ങളും പെടും
സരസ്വതിശ്രീസുകൃതിക്കു താൻ വശം."
4. "കടുമുഖാഗ്രത്താൽ മരം പിഴുക്കിയും
പടുതോളാലെ താഴ്വര പൊടിച്ചുമേ,
കൊട്ടുപോരിന്നെന്നെ വിളിപ്പാൻ പോലെതി-
ൎട്ടുന്നു താൻതാനിത്തടിയനാം പന്നി."
5. "കുറഞ്ഞൊഴുക്കേററമൊഴിഞ്ഞ നീരിനാ-
ലെഴുന്ന നല്ലോരലരേഖയാന്നലം
ഞെറിഞ്ഞ പട്ടൊത്തു വെളുത്തൊരാറുതൻ-
മണല്പുറം കണ്ടു രസിച്ചിതജ്ജുനൻ."
6. "മഹാൎത്ഥവിത്തം ചിലർ വാഴ്ത്തു, മുക്തിതൻ-
മനോജ്ഞമാം ത്തുമ പുകഴ്ത്തുമൊട്ടുപേർ;
ഇവണ്ണമത്രേ രുചിയെങ്കിലാളുകൾ-
ക്കെവൻെറ വാക്കാൎമ്മകം മയക്കിടും?"
7. 'പ്രസാദരമ്യം' ഇത്യാദി 3 പദ്യം:—
"പ്രസാദം (പ്രസിദ്ധാൎത്ഥങ്ങളായ പദങ്ങളോടുകൂടിയിരിക്കുക) എന്ന
ഗുണത്താൽ മനോഹരമാകുക; ഓജസ്സോടുകൂടിയിരിക്കുക (സമാസബഹുള

Digitized By Kerala Sahitya Akademi

മാവുക); കനത്തതാവുക (അൎത്ഥം നിറഞ്ഞിരിക്കുക); വേണ്ടാതെ വിസ്തരിക്കായ്ക; ഒന്നിനൊന്നു സംബന്ധപ്പെട്ടിരിക്ക; അധ്യാഹാരക്ലേശം കൂടാതിരിക്ക; പറയേണ്ടതു മുഴുവൻ പറയുന്നതാകുക; സംഗതികളെ കൂട്ടിക്കുഴയ്ക്കാതിരിക്കുക; യുക്തികൊണ്ടുതന്നെ സാധിക്കുകയാൽ, ശാസ്ത്രാപേക്ഷകൂടാതെ, സ്വാതന്ത്ര്യമായിരിക്കുക; എതിർവാദികൾക്കു ഇളക്കാൻ കഴിയാതെ, വേദവചനംപോലിരിക്കുക; മററുള്ളവൎക്കു 'വകവയ്ക്കാ'തെ നിവൃത്തിയില്ലായ്കയാൽ, കോളുകൊണ്ട കടൽപോലെ ഗംഭീരമായിരിക്കുക; ശ്ലാഘനീയങ്ങളായ വിശേഷണങ്ങളോടുകൂടിയിരിക്കുക; മഹൎഷിമാരുടെ മനസ്സുപോലെ സൌമ്യമായിരിക്കുക."

8. "സ്ഫുടിമാവു പദങ്ങൾ വിട്ടതി;ല്ലിയലാതില്ല ഗരിഷ്ഠമൎത്ഥവും;
പൃഥഗൎത്ഥത വാക്കിനൊക്കെയു;ണ്ടസമൎത്ഥതയുമെങ്ങുമില്ലതാൻ.
ഉപപത്തി തെളിച്ചിതുക്കിനാ;ലഥ ശാസ്ത്രത്തിനു ചേൎന്നുയുക്തിയും."

9. 'ഈദൃശീ'ത്യാദി 3 പാദം: —
"ഭവിതവ്യതയേവമാം."
"മേന്മയ്ക്കധീനം വിജയം രണത്തിൽ."
"കളിവതുതാൻ പ്രണയം വെളിപ്പെടുത്തും."

10. "ഗജങ്ങൾ കുംഭിക്കു പിടിച്ച സിംഹം
പോൽ, തെററി മാററാർ പഴിചേൎത്ത നിങ്കൽ
ഇക്കാൎയ്യവും യോഗ്യതനോക്കിയെത്തീ;
ഭാസ്സാലിനങ്കൽ ദിനലക്ഷ്മിപോലെ.
എല്ലാരിലും വൻപു തനിക്കു വായ്പ-
താരൎത്ഥവത്തെന്നതു ചെയ്തുകാട്ടും;
തന്നാമമൊന്നാമതുതാൻ സദസ്സിൽ
സമ്മാന്യർതൻ പട്ടികയിൽപ്പെടുന്നു."

11. "ജാതിമാത്രാൎത്ഥമായുള്ള പുംശബ്ദം മതിയേ മതി!
ഗുണൈകഗ്രതർ വാഴ്ത്തുന്ന പുംസ്ത്വമാശാസ്യമേവനം."

---

൮. സായണാചാൎയ്യർ.

1. "അക്കർമ്മയായ് ശ്രീമതിയാളമരൻ ചൊല്ലാന്ന മായണൻ."
2. "ഇന്ദ്രനെപ്പോൽ മാന്യനത്രേ മന്ത്രി മായണസായണൻ."
3. "വെൽവു ചാരർ പലരുററു മന്ത്രിയായ്
സായണൻ മഹിതമായണാത്മജൻ."

4. "ഇങ്ങനെ, 'ബുക്ക'രാജന്റെ അധിഗുരുവായ 'മാധവാചാൎയ്യ'ന്റെ അനുജനായി, 'സങ്ഗമ'മഹാരാജന്റെ സൎവ്വകാൎയ്യമന്ത്രിയായി, സകലവിദ്യകൾക്കും അധികാരണഭൂതനായി, 'ഭോഗനാഥ'ന്റെ ജ്യേഷ്ഠനായി ശോഭിക്കുന്ന സായണാചാൎയ്യന്റെ കൃതിയിൽ."

Digitized By Kerala Sahitya Akademi

5. "ഭാരദ്വാജകുലോല്പന്നനാകുമസ്സായണൻ ദിവാൻ
ഉണ്ടാക്കിനാൻ വിശിഷ്ടാൎത്ഥം 'സുഭാഷിതസുധാനിധി'."

6. "ഇങ്ങനെ, കമ്പരാജന്റെ മഹാകാൎയ്യസ്ഥനായും, ഭരദ്വാജവംശത്തിന്നു മുക്താഫലമായും, മായണനാകുന്ന സമുദ്രത്തിന്നു വാരൊളിത്തിങ്കളായും, മാധവാചാൎയ്യനാകുന്ന കല്പവൃക്ഷത്തിന്റെ സഹോദരനായും വിളങ്ങുന്ന സായണാചാൎയ്യവൎയ്യനുണ്ടാക്കിയ."

7. "അവന്നു മന്ത്രിമുത്തായിട്ടുണ്ടു മായണസായണൻ."

8. "ആ മായണന്റെ സുതനാം സായണൻ മതിമന്മണി,
ഗ്രന്ഥം കൎമ്മവിപാകാഖ്യമുണ്ടാക്കീ കരുണാന്വിതൻ."

9. "ഇങ്ങനെ, മാധവന്റേയും ഭോഗനാഥന്റേയും സഹോദരനായി, മായണപുത്രനായിരിക്കുന്ന സായണന്റെ കൃതിയിൽ."

10. "അവന്നു വംശഗുരുവായ് തത്ത്വസിദ്ധാന്തദൎശകൻ
സൎവ്വജ്ഞൻ സായണാചാൎയ്യൻ മായണന്റെ മകൻ മഹാൻ.
ഉപേന്ദ്രനിന്ദ്രനെന്നോണം തനിക്കു സുമനഃപ്രിയൻ
മഹായാഗഫലം പൂണ്ടോൻ മാധവാൎയ്യൻ സഹോദരൻ."

11. " 'സങ്ഗമാ'ഖ്യനൃപൻ വാഴ്‌വു മന്നിലെപ്പുരുഹൂതനായ്;
അവന്റെ മുഖ്യസചിവൻ വെല്‌വൂ മായണസായണൻ.
ആ മായണന്റെ സുതനാം സായണൻ മതിമന്മണി
ശ്രീ 'മാധവീയ' സദ് 'ധാതുവൃത്ത്യാ'ഖ്യ കൃതി തീൎപ്പൂതേ."

12. "കല്യാസനത്തിന്നു കുറേപ്പടിഞ്ഞാറാ'മാരപ'ക്ഷ്മാപനിയന്നു രാജ്യം
ഗോമന്തശൈലത്തിൽ വസിച്ചുകൊണ്ടു വേണ്ടുംവിധം സ്വപ്രജയെ
[പ്പുരിച്ചാൻ."

13. "ശാസിപ്പോർ പലരുണ്ടായാൽ കൎമ്മികൾക്കവരൊക്കെയും,
പേരിന്നാനില കൈക്കൊൾവൂ ലേശദേശേശർപോലവേ."

14. "ശൂരരായിട്ടവനിൽനിന്നുണ്ടായാർ മക്കളഞ്ചുപേർ;
പാലാഴിതന്നിൽനിന്നും ശ്രീകല്പവൃക്ഷങ്ങളെന്നപോൽ.
അദ്യൻ ഹരിഹരക്ഷ്മാപൻ, പിന്നെക്കമ്പണനാം നൃപൻ;
അനന്തരൻ ബുക്കരാട്ടാം, മാരപോൎവ്വപർ പിൻപുടൻ.
അവരിൽ ശ്രീഹരിഹരൻ നീണാളുലകു കാത്തവൻ
സുത്രാമതുല്യനായുള്ള സുൽത്താനേകീ പരാജയം.
കമ്പണൻ തൽകനിഷ്ഠൻ ഭൂമണ്ഡലം കാത്തിതേറെനാൾ;
മാററാൎക്കിളക്കമേററം ചേൎത്തവൻതൻപേർ യഥാൎത്ഥമായ്.
ജംഭാരിക്കു ജയന്തൻപോൽ, പ്രദ്യുമ്നൻ വിഷ്ണുവിന്നുപോൽ,
അവന്നു പുത്രനായുണ്ടായ് വീരൻ സങ്ഗമനാം നൃപൻ."

15. "കൌമാരം കൈവിടാതുള്ള നിന്നിൽ ശ്രീസങ്ഗമപ്രഭോ!
കമ്പണൻ ഭൂഭരം ചേൎത്താ സ്വൎഗ്ഗം പൂകിയതെങ്ങനെ?"

Digitized By Kerala Sahitya Akademi

"സായണസചിവനധീനം 'സങ്ഗമ'രാജന്റെ രാജ്യമിതു കാണ്ക."
"ശൌൎയ്യം വായ്പോരു സങ്ഗമേശ്വരനു വൻസാമ്രാജ്യമേററാൻ പരം
വീൎയ്യം തേടിന സായണൻ സചിവനാൽ സവ്യസ്വനാശത്തൊടും
ശ്രദ്ധം കാട്ടിലെ വൻഗ്രഹസ്ഥകമിരുന്നീടും നമുക്കെന്തിനീ-
ക്കൂട്ടം ശബ്ദമിണങ്ങുമാനകളുമീ വൻപേശ്ശമശ്വങ്ങളും?"

16\. "അവന്റെ വംശഗുരുവായ് തത്ത്വസിദ്ധാന്തദർശകൻ."

17\. "ശ്രീമത്സങ്ഗമഭൂപനെച്ചെറുതിലേ നന്നായ്പ്പഠിപ്പിച്ചു, വൻ
ജ്ഞാനത്തിൻ നിധി സായണൻ സുധി മഹാൻ വ്യാസാവതാരാ
യിതൻ"

18\. "കാണിക്കുന്നു തെളിമ തരസാ തൎക്കവിദ്യാദിയിങ്കൽ;
ത്രാണിക്കേററം മന്ത്രജരിലിണക്കുന്നു മന്വാദിധൎമ്മം;
ചേണിൽച്ചേലാനൊരു ചെറുതിലേ ശിക്ഷിതൻ,സങ്ഗമൻ തൽ-
ക്ഷോണിക്കീശൻ പടിമയിൽ വിളങ്ങുന്നു ഹേ! സായണാൎയ്യ!"

19\. "അരാതിഭൂജഗവ്മങ്ങടരിൽ വെച്ചുടക്കീട്ടുമീ-
നരാഗ്രഗ്ര്യമണി സായണൻ സചിവനെസ്സമീക്ഷിക്കകിൽ,
പരാൽഭൂതമുദിച്ചിട്ടും നഖധരാരി വൈകുണ്ഠനും
പുരാന്തകത പൂണ്ടിടും നിടിലനേത്രനും നിത്യവും."

"ജഗദ്വീരൻ സായണന്റെ കൈവാൾ മിന്നുന്നു സർവ്വദാ.
കരയ്യുതെന്തിനായ് പാഴിൽ ഭള്ളേന്തും പരിപന്ഥികൾ?"

"നിൻയാത്രയാൽ സായണ! ഭേരിപെററ
ശബ്ദം ശ്രവിച്ചിട്ടുണർവുററു കാട്ടിൽ
സിംഹങ്ങൾ ശത്രുക്ഷിതിപക്കേഴുന്ന
ചിത്രസ്ഥമാം ഹസ്തിയെയും ഹനിപ്പു."

"അടരിൽ സായണ! ശത്രുപ്പട നിഴലിച്ചതു വഹിച്ച തവ ഖഡ്ഗം
സ്ഫുടമുലകെല്ലാമുള്ളിൽത്തടവും ഹരി കടലിൽ മട്ടു വിഹരിപ്പു."

20\. "ദൌഷ്ട്യം കൊണ്ടുപലേതരം പ്രഥിതമാം സമ്പത്തെഴും ചമ്പനെ-
ദ്വിഷ്ട്യാ വെന്നു വിശിഷ്ടവീൎയ്യനിധിയായ് വന്നെത്തിനാൻ സായ
[ണൻ."

21\. "അവന്നു മന്ത്രിമണിയായ്ത്തീന്നാൻ മായണസായണൻ,
പ്രഥിതൻ രത്നഗൎഭാഖ്യയത്ഥവത്താക്കിമിന്നിയോൻ.
എന്നും മിന്നിന 'ദാനവാരി'യൊടുമാപ്പക്കോദയാ'പേതമായ്,
പാടില്ലാതെ'ഹരീശ'ലങ്ഘന,മഹോ! 'ഭങ്ഗ'പ്രസങ്ഗാന്വിതം
'ഭൂഭൃൽ'ക്ഷോഭമിയററിയും, ക്ഷണികമാക്കിച്ചെയ്തു 'ദോഷാകരോ'ദ്ഘ-
ഷോഷം: ലോകസുഖാൎത്ഥമുണ്ടൊരു മഹാനാശ്ചൎയ്യരത്നാകരം.
ഗങ്ഗയ്ക്കൊത്തുള്ള തൽകീൎത്തിയിങ്കൽ ശാത്രവകീൎത്തിയും
കാളിന്ദയെന്നപോൽ വന്നു മേളിപ്പൂ സ്വല്പമൂലമായ്.

Digitized By Kerala Sahitya Akademi

ശ്രേയോയശസ്സുകൾക്കായി സാധനായോധനങ്ങളാൽ
അവൻനിത്യം ചെയ്വു "ദാനം" വിദ്വദ്വിദ്വേഷികൾക്കഹോ!
ധ്യാനവ്രതം പൂജ ജപം സമാധിയിവയെന്നിയേ
അവൻ മന്ത്രബലം വായ്ച്ചോൻ ബുദ്ധിമാന്മാരിലഗ്രണി.
ബുധക്ക് വിണ്ണിൽകൃതമായ് കൃതത്തിൽ
ശ്രീവിഷ്ണുവാൽ നല്ലമൃതാഖ്യയൂഷം;
ശ്രീകണ്ഠനാഥൻ കലിയിൽ ബുധക്കാ-
യുണ്ടാക്കിനാനിപ്പുതു'ധാതുവൃത്തി'"

22. "ഇന്ദ്രാദ്യരാം പൂജ്യതമക്ക പാരമിണങ്ങിടും ശീഷ്പതിമുഖ്യർപോലെ,
ശ്രീബുക്കരാജന്നിഹ മാധവാര്യൻ മന്ത്രീശനായാൻ കലദേശികേ-
[ന്ദ്രൻ.

വിദ്യാനിലയമായുള്ളോരദ്ദേഹത്തോടു സാദരം
കഥാകുതുകി തത്ത്വജ്ഞൻ 'ബുക്ക'നീവണ്ണമോതിനാൻ: —
"അങ്ങുചൊന്നിട്ടു താൻ കേട്ടേൻ പല ശാസ്ത്രങ്ങൾ ഞാൻ തഥാ
പുരാണോപപുരാണങ്ങൾ മഹാഭാരതവും സുഖാൽ.
അല്പജ്ഞന്മാക്കിതെല്ലാം താൻ വിപ്രമൌലേ! സുദുർഗ്രഹം;
പുരുഷാത്ഥാത്ഥികൾക്കും ഹാ! ചിലേടമറിവാൻ പണി.
ആകയാൽ കഥയായ്പ്പാരം സുഗമത്വമിയന്നതായ്
പുരുഷാത്ഥമണച്ചിടും വ്യാസവാക്യങ്ങൾ ചൊല്ലെടോ."
യുക്താത്ഥ വിളങ്ങുന്നോരാ'ബ്ബുക്കൻ' തൻ വാക്കുകേട്ടവൻ
അഭിനന്ദിച്ചുതോഷിച്ചു ചൊന്നാൻ 'മാധവ'നീവിധം: —
"ശുഭബുദ്ധിയൊടും കേൾക്ക പുരുഷാത്ഥപ്രദോക്തിമേ;
ഇവൻ പണ്ഡിതസമ്രാട്ടെന്നനുജൻ സായണാഹ്വയൻ.
പുരാണാദിയിലുള്ളോരു പുരുഷാത്ഥദസൽകഥ
ഓരോന്നുമിവനങ്ങേയ്ക്കു രാജൻ! ചൊല്ലിത്തരും ദൃഢം.
രാജാവിനോടേവമോതി, നോക്കീ സായണനെപ്പരം.
ജ്യേഷ്ഠൻ പറകയാൽ ചൊല്ലീ ബുക്കനോടന്നു സായണൻ."

23. "ആർതൻ ശ്വാസങ്ങൾ വേദങ്ങൾ ആർ വേദങ്ങളിൽ നിന്നിദം
ജഗത്തുണ്ടാക്കി; വന്ദിപ്പൻ വിദ്യാതീത്ഥനവനു ഞാൻ.
താദൃശ്യം തൽകടാക്ഷത്താലാന്നൊരാമാധവാര്യനേ
നിയോഗിച്ചാൻ ബുക്കനൃപൻ വേദാത്ഥം വെളിവാക്കുവാൻ.
മീമാംസ പിന്നെ വേദാന്തം, ചുരുക്കിച്ചൊല്ലി രണ്ടുമേ
ദയാലു മാധവാചാര്യൻ വേദഭാഷ്യം രചിക്കയായ്.
അദ്ദേഹം നൃപനോടോതി 'സായണൻ മൽകനിഷ്ഠനാം,
സർവ്വജ്ഞനിവനോടോതു വേദഭാഷ്യം ചമയ്ക്കുവാൻ.'
മാധവാര്യൻെറയീവാക്കാൽ വീരബുക്കമഹീധവൻ
മോദാൽ സായണനോടോതീ വേദഭാഷ്യം ചമയ്ക്കുവാൻ.

Digitized By Kerala Sahitya Akademi

യാഗോപയോഗിയായ്ക്കണ്ടു മുൻപേ താൻ വ്യാകരിച്ചുപോയ്;
പൌരുഷാത്ഥമായജ്ജുവേദം, ഋഗ്വേദം വ്യാകരിച്ചിട്ടും."

24\. "ആ മായണന്റെ സുതനാം സായണൻ മതിമന്മണി,
മാധവീയാഖ്യയായുള്ള ധാതുവൃത്തി രചിച്ചുതേ."

25\. "അനന്തഭോഗമാന്നുള്ളോൻ ദ്വിജപുങ്ഗവസേവിതൻ
ലോകത്രാണകരൻ വെല്വൂ മാധവൻ മന്ത്രിസത്തമൻ."

26\. "ധാതുപാഠത്തിലുൾപ്പെട്ട ധാതുക്കൾക്കേവനോ പുരാ
ഭാഷ്യജ്ഞസരളം തീത്താൻ മാധവീയാഖ്യവൃത്തിയേ;
ആ മായണന്റെ തനയൻ ഗണസൂത്രഗതങ്ങളായ്
പ്രത്യയാന്തങ്ങളാം ധാതുക്കൾക്കും വ്യാഖ്യ ചമച്ചുതേ."

27\. "പട്ടത്തു പട്ടേരിയുദാഹരിച്ചു പ-
ണ്ടെല്ലാത്തരം പാണിനിസൂത്രവും; പുനഃ
വൃകോദരൻ ചൊല്ലിന ധാതു മാധവൻ
കാണിച്ചൊരത്ഥത്തിലുദാഹരിപ്പു ഞാൻ."

28\. "മാധവാദികളുത്തുക്കൾ, ഭാഷ്യവും മാധവാദികൾ മുറയ്ക്കു തീത്തവർ;
മാധവാദികളമത്ത്യരാകുവോർ; മാധവാദികൾ മഹീധുരന്ധരർ."
(നാലാമത്തേ 'മാധവൻ' സർ ടി. മാധവരായരാകുന്നു.)

29\. "ആയുർവേദസുധാനിധിക്ക കൊതിയേന്തുന്നോക്കിതാ സായണൻ
നിർമ്മിച്ചീടിന വൈദ്യപുസ്തകം"

30\. "ആ ഞാൻ, വിവേകതീത്ഥത്തിൽക്കൂടെ, വേദതീത്ഥത്തിലെത്തി മുങ്ങി, സജ്ജനതീത്ഥംവന്നു കൂടുന്ന ഭക്തിതീത്ഥത്തിൽവച്ചു ലഭിച്ച പ്രഭാവാതിശയത്തേ അണിഞ്ഞു്, ഭാരതീതീത്ഥനേയും വിദ്യാതീത്ഥനേയും ആശ്രയിച്ചിട്ടു്, ഇതാ ഇപ്പോൾ ശ്രീകണ്ഠനേ ഭജിച്ചുകൊണ്ടിരിക്കുന്നു."

31\. "സമുദ്രങ്ങൾ അതിരായിട്ടുള്ള ഭൂമിയേ പുരികചാലനംകൊണ്ടു തന്നെ (നിഷ്പ്രയാസമായി) ഭരിക്കുന്നവനായി, വിദ്യാതീത്ഥമുനിയുടെ കൃപാംബുധിക്കു വാർതിങ്കളായി ഒരു മഹാൻ അവതരിച്ചു."

32\. "അന്തഃപ്രവിഷ്ടൻ ശാസ്താവെന്നന്തഃസ്വാമി ശ്രുതീരിതൻ;
ആ മുഖ്യഗുരു കാക്കട്ടേ വിദ്യാതീത്ഥമഹേശ്വരൻ.

33\. "ഭവ്യശ്രീ'ഭാരതീതീത്ഥ'യതിവേധസ്സിൽനിന്നവൻ
അങ്ഗമാം കനിവിയന്നുദ്യൽപ്രതിഭനായിതേ."

34\. "മന്ദാരം മര,മന്യവും ബത! തഥാ വൻമേരുവും പവ്വതം
വേറിട്ടുള്ളവയും, മുകുന്ദനു ഗൃഹം പോലാഴി മറ്റുള്ളതും,
ശ്രീകണ്ഠൻ ഗുരു പാക്കകിൽ പരരുമമ്മട്ടാണഹോ വിസ്മയം
ഭക്താധീന! സുരൻ ഭവാൻ പരരുമേ ചിന്തിക്കുകിൽ ദേവകൾ!"

35\. "എല്ലാ നന്മകളേയുമങ്ങിതുവിധം സംരക്ഷണം ചെയ്യുമ-
ച്ചൊല്ലാളും ധരണീവരന്നു പരമാം തത്വം ധരിപ്പിക്കുവാൻ

Digitized By Kerala Sahitya Akademi

നല്ലാവാസനയൊന്നണച്ചു സവിധത്തിങ്കൽ പ്രശോഭിച്ചിതാ-
മല്ലാസ്ത്രാന്തകനായിട്ടുന്ന ഭഗവാൻ ശ്രീകണ്ഠനാഥാഖ്യനായ്.
തൽപദത്താർ വണങ്ങീടിലൊട്ടുക്കം മുക്തി സിദ്ധമാം;
തപസ്സിനാലെഴും ലാഭം കേവലം കായകർശനം.
കൈവല്യമാൎഗ്ഗനടതൻ കവാടത്തെത്തുറക്കുവാൻ
താക്കോലു തൽകടാക്ഷം താനങ്ങു പാൎക്കേണ്ടവൎക്കഹോ"

36. "അല്ലേ കമ്പണ! പാട്ടിൽ നിൻ പടുതയെക്കാണിക്ക പാട്ടിൽ പ്രിയ-
ക്കല്ലേ! മായണ! ഗദ്യപദ്യരചനാവൻപത്രു നീ കാട്ടുക;
അല്ലേ ശിങ്ഗണ! നീയുമാക്രമജടാരൂപത്തിലോത്തിൽ കുറേ-
ച്ചൊല്ലോ,ല്ലേവം സുതരോട്ടുരച്ചു സുഖിയാം സദ്മത്തിലസ്സായണൻ."

37. 'ഇതഃപര'മിത്യാദിഗദ്യം "സൎവ്വമതത്തിലും ശ്രേഷ്ഠമായ ശാങ്കരമതം മറ്റൊരിടത്തു വിസ്തരിച്ചിട്ടുണ്ട്. അകയാൽ ഇവിടെ ചേൎക്കുന്നില്ല."

38. "സായണപ്പാൽസമുദ്രത്തിന്നോജസ്സേറുന്ന കൌസ്തുഭം;
മാധവാൎയ്യൻ വിനിൎമ്മിച്ചു സൎവ്വദർശനസങ്ഗ്രഹം"

39. "പാരംഗതൻ സകലദർശനവാരിരാശി-
ക്കാത്മോചിതാൎത്ഥചരിതാൎത്ഥസമസ്തലോകൻ,
ശ്രീശാർങ്ഗപാണിതനയൻ നിഖിലാഗമജ്ഞൻ
സൎവ്വജ്ഞവിഷ്ണുഗുരു നിത്യവുമാശ്രയം മേ."

40. "ത്യജിച്ചേനെൺപത്തഞ്ചധികൃതവയസ്സിനുപരി ഞാൻ
ഭജിപ്പാൻ വയ്യാതേ പലവിധമഹോ! ദേവതതിയേ;
ഉദിക്കില്ലെങ്കൽ തേ കൃപയിനിയുമെന്നാലിവനിലി-
ന്നയി,ശ്രീമാതാവേ! ശരണമെവനെത്തേടണമുമേ!"

41. "വിദ്യാരണ്യാദിയോഗീന്ദ്രൻ കല്പിച്ചു കാലനിൎണ്ണയം."

42. "വിദ്യാരണ്യന്റെ പദ്യങ്ങൾ ചേൎത്താ നൃഹരിപണ്ഡിതൻ
തീൎത്താൻ ശ്രീവ്യാസസൂത്രൌഘവൃത്തി ഭാഷ്യാനുസാരമായ്."

43. "ശ്രീഭാരതീതീൎത്ഥവിദ്യാരണ്യന്മാരെ വണങ്ങി ഞാൻ
അദ്വൈതസദ്വിവേകത്തിൻ പദയോജനചെയ്യുവൻ."

44. "വേദഭാഷ്യങ്ങൾ, സൂത്രവൃത്തി, ധാതുവൃത്തി എന്നിവ നിൎമ്മിച്ചു (നിൎമ്മിപ്പിച്ചു എന്നു ണിജൎത്ഥത്തിൽ)ആളും, ഹരിഹരമഹാരാജാവിനു വിദ്യാനഗരസാമ്രാജ്യം സാധിച്ചുകൊടുത്ത ആളും, വാണീവല്ലഭനും, സമ്പന്നനും ആയ വിദ്യാരണ്യൻ ജഗദ്ഗുരു ശങ്കരാചാൎയ്യർ ആയിബ്ഭവിച്ചിരിക്കുന്നു."

45. "യജ്ഞനാരായണാൎയ്യൻ താനിപ്രക്രിയ പരത്തിയോൻ;
ഇതൊക്കെയറിവോർ പാരിൽ ഭാഷ്യാംബുധി കടന്നവർ.
എന്നാലും ശിഷ്യരെച്ചൊല്ലിച്ചൊല്ലിയിപ്രക്രിയാതതി
യജ്ഞനാരായണൻ; ഭാഷ്യമറിവോരിതു നോക്കുവിൻ."

Digitized By Kerala Sahitya Akademi

46. "സംഗമഭൂപൻതന്നുടെ നമ്മസഖൻ ഭോഗനാഥപണ്ഡിതനാൽ."

47. "സംഗമഭൂപനും പത്നിയും പ്രണയകോപംപൂണ്ടു്, ഒരേ ഇരിപ്പിടത്തിലാണെങ്കിലും പരാങ്മുഖരായിട്ടു് ഇരിക്കവേ, ഇടയ്ക്കു സായണനോ ഭോഗനാഥനോ മറ്റോ ഒന്നും പറഞ്ഞില്ലെങ്കിലും, അവർ അന്യോന്യം നോക്കിപ്പോയി. സംഗമേന്ദ്രമഹാരാജാവിൻേറയും, ഭോഗനാഥമഹാകവിയുടെയും അടുത്തു ചെല്ലുന്നവർ വലിയ ഐശ്വൎയ്യവാന്മാരായിബ്ഭവിക്കുന്നതാണു്."

48. 'തേഷാമുദാഹരണാനി' ഇത്യാദി ഗദ്യം:—"അവയുടെ ഉദാഹരണങ്ങൾ, ഭോഗനാഥൻെറ കൃതികളിൽ കാണ്മാൻ കഴിയുന്നതാകുന്നു."

49. "ശ്രീരാമൻ ആ സുന്ദരിയെ പാറത്തട്ടുകളിലും, വൃക്ഷച്ഛായകളിലും, തടാകതീരങ്ങളിലും, ഗുഹകളിലും വിശ്രമിപ്പിച്ചിട്ടു്, ചരലുള്ള വഴിയിൽക്കൂടി മെല്ലെ മെല്ലെ കൊണ്ടുപോയി." (രാമോല്ലാസം).

50. "മുകളിൽ ഇരിമ്പുകൊണ്ടും, ചുവട്ടിൽ വെള്ളികൊണ്ടും, നടുക്കു സ്വൎണ്ണംകൊണ്ടും നിൎമ്മിക്കപ്പെട്ടിരിക്കുന്ന മൂന്നു പുരങ്ങളും (ത്രിപുരപുരങ്ങൾ) തീ പിടിക്കാതെതന്നെ, പുകപിടിച്ചതായും, തീ പിടിച്ചതുപോലെയും, വെണ്ണീറായവണ്ണവും കാണപ്പെട്ടു." (ത്രിപുരവിജയം).

51. "ആ സ്ഥലം സ്ത്രീപുംസലീലയ്ക്കായി ഉദ്ദേശിക്കപ്പെട്ടതാണെന്നു് ഓരോ അടയാളങ്ങളേക്കൊണ്ടും അറിയുമാറായി." (ശൃംഗാരമഞ്ജരി)

52. "പലതരം ദുൎഗ്ഗുണങ്ങൾക്കും വിളനിലമായിത്തീൎന്നിരിക്കുന്ന എന്നിൽ അല്ലയോ ശ്രീപരമേശ്വര! അങ്ങു പ്രസാദിക്കേണമേ!"

(ഗൌരീനാഥാഷ്ടകം)

---

൯. ബാലഭാരതം.

1. "ധൎമ്മാൎത്ഥകാമമോക്ഷങ്ങളിൽ ഏതേതു തത്വങ്ങൾ ഇതിൽ പറഞ്ഞിരിക്കുന്നുവോ, അതാണു് മററു ഗ്രന്ഥങ്ങളിലും ഉള്ളതു്; ഇതിൽ പറയാത്തതു മറെറങ്ങും കാണാൻ കഴിയില്ല."

2. "മഹാതപസ്വികളായ മഹൎഷിമാരാൽ മാത്രം സേവിക്കപ്പെടുവാനുള്ളതാകുന്ന ശ്രീമഹാഭാരതമെന്ന ലോകമഹാഗ്രന്ഥം."

3. "മന്ദാരത്തോത്തൊലിപ്പൂന്തേൻ മധുരശ്രീരസാബ്ധികൾ,
അക്ലാഹ്ലാദമണയ്ക്കില്ല കണ്ണാളുതകൃദുക്തികൾ?
തിക്കയാഢ്യകവീന്ദ്രോക്തി തിങ്കളിന്നൊളിപോലവേ,
സ്വൈരം കവികൾ സേവിപ്പൂ നൽച്ചകോരസഹോദരർ.
എഴുപതാലുകാവ്യത്താൽ വൈദുഷ്യത്തെപ്പരത്തിയോൻ
അഗസ്ത്യനേതു കവിയേ രമിപ്പിക്കുന്നതില്ലഹോ!

Digitized By Kerala Sahitya Akademi

ഗങ്ഗാധരാഖ്യകവിയാം രണ്ടാം വ്യാസനെ വാഴ്ത്തുവൻ,
ശ്രീഭാരതം നാടകമായ് നിർമ്മിച്ചല്ലോ മഹാനവൻ.
നീണാൾ വിജയമാളട്ടേ വിശ്വനാഥകവീശ്വരൻ;
തൽപ്രസാദത്തിനാലല്ലോ ഞങ്ങൾ സർവജ്ഞരായ് പരം."

4. 'ഏതേ' ഇത്യാദി:—"ഇവ (പദ്യങ്ങൾ) ശ്രീവിലാമങ്ഗലത്തു സ്വാമിയാരുടെ കൃതികളാകുന്നു."

5. "അങ്ങയുടെ ഔന്നത്യം വർണ്ണിക്കപ്പെടുകയാണെങ്കിൽ, പർവതങ്ങളെല്ലാം തങ്ങളെ താഴ്ത്തിക്കളഞ്ഞു എന്നുവച്ചു കോപിക്കും; ഗാംഭീര്യം വർണ്ണിക്കുകയാണെങ്കിലോ, പർവതങ്ങളൊക്കെ പൊക്കിക്കളഞ്ഞു തങ്ങളേ എന്നുവച്ചു ക്ഷോഭിക്കും; പിന്നെ എങ്ങനെയാണു് അങ്ങേ വർണ്ണിക്കുന്നതു്. അഥവാ ഞാനങ്ങനെ ഭയപ്പെടുന്നില്ല; ഗുണരത്നങ്ങൾക്കു രോഹണപർവതമായ ഹേ! വീരരുദ്രമഹാരാജാവേ! അങ്ങയുടെ അടുക്കൽ സ്ഥിതിചെയ്യുന്ന ഞാൻ അഗസ്ത്യനായിത്തീർന്നിരിക്കുന്നു; അപ്പോൾ, പർവതങ്ങളുടേയും സമുദ്രങ്ങളുടേയും 'പാകം നോക്കേണ്ട' ഭാരം എനിക്കില്ലെന്നു സമാധാനിക്കട്ടെ!!"

6. "സൂത്രധാരൻ:—
　　വിശ്വനാഥകവീന്ദ്രന്റെ വിലപേററൊരുക്തികൾ
　　പൊന്നും മണിയുമല്ലാത്ത വിദ്വൽകർണ്ണവിഭൂഷകൾ.

അല്ലെങ്കിൽ, ആ മഹാകവിയുടെ വാക്കുകൾ ഉദാരമധുരങ്ങളായിത്തീർന്നാൽ അത്ഭുതമെന്താണു്? സുപ്രസിദ്ധനും മഹാപണ്ഡിതനും മഹാകവിയുമായ അഗസ്ത്യഭട്ടൻ അല്ലേ അദ്ദേഹത്തിന്റെ അമ്മാവൻ?"

7. 'ഇതി ശ്രീമദ്രാജ' ഇത്യാദിഗദ്യം:—"ഇങ്ങനെ കർണ്ണാടകമഹാരാജാവായ കൃഷ്ണരായന്റെ സേനാനിയും പണ്ഡിതനുമായ സാലുതിമ്മദണ്ഡനാഥൻ ഉണ്ടാക്കിയ 'മനോഹര' എന്ന ബാലഭാരതവ്യാഖ്യാനത്തിൽ"—

8. "ചിരാൽ സമൃദ്ധം കടയുന്ന മുൻപിലേ
സുരാധിപൻതന്റെ വനത്തിനൊപ്പമായ്
അദൃഷ്ടസന്താനതകൊണ്ടു നമ്മുടേ
നിശേശവംശം വിലസുന്നതില്ലഹോ!"
　　　　　　　(പി. കെ. നാരായണശാസ്ത്രികൾ)

9. "സൂദ! യെന്തിതകാലത്തിലേധസേ മരമുന്നതം;
മുടിക്കായ്കയിതിൻ ഛായ സേവിപ്പൂ നമ്മളൊക്കെയും.
ദാരുണാകൃതി നീ സിദ്ധിയൊരിടത്തുളവാക്കെടോ!
ഒരുകേടുമെഴാക്കാര്യം ചെയ്യുവോൻ ശുഭമാണ്ടിടും."
　　　　　　　(പി. കെ. നാരായണശാസ്ത്രികൾ)

10. "സുഭ്രു! നീ മിണ്ടിടാത്തെന്തിങ്ങെൻവിളംബാൽ കയർക്കയോ?
അല്ലെങ്കിൽ കെട്ടൊരെൻകാലിൻ തൊഴിയോർമ്മയിൽ വന്നുവോ?

Digitized By Kerala Sahitya Akademi

ഇതാകിൽക്കോപമാറോളമിഷ്ടംപോൽ പ്രഹരിക്ക നീ;
കാൽചിലമ്പുരുളും ഖേദമററിടും നിൻപദത്തിനാൽ."

11. "ചൊല്ലാത്തതെന്താണമൃതൊത്തവാണി,-
യെൻതാമസത്താൽ കലഹിക്കയാണോ?
പാഴ്ക്കാൽച്ചുവിട്ടോർത്തു രുഷിച്ചിലെങ്കിൽ
പൊൻകാൽകളാൽ നീ പകരം ചവിട്ടൂ!"

12. "ചിരിച്ചോതിയവൻ,മുഗ്ദ്ധേ! നിന്നെസ്പർശിച്ചോരീക്ഖലൻ,
ജടാസുരാലേറിയോനോ? എൻരുട്ടിൻ വിഘ്നമായ് നൃപൻ."

13. "ഏതോരു നാരിയെന്നെന്നെ മാരാർത്തൻ നീ നിനയ്ക്കൊലാ;
എന്നുരുപീഡയാൽ രംഭാസ്പർശസൌഖ്യമറിഞ്ഞിടും."

14. "സൂദേഷ്ണാഗൃഹമാർന്നീടും കൃഷ്ണയെക്കണ്ടു കീചകൻ
കാമദേവശരങ്ങൾക്കും കാലനും ലക്ഷ്യമായഹോ!"

15. "സന്ദേശവാരി ദിശതോറുമൊഴിച്ചു ചൂഴ്-
ന്നാ ദൂതമേഘനിരയുദ്യമമേകിയപ്പോൾ
ഭൂപാലസംഘമവനോടണയാൻ ചലിച്ചു
ഗംഗാപ്രവാഹകുലമാഴിയൊടെന്നപോലെ".(ഉണ്ണിക്കൃഷ്ണവാര്യർ.)

16. "പാർത്ഥപ്രവൃത്തിയഥ ചാരരിൽ നിന്നറിഞ്ഞു
പൃഥ്വീശരർക്കു പല ദൂതരെ വിട്ടശേഷം
പ്രാർത്ഥിപ്പതിന്നു തനിയേ ധൃതരാഷ്ട്രപുത്രൻ
ദൈത്യാരിതൻ പുരിയി,ലർജ്ജുനനും ഗമിച്ചു."

17. "അവർ വരുവതിന്നുള്ളാക്കാരണം കേട്ടു ലക്ഷ്മീ-
ധവനലിവൊടെയാദ്യം കണ്ടു ശക്രാത്മജനും,
പ്രഥമമവിടെ വന്നാധാർത്തരാഷ്ട്രന്നുമൊപ്പം
വ്യഥയറുമൊരു കാര്യം ചെയ്യുവാൻ നിശ്ചയിച്ചു."

18. "സൈന്യാദി നാലു തുരഗങ്ങൾ വഹിച്ച തേരിൽ
ക്ഷത്താവുതന്നുടെയ കൈക്കു പിടിച്ചു കേറി,
പിന്നാന്ന മന്നവകുലത്തെ വിലക്കി,യല്പം
സൈന്യത്തൊടൊത്തു വിട്ട പാർത്ഥഗൃഹത്തിലെത്തി."
(ഉണ്ണിക്കൃഷ്ണവാര്യർ.)

19. "ചൂതുവെററിലവള്ളിപൂണ്ട പൂഗദ്രുമമേറുന്നൊരു ചോളവും കടന്നു്,
അഥ പാണ്ഡ്യമഹീശബാഹു കാക്കും മണലൂരാഖ്യപുരം ഗമിച്ചു
[ജിഷ്ണു." (പി. കെ. എൻ. ശാസ്ത്രി.)

20. "ഏലാലവംഗതരുപിപ്പലികാപടീര-
താംബൂലികാക്രമുകദമ്പതിഭാവരമ്യം
ഉദ്യാനമെത്തി,യവളൊത്തു സുഖിച്ചു പാർത്ഥൻ
ഹൃദ്യം മഹേന്ദ്രപദമോർത്തിതു പുല്ലുപോലെ."
(ഉണ്ണിക്കൃഷ്ണവാര്യർ.)

Digitized By Kerala Sahitya Akademi

21. "ഉലകു സകലവും താൻ വെന്ന മാരൻ, ഹരൻ ചെ-
ത്തൊരു പരിഭവമോർത്തിട്ടൻപു വിട്ടന്യുമാററി,
തയിർ കടയുമണിത്തേൻവാണിമാർ ലോലവേണി-
ക്കളവൊട്ടഴയിൽ വൻപൻ വാശംപ്പയിറേറാ തുടങ്ങി?" ..

22. "ക്രമം കലർത്തി ശ്രവണം കുളിപ്പി-
ച്ചിടുന്നതാമർത്ഥ്യവചസ്സു ചൊല്ക.
(അർത്ഥ്യം=അർത്ഥപുഷ്ടിയുള്ളതു്.)

23. "വസന്തലക്ഷ്മീപടവാസനയ്ക്കെഴും
നിരന്ന മാമ്പൂപ്പൊടി കാററു വീശവേ,
ഭേിച്ചു മാരാഭിധമാന്ത്രികന്നുടൻ
പിരിഞ്ഞിരിപ്പോർക്കിടരേകുമപ്പൊടി.

*   *   *

കൃതാന്തദൂതപ്പടി തെക്കുനിന്നുടൻ
വരുന്ന കാററാൽ വിവശൻ മഹീപതി
ശുഭാങ്ഗിയാം മാദ്രിയൊടൊത്തു പൂകിനാൻ
വസന്തലക്ഷ്മീപരിപൂർണ്ണമാം വനം.

*   *   *

രതാന്തകാലത്തുളവാം സുഖത്തൊടേ
പരാസുഭാവാൽ നയനങ്ങൾ ചിമ്മവേ
മനോഭവൻ തൻശരശയ്യയൊത്തിടും
മിനുത്ത പൂമെത്തയിലങ്ങു വീണവൻ."

(പി. കെ. എൻ. ശാസ്ത്രി.)

24. "ഭവാൻെറ ദോരഗ്ഗള കാത്തുകൊള്ളും
മനോജ്ഞമാമിന്നഗരം നരേന്ദ്ര!
ധ്വജാഗ്രഹസ്താലുപരിസ്ഥമാകും
സ്വർഗ്ഗത്തിനെദ്ദൂരെയകററിടുന്നോ?
കേളീവാപികളിൽത്തടങ്ങളിലെഴും നീലോപലച്ഛായയാൽ
നീലാബ്ജദ്യുതിപൂണ്ട കൈരവസരോജാതങ്ങളും ഭൂപതേ!
കല്ഹാരങ്ങളുമൊക്കെയിങ്ങൊരുവിധം ശോഭിക്കവേ നല്ലപോ-
ലാഘ്രാണിച്ചറിയുന്ന ററന്ത! മധുപക്കൂട്ടം പണിപ്പെട്ടു താൻ.
രാമാമണീനയനമാലയലങ്കരിക്കും
നീലാശ്മനിർമ്മിതഗവാക്ഷശതം മഹീശ!
തുള്ളുന്ന മീനനിരയാന്ന കളിന്ദജയ്ക്കു-
ള്ളാവാർത്തരാജിയുടെ സാമ്യമിയന്നിടുന്നു.
പ്രാസാദാഗ്രസ്ഥലികളിലെഴും വൈജയന്തീഗണത്തിൻ
കാററാലധ്വശ്രമമതു കളഞ്ഞിട്ടു സൂര്യാശ്വജാലം

Digitized By Kerala Sahitya Akademi

മിന്നും നാനാമണിവിതതിതൻ കാന്തിയാൽ ചിത്രവർണ്ണം
പൂണ്ടീടുന്നീപ്പുരമതിലഹോ! ഭൂമിപാലാവതംസ!
ഹർമ്മ്യാഗ്രത്തിൽ ചടുലമിഴിമാർ രാത്രിയിൽക്കേളിചെയ്യു-
ന്നേരത്തിങ്കൽ പനിമതിയതിന്നപ്പുറം കണ്ടുകൊൾകെ,
തന്നാസ്യത്തോടെതിരിടുമിതെന്നോർത്തു കോപിച്ചു വേഗാൽ
ചേർക്കുന്നങ്കം ദ്രുതമതിലുമേ നല്ല കസ്തൂരിയാലേ.
കോപം കലൎന്നു നിലയാന്തരവൎത്തിരത്ന-
ദീപാളിതൻെറ രുചിയാൽ തരസാ നിരസ്തം
ധ്വാന്തം കണക്കിരിയ ജന്നൽവഴിക്കുതന്നെ
പോകുന്നു കാരകിലതിൻ പുകയിപ്പുരത്തിൽ.
ചന്ദ്രൻെറ കാന്തി പെരുകുന്നിരവിങ്കലെല്ലാം
നീരം സ്രവിക്കുമൊരു ചന്ദ്രശിലാസനാഥം
ഇപ്പൂരിലുള്ള നിലയങ്ങളനല്പശോഭം
ധാരാഗൃഹങ്ങളുടെ സാമ്യമിയന്നിടുന്നു.
കേളീഗൃഹങ്ങളിലൊളിച്ചുരുതൊടീഭ്രു-
കുഡ്യങ്ങളിൽ പ്രതിഫലിച്ചുളവററിരിക്കേ
പ്രാണേശരെക്കമനിമാർ മുഴുവൻ തിരിഞ്ഞു
തൊട്ടിട്ടുതന്നെയിഹ കണ്ടുപിടിച്ചിടുന്നു.
ആരാമദേശമതിൽനിന്നിഹ കാററു മെല്ലെ
വാതായനം വഴിയകത്തു കടന്നുകൊണ്ടു്
കേളിക്കുപിൻപു മടവാരുടെ ഘൎമ്മബിന്ദു-
മുക്താഗണത്തെ മടിയാതെ ഹരിച്ചിടുന്നു.
കൊടിയ കൊടിമരത്തിൻ കൂറപോൽ ശുഭ്രമാകും
മുകിലണിയിഹ മേന്മേലിന്ദ്രനീലാഭയാലേ
മഴമുകിലൊളി തേടിക്കേകികൾക്കേററ മോദം
നിയതമരുളിടുന്നു ഹൎമ്മ്യജാലത്തിലെന്നും"
(പി. കെ. എൻ. ശാസ്ത്രി).

25. "സോദാംബുവാൎന്ന മരുദാത്മജനായ മേഘം
ജായാവമാനപവമാനവിഘട്ടനത്താൽ
ശഞ്ജിച്ചു രാജകുലമാം കടുകാടെരിക്ക-
മാ വൈദ്യുതാഭമുരുകോപമുടൻ വഹിച്ചു.
ക്രൂരാക്ഷികൾക്കരികിലാന്നൊരു പേടികൊണ്ടോ
പൊങ്ങുന്ന രണ്ടു പുരികത്തെ വഹിച്ചുകൊണ്ടു്
ഭീമൻെറയാഭ്രുകുടി നെററിയിലുജ്ജ്വലിച്ചു,
കോപാഗ്നിതൻെറ നവധൂമശിഖയ്ക്കു തുല്യം?
പാടേ പടൎന്നുയരുമപ്പുളകാളിയോടേ
കമ്പം കലൎന്നൊരു കളേബരമാവഹിച്ചു

Digitized By Kerala Sahitya Akademi

"കോപോത്ഥലക്ഷ്മി പുണരും പവനാത്മജാതൻ
പാഞ്ചാലരാജതനയയ്ക്കുരുമോദമേകി.
വജ്രം പതിച്ച രശനയ്ക്കു ഴ്മംശുപൂരാ-
ലാഗാമി പോക്ക്ളി നിറച്ച ചിരിച്ചിടും പോൽ
മിന്നുന്നൊരാഗ്ഗദയെടുത്തു ചുഴററി രക്ത-
പദ്മാഭദൃഷ്ടിമുനയാലതുഴിഞ്ഞു ചൊന്നാൻ."
(പി. കെ. എൻ. ശാസ്ത്രി).

26. "ചൊന്നേൻ കയൎക്കും മുനിയോടു കോപാൽ
പാൎപ്പിച്ചിടാ വന്ധകിയെഗ്ഗൃഹത്തിൽ;
അധൎമ്മവാക്കാണുഭവാനടങ്ങേൻ:
ദുൎമ്മാൎഗ്ഗി ശാസ്യൻ ഗുരുവാകിലും താൻ.
ദുർവൃത്തശാസ്താവിഹ പൌരവൻ ഞാൻ;
പോരാടുവാൻ ശസ്ത്രമെടുത്തുകൊൾക;
മരിക്കിലും വെല്ലിലുമങ്ങു പോരി-
ലുദിച്ചിടാ പാപമകീൎത്തിയും മേ." (പി. കെ. എൻ. ശാസ്ത്രി).

---

൭൦. ഭാരതചമ്പു.

1. "ഗദ്യങ്ങൾ ചേൎന്നഴകെഴുന്നൊരു പദ്യകാവ്യം
ഹൃദ്യം സുവാദ്യയുതഗാനമതെന്നപോലെ."
(കടത്തനാട്ടു കെ. കൃഷ്ണവാൎയ്യർ.)

2. "നന്നായ് പദ്യമനേകമുണ്ടതു വിഗദ്യതയാൽ ബുധാസ്വാദ്യമ,-
ല്ലെന്നാൽ പദ്യവിഹീനഗദ്യനിരയും പാൎത്താലഹൃദ്യങ്ങളാം;
ഒന്നിച്ചാലിവരണ്ടു, മായതുമഹാമോദം തരും മേല്ക്കുമേ,-
ലിന്നാൎക്കാം മധുവോടു മുന്തിരിഫലം ചേൎന്നാൽ സ്വദിക്കാത്തതു്"
(മൂലൂർ പത്മനാഭപ്പണിക്കർ.)

3. "ഉദാത്തനായകം, പിന്നെ ഗ്ഗുണവദ്വൃത്തമൌക്തികം
മാലയും, ചമ്പുവും രണ്ടും നെഞ്ചിലേവനണിഞ്ഞിടാ?"
(പ്രധാനമണിയോടുകൂടിയതെന്നും; നല്ല നേതാവോടു കൂടിയതെന്നും. നൂലും മുത്തുമുള്ളതെന്നും, പ്രസാദാദിയും, കഥയും, ശ്ലോകവുമുള്ളതെന്നും.)

4. "പവ്തജാതം, ശുദ്ധം, നൈകവിനാശന, മഹോ! പരമഗാധം"
(എന്നു ജലപക്ഷത്തിൽ.)

5. "ആ രാജാവിൻ മരുമകനൊരാൾ മാനവേദാഭിധാനൻ
പേരാൎന്നീടും ശശികുലജരാം ഭൂപർതൻ സച്ചരിത്രം,
വിദ്വാന്മാരാൽ ബഹുമതതരം ഭാരതംചമ്പുതൻ പ്രാഗ്-
ഭാഗം തീർപ്പൂ; സുകൃതികളിതിൽ ഭൂരി ഹർഷിച്ചിടട്ടേ!"

Digitized By Kerala Sahitya Akademi

6. "ശ്രീമാനാ,യന്തമററുള്ളൊരുമഹിമയൊടും, ദേവവൃന്ദം സഹർഷം
മേലേമേലേ സ്വാദിക്കും നിലയിലുദിതനായ്,രോഹിണീപ്രാണനായി
കൈയൂക്കും മാനവായ്പും പെറുവൊരു ഭൗതക്ഷ്മാപവംശ്യർക്ക് സ്വം
കൂടസ്ഥത്വം വഹിച്ചാക്കളിരൊളിമതി പണ്ടത്രിതൻ കണ്ണിൽ
[നിന്നും."

7. "വ്യാസങ്കൽ നിന്നിങ്ങനെ ദേവതുല്യർ
കുമാരർ മൂന്നാളുകളുദ്ഭവിക്കെ
ഗാങ്ഗേയഗങ്ഗാദികൾ മാത്രമല്ല
സന്തുഷ്ടി കൈക്കൊണ്ടു സുരാളിപോലും."

8. "ചെന്തീത്തടിൽത്തിരി തൊട്ടുത്തൊരുകാളമേഘ-
വൻതോക്കിൽ നിന്നിടിരവത്തൊട്ടുമാഞ്ഞുപായും
വർഷാശുസീസഗുളികാനികരങ്ങൾ കൊണ്ടാ-
ഗ്രീഷ്മാരിയെജ്ജലദകാലഭടൻ വധിച്ചു." (ഉണ്ണിക്കൃഷ്ണവാര്യർ).

9. "കൈകൊട്ടി,യക്ഷസുതനൊത്തു ചിരിച്ചിരിപ്പോൻ,
തൻതമ്പിയാൽ സപദി നിന്ദിതസന്ധികാര്യൻ,"
(ഉണ്ണിക്കൃഷ്ണവാര്യർ.)

10. "കൈകൊട്ടി,യക്ഷതനയൻ രസമായ് ചിരിക്കെ,
ദുശ്ശാസനൻ നയനനിന്ദിതസന്ധിയാകെ" (ഉണ്ണിക്കൃഷ്ണവാര്യർ.)

11. "കാവേരീസലിലം ഫലങ്ങളിലെടുത്താകാശഗങ്ഗയ്ക്കെഴും
ധാവള്യാദിഗുണൌഘതുല്യത പരീക്ഷിപ്പാൻ തുടന്നെന്നപോൽ
ദ്യോവിൽപ്പോയ്ത്തടവി,ത്തടത്തിലമരും വൻനാളികേരദ്രുമ-
ക്കാവാൽ മൂടിയ ചോളഭൂമിയെയവൻ കണ്ടങ്ങു സന്തുഷ്ടനായ്.
കാലം ചെന്നതിനാൽ കടുത്വമധികം വന്നെന്നു കണ്ടിട്ടു തൽ-
ക്കാലം കാങ്ക്ഷ സുധാരസത്തിലിയലാത്താ വാനവക്കേകുവാൻ
കാവേരിജലമേററു 'കാവടി'യെടുപ്പോരായ് നിനച്ചാനവൻ
ദ്യോവിൽത്തൂങ്ങിയ കായ്ക്കളോടു കരയിൽത്തിങ്ങുന്ന കേരങ്ങളേ."
(ഉണ്ണിക്കൃഷ്ണവാര്യർ.)

12. "സുതനിവനറിയുന്നതില്ല താനേ,
സുമതികൾ ചൊൽവതു കേൾക്കയില്ല താനും;
കുരുകുലകുശലാങ്കുരം വളർത്താ-
നൊരുഗതി സദ്ഗുണപൂർണ്ണനങ്ങു തന്നെ." (ഉണ്ണിക്കൃഷ്ണവാര്യർ).

13. "പാരം പിണങ്ങിഗ്ഗുരുപുത്രനോടാ
വീരൻ തദീർഷ്യാസ്മിതകൈതവത്താൽ
ബാല്യത്തിലാ'പ്പിഷ്ടരസം' കുടിപ്പി-
ച്ചതും വമിപ്പിച്ചു ശരവ്രജത്താൽ." (ഉ. കൃ. വാ.)

14. "സത്വം കവിഞ്ഞഖണ്ഡാത്മപ്രകാശാനന്ദചിന്മയം,
വേദ്യാന്തരം തൊടാത്തോന്നാ ബ്രഹ്മാസ്വാദസഹോദരം,

Digitized By Kerala Sahitya Akademi

അത്യൽകൃഷ്ടചമൽകാരപ്രാണമേതാദൃശരസം
സ്വസ്വരൂപേണ ചിലരാൽ നകരപ്പെട്ടിട്ടന്നതേ."

15. "പീഡിപ്പിക്കട്ടെ ലോകത്തെ'യവിവേകികൾ' കൊങ്കകൾ;
'ശ്രുതി'ഭക്തിപെട്ടം കൺകൾക്കൊത്തീടാ നരമാരണം."

16. "മറക്കരകടന്നവൻ ഗുരുവിനേകുവാൻ വിത്തമൊ-
ട്ടിരക്കവതു നല്ലവാൻ രഘുവിനാവതല്ലായ്കയാൽ
മുറയ്ക്കതിനിരന്ന മറെറാരുവദാന്യനോടെന്നിതേ-
വരയ്ക്കമറിയാത്തതായെഴുമകീർത്തിപററാല്ല മേ."　　(കുണ്ടൂർ)

17. "ഇരവിലിഹ നടന്നിട്ടും വിളക്കൊ-
ത്തരമവളാരെ വെടിഞ്ഞുപോവതെന്നാൽ
പരമൊരുതെരുവിൽപ്പുരംകണക്കാ-
നരവരനാന്നു തദാ വിവണ്ണഭാവം."　　(കുണ്ടൂർ)

18. "ലാക്കിൽക്കുളമ്പുകൾ പതിഞ്ഞുപൊടിക്കശ്ശുദ്ധി
വായ്ക്കുംവിധത്തിലവൾ പോംവഴി പിൻതുടന്നു,
വിഖ്യാതസാധ്വി മനുജേശ്വരധർമ്മപത്നി;
മുഖ്യശ്രുതിപ്പൊരുളിനെ സ്മൃതിയെന്നപോലെ"　　(കുണ്ടൂർ)

19. "ചിന്നും മദാംബു ചൊരിയാതകമേ മദം കൊ-
ള്ളുന്നാഗ്ഗജത്തലവനെന്നതുപോലെയായി."
"ഏററം തീക്കനലിന്നുമീതെ മുൻപിലുണ്ടാ-
യററംവിട്ടെഴുമൊരുധൂമമെന്നുതോന്നും."

20. "ദോഷജ്ഞനാപ്പദ്മജസൂനു, വാക്കിൽ
ദോഷംവരാതോനടനാപ്രദോഷേ,
ശേഷിപ്പെട്ടും ശ്രീയെഴുമീശിതാവെ-
ത്തോഷിച്ചയച്ചു ശയനത്തിനായി."　　(കുണ്ടൂർ)

21. "പ്രസാദം രമ്യമാം കാന്തി നാനാശ്ലേഷമഹത്ത്വവും
ഏതോ ധന്യന്റെ വാണിക്കും പത്നിക്കും മാത്രമേ വരൂ."

22. "കവിക്ക കാവ്യമെന്തിന്നു, വില്ലാളിക്കമ്പതെന്തിനോ;
പരഹൃത്തിൽപതിക്കമ്പോൾ തലചുററിച്ചിടായ്കിലോ!

23. "സന്തോഷംകൊണ്ടു കോൾമയിർളകി, ആവേശംകൊണ്ടു വഴി പോൽവിടന്നു്, കൌതുകംമൂലം ഒട്ടൊന്നുയന്നു്, ശൃംഗാരംനിമിത്തം അല്പം സ്വമിയന്നു്, ഭയംകൊണ്ടിളകിമറിയുന്ന കണ്ണുകളോട്ടുകൂടി, ലജ്ജാധിക്യം മൂലം തെല്ലൊന്നു താഴ്ന്നു്, കനകനിറംപൂണ്ട കവിൾത്തടങ്ങളിൽ പൊടിഞ്ഞുവഴിഞ്ഞ വിയർപ്പുതുള്ളികളാൽ തുലോം മനോഹരമായി പ്രശോഭിക്കുന്ന ആ സുന്ദരീമണിയുടെ സുരഭിലവദനം, ഒരിക്കൽക്കൂടി എനിക്ക പുതു.........ത്തിൽ സന്ദർശിക്കുവാൻ സംഗതിവരുത്തുകയില്ലയോ ഈശ്വരൻ?

Digitized By Kerala Sahitya Akademi

"തരുണിമിഴിയിൽനിന്നു മാറിനില്ക്കില്ലിരവിതു തീരുവതില്ലുറക്കമെത്താ;
മദനനദയമമ്പയച്ചു; ദുഃഖിക്കഹഹ! പലേവഴി നേരിടുന്നു കഷ്ടം!"

24. "ഭംഗശ്ലേഷത്തിനാൽപ്പാരം കാഠിന്യം വാക്കിനെത്തിടാം;
അതിൽ ക്ഷോഭിച്ചിടേണ്ടൊട്ടും; ചലതാം കവിതൻ രസം."

25. "ഇവനടവിയിലംഗത്രാണമൊന്നാജ്ഞചെയ്തി-
ട്ടവനിഭരമശേഷം വത്സമൂർദ്ധാവിലാക്കി;
ഇവിടമതിനെളുപ്പം പാർക്കിലിന്നെന്നിലത്രേ
ഭവതിയുടെ മഹത്താം പക്ഷപാതം പതിച്ചു."

(കടത്തനാട്ടു കൃഷ്ണവാര്യർ)

27. "വര്ണ്ണാന്തരം പൂണ്ട മുനീന്ദ്രയോഗ-
ദണ്ഡത്തിനാലോ രഘുനാഥനപ്പോൾ
കുലക്രമാൽ പിപ്പലദണ്ഡയോഗ്യൻ
പലാശദണ്ഡാദൃതപാണിയായാൻ." ടി

28. "പുരന്ധ്രിമാരൊത്തിതു കേട്ടുഭംഗിയായ്
നിരത്തി മേൽമീശ നഖാങ്കുരങ്ങളാൽ
സ്മരന്മണിത്തൂണൊടു വേർപിരിഞ്ഞുനി-
ന്നരച്ചിതന്തഃപുരധീരനത്തരൻ." (ഉ. കൃ. വാ.)

29. "അങ്ഗാങ്ഗസങ്ഗാവഹമാം തപത്തിൽ
ഭംഗ്യാമുഖംനോക്കി യുവാക്കൾതമ്മിൽ
വാക്കാലെ കേചിൽ; ചിലർ കണ്ണുകൊണ്ട-
ങ്ങൾക്കാമ്പുകൊണ്ടും ചിലർ പുല്കി ഗാഢം." ടി

30. "ഈ മത്സഹോദരനെയിങ്ങു വിടായ്കിലിപ്പോ-
ളാമട്ടിലാക്കമിഹ നിങ്ങളെയെൻെറ ചാപം;
എമ്മട്ടുമത്സ്യപതി വീണയെടുത്തു മീട്ടി-
ത്തൻബാഹുകീർത്തിതതിയേ സ്വയമേവ പാടും." ടി

31. "വന്നിട്ടു വാഞ്ഛ ലഭിയാത്ത സദർത്ഥിതന്നോ-
ടൊന്നിച്ചു ദാതൃപുരുഷൻെറയസുക്കൾ പോകും;
ഇന്നിദ്ദവാഞ്ഛിതമടച്ചു 'ധൃതാസു'വായ്ഞാ-
നെന്നാൽവരും വധമെനിക്കതികാമ്യമത്രേ." ടി

32. "ഏവന്നാസ്ഥാനഭൂവിൻ ചെറുപടിയതുചിന്താമണി, സ്വർഗ്ഗമം പൂ-
ങ്കാവിൻ വേലിക്കാലായതു, സുരഭിയതേ ഹവ്യമേകുന്നഗോവും;
ഏവം മേവും സുരേന്ദ്രൻ സകുതുകമിഹ യാചിക്കിലാക്കാലമേകീ-
ട്ടീ വിശ്വസ്ഥലലക്ഷപ്രവരസഭയിൽ ഞാൻ നാഥനാം നിശ്ചയം
[താൻ."

33. "ഇന്നൽക്കണ്ണാപെരുത്തൊരെൻ ജനനിതൻ വക്ത്രം സദാ മുന്നിലായ്
മിന്നുന്നൂ! ക്ഷണമെന്നെ നീ കരുണയാൽ തൽപാർശ്വമെത്തിക്കണം;

Digitized By Kerala Sahitya Akademi

എന്നാൽ കോശഗൃഹാന്തരത്തിലെഴുമറ്റെല്ലാനൊക്കെ വാരി സ്വയം
നിന്നെത്താൻ കനകാഭിഷേകവിധിയാൽ പൂജിക്കുമെന്നമ്മയാൾ."
"ചിത്രത്തിൽ കണ്ട യുദ്ധത്താലത്രേ വഞ്ചിതനായി ഞാൻ;
തത്ര നിശ്ശബ്ദമായ് കണ്ടതത്ര ഭീഷണശബ്ദമായ്."
"ഭൂതലം വിട്ടു ഞാൻ തേരിൽ കരേറിയതുപോലിതാ
ഏദന്തരംവിട്ടു ജീവൻ കരേറുന്നു കഴുത്തിൽ മേ." ടി

34. "പാഞ്ചാലിയാൾക്കു ഭഗവൽകൃപയാലുദിച്ച
പൂഞ്ചേലമാലകൾ കുരുക്കൾവശത്തിലുണ്ടാം." ടി

35. "യമിവരസവിധത്തിൽ കണ്ണടച്ചന്നു ചെന്നാ
മമ ജനനി നിതാന്തം പുത്രവാത്സല്യമുള്ളോൾ;
അവരുടെ കൃപയാൽ ഞാൻ മൂർഖപുത്രന്റെ വക്ത്ര-
ച്ഛവി മിഴികളിലേശാതിന്നു മോദിച്ചിരിപ്പൂ." ടി

36. "ദുരിതത്തിനുള്ള പരിപാകമെന്തു ഞാ-
നരുളേണ്ടു? തോഴി! ബകനെന്ന രാക്ഷസൻ,
യമനിന്റെ സോദരിയെയോർത്തുവന്നപോൽ
യമുനാവനത്തിൽ മരുവുന്നു ഭീഷണൻ." ടി

37. "ഉദ്വാഹം സകലാശയിങ്കലുമിണക്കീടും മുഹൂർത്തത്തിലാ-
വിദ്വാൻതന്റെ പുരത്തിൽനിന്നു പുറമേ കാൽവച്ചുപോന്നെങ്കിലും
ഇട്ടിക്കിൻപതിയാണു തൻജനയിതാ"വെന്നോർത്തൊരാമേട്ടിലും
തദ്ദേശത്തു ജനിച്ച കന്യയെയവൻ വേട്ടില്ല ശിഷ്ടാശയൻ." ടി

38. "അപ്പോൾ കോപിച്ചോഷ്ഠയുഗ്മം വിറപ്പി-
ച്ചുൾപ്പൂവിൽ ഭീ ശത്രുഭൂപക്കു നല്കും
ചേദീശൻ തന്നുള്ളിലായാശ്രയാശയൻ
വേദിസ്ഥാനം വിട്ടുചെന്നെന്നു തോന്നും." ടി

39. "പൂർവ്വം സഹായത വരിപ്പതിനണ്ടുവന്നാ-
ദ്ദേവൻതലയ്ക്കൽ മരുവുന്നിതു ധാർത്തരാഷ്ട്രൻ;
തൽകുന്തളത്തിൽ നിജഹൃത്തിലുമൊപ്പമാണോ
വക്രത്വമെന്നൊരു പരീക്ഷ നടത്തുവാൻപോൽ." ടി

40. "വല്ലാതെയാസ്സഭയിൽ വസ്ത്രമഴിച്ചിടുന്നാ-
ക്കല്യാണിതന്നരയിൽനിന്നു സമുദ്ഭവിച്ചു,
മല്ലാരിതൻകരുണയായൊരു പാൽക്കടല്ക്കു-
ള്ളുല്ലോലമാലയതുപോലെ ദുകൂലജാലം." ടി

41. "യോഗ്യന്മാരിലപേക്ഷഗർഭമണയാതുൽപന്നമാകും ഫലം."
"ഉത്സാഹം ചിലതു ഫലപ്പെടാതെ പോകാ-
മുത്സാഹിപ്പവനിതിലില്ല ദോഷലേശം." ടി

Digitized By Kerala Sahitya Akademi

42. "രാത്രിപ്പെൺചികുരം, മനോജശിഖിതൻ ധൂമം, നഭോരണ്യഭൃ-
ജംബൂവൃക്ഷ, മുലൂകപക്ഷിമിഴികൾക്കാലോകസിദ്ധാഞ്ജനം,
മാന്യൻ കാലഹലായുധന്റെ വസനം ധ്വാന്തം തഥാ വാസ്സിലും."
(ടി)

43. "ശരശയനമതിൽ സ്വദേഹവും ശ്രീ-
ഹരിയിൽ മനസ്സു, മുദാരനാം ഭവാന്റെ
കരമിതിൽ മമ കാര്യസിദ്ധിയും വെ-
ച്ചുരിയപദം പൂകുവാനൊരുങ്ങി ഭീഷ്മർ." ടി

44. "സിന്ധുജാതഘടജാതരാജവക്ത്ര മിത്രത ഭവിച്ചുകാൺകയാൽ
തത്ര പൌരനികരങ്ങളാകവേ ചിത്രമാം പുഴയിൽ മുങ്ങി തൽക്ഷ
[ണം." ടി

45. "പാർത്തട്ടിൽ 'മാർഗ്ഗണഗണ'ത്തിനു ഭൂരിദാനം
ചിത്താദരത്തോടു നടത്തുവൊരർക്കപുത്രൻ
പാർത്ഥന്റെ 'മാർഗ്ഗണഗണം' തനുവിൽപ്പതിക്കെ-
'സ്സാർത്ഥീകരി'ച്ചതിനെയും ഹതജീവിതത്താൽ." ടി

46. "കാണാത്തതെന്താണയി 'മാലിനീ'! നിൻ-
പേരിന്റെയനന്വർത്ഥത കൈശികത്തിൽ?
അല്ലെങ്കിൽ, വർണ്ണങ്ങൾ, മറിച്ചുപേരി-
നുള്ളർത്ഥമേ ഭൂഷണമാണിരിക്കൽ."

'ശവരത്വ'മെഴും 'വരൻ' പുമാനാ'ശ്ശിഖണ്ഡ'സ്ഥ 'ശ'കാരമാന്നതാവാം;
അതിനാൽ ശിവമൌലിഭൂഷയാകുന്നതു, പിന്നങ്ങു'ശിഖണ്ഡമായ്'വെച്ചു."
ടി

47. "മരുത്സരിൽകാന്തികലർന്ന കീർത്തിയാൽ" ടി

48. "പ്രത്യഗ്രപങ്കജസമൂഹ സുഗന്ധരമ്യം,
നൃത്യന്മഹേശ്വരശിരസ്തടിനീസമാനം,
സാരാമൃതോർമ്മിള 'മനന്തകവീശ്വരൻ' തൻ
പേരാർന്ന വാക്കിനു 'വസുന്ധര'തന്നെ മൂല്യം."

39. "ദ്രവ്യം ഗോധനമാനതേർ കുതിരയും ഭണ്ഡാരമൊത്തന്യമാം
സ്വത്തും നമ്മുടെ നാഥനായ് പണമിഷാലപ്പിച്ചതേതൊന്നു താൻ
ഉദ്യൽപ്രാഭവമാർന്നൊരശ്ശകുനിതൻ കൈത്താർ ജയിക്കട്ടെയെ-
ന്നുദ്യാനക്കിളിവാക്കുകേട്ടനുജരോടൊപ്പം ചിരിച്ചാൻ നൃപൻ." ടി

50. "അന്നന്നു പാണ്ഡുസുതർ ഭിക്ഷയെടുത്തു കിട്ടു-
മന്നം പകുത്തു പൃഥ നല്കിടുമർദ്ധഭാഗം" (ടി ടി ടി)

എന്നാണു്, "ഭിക്ഷാമടദ്ഭിരഥ തത്ര" ഇത്യാദി ശ്ലോകാർത്ഥത്തിനുള്ള ഭാഷാന്തരം.

Digitized By Kerala Sahitya Akademi

൧൧. മഹാകവി നീലകണ്ഠദീക്ഷിതർ.

1. "ഒരു പൊന്നോമലാളെത്തൻ മുന്നിൽപ്പുമകളെപ്പിടി
കാർവൎണ്ണൻ കണ്ടു ശങ്കിച്ചു മാറിത്തൻ മാറിൽ നോക്കിനാൻ."

2. "ശ്രീസേതുതൊട്ടു പനിമാമലയോളമെങ്ങു-
'മാചാൎയ്യദീക്ഷിത'രിതി പ്രഥപെററ മാന്യൻ
വേദാന്തമാം കടലിൽ മുങ്ങിന ധന്യ,നെൻെറ
മുത്തച്ഛനഗ്ര്യ ഗുരുതാൻ ശരണം സദാ മേ."

3. "ഷഡ്ദർശനാദിനിഗമം സകലം ഗ്രഹിച്ചോ-
നെന്നേവനെപ്പരമപണ്ഡിതർ വാഴ്ത്തിടുന്നു;
അസ്സർവ്വനിർമ്മിതിചണൻ വിബുധാഗ്രഗണ്യൻ
ശ്രീരംഗരാജമഖിയെശ്ശരണം ഗമിപ്പൻ."

4. "ചിദംബരമഹിഷ്ഠഗുരു, 'വിശ്വജിദ്'ധ്വരത്തെ-
ദ്ദീക്ഷിച്ചവൻ, പരമയാജ്ഞികപുത്രനായോൻ
'ശ്രീരംഗരാജമഖി'; താദൃശനാത്മജാത-
നായ്പിപ്പിറന്നു പര'മപ്പയ്യ'നീശഭക്തൻ."

5. "'വൈശേഷിക' 'ന്യായ'മതപരിഷ്കരണദക്ഷനായ്,
ബൌദ്ധദർശനസിദ്ധാന്തഭേദനം ചെയ്തു മാന്യനായ്,
'സാംഖ്യ' ശാസ്ത്രം വെറുത്തോനായ്, 'പാതഞ്ജല'സുബന്ധുവായ്,
മീമാംസയെത്തെളിച്ചോനായ്, ബ്രഹ്മജ്ഞാനത്തിൽ മഗ്നനായ്,
വന്ദ്യർക്കും വന്ദ്യനായ്മിന്നും ഗുരുതന്നെ നിനച്ചിതാ
ശ്രീ 'കല്പതരു'തന്നൊന്നാം പാദത്തെ വിവരിച്ചു ഞാൻ."

6. "ശ്രീവൈകുണ്ഠാൎയ്യവംശമാകുന്ന കടലിനു കുളിർമതിയായി ബ്രഹ്മജ്ഞനായി പ്രശോഭിച്ച രംഗരാജദീക്ഷിതരുടെ കുലത്തിനു കീൎത്തി വളൎത്തിയ പുത്രനായ (എൻെറ) ...."

7. "എങ്ങും പുകഴ്ന്നു മിന്നുന്ന ഭരദ്വാജൻ മുനീശ്വരൻ,
ചോററാൽ ശ്രീരാമനും കൂടി വന്യപീഡകെടുത്തിയോൻ."

8. "4654-ൽ 'പ്രമാദി' എന്ന പേരുള്ള കലിവൎഷത്തിൽ, കന്നിമാസത്തിൽ കറുത്തപക്ഷത്തിലേ പ്രതിപദത്തിൽ, ഉത്രട്ടാതി നാളിൽ, കന്നിരാശിയിൽ, വൈദികന്മാരിൽ അതികാരുണ്യത്തോടുകൂടിയ ശ്രീപരമേശ്വരൻ, മുൻപേതന്നെ ശ്രീപാൎവ്വതിയോടു പറഞ്ഞിരുന്നപ്രകാരം കാഞ്ചീപുരത്തിൻെറ അടുത്തുള്ള ദേശത്തിൽ അവതരിച്ചു."

9. "'വിക്രമ'ത്തിങ്കലിങ്ങെത്തി 'വിജയ'ത്തിങ്കൽ വിണ്ണിലും."

10. "സ്സദ്ധിപ്പോരന്യവിദ്വൽപ്രമുഖരുടെ മുഖം മുദ്രണം ചെയ്തിടും വൻ-
ബുദ്ധിക്കോപ്പേല്ലമപ്പാ഻ഹഹാ! ചെറിയവരെമ്മട്ടു നേരിട്ടിടും തേ?
വല്ഗിച്ചീടും മദം തേടിന ഗജഘടതൻ മസ്തകം കൈത്തലത്താൽ
കുത്തിക്കീറുന്നസിംഹത്തൊടു പടതുടരാൻമേനിയാ മാനിനെന്നോ?"

Digitized By Kerala Sahitya Akademi

11. "ഭൂവേററം ഭ്രമമേല്ലു, കാററിലധികം പ്രത്യഗ്ഭ്രമം കണ്ടിടാം,
സാവേശം ഭ്രമിതം നിജാശ്രയമൊടാജ്യോതിഷ്ക്കടംബം സദാ;
ഹാ! വേറിട്ടറിയാം ജലഭ്രമന്നമിങ്ങാവത്ത്മായ്,—നിർഭ്രമൻ
ശ്രീവേദാന്തി കവീന്ദ്ര'നപ്പയ'മഹാൻ വെൽവൂ? ഹരാത്മാഷ്ടമൻ."

12. "അത്രയ്ക്കു നാല്കൊണ്ടുരൂപത്തിനാലേ ചമച്ചതുള്ളു കല കാളകണ്ഠൻ;
'അപ്പയ്യ'യജ്വാവെഴുപത്തിരണ്ടു വയസ്സിലുണ്ടാക്കി ശതംപ്രബന്ധം!"

13. "ഏതോ വേദവചസ്സിനർത്ഥമൂടനൊന്നുണ്ടാക്കി മൃച്ഛ്രുതി-
പ്രാതോദ്ദേശമിയററുവോർ ടപേക്ഷകിയിക്കാലം കുലഞ്ഞീടവേ,
ചേതോജാരിയുദിച്ചിതേതു വടിവിൽ, ശ്രീകല്ക്കിയായ് വിഷ്ണുപോൽ,
ജാതോൽകർഷനവൻ ജയിപ്പു മഹിമൂ"ത്തപ്പയ്യ"ശൈവാഗ്രിമൻ."

14. "തദംശത്തിൽ പിറന്നാൻ പാല്ക്കടലിൽ തിങ്കൾപോലവേ,
ശിവഭക്തക്കൊരുത്തംസം ശ്രീമാ'നപ്പയ്യ' ദീക്ഷിതർ.
തദാക്ഷേപത്തിനാലെങ്ങും ഗതികെട്ട വിധിത്രയി
ശ്രീരാമശരമേററൊരു ജയന്തക്കാക്കപോലവേ.
വേദങ്ങളും ഗ്രഹിച്ചീടാത്തോരു ശൈവരഹസ്യകം
ഇന്നു കുഞ്ഞുങ്ങളും കാണ്മിതവൻതന്നുക്തിമാർഗ്ഗമായ്.
'ശ്രീകണ്ഠ'ഗുരുവിൻ ഗ്രന്ഥസാരം കാട്ടുന്ന കൌമുദി
ഈ മഹാത്മാവു നിർമ്മിച്ചു 'ശിവാർക്കമണിദീപിക.'
ചന്ദ്രാർദ്ധശേഖരൻ ദേവൻ ഗംഗയാൽ സ്നാതനായ് പുരാ;
പിന്നെയിദ്ദേഹമായിത്തീർന്നഹോ! ഗാംഗേയ (കനക) മഗ്നനായ്.
മോഷ്ടിക്കുവാനും വാങ്ങാനും വയ്യാതെ, വിലയററതായ്
വിശ്രുതമാം പ്രബന്ധച്ചാർത്തിവൻ നൂറേകി വാക്കിനായ്.
നാമദ്ദേഹത്തെയറിയും; തദ്ഗ്രന്ഥശതവിജ്ഞർ നാം;
തച്ഛിഷ്യർ ഞങ്ങളീവണ്ണം സംസ്തോത്രം ചെയ്വു പണ്ഡിതർ.
ഇമയോർ മേന്മയേപ്പററി വിണ്ണിൽ ശണ്ഠതുടങ്ങിയാൽ
ഇദ്ദേഹത്തിൻെറ വാക്കാൽത്താൻ വഴക്കുതീയീയിടെ.
മണമാന്ന വചസ്സുമനമിവനേകി യതീശ്വരൻ
അണിഞ്ഞുതാൻ കൈവെടിഞ്ഞൊരുമ്മത്തം ചേർത്തപീഡയെ."

15. "ഘോരമഖത്തിൽ ദീക്ഷിതനെൻ കുലകൂടസ്ഥനാം ഭരദ്വാജൻ,
വിദ്യേശ്വരരിലൊരു പിതാമഹൻ നമുക്കെന്നുതന്നെ വിശ്വാസം."

16. "ഭാഷ്യമീയിതിനു തീക്കണം ഭവാൻ വ്യാഖ്യയെന്നു ശിവനെന്നൊടോ
[തിനാൻ;
ചിന്നബോമ്മനൃപതുപധാരിയായ് സ്വപ്നജാഗരദശാന്തരങ്ങളിൽ."

17. "പൊൻധാര ചെയ്തസമയം ചുഴലെത്തെറിച്ച
സൌവർണ്ണരാശിവഴിയായ് ചിനബോമ്മരാജൻ
അപ്പയ്യദീക്ഷിതമഹാനിരവദ്യവിദ്യാ-
കല്പദ്രുവിന്നരുളിനാൻ കനകാലവാലം."

Digitized By Kerala Sahitya Akademi

18. "മുന്നധരിച്ചിരിക്കുന്ന പദ്യത്തിന്റെ(ഹേമാഭി—പൊൻധാര-) അർത്ഥംതന്നെ ശബ്ദഭേദേന പ്രദർശിപ്പിച്ചിരിക്കുന്നു ഇതിൽ."

19. "നാനാദിക്കുകളിൽനിന്നും എത്തിച്ചേർന്നിട്ടുള്ള രാജാക്കന്മാൎക്കു വല്ലപ്പോഴുംമാത്രം ഒന്നുകണ്ടു വന്ദിക്കാൻ അവസരം നല്കുന്ന മഹാപ്രഭുവായ അപ്പയ്യദീക്ഷിതരുടെ ശിവോൽകൎഷപ്രതിപാദനപരങ്ങളായ സുമധുരഭാരതികളേ കേട്ടു വികസൽകൎണ്ണപുടനായിരിക്കുന്ന ചിനബോമ്മരാജാവിന്റെ പുണ്യഗണത്തേ എണ്ണാവതാണോ?"

20. "ആ വ്യാഖ്യാതാവിന്റെ മുൻപിൽ, പുസ്തകഹസ്തന്മാരായിട്ടു പല പണ്ഡിതന്മാരും നിന്നിരുന്നു. അതു കണ്ടാൽ, ആ വ്യാഖ്യാതാവിന്റെ ഉപന്യാസപ്രവാഹത്തിൽ തങ്ങളും ഒഴുകിപ്പോവാതിരിക്കുവാൻവേണ്ടി, ആ പണ്ഡിതന്മാർ പൊങ്ങുപലകയേ ആശ്രയിച്ചിരിക്കുകയാണോ എന്നു തോന്നും.

അദ്ദേഹത്തിന്റെ (വ്യാഖ്യാതാവിന്റെ) വാങ്മാധുൎയ്യം ഒട്ടും കുറഞ്ഞതായിരുന്നില്ല; പൂന്തേൻ, പഞ്ചസാര, പാൽ, പഴം മുതലായവയെക്കാൾ സ്വാദിഷ്ഠമായിരുന്നു അദ്ദേഹത്തിന്റെ വാണീവിലാസം.

അദ്ദേഹത്തിന്റെ മുഖത്തുനിന്നു നിൎഗ്ഗളിക്കുന്ന വാഗ്ഗംഗയുടെ സംബന്ധത്താൽ തണുത്തുറഞ്ഞുപോയ ഇതരപണ്ഡിതന്മാരുടെ വാണി, അവരുടെ അധരോഷ്ഠങ്ങളേക്കൊണ്ടു പുതച്ച് അനങ്ങാതെ അകത്തുതന്നെ കുത്തിയിരുന്നിരുന്നു.

എതിർമതമാകുന്ന കരിമ്പിൻതോട്ടത്തെ ഞെക്കിഞെരിക്കുന്ന യുക്തിയന്ത്രംകൊണ്ടു തുവെള്ളയായ പുകൾപ്പഞ്ചസാര ഉണ്ടാക്കി വൎദ്ധിപ്പിച്ചിരുന്നു ആ മഹാത്മാവ്."

22. "പൎവ്വതത്തിലുള്ള ഗുഹകളിൽ കളിക്കുന്ന സിംഹത്തിന്റെ അലർച്ചപോലെ ഊർജ്ജിതമായ മുഴക്കത്തോടുകൂടിയ."

22. "അദ്ദേഹം യാഗത്തിനു തയാറാക്കിയ ഹവിസ്സ് (ഹോമിക്കുവാനുള്ള അന്നം), കുമുദങ്ങളേയും, കുളിർതിങ്കളേയും, കതിരവാൽപ്പുല്ലുകളേയും, അരയന്നങ്ങളേയും, താമരനൂലുകളേയും, നദീസമുദ്രാദികളിലേ പാൽപ്പതുപ്പതകളേയും, നിറപ്പകിട്ടുകൊണ്ടു ജയിച്ചിരുന്നു."

23. "അദ്ദേഹത്തിന്റെ കീൎത്തിയാകുന്ന ഗജേന്ദ്രന്റെ ലീലാരംഗം ഈ ഭൂമണ്ഡലം മുഴുവനാണ്; ആ ആന അണിഞ്ഞിരിക്കുന്ന മണികളാണെന്നു പറയാം, സൂൎയ്യനും, ചന്ദ്രനും ആ ആനയേ തളച്ചിരിക്കുന്നതു, ഹിമവാങ്കൽതന്നെ; ഗംഗാനദി ആ ആന അണിഞ്ഞിരിക്കുന്ന കച്ചമാത്രം; ആ ആനയുടെ തുമ്പിക്കൈയിൽനിന്നു തെറിച്ച ശീകരങ്ങളാണ് നക്ഷത്രരാശി; സമുദ്രങ്ങളോ, ആ ആനയുടെ കടതടത്തിൽനിന്ന് ഏഴായിട്ടൊഴുകിയ മദജലപൂരം!!"

24. "അല്ലയോ അപ്പയ്യദീക്ഷിതരേ! സ്തുതിയെ അതിക്രമിച്ചിരിക്കുന്ന അങ്ങയുടെ ദാനശീലത്തെ ഞാനെങ്ങനെ വാഴ്ത്തേണ്ടു?; ആ കല്പ

Digitized By Kerala Sahitya Akademi

തരു (ഒരു ഗ്രന്ഥസംജ്ഞ)കൂടി അൎത്ഥാപ്തിക്കിതാ അങ്ങയുടെ വാക്കുകളെ പ്രതീക്ഷിച്ചു നില്ക്കുന്നുവല്ലോ. ഇപ്പോൾ സ്തുതിവിഷയമല്ല, അതിലും കവിഞ്ഞതാണ് അങ്ങയുടെ ദാനശീലം—എന്നല്ലേ ഇതിന്റെ അൎത്ഥം.?

25. "ശ്രീചിന്നബോമ്മരാജാവിനെ പ്രസിദ്ധനാക്കി ശ്രീകണ്ഠഭാഷ്യമെഴുതി ശൈവമതപ്രതിഷ്ഠാപനം ചെയ്ത രംഗരാജദീക്ഷിതപുത്രൻ അപ്പയ്യദീക്ഷിതർ, കൈലാസപ്രായമായ ഈ ശിവക്ഷേത്രം പണിയിച്ചു."

26. "കരുണാമയനായുള്ള വെങ്കടേശന്റെയാജ്ഞയാൽ
ഈ നൽ'കുവലയാനന്ദം' തീൎത്താനപ്പയ്യദീക്ഷിതൻ."

27. "ഞാനുററുനോക്കിയിഹ കണ്ടുപിടിച്ചതാമീ-
യപ്പയ്യദീക്ഷിതകൃതിക്കിയലുന്ന ദോഷം
ആരെങ്കിലും പരിഹരിച്ചു തരുന്നതാകി-
ലാമാന്യമൌലിയുടെ കാല്പൊടി ചൂടിനില്ക്കാം!"

28. "അപ്പയ്യക്കാട്ടു തീകരിച്ചതിൻ ബാക്കി സാഹിത്യത്തെ സുപ്രബന്ധസാരസ്യത്താൽ മുളപ്പിക്കുന്നേൻ."

28. "അതദ്ദേഹം നല്ലവണ്ണം ചിന്തിച്ചിട്ടില്ല. അതേ, ഇതു വല്ലാത്ത കട്ടക്കൈതന്നെ."

30. "വരേണ്യപുണ്യത്താൽ ബുധന്മാർ വേങ്കടധരണിപാലനെ ശരണം പ്രാപിച്ചു."

31. "ശ്രീവേങ്കടനൃപൻതന്റെ സാഹ്യംകൊണ്ടു ചമച്ചു ഞാൻ
സാക്ഷാൽ 'കുവലയാനന്ദം' 'ചിത്രമീമാംസ'യും തഥാ.
അഭിധാലക്ഷണാതത്വം കാണിക്കും 'വൃത്തിവാൎത്തികം'
'യാദവാഭ്യുദയവ്യാഖ്യ'യിവയും തീൎത്തുവെച്ചു ഞാൻ.
'നാമസങ്ഗ്രഹമാലാ'ഖ്യം ഗ്രന്ഥം തദ്വ്യാഖ്യയും ക്രമാൽ
'ശ്രീമദ്വരദരാജൻതൻ സ്തോത്ര'വും തീൎത്തിതുത്തമം
'അതിൻവ്യാഖ്യാന'വും തീൎത്തേനനതിസ്ഥൂലസങ്ഗ്രഹം,
അഥ പ്രണീതം പാപഘ്നം 'ശ്രീകൃഷ്ണധ്യാനപദ്ധതി.'
'ദുൎഗ്ഗാചന്ദ്രകലാസ്തോത്രം' നിൎമ്മിച്ചേൻ മുക്തിസാധനം;
'ആദിത്യസ്തുതിയും' പിന്നീടതിൻ വ്യാഖ്യാനവും തഥാ.
പദ്യമായ് തീൎത്തിതു 'ചതുൎമ്മതസാരാൎത്ഥസംഗ്രഹം';
'ന്യായമുക്താവലി'യതും മധ്വപക്ഷസമാശ്രിതം.
'മയൂഖമാലികാ'ഗ്രന്ഥം ശ്രീലക്ഷ്മണമതാനുഗം;
ശ്രീകണ്ഠാചാരവഴിയേ 'മണിമാലിക'യും കൃതം.
ശങ്കരാചാൎയ്യരീതിക്കു 'നയമഞ്ജരി' തീൎത്തു ഞാൻ,
'ന്യായമുക്താവലി'ഗ്രന്ഥ'വ്യാഖ്യയും' നാതിവിസ്തരം.
വേദാന്തപര'സിദ്ധാന്തലേശസംഗ്രഹ'വും തഥാ
'ന്യായരക്ഷാമണി'യുമേ കൃതം സൂത്രാൎത്ഥദർശനം.

Digitized By Kerala Sahitya Akademi

പിന്നെ'പ്പരിമളം' കല്പതരുവിൻസാരനിർണ്ണയം,
ശ്രീകണ്ഠഭാഷ്യത്തിൻവ്യാഖ്യ 'ശിവാർക്കമണിദീപിക'
ശ്രീ 'ശിവാനന്ദലഹരി' നൽ 'ശിവാദ്വൈതനിർണ്ണയം'
'മതത്രയപരീക്ഷാ'ഖ്യം 'പഞ്ചരത്നസ്തവാ' ഭിധം,
പരം 'ശിഖരിണീമാലാബ്രഹ്മതർക്കസ്തവാദി'കൾ
'ശിവതത്ത്വവിവേകം' ശ്രീ "ശിവകർണ്ണാമൃതം' തഥാ
ബാലചന്ദ്രികയാം സാക്ഷാൽ ശ്രീ 'ശിവാർച്ചനചന്ദ്രിക'
'മീമാംസാചിത്രപട'വും 'വരം വിധിരസായനം'
മീമാംസാപരമായ് തീർത്തോ'രുപക്രമപരാക്രമം'
വേറെയും പലതുണ്ടാക്കി കൃതി സംഹതി ഞാൻ പുരാ."

32. "വേദങ്ങൾ, പുരാണങ്ങൾ, സ്മൃതികൾ, ഇതിഹാസങ്ങൾ, ശാസ്ത്രങ്ങൾ, വേദാന്തസൂത്രം മുതലായവയുടെ ഐക്യ താൽപര്യം അദ്വൈത (ജീവബ്രഹ്മൈക്യ)ത്തിലാണ്; ജഗദ്ഗുരുശങ്കരാചാര്യാദികൾ സ്വീകരിച്ചിട്ടുള്ളതും ഈ അഭിപ്രായമാണ്. എന്നാൽ, ഇവയുടെ പരിശീലനം കൊണ്ടുമാത്രം ഒരാൾക്ക് അദ്വൈതത്തിൽ വാസന സിദ്ധിക്കുന്നതല്ല; അതു് സർവ്വജ്ഞനും സച്ചിദാനന്ദമയനും ആയ പരമേശ്വരപരബ്രഹ്മത്തിന്റെ അനുഗ്രഹം കൊണ്ടുമാത്രമേ ഒരുത്തനു് ഉദിക്കുകയുള്ളു."

33. "ശൈവശാസ്ത്രജ്ഞരിൽ ശ്രേഷ്ഠൻ ശ്രീമാനപ്പയ്യദീക്ഷിതർ;
അ മാന്യൻ ചിത്രകൂടത്തിൽ ജയമാന്നു വിളങ്ങിനാൻ.
'അദ്വൈത ദീപികാ' നാമഗ്രന്ഥമൊന്നാ മഹാമതി
ചമച്ചാൻ ഭഗവദ്ദ്വേഷി ശിവാരാധനതൽപരൻ.
'മഹാചാര്യ'നതിൻ സാരം ഖണ്ഡിച്ചുണ്ടാക്കിനാനുടൻ
'ചണ്ഡമാരുത'മെന്നുള്ള പേരിൽ സുപ്രൗഢമാം കൃതി.
അ'ച്ചണ്ഡമാരുതം'കൊണ്ടു കെട്ടി 'ദ്വൈത ദീപിക'.
കൊടുങ്കാററടി തട്ടീടിൽ വിളക്കെങ്ങു വിളങ്ങിടും?"

34. "സാഹിത്യസഭയിൽ ചെന്നിട്ടിദ്ദേഹമൊരുനാൾ മുദാ
'യാദവാഭ്യുദയം' കാവ്യം യോഗ്യർ വായിച്ചുകേട്ടതേ.
വ്യാഖ്യാനമില്ലായ്കമൂലം ദുർഗ്രഹാർത്ഥകമായതു്
ശില്പിഹസ്തം തൊടാത്തോരു മണിപോലെയിരുന്നിതേ.
അതുകേട്ടതിസന്തുഷ്ടനദ്ദേഹം, പലയോഗ്യരും
നില്ക്കവേ ചൊല്ലിനാനെന്നോടുടൻ വ്യാഖ്യ ചമയ്ക്കുവാൻ."

35. "ഓരോ വാക്കിലുമീവണ്ണമുണ്ടു ഭാവം നിനയ്ക്കുവാൻ,
കവിതാർക്കികസിംഹന്റെ മൃദുപദ്യപ്രജത്തിലും."

36. "ഹേഹേ! തോററു തുന്നംപാടി ഓടിപ്പോകുന്നവരേ! നില്ക്കുവിൻ; നിങ്ങൾ അപ്പയ്യദീക്ഷിതരെത്തന്നെ ശരണം പ്രാപിക്കുവിൻ; അദ്ദേഹം നിങ്ങളിൽ പ്രസാദിക്കാതിരിക്കുകയില്ല; എന്തെന്നാൽ യോഗ്യന്മാർ അപ

Digitized By Kerala Sahitya Akademi

രാധികളായവരിലും, അവർ തങ്ങളെ ആശ്രയിച്ചാൽ പ്രസാദിക്കും; മഹാപരാധം ചെയ്തവനാണെങ്കിലുംതന്നെ വന്നാശ്രയിച്ചപ്പോൾ ശ്രീരാമചന്ദ്രൻ കാക്കയോടു കനിവു കാണിച്ചില്ലേ?"

37. "ചിദംബരമിതോക്കുകിൽ പ്രഥ പുലന്ന പുണ്യസ്ഥലം;
സുതാളി ബഹുവിജ്ഞരായ്; കൃതികളും ചമച്ചേൻ പരം;
വയസ്സെഴുപതിൽപ്പരം; കൊതിയുമില്ല ഭോഗത്തിലി;-
ങ്ങൊരർത്ഥനയുമില്ല മേ, ശിവപദാപ്തിയൊന്നെന്നിയേ."

38. "മിന്നുന്ന പൊൽസ്സഭയിലെപ്പെട്ടനൃത്തകൻതൻ-
കാൽത്താരൊളിക്കതിരുവൻ മമ മാനസത്തിൽ."

39. "വേററു പേടിതരുമാജ്ഞരമൃത്യുതൊട്ട-
ഭൂതങ്ങൾ തുള്ളുമൊരു സംസൃതിമോഹരാത്രി."

40. "അർതൻ സർവ്വജ്ഞഭാവത്തിനെ നൃപതി കവീന്ദ്രാളി കൊണ്ടാടി [മേന്മേൽ;
അർത്തന്നാശീർവ്വചസ്സാൽ വിശദകുശലനായ് നീലകണ്ഠാധ്വരീന്ദ്രൻ;
അക്കാണന്നുള്ള വിദ്വൽകവിപരിവൃഢരെല്ലാരിലും വെച്ചു പാരം
മെച്ചംകൈവന്നതായ് കേൾപ്പതു;കഥമിഹ വർണ്ണിപ്പു ഞാനപ്പുമാനേ?"

41. "അന്തിത്തീകൊണ്ടു കൊണ്ടൽക്കതിനനിരയിൽനിന്നെത്തിടും താര- [യുണ്ട-
പ്പന്തിക്കോപ്പൊട്ടു തട്ടാതുദയചരമനാമാക്കൾ ഭട്ടൽപ്രവീരർ,
പൊന്തിച്ചുച്ചണ്ഡഭാസ്വന്മയമണി പരിശത്തട്ടു തമ്മിൽപ്പൊരുന്തു."
ചിന്തിക്കാതേ ദ്രുതം തീർത്തിദമുചിതമതാം രത്നഖേടാഖ്യനേടി."

42. "'ആത്മാർപ്പണസ്തുതി' ചമച്ചുള'വപ്പയൻ' താൻ
നിൻ കാക്കൽവെച്ചു നിജവംശമശേഷമമ്മേ!
നീയാരു കൈവെടിയുവാൻ കുലദാസനെന്നെ?
ഞാനാരുപാസന വിടാൻ കുലദേവതേ! തേ?"

43. "സർവ്വവിദ്യാപദേഷ്ടാവാമപ്പയ്യാധ്വരിയെത്തൊഴാം,
തൽകൃതിജ്ഞാനഭിജ്ഞന്മാരല്ലോ പണ്ഡിതപാമരർ!"

44. "രമാപതിക്കെഴും പുണ്യപദാബ്ജത്തെ നമിച്ചുടൻ
'ജഗന്നാഥ'നിറക്കുന്തു ഗുരുദ്രോഹിക്കെഴും മദം."

45. "പാണ്ഡിത്യഭൂതമൊരെണ്ണമുണ്ടരികിലെന്നോർത്തുഗുരുദ്രോഹിയാം
'ഭട്ടോജി'ക്കെഴു,വേവനെസ്സഭയിൽ "നീ വൻമ്ലേച്ഛൻ" എന്നോതി [നാൻ;
അധീരൻ ശരിയാക്കി,'യപ്പയ'നെയും മററും തുരത്തി,പ്പര-
സ്വീയ'പ്രൗഢമനോരമാ'കുചയുഗം മർദ്ദിച്ചു തദ്വാചകം!"

46. "അപ്പയ്യഭൂതവശനായ് വെളിവററൊരാത്മ-
ദ്രോഹിക്കെഴും പെരിയ ഭള്ളിവനേ തുലപ്പൻ."

47. "അവനോടൊത്ത വമ്പാളുമവൻതൻ സഹജന്നഹോ!"

Digitized By Kerala Sahitya Akademi

48. വ്യാകരണം, വൈശേഷികം, തക്കം, വേദാന്തം, മീമാംസ, സാംഖ്യം, സാഹിത്യം എന്നിതിലൊക്കെ അസാധാരണയോഗ്യത നേടിയിരുന്ന അദ്ദേഹത്തിന്റെ ബുദ്ധി, സകലരാജകീയസദസ്സുകളിലും അദ്ദേഹത്തിന്റെ അഗാധവൈദൂഷ്യത്തെ അധികം പ്രകാശിപ്പിച്ചിരുന്നു."

49. "അവന്നാണ്മക്കളഞ്ചുണ്ടു വെൽവൂ സൌഭ്രാത്രശാലികൾ,
ശബ്ദാസർ മഹേശന്നു, കവിമൌലികൾ, കോവിദർ;
ഭൂമിദേവീസുതരവർക്കി ഞാൻ രണ്ടാമത്തുള്ളവൻ,
നീലകണ്ഠപ്രസാദത്താൽ 'നീലകണ്ഠാഖ്യ' പൂണ്ടവൻ."

50. "അദ്ദേഹത്തിന്റെ ജ്യേഷ്ഠനും, രസികശിരോമണിയും ആയ 'അച്ഛാദീക്ഷിതർ', അനുജനെക്കുറിച്ചുള്ള സ്നേഹം നിമിത്തം ഈ നാടകത്തെ വ്യാഖ്യാനിച്ചു."

51. "വാൎത്തികാഭരണവ്യാഖ്യാനത്തിൽ തൻമേന്മ കാട്ടിയോൻ
'വേങ്കടേശ്വരയജ്വാ'വിശ്ശിഷ്യനിൽ കനിവേറുവോൻ.
തത്സാഹിതിയെ ഹാ! ഹന്ത! ചെവിയിൽച്ചേൎത്തു വാണിയാൾ
കാതിൽച്ചാൎത്തുന്ന നെന്മേനിമലരും കാണ്മു, കട്ടിയായ്!
തൽസമക്ഷം ശിഷ്യർ മിന്നുന്നുണ്ടു പുസ്തകഹസ്തരായ്,
നീന്തൽപ്പുലക പൂണ്ടോർപോൽ തൽസൂക്തിഝരിഭീതിയാൽ."

52. "ശ്രീകൃഷ്ണാനന്ദയോഗീന്ദ്രന്നെഴും കാൽത്താർയുഗത്തെ ഞാൻ
ചതുർവ്വർഗ്ഗപ്രദമതെന്നോൎത്തു വന്ദിപ്പു നിത്യവും."

53. "'മെയ്പ്പാതിയാലദ്രിസുതാമയൻ ഞാൻ'
എന്നായ് മദിക്കും ശിവനെന്തിനാളാം?
സൎവ്വാത്മനാ ശൈലസുതാമയൻ തദ്-
'ഗീർവ്വാണയോഗീന്ദ്ര'നെനിക്കുചാൎയ്യൻ."

54. "അദ്ദേഹം ഒരുദിവസം രാവിലെ 'ഗീർവ്വാണേന്ദ്രസരസ്വതി'യെ കണ്ടു. അമരേശ്വരസൂരിയുടെ അനുഗ്രഹപാത്രമായ ശിഷ്യൻ, വിശ്വേശ്വരയതിയുടെ അന്തേവാസി, ക്രമപ്രാപ്തമായ ശങ്കരാചാൎയ്യസ്ഥാനത്തോടുകൂടിയവൻ, പ്രപഞ്ചസാരാദിപ്രബന്ധങ്ങളുടെ പ്രണേതാവു്, ബ്രഹ്മധ്യാനനിരതൻ, സുപ്രസന്നവദനൻ, മാന്ത്രികശിരോമണി, സത്വമാത്രമൂൎത്തി—ഇത്യാദി നിലകളാൽ പരമപൂജനീയമായ ആ ഗീർവ്വാണേന്ദ്രസരസ്വതിയുടെ ആജ്ഞയെ അനുസരിച്ചു്; ആയാൾ ഈ ശങ്കരാഭ്യുദയകാവ്യം നിൎമ്മിച്ചു."

55. "ശ്രീപാൎവ്വതീദേവിയുടെ പാദപ്രക്ഷാളനം ചെയ്ത പുണ്യതീൎത്ഥത്തിന്റെ രൂപഭേദങ്ങളായിട്ടുള്ള എന്റെ വാക്കുകൾ ലോകരംഗത്തിൽ വിഹരിക്കുന്നു.

യാതൊരു മഹാനുഭാവന്റെ കടാക്ഷങ്ങൾക്കാണോ ശാരദാദേവി കൂലികൂടാത്ത ദാസിയായിരിക്കുന്നതു്, ജ്ഞാനരത്നാകരമായ ആ നാരായണാധ്വരിയെ ഞാൻ നമസ്കരിക്കുന്നു."

Digitized By Kerala Sahitya Akademi

56. "അല്ലയോ പുത്രന്മാരേ! നിസ്സഹായനും, എന്നാൽ മഹാവിദ്വാനും അയിത്തീൎന്ന ഈ കുഞ്ഞിനെ നിങ്ങൾ വേണ്ടവിധം നോക്കിക്കൊള്ളണേ! ഇവൻ 'ചില്ലറക്കാര'നല്ല; കാലാന്തരത്തിൽ മഹാശൈവനായും, യശസ്വിയായും, പാണ്ഡ്യരാജാവിന്റെ മന്ത്രിയായും ഭവിക്കും ഈ കുട്ടി!"

57. "അൎത്ഥനാശീവ്യചസ്സാലഖിലകുശലനായ് നീലകണ്ഠാധ്വരീന്ദ്രൻ."

58. "അദ്ദേഹം സൎവ്വഭൂതങ്ങളിലും ദയാലുവായിരുന്നു; എങ്കിലും ദണ്ഡനീയന്മാരിൽ ദയയററവൻ തന്നെയായിരുന്നു; ലോകത്തിനാകെ ജീവനൌഷധപ്രായനാണ് ചന്ദ്രനെങ്കിലും, വിരഹിജനങ്ങൾക്കു കൃതാന്തപ്രായനാണല്ലോ.

കുററംചെയ്ത ഒരുത്തനേയും അദ്ദേഹം 'ശിക്ഷി'ക്കാതെ വിട്ടില്ല; കുററം ചെയ്യാത്ത ഒരുത്തനേയും ശിക്ഷിച്ചതുമില്ല; എന്നാലും, വേണ്ടുന്നിടത്തു മാത്രം ദണ്ഡം നടത്തിക്കൊണ്ട് അദ്ദേഹം പരമദയാലു എന്ന പ്രസിദ്ധി നേടി.

വേണ്ടിടത്തെങ്ങും അദ്ദേഹത്തിന്റെ ദൃഷ്ടി ചെന്നിരുന്നു; വേണ്ടാത്തിടത്തെങ്ങുമേ ചെന്നതുമില്ല. അദ്ദേഹം തന്റെ അനുജീവികളുടെ വാക്കു കേട്ടിരുന്നു; എന്നാൽ കേട്ടിരുന്നുമില്ല. ഭൃത്യന്മാരിൽ അദ്ദേഹത്തിനു കോപം ഉദിക്കുമാറില്ല; അഥവാ ഉദിച്ചാൽ, അതൊളിച്ചുവയ്ക്കാറില്ല; ഒട്ടൊളിച്ചുവച്ചു നോക്കിയാലും അദ്ദേഹത്തിന്റെ കോമളഹൃദയത്തിൽ അതധികം നേരം നിലനില്ക്കാറില്ലതന്നെ.

സേന, മന്ത്രി, അനുജീവികൾ ഇത്യാദിയൊക്കെ അദ്ദേഹത്തിനു പഴയതുതന്നെയായിരുന്നു; എന്നാൽ; കീൎത്തി, ഭണ്ഡാരം, രാജ്യം മുതലായതെല്ലാം അദ്ദേഹത്താൽ നവീകരിക്കപ്പെട്ടു.

തങ്ങളുടെ തോളിൽനിന്നു താഴെവീണുപോകുന്ന ഉത്തരീയത്തെ വഴിപോക്കർ വളരെ ക്ലേശിച്ചു തിരഞ്ഞെടുത്തിരുന്നു അദ്ദേഹത്തിന്റെ ശാസനാശക്തിനിമിത്തം."

59. "കലിവൎഷം, 4738 ചെന്ന അവസരത്തിൽ, ഈ നീലകണ്ഠവിജയം ചമയ്ക്കപ്പെട്ടിരിക്കുന്നു."

60. "മഹാവൈയാകരണനെന്നും, വേദാന്തവിശാരദനെന്നും, മീമാംസകമൂൎദ്ധന്യനെന്നും, കവിസാൎവ്വഭൌമനെന്നും, പരമശിവഭക്തനെന്നും ഉള്ള സ്ഥാനങ്ങളേ എനിക്കു നേടിത്തരുമെന്നു വിചാരിച്ചാണ്, ഞാൻ ഈ കാവ്യം നിൎമ്മിച്ചിട്ടുള്ളതു്. അതു വാസ്തവമായി പരിണമിക്കുമോ ഇല്ലയോ എന്നു എനിക്കു നിശ്ചയമില്ല; രണ്ടായാലും ആ ഭാരം ഭഗവാങ്കൽത്തന്നെ സമൎപ്പിച്ചിരിക്കുന്നു."

61. "ശ്രീനീലകണ്ഠകവിയാൽ 'കലി'തന്നീ'വിഡംബനം'
വിദ്വൽപ്രീത്യൎത്ഥമുണ്ടാക്കപ്പെട്ടു ഭൂപരസാവഹം."

Digitized By Kerala Sahitya Akademi

62. "നൂറിൽപ്പരം നൽപദ്യത്താൽ നീലകണ്ഠമഖീശ്വരൻ
തീർത്തൊരിക്കൃതിയാൽ ചെയ്യാം സഭാരഞ്ജനമാക്ഷമേ."

63 "സുഗ്രഹീതമല്ല വേദം, നിഗ്രഹീതവുമല്ല ചഞ്ചലം ഹൃദയം;
മുക്തിയിലാശയുമു;ണ്ടൊരു സക്തിയോടെ പോയിട്ടുന്നു കാശിയിൽഞാൻ"

64. "ഉണ്ടു'വേഗവതീ'തീരം, ഉണ്ടു വേദാന്തചിന്തനം;
എങ്കിലും ഗങ്ഗയോളം ഞാൻ പോകണം പോലുമെന്തിനോ!
തത്സിദ്ധി വൻതപസ്സാൽതാൻ, തപസ്സോ കഠിനം പരം;
ആകയാൽ ഞാൻ തപം ചെയ്വൻ കാവ്യസൂക്തിവഴിക്കഹോ!"

65. "കലികാലത്തെ വെന്നീടാനുപായമിഹ രണ്ടുതാൻ;
ഒന്നാ നളന്റെ കഥയാം, പവിത്രം കാശിയാം പരം."

66. "അപ്പദീക്ഷിതരുടെ സഹോദരനും വിദ്വാനുമായ നരസിംഹദീക്ഷിതരുടെ പൌത്രനായ നീലകണ്ഠദീക്ഷിതരാൽ, നളചരിത്രത്താൽ പവിത്രമായ ഈ നാടകം നിർമ്മിക്കപ്പെട്ടു."

67. "എന്താണെൻ വംശമോർത്താ,ലെവരുടെ സുതനായത്ര ഞാനൽഭ [വിച്ചേ,-
നെന്തെല്ലാം കേട്ടറിഞ്ഞേ,നെതുവിധമതുമേ, ചൊന്നതേതേതു [വിദ്വാൻ,
എന്തേ കണ്ടില്ല ദുഃഖം,സുഖമതു,മതുപോലെന്തഹോ!ഞാനണഞ്ഞി,-
ല്ലുന്നും ചിത്തം മടങ്ങീലിനിയുമണുവുമിങ്ങെവ്വിധം മേ വിപാകം?"
(കെ. സി. കേശവപിള്ള)

68. "ബാലത്വത്തിൽ തുടങ്ങിഗ്ഗുരുപദയുഗശുശ്രൂഷയാൽ ബ്രഹ്മവിദ്യാ-
ജാലത്തിൽത്താൻ പ്രയത്നിച്ചധികമഥ സമാർജ്ജിച്ച സാമർത്ഥ്യമെല്ലാം
മാലെത്താതിങ്ങുറങ്ങാൻ കഥകളെ നിശി കേൾക്കുന്ന ഭൂപക്കു നിത്യം
കാലത്തെപ്പോക്കുവാനുള്ളൊരു പെരുവഴിയായിന്നഹോ!തിന്നുവല്ലോ."
(കെ. സി. കേശവപിള്ള)

69. "ആർതൻശേമുഷിയേ സ്തുതിപ്പു സഭയിൽ ശ്രീനീലകണ്ഠാധ്വരി."

70. "ഹാലാസ്യനാഥനുടെ ലീലാവിശേഷമിഹ ചേലാർന്നു കേട്ടിടണമോ,
നാലാഗമം പറയുമദ്വൈതവൈഭവവുമേതാണ്ടറിഞ്ഞിടണമോ,
കോലാഹലം കവനവാരാശി പൂണ്ടവയു കാണേണമോ, ഹ! ഹ! [സഖേ!
നീലാക്ഷിലെങ്കിലിനി'നീലാദികണ്ഠ'മഖിവാക്യം ഗ്രഹിക്ക ചെവിയിൽ."

71. "പണ്ഡിതകേസരികൾ മാത്സര്യപൂർവ്വം വാദപ്രതിവാദം ചെയ്യുമ്പോൾ, ഒരേ സമയത്തുതന്നെ ഓരോരുത്തരോടും വാക്സമരം നടത്തി, തന്റെ യുക്തിപാടവത്തേയും ശേഷാവതാരഭൂതത്വത്തേയും കാണിക്കുന്ന മഹാനുഭാവനും, കവിത നിർമ്മിക്കാനും, കവിത നിർമ്മിപ്പിക്കാനും, കവിതയിൽ രസിപ്പിക്കാനും ഒരുപോലെ കഴിവുള്ള സാഹിതീസമ്രാട്ടും, സകല

Digitized By Kerala Sahitya Akademi

സദസ്സുകളാലും വന്ദിക്കപ്പെട്ട ബുദ്ധിവൈഭവത്തോടു കൂടിയവനും ആയ ശ്രീനീലകണ്ഠദീക്ഷിതർ സർവ്വോൽകർഷേണ വിജയിക്കുന്നു."

72. "അനർഗ്ഗളനിർഗ്ഗളൽഗംഗാതരംഗപരമ്പരപോലുള്ള വാഗ്വിഭൂതിയോടും, സകലകലാവല്ലഭത്വത്തോടും, ദിഗന്തവിശ്രാന്തകീർത്തിയോടും, സർവ്വശാസ്ത്രജ്ഞതയോടുംകൂടിയ ശ്രീനീലകണ്ഠദീക്ഷിതർ സദ്ഗുണസമ്പൂർണ്ണനായി സമുല്ലസിക്കുന്നു."

73. "പണ്ഡിതകുലപതിയായ ശ്രീനീലകണ്ഠദീക്ഷിതർ, രാജകീയ സദസ്സുകളിലിരുന്ന്, തന്റെ സ്വതന്ത്രസ്വതന്ത്രതയെ ബഹുവിധത്തിൽ വിശദീകരിക്കുമ്പോൾ, അദ്ദേഹത്തിന്റെ പ്രതിദ്വന്ദ്വികൾ മേല്പോട്ടു നോക്കി വിയർത്തൊലിച്ചു ദീനന്മാരും ദയനീയന്മാരുമായി ചമയുന്നു."

74. "പ്രത്യുപകാരേച്ഛകൂടാതെ വ്യാകരണം പഠിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനും, പരമശാബ്ദികനും ആയ ഗുരുഭൂതൻ ലോകനാഥദീക്ഷിതരെ ഞാൻ നമസ്കരിക്കുന്നു."

75. "വ്യാകരണഘോരാടവിയിൽ ഒളിഞ്ഞുകിടക്കുന്ന സാരാർത്ഥസമുദായത്തെ പ്രതിപാദിക്കുന്ന വിഷയത്തിൽ അതിസമർത്ഥനായ ആ സുകൃതിമണി നീലകണ്ഠദീക്ഷിതർ, യാതൊരാളെ ഭാഷ്യസാരപ്രകടീകരണകാര്യത്തിൽ, അർത്ഥം പറഞ്ഞുകൊടുത്തും അർത്ഥം ദാനം ചെയ്തും സഹായിച്ചുവോ, സമർത്ഥനാക്കിയോ, ആ ആളെ മററു പണ്ഡിതന്മാർക്ക് എങ്ങനെ സഹായിക്കുവാൻ സാധിക്കും?"

76. "അനുരൂപദമ്പതികളായ 'അംബാ,' 'ലോകനാഥ'ന്മാരുടെ പുത്രനും സജ്ജനശ്ലാഘ്യനും ആയ 'ചക്രകവി'യുടെ കൃതിയും, പാണ്ഡ്യമഹാരാജാവിനാലും ചോളഭൂപനാലും 'ശ്രീനീലകണ്ഠദീക്ഷിത'രാലും പ്രശംസിക്കപ്പെട്ടിട്ടുള്ളതും ആയ 'ചിത്രരത്നാകരം' കാവ്യത്തിൽ ആറാം 'പരിച്ഛേദം' അവസാനിച്ചിരിക്കുന്നു."

77. "'അംബാ' 'ലോകനാഥ'ന്മാരുടെ പുത്രനും പ്രസിദ്ധനും ആയ 'ചക്രകവി'യുടെ കൃതിയും, 'ശ്രീനീലകണ്ഠദീക്ഷിത'രുടെ പ്രശംസാപാത്രവും ആയ 'ജാനകീപരിണയം' കാവ്യത്തിലെ മധുരമനോഹരമായ ആറാം സർഗ്ഗം അവസാനിച്ചിരിക്കുന്നു."

78. "തടാതകാദേവിയുടെ തിരുമെയ്യ്, വിടരുന്ന കരിങ്കുവളപ്പൂമാലപോലെ മൃദുലമനോഹരവും, സൗന്ദര്യതുന്ദിലവും ആയിരുന്നു; അവിടുത്തെ കേശപാശത്തിൽ പൊൻതാമരമാലയോടിടകലർന്ന് തൂമുത്തുമാല അണിഞ്ഞിരുന്നു; നീണ്ടുകിടന്നിരുന്ന കുരുൾനിരയുടെ ഇടയിൽ, അവിടത്തെ നീണ്ടിടംചെട്ട തൃക്കണ്ണുകൾ തത്തിപ്പിടിക്കുന്ന മത്സ്യങ്ങളെപ്പോലെ പരിലസിച്ചിരുന്നു; മുല്ലമൊട്ടൊത്ത അവിടുത്തെ ദന്തപങ്ക്തി, സ്മിതവിലാസത്തിന്റേയും സംഭാഷണത്തിന്റേയും ഇടയ്ക്കു നല്ലവണ്ണം തെളിഞ്ഞു വിളങ്ങിക്കാണാമായിരുന്നു; മഞ്ഞച്ചേല ധരിച്ചു പരിസ്ഫുരിച്ചിരുന്ന

Digitized By Kerala Sahitya Akademi

തന്തിരുവടിയുടെ നിതംബബിംബത്തിൽ, രത്നഖചിതമായ തിരുവഞ്ഞാണം ഉണ്ടായിരുന്നു."

79. "അല്ലയോ അമ്മേ! അടിമുതൽ മുടിവരെയ്ക്കും, മുടിമുതൽ അടിവരെയ്ക്കും ഉള്ള, നിന്തിരുവടിയുടെ ലോകാനുഗ്രഹതൽപരമായ ഓരോ അവയവവും, മാറിമാറി വീണ്ടുംവീണ്ടും ധ്യാനിച്ച്, അതിൽനിന്നുളവായ പരമാനന്ദസമുദ്രത്തിലെ തിരമാലകളാൽ താലോലിക്കപ്പെട്ടവനായിരിക്കുന്ന ഞാൻ കഴിഞ്ഞുപോയ ദിവസങ്ങളെ ഒന്നും കണക്കാക്കുന്നില്ല."

80. "അമ്മേ! അമ്മേ! അവിടുത്തേ ചരണാരവിന്ദങ്ങൾ എത്രയോ മൃദുമനോഹരം! പീയൂഷാബ്ധി കടഞ്ഞുകിട്ടിയ നവനവനീതത്തിനൊത്ത പതുപതുപ്പാണല്ലോ ഈ തിരുവടികൾക്കുള്ളതു്! അവയുടെ തുടുതുടുപ്പു കാണുമ്പോൾ കരിങ്കല്ലിലും കട്ടിക്കൂടിയ വേദാന്തവാക്യങ്ങളിൽ ചുററിസ്സഞ്ചരിച്ചതുകൊണ്ടാണോ ഇത്രമാത്രം ആരക്തമായതെന്നു തോന്നിപ്പോകുന്നു! അമ്മേ! അവിടുത്തേ ആ തൃക്കാലുകൾ ഞാനെന്നും നിനയ്ക്കുമാറാകട്ടേ!"

81. "പെട്ടെന്നുയൎന്ന ഇടിവെട്ടുകൊണ്ടു് അതിഭയങ്കരം; ധൂമകേതുവും ഉപകേതുക്കളും ഉദിച്ചുങ്ങനെ പൊങ്ങിട്ടുണ്ടു്; ദിക്പാലന്മാരും ദിഗ്ഗജങ്ങളും നിലവിളിമുഴക്കുന്നു; അത്യുന്നതങ്ങളായ പൎവ്വതങ്ങളുടെ കൊടുമുടികൾ അടൎന്നടൎന്നു സമുദ്രത്തിലേക്കു പതിക്കുന്നു; കഴുകനും പരുന്തും മററും ഉയൎന്നു പറന്നുകൊണ്ടിരിക്കുന്നു; ആസകലം ഇരുട്ടടയുന്നു; കൊടുങ്കാററാണെങ്കിൽ 'മലമറിക്കുന്നു'; ആകപ്പാടേ ലോകമെല്ലാം അപ്പോൾ മൃത്യുവക്ത്രത്തിലകപ്പെട്ടതുപോലെയായിക്കഴിഞ്ഞു എന്നേ ചുരുക്കത്തിൽ പറവാനുള്ളൂ.

തീപ്പൊരിയും, തീജ്വാലയും, പുകയും ഇടകലൎന്നു ഭയങ്കരതരമായും ക്രുദ്ധനായ കാലന്റെ വക്ത്രഗഹ്വരത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന അട്ടഹാസധ്വനിപോലുള്ള ഒച്ചകൊണ്ടു ഞെട്ടിക്കുന്നതായും ഉള്ള ഒരൽഭുതമാരുതൻ അങ്ങോട്ടു പുറപ്പെട്ടുകഴിഞ്ഞു."

82. "സത്യലോകത്തുനിന്നു ഗങ്ഗാതരങ്ഗിണി മഹേശ്വരന്റെ ജടാജൂടത്തിലേക്കു ചാടുവാൻ തുടങ്ങിയ ആ അവസരത്തെ വൎണ്ണിക്കുന്നതിനു് എനിക്കു വാക്കില്ല; ഞാൻ ശക്തനുമല്ല. ഒട്ടഴിഞ്ഞും ഒട്ടുകെട്ടിയും ഇരുന്ന ഭഗവാന്റെ ജടാജൂടകോടരത്തിൽനിന്നു്, ഭുജഗരാജനും ചന്ദ്രലേഖയും താഴെപ്പൊഴിയുകയായി; നന്ദികേശ്വരനു് അതു കണ്ടിട്ടു് ഒട്ടുമേ 'രസ'മായില്ല; 'പോ മറയത്തു്' എന്നു് അദ്ദേഹം കാണിച്ച ദൃഷ്ടിസംജ്ഞ, ദിഗ്ഭിത്തികളേ ഒക്കെ 'കിടുകിടുപ്പിച്ചു'; ഒന്നു് ഉറച്ചിരിക്കുവാൻ മുതിൎന്ന ശ്രീപരമേശ്വരന്റെ സംരംഭം കണ്ടപ്പോഴത്തേയ്ക്കും, മൂന്നുലോകത്തിലുള്ളവരെല്ലാം പേടിച്ചരണ്ടു ഭഗവാനെ സ്തുതിക്കുവാൻ തുടങ്ങി. അഹോ! ആ അവസ്ഥ വാചാമഗോചരം; അചിന്ത്യവൈഭവം!"

83. "വ്യങ്ഗ്യം, ഗുണീഭൂതവ്യങ്ഗ്യം, അൎത്ഥചിത്രം, ശബ്ദചിത്രം, ഇങ്ങനെ നാലുതരം കാവ്യങ്ങളിൽ, ആദ്യത്തേതു കൃതയുഗത്തിലും, പിന്നേ

Digitized By Kerala Sahitya Akademi

ത്തേതു ത്രേതായുഗത്തിലും, അടുത്തതു ദ്വാപരയുഗത്തിലും, ഒടുക്കത്തേ യമകാദിയായ ശബ്ദചിത്രപ്രപഞ്ചം കലിയുഗത്തിലും ഉളവായി!

ഭാഗ്യവശാൽ കാവ്യസാമ്രാജ്യത്തിലെ ആധിപത്യം സിദ്ധിച്ചവർ, നിശ്ചയമായും ശബ്ദചിത്രത്തിൽ രസിച്ചുകൊണ്ടിരിക്കയില്ല. ശൃംഗാരസർവസ്വങ്ങളായ സർവാംഗസുന്ദരികളുടെ വിലാസഭൂമിയായ സ്വർഗ്ഗത്തിൽ ചെന്നു ചേൎന്നിട്ടു്, ആരെങ്കിലും ഒരൊററക്കണ്ണിയേ അന്വേഷിച്ചു കണ്ടുപിടിച്ചു രമിക്കുവാൻ തുനിയുമാറുണ്ടോ?"

84. "ശിശുപാലസൈന്യം, സർവതോഭദ്രാദിരൂപേണയുള്ള വ്യൂഹരചനംകൊണ്ടു്, സർവതോഭദ്രാദിബന്ധശ്ലോകങ്ങളോടുകൂടിയ മഹാകാവ്യം പോലെ തുലോം ദുരവഗാഹമായ്ത്തീൎന്നു."

85. "ശ്രീപാർവതിയുടെ താംബൂലസാരയൂഷം കാളിദാസരുടെ മുഖത്തു വീണപ്പോൾ, ലോകോത്തരമായ കവിതയ്ക്കതു കാരണമായി; എന്നാൽ ശ്രീപരമേശ്വരന്റെ മുഖത്തും അതു വീണിട്ടുണ്ടു്; പക്ഷേ, അവിടെ വേദാക്ഷരങ്ങളെയാണു് അതു മുളപ്പിച്ചതു്."

86. "വാല്മീകിമഹർഷികൊണ്ടുവന്നതും, ഭവഭൂതി സംരക്ഷിച്ചതും ആയ വാഗ്ദേവിയെത്തന്നെ, ഇന്നും കവിംമന്യന്മാരെല്ലാം 'കൈമാറി'ക്കൊണ്ടിരിക്കുന്നു."

87. "മാതൃതാംബൂലസാരത്താൽ കവിയായ്ത്തീൎന്നുപോൽ പരൻ."

88. "പുതിയ രീതിയിൽകൃതികളെഴുതുന്നവരെ, 'പുത്തൻകൂററുകാർ' എന്നു പറഞ്ഞാക്ഷേപിക്കുന്നു; പഴയ രീതിയിലെഴുതിയാലോ, "പഴഞ്ചന്മാർ" എന്നും കുററമായി; ഖലന്മാരുടെ അടുക്കൽ രണ്ടുവിധത്തിലും വയ്യാ!"

89. "ഉയർച്ചകൊണ്ടു പിഞ്ചിക്കീറിയ കഞ്ചുകങ്ങളോടുകൂടിയ കാമിനീസ്തനങ്ങൾ മനോഹരതരങ്ങൾതന്നെ."

90. "പാലാഴിമഥനത്തിൽ കൌസ്തുഭരത്നം കണ്ടും, അപ്സരസ്സുകളെ കണ്ടും, അതു തങ്ങൾക്കുവേണം തങ്ങൾക്കുവേണം എന്നു വഴക്കടിച്ചു ഗീർവാണന്മാർ, ഇനിയും സ്വർഗ്ഗത്തിനു ഭാരമാത്രമായിട്ടു് എത്രയെത്രയില്ല; കാളകൂടവിഷം ഉയൎന്നു വന്നു്, സുരജാതികളൊക്കെ അങ്ങിങ്ങോടി ഒളിച്ചു്, ബ്രഹ്മാണ്ഡം നിശ്ശേഷമായിത്തീൎന്നപ്പോൾ, 'വേണ്ട, പേടിക്കേണ്ട' എന്നുപറഞ്ഞു മുന്നോട്ടു വന്നതാരാണോ, ആ ദേവനെത്തന്നെ ഞങ്ങൾ സ്തുതിക്കുന്നു."

91. "വെള്ള, നീലം, മഞ്ഞ, പച്ച മുതലായ നിറത്തിൽ ഉള്ള വജ്രം, വൈഡൂര്യം തുടങ്ങിയ കല്ലുകളെ, കഴുത്തിലും, മാറത്തും, തലയിലും എടുത്തു ചാൎത്തട്ടെ; അതിലെങ്ങും ഒരു വൎണ്ണ്യതയില്ല. ഭഗവാനേ! ഇതാണു് ഭൂഷണം; ജഗത്തിന്റെ സഞ്ജീവനപ്രകാരവും ഇതുതന്നെ; ദുർവിഷഹമായ കാളകൂടവിഷത്തെ നിന്തിരുവടി കണ്ഠത്തിൽ നിയന്ത്രിച്ചു നിൎത്തീട്ടുണ്ടല്ലോ, അതുതന്നെയാണു് വൎണ്ണനീയതമം!"

92. "അല്ലയോ മീനാക്ഷീദേവി! നിന്തിരുവടി കരുണാപുരസ്സരം എനിക്കു വാങ്മയരത്നഭണ്ഡാഗാരം സ്വാധീനമാക്കിത്തീൎന്നു; ഞാനോ,

Digitized By Kerala Sahitya Akademi

ഹാ! അവാവൂന്നിടത്തോളം അത്രയും വിററുതിന്നു. എങ്കിലും സ്വല്പം വല്ലതും ഇനിയും ബാക്കി കാണും; അതിതാ നിന്തിരുവടിയുടെ പാദാരവിന്ദങ്ങളിൽ അൎപ്പിച്ചുകൊള്ളുന്നു; അവിടുന്നു ദയയോടുകൂടി സ്വീകരിക്കേണമേ!"

93. "മിഴിയതവനിൽനിന്നൊഴിച്ചുടൻ തേൻ-
മൊഴിയഥ തോഴിയൊടായ് നടക്കയെന്നാൾ;
പൊഴിയുമഴകവൾക്കു നേൎക്കു കാണ്മാൻ
കഴിയുകിലും, പല പക്ഷമാം പലക്ഷം." (കണ്ടൂർ)

94. "ആദ്യംതന്നെ ദുൎമ്മാൎഗ്ഗത്തിൽ ആസക്തി ജനിപ്പിക്കുന്നു; ആ വഴിയിൽ കാലൂന്നിക്കഴിഞ്ഞാൽ പിന്നെ അതിൽവെച്ചു സ്തുതിക്കുകയായി; പോരാ, ആ ദുൎവ്വഴിയെ കൈവെടിയാതെ, അവിടെത്തന്നെ ഉറച്ചുനില്ക്കുന്നതിനു പ്രഭുവിനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു; ഇതാണ് സ്വാൎത്ഥമാത്രപരായണന്മാരായ ഖലസേവകന്മാർ പ്രഭുക്കളെ കെടുത്തുവാൻ എടുക്കുന്നതായ 'തോത്.'

ആ ദുഷ്ട 'സേവകന്മാർ', സുജനങ്ങളെ ദുഷ്ടന്മാരാക്കിക്കാട്ടുന്ന വിദ്യ വിചിത്രതരമത്രേ! ആദ്യം ദോഷോൽഭാവനം ചെയ്യും; ഉടനേ പേടിച്ച്, 'സേവയ്ക്കു' ഒന്നു നിഷേധിക്കും; ഒടുവിൽ, തങ്ങൾതന്നെ കുറേ സ്തുതിച്ച്, (തങ്ങളുടെ നിഷ്പക്ഷപാതത കാണിച്ച്) ഉപക്ഷിപ്തമായ ദോഷത്തേ ദൃഢമാക്കിക്കാണിക്കുകയും ചെയ്യും. പോരേ!

അയ്യോ! ദുഷ്ടന്മാർ സ്വാൎത്ഥസിദ്ധിക്ക് എടുക്കുന്ന 'മിരട്ട്' അവാച്യംതന്നെയാണ്. അവർ, കൃതജ്ഞന്മാരെപ്പോലെയും, പണ്ഡിതന്മാരെപ്പോലെയും, പ്രഭുഹിതൈകതാനന്മാരെപ്പോലെയും, രാഷ്ട്രോപകാരികളെപ്പോലെയും ഭാവിച്ചുകൊണ്ടാകുന്നു തങ്ങളുടെ സ്വാമിമാരെ വഞ്ചിക്കുന്നതും സ്വാൎത്ഥം സാധിക്കുന്നതും!"

95. "നീ നല്ല പണ്ഡിതൻതന്നെ; ദീൎഘദൎശിയും മന്ത്രയോഗജ്ഞൻകൂടിയും ആണ്; എങ്കിലും ശാസനീയനായ്ത്തന്നെയിരിക്കണം. മന്ത്രിമാരുടെ ചൊല്പടിയിൽ വേണം നില്ക്കുവാൻ."

96. "ദേവാനേ! ഇവിടെനിന്ന് അല്പം അകലേ പോയാൽ ഞങ്ങളുടെ സങ്കേതമായി; അവിടുന്നു സുഹൃത്തുക്കളോടുകൂടി അങ്ങോട്ട് എഴുന്നരുളണം. വേടക്കിടാത്തന്മാർ വന്ന് ഈ പശുക്കളേ ഒക്കെ നോക്കിക്കൊള്ളും.

ലോകാഭരണമായ നിന്തിരുവടിയെ, കിരാതകന്യകകൾ വ്യാധന്മാർ വേട്ടയാടിക്കൊണ്ടുവന്നിട്ടുള്ള മുഴുത്ത വെൺമുത്തുമണികളേക്കൊണ്ട് അലങ്കരിക്കും.

മാത്രമല്ല, അടിയങ്ങളുടെ രാജാവിനു് ഒരു കന്യകയുണ്ട്; അവൾ അടിയങ്ങളുടെ കുലദേവതയാണെന്നു പറയാം. അവിടുത്തെ കണ്ടാൽ, ആ വേടരാജാവു് അനവധി വ്യാഘ്രാഭരണാദികളോടുകൂടി തന്റെ മകളെ തൃക്കാക്കൽ കാഴ്ചവെയ്ക്കാതിരിക്കുകയില്ല."

Digitized By Kerala Sahitya Akademi

97. "'നീഹാരഭൂധര' ഇത്യാദിയായ ഉദാഹരണത്തിലെ ശബ്ദഗുംഭനം ആണ് ശ്രദ്ധേയമായിട്ടുള്ളത്."

98. "ഭൂമിയെ ജയിച്ചതും, ദേവന്മാരെ ജയിച്ചതും മററും അത്ര സാരമുള്ളതല്ല; ഈ യുവാവു് അവിടുത്തെ തോല്പിച്ചതാണു് വലിയ വിജയമായിട്ടുള്ളതു്."

99. "'പ്രതിക്ഷണ' ഇത്യാദിയിലേ ശബ്ദപ്രവാഹം തന്നെ കാണുക."

100. "കൊടുക്കുന്നവനും വാങ്ങുന്നവനും ഇല്ല ഗോത്രം; അവക്കു പിതാവുമില്ല, പിതാമഹനുമില്ല. അതുകൊണ്ടു്, 'അങ്ങേയ്ക്കു് ഈ കന്യയേ തരുന്നു' എന്നു മാത്രമായിരുന്നു ദാനാവസരത്തിലേ മന്ത്രജപം."

101. "ഞാനൊരു പൊട്ടക്കൃതി എഴുതി അടിയറവെയ്ക്കുന്നതു കുററമാണെങ്കിൽ ആ കുററം നിന്തിരുവടിയുടേതുതന്നെയാണു്; അല്ലയോ ദേവി! നല്ലോരു കൃതിയാണു് അവിടേയ്ക്കു ഞാൻ സമപ്പിക്കേണ്ടതെങ്കിൽ, അങ്ങനെ അനുഗ്രഹിച്ചോളു; അതാണു് അതെന്നു പറഞ്ഞതു്?"

102. "ഭക്ഷണം മൃഗകുലത്തിനെന്തു? ഭയരക്ഷയെന്തരുളിടുന്നു നീ?-
യക്ഷതം തടപി നിന്റെ ഭാഗ്യമതു പുല്ലതിന്നു സുഖമായു് വന്നേ
പക്ഷമോടധിപനായ നിൻ നതി കൊതിച്ചുവന്നിടുകിലിന്നു ഹ-
ര്യക്ഷ! കിം തവ ഗുഹാഗൃഹത്തിനു പുറത്തിറങ്ങുവതിനും പണി?"
(കേരളവമ്മവലിയകോയിത്തമ്പുരാൻ).

103. "ലോകേശന്റെ മുഖത്തു, മാമലർമകൾക്കാന്തന്റെ മാത്തട്ടിലും,
നാകേശന്റെ വപുസ്സിലും സ്വവിജയസ്തംഭങ്ങൾ നാട്ടി, സ്മരൻ
ധീകേടോടു കടന്നുചെ,ന്നെവനെഴും കൺതീയിൽ വീണീയൽപോൽ
വേകേററാ; നവനെൻപുരാ,നിതരനെപ്പേരിന്നുമോരില്ല ഞാൻ."

104. "അക്കാസ്സാരഥിയാകയാൽ ശതധൃതിക്കായുസ്സു കിട്ടി ചിരാ;-
ലാക്കാപ്പോക്കണയാകയാൽ കമലയാൾ കണ്ണന്നു തീറായു് ധ്രുവം;
ശാക്കാലാരുടെയാശ്രയിച്ചു ഫണിതൻഭാഷ്യം പ്രമാണം ബുധ-
ന്മാക്കാശ്രീശിവനെൻപുരാ,നിതരനെപ്പേരിന്നുമോരില്ല ഞാൻ."

105. "ഊററത്തിൽത്തുയിതന്നെ സാക്ഷി,സുലഭത്വത്തിൽ പിശാചൗഘമാം,
തോററത്തിൽ കവിയും വരം തരുവതിൽ, ശ്രീവ്യാഘ്രപാദാത്മജൻ,
ഏററം വൻപിഴയും പൊറുപ്പതിൽ മുറയ്ക്കാക്കന്ധകൻ താനു;മാ
മാററമ്പുന്നവനെൻപുരാ,നിതരനെപ്പേരിന്നുമോരില്ല ഞാൻ."

106. "സകലജനങ്ങളും മഹാവിഷ്ണുവിനെത്തന്നെയാണു് ഭജിക്കേണ്ടതു്. കാരണം, അവിടുത്തേക്കുള്ളതുപോലെ, വാത്സല്യം, അഭയദാനം, ആപൽത്രാണം, ഔദായ്യം, പാപനാശനം, പരമപദപ്രാപണം എന്നിവയൊന്നും മററാക്കും കാണപ്പെടുന്നില്ല. ഇക്കായ്യത്തിൽ, പ്രഹ്ലാദൻ, വിഭീഷണൻ, ഗജേന്ദ്രൻ (ഇന്ദ്രദ്യുമ്നമഹാരാജാവു്), പാഞ്ചാലി, അഹല്യ, ധ്രുവൻ, എന്നിവർതന്നെ സാക്ഷികൾ."

Digitized By Kerala Sahitya Akademi

107. "നന്നായ്ചൊൽവോനെഴും വേഷം വേല ജാതിയിതൊന്നുമേ
അരും നോക്കി,ല്ലിതിൽ ചെററക്കയിൽപ്പറവ ലക്ഷ്യമാം.
കരയും ശിശുവും, കുത്താൻ വരുമപ്പശുവും, തഥാ
കൊല്ലാനെത്തുന്ന രിപുവും സാന്ത്വത്താൽ സ്വന്തമായ്‌വരും."
108. "എങ്ങും ശൂരനെ മാനിക്കുമെങ്ങും താൻ ഭീരു വധ്യനാം;
വെറുമാടിനെ വെട്ടുന്നു; പൂജിപ്പൂ യുദ്ധമത്തനെ."

109. "നാലുവേദങ്ങളുള്ളതിൽ, ഓരോ വേദങ്ങൾക്കും എത്രയോ ശാഖകൾ ഉണ്ട്; ഓരോന്നിനും വെവ്വേറേ ഉപനിഷത്തുകളും ഉണ്ട്. അൎത്ഥജ്ഞാനമിരിക്കട്ടെ; വെറും അക്ഷരഗ്രഹണം മാത്രമാണെങ്കിൽത്തന്നെ, എത്ര മനുഷ്യൎക്ക് എത്ര ജന്മംകൊണ്ട് അങ്ങനെ പഠിച്ചുതീൎക്കാൻ സാധിക്കും?

ഇനി ശാസ്ത്രങ്ങളാണെങ്കിൽ, ഓരോന്ന് ഓരോ വഴിയേ പോയിരിക്കുന്നു. വ്യാഖ്യാനങ്ങളോ, ഓരോന്നിനും പല പ്രകാരത്തിലും! ഹേ! ദേവി! ശ്രീപാൎവ്വതി! ഇതാണ് ഈ ലോകത്തിലേ സ്ഥിതിയെങ്കിൽ, എങ്ങനെയാണ്, ആരാണ് ആ വേദക്കരിമ്പാറകളുടെ സാരം ഗ്രഹിക്കുവാൻ ആളായിത്തീരുക?

വേണ്ട; വളരെക്കാലംകൊണ്ട്, അനവധി ജന്മംകൊണ്ട്, ആ വേദാക്ഷരങ്ങളൊക്കെ അങ്ങു ഗ്രഹിച്ചു; ഉടനേതന്നെ അൎത്ഥങ്ങളും എല്ലാം അറിഞ്ഞു; അതു രണ്ടും സാധിച്ചതുകൊണ്ടായോ? ദ്വൈതാദികൾ കല്പിച്ചിട്ടുള്ള സന്ദേഹകല്ലോലങ്ങൾ നിറഞ്ഞിരിക്കുന്ന ദുഷ്പൂൎവ്വപക്ഷസമുദ്രങ്ങളെ പിന്നെയും ലംഘിക്കേണ്ടതായിട്ടുണ്ടല്ലോ; അതിനെന്തു ഗതി? അതെങ്ങനെ സാധിക്കും?

എനിക്കു സംശയമൊന്നുമില്ല; ബ്രഹ്മം, ശക്തി, മായ, ഭവാനി ഇത്യാദി അഞ്ചോ പത്തോ ശബ്ദങ്ങളെ ഇട്ടുകൊണ്ടു 'പിരട്ടാൻ' അല്ലാതെ, മററാരു വകയ്ക്കും ഈ ശാസ്ത്രപരിശ്രമം പാടവം നല്കുന്നതല്ല."
110. "തനയരെയറിയിക്കുന്നു പിതൃഭക്തിയെ,യച്ഛനായ് കല്പന്നു;
പരദാരങ്ങളെ വേൾപ്പൂ, ദാരങ്ങളോടോതിടുന്നു ചിലർ ധൎമ്മം!"
111. "ദുൎമ്മേധസ്സാം വിധി, വിധിയെഴുതട്ടേ തലയിലെന്തു,മെന്തതിൽമേ?
ശിവനുടെയിടതോ വലതോ ചരണം ശരണം ഗമിക്കുമീയുള്ളോൻ."
'കലഹമൊരിക്കലുമരുതെ'ന്നൊരുമയി,ലൊരുമെയ് കലൎന്നുവാഴുന്നോർ
ശിവ,രെന്നെക്കാക്കുന്നതിൽ, 'ഞാൻ ഞാൻ' എന്നാന്നിടുന്നു
[ബഹുകലഹം."
112. "കാരുണ്യാബ്ധേ! ശമിച്ചു ജരാദഹന,നക്കാമവൃത്താന്തമേ തീ,-
ന്നോരോരോ ദിക്കിലോടീട്ടൊടുവിലഥ തളൎന്നിന്ദ്രിയാശ്വങ്ങൾ വീണു;
വൈരിക്കൂട്ടങ്ങളേവം ഗിരിശ!വിധിവശാലൊക്കെയുംതീൎന്നെനിക്കി-
ന്നോരുമ്പോൾ ചിത്തമേകം ശിവ! ശിവ! വശമാകുന്നതി,ല്ലെന്തു
[ചെയ്‌വൂ?" (കേ.സി. കേശവപിള്ള)

Digitized By Kerala Sahitya Akademi

113. "..(മഹാദുഃഖസിന്ധൌ
നീന്തും) ഞങ്ങൾക്കു ശംഭോ! ശരണമഹഹ! നീതന്നെ നീതന്നെ
[നാഥ!" (ടി)

114. "എന്തു ചെയ്യേണ്ടുന്നതെന്നറിയാതേയും, ധൈര്യം തകർന്നും, വേദപാഠം ഇടയ്ക്കുവെച്ചു നിർത്തിയും, തൊണ്ടവരണ്ടും, ബ്രഹ്മാവുപോലും അപ്പോൾ അത്യന്തപരിഭ്രാന്തനായിത്തീൎന്നു."

115. "ആ പൎവ്വതത്തിലെ മഞ്ഞിൻതുള്ളികളെ അങ്ങിങ്ങു ചിന്നിച്ചും ചിതറിച്ചുമാണു് ചന്ദ്രൻ സുധാകരനായിത്തീൎന്നതു്; അതെ; അതിന്റെ ഒരു കൊട്ടമുടിയാണു് ഇന്നും കൈലാസകീൎത്തി കൈക്കൊണ്ടിരിക്കുന്നതു്!"

116. "ആ സ്വപ്നത്തിൽ സ്വല്പസമയംമാത്രം ആ സുന്ദരി മിന്നൽപോലെ പെരുമാറി; ഉടനേ ഗന്ധൎവ്വനഗരിപോലെ ആകാശത്തിൽ മറഞ്ഞുകളഞ്ഞു! അവളുടെ കുലശീലാദികളോ, പാൎപ്പിടമോ എനിക്കറിവാൻ കഴിഞ്ഞില്ല; ഹാ! ആ സുഭ്രുമണിയുടെ സംഗമത്തിനു ഞാൻ കൊതിച്ചിട്ടു് ഒരു കാൎയ്യവുമില്ല!"

117. "ഭരണാധികാരമെന്ന ദുൎഭൂതം പിടികൂടിയിരിക്കുന്ന രാജാക്കന്മാരുടെ ബുദ്ധിയുടെ ഗതി ഒന്നു വേറേതന്നെ; സാധിക്കാത്തതൊക്കെ മന്ത്രിയുടെ കുററംകൊണ്ടു്; സിദ്ധികളോ, തങ്ങളുടെ മിടുക്കുനിമിത്തവും!"

118. "അവിടത്തെ മഹാകവികളുടെ അത്യന്തമനോഹരങ്ങളായ വാക്യങ്ങൾ നവാമൃതവൎഷത്തോടു മത്സരിച്ചുകൊണ്ടിരിക്കുന്നതുമുണ്ടു്."

119. "രത്നകനകാദിസമ്പത്തു സൎവ്വം തന്നേയ്ക്കാം എന്നുള്ള സൂത്രം എന്നോടു് എടുക്കേണ്ട; ആവാമെങ്കിൽ ഇതൊന്നേ എനിക്കു തരേണ്ടു; അതായതു്, ത്രിമൂൎത്തികൾ കൂടി പ്രാൎത്ഥിക്കുന്നതും, ഒരുഗതിയും തട്ടിയെടുക്കാത്തതും, തപസ്സുകൊണ്ടും ലഭിക്കാത്തതും ആയിട്ടു് അങ്ങയുടെ ദയാസാമ്രാജ്യസിംഹാസനമുണ്ടല്ലോ, അതുതന്നെ."

120. "അവിടെയുള്ള കാവേരീനദിയുടെ മാധുൎയ്യംതന്നെ മഹനീയമാണു്. എന്നാൽ അതിലേറെ നന്നു് അവിടുത്തെ ഇളനീർജലം; അതിലും അതിവിശേഷമായ മഹാകവിസൂക്തികളും അവിടെത്തന്നെയാണുള്ളതു്."

121. "ശംഭോ! ഗൎഭംമുതല്ക്കും, കുലപതിമുതലും പത്മഭൂസൃഷ്ടിതൊട്ടും,
നിൻപാദാബ്ജത്തിലെത്താനടിയർ തുനിയുവോരെന്നു തേ ബോ-
[ധമില്ലേ? (കെ. സി. കേശവപിള്ള)

122. "സ്വാദിഷ്ഠങ്ങളായ രസങ്ങളെ ഒക്കെ കടുക്കളാക്കിച്ചമയ്ക്കട്ടെ; 'അരുതേ, അരുതേ' എന്നുപറഞ്ഞു കരഞ്ഞു് അകന്നുനില്ക്കുന്ന പദങ്ങളെ പിടിച്ചു വലിച്ചിഴച്ചുകൊള്ളട്ടെ; കവിതയെഴുതിക്കോട്ടെ; ലജ്ജിച്ചുകൊള്ളട്ടെ; ഇക്കാലത്തെ കവികൾ ഇത്തരം സാഹസമേതെങ്കിലും ചെയ്യട്ടെ! എന്നാൽ മധുരരസമെവിടെ; മധുരണിതിയെവിടെ—എന്നിങ്ങനെതന്നെ

Digitized By Kerala Sahitya Akademi

നോക്കിക്കൊണ്ടിരിക്കുന്ന ഈയുള്ളവരുടെ ശ്രവണപുടങ്ങളെ ഇവരെന്തിനു ദഹിപ്പിക്കുവാൻ പുറപ്പെട്ടുന്നു? അതാണ സഹ്യം."

123. "അഞ്ചാറു പദങ്ങളെ പെറുക്കിനിരത്തി, 'ഞാറൊവിടെ, വെള്ളതിയെവിടെ? കാളിദാസൻെറ കവിതാരീതിതന്നെ തുച്ഛം!'—എന്നാണല്ലോ പുതുകവികളുടെ ഭാവം."

124. "അവ്വണ്ണമെല്ലാമുള്ള ആ ശതാധികപ്രബന്ധനിമ്മാതാവായ അപ്പയ്യദീക്ഷിതരുടെ അംശഭൂതന്മാർതന്നെയാണ് ഇവർ; അല്ലെങ്കിൽ ഈ മാഹാത്മ്യം ഇവക്കുണ്ടാകുമായിരുന്നില്ല."

125. "അപ്പയ്യദീക്ഷിതരുടെ പുത്രന്മാരിൽ ഉപാന്ത്യഭൂതനാണ് നീലകണ്ഠദീക്ഷിതർ; നീലകണ്ഠദീക്ഷിതരുടെ പത്തു പുത്രന്മാരിൽ ൩-ാമൻ 'ചിന്നമാപ്പാ'ധ്വരി; ആ ദീക്ഷിതരുടെ പുത്രൻ 'ഭവാനിശങ്കരദീക്ഷിതർ'; അദ്ദേഹത്തിൻെറ പുത്രൻ 'വേങ്കടേശ്വരദീക്ഷിതർ'; വേങ്കടേശ്വരദീക്ഷിതപുത്രനത്രേ ഇതിൻെറ (വസുലക്ഷ്മീകല്യാണത്തിൻെറ) കത്താവു്.

'വേങ്കടസുബ്രഹ്മണ്യദീക്ഷിതർ ജനിച്ച ആ അപ്പയ്യദീക്ഷിതവംശം മേൽക്കുമേൽ വിളങ്ങട്ടെ!"

* * *

126. "മുൻപിൽ നല്ല സംഗീതക്കാർ; രണ്ടുവശത്തും സരസരായ ദാക്ഷിണാത്യകവികൾ; പുറകിൽ, വെൺചാമരം വീശുന്ന സുന്ദരീരത്നങ്ങളുടെ കരവലയകാണം—എടോ, മനസ്സേ! ഇങ്ങനെ സാധിക്കുമെന്നുണ്ടെങ്കിൽ, ആ ഇഹലോകസുഖം ഒന്നു ഭുജിച്ചുനോക്കാം; ഇല്ലേ, എങ്കിൽ വേഗം നിർവികല്പസമാധി അടഞ്ഞുകൊള്ളുക!"

* * *

127. "സജ്ജനങ്ങൾ കാണിച്ചുതന്ന വഴിയേ തന്നെ അററംവരെ പോവാൻ സാധിക്കുകയില്ലെങ്കിൽ, വേണ്ട; കുറേയെങ്കിലും അവരെ അനുഗമിക്കുക. ആ വഴിയിൽചെന്നു കൂടിയാൽ പിന്നെ ദുഃഖിക്കേണ്ടിവരികയില്ല."

---

൧൨. തിരുവിതാംകൂർ മഹാരാജകുടുംബം.

1. "അരുടെ വാക്ക 'മനോരമ' (പ്രൌഢമനോരമയെന്നും)യായിരിക്കുന്നു, ആരുടെ മുഖം 'കുവലയാനന്ദത്തേ' (ജനതൃപ്തിയേ—അലങ്കാരശാസ്ത്രഗ്രന്ഥത്തെ)നല്കുന്നു, ആരുടെ കൈത്തലങ്ങൾ അത്ഥികൾക്കു ചിന്താമണി (ഒരു തക്കശാസ്ത്രഗ്രന്ഥത്തിൻെറയും പേർ)കളാണു്, ആരുടെ മധ്യം അതികൃശം(മീമാംസാശാസ്ത്രസ്ഥാനമെന്നും)ആണു്, ആരുടെ ദൃഷ്ടിയാണോ'ശ്രുത്യന്ത'(വേദാന്തമെന്നും, കാതുവരെ എന്നും)സഞ്ചാരിയായിട്ടുള്ളതു്, ആ മഹാരാ

Digitized By Kerala Sahitya Akademi

ജകുലശേഖരനെ വിട്ടു മററാരിലാണ് വിദ്യാശേവധി വർത്തിക്കാവുന്നതു്, വർത്തിക്കുന്നതു്?"

2. "ക്ഷിതിപർ പലർ വിളങ്ങിടട്ടെ, രാജ-
ന്വതി ധരയിന്നിവനാലെയെന്നുരപ്പൂ;
മതിയണയുകിലേ ഗ്രഹോഡുസത്സം-
ഹതിയണിരാവു വെളിച്ചമുള്ളതാവൂ." (കണ്ടൂർ)

---

൧൩. രുദ്രാംബാരാജ്ഞി.

1. "യാതൊരു മൂന്നുദേവന്മാരാൽ ഈ ദേശത്തിനു 'ത്രിലിങ്ഗ'വിഖ്യാതി ലഭിച്ചുവോ, ഏതു ദേവന്മാർക്കു കാകതീയരാജാക്കന്മാരുടെ യശഃപ്രസരങ്ങളാൽ കൈലാസപർവ്വതങ്ങൾ നിർമ്മിക്കപ്പെട്ടുവോ; ശ്രീശൈലം, കാളഹസ്തി, ദ്രാക്ഷാരാമം എന്ന മൂന്നു ക്ഷേത്രങ്ങളിലായി വസിക്കുന്ന ആ മൂന്നുദേവന്മാരും അങ്ങേയ്ക്കു നിത്യാഭ്യുദയം നൽകട്ടേ!"

2. "വീരലക്ഷ്മീദേവിയുടെ ഭദ്രാസനമായിട്ടുള്ള ഭുജങ്ങളോടുകൂടിയവനായിട്ടു്, ആ രാജകുലത്തിൽ ദുർജ്ജയനെന്ന രാജാവു ജനിച്ചു. അദ്ദേഹത്തിന്റെ ഘോഷയാത്രയിൽ, കുതിരക്കുളമ്പുകളിൽ നിന്നു പുറപ്പെട്ട പൊടിപടലത്താൽ വററിക്കപ്പെട്ട വെള്ളത്തോടുകൂടിയ സമുദ്രങ്ങൾ, അഗസ്ത്യൻ വരുത്തിക്കൂട്ടിയ ആപത്തുകളെ സ്മരിച്ചുപോകുന്നു."

൩. "ഗണപതിമഹാരാജാവിന്റെ ഘോഷയാത്രയിൽ അകമ്പടിക്കാരായ ദണ്ഡപാണികൾ പർവ്വതങ്ങളുടെ മുകളിൽ നാട്ടീട്ടുള്ള കൊടിക്കുറകളിലുള്ള വരാഹ(കൊടിയടയാളം)ത്തെക്കണ്ടാൽ, പ്രളയജലധിയിൽനിന്നുദ്ധരിച്ച ഭൂമിദേവിയെ ഗണപതിമഹാരാജാവിൽ സമർപ്പിച്ചു്, ശ്രമാപനോദനം ചെയ്യുവാൻ ആദിവരാഹം ഉയർന്നുനില്ക്കുകയാണോ എന്നുതന്നെ തോന്നും."

4. "മൃഗാങ്കൻ (ചന്ദ്രൻ) കോല(വരാഹ)ാങ്കനായി തീർന്നു; കമലത്തിൽ (താമരപ്പൂവിൽ) ലക്ഷ്മീദേവി നിവസിക്കുന്നു എന്നുവെച്ചു ഭർത്താവായ വരാഹവും എത്തീട്ടുണ്ടു്; എന്നിങ്ങനെ വിചാരിക്കപ്പെടുകയാലാവണം, ഇവർ രത്യന്തത്തിൽ ലഗ്നാഗണ്ഡമാംവണ്ണം (അന്യോന്യം കവിൾത്തടങ്ങൾ ചേർത്തു്) ഭർത്താവിനോടുകൂടെ കിടന്നുറങ്ങാതിരുന്നതു്"—എന്നീവിധം തോഴിമാർ രാവിലേ (പത്തിക്കീററണിഞ്ഞ കവിൾത്തടങ്ങൾ കണ്ടിട്ടു) കളിയാക്കി പറയുമ്പോൾ, ഗണപതിമഹാരാജാവിന്റെ ശത്രുക്കളുടെ ഭാര്യമാർ ലജ്ജയോടും പശ്ചാത്താപത്തോടും കൂടെ തലതാഴ്ത്തി, കപോലതലങ്ങളെ കൈത്തലങ്ങളാൽ പൊത്തിപ്പിടിക്കുന്നു.

ആ ഗണപതിമഹാരാജാവിന്റെ പ്രധാനസചിവനും, രാജസഖിയും മററുമായ ശ്രീസാമന്തഭോജൻ കാഞ്ചീപുരത്തു തന്റെ സ്വാമിയുടെ ശാസനത്തെ വേണ്ടവിധം നടത്തിയിരിക്കുന്നു."

Digitized By Kerala Sahitya Akademi

5. "'ഉമാ' എന്നു നിർദ്ദേശിക്കപ്പെട്ട അവൾതന്നെയാണ്, 'സോമാ'എന്നുകൂടി പ്രഖ്യാതയായതു്. അവിടുത്തെ ആ മാതാവു സാക്ഷാൽ പാർവ്വതീദേവിതന്നെ; പിതാവോ, ശ്രീഗണപതിദേവനും!"

6. "ആരുണ്ടായ് സച്ചരിത്രപ്രഥപുലരുവൊരിക്കാകതീയാന്വയത്തിൽ-
ത്താരുണ്ണിദ്ദേവനാക്കിങ്ങവിരതമരുളീടുന്നു വൻനന്മ മേന്മേൽ;
ഓരുമ്പോൾ സർവ്വഭൂപാലകമുകുടമണിത്തോഴിയാമാജ്ഞയാക്കാ-
ണാ രുദ്രശ്രീനരേന്ദ്രൻ സകലഗുണഗണംപൂണ്ടു മിന്നിജ്ജയിപ്പൂ.

പണ്ടു ശ്രീകൈലാസത്തിൽ അൎദ്ധാങ്ഗനാരിയായി ഏതൊരു രുദ്രദേവൻ ഇരുന്നരുളിയോ, അദ്ദേഹം തന്നെയാണ് ഇന്നു കാകതീയവംശത്തിൽ സർവ്വാങ്ഗനാരിയായി സ്ഥിതിചെയ്യുന്നതു്; പണ്ടത്തെ രുദ്രൻ വിഷമാവലോകന (തൃതീയനേത്ര)കലകൊണ്ടു മാത്രം വൈരിപുരങ്ങളെ ഭസ്മീകരിച്ചതുനിമിത്തം, ഈ രുദ്രനും ആ അവസ്ഥ യുക്തംതന്നെ; എന്നാൽ ഈ രുദ്രൻ വിഷത്തെ ധരിക്കുന്നതു കണ്ഠത്തിലല്ല കരവാളിലാണ് എന്നുള്ളതു് ആശ്ചര്യമായിരിക്കുന്നു."

7. "ശിലാശകലം, സംസ്കാരവിശേഷങ്ങളാൽ ഭുക്തിമുക്തിപ്രദമായിത്തീരുന്നു; എന്നിരിക്കെ പാഷാണത്തിലും ഉൽകൃഷ്ടനായ ശൂദ്രനു് എന്തുകൊണ്ടു ശിവത്വം പൂകിക്കൂടാ?"

8. "വിഷ്ണുഭഗവാന്റെ ആദ്യത്തെ മാതാവു കൌസല്യാദേവി; രണ്ടാമത്തെ അമ്മ ദേവകീദേവി; മൂന്നാമത്തെ ജനനിയാകട്ടെ മനസ്വിനിയായ 'മുമ്മഡാംബ'യാണ്; ലോകരക്ഷയ്ക്കായിട്ടു ത്രേതായുഗത്തിൽ ശ്രീരാമനായും ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണനായിട്ടും ആർ അവതരിച്ചുവോ, ആ ആൾതന്നെ ഈ കലിയുഗത്തിൽ വീരരുദ്രദേവനായിട്ടവതരിച്ചു വിജയിക്കുന്നു."

9. "ഒരിക്കൽ, ഒരു രാത്രിയിൽ,അൎദ്ധാങ്ഗനാരിയും നിടിലാക്ഷനും ചന്ദ്രശേഖരനും ഗങ്ഗാധരനും ആയ ഒരാൾ ചിരിച്ചുകൊണ്ടു് എന്റെ മുൻപിൽ പ്രത്യക്ഷീഭവിക്കുകയുണ്ടായി;അതു കുലദേവതയായ പരമേശ്വരൻ തന്നെ എന്നുറച്ചു ഞാൻ വേഗത്തിൽ എഴുന്നേററു."

ഞാനദ്ദേഹത്തെ നമസ്കരിച്ചു സ്തുതിക്കുകയും രത്നസിംഹാസനത്തിൽ ഇരുത്തുകയും ചെയ്തു.

മാത്രമല്ല, പൂർണ്ണകുംഭാദികൾ വെച്ചു് ആ കുലപരദേവതയെ ഞാൻ വിധിവൽ പൂജിക്കുകയും ചെയ്തു.

കുനിഞ്ഞു തൊഴുതുനിന്നിരുന്ന എന്നോടു്, കുലദേവതയായ നിന്തിരുവടി ഇങ്ങനെ പറയുകയും ചെയ്തു: —

ഭൂലോകത്തിന്റെ ഭാഗ്യപരിപാകമായും, ഭൂമിദേവിയുടെ തപഃഫലമായും, പ്രജകളുടെ ചാരിത്രഫലമായും ആണ്, പ്രതാപരുദ്രദേവൻ ഇവിടെ അവതരിച്ചിരിക്കുന്നതു്.

പണ്ടു് എന്റെ ആജ്ഞ അനുസരിച്ചു്, പുത്രനായി സ്വീകരിക്കപ്പെട്ടിരിക്കുന്ന ഈ ദൌഹിത്രനിൽ, രാജ്യഭാരം നിശ്ശേഷം നീ സമർപ്പിച്ചാലും!"

Digitized By Kerala Sahitya Akademi

10. "മഹാമണ്ഡലചക്രവൎത്തിയായ ശ്രീമൽപ്രതാപരുദ്രദേവൻ 'ഏകശിലാനഗരി'യിൽ (ഓരുങ്കൽ) ഇരുന്നു രാജ്യം ഭരിക്കുകയാകുന്നു. അദ്ദേഹത്തിന്റെ സൈന്യാധിപൻ മുപ്പിടിനായ്ക്കൻ ശത്രുക്കളെയെല്ലാം തുരത്തി, 'നള'വൎഷത്തിൽ കാഞ്ചീപുരത്തു് എത്തിയിരിക്കുന്നു."

11. "ഗുണങ്ങളൊക്കെത്തികയുന്ന സൃഷ്ടി-
ക്കിണങ്ങിടാ പത്മഭവപ്രവൃത്തി." (കണ്ടൂർ)

---

൫൪. ഗങ്ഗാദേവി.

1. "അഥ കമ്പനരേന്ദ്രനാദരാൽ നിജസന്ധ്യാവിധിചെയ്തു വേണ്ടപോൽ
അരികത്തമരുന്ന 'ഗങ്ഗ'യാം പ്രിയയോടായിതുമട്ടു ചൊല്ലിനാൻ.
'ദയിതേ! സരസാശു ഭാഷണം വഴിയിരാത്രിയെയൊന്നു വാഴ്ത്തണേ!
തവ വാഗമൃതം സ്വദിക്കുവാനിവനിപ്പോളതിമാത്രതൽപ്പരൻ.'
പ്രിയനിങ്ങനെ ചൊന്നനേരമാ മുഖപത്മം ചെറുതൊന്നുതാഴ്ത്തിയും,
നറുപുഞ്ചിരി തൂകിയും, മുറയ്ക്കവൾ വൎണ്ണിച്ചുതുടങ്ങി മെല്ലവേ."

2. "അണിപൂമണമാൎന്നതെന്നലും നിലയേലാത്ത നിലാവുമാൎന്നിതാ!
വിലസുന്നു, നരേന്ദ്ര! പാരമിസ്സമയം, കാണുക, കാമദീപനം!
ഇരുളാകമിരിമ്പളിപ്രഭം ശരിയായ് നീററി നിജോദയാഗ്നിയിൽ,
പുതുപൊന്നു ചമയ്പൂ പൂനിലാവിതി കളത്തൊട്ടമോഷധീശ്വരൻ."

3. "നല്ലോക്കർത്തെളിവേകട്ടെ 'വാല്മീകി'മുനിപുങ്ഗവൻ,
പദ്യനിൎമ്മാണവിദ്യയ്ക്കിങ്ങാദ്യമായുള്ള പാൎപ്പിടം.
'വ്യാസന്റെ' വാക്കിനുണ്ടല്ലോ,കരിമ്പിന്നെന്നപോലവേ,
പെട്ടെന്നുള്ളം കുളിൎപ്പിക്കും സാരം പൎവ്വത്തിലൊക്കെയും.
'കാളിദാസ'ന്നു ദാസന്മാർ കവിവൎഗ്ഗം സമസ്തവും,
ഇന്നും തദൎത്ഥമാത്രത്താലുപജീവിക്കുവോരവർ.
വാണിതൽപ്പാണിയാൽ മീട്ടും വീണതൻക്വാണമെന്നിയേ
'ബാണ'ന്റെ വാണിയോടൊപ്പമാക്കെന്തോതാൻ കഴിഞ്ഞിടും!
മട്ടിക്കിൽ തുമണം പാററും 'ഭാരവി'ക്കുള്ള ഭാരതി
പദഗുമ്പക്ക ചമൽക്കാരം ചേൎപ്പൂ വകുളമാലപോൽ.
അമൃതോലുന്ന നൽ 'ദണ്ഡി'വചനശ്രീ നിനയ്ക്കുകിൽ
അണിവാണി മുഖം നോക്കും മണിമാണിക്യദൎപ്പണം.
'ഭവഭൂതി'ക്കെഴും വാണി സുരഭിപ്പൈതലല്ലയോ?
സുധാമൃതം ചുരത്തുന്നു പണ്ഡിതക്കു ചെവിക്കവൾ."

4. "മന്ദാരത്തൊത്തിലൊഴുകും പൈന്തേൻപാസമയാബ്ധികൾ,
കരളാൎക്കു കുളൎപ്പിക്കാ 'കണ്ണാമൃതകൃട്ട'ക്തികൾ?"

Digitized By Kerala Sahitya Akademi

5. "നാഗങ്ങൾക്കശ്രേഷനെപ്പോൽ, ഹിമവാൻപോൽ നഗങ്ങളിൽ,
ദേവന്മാരിലുപേന്ദ്രൻപോൽ ഒന്നാമനരചക്കവൻ.
സൂര്യനെക്കാൾ സുതേജസ്വി, തിങ്കളെക്കാൾ സുശീതളൻ,
ആഴിയെക്കാൾ സുഗംഭീരൻ അവൻ മേരുവിലും സ്ഥിരൻ."

6. "വിവേകംതന്നെ സചിവൻ, സ്വചാപംതന്നെ സൈന്യവും,
കൈയുതാൻകൂട്ടിത്ഥമവനോത്താൻ യുദ്ധം തുടങ്ങവേ.
ശത്രുഭൂപപ്രാണവായുവുണ്ടുഭീഷണം---ആയവൻ-
കൈക്കൊണ്ട വാളാം വൻപാമ്പു തിത്തു നൽകീത്തികഞ്ചുകം.
തൽപ്രതാപത്തീ പടന്നു പിടിച്ചിട്ടെന്നപോലവേ
കരിക്കട്ടപ്രായമായീ ശത്രുഭൂപാലകീത്തികൾ.
വിടരും വനിതാവല്ലീവിലാസത്തിൻ വനാവനി;
തെക്കുദിക്കായ മൈക്കണ്ണിക്കൊത്ത നെററിപ്പുരപ്പുണി;
ദ്വിജരാജ(ചന്ദ്രനെന്നും ബ്രാഹ്മണരെന്നും) സമുല്ലാസ-
ത്തിന്നു രാകാനിശീഥിനി (വെളുത്തവാവിലേ രാത്രി,)
ഗന്ധവ്വവർഗ്ഗ(കുതിരകളെന്നും) സഹിത-
പ്പുത്ഭിവ്യവരൂഥിനി (സൈന്യം-അതോടുകൂടിയതു്-ബഹുവ്രീഹി)
ഭുജങ്ഗ(പാമ്പെന്നും വിടന്മാരെന്നും) സങ്ഘപ്പാർപ്പിന്നു
ഭൂതേശൻെറ ശിരഃസ്ഥലി;
സുമനസ്സ്തോമ (സജ്ജനങ്ങളെന്നും ദേവന്മാരെന്നും) വാഴ്ച യ്ക്കു
സുമേരുഗിരിതൻ തടി;
ഭാഗ്യാഭിവൃദ്ധിതൻ ലീല, സവ്വസമ്പത്തിശാലിക,
രത്നരാജിക്കു തൂമാല, പുണ്യമാം കടലിൻകര.
നീരുണ്ട കാർകൊണ്ടൽ നിരവ്വുല്യവും,
പൂന്തിങ്കളുൾച്ചേന്നൊരു വേലപോലെയും,
അകത്തു മുത്തേന്തിന ചിപ്പിയൊത്തുമേ
നിനച്ചു നാൾപോകെ നൃപൻ സ്വപത്നിയേ."

9. "കൃശാങ്ഗിയായോരവൾതൻെറയങ്കമലങ്കരിക്കും സുതനേ ക്ഷമേശൻ
ശരത്തിലേശ്ശൈവലിനീതരങ്ഗസ്ഥയായ കഞ്ജന്നമൊടൊത്തു [കണ്ടാൻ.
തളിത്തുടുപ്പേന്തിന കൈപ്പുടങ്ങ-ളടിക്കടിക്കൊട്ടു ചുരുട്ടിരണ്ടും
തൻശത്രുലക്ഷ്മീമുടിയിൽപ്പിടിച്ചു വലിക്കയാം വിദ്യ പഠിക്കവോനെ."

10. "കർപ്പൂരവും ചന്ദനവും കൊട്ടത്തില്ലവന്നു തൂമുത്തുകളും നിലാവും;
മേനിക്കു സംതൃപ്തി സുതൻെറയങ്ഗസംസ്പർശനം ഹന്ത! ചമച്ചു [പോലെ."

11. "കാമദ്വിപത്തിൻ കളിവാപിയായു്,ക്ഷമാ-
രാമയ്ക്കു ഭാഗ്യമസൂനരാജിയായു്,
കാമന്നതാങ്ഗീനയനോത്സവോദ്ഘമാം
ശ്രീമന്മയം യൌവനമാന്നിതന്നൃപൻ.

Digitized By Kerala Sahitya Akademi

കനത്തതോളിൽ, ദൃഢമായ്ത്തൂട്ടത്തിട്ടം
വിരൽക്കലംപൂണ്ടു, കൊഴുത്തുരുണ്ടതായ്,
ശരിക്കു മുട്ടിൽത്തൊട്ടുവോരുകൈകളാ
മഹീശനിൽക്കണ്ടു രസിച്ചിതേവരും"

12. "ഗുരൂപദേശം മൃദുവായ കുണ്ഡല-
പ്രകാണ്ഡമെന്നായ്പ്പറയുന്നു സത്തുകൾ,
വെളുത്ത നല്ലഞ്ജനമാണു കണ്ണുകൾ,-
ക്കുടൽക്കനോവാത്ത തപസ്സുമായതാം.
നയാഗമത്തെ ഗ്രഹിയാതെ മത്തനായ്
സ്വതന്ത്രനായുള്ള യുവക്ഷമേശനെ
ഇരുണ്ടരാവക്കുളിർതിങ്കളെക്കണ-
ക്കുടൻ കെടുത്തും വ്യസനോത്ഥദുഃസ്ഥിതി.
ഹിതങ്ങൾചെയ്യാലുമിണങ്ങിടാ ദൃഢം
പ്രജയ്ക്കു ഭൂപൻ പരുഷം പുലമ്പുവോൻ.
പയസ്സു വർഷിക്കുകിലും ഭയങ്കരൻ
ഘനാഘനം പോർത്തിടിതട്ടിവീക്കുവോൻ."

13. "മന്ദരാഘട്ടനത്താൽപോൽ നടുക്കിക്കടലൊക്കവേ
രടിച്ചിതററത്തടിയേററൊരു യുദ്ധപ്പെരുമ്പറ.
കല്പാന്തരുദ്രൻ കൊട്ടീടുമുടുക്കിന്നൊച്ചപോലവേ
ഘോരഗംഭീരമായ്പ്പൊങ്ങി വാനിൽ തദ്ധ്വനിയുദ്ധതം."

14. "ഗരുഡന്നൊരു മിത്രംപോൽ, മനസ്സിന്നൊരു ബന്ധുപോൽ,
കാററിൻെറ തോഴനെന്നോണം, വേഗത്തിൻ കൂട്ടമെന്നപോൽ;
ഉള്ളത്തെവെന്ന തൻവേഗത്തിനു പോരാത്തഭൂമിയെ
പെരുംകുളമ്പടികളാൽ പരത്തുന്നവനെന്നപോൽ."

15. "ഒരർദ്ധരാവിൽ തിരിനിന്നുകത്തുവോരറയ്ക്കുകത്തന്ത്യരറങ്ങവേ കുശൻ
വരൻപിരിഞ്ഞാ വടിവാന്ന പുത്തനാം വരാങ്ഗിയെ പ്പാർത്തിതു
ണന്നെഴുന്നവൻ." (കുണ്ടൂർ)

16. "നിയതം മധുമഗന്ധവും നൽത്തുയിതൻ ഘോഷവുമെങ്ങു പണ്ടു
[പൊങ്ങി,
അതിമത്തർ തുരുഷ്കരിന്നിറച്ചിക്കെട്ടുനാററത്തിലടക്കി തൽ
[ഗൃഹൌഘം.
ബഹുതേങ്ങയുടച്ചുവെച്ചിരുന്നാ മധുരാന്നാടധുനാ തകർക്കുമുള്ളം
മഞ്ജത്തലയോട്ടു കോടികോർത്തിട്ടിളകും ശൂലസഹസ്രമിശ്രമല്ലോ.
പനിനീർത്തെളിചന്ദനദ്രവത്താൽ
കുളിർകൊള്ളിച്ചൊരു രാജസൌധമററം,
ഹാ! ഹാ! ബന്ദികളാം ദ്വിജാഢ്യസാധ്വീ-
നിരതൂകും ചുടുകണ്ണുനീരിൽ മുങ്ങി.

Digitized By Kerala Sahitya Akademi

സ്തനചന്ദനവെണ്മ നാരിമാർ മുൻ
പുരു ചേത്തീടിന താമ്രവണ്ണിവെള്ളം.
ഖലഘാതുകർ കൊന്നതിന്നുപോരും
പശുവിൻ ചോരകളാൽ ചുവന്നിതിന്നാൾ.

17. "പുതുപൊന്നുറവിട്ടു പൊങ്ങി പിന്നെ-
പ്പിടി ഭാസിപ്പൊരു ഭങ്ഗിപൂണ്ട ഖഡ്ഗം"
ഉടനേ പടമൂരിയുൽഗമിക്കും
പടുപാമ്പിന്നുടൽപോലതീവ ഭീമം.
ഭുവനാന്തമണച്ചിടുന്ന കാളിക്കിയലും വൻഗളമാന്ന കാരകിൽക്കും
അതിവെണ്മ വളത്ത കൂരിരുട്ടിൻകതിർ നാട്ടീട്ടതു വന്ധ്യമാക്കി ദീപം.
അകമേ നിഴലിച്ചു ദീപരോചി-
സ്സൊട്ടു, താപിഞ്ഛസുഗുച്ഛനീലമായി,
കൊടുമിന്നൽ വമിച്ചിടുന്ന മേഘ-
ച്ഛടതൻ സാദൃശിയായതാന്നിരുന്നു.
അരിഭൂപമഹേളമാക്കു കണ്ണീരണിയിപ്പോരതിനെ പ്രഭുപ്രധാനൻ
കരളിൽക്കരുതീ സ ചാകോപവഹിക്കിയലും പുഷ്കലധൂമദണ്ഡമെന്നായ്."

---

൧൩. രഘുനാഥനായ്ക്കനും രാമഭദ്രാംബയും.

1. "സേനകൾ, മന്ത്രിമാർ, അനുജീവികൾ ഇവരെല്ലാം അദ്ദേഹത്തിനു പഴയതുതന്നെയായിരുന്നു; എന്നാൽ, യശസ്സും, ഭണ്ഡാരവും, രാഷ്ട്രവുംപുതുപുതുതായിബ്ഭവിച്ചു."

2. "സുവൃത്തനായും, കലാനിധിയായും, നിഷ്കളങ്കനായും തീന്നു ചന്ദ്രനെക്കാളധികം ശോഭിച്ച ആ രഘുനാഥപ്രഭുവിൻെറ ഗുരുനാഥൻ യാതൊരാളാണോ—"

3. "'ജയന്തസേന' തുടങ്ങിയ രാഗങ്ങളേയും,'രാമാനന്ദം'മുതലായ താളങ്ങളേയും കണ്ടുപിടിച്ചു്, വീണവായനക്കാക്ക് അങ്ങു സങ്ഗീതവിദ്യയെ ഉപദേശിച്ചിരിക്കുന്നു.

മാത്രമല്ല; അങ്ങു്, ആത്മനാമാങ്കിതമായ ഒരു 'മേള'വിശേഷം സൃഷ്ടിച്ചു്, ആ മേളവിശേഷത്തിൽ സകലരാഗങ്ങളേയും പ്രകടിപ്പിക്കുവാനുള്ള വഴിയും കാണിച്ചിരിക്കുന്നു."

4. "അച്യുതാഭ്യുദയം മുതലായ നൂറു പ്രബന്ധങ്ങളുടെ കത്താവായ ഇദ്ദേഹത്തിൻെറ —"

5. "അവിടെ 'ലക്ഷ്മീവിലാസ'മെന്നു പേരുള്ള മഹാസദസ്സിൽ, കവികൾ, പണ്ഡിതന്മാർ, ഗായകന്മാർ, ചിത്രമെഴുത്തുകാർ, മുതലായവരോടും മന്ത്രിമാരോടുംകൂടി, അച്യുതരാജപുത്രനായ ശ്രീരഘുനാഥരാജൻ ഇരുന്നരുളുന്നു."

Digitized By Kerala Sahitya Akademi

6. "വാൎത്തികാഭരണമെന്ന മീമാംസാഗ്രന്ഥത്തിന്റെ നിൎമ്മാണം കൊണ്ടു തന്റെ 'തന്ത്രേടം' നല്ലവണ്ണം കാണിച്ച ആ ശ്രീവേങ്കടേശ്വര ദീക്ഷിതർ ശിഷ്യനായ എന്നിൽ അനുകമ്പാമയനത്രേ."

7. "വീണവായനക്കാരും, ശാസ്ത്രനിഷ്ണാതകളും, പ്രബന്ധസമൎത്ഥകളും ആയ പലേ മഹിളാമണികളും ഇദ്ദേഹത്തിന്റെ അടുക്കൽ ചെന്നു്, സ്വസ്വവിദ്യാസാമൎത്ഥ്യത്തെ പ്രദൎശിപ്പിച്ചു.

സൎവോത്തരങ്ങളായ സംസ്കൃതകൃതികളേയും, തെലുങ്കുകൃതികളേയും നിൎമ്മിച്ചു പരിപക്വയശസ്വിനികളായ അനവധി നവനീതാങ്ഗികളുണ്ടു്."

8. "നാലുതരം കവിതകളിലും ബഹുസാമൎത്ഥ്യമുണ്ടു്; വീണവായനയിലും പ്രവീണതന്നെയാണു്; പാണിനീയവ്യാകരണത്തിൽ അതിവൈദഗ്ധ്യം; ഒന്നിലധികം കാൎയ്യങ്ങളിൽ ഒരേസമയത്തു ശ്രദ്ധിക്കുവാനും അതിവിരുതാണു്; ഇതത്രേ വിനീതയായ തന്റെ നില."

9. "വീണവായന നടത്തുമ്പോൾ, ഓരോരുത്തർ ചൊല്ലുന്ന സമസ്യകളെ നിഷ്പ്രയാസം പൂരിപ്പിക്കുകയും മററും ചെയ്തിരുന്നു."

10. "ശ്രീരഘുനാഥപ്രഭുവിന്റെ ദയാപൂരംകൊണ്ടു് അനുനിമിഷം വളൎന്നുവന്ന വീണാവാദനവൈദഗ്ധ്യത്തോടും, സംസ്കൃതത്തിലും തെലുങ്കിലും ഉള്ള കവിതാവൈഭവത്തോടും കൂടിയ തന്നാൽ —"

11. "നാമത്രയ (അച്യുതാനന്തഗോവിന്ദ)ത്തിന്റെ ആദ്യവസാനനാമാക്കളായി, ഒരു രാജാവും ഒരു ദീക്ഷിതരും, ഇങ്ങനെ രണ്ടുപേരുണ്ടു്. അവർ ആയുധവിദ്യയിലും, അക്ഷരവിദ്യയിലും, യുദ്ധത്തിലും, യാഗത്തിലും സമൎത്ഥന്മാരത്രേ."

12. "രസപ്രധാനങ്ങളായ രഘുനാഥകൃതികളെ ഭാവനംചെയ്തുകൊണ്ടിരിക്കുന്ന എനിക്കു്, പണ്ടുള്ള കവികളേയും കൃതികളേയും പററി പ്രസ്താവിക്കുന്നതിനു മനസ്സുവരുമോ?"

13. "അന്തഃപുരത്തിലുള്ള മൂന്നുവയസ്സായ പെൺകിടാങ്ങളുടെ വിദ്യാവൈഭവം കണ്ടിട്ടു്, ആ അന്തഃപുരനാഥനായ മഹാനും വാണീദേവി വശവൎത്തിനിയാണെന്നു പണ്ഡിതന്മാർ ഘോഷിക്കുന്നു."

14. "പ്രയത്നമെന്ന്യേ പരരെജ്ജയിപ്പാൻ കടൽക്കകത്തങ്ങു കടക്കുവാനായ്
വള്ളങ്ങളാൽ വൻചിറ കെട്ടിനാൻ രാട്ടന്യക്ക തീരെക്കഴിയാത്ത മട്ടിൽ.
ഇരിമ്പുകൊണ്ടുള്ളൊരു തോക്കിനാലും,
കോപാൽ തുടുക്കും നിജകൺകളാലും,
മാററാർകുലം, തിപ്പൊരി പാററിവിട്ടു
മുൻനിന്ന ഭ്രൂപപ്പടയിൽ പ്രകാമം.
പരം പറങ്കിപ്പടവിട്ട ശസ്ത്രങ്ങളാൽ മടങ്ങീല മഹീന്ദ്രസൈന്യം;
നീർത്താർ പടത്തും പൊടികൊണ്ടു ഹന്ത! വററീടുമോ വൻകടലി
[ന്റെ വെള്ളം?

Digitized By Kerala Sahitya Akademi

പലേവിധം സ്വായുധമാൻ കൈയിൽ,
പതാക പൊക്കി, പ്രഭുവിൻെറ സൈന്യം
നേരിട്ടിട്ടും കാഴ്ചയിൽവെച്ച പേടി-
ച്ചുരണ്ടുകൊണ്ടോടി പറങ്കിവൎഗ്ഗം."

15. "അനന്തരം ആ മഹാരാജാവു്, മഹിളാമണികളുടെ സംസ്കൃതകവിതാചാതുൎയ്യം, ഭാഷാകവിതാചാതുൎയ്യം, ശതലേഖിനീപ്രഭൃതിവിദ്യാവൈശാരദ്യം, നിമിഷകവിതാപാടവം, ലോകവൃത്പത്തിപ്രകടനപാടവം, സങ്ഗീതശാസ്ത്രവൈദുഷ്യം (മുതലായവയേ പരീക്ഷിച്ചു)."

16. "അനേകം അപൂൎവ്വങ്ങളും അത്ഭുതാവഹങ്ങളും ആയ താളമേളാദികളോടുകൂടി ഒരു തരുണീമണി നൃത്തം ചെയ്തു."

17. "ശ്രീഭാരതീദേവിയുടെ കാൽച്ചിലമ്പൊച്ചപോലുള്ള വാങ്മാധുൎയ്യത്തോടുകൂടിയ ആ രാജാവു്—അതിപ്രതാപശാലി—ഐശ്വൎയ്യസമൃദ്ധമായ തഞ്ചാവൂരിനെ പരിപാലിക്കുന്നു."

---

൧൮. പൈയ്യൂർമഹൎഷി.

1. "ഹേ! മഹൎഷിതുല്യനായ പൈയ്യൂർഭട്ടതിരിപ്പാടേ! അവിടുന്നു ദാനത്തിൽ കല്പവൃക്ഷവും, സകലകലാവല്ലഭതയിൽ പരമേശ്വരനും, കവിതാനിൎമ്മാണത്തിൽ കാളിദാസമഹാകവിയും ആണെന്നു ഞാൻ വിചാരിക്കുന്നു."

2. "രങ്ഗനാഥനും രങ്ഗദേവിയും ആരുടെ പിതാക്കളാണോ, മീമാംസകമൂൎദ്ധന്യനായ പൈയ്യൂർമഹൎഷി ആരുടെ ഹിതകരനാണോ, ആ ഉദ്ദണ്ഡൻ കോഴിക്കോട്ടു സാമൂതിരിയുടെ ആജ്ഞയനുസരിച്ചു നിൎമ്മിച്ച മല്ലികാമാരുതംപ്രകരണത്തിലേ നിഷ്കളങ്കമായ ഈ അങ്കം അവസാനിച്ചിരിക്കുന്നു."

3. "ചൊല്ലൊണ്ണും രണ്ടുമീമാംസകൾകലഗുരുവാമാമഹൎഷീന്ദ്രർ വാഴും
സത്മം കാൺകല്പമൊന്നായതിനുടയ കിഴക്കേപ്പുറം'പോക്കു'ത്തിൽ
ദപ്പുംകൂട്ടുന്ന വാദിപ്പടയവിടെ വരുന്നാകിൽ വാദംനടത്താ-
നൊപ്പം വ്യാഖ്യാനശാലാവളഭിനിരയിൽ നില്ക്കുന്ന കീരങ്ങളത്രേ.
ശാസ്ത്രവ്യാഖ്യാനമൊന്നോ,ഹരിഹരകഥയോ,പാൎത്ഥസത്കാരമോ, [നൽ-
ശാസ്ത്രജ്ഞാലാപമോ ചെററവനുടെ ഹൃദയാകൎഷണംചെയ്യുതാകിൽ,
അത്തവ്വങ്ങുന്നിണങ്ങും ദ്വിജനിരയമരും പൂവനക്കുന്നിൽ വാഴ്കേ
സ്വാസ്ഥ്യംകൂകീട്ടുകണ്ടോർ തവ സുമധുരമാം സൂക്തികേൾക്കും രസിക്കും.

Digitized By Kerala Sahitya Akademi

ശ്ലാഘ്യഛന്ദസ്ഥിതിക്കൊത്തൊരുവിധമിഹ ഞാൻ ശോഭനാ-
[ൎത്ഥത്തിൽ വിട്ടീ-
ക്കേൾക്കേണ്ടും ശബ്ദമോടേ സുരസികസുമനസ്സേറി യഭ്രാന്തവൃത്ത്യാ
സാമാന്യം ദൂരമെത്തിശ്ശിഥിലനിലയിലീക്കാവ്യമൊത്തങ്ങയേ യാ-
ലീമാൻ നോക്കുന്നതായാലതു മുതലയി! തേ ശ്ലാഘമാകും പ്രചാരം."

(കുഞ്ഞിക്കുട്ടൻതമ്പുരാൻ.)

4. "നീകേളുദ്ഭണ്ഡനാം പണ്ഡിത! മമ മൊഴി; വാഗ്ദേവിയങ്ങേക്കു കാമം
നല്കീടുന്നു സമസ്തം; തവ ഭണിതിയഹോ! കാവ്യസമ്പന്മയംപോൽ;
വെക്കം താനാകയാൽ നൽപ്രകരണവരമാ'മല്ലികാമാരുതാ'ഖ്യം
തീൎത്തെന്നെസ്സൽകരിച്ചീടുക സരസമതാമക്കൃതിക്കാഴ്ചയാലേ."

5. "മീമാംസകചക്രവൎത്തിയായ മഹൎഷിപുത്രൻതന്നെ ഇക്കാൎയ്യം പറഞ്ഞിട്ടുണ്ടു്:—

"അല്ലയോ ഉദ്ഭണ്ഡമഹാകവേ! അങ്ങു വേദവാക്യങ്ങളിൽ ബഹുഭക്തൻ; തൎക്കശാസ്ത്രത്തിൽ അതികൎക്കശൻ; മററു ശാസ്ത്രങ്ങളിൽ പ്രശാന്തചിന്തകൻ; കലകളിൽ കുശലൻ; കാവ്യാൎത്ഥവിവരണത്തിൽ അതിവിരുതൻ; കവിതാനിൎമ്മാണവിഷയത്തിൽ ശ്ലാഘനീയൻ, ആറു ഭാഷകളിൽ അത്യന്താഭിജ്ഞൻ; അഹോ! തത്താദൃശനായ അങ്ങുന്നു് അൎക്കാണു് ആശ്ചൎയ്യത്തെ ഉളവാക്കാത്തതു്?"

6. "അരിൽ പ്രീണിപ്പു, വാണീകരയുഗളലസദ്വീണ നാണിക്കുമാറും,
ഭൂരിശ്ലാഘാരസത്താലുരഗപതിഫണസ്തോമമാടിക്കുമാറും,
ഗീരിൽ സൌന്ദൎയ്യധാരാളത ബത! മധുമാധുൎയ്യമോടാണ്ടുകൊണ്ടീ-
പ്പാരിൻപൊട്ടാ'മൃഷീന്ദ്രൻ' സുകൃതി കൃതി മഹാസാഹിതീവേദ
[വിജ്ഞൻ."

---

൮൯. പ്രാചീനാൎയ്യാവൎത്തത്തിലേ വിദ്യാഭ്യാസം.

1. "അൎത്ഥത്തെവിട്ടു നിഗമാക്ഷരമാത്രവിത്തൊ-
രത്താണിതാൻ ചുമടിറക്കുവതിന്നു പാൎത്താൽ;
അൎത്ഥജ്ഞനോ സകലനന്മയുമാൎന്നു നാക-
മെത്തുന്നു തന്നറിവിനാൽ ദുരിതങ്ങൾ നീക്കി."
2. "അൎത്ഥംകൂടാ, തക്ഷരങ്ങൾമാത്രം ചൊല്ലുന്ന, തോൎക്കിൽ
തീവിട്ടു വിറകിൻമട്ടു തീരെക്കത്തില്ല നിൎണ്ണയം."
3. "മൂന്നുമട്ടാം പഠിപ്പിക്കൽ, ധൎമ്മത്തിന്നും പണത്തിനും
ശുശ്രൂഷയ്ക്കായും:—ഈ മട്ടു ചൊല്ലുന്നു ബുധരായതു്."
4. "ശിഷ്യനെച്ചെന്നുപനയിച്ചോത്തുചൊല്ലിക്കുവോനെവൻ
കല്പം രഹസ്യമിവയോ, 'ടാചാൎയ്യാ'ഭിധനാദ്വിജൻ.
വേദത്തിൽ കുറെ, യല്ലെങ്കിൽ തദങ്ഗത്തിങ്കലൊട്ടിടം,
പണത്തിനായ്പ്പഠിപ്പിപ്പോൻ 'ഉപാധ്യായാ'ഖ്യനായ്വരും."
5. ശാസ്ത്രാൎത്ഥത്തെ ഗ്രഹിപ്പിച്ചു, മാചാരത്തിങ്കൽ നിൎത്തിയും,
ആചാരം താനനുഷ്ഠിച്ചുമുള്ളോ'നാചാൎയ്യ'നായ്വരും."

Digitized By Kerala Sahitya Akademi

6. "ഉൽപാദനാദികർമ്മങ്ങളാരു ചെയ്യുന്നു വേണ്ടപോൽ,
അന്നം നല്കുകയും ചെയ്യുമാവിപ്രൻ 'ഗുരു'സംജ്ഞിതൻ."

7. " 'ഗു' ശബ്ദം കൂരിരുട്ടത്രേ, 'രു' ശബ്ദമതുതീർക്കലും;
അന്ധകാരത്തെ നീക്കുന്നോൻ സാക്ഷാൽ ഗുരുസമാഹ്വയൻ."

8. "വേദത്തിൽനിന്നു കിട്ടീടും വൈദികം ശബ്ദമൊക്കവേ,
ലൌകികം ലോകത്തിൽനിന്നും:—ശബ്ദശാസ്ത്രം നിരർത്ഥകം."

9. "ശാസ്ത്രാർത്ഥം ഗുരുവിൻ ലാഭം, ശാസ്ത്രമോ വിനയാർത്ഥവും."

10. "മാതാവിനെ ദേവനെന്നു വിചാരിക്കുക; പിതാവിനേയും ദേവനെന്നു വിചാരിക്കുക; ഗുരുവും ദേവനെന്നു മനസ്സിലാക്കുക."

11. "ആചാര്യൻ വിദ്യകൊണ്ടു ശിഷ്യനൊരു ജന്മം നല്കുന്നു; ആ വിദ്യാജന്മമാണ് ശ്രേഷ്ഠമായിട്ടുള്ളത്; മാതാപിതാക്കന്മാർ ശരീരത്തെ മാത്രമാണ് ജനിപ്പിക്കുന്നത്."

12. "ഉപാദ്ധ്യായനെക്കാൾ പത്തുമടങ്ങു ഗുരുത്വം ആചാര്യനും, ആചാര്യനെക്കാൾ നൂറുമടങ്ങു ഗുരുത്വം പിതാവിനും, പിതാവിനെക്കാൾ പത്തുമടങ്ങു ഗുരുത്വം മാതാവിനും ഉണ്ട്."

13. "ആചാര്യനാണ് ഗുരുക്കന്മാരിൽ ശ്രേഷ്ഠൻ; ചിലർ മാതാവിനാണ് ശ്രൈഷ്ഠ്യമെന്നും പറയുന്നു."

14. "ത്രിവിധകരണങ്ങളെക്കൊണ്ടും ആചാര്യനു ഹിതംചെയ്യണം."

15. "അദ്ദേഹത്തിന്റെ ഹിതത്തിലും പ്രിയത്തിലും യുക്തനായിരിക്കണം."

16. "ആചാര്യൻ അല്ലെങ്കിൽ ഗുരു എപ്രകാരമിരിക്കണമെന്ന്:— സുന്ദരനും, ദുർമ്മുഖം കാണിക്കാത്തവനും, ശൌചശീലനും, ബഹുശാസ്ത്രജ്ഞനും, സന്ദിഗ്ധസന്ദർഭങ്ങളിൽ അന്യാപേക്ഷയെന്യേ സന്ദേഹം നീക്കുന്നവനും ആയിരിക്കണം."

17. "ശിഷ്യനെ ശാസിക്കുക താഡനംകൂടാതെവേണം; കൂടാതെ നിവൃത്തിയില്ലെങ്കിൽ,കൊച്ചുകയറോ കമ്പോ മാത്രം അതിനുപയോഗിക്കുക; മററുവിധത്തിൽ തുടങ്ങിയാൽ ആ ഗുരുവിനെ രാജാവു ശാസിച്ചു നേരെയാക്കണം."

18. "നിരങ്കുശമിനൻ കനിഞ്ഞുലകിനെന്നപോലേ ഭവാ-
നരം കുശമുനസ്സു നേർമതിയെഴും മുനേ! മാനസേ
പരം കുശലമേകിടും വെളിവുതന്നൊരാമന്ത്രക്കൃ-
ദാരൻകുശലിയല്ലയോ മുനിവരൻ ഉപദേശികൻ?"

(കാണ്ടൂർ.)

Digitized By Kerala Sahitya Akademi

൨൦. ധൎമ്മമീമാംസ.

1. "അല്ലയോ ധൎമ്മജ്ഞനായ ദ്രുപദമഹാരാജാവേ! ലൌകിക ധൎമ്മങ്ങൾക്കും വൈദികധൎമ്മങ്ങൾക്കും വിരുദ്ധമാണ് ഇത്. എന്നാൽ ധൎമ്മം അതിസൂക്ഷ്മമാകുന്നു. അതിന്റെ ഗതിയറിവാൻ നാം ശക്തന്മാരല്ല."

2. "കൃതയുഗത്തിൽ മാനവധൎമ്മങ്ങൾക്കും, ത്രേതായുഗത്തിൽ ഗൌതമധൎമ്മങ്ങൾക്കും, ദ്വാപരത്തിൽ ശംഖലിഖിതപ്രോക്തധൎമ്മങ്ങൾക്കും, കലിയുഗത്തിൽ പരാശരധൎമ്മങ്ങൾക്കും ആകുന്നു പ്രാമാണ്യം."

3. "കൃതാദിയുഗങ്ങളോരോന്നിലും, യുഗസ്വരൂപമനുസരിച്ച്, മനുഷ്യരുടെ ധൎമ്മങ്ങൾ ഓരോന്നോരോന്നാണ്."

4. "ഭർതൃസഹോദരനിൽനിന്നു പുത്രോൽപാദനം,പുനർവിവാഹം" യാഗത്തിൽ ഗോവധം മുതലായതൊന്നും കലിയുഗത്തിൽ വയ്യാ."

5. "ഏകശഫാദിമൃഗവിശേഷങ്ങളെ ഒന്നും തിന്നുകൂടാ; ചില പഞ്ചനഖമൃഗങ്ങളെ മാത്രമേ ഭക്ഷിക്കാവൂ."

6. "പിതൃക്കൾക്കു മാസികശ്രാദ്ധം നടത്തണം; യോഗ്യന്മാർ മാംസപുരസ്സരം വേണം അതു നടത്തുവാൻ."

7. "വാർധ്രീണസത്തിന്റെ (ഒരുതരം ആടിന്റെ) മാംസംകൊണ്ടു പിതൃക്കൾക്കു പന്ത്രണ്ടു വർഷത്തേക്കു തൃപ്തിയുണ്ടാകുന്നു."

8. "മാംസത്തിനുപ്രോക്ഷണാദിസംസ്കാരംചെയ്തുഅതുഭക്ഷിക്കാവൂ."

9 "മറെറാരാളിൽനിന്നു വാങ്ങിയതോ, താൻതാൻ സമ്പാദിച്ചതോ മറേറാ ആയ മാംസത്തെ, ദേവന്മാൎക്കും പിതൃക്കൾക്കും നല്കിയതിനുശേഷം ഭക്ഷിച്ചാൽ പാപഭാക്കാകുകയില്ല."

10. "പഞ്ചനഖാദികളായ ചില ജന്തുക്കൾ ഭക്ഷ്യങ്ങളാകുന്നു."

11. "അദ്ദേഹം വന്ന ഉടനേതന്നെ പാവപ്പെട്ട ആ പശു കിടാവു ഹിംസിക്കപ്പെട്ടു."

(ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ).

12. "ഭൂമിമുതൽ മഹർഷിമാർവരെയ്ക്കുള്ള സകലതും, സകലരും, ഓരോ യുഗത്തിലും കാലത്തെ അനുവൎത്തിച്ചുവരുന്നു."

13. "ദ്വിജന്നു ശൂദ്രസ്ത്രീ ഭാൎയ്യയാകാമെന്നു പറഞ്ഞിട്ടുള്ളത് എനിക്കു സമ്മതമല്ല; എന്തെന്നാൽ ആ ഭൎത്താവ് ആ ഭാൎയ്യയിൽ സ്വയം ജനിക്കേണ്ടിവരുന്നുവല്ലോ."

14. "ഓരോ യുഗത്തിലും ഓരോ തരത്തിലുള്ള ദ്വിജന്മാർ ഉണ്ടാകും; അവരെ നിന്ദിക്കരുത്; അവർ യുഗാനുസാരികളത്രേ."

15. "ദേശം, കാലം, പുരുഷൻ ഇത്യാദിയുടെ വ്യത്യാസമനുസരിച്ചു ശാസ്ത്രാൎത്ഥം മാറി മാറി വരും എന്നു ഞാൻ മുൻപു പറഞ്ഞുവല്ലോ."

16. "ഒരു ദേശത്തു വിധിച്ചിട്ടുള്ള ഒരു ആചാരം ആ ദേശക്കാർ മാത്രമേ അനുഷ്ഠിക്കാവൂ; വിദേശീയന്മാർ ചെയ്യരുത്.

Digitized By Kerala Sahitya Akademi

ഏതെങ്കിലും ദേശത്തിലോ ഗ്രാമത്തിലോ മറ്റോ വിധിക്കപ്പെട്ടിട്ടുള്ള ധമ്മത്തെ ഒരിക്കലും ഇളക്കിമറിക്കരുത്."

17. "ശാസ്ത്രത്തിനു നിലയില്ല; ശ്രുതികൾ പലതാണ്; പ്രാമാണികരായ ഋഷികൾ വളരെ വളരെ; ധമ്മസാരം ഏറ്റവും നിഗ്രഹിതം ആണു താനും; അതുകൊണ്ടു യോഗ്യന്മാരുടെ വഴിയെ പിന്തുടരുക!"

18. "ആചാരത്തിന്റെ ലക്ഷണം ധമ്മം; ആചാരയുക്തന്മാരാകുന്നു സജ്ജനങ്ങൾ; സജ്ജനങ്ങൾ എങ്ങനെ ചെയ്യുന്നുവോ അതാണാചാരം."

19. "വേദം മുഴുവൻ തന്നെ ധമ്മമൂലമാകുന്നു; വേദജ്ഞന്മാരുടെ വിധികളും പ്രവൃത്തികളും അങ്ങനെ തന്നെ;

* * * * *

പിന്നെ സജ്ജനാചാരവും ധമ്മമൂലം.

* * * * *

അവിടെയും ബാഹുല്യവും ബഹുവിധത്വവും കണ്ടാൽ തന്റെ അന്തരാത്മാവിന്റെ തൃപ്തി തന്നെ ധർമ്മമൂലം."

20. "വേദം, സ്മൃതി, സദാചാരം, സ്വാത്മതൃപ്തി ഇതു നാലുമാണ് സാക്ഷാൽ ധർമ്മത്തിന്റെ നാലു ലക്ഷണങ്ങൾ."

21. "ധർമ്മഭ്രഷ്ടങ്ങളായ അത്ഥകാമങ്ങളെ കൈക്കൊള്ളരുത്; അതുപോലെ ഭാവിയിൽ അസുഖമുളവാക്കുന്നതും, ലോകം വെറുത്തിട്ടുള്ളതും ആയ ധർമ്മത്തേയും ത്യജിക്കണം."

22. "ധർമ്മമെന്തെന്നറിവാൻ തുടങ്ങുന്നവക്ക് പരമപ്രമാണം വേദം തന്നെ; പിന്നെ സ്മൃതികളാകുന്നു; മൂന്നാമത്തേ ലോകക്ഷേമവും."

23. "ധൈര്യം, ക്ഷമ, ദയ മുതലായ പത്തു കൂട്ടമാകുന്നു ധർമ്മലക്ഷണം."

24. "ലോകത്തിൽ ധർമ്മങ്ങൾ പലതരത്തിലാണ്; ദേശധർമ്മം, കുലധർമ്മം, ജാതിധർമ്മം, വയോധർമ്മം, ഗുണധർമ്മം, ശരീരധർമ്മം, കാലധർമ്മം, ആപദ്ധർമ്മം, ഇത്യാദി കാണുക."

25. "സവ്വഭൂതങ്ങളിലും തന്നേയും, സവ്വഭൂതങ്ങളേയും തന്നിലും തുല്യമായി കണ്ടു് ആത്മയജ്ഞം ചെയ്യുന്നവനാണ് മോക്ഷം പ്രാപിക്കുന്നതു്."

26. "ദേവന്മാരുടേയും, മഹർഷിമാരുടേയും അനുഷ്ഠാനത്തെയല്ല, അരുളപ്പാടിനെയാണു് മനുഷ്യർ അനുസരിക്കേണ്ടതു്."

27. "പണ്ടത്തെ കല്പത്തിൽ സ്ത്രീകൾക്കു ഗായത്ര്യുപദേശാദികൾ നടന്നിരുന്നു."

28. "അധർമ്മം ധർമ്മത്തേയും, നുണ സത്യത്തേയും, കള്ളന്മാർ രാജാക്കന്മാരേയും, സ്ത്രീകൾ പുരുഷന്മാരേയും കലിയുഗത്തിൽ ജയിച്ചിരിക്കുന്നു."

Digitized By Kerala Sahitya Akademi

൨൧. ഹിന്ദുക്കളും ബുദ്ധനും.

1. "ഏതേതുകാലം ധർമ്മത്തിന്നുണ്ടാകും വാട്ടമെൻസഖേ!
അധർമ്മത്തിന്നുദയവും, ഞാനന്നവതരിച്ചിടും.
സാധുക്കൾതൻസുരക്ഷയ്ക്കും, പാപന്മാർ തൻവധത്തിനും,
ധർമ്മത്തെ നിലനിത്താനും യുഗംതോറും ജനിപ്പു ഞാൻ."

2. "കൃഷ്ണൻ നടത്തിടിന കർമ്മമെല്ലാം തൽപൂർവർ ചെയ്യാത്തവതന്നെ യല്ലോ."

3. "തത്താദൃശനായ ശ്രീകൃഷ്ണന്റെ ബലം എത്രയോ മഹത്താകുന്നു. എന്നിട്ടെന്ത്? ഉത്തമമായ യുവശരീരത്തെ ഒരു ജരപോലെ അദ്ദേഹത്തേയും ഒടുവിൽ ജരാഖ്യനായവേടൻ ഒരു ബാണം നിഹനിച്ചുകളഞ്ഞുവല്ലോ."

4. "വാല്മീകിതാൻ തീർത്തിതു പദ്യബന്ധം."

5. "ഇന്ദ്രൻചൂടുന്ന പൂമാലതൻതേൻതെളി മുകപ്പുവ,
വിഘ്നാബ്ധിയെക്കടക്കട്ടേ വല്ലേശാങ്ഘ്രിരജസ്സുകൾ."

6. "അന്തരമായ തപസ്തേജസ്സിന്റെ ഊർദ്ധ്വജ്വാലപോലെയും, ഗംഗാതരംഗസപ്തത്തിന്റെ പാപ്പിടമായ പുററുപോലെയും, കല്പർത്തികൾക്കിറിനു സ്ഥാനമാവാനുള്ള നിത്യസന്ധ്യപോലെയും ശോഭിക്കുന്ന ശ്രീപരമേശ്വരന്റെ ചെഞ്ചിടക്കെട്ടു നിങ്ങളെ രക്ഷിക്കട്ടേ."

7. "യാഗങ്ങൾക്കു മുടക്കമേല്ലാതിരിക്കട്ടേ; ഇന്ദ്രൻ യഥാകാലം മഴ പെയ്യിക്കട്ടേ, പ്രജകൾ ആരോഗ്യമുള്ളവരാകട്ടേ; ശ്രീസീതാരാമന്മാരുടെ സമാഗമംകൊണ്ട് ഇതെല്ലാം സംഭവിക്കട്ടേ."

8. "ആത്മതേജസ്സിനെ നാലായിട്ടുപകുത്തുകൊണ്ടു, ശ്രീമഹാവിഷ്ണു ശത്രുക്കളിൽനിന്നു പലതരം പീഡയനുഭവിക്കുന്ന ദേവാദികളുടെ കഷ്ടം തീക്കുവാനായിട്ട് ഒരു ഹവിർഭാഗത്തിൽ പ്രവേശിച്ചു."

9. "ധ്യാനിക്കുകയാണെന്നു നടിച്ചുകൊണ്ട് അങ്ങ് ഏതൊരു തരുണിമണിയെ ചിന്തിക്കുന്നു; കണ്ണിത്തിരി തുറന്നു മാരാർദ്ദിതകളായ ഞങ്ങളെ ഒന്നു കടാക്ഷിക്കു; അങ്ങു ഞങ്ങളുടെ ത്രാതാവാണെങ്കിൽ എന്തുകൊണ്ടു ഞങ്ങളെ രക്ഷിക്കുന്നില്ല? അങ്ങു വലിയ കാരുണികനാണെന്നു നടിക്കുന്നതു വെറും പൊള്ള്! വാസ്തവത്തിൽ അങ്ങയെക്കാൾ നിർദ്ദയൻ ഒരുവനുമില്ല;' മാരവധുക്കൾ ഇപ്രകാരം ഈർഷ്യയോടുകൂടി യാതൊരു ജിനദേവനോടു ബോധിയിങ്കൽ പറഞ്ഞുവോ, അദ്ദേഹം നിങ്ങളെ രക്ഷിച്ചരുളട്ടേ!"

10. "കാമദേവൻ സവസന്നാഹങ്ങളോടുംകൂടി എതിർത്തു ചെന്നിട്ടും ലവലേശം ഇളകാതെ, സകലക്കും വിസ്മയകരനായി ധ്യാനനിഷ്ഠനായി ത്തന്നെ വിജയിച്ചരുളിയ ശ്രീബുദ്ധമുനി നിങ്ങളെ രക്ഷിക്കുമാറാകട്ടേ!"

Digitized By Kerala Sahitya Akademi

11. "ഏന്തിക്കൊണ്ടീടിലും താൻ കച്ചഭരനതയായെഞ്ചുകം കേമമായി-
ച്ചി ം കാന്തൻെറ നോക്കേററളവു പുളകവും കമ്പവും പൂണ്ടു
[കൊണ്ടേ
നാണിച്ചീശൻെറ മൂദ്ധാവതിലുമ തരസാ ചെയ്തിട്ടുമ്പോളിടയ്ക്കായ്
വീണിട്ടുള്ളോരു പുഷ്പാഞ്ജലിയതു സതതം നിങ്ങളെക്കാത്തിടട്ടേ"
"പ്രീത്യാ മൃത്യുഞ്ജയൻ പുഞ്ചിരിയൊടു പുണരും ഗൌരി സൌഖ്യം
[തരട്ടേ."
(കടത്തനാട്ടുദയവമ്മതമ്പുരാൻ.)

12. "ധൂമത്താൽകൺകലങ്ങി,പ്പനിമതികിരണംകൊണ്ടുപിന്നെത്തിളങ്ങി,
പ്രേമത്താൽകാന്തനെപ്പാത്ത്വനതമുഖിയായ് ബ്രഹ്മനിൽശങ്കയോടേ
ഗങ്ഗാഭത്താവിനെത്തൻപദനഖമുകുരേ കണ്ടസൂയിച്ചുകൊണ്ടും
ഭങ്ഗ്യാ പാണിഗ്രഹത്തിൽ പുളകിതതനുവാം ഗൌരി സൌഖ്യം
[തരട്ടേ." (ടി)

13. "(a) ശാന്തികൊണ്ടു കോപത്തെ ജയിക്കണം; ദുഷ്ടനെ നന്മകൊണ്ടു ജയിക്കണം; ലുബ്ധനെ ദാനംകൊണ്ടും, അസത്യത്തെ സത്യംകൊണ്ടും ജയിക്കണം.

(b) ലോകത്തിൽ കിട്ടാവുന്ന കാമസുഖവും, സ്വർഗ്ഗത്തിൽ കിട്ടാവുന്ന മഹാസുഖവും, വൈരാഗ്യസുഖത്തിൻെറ പതിനാറിൽ ഒന്നുപോലുമാകുന്നതല്ല.

(c) ആത്മാവിനെക്കൊണ്ടു് ആത്മാവിനെ ഉദ്ധരിക്കണം; ക്ഷീണിപ്പിക്കരുതു്; ആത്മാവിൻെറ മിത്രവും ശത്രുവും ആത്മാവുതന്നെയാണു്.

(d) നിരുപദ്രവങ്ങളായി സുഖേച്ഛുക്കളായിരിക്കുന്ന ഭൂതജാലങ്ങളെ തൻെറ സുഖത്തിനുവേണ്ടി കൊല്ലുന്നവൻ, മരിച്ചാൽ നിശ്ചയമായും നരകമനുഭവിക്കേണ്ടിവരും.

(e) വൃദ്ധോപസേവികളായ യുവാക്കന്മാൎക്കു് ആയുസ്സും വിദ്യയും കീൎത്തിയും ബലവും പ്രതിദിനം വൎദ്ധിച്ചുവരും.

f. മൃത്യു മനുഷ്യരെ വളരെ ശ്രദ്ധയോടും കൌതുകത്തോടുംകൂടി അന്വേഷിച്ചുകൊണ്ടിരിക്കയാകുന്നു."

14. "അദ്ദേഹത്തെയാണു് ഞാൻ ബ്രാഹ്മണനെന്നു പറയുക."

15. "ബോധിസത്ത്വന്മാർ ഒരുതരം നീചകുലത്തിലും അവതരിക്കയില്ല; രണ്ടേരണ്ടു കുലത്തിലേ അവരുദയം ചെയ്യൂ; ബ്രാഹ്മണകുലത്തിലും ക്ഷത്രിയകുലത്തിലും; ലോകം ബ്രാഹ്മണരെ ഗുരുക്കന്മാരായി വരിക്കുന്ന കാലത്താണു് അവരുടെ കുലത്തിൽ അവതരിക്കുക; മററുവിധം വരുമ്പോൾ മറേറ കുലത്തിലും."

16. "ഈ കുലം ബ്രാഹ്മണോചിതമായിട്ടുള്ളതത്രേ."

Digitized By Kerala Sahitya Akademi

17. "ബ്രാഹ്മണർ വേദശാസ്ത്രാദിപാഠത്തിൽ പ്രവേശിക്കുംപോലെ, ബോധിസത്ത്വന്മാർ മാതൃകുക്ഷിയിൽ പ്രവേശിക്കണം."

18. "മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, ബുദ്ധൻ, കല്ക്കി: ഇങ്ങനെ ഓരോരൂപത്തിൽ ഓരോ അവതാരംചെയ്തു മുമുക്ഷുക്കളെ സംസാരസമുദ്രം കടത്തുന്ന മഹാവിഷ്ണു നിങ്ങൾക്കു നന്മതരുമാറാകട്ടെ!

വേദോദ്ധാരണം, ഭൂഭാരധാരണം, ഹിരണ്യകശിപുവധം, മഹാബലിവിജയം, ക്ഷത്രിയസംഹാരം, രാവണവധം ഇവ നടത്തിയും, ബലഭദ്രൻ, ബുദ്ധൻ, കല്ക്കി എന്നിവരായവതരിച്ചും പരിലസിക്കുന്ന ശ്രീനാരായണമൂർത്തി രക്ഷിച്ചരുളട്ടെ."

19. "കലപ്പയാൽ വലിച്ചപ്പോൾ ഭയപ്പെട്ട യമുനതൻ-
നിലപ്പാടേന്തും പൂന്തുകിലുടപ്പാൻ സിതമൂർത്തേ!
ജഗദീശ! ബലരാമസ്വരൂപ! യാഗവിഷയ-
നിഗമനിന്ദനം ചെയ്ത ബുദ്ധദേവ! ഹരേ! ജയ.

മത്സ്യാദിയായും കല്ക്യന്തമായും ബുദ്ധഘടിതമായുമുള്ള ദശാവതാരം നടത്തിയ ശ്രീകൃഷ്ണഭഗവാനു നമസ്കാരം!"

20. "ഇവരൊക്കെ ശ്രീനാരായണന്റെ അംശാവതാരഭൂതന്മാർ; ശ്രീകൃഷ്ണനാകട്ടെ, സാക്ഷാൽ നാരായണൻ തന്നെ."

21. "യമുനാനദി കലപ്പത്തുമ്പത്തു കഷ്ടപ്പെട്ടപ്പോൾ ആരുടെ കാലു പിടിച്ചു ഗങ്ഗാസങ്ഗയോഗ്യതയെ പ്രാപിച്ചുവോ ആ ബലരാമനെ ഞാൻ നമസ്കരിക്കുന്നു.

അഹിംസാരൂപമായ സംസാരമോക്ഷമാർഗ്ഗം തെളിച്ച കാരുണ്യവാരിധിയായ ബുദ്ധനെ ഞങ്ങൾ ഉപാസിക്കുന്നു.

മത്സ്യാദ്യവതാരങ്ങളൊക്കെ യാതൊരു കംസാന്തകന്റെയാണോ, പതിന്നാലുലകവും വയററിൽ അടക്കിയിരിക്കുന്ന ആ ഭഗവാനെ ഞാൻ ഭജിക്കുന്നു."

22. "കലിയുഗത്തിലെ യോഗിചക്രവർത്തിയായിരിക്കുന്ന ബുദ്ധൻ എന്റെ ഹൃദയാന്തർഭാഗത്തിൽ പ്രബുദ്ധനാകട്ടെ!"

23. അദ്വൈതശാസ്ത്രത്തിന്റെ പ്രഥമപ്രവർത്തകനായ ശ്രീനാരായണനെ ഈ ശ്ലോകംകൊണ്ടു വന്ദിക്കുന്നു എന്നു ശങ്കരഭഗവൽപാദർ പറഞ്ഞിരിക്കുന്നു:—ആകാശസദൃശമായിരിക്കുന്ന ജ്ഞാനംകൊണ്ടു ഗഗനോപമങ്ങളായ ആത്മധർമ്മങ്ങളെ ആത്മസ്വരൂപമായിട്ടറിഞ്ഞിരുന്ന പരമപുരുഷോത്തമനെ ഞാൻ വന്ദിക്കുന്നു എന്ന് ആചാര്യഭാഷ്യത്തിനു താൽപര്യം പറയാം."

24. "മാത്രമല്ല പരസ്പരവിരുദ്ധങ്ങളായ വാദങ്ങളെ 'മുറുകെപ്പിടിച്ചിരി'ക്കുന്ന സുഗതൻ, തന്റെ 'വിട്ടവാഗ്' വൈഭവമാണു് കാണിക്കുന്നതു്.

Digitized By Kerala Sahitya Akademi

അല്ലെങ്കിൽ അദ്ദേഹത്തിന്ന ജനങ്ങളോടു വൈരമുണ്ടായിരിക്കാം; താൻ പറഞ്ഞവിധം തെററിദ്ധരിച്ചു് ഇവർ കേട്ടുപോകുമെന്നു് അദ്ദേഹം കരുതുന്നുണ്ടാവാം. ഏതായാലും ഈ സുഗതമതത്തെ ശ്രേയസ്കാമന്മാർ ആദരിച്ചു പോകരുത്."

25. "സാംഖ്യാദികൾ സ്വപക്ഷസ്ഥാപനത്തിന്നവേണ്ടി വേദാന്തവാക്യങ്ങളെ ഉദാഹരിച്ചു്, സ്വപക്ഷാനുഗുണമായ് വ്യാഖ്യാനിക്കുന്നുണ്ടു്. എന്നാൽ ആ വ്യാഖ്യാനം ശരിയല്ല; തീരെത്തെററാണു്.

മേൽപറഞ്ഞ കാരണങ്ങൾക്കു പുറമേ, കണാദാദികളുടെ പരമാണുകാരണവാദം ശ്രദ്ധേയമല്ലെന്നുള്ളതിന്നു്, അതു വെറും തക്ക്പ്രതിഷ്ഠിതമായിരിക്കുന്നതും, ഈശ്വരകാരണശ്രുതിവിരുദ്ധമായ്കാണുന്നതും പക്ഷപാതികളായ മന്വാദികൾ അതിനെ അംഗീകരിച്ചിട്ടില്ലാത്തതും വിശിഷ്ട കാരണാന്തരങ്ങളാകുന്നു."

26. "ശക്തന്മാർ സവ്വോത്തരമായ പരോപകാരം തന്നെ ചെയ്യണം; ശ്രീബുദ്ധഭഗവാൻ സകലജീവികളേയും ഉദ്ധരിക്കുവാൻ ഒരുങ്ങിയതു നോക്കുക."

27. "മത്സ്യാദിയായും, കല്ക്യന്തമായും സുഗതാഘടിതമായുമുള്ള ദശാവതാരങ്ങളെ നിവ്വഹിച്ചതു ഭഗവാൻ വിഷ്ണുതന്നെ."

28. "കലിശക്തികൊണ്ടു ജനങ്ങളൊക്കെ വ്യാമുഗ്ദ്ധരായിത്തീന്നപ്പോൾ ഭഗവാൻ ശ്രീനാരായണൻ കരുണാകുലനായ്ഭവിച്ചു.

അനന്തരം ആ മഹാവിഷ്ണു വിശാലമായ ശാക്യവംശത്തിൽ ശുദ്ധോദനരാജാവിന്റെ പുത്രനായി അവതരിച്ചു.

ഭഗവാനെ ഗർഭത്തിൽ ധരിച്ചിരുന്ന ശുദ്ധോദനപത്നി മായാദേവി ചന്ദ്രനുദിക്കാറായ പാലാഴിപോലെയും നിക്ഷേപശാലിനിയായ ഭൂസ്ഥലിപോലെയും ശോഭിച്ചു."

29. "രാജാവു് ഇപ്രകാരം പറഞ്ഞിട്ടു്, മഹനീയമായ ആ ആശ്രമത്തെ പ്രാപിക്കുകയും, രഥത്തിൽനിന്നിറങ്ങി, സവ്വഭൂതങ്ങളുടേയും രാഗദ്വേഷാദിദോഷങ്ങളെ അകററിക്കൊണ്ടിരിക്കുന്ന സുഗതദേവനെ സന്ദർശിക്കുകയും ചെയ്തു.

അപ്പോൾ, സ്ഥലപത്മങ്ങളിൽ പത്മാസനാസീനനായി, ഗംഭീരനും രമണീയനുമായിരിക്കുകയായിരുന്നു ബുദ്ധദേവൻ.

ജ്ഞാനമാഗ്ഗോപദേശം കൊണ്ടു സവ്വാന്ധകാരപരിഹാരം ചെയ്തിരുന്ന അദ്ദേഹം, ഉന്നതാംസനും, ഉന്നതങ്ങളായ കൈകളോടും കണ്ണുകളോടും കൂടിയവനും, പല്ലവാധരനും ആയിരുന്നു.

മുഖത്തിന്നു് അനല്പമായ അഴകും, തുറന്ന പുഞ്ചിരിയും, നിരാഭരണസുന്ദരങ്ങളായ ശ്രവണപാശങ്ങളും ഉണ്ടായിരുന്ന മനോജവിജയിയും ഉൽകൃ

Digitized By Kerala Sahitya Akademi

ഷ്ടഗുണരാശിയും ആയ ആ മഹാനുഭാവനെ നമസ്കരിച്ചിട്ട്, പ്രതിനമസ്കാരാദിജനിതമായ സന്തോഷമിയന്നു ശുദ്ധോദനമഹാരാജാവ്.

ഇന്ദ്രാദികളായ ദേവന്മാരാലും, ബിംബസാരപ്രഭൃതികളായ രാജാക്കന്മാരാലും മററും അങ്ങനെ അത്യാദരപുരസ്സരം അഭിനന്ദിക്കപ്പെട്ട ശ്രീശുദ്ധോദനൻ കനകപീഠത്തിൽ ഇരിക്കകയായി."

30. "വൈരാഗ്യംകൊണ്ടുള്ള ഹൃദയാനന്ദമനുഭവിക്കുന്നവൎക്ക ചന്ദനാദികൾ ആനന്ദസന്ദായകങ്ങളല്ല; കാരുണ്യമാകുന്ന ആഭരണമണിഞ്ഞു മനോഹരഹൃദയന്മാരായവൎക്ക ഭാരകരമായ ഹാരമെന്തിനു്? ഗുരൂപദേശശ്രവണം തന്നെയാണു് രത്നാഭരണത്തെക്കാൾ വിലപിടിച്ച കൎണ്ണാലങ്കാരമെന്നുള്ളതും നിശ്ചയം; സൌശീല്യച്ചേല ധരിച്ചവൎക്ക, പിന്നെ, പട്ടാംബരപ്രൌഢിയുടെ ആവശ്യമില്ലതന്നെ!

അല്ലയോ മഹാരാജാവേ! ഈ മഹാമോഹത്തിൽനിന്നു് അകന്നു നില്ക്കുക; അങ്ങിങ്ങനെ സ്നേഹപാരവശ്യം പൂകരുതു്; ഈ പ്രപഞ്ചം എത്രമാത്രം ചഞ്ചലമാണെന്നുള്ളതു ചിന്തിച്ചുനോക്കു; ജന്മസമുദ്രത്തിൽ ദൈനന്ദിനമിങ്ങനെ മുങ്ങുകയോ, ഒരിക്കലുമരുതു്; ഈ സംസാരപ്പെരുവഴിയിൽ അല്പസമയം കളിച്ചു ചിരിച്ചു് ഒരുമിച്ചു നടന്നുപിരിഞ്ഞുപോകുന്ന മനുഷ്യൎക്ക് ആരാണു് അതിനിടയ്ക്കു ബന്ധു, ആരാണു് ശത്രു?"

31. "പരിവാരസമേതം മനസ്സിളക്കാൻ ചെന്ന മാരസ്ത്രീകൾ യാതൊരാൾക്ക രാഗവും ദ്വേഷവും നല്കുവാൻ പോന്നവരായില്ലയോ, ആ സുഗതമുനി നിങ്ങൾക്ക ശാന്തി നല്കട്ടെ.

ത്രിപുരേശപൎവ്വതത്തിലിരുന്നു വിശ്രമസുഖമനുഭവിക്കുന്ന ഞാനിതാ വിഷ്ണുഭഗവാന്റെ ദശാവതാരരൂപമായ സരസപൂജാപ്രബന്ധത്തെ നിൎമ്മലങ്ങളും അമ്ലാനങ്ങളുമായ വാക്കസുമങ്ങളെക്കൊണ്ടു നിൎവ്വഹിച്ചിരിക്കുന്നു."

32. "എന്റെ ഏൻ-ാമത്തെ പൂൎവ്വവംശ്യന്മാരായിട്ടു ശ്രീരാമകൃഷ്ണനാമങ്ങളിൽ ഭഗവാൻ വൃഷ്ണികുലത്തിൽ ജനിച്ചു ഭൂഭാരം ഒടുക്കിയിരിക്കുന്നു.

ഇനി, കലികാലം തുടങ്ങി കുറെക്കഴിയുമ്പോൾ അസുരശീലന്മാരേ മോഹിപ്പിക്കുവാനായിട്ടു ഭഗവാൻ, ബുദ്ധനാമത്തോടുകൂടി കീകടദേശത്തു ജിനസുതനായവതരിക്കുകയും ചെയ്യും."

33. "മഹാധൎമ്മിഷ്ഠനായിട്ടു പണ്ടു കപിലനാമാവായ ഒരു മുനിയുണ്ടായിരുന്നു; അദ്ദേഹം മഹാതപസ്വിയും മററുമായിരുന്നു.

വലിയ തപസ്വിയായിരുന്ന അദ്ദേഹം തപസ്സുചെയ്ത ഹിമവൽപാർശ്വപ്രദേശം, കാലാന്തരത്തിൽ തപസ്വികൾക്ക തപസ്സുചെയ്യുവാനുള്ള സ്ഥലമായിത്തീൎന്നു.

ആ കപിലമഹൎഷിയുടെ ആശ്രമപ്രദേശത്താണു് പിന്നെ പുരനിൎമ്മാണം ചെയ്തതു്. അതുനിമിത്തം ആ പുരം കപിലവാസ്തു എന്ന പേരിൽ പ്രസിദ്ധമായി."

Digitized By Kerala Sahitya Akademi

34. "അഞ്ചാമത്തെ സിദ്ധേശ്വരനായ കപിലൻ സാങ്ഖ്യമെന്ന തത്ത്വശാസ്ത്രപ്രസ്ഥാനത്തെ കണ്ടുപിടിച്ചു."

35. "അതുകൊണ്ടു ഞാൻ മായാപ്രയോഗം ചെയ്തു കർമ്മത്തിനു വിഘ്നംവരുത്തി ആ ത്രിപുരാസുരന്മാരെ ജയിച്ചുകളയാം.

ശ്രീനാരായണൻ ഇങ്ങനെ പറഞ്ഞ് ഒരു കൃത്രിമവേഷം കെട്ടി കൃത്രിമശാസ്ത്രം നിർമ്മിക്കുകയും ചെയ്തു.

പതിനാറുലക്ഷം ഗ്രന്ഥങ്ങളുള്ള ആ കൃത്രിമശാസ്ത്രം ശ്രുതിസ്മൃതി വിരുദ്ധവും, വർണ്ണാശ്രമധർമ്മരഹിതവുമത്രേ."

36. "പാഞ്ചരാത്രാദികളായ പത്തു ശാസ്ത്രശാഖകളും, പരമപ്രമാണമായ വേദത്തിനു വിരുദ്ധമായിട്ടുള്ളവയാണ്.

വേദഭക്തന്മാർ ആ ശാസ്ത്രങ്ങളെ തെല്ലും വിശ്വസിച്ചുപോകരുത്."

37. "അല്ലയോ ദേവി, ഇനി താമസങ്ങളായിട്ടുള്ളവയെ ഞാൻ പറയാം; കേട്ടോളൂ! ശൈവം, പാശുപതം, ശാക്തം, വൈശേഷികം, ന്യായം, സാംഖ്യം, ജൈമിനീയമീമാംസ, ചാർവാകം, ബൌദ്ധശാസ്ത്രം, വേദാന്തശാസ്ത്രം—എന്നിവയെല്ലാം ജഗന്നാശത്തിനായിട്ടുണ്ടാക്കപ്പെട്ട താമസശാസ്ത്രങ്ങളും ത്യാജ്യങ്ങളും ആകുന്നു."

38. "ദശാവതാരങ്ങളിലുൾപ്പെട്ട ൯-ാമത്തെ അവതാരപുരുഷനാണ് ബുദ്ധൻ."

39. "എന്നെ ഓരോരുത്തർ എങ്ങനെ സേവിക്കുന്നുവോ, ഞാൻ അവക്ക് അങ്ങനെ അനുഭവപ്പെട്ടും; ഹേ, അർജ്ജുന! സകലമനുഷ്യരും സകലവിധത്തിലും എൻെറ മാർഗ്ഗത്തെത്തന്നെ അനുവർത്തിക്കുന്നു."

40. "സർവ്വഭൂതങ്ങളിലും പരമകാരുണികനായ അവിടത്തെ ഭൂതാനുഗ്രഹതാൽപര്യം ആശ്ചര്യകരം തന്നെ; എന്തെന്നാൽ നിത്യശുദ്ധമായ ധ്യാനസുഖത്തെ തൃണവൽഗണിച്ച്, അങ്ങു പരദുഃഖശമനത്തിനുവേണ്ടി പ്രയാസപ്പെടുകയാണല്ലോ! അവിടുന്നു മഹാത്മാവുതന്നെ."

41. "ഉന്മാർഗ്ഗവൃത്തികളെ നിന്ദിക്കാതെയും, താൻ വലിയവനെന്നു ഭാവിക്കാതേയും."

42. "ശൈവന്മാർക്കു ശിവനായും, വേദാന്തികൾക്കു ബ്രഹ്മമായും, ബൌദ്ധന്മാർക്കു ബുദ്ധനായും, താർക്കികന്മാർക്കു കർത്താവായ ഈശ്വരനായും, ജൈനന്മാർക്ക് അർഹനായും, മീമാംസകന്മാർക്കു കർമ്മമായും ഭാസിക്കുന്നതു യാതൊരു പുരുഷോത്തമനാണോ, ആ ശ്രീനാരായണഭഗവാൻ നിങ്ങൾക്കെല്ലാവർക്കും അഭീഷ്ടലാഭം കൈവളത്തുമാറാകട്ടെ!"

ശുഭം ഭൂയാത്.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

വിഷയാനുക്രമണിക.

	വിഷയം.	പുറം.
1.	അഗ്നിപുരാണവും സാഹിത്യശാസ്ത്രവും	1—8
2.	ചില കാവ്യമൎമ്മങ്ങൾ	9—21
3.	കവിസങ്കേതങ്ങൾ	22—25
4.	കാവ്യസ്തേയം	26—38
5.	സാഹിത്യഭൂഷണം	39—51
6.	സാഹിത്യരസികത	52—57
7.	ഭാരവിയും ഭാരതധൎമ്മവും	58—66
8.	സായണാചാൎയ്യർ	67—83
9.	ബാലഭാരതം	84—97
10.	ഭാരതചമ്പു	98—116
11.	മഹാകവി നീലകണ്ഠദീക്ഷിതർ	117—175
12.	തിരുവിതാംകൂർ മഹാരാജകുടുംബം	176—184
13.	മാനച്ഛനും വിക്രമനും	185—189
14.	രുദ്രാംബാരാജ്ഞി	190—197
15.	ഗംഗാദേവി	198—208
16.	രഘുനാഥനായ്ക്കനും രാമഭദ്രാംബയും	209—217
17.	മങ്കമ്മാൾ	218—221
18.	പൈയൂർ മഹർഷി	222—224
19.	പ്രാചീനാൎയ്യാവൎത്തത്തിലെ വിദ്യാഭ്യാസം	225—231
20.	ധൎമ്മമീമാംസ	232—241
21.	ഹിന്ദുക്കളും ബുദ്ധനും	242—258

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi